# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂൺ 28, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 162 - നമ്പർ 5

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2016 ജൂൺ 28, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

സെക്രട്ടറി-ഇൻ-ചാർജ്ജ്

**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

883/2017

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 29
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 76

**II നോമിനേറ്റഡ് അംഗത്തിന്റെ സത്യപ്രതിജ്ഞ** .. 326

**III ചരമോപചാരം** ..

കെ. പി. നൂറുദ്ദീൻ, കെ. അനിരുദ്ധൻ, പി. ബി. ആർ. പിള്ള,
ഡേവിഡ് പിൻഹിറോ എന്നിവരുടെ നിര്യാണം .. 326

**IV അറിയിപ്പ്**

നിയമസഭാ നടപടിക്രമങ്ങളുടെ സമയക്ലിപ്തത .. 330

**V അടിയന്തരപ്രമേയം**

ദളിത് പെൺകുട്ടികളുടെ റിമാന്റ്—

ശ്രീ. കെ. സി. ജോസഫ്

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു) .. 332

**VI ചെയർമാൻമാരുടെ പാനൽ** .. 334

**VII ശ്രദ്ധ ക്ഷണിക്കൽ**

1. കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി—

ശ്രീ. ജെയിംസ് മാത്യു .. 345

2. ദുരന്തനിവാരണ സംവിധാനം മെച്ചപ്പെടുത്തൽ—

ശ്രീ. വി. ഡി. സതീശൻ .. 348

പേജ്

## VIII സബ്മിഷൻ


1. കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത—

ശ്രീമതി പി. അയിഷാ പോറ്റി .. 353

2. നാലുവരിപ്പാതയുടെ നിർമ്മാണം—

ശ്രീ. പി. ടി. തോമസ് .. 355

3. വിദ്യാർത്ഥികളുടെ എൻറോൾ ചെയ്യൽ—

ശ്രീ. എം. സ്വരാജ് .. 356

4. വിദ്യാലയങ്ങളിലെ ഷിഫ്റ്റ് സമ്പ്രദായം—

ശ്രീമതി ഇ. എസ്. ബിജിമോൾ .. 359

5. ഫാക്ട് (FACT) സ്വകാര്യവൽക്കരിക്കാനുള്ള നീക്കം—

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് .. 359

6. പള്ളികളും ആരാധനാലയങ്ങളും ആക്രമിക്കൽ—

ശ്രീ. ബി. ഡി. ദേവസ്സി .. 360

7. അങ്കമാലി ബൈപ്പാസ്—

ശ്രീ. റോജി എം. ജോൺ .. 362

8. കൊല്ലങ്കോട് ബൈപ്പാസ്—

ശ്രീ. കെ. ബാബു .. 363

9. താലൂക്കാശുപത്രിയുടെ ഭൗതിക സൗകര്യങ്ങളും സ്റ്റാഫ് പാറ്റേണും—

ശ്രീ. പാറക്കൽ അബ്ദുള്ള .. 364

10. കർഷകരുടെ കുടിയിറക്കൽ—

ശ്രീ. കെ. ഡി. പ്രസേനൻ .. 365

പേജ്

**IX** **മേശപ്പുറത്തുവച്ച കടലാസ്സുകൾ**

1. ലിസ്റ്റ് I അനുസരിച്ചുള്ള കടലാസുകൾ .. 367

2. ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ .. 396

**X** **ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** .. 397

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂൺ 28, ചൊവ്വ*

വാല്യം 162] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2016 ജൂൺ മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *1.

### സ്മാർട്ട് സിറ്റി നിർമ്മാണം

1 (*1) ശ്രീ. പി. വി. അൻവർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. സ്വരാജ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിന് ടീകോം കമ്പനിയുമായി ഒപ്പുവച്ച കരാറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) കരാർ പ്രകാരം പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്നും എങ്കിൽ എത്ര ശതമാനം ഐ.ടി. സംരംഭങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെന്നും പരിശോധിച്ചിട്ടുണ്ടോ;

(സി) കരാർ പ്രകാരം നിർമ്മാണപ്രവർത്തനങ്ങളും സ്മാർട്ട് സിറ്റിയുടെ പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

883/2017

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13-5-2007-ൽ ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം ക്ലോസിംഗ് തീയതി മുതൽ 10 വർഷത്തിനകം 88 ലക്ഷം ച. അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. സ്മാർട്ട് സിറ്റിയുമായുള്ള ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരമുള്ള 88 ലക്ഷം സ്ക്വയർ ഫീറ്റിൽ 67 ലക്ഷം സ്ക്വയർ ഫീറ്റാണ് ഐ.ടി./ഐ.ടി.ഇ.എസ്. ആവശ്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ളത്. Frame-work agreement പ്രകാരം സ്മാർട്ട് സിറ്റി കമ്പനിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ 680 കോടിയും, പെയ്ഡ് അപ് ഷെയർ ക്യാപിറ്റൽ 120 കോടിയും, സർക്കാരിന്റെ ഷെയർ 31.2 കോടിയുമാണ്. ടീകോം കമ്പനിയുടെ ഷെയർ 84 ശതമാനമാണ്. Frame-work agreement പ്രകാരം ആകെ ഭൂമിയുടെ 12 ശതമാനം ഭൂമിയിൽ ടീകോം കമ്പനിക്ക് സ്വതന്ത്ര അവകാശത്തിന് അർഹതയുണ്ട്. Frame-work agreement സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഒന്നാം ഘട്ടത്തിൽ ഏകദേശം 5,500 പേർക്ക് ജോലി ലഭ്യമാക്കുന്ന 6.5 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏകദേശം ആറ് ലക്ഷത്തി ഇരുപത്തിമൂന്നായിരം ചതുരശ്ര അടി സ്ഥലം (96 ശതമാനം) ഐ.ടി./ഐ.ടി. അധിഷ്ഠിത സേവനങ്ങൾക്ക് മാറ്റി വച്ചിട്ടുണ്ട്. ഇതിൽ ഐ.ടി./ഐ.ടി. അധിഷ്ഠിത ഓഫീസുകൾ, കാർ പാർക്കിംഗ്, ട്രെയിനിംഗ് സെന്റർ, യൂട്ടിലിറ്റി ഏരിയ, കോമൺ ഏരിയ എന്നിവ ഉൾപ്പെടുമെന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. ആദ്യ ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണത്തോടൊപ്പംതന്നെ ആദ്യഘട്ടത്തിലെ പാലം, 3.7 കി. മീ. നാലുവരിപ്പാത, കാനകൾ, കേബിൾ ട്രെഞ്ച്, സബ്സ്റ്റേഷൻ തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡിലെ ഗവൺമെന്റ് പ്രതിനിധികൾ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നു. കൂടാതെ

ഫോർട്ട് കൊച്ചി സബ്കളക്ടറെ സ്മാർട്ട് സിറ്റി പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസർ ആയി നിയമിച്ചിട്ടുണ്ട്. ഫ്രെയിംവർക്ക് എഗ്രിമെന്റിലെ വകുപ്പ് 5.2 ഉപവകുപ്പ് (c)(d) എന്നിവയിൽ ഉപസംരംഭകരെ പങ്കാളികളാക്കുന്നത് സംബന്ധിച്ച് വിശദീകരിക്കുന്നുണ്ട്. സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ഘട്ടംഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. 2021 ആകുമ്പോഴേക്കും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമെന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. വി. അൻവർ : സർ, സംസ്ഥാനത്തെ ഐ.ടി. മേഖലയിലേക്ക് സ്വദേശികളെയും വിദേശികളെയും ആകർഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയാൻ താല്പര്യമുണ്ട്. അതുപോലെ തന്നെ ഹൈദ്രാബാദ്, ബാംഗ്ലൂർ തുടങ്ങിയ ഐ.ടി. നഗരങ്ങളിൽ വിദേശ കമ്പനികളെ ആകർഷിക്കുന്നതിന് പലതരത്തിലുള്ള മാർക്കറ്റിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അത്തരം കാര്യങ്ങൾ ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയാൻ താല്പര്യമുണ്ട്.

ശ്രീ. പിണറായി വിജയൻ : സർ, സ്മാർട്ട് സിറ്റി പൂർണ്ണതയിലെത്തുക എന്നതാണ് പ്രധാനമായിട്ടുള്ളത്. സ്മാർട്ട് സിറ്റിയുടെ ആദ്യഭാഗമാണ് അവർ പൂർത്തീകരിച്ചിട്ടുള്ളത്. സ്മാർട്ട് സിറ്റി പൂർണ്ണതയിലെത്തിക്കുന്നതിനുവേണ്ടി അവരുമായി ഇതിനകം ചർച്ച നടത്തിക്കഴിഞ്ഞിട്ടുണ്ട്. നേരത്തെ പ്രസ്താവിച്ചതുപോലെ 2020-ഓടുകൂടി ഇത് പൂർണ്ണതയിലെത്തിക്കുമെന്ന് ഉറപ്പ് നല്കിയിട്ടുണ്ട്. അപ്പോഴാണ് നാം ഉദ്ദേശിച്ച തരത്തിലുള്ള തൊഴിൽ സാധ്യത ഇതിനകത്തുണ്ടാകുക. അതോടൊപ്പം മറ്റ് കമ്പനികൾ ഇവിടെ എത്തിച്ചേരുന്നതിനും സാധ്യതയുണ്ട്. ഇൻഡ്യയിലുള്ള മറ്റു നഗരങ്ങളോട് കിടപിടിക്കത്തക്ക രീതിയിലേക്ക് കൊച്ചിയെ മാറ്റിത്തീർക്കുകയെന്നത് നാം നേരത്തെതന്നെ ലക്ഷ്യമിട്ടിട്ടുള്ള കാര്യമാണ്. അതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

ശ്രീ. പി. വി. അൻവർ : സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് കോഴിക്കോട് ഒരു ഐ.ടി. സൈബർ സിറ്റിക്കുവേണ്ടി തറക്കല്ലിട്ടിരുന്നു. പിന്നീട് അതിന്റെ പ്രവർത്തനങ്ങളൊന്നും ഉണ്ടായില്ല. പ്രസ്തുത ഐ.ടി. പാർക്കിന്റെ കാര്യത്തിൽ ഗവൺമെന്റ് പുതുതായി എന്താണ് ചെയ്യാനുദ്ദേശിക്കുന്നത്? എത്ര സമയത്തിനുള്ളിൽ കോഴിക്കോടിനെ ഒരു ഐ.ടി. ഹബ്ബാക്കി മാറ്റാൻ കഴിയുമെന്നും അറിയാൻ താല്പര്യമുണ്ട്.

<u>ശ്രീ. പിണറായി വിജയൻ</u> : സർ, കേരളത്തിൽ ഐ.ടി. എല്ലാ സ്ഥലത്തും ആരംഭിക്കാൻ പറ്റുന്ന ഒന്നാണ് എന്നൊരു പൊതുവികാരം നിലനില്ക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. എന്നാൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലാണ് ഐ.ടി. കേന്ദ്രീകരിക്കാൻ കഴിയുന്നത്. അതിലൊന്നാണ് കോഴിക്കോട്. കോഴിക്കോട് നേരത്തെ തുടങ്ങിയിട്ടുള്ള സംരംഭം പൂർണ്ണതയിലെത്തിക്കുക എന്നതുതന്നെയാണ് ഉദ്ദേശിക്കുന്നത്. ഏറെക്കുറെ അത് പൂർത്തിയായി വരികയാണ്.

<u>ശ്രീ. എസ്. ശർമ്മ</u> : സർ, സ്മാർട്ട് സിറ്റിയുടെ ഇപ്പോഴത്തെ സ്ഥിതിയും ഭാവിയിലേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് കണക്കാക്കുന്ന വർഷവും അതിന്റെ തൊഴിലവസര സാധ്യതകളും പ്രധാന ചോദ്യത്തിന് ഉത്തരമായി മുഖ്യമന്ത്രി വിശദീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ള ആ കെട്ടിടത്തിന് വിഭാവന ചെയ്തതുപോലെ 5000-ത്തിലധികം വരുന്ന ഐ.ടി. മേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ഇപ്പോൾ പൂർത്തിയാക്കിയ ഭാഗം വച്ച് 5000-ൽപ്പരം ആളുകൾക്ക് തൊഴിൽ നല്കാൻ കഴിയേണ്ടതാണ്. എത്ര പേർക്ക് കൃത്യമായി തൊഴിൽ നല്കിക്കഴിഞ്ഞിട്ടുണ്ട് എന്നതിനെക്കുറിച്ച് ഒരു പരിശോധനയിലേക്ക് ഗവൺമെന്റ് കടന്നിട്ടില്ല.

<u>ശ്രീ. എം. സ്വരാജ്</u> : സർ, വിവരസാങ്കേതിക വിദ്യയിലൂന്നിയുള്ള വ്യവസായിക മുന്നേറ്റത്തിന് രാജ്യത്ത് ആദ്യമായി തുടക്കം കുറിച്ച തിരുവനന്തപുരം ടെക്നോ പാർക്കിന്റെ തുടർച്ചയായി വികസിക്കേണ്ടിയിരുന്നതാണ് സ്മാർട്ട് സിറ്റി. അതിന്റെ ആദ്യഘട്ട ഉദ്ഘാടനത്തെ തുടർന്നുള്ള വാർത്തകൾ പുറത്തുവന്നപ്പോൾ ഐ.ടി. എന്നുപറഞ്ഞാൽ ഇൻഫർമേഷൻ ടെക്നോളജിയാണോ ഇന്റർനാഷണൽ തട്ടിപ്പാണോ എന്ന സംശയമാണ് ജനങ്ങളിലുണ്ടായത്. നിർദ്ദിഷ്ട സ്ഥലത്ത് ഐ.ടി. വ്യവസായങ്ങൾ തന്നെ തുടങ്ങുമെന്ന് ഉറപ്പാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; എന്തൊക്കെയാണ് നടപടികൾ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ടുള്ള കരാറിൽ ഐ.ടി./ഐ.ടി.ഇ.എസ്. ആവശ്യങ്ങൾക്കായി എത്രമാത്രം സ്ഥലം നീക്കിവയ്ക്കണമെന്നത് വ്യക്തമാക്കിയിട്ടുണ്ട്. അതിൽ ഉറച്ചുനില്ക്കാൻ തന്നെയാണ് സർക്കാർ നടപടികൾ സ്വീകരിക്കുക. അവരുമായുള്ള ചർച്ചയിലും അതിനുതകുന്ന തരത്തിലുള്ള കമ്പനികളെ കൊണ്ടുവരുമെന്ന തന്നെയാണ് അവർ വ്യക്തമാക്കിയത്. അതുകൊണ്ട് ഉയർന്നുവരുന്ന ആശങ്ക ദുരീകരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, നമ്മുടെ ഐ.ടി. മേഖലയുടെ വികസനത്തിന് പ്രധാന സംഭാവന നൽകിയ ഒന്നാണ് സ്മാർട്ട് സിറ്റി. എന്നാൽ ആ നിലയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം സ്മാർട്ട് സിറ്റിയുടെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. നിലവാരമുള്ള ഐ.ടി. കമ്പനികൾ ഇവിടേക്ക് വരിക എന്നുള്ളത് സ്മാർട്ട് സിറ്റി പോലുള്ള ഐ.ടി. സ്ഥാപനങ്ങളുടെ പുരോഗതിക്ക് ഏറ്റവും പ്രധാനമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് പരിശോധന നടത്തിയിട്ടുണ്ടോ; ഭാവിയിൽ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി നിലവാരമുള്ള ഐ.ടി. കമ്പനികളെ സ്മാർട്ട് സിറ്റിയിലേക്ക് കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇപ്പോൾ അത്തരം കമ്പനികളുണ്ടോ എന്നും സർക്കാർ വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, കെട്ടിടം നിർമ്മിച്ചു കഴിഞ്ഞാൽ മാത്രമേ കമ്പനികൾ ഇങ്ങോട്ടുവരികയുള്ളൂ. 88 ലക്ഷം ചതുരശ്ര അടി കെട്ടിടം നിർമ്മിക്കേണ്ടതിൽ 67 ലക്ഷം ചതുരശ്ര അടി കെട്ടിടമാണ് ഐ.ടി./ഐ.ടി.യേതര സേവനങ്ങൾക്കായി ഉപയോഗിക്കാവുന്നത്. നേരത്തെ ഇവിടെ വ്യക്തമാക്കിയതു പോലെ, 6.5 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങൾ മാത്രമേ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുള്ളൂ. 6.5 ലക്ഷം ചതുരശ്ര അടി കഴിഞ്ഞുള്ള കെട്ടിടം പൂർണ്ണമായി പൂർത്തീകരിക്കാനിരിക്കുകയാണ്. ആ കെട്ടിടവുംകൂടി പൂർത്തീകരിക്കുമ്പോഴാണ് നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള തൊഴിൽ സാദ്ധ്യത ഇതിൽ വരുന്നത്. അതിൽ ഒരു ആശങ്കയുമുണ്ടാകേണ്ടതില്ല. അവിടെ അത്തരം സൗകര്യങ്ങളൊരുക്കുമ്പോൾ കേരളത്തിന്റെ പ്രത്യേകത പരിഗണിച്ച് സ്വാഭാവികമായും കമ്പനികൾ വരാൻ തയ്യാറാകും. കമ്പനികൾ വരുന്നതിനുള്ള പ്രോത്സാഹനം ഇതിന്റെ ഭാഗമായി ലഭിക്കുകയും ചെയ്യും.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, സ്മാർട്ട് സിറ്റി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലത്ത് കരാറുണ്ടാക്കിയിരുന്നോ; അങ്ങനെ കരാറുണ്ടാക്കിയിരുന്നെങ്കിൽ ടി കരാറിന്റെ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉദ്ദേശിക്കുന്നുണ്ടെങ്കിൽ എന്തൊക്കെ വ്യവസ്ഥകളിലാണ് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ഇതുമായി ബന്ധപ്പെട്ട് ഫ്രെയിംവർക്ക് എഗ്രിമെന്റ് ഒപ്പുവച്ചത് 13-5-2007-നാണ്. അന്നത്തെ സർക്കാരിന്റെ തുടർച്ചയായിട്ടാണ് സംസ്ഥാനത്ത് പിന്നീട് ഒരു സർക്കാർ വന്നതും ഇപ്പോൾ ഒരു സർക്കാർ നിലനിൽക്കുന്നതും. ആ വ്യവസ്ഥകൾ അനുസരിച്ചാണ് കാര്യങ്ങൾ നീങ്ങുന്നത്. ഇക്കാര്യത്തിൽ മറ്റുതരത്തിലുള്ള ഒരു പ്രശ്നവും ഉദിക്കുന്നില്ല.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, നമ്മുടെ രാജ്യത്ത് ആദ്യമായി ഐ.ടി. സംരംഭം വന്ന സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം കേരളത്തിനായിരുന്നു. എന്നാൽ വളരെ വർഷങ്ങൾക്കുശേഷം നമ്മുടെ പിന്നാലെ കടന്നുവന്ന കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ഈ രംഗത്ത് നമ്മെക്കാൾ വളരെ മുന്നിൽ പോയിട്ടുണ്ട്. 13-5-2007-ൽ എഗ്രിമെന്റ് ഒപ്പുവച്ചെങ്കിലും നിർഭാഗ്യവശാൽ അഞ്ചു വർഷക്കാലം യാതൊരു പുരോഗതിയുമുണ്ടാകാതെപോയി. ഐ.ടി.-ക്ക് മാത്രമുള്ള സ്ഥലത്തിന്റെ 10 ശതമാനംപോലും പൂർത്തിയാകാൻ കഴിയാതെപോയതിന്റെ യഥാർത്ഥ കാരണം വിലയിരുത്തി ഗൗരവതരമായ ഒരു സമീപനം ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ സ്വീകരിക്കണം. എന്റെ മണ്ഡലത്തിലാണ് സ്മാർട്ട് സിറ്റി. കഴിഞ്ഞ ദിവസം ഞാൻ അവിടെ പോയി സ്മാർട്ട് സിറ്റി അധികൃതരുമായി ചെറിയൊരു ചർച്ച നടത്തി. അവിടെ ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധ വേണ്ട ഒട്ടേറെ കാര്യങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u> : അങ്ങ് ചോദ്യം ചോദിക്കൂ.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ശ്രീ. എം. സ്വരാജ് പറഞ്ഞതുപോലുള്ള നിലപാടാണ് നമ്മെ പിന്നോട്ടു നയിച്ചിരുന്നത്. അങ്ങയുടെ നടപടിയിൽ ഞാൻ പ്രതീക്ഷ അർപ്പിക്കുകയാണ്. സ്മാർട്ട് സിറ്റിയുടെയും ഇൻഫോ പാർക്കിന്റെയും ടെക്നോപാർക്കിന്റെയും സൈബർസിറ്റിയുടെയും കാര്യത്തിൽ വളരെ ക്രിയാത്മകമായ നിലപാടെടുക്കുമെന്ന് ദൃഢമായി പറയാൻ കഴിയുമോ; അതിനുവേണ്ടി എന്ത് നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെ ഒരു പ്രശ്നമെന്ന നിലയ്ക്ക് ഇപ്പോൾ സംസാരിക്കുന്നതിനുമുമ്പുതന്നെ ഈ പ്രശ്നം എന്റെ ശ്രദ്ധയിൽപ്പെടുത്താൻ അദ്ദേഹത്തിന് അവസരമുണ്ടായിരുന്നു. എന്തുകൊണ്ടോ ഇതേവരെ അദ്ദേഹം ആ പ്രശ്നം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതായി കണ്ടില്ല. അങ്ങനെയായിരുന്നെങ്കിൽ എന്താണ് പ്രശ്നമെന്ന് മനസ്സിലാക്കി അതിന്മേൽ നടപടി സ്വീകരിക്കാൻ കഴിയുമായിരുന്നു. ഇവിടെ അദ്ദേഹം പറഞ്ഞ ഒരു കാര്യം തീർത്തും വസ്തുതാവിരുദ്ധമാണ്. 2007 മേയ് 13-ന് ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ ഭാഗമായുള്ള തുടർനടപടികൾ അന്നത്തെ ഗവൺമെന്റ് ശരിയായ രീതിയിൽ സ്വീകരിച്ചുവന്നിരുന്നു. എന്നാൽ നാം ഓർക്കേണ്ട ഒരു കാര്യം, ക്ലോസിംഗ് തീയതി മുതൽ 10 വർഷത്തിനകം പണി പൂർത്തിയാക്കി ജോലി നൽകുമെന്ന നിലപാടായിരുന്നു എഗ്രിമെന്റിലുണ്ടായിരുന്നത്. ഇപ്പോഴും ക്ലോസിംഗ് തീയതിയായിട്ടില്ലെന്ന വസ്തുത നിലനിൽക്കുന്നു. അത് എങ്ങനെ വന്നു ചേർന്നതാണ്?

അത്തരത്തിലുള്ള ചർച്ചയിലേക്ക് പോകലല്ല നല്ലത്. നമുക്ക് സ്മാർട്ട് സിറ്റി വേഗം തന്നെ പ്രാവർത്തികമാക്കാനാകണം. അതിനുള്ള തുടർനടപടികൾ സർക്കാർ സ്വീകരിക്കും. നമുക്ക് നല്ല നിലയ്ക്ക് സഹകരിച്ച് മുന്നോട്ടുപോകാം.

ശ്രീമതി വീണാ ജോർജ്ജ് : സർ, 85 ലക്ഷം ചതുരശ്ര അടിയുടെ കെട്ടിടമാണ് ഉദ്ദേശിക്കുന്നതെന്ന് പറയുകയുണ്ടായി. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒരു പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും അത് രഹസ്യമായി വച്ചിരിക്കുകയാണെന്നും പറയുന്നു. ഇതിന്റെ നിജസ്ഥിതി എന്താണ്; അതോടൊപ്പം 70 ശതമാനം ഐ.ടി.ക്കും ബാക്കി 30 ശതമാനം വ്യാവസായിക സംരംഭങ്ങൾക്കും ആണെന്നാണ് ആദ്യം തീരുമാനിച്ചിരുന്നത്. നിലവിൽ ഇതിന് മാറ്റമുണ്ടോ?

ശ്രീ. പിണറായി വിജയൻ : സർ, ഇക്കാര്യത്തിൽ മറ്റുതരത്തിലുള്ള ആശങ്കകൾ നിലനിൽക്കുന്നുണ്ടെങ്കിലും സർക്കാർ സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട എഗ്രിമെന്റിൽ പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിനുതന്നെ മുൻതൂക്കം നൽകും. ആഗസ്റ്റ് 6-ാം തീയതി ബോർഡ് മീറ്റിംഗ് ചേരാൻ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ അതിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഈ പറഞ്ഞ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം കൈവരിക്കാനുള്ള സമയക്രമം, ഓരോ ഘട്ടത്തിലും കൈവരിക്കേണ്ട പുരോഗതി തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ തീരുമാനത്തിലേക്കെത്താൻ കഴിയും. ഇപ്പോൾത്തന്നെ മുഖ്യമന്ത്രിയെന്നുള്ള നിലയിൽ അവരുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അതിന് കൃത്യമായ സമയക്രമം പാലിച്ചുകൊണ്ട് അല്ലെങ്കിൽ സമയക്രമം സംബന്ധിച്ച് ഒരു ധാരണയിലെത്തിയ ശേഷമായിരിക്കണം ആ യോഗത്തിന് വരേണ്ടതെന്ന് അവരെ അറിയിച്ചിട്ടുണ്ട്. ആ യോഗത്തിൽ കൃത്യമായ വ്യക്തത വരുത്താൻ കഴിയുമെന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. സി. ജോർജ്ജ് : സർ, കഴിഞ്ഞതിന് മുന്നിലത്തെ ഇടതുപക്ഷ ഗവൺമെന്റ് 2007-ലാണ് ഈ എഗ്രിമെന്റ് വച്ചത്. ആ എഗ്രിമെന്റ് അതേപടി നടപ്പിലാക്കുകയാണെങ്കിൽ 2017-ൽ ഇത് കമ്മീഷൻ ചെയ്യേണ്ടതല്ലേ; എന്നാൽ 2017-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമോ? പിന്നീടുവന്ന ഗവൺമെന്റ് ആ എഗ്രിമെന്റിൽ ടീകോം കമ്പനിയുമായി ചർച്ച നടത്തി എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; അങ്ങ് മുഖ്യമന്ത്രിയായ സമയത്ത് 2020-ലാണ് കമ്മീഷനിംഗ് എന്നുപറഞ്ഞു. എന്തുകൊണ്ട് മൂന്ന് വർഷം ദീർഘിപ്പിച്ചു; അതിന്റെ കാരണങ്ങളെന്താണ്; 2020-ൽ തന്നെ ഇത് കമ്മീഷൻ ചെയ്യുമെന്ന് ഉറപ്പാക്കാൻ ഗവൺമെന്റ് എന്തുനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ : സർ, ഏതെങ്കിലും തരത്തിലുള്ള വ്യത്യസ്തതകൾ എഗ്രിമെന്റിനകത്ത് വരുത്തിയിട്ടുണ്ടോയെന്നുള്ള കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാണ് നടപടികൾ സ്വീകരിക്കുന്നത്. അതിൽ ഞാൻ നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ ക്ലോസിംഗ് തീയതി എന്ന നിലയിലേക്ക് കാര്യങ്ങൾ പോകാതെ ഏറെക്കുറെ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഈ വരുന്ന ബോർഡ് മീറ്റിംഗിൽ കൃത്യമായ വ്യക്തത വരുത്തും. ഫ്രെയിംവർക്ക് എഗ്രിമെന്റിൽ ക്ലോഷർ ഡേറ്റ് എന്നുപറഞ്ഞതിന്റെ ഭാഗമായി അവർക്ക് ഇനിയും നീട്ടിക്കൊണ്ടു പോകാം. പക്ഷേ ആ വ്യവസ്ഥ മാറ്റാൻ ബന്ധപ്പെട്ട പാർട്ട്ണർ മീറ്റിംഗ് വിളിക്കാൻ സർക്കാർ നിർബന്ധിക്കും. പാർട്ട്ണർ മീറ്റിംഗിൽ വച്ച് ഈ വ്യവസ്ഥയിൽ തന്നെ മാറ്റം വരുത്തി നടപടികൾ മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കും.

മി. സ്പീക്കർ : ചോദ്യം നമ്പർ *2-ഉം *28-ഉം *30-ഉം സമാന സ്വഭാവമുള്ളവയാണ്. ചോദ്യം നമ്പർ *2-ന്റെ കൂടെ ചോദ്യം നമ്പർ *28-ഉം *30-ഉം ക്ലബ്ബ് ചെയ്യുന്നതിനുള്ള റിക്വസ്റ്റ് കിട്ടിയിട്ടുണ്ട്. അത് ചെയർ അംഗീകരിക്കുന്നു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ഈ മൂന്ന് ചോദ്യത്തിനും ഒന്നിച്ച് മറുപടി പറയുന്നതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

2 (*2) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയർന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിലക്കയറ്റം തടയാൻ വിപണിയിൽ എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനും സർക്കാരും മറ്റ് ഇതര ഏജൻസികളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ,

(എ&ബി) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. നിലവിൽ പൊതു വിപണിയിലുണ്ടാകുന്ന അവശ്യവസ്തുക്കളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യവസ്തുക്കൾ 20 ശതമാനം മുതൽ 62 ശതമാനം വരെ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾവഴിയും വിതരണം നടത്തിവരുന്നു. കൂടാതെ സാധനങ്ങൾ ഉല്പാദന കേന്ദ്രങ്ങളിൽനിന്നും ടെണ്ടർ മുഖേന നേരിട്ട് സംഭരിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു. വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, അന്യായ വില, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും സിവിൽസപ്ലൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു.

(സി) ഇതര ഏജൻസികളെ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഹോർട്ടി കോർപ്പിന്റെ സ്റ്റാളുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തെരഞ്ഞെടുത്ത വിൽപ്പനശാലകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ കെപ്കോ, എം.പി.ഐ. എന്നീ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളും വിതരണം ചെയ്തുവരുന്നു.

**നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന**

3 (*28) ശ്രീ. പി. കെ. ബഷീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ വസ്തുക്കളുടെയും ഭക്ഷ്യവിഭവങ്ങളുടെയും വില ക്രമാതീതമായി വർദ്ധിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലവർദ്ധനമൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ആശ്വാസമേകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിലക്കയറ്റം ഉണ്ടാകാനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. പൊതുവിപണിയിലുണ്ടാകുന്ന അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യ വസ്തുക്കൾ 20 ശതമാനം മുതൽ 62 ശതമാനം വരെ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോക്ക് 15 രൂപാ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14000 റേഷൻ കടകൾവഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം നടത്തിവരുന്നു. വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, അന്യായ വില, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും സിവിൽസപ്ലൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു.

(സി) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കാനായി 14-6-2016-ന് സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം ചേർന്നിരുന്നു. വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് അവർ സഹകരണം ഉറപ്പുനൽകിയിട്ടുണ്ട്.

## വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ

4 (*30) ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. എസ്. ശർമ്മ :

ശ്രീ. യു. ആർ. പ്രദീപ് :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യ വിപണിയിൽ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്ന അവസ്ഥ സംജാതമായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, കൃത്രിമ വിലക്കയറ്റം തുടങ്ങിയവ തടയുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അവലോകനം ചെയ്തിട്ടുണ്ട്; കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതുകൊണ്ട് അന്യസംസ്ഥാനങ്ങളിൽനിന്നും അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്താണ് കേരളത്തിന്റെ ആവശ്യകത നിറവേറ്റുന്നത്. ഇക്കാരണംകൊണ്ട് വിപണിയിൽ അരി ഉൾപ്പെടെയുള്ള ഭക്ഷ്യ ധാന്യങ്ങളുടെ വില വർദ്ധനവ് ഉണ്ടാകുന്നത് സാധാരണയാണ്. സംസ്ഥാനത്ത് അരിയുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിക്കുന്നുവെന്ന റിപ്പോർട്ടുകൾ വന്ന സാഹചര്യത്തിൽ വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കാനായി 14-6-2016-ന് സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത വ്യാപാരികൾ വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് കൈക്കൊള്ളുന്ന നടപടികൾക്ക് അവരുടെ സഹകരണം ഉറപ്പ് നൽകിയിട്ടുണ്ട്.

(ബി) കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, കൃത്രിമ വിലക്കയറ്റം തുടങ്ങിയവ തടയുന്നതിനായി നിലവിലുള്ള പരിശോധനാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ 1-6-2016

മുതൽ ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സെല്ലിൽനിന്നും എല്ലാ ജില്ലകളിൽ നിന്നുള്ള ദൈനംദിന പരിശോധനകളുടെയും റെയ്ഡിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നുണ്ട്. 22 അവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽനിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് സെക്ഷനിൽ നല്കുകയും അവിടെനിന്നും വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുകയും ചെയ്യുന്നുണ്ട്. 2016 ജനവരി മുതൽ മെയ് വരെ സംസ്ഥാനത്തുടനീളം 20,199 പൊതുവിതരണ കേന്ദ്രങ്ങളും 2114 ഓപ്പൺ മാർക്കറ്റുകളും പരിശോധനയ്ക്ക് വിധേയമാക്കി. നിയമ ലംഘനം നടത്തിയവർക്കെതിരെ അവശ്യവസ്തു നിയമം 1955 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ് : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ നടപടി സ്വീകരിച്ചുവെന്ന് അങ്ങയുടെ മറുപടിയിൽ പറയുന്നുണ്ട്. 13 ഇനം അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുകയില്ലെന്ന് നയപ്രഖ്യാപന പ്രസംഗത്തിലും പറഞ്ഞിട്ടുണ്ട്. നമ്മുടെ മാവേലി സ്റ്റോറുകൾവഴി വിതരണം ചെയ്യുന്ന മറ്റ് സാധനങ്ങൾക്ക് വില നിയന്ത്രിക്കേണ്ട നടപടി എടുക്കേണ്ടതുണ്ട്. ഗവൺമെന്റ് നൽകുന്ന സബ്സിഡിയുടെ പ്രയോജനം സാധാരണ ജനങ്ങളിലെത്തുവാൻവേണ്ടി റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ നൽകുവാൻ 2004-2006 കാലഘട്ടത്തിൽ തീരുമാനിച്ചിരുന്നു. അതിന്റെ കാരണം എന്നുപറയുന്നത്, മാവേലി സ്റ്റോറുകൾ ഒരു പഞ്ചായത്തിന്റെ ആസ്ഥാനത്ത് പ്രവർത്തിക്കുന്നു എന്നതിനാലാണ്. പഞ്ചായത്തിന്റെ വിസ്തൃതി വളരെ കൂടുതലാണെങ്കിൽ സാധാരണ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭ്യമാകുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇപ്രാവശ്യം സബ്സിഡി നൽകുന്നതിനുള്ള തുക 70 കോടി രൂപ എന്നുള്ളത് 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ടെന്ന് അങ്ങ് മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകളിലൂടെ നൽകിക്കൊണ്ട് സാധാരണ ജനങ്ങൾക്കുകൂടി സബ്സിഡിയുടെ പ്രയോജനം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പു നൽകാൻ കഴിയുമോ ?

ശ്രീ. പി. തിലോത്തമൻ : സർ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 42 വർഷത്തെ ചരിത്രത്തിൽ ഏറ്റവും കൂടിയ തുക (150 കോടി രൂപ) സബ്സിഡിയായി നീക്കിവച്ചത് ഈ വർഷമാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുമ്പോഴും എല്ലാ ജനങ്ങൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയല്ല കഴിഞ്ഞ കാലങ്ങളിൽ ഇടപെടൽ നടത്തിയിരുന്നത്. മാർക്കറ്റിൽ ഇതൊരു ഇടപെടലാണ്. കേരളമാകെ നോക്കുകയാണെങ്കിൽ 38 പഞ്ചായത്തുകളിൽ ഇനിയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ വരാനുണ്ട്. ആ 38 പഞ്ചായത്തുകളിൽകൂടി മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക എന്നതാണ് ഞങ്ങൾ ആദ്യം ലക്ഷ്യമിടുന്നത്. അതിനുശേഷം അതിന്റെ വിപുലീകരണത്തെക്കുറിച്ച് തീർച്ചയായും ആലോചിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞ റേഷൻ കടകൾവഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന വിഷയം ദീർഘകാല ലക്ഷ്യമായി കാണുന്നതാണ്. റേഷൻ കടകളെ ശക്തിപ്പെടുത്താനുള്ള തീരുമാനത്തിന്റെ ഭാഗമായി അക്കാര്യവും ഭാവിയിൽ കൈകാര്യം ചെയ്യുന്നതാണ്.

ശ്രീ. അടൂർ പ്രകാശ് : സർ, മാവേലി സ്റ്റോറുകളിലും ലാഭം സ്റ്റോറുകളിലും ശബരി സ്റ്റോറുകളിലും താത്കാലികമായി ജോലി ചെയ്യുന്ന ജീവനക്കാരുണ്ട്. അങ്ങനെ താൽക്കാലികമായി ജോലി ചെയ്യുന്ന ജീവനക്കാരെ ഇപ്പോൾ പിരിച്ചു വിടുകയാണ്. അങ്ങയുടെ അറിവോടുകൂടി നടക്കുന്നതാണെന്ന് ഞാൻ പറയുന്നില്ല, അവർക്ക് കിട്ടുന്നത് തുച്ഛമായ ശമ്പളമാണ്. അവർക്ക് കിട്ടിക്കൊണ്ടിരുന്ന ശമ്പളത്തിൽനിന്നും പി.എഫ്.-ഉം കട്ട് ചെയ്തുകൊണ്ടിരുന്നു. അങ്ങനെയുള്ള പാവപ്പെട്ട ആളുകളോട് മനുഷ്യത്വപരമായ ഒരു സമീപനമല്ല ഇപ്പോൾ സ്വീകരിക്കുന്നത്. അതിൽ അങ്ങ് ഇടപെട്ട് അത്തരം ആളുകളെ വീണ്ടും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മാത്രമല്ല, നിത്യോപയോഗ സാധനങ്ങൾ പാക്ക് ചെയ്യാനായി ആളുകളെ നിയമിച്ചു കൊണ്ട് അവർക്കാവശ്യമായ പരിരക്ഷ നൽകുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. തിലോത്തമൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു മാസം ആകുന്നതേയുള്ളൂ. ഔട്ട്ലെറ്റുകളിൽ പായ്ക്ക് ചെയ്യുന്ന ജോലിക്കാരുടെ പ്രശ്നമാണെങ്കിലും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഏതാണെങ്കിലും ഗവൺമെന്റ് യാതൊരുവിധ നിർദ്ദേശവും ഇതുവരെ കൊടുത്തിട്ടില്ല. ആരെയും പറഞ്ഞുവിടാനോ പുതുതായി നിയമിക്കാനോ ഒരു നിർദ്ദേശവും ഗവൺമെന്റ് കൊടുത്തിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിനെ സംബന്ധിച്ചുള്ള ചോദ്യം ക്ലബ് ചെയ്തപ്പോൾ ഭരണകക്ഷിയിൽ നിന്നും പ്രതിപക്ഷത്തുനിന്നും ഒരുപോലുള്ള ചോദ്യങ്ങളാണ് സഭയുടെ മുമ്പിൽ വന്നത്. കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നു എന്നുതന്നെയാണ് ഭരണകക്ഷിയിൽ നിന്നുള്ളവരും പറഞ്ഞിരിക്കുന്നത്. ഒരു ഒഫൻസ് നമ്മളെല്ലാവരും ഒരുപോലെ അംഗീകരിച്ചിരിക്കുന്നുവെന്നുള്ളതാണ് അതിന്റെ അർത്ഥം. ഇവിടെ Essential Commodities Act ഉണ്ട്. ഈ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പ്രധാനപ്പെട്ട ഒരു നിയമ നടപടിയാണത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇത്രയും കൃത്രിമമായി വിലവർദ്ധനവുണ്ടായിട്ടും Essential Commodities Act അനുസരിച്ച് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര റെയ്ഡ് നടത്തിയിട്ടുണ്ട്; എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിന് എന്ത് നടപടി എടുത്തിട്ടുണ്ട് എന്ന് വിശദീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ : സർ, സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളുടെയും റെയ്ഡുകളുടെയും കണക്ക് കൃത്യമായി ഇവിടെ ഞാൻ മറുപടി വായിച്ചപ്പോൾ പറയുകയുണ്ടായി. വിലക്കയറ്റം ഉണ്ടാകുന്നുവെന്ന് മനസ്സിലായ സന്ദർഭത്തിൽതന്നെ വളരെ കർശനമായ നടപടികളും സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. സിവിൽ സപ്ലൈസ്, ഭക്ഷ്യം, ആരോഗ്യം, പോലീസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ സഹായത്തോടെ ജില്ലാ കളക്ടർമാർ അവരുടെ ഉത്തരവാദിത്വം വളരെ ഭംഗിയായി നിർവ്വഹിക്കുന്നുണ്ട്. അതിലുപരിയായി ഭക്ഷ്യ വകുപ്പുദ്യോഗസ്ഥർ പരിശോധന നടത്തുന്നുമുണ്ട്. എവിടെയെങ്കിലും വിലവിവര പട്ടിക പ്രദർശിപ്പിക്കാതെ വരുന്നുണ്ടോ, പൂഴ്ത്തിവയ്പ്പ് നടത്തുന്നുണ്ടോ, അന്യായമായി വിലകൂട്ടി വിൽപ്പന നടത്തുന്നുണ്ടോ എന്നൊക്കെ പരിശോധിക്കാനും അവിടെയൊക്കെ ശക്തമായി ഇടപെടാനും ഗവൺമെന്റ് തീരുമാനിച്ച് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റെയ്ഡും പരിശോധനയും തുടർച്ചയായി നടത്തിവരികയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, വിലക്കയറ്റം നിയന്ത്രിക്കാൻ 13 ഇനം അവശ്യ സാധനങ്ങൾ വലിയ വില കൊടുത്ത് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വാങ്ങി സബ്സിഡി നിരക്കിൽ വിതരണം ചെയ്ത് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിയാണ് വില കുറച്ചുകൊണ്ടുവരുന്നത്. പലപ്പോഴും വലിയ വിലകൊടുത്ത് ഇത്തരം സാധനങ്ങൾ വാങ്ങാൻ കഴിയാതെ വരുന്ന സമയങ്ങളിൽ 13 ഇനം അവശ്യ സാധനങ്ങളുടെ ലഭ്യതയും ഗുണനിലവാരവും നിലനിർത്തിക്കൊണ്ട് വിതരണം നടത്താൻ കഴിയാത്തതാണ്

മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടപ്പാക്കാത്തതിന് കാരണം. ഉത്പാദന കേന്ദ്രങ്ങളിൽനിന്ന് വലിയ വ്യാപാരികൾ ക്രോപ് സീസണിൽ ഇവ വാങ്ങി അവരുടെ വലിയ സ്റ്റോറേജ് ഫെസിലിറ്റീസ് ഉപയോഗിച്ച് സൂക്ഷിച്ചു വയ്ക്കുകയും ഓഫ് സീസണിൽ വലിയ വിലയ്ക്ക് നമുക്ക് നൽകുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് ഉത്പാദന കേന്ദ്രത്തിൽനിന്ന് ക്രോപ് സീസണിൽ സപ്ലൈകോ നേരിട്ട് ഏറ്റവും കുറഞ്ഞ വിലയ്ക്ക് 13 ഇനം എസൻഷ്യൽ കമ്മോഡിറ്റീസ് വാങ്ങി സഹകരണ വകുപ്പിന്റെയോ മറ്റേതെങ്കിലും ഏജൻസികളുടെയോ സഹായത്തോടുകൂടി സ്റ്റോറേജ് ഫെസിലിറ്റീസ് ഉണ്ടാക്കി ഓഫ് സീസൺ ഉൾപ്പെടെയുള്ള സമയത്ത് വലിയ സബ്സിഡി കൊടുക്കാതെ, സപ്ലൈകോയ്ക്ക് ലാഭത്തിൽത്തന്നെ വിതരണം നടത്താൻ കഴിയുന്ന, മാർക്കറ്റ് വിലയെക്കാൾ കുറച്ച് ഈ 13 ഇനം സാധനങ്ങളും വിതരണം നടത്താൻ കഴിയുന്ന ഫലപ്രദമായ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെ പറ്റി സർക്കാർ ഗൗരവപൂർവ്വം ആലോചിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് വളരെ നല്ല കാര്യങ്ങളാണ്. ഇന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പർച്ചേസ് നടത്തുന്നത് ഇ-ടെണ്ടർ മുഖേനയാണ്. ഉത്പാദന കേന്ദ്രത്തിൽ പോയി അവിടത്തെ ഗ്രൗണ്ട് റിയാലിറ്റി മനസ്സിലാക്കിക്കൊണ്ട് ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള ഉത്പന്നങ്ങൾ വാങ്ങാനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുകയാണ്. പർച്ചേസ് സമ്പ്രദായത്തിൽ ആവശ്യമായ മാറ്റം വരുത്താനുള്ള കാര്യങ്ങളെക്കുറിച്ചും ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റ് ആണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് അവശ്യ സാധനങ്ങളിൽ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. സ്വാഭാവികമായും കടത്തുകൂലി എന്നത് അതിനെ ആശ്രയിച്ച് നിൽക്കുന്ന ഒരു കാര്യമാണ്. കടത്തുകൂലി ഇനത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് പെട്രോളിയം ഉത്പന്നങ്ങളുടെ വിലവർദ്ധനവാണ്. അന്താരാഷ്ട്ര വിപണിയിൽ പെട്രോളിയം ഉത്പന്നങ്ങളുടെ പ്രത്യേകിച്ച് ക്രൂഡ് ഓയിലിന്റെ വില വളരെയധികം താഴ്ന്നിട്ടും കേന്ദ്ര ഗവൺമെന്റ് ആഴ്ചയിലൊരിക്കൽ എന്നവിധം പെട്രോൾ, ഡീസൽ ഉൾപ്പെടെയുള്ള പെട്രോളിയം ഉത്പന്നങ്ങൾക്ക് വില കൂട്ടിക്കൊണ്ടിരിക്കുകയാണ്. വിലക്കയറ്റത്തിന് അതും ഒരു പങ്ക് വഹിക്കുന്നുണ്ട്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ സമയത്ത്, അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില അനിയന്ത്രിതമായി കൂടിയപ്പോൾപോലും കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് എടുത്ത ചില നിലപാടുകളുണ്ട്. അത്തരം വിലവർദ്ധനവ് ഉണ്ടായപ്പോൾ

അത് വിലക്കയറ്റത്തെ ബാധിക്കരുത് എന്നുള്ളതുകൊണ്ട് രണ്ടു തവണയാണ് കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് പെട്രോളിയം ഉത്പന്നങ്ങളിൽനിന്ന് ലഭിക്കുന്ന അധിക നികുതി ഒഴിവാക്കിയത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കേന്ദ്ര ഗവൺമെന്റ് പെട്രോൾ, ഡീസൽ എന്നിവയുടെ വില ഇങ്ങനെ കൂട്ടി കൊണ്ടിരിക്കുമ്പോൾ, വളരെ പെട്ടെന്ന് ചില ഉത്പന്നങ്ങൾക്ക് വില വർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ പെട്രോളിയം ഉത്പന്നങ്ങളുടെ വിലക്കയറ്റത്തിലൂടെ ലഭ്യമാകുന്ന അധിക നികുതി ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാണോ എന്ന് പറയാമോ?

ശ്രീ. പി. തിലോത്തമൻ : സർ, ഇപ്പോൾത്തന്നെ ഗവൺമെന്റ് വലിയ ബാദ്ധ്യതയാണ് ഏറ്റെടുക്കുന്നത്. 13 ഇനം സാധനങ്ങൾക്ക് 20 ശതമാനം മുതൽ 62 ശതമാനം വരെ സബ്സിഡി കൊടുത്തുകൊണ്ടാണ് ഇന്ന് മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി ഗവൺമെന്റ് നടത്തുന്നത്. മാവേലി സ്റ്റോറുകൾവഴിയും സപ്ലൈകോയുടെ ഇതര ഔട്ട്ലെറ്റുകൾവഴിയും വിതരണം ചെയ്യുന്ന സബ്സിഡി കഴിഞ്ഞുള്ള മറ്റെല്ലാ ഉത്പന്നങ്ങളുടെ കാര്യത്തിലും ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു രൂപപോലും വർദ്ധനവ് ഉണ്ടാക്കിയിട്ടില്ല എന്നുള്ളതാണ് എനിക്ക് അറിയിക്കാനുള്ളത്.

ശ്രീ. പി. കെ. ബഷീർ : സർ, 42 വർഷത്തിനുശേഷം വില വർദ്ധനവ് തടയുന്നതിനുവേണ്ടി ഏറ്റവും അധികം സബ്സിഡി കൊടുത്ത സർക്കാരാണ് ഇതെന്ന് അങ്ങ് സൂചിപ്പിച്ചു. 150 കോടി രൂപ കൊടുക്കാൻ നിങ്ങൾ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുവേണ്ടെ? ഇപ്പോൾ വന്നിട്ടുള്ളത് കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാരിന്റെ ബഡ്ജറ്റല്ലേ; അല്ലാതെ പുതിയതായി ഒരു കാര്യവും വന്നിട്ടില്ലല്ലോ? ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ പരിശോധന സംബന്ധിച്ചുള്ള വിശദവിവരങ്ങളും വില വർദ്ധനവ് തടയുന്നതിനുവേണ്ടി നടത്തിയ പരിശോധനയും റെയ്ഡും സംബന്ധിച്ച വിവരങ്ങളും വെളിപ്പെടുത്താമോ?

ശ്രീ. പി. തിലോത്തമൻ : സർ, ഭക്ഷ്യസുരക്ഷാ കമ്മീഷൻ പ്രവർത്തിക്കുന്നത് ആരോഗ്യ വകുപ്പിന്റെ കീഴിലാണ്. അതുകൊണ്ട് എനിക്ക് അതിന്റെ വിശദാംശങ്ങൾ പറയാൻ സാധിക്കുകയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ ക്യാബിനറ്റ് മീറ്റിംഗിൽ മൂന്നാമതായി കൈക്കൊണ്ട തീരുമാനം, സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന സബ്സിഡി തുക 150 കോടി രൂപയായി വർദ്ധിപ്പിക്കാനുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ബഡ്ജറ്റിൽ 70 കോടി രൂപയുടെ പ്രൊവിഷനാണ് ഉണ്ടായിരുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, പല കച്ചവട സ്ഥാപനങ്ങളിലും വില വിവരപ്പട്ടിക പ്രദർശിപ്പിക്കാറില്ല. അതിനെതിരെ നടപടിയെടുക്കാൻ നമുക്ക് പല നിയമങ്ങളുമുണ്ട്. വിലവിവരപ്പട്ടിക പല കടകളിലും പ്രദർശിപ്പിക്കാറുണ്ടെങ്കിലും പലപ്പോഴും അതിൽ മെൻഷൻ ചെയ്യുന്ന വിലയേക്കാൾ വളരെ കൂടുതലായിരിക്കും ഈടാക്കുന്നത്. ഉപഭോക്താക്കളെ പറ്റിക്കുന്ന സ്ഥിതി പല കടകളിലും നമ്മൾ കാണാറുണ്ട്. ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ : സർ, അരിക്കും പച്ചക്കറിക്കും ഉൾപ്പെടെ വിലക്കയറ്റമുണ്ടായ സാഹചര്യത്തിൽ സിവിൽ സപ്ലൈസ്, പോലീസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഓപ്പൺ മാർക്കറ്റിലെ കടകൾ പരിശോധിക്കാൻ നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കടകൾ പരിശോധിക്കുകയും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത എല്ലാ കടകൾക്കും താക്കീത് കൊടുക്കുകയും ചെയ്തു. ഇപ്പോഴും പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടക്കാരുടെ പേരിൽ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ എവിടെയും യഥേഷ്ടം വിൽക്കാനുള്ള സ്വാതന്ത്ര്യവും അവസരവും നൽകുമ്പോഴാണ് നമുക്ക് വിലക്കയറ്റം നിയന്ത്രിക്കാൻ സാധിക്കുക. ഈ കാര്യത്തിൽ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാൻ പറ്റുമോ; മാത്രമല്ല, ഇന്നിപ്പോൾ കർഷകന്റെ ഉത്പന്നങ്ങളുടെ വിലയുടെ മൂന്നിലൊന്ന് മാത്രമെ കർഷകന്റെ കയ്യിൽ എത്തുന്നുള്ളൂ. ബാക്കി കരിഞ്ചന്തക്കാരുടെയും ഇടനിലക്കാരുടെയും കൈകളിലാണ് എത്തുന്നത്. ഇത് നിയന്ത്രിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? മറ്റൊന്ന്, റേഷൻ കടകൾ ആധുനികവൽക്കരിക്കുമെന്നാണ് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്. ഇന്നത്തെ റേഷൻ കടകളുടെ ശോചനീയാവസ്ഥ കാരണം ഒരാളും റേഷൻകട നടത്താൻ സന്നദ്ധരാകുന്നില്ല. കാരണം, റേഷൻ കടയുടെ വാടക, വൈദ്യുതി ചാർജ്ജ് തുടങ്ങിയവയെല്ലാം അയാൾതന്നെ കൊടുക്കണം. ഈ കാര്യത്തിൽ സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. പി. തിലോത്തമൻ : സർ, കൃഷിക്കാർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല എന്നത് നമ്മുടെ എക്കാലത്തെയും പരാതിയും പൊതുവായ വിഷയവുമാണ്. കൃഷിക്കാർക്ക് അവർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ന്യായവില

ലഭ്യമാക്കാൻ കൃഷി വകുപ്പ് ഹോർട്ടികോർപ്പുവഴി സംഭരിക്കുന്ന പച്ചക്കറികൾക്ക് ന്യായവില നൽകുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ശേഖരിക്കുന്നതോ വിതരണം ചെയ്യുന്നതോ ആയ ഉത്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്തുനിന്ന് മാത്രം ശേഖരിക്കുന്നതല്ല. കേരളം തികച്ചും ഒരു കൺസ്യൂമർ സ്റ്റേറ്റാണെന്നത് നമുക്കറിയാം. പുറത്തുനിന്നാണ് നമ്മൾ ഉത്പന്നങ്ങൾ കൊണ്ടുവരുന്നത്. അതുമായി ബന്ധപ്പെട്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന് അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഒട്ടേറെ പരിമിതികളുണ്ട്. എന്നാൽ സംസ്ഥാന ഗവൺമെന്റ് അതാത് സമയങ്ങളിൽ കൈക്കൊള്ളുന്ന വിലയുടെയും നയത്തിന്റെയും അടിസ്ഥാനത്തിൽ നെല്ല് സംഭരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നന്നായി നിർവ്വഹിക്കുന്നുണ്ട് എന്നാണ് എനിക്ക് അങ്ങയെ അറിയിക്കാനുള്ളത്. റേഷൻകടകൾ നവീകരിക്കുക എന്നുള്ളത് നമ്മുടെ ഒരു പ്രധാനപ്പെട്ട ലക്ഷ്യമാണ്. റേഷൻകടകൾ നവീകരിക്കാനുള്ള നല്ലൊരു പദ്ധതിയുമായാണ് ഞങ്ങൾ മുമ്പോട്ട് പോകുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം ഈ സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. 2013-ൽ പാർലമെന്റ് അംഗീകരിച്ച നിയമമാണത്. ഇവിടെ 2013-ൽ തന്നെ അത് നടപ്പിലാക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല. ആ നിയമം നടപ്പാക്കുന്ന സന്ദർഭത്തിൽ റേഷൻകടകളെ നവീകരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾകൂടി അനുബന്ധമായി ചേർത്തുകൊണ്ട്, അതെല്ലാം നിർവ്വഹിച്ചുകൊണ്ട് മുന്നോട്ട് പോകാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നതെന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി (ശ്രീ. എം. ഉമ്മർ) : സർ, ഉഴുന്ന്, കടല, വറ്റൽമുളക്, പയർ തുടങ്ങിയവ സാധാരണക്കാരന്റെ അടുക്കളയിൽനിന്നും അപ്രത്യക്ഷമായി രിക്കുകയാണ്. ഇപ്പോൾ ഉഴുന്നിന് കിലോഗ്രാമിന് 170 രൂപ മുതൽ 175 രൂപ വരെയും കടലയ്ക്ക് 90 രൂപ മുതൽ 125 രൂപ വരെയും ചെറുപയറിന് 110 രൂപയും വറ്റൽ മുളകിന് 160 രൂപയുമാണ് വില. പച്ചക്കറികൾക്കാണെങ്കിൽ വില കുതിച്ചുയരുകയാണ്. സർക്കാരിന്റെ സഹായമുള്ള ഹോർട്ടികോർപ്പിൽപോലും പൊതുമാർക്കറ്റുമായി രണ്ട് രൂപയുടെ വ്യത്യാസമാണുള്ളത്. അതുകൊണ്ട് ഇതൊക്കെ സാധാരണക്കാരന്റെ അടുക്കളയിലേക്ക് വരുന്നതിന് ഈ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഈ ഗവൺമെന്റ് 150 കോടി രൂപ നീക്കി വച്ചതിനുശേഷം ഏതെങ്കിലും സാധനത്തിന് വില കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നും ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ ?

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, അങ്ങ് പറഞ്ഞതിൽ ഒരുപാട് പിശകുകളുണ്ട്. ഉഴുന്ന് (ബോൾ) 66 രൂപയ്ക്ക് സബ്സിഡി ഇനത്തിൽ നമ്മുടെ ഔട്ട്ലെറ്റിൽ വിതരണം ചെയ്യുമ്പോൾ മാർക്കറ്റിൽ അതിന് 175 രൂപയാണ് വില. വൻകടല 43 രൂപയ്ക്ക് കൊടുക്കുമ്പോൾ മാർക്കറ്റിൽ അതിന്റെ വില 88.69 രൂപയാണ്. വൻപയർ 45 രൂപയ്ക്ക് കൊടുക്കുമ്പോൾ 72.50 ആണ് മാർക്കറ്റിലെ വില. വറ്റൽമുളക് 75 രൂപയ്ക്ക് കൊടുക്കുമ്പോൾ മാർക്കറ്റിലെ വില 168 രൂപയാണ്. അങ്ങനെ 13 ഇനം സാധനങ്ങളുടെയും വിലയിൽ 20 ശതമാനം മുതൽ 62 ശതമാനം വരെ വില കുറച്ചാണ് നമ്മൾ വിൽക്കുന്നത്. പൊതുമാർക്കറ്റിൽ ഇടപെടുന്നത് ഇങ്ങനെയാണ്. ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഒരു വർദ്ധനവും വരുത്തിയിട്ടില്ല.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : സർ, നമ്മുടെ നിത്യോപയോഗ സാധനങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ളതാണ് അരി. ഈ അരി ഉൽപ്പാദിപ്പിച്ച് കൊണ്ടുവരുന്നത് തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ്. ആന്ധ്രാ പ്രദേശിലെ അരി ലോബികളെല്ലാം ചേർന്ന് കൃത്രിമ വിലക്കയറ്റം ഉണ്ടാക്കാൻ ശ്രമിക്കുന്നുവെന്ന് ഇവിടുത്തെ എല്ലാ ദിനപത്രങ്ങളിലും വാർത്തകൾ വന്നിരിക്കുകയാണ്. മലയാള മനോരമ ദിനപത്രത്തിൽ വലിയ ഹെഡ്ഡിംഗിൽ അത് എഴുതിയിരിക്കുകയാണ്. അത് കണ്ടുപിടിക്കാനും നിയന്ത്രിക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതാണ് എന്റെ ഒരു ചോദ്യം. മറ്റൊന്ന്, പുറത്തുനിന്നും കൊണ്ടുവന്ന് നമ്മുടെ നാട്ടിൽ വിൽക്കപ്പെടുന്ന നിത്യോപയോഗ സാധനങ്ങളിൽ കൃത്രിമമുണ്ട് എന്നുമാത്രമല്ല, വിഷാംശം കലർന്നതുമാണ്. മാർക്കറ്റിൽ പോയാൽ ഇതൊന്നും കാണാൻ കഴിയുകയില്ല. മാർക്കറ്റിൽ പോയി പരിശോധിച്ചാൽ അരി അടക്കമുള്ള സാധനങ്ങളിലോ പച്ചക്കറികളിലോ ഈച്ചപോലും ഇരിക്കുകയില്ല. അതിനു പ്രധാനകാരണം വിഷാംശം തളിച്ചിട്ടുണ്ട് എന്നതാണ്. ഇക്കാര്യം ഗൗരവമായി പരിശോധിച്ച് വിഷാംശം ഇല്ലാതാക്കാനും പുറത്തുനിന്ന് കൊണ്ടുവരുന്നവ നല്ല സാധനങ്ങളാണെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, അരി ഇനങ്ങളിൽ ജയ അരി, മട്ട അരി എന്നിവയ്ക്കാണ് വില വർദ്ധനവ് ഉണ്ടായത്. ആന്ധ്രാപ്രദേശിൽനിന്നാണ് അരി ഇങ്ങോട്ടു വരുന്നത്. നമ്മുടെ സംസ്ഥാനത്തെ നല്ല വിഭാഗം ജനങ്ങളും ജയ/മട്ട അരിയുടെ ചോറോ അല്ലെങ്കിൽ കഞ്ഞിയോ ആണ് ഉപയോഗിക്കുന്നത്. ആ അരിയുടെ വിലയിൽ വളരെ പെട്ടെന്നാണ് 4-5 രൂപ വർദ്ധനവ് ഉണ്ടായത്. ഞങ്ങൾ

അതേപ്പറ്റി അന്വേഷിച്ചപ്പോൾ ആന്ധ്രാപ്രദേശിലെ ഏതാനും അരിമില്ല് ഉടമകളും നമ്മുടെ സംസ്ഥാനത്തെ (കൊല്ലം പോലെയുള്ള സ്ഥലത്തെ) ചില ബ്രോക്കർമാരും തമ്മിൽ നടത്തിയ ആലോചനകളുടെ ഭാഗമായിട്ടാണ് ഈ വിലക്കയറ്റം ഉണ്ടായത് എന്നാണ് അറിയാൻ സാധിച്ചത്. അതുകൊണ്ട് ആന്ധ്രാ പ്രദേശിൽ നിന്നുൾപ്പെടെ കുറഞ്ഞ റേറ്റിൽ അരി സംഭരിക്കാനുള്ള ശ്രമങ്ങൾ ഞങ്ങൾ നടത്തിക്കൊണ്ടി രിക്കുകയാണ്. സംസ്ഥാനത്തെ കച്ചവടക്കാരുമായി അതുസംബന്ധിച്ച് ആലോചന നടത്തിയിട്ടുണ്ട്. വേണ്ടിവന്നാൽ ആന്ധ്രാപ്രദേശിലെ അരിക്കച്ചവടക്കാരുടെ യോഗം വിളിച്ചുകൂട്ടി ഈ വിഷയം ചർച്ചചെയ്യുന്നതാണ്. ആന്ധ്രാ പ്രദേശിലെ കച്ചവടക്കാർ തുടർന്നും ഇത്തരം നിലപാടുകൾ സ്വീകരിച്ചാൽ ഇത്തരം അരി മറ്റ് ഏത് സംസ്ഥാനത്തുനിന്നുമാണ് ലഭ്യമാകുന്നത് എന്നതുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമെന്നതിന് യാതൊരു സംശയവുമില്ല.

ശ്രീ. എസ്. ശർമ്മ : സർ, 1955-ലെ അവശ്യസാധന നിയമപ്രകാരം കച്ചവടക്കാരന് കൈവശം സൂക്ഷിക്കാവുന്ന സാധനങ്ങൾക്ക് ഒരു പരിധിയുണ്ടായിരുന്നു. 2002-ൽ ആ നിയമത്തിൽ കേന്ദ്ര ഗവൺമെന്റ് വരുത്തിയ ഭേദഗതിയെ തുടർന്നാണ് കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പുകാർക്കും ഇടത്തട്ടുകാർക്കും രാജ്യത്തെ ജനങ്ങളെ കൊള്ളയടിക്കാനുള്ള അവസരമുണ്ടായത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധിയിലോ നിയന്ത്രണത്തിലോ ഈ നിയമം വരുന്നില്ല; പക്ഷേ ഇതു ബാധകമാണുതാനും. ഈ നിയമത്തിൽ ഭേദഗതി വരുത്താൻ സംസ്ഥാനത്തിനു കഴിയുകയില്ല. ഇത്തരമൊരു സാഹചര്യത്തിൽ 2002-ൽ കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതി നിയമത്തിൽ മാറ്റം വരുത്തി 1955-ലെ അവശ്യസാധന നിയമപ്രകാരം തന്നെ വിലക്കയറ്റം തടയാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നിയമഭേദഗതിക്കുവേണ്ടി കേന്ദ്രത്തെ സമീപിക്കുമോ?

ശ്രീ. പി. തിലോത്തമൻ : സർ, ശ്രീ. എസ്. ശർമ്മ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ ശരിയായ ഒരു കാര്യമാണ്. നിയമം ഇംപോസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നമുക്ക് ഒട്ടേറെ പരിമിതികളുണ്ട്. ആ സാഹചര്യത്തിലാണ് നമ്മുടെ സംസ്ഥാനത്തെ മൊത്തക്കച്ചവടക്കാരുടെ യോഗം വിളിച്ചുകൂട്ടി അവരെക്കൂടി സഹകരിപ്പിച്ചുകൊണ്ട് വിലക്കയറ്റം തടയുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുവാനുള്ള ശ്രമങ്ങൾ നടത്തിയത്. ഈ പറഞ്ഞത് വളരെ പ്രധാനപ്പെട്ട നിർദ്ദേശമാണ്, അക്കാര്യം തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീ. യു. ആർ. പ്രദീപ് : സർ, വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി എൽ.ഡി.എഫ്. ഗവൺമെന്റ് നല്ല ഇടപെടലാണ് നടത്തിവരുന്നത്. അതോടൊപ്പം സംസ്ഥാനത്ത് മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങാൻ ആവശ്യമായ ഇടപെടൽ ഉണ്ടാകുമോ, ഉണ്ടാകുമെങ്കിൽ അതിന് മുന്തിയ പരിഗണന നൽകുമോ?

ശ്രീ. പി. തിലോത്തമൻ : സർ, തീർച്ചയായും. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ എന്ന ലക്ഷ്യമാണ് ഞങ്ങൾ ആദ്യം സഫലമാക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് 38 പഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകളില്ല. ആ പഞ്ചായത്തുകളിൽകൂടി മാവേലി സ്റ്റോറുകൾ കൊണ്ടുവരിക എന്നതാണ് ഈ വർഷത്തെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമായി ഞങ്ങൾ അംഗീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. ദാസൻ : സർ, മുൻ ഗവൺമെന്റിന്റെ കാലത്ത് കൺസ്യൂമർ ഫെഡിൽ കൊടും അഴിമതി നടന്നതായി അന്നത്തെ മാനേജിംഗ് ഡയറക്ടർ ഒരു റിപ്പോർട്ട് നൽകിയതായി അറിയുന്നു. എം.ഡി. നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണം ഈ ഗവൺമെന്റ് നടത്തുമോ? അതു സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് അറിയാൻ താൽപ്പര്യമുണ്ട്. അതോടൊപ്പം പുതിയ റേഷൻ കാർഡ് എപ്പോഴാണ് വിതരണം ചെയ്യാൻ കഴിയുക?

ശ്രീ. പി. തിലോത്തമൻ : സർ, കൺസ്യൂമർഫെഡ് സഹകരണ വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. ആ രംഗത്തു നടന്ന കാര്യങ്ങളെക്കുറിച്ച് കഴിഞ്ഞ നാളുകളിൽ ഒരുപാട് കേട്ടിട്ടുണ്ട്. ഗവൺമെന്റാണ് ആ കാര്യം പരിശോധിച്ച് തീരുമാനമെടുക്കേണ്ടത്.

ശ്രീ. അനിൽ അക്കര : സർ, വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനുവേണ്ടിയുള്ള നമ്മുടെ സംസ്ഥാനത്തെ രണ്ട് സ്ഥാപനങ്ങളാണ് റേഷൻ കടകളും മാവേലിസ്റ്റോറുകളും. ഇന്ന് റേഷൻ കടകളിൽ മട്ട പോലുള്ള നല്ല അരിയൊക്കെ കിട്ടുന്നുണ്ട്. എന്റെ വീട്ടുകാരൊക്കെ റേഷൻകടയിൽ നിന്നാണ് അരി വാങ്ങുന്നത്. അതിലെ പ്രധാനപ്പെട്ട പ്രശ്നം, നമുക്ക് ശരിയായ രീതിയിൽ അത് കിട്ടുന്നില്ല എന്നതാണ്. അന്യസംസ്ഥാനത്തൊഴിലാളികൾക്ക് ഏറ്റവും വിലക്കുറവിൽ സാധനങ്ങൾ കിട്ടുന്ന ഒരു സ്ഥാപനമാണ് റേഷൻകട. അതുകൊണ്ട് നമ്മുടെ റേഷൻകടകളിലെ പി.ഡി.എസ്. സംവിധാനവും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും ചേർത്തുകൊണ്ട് റേഷൻ കടകളിൽ ഒരു പ്രതിമാസ സോഷ്യൽ ഓഡിറ്റ് നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. തിലോത്തമൻ : സർ, റേഷൻ കടകളുടെ ആരോഗ്യകരമായ പ്രവർത്തനത്തിന് തീർച്ചയായും നടപടികൾ വേണം. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം ഈ സംസ്ഥാനത്ത് നടപ്പിലാക്കുന്നതോടുകൂടി വളരെ കാതലായ മാറ്റം ഈ രംഗത്ത് ഉണ്ടാകും. നാം അലോട്ട് ചെയ്യുന്ന അരിയാണെങ്കിലും ഗോതമ്പാണെങ്കിലും ഒരു മണി അരിയോ ഗോതമ്പോ ചോർന്നുപോകാത്തവിധം യഥാർത്ഥ കൺസ്യൂമർക്ക് ലഭിക്കുന്ന ഒരു സംവിധാനം നടപ്പിലാക്കുന്നതിനെക്കുറിച്ചാണ് ആലോചിച്ചു കൊണ്ടിരിക്കുന്നത്. ആ സന്ദർഭത്തിൽ ഇതിനൊക്കെ പരിഹാരമാകും എന്നതന്നെയാണ് കണക്കാക്കുന്നത്. സോഷ്യൽ ഓഡിറ്റ്, ഓരോ റേഷൻ കടയിലേയും സ്റ്റോക്ക് പൊസിഷൻ, ഒരു ഉപഭോക്താവ് വാങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ എന്നിവ ഡൽഹിയിൽ ഇരുന്നാൽപോലും കാണുന്നതിനും മറ്റുമുള്ള സംവിധാനം അതിനോടനുബന്ധിച്ച് കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീമതി യു. പ്രതിഭ ഹരി : സർ, കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏറ്റവും ശ്രദ്ധേയമായ ഒരു ഇടപെടലായിരുന്നു വില പിടിച്ചു നിർത്താൻ കഴിയുന്ന സഹകരണ വകുപ്പിന്റെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ. അതിന്റെ നിലവിലുള്ള അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ; അതിന്റെ വലിയ സേവനങ്ങൾ (ബോട്ടിൽ വരുന്ന ത്രിവേണി സ്റ്റോറിന്റെ സേവനം) കുട്ടനാട്ടിൽ താമസിക്കുന്ന ഞങ്ങൾക്കടക്കം കിട്ടിയിട്ടുണ്ട്; ഏറ്റവും നല്ല സാധനങ്ങൾ മിതമായ വിലയ്ക്ക് കിട്ടിയിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചുവർഷക്കാലം ആ അനുഭവത്തിൽ നിന്നും ഞങ്ങൾക്ക് പുറകോട്ടുപോകേണ്ടിവന്നു. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ? സവാളയുടെ വില നൂറുരൂപയിലെത്തിയ സംസ്ഥാനത്ത് വില പിടിച്ചുനിർത്താൻ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു മാസംകൊണ്ട് നടത്തിയ എല്ലാ പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം വ്യാപകമായി നടത്തിയ റെയ്ഡുകളെപ്പറ്റി വ്യക്തമാക്കാമോ എന്നൊരു അഭ്യർത്ഥന കൂടി നടത്തുകയാണ്.

ശ്രീ. പി. തിലോത്തമൻ : സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിന് ചൊരിഞ്ഞ നല്ല വാക്കുകൾക്ക് നന്ദി. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ത്രിവേണിയുൾപ്പടെയുള്ള കാര്യങ്ങളെല്ലാം സഹകരണ വകുപ്പിന്റെ കീഴിലാണ് വരുന്നത്; അതുകൊണ്ട് സഹകരണ വകുപ്പാണ് ആ കാര്യങ്ങളെക്കുറിച്ച് പറയേണ്ടത്. കഴിഞ്ഞ കാലത്ത് നടന്ന കാര്യങ്ങളൊക്കെ നമുക്ക് ബോധ്യമുള്ളതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണത്തിൽ ഏറ്റവും ഫലപ്രദമായ ഇടപെടൽ നടത്തുന്നത് പൊതുവിതരണ ശൃംഖലവഴിയാണ്. പൊതുവിതരണ ശൃംഖലയിലെ റീട്ടെയിൽ റേഷൻ ഷോപ്പുകൾക്ക് വലിയ പ്രാധാന്യമുണ്ട്. എന്നാൽ ഇന്ന് റീട്ടെയിൽ റേഷൻ ഷോപ്പുടമകൾ അവരുടെ കമ്മീഷൻ, ഷോർട്ടേജ് ഉൾപ്പടെയുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് വലിയ പ്രതിസന്ധിയിലാണ്. ഇത് ലാഭകരമല്ലെങ്കിലും നഷ്ടത്തിൽ പോകുന്ന ഒരു അവസ്ഥയിലേക്ക് വരികയാണ്. റേഷൻ ഷോപ്പ് ഉടമകളുടെ സംഘടനകൾ എല്ലാ എം.എൽ.എ.-മാരെയും കണ്ട് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ അഴിമതി തടയത്തക്ക രൂപത്തിൽ റീട്ടെയിൽ ഡിപ്പോകളെ ലാഭകരമായ രീതിയിൽ കൊണ്ടുപോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നത് സംബന്ധിച്ച് അതിന്റെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, റേഷൻ കടകളെ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഒരു പരിധിവരെ ശരിയാണ്. അവരുടെ കമ്മീഷൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ അവർക്കത് അനുഭവവേദ്യമായിട്ടില്ലായെന്നുള്ള പ്രശ്നങ്ങളുൾപ്പെടെയുള്ളവ തീർച്ചയായും പരിശോധിക്കും. റേഷൻ കടകളുടെ സുതാര്യവും ആരോഗ്യകരവുമായ പ്രവർത്തനം, റേഷൻ കടകൾ നടത്തുന്നവരുടെ സംരക്ഷണം എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾ തീർച്ചയായും ചർച്ച ചെയ്യേണ്ടതാണ്. അവരുടെ സംഘടനാ ഭാരവാഹികളുമായി ചർച്ചയ്ക്ക് അവസരം ഒരുക്കുന്നതാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും കൂടുതൽ പ്രതിസന്ധിയിലായിരുന്നവരാണ് നെൽക്കർഷകർ. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപ കഴിഞ്ഞ ഗവൺമെന്റ് നെൽക്കർഷകർക്ക് കൊടുക്കാനുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സ്വാഗതാർഹമായ തീരുമാനങ്ങളാണ് എടുത്തുകൊണ്ടിരിക്കുന്നത്. ആ ഇനത്തിൽ എത്രപേർക്ക് കുടിശ്ശിക കൊടുത്തു; ഇനി എത്രപേർക്ക് കൊടുക്കാനുണ്ട്; അനുഭാവപൂർവ്വമായ സമീപനം ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, നെല്ല് സംഭരിച്ച ഇനത്തിൽ 146 കോടി രൂപ നെൽക്കർഷകർക്ക് കൊടുക്കാനുണ്ടായിരുന്നു. ആ തുക ഗവൺമെന്റ് റിലീസ് ചെയ്തു കഴിഞ്ഞു. അത് അവരുടെ കയ്യിൽ വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽത്തന്നെ ലഭ്യമാകുമെന്ന് അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ : സർ, പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോയിൽ ഒരു പുതിയ യൂണിയൻ രൂപീകരിച്ചിട്ടുണ്ട്. ബ്ലാക്ക് ലിസ്റ്റിൽപ്പെട്ട സപ്ലയർമാർ അടക്കമുള്ള ഈ യൂണിയന്റെ പ്രസിഡന്റ് ശ്രീ. കാനം രാജേന്ദ്രനാണെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. തിലോത്തമൻ : സർ, അങ്ങനെ ഒരു യൂണിയനെപ്പറ്റിയോ അതിന്റെ ഭാരവാഹികളെക്കുറിച്ചോ എനിക്ക് അറിവില്ല. ഏതായാലും ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഒരു കച്ചവടക്കാരിൽനിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്ന പ്രശ്നം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മുന്നിൽ ഉദിക്കുന്നില്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, കഴിഞ്ഞ രണ്ട് വർഷമായി കേരളത്തിൽ റേഷൻ കാർഡുകൾക്കുള്ള അപേക്ഷ വാങ്ങിവയ്ക്കുകയും റേഷൻ കാർഡുകൾ യഥാർത്ഥത്തിൽ ആളുകൾക്ക് ലഭിക്കാത്തതുമായ ഒരു അവസ്ഥയുമാണുള്ളത്. റേഷൻ കാർഡുകൾ വിതരണം ചെയ്യാനുള്ള രൂപത്തിലായിട്ടുണ്ടോ; അത് അടുത്തുതന്നെ കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ : സർ, റേഷൻ കാർഡുകളുടെ പുതുക്കൽ സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റ് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് ഫയൽ പരിശോധിച്ചതിൽനിന്നും മനസ്സിലായിട്ടുള്ളത്. റേഷൻ കാർഡുകൾ പുതുക്കുന്നതിന്റെ ഭാഗമായി നടപടികൾ സ്വീകരിച്ചപ്പോഴാണ് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ വിഷയം വന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി റേഷൻ കാർഡുകൾ പുതുക്കാൻ അന്നത്തെ ഗവൺമെന്റ് തീരുമാനമെടുത്തു. ഫാറം അടിച്ച് റേഷൻ കടകൾവഴി വിതരണം ചെയ്തു. പിന്നീട് അതിൽ ഒരുപാട് തെറ്റുകൾ കടന്നുകൂടിയെന്ന് മനസ്സിലായതു കൊണ്ട് അത് തിരുത്താനുള്ള അവസരം ഓൺലൈൻവഴി കൊടുത്തു. എന്നാൽ ഓൺലൈൻവഴി വേണ്ടത്ര ആളുകൾ വന്നില്ലായെന്ന് മനസ്സിലാക്കി വീണ്ടും ഫാറം അച്ചടിച്ച് കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ കളക്ട് ചെയ്ത ഡാറ്റ ഗവൺമെന്റിന്റെ കൈവശമുണ്ട്. ആ ഡാറ്റ പബ്ലിഷ് ചെയ്ത് അതിൽ ജനങ്ങൾക്ക് കൂട്ടിച്ചേർക്കാനോ അല്ലെങ്കിൽ തെറ്റായിട്ടുള്ള കാര്യങ്ങൾ കറക്ട് ചെയ്യാനോ ഉള്ള അവസരം കൊടുത്ത് സമ്പൂർണ്ണമായി അത് റെക്ടിഫൈ ചെയ്ത് കുറ്റമറ്റ രീതിയിൽ റേഷൻ കാർഡുകൾ വിതരണം ചെയ്യണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. വളരെ വേഗം തന്നെ റേഷൻ കാർഡുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, പഴങ്ങളിലും പച്ചക്കറികളിലും ഭക്ഷ്യധാന്യങ്ങളിലുമുള്ള കീടനാശിനി പ്രയോഗമാണ് നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ഇതിനായി സർക്കാരും പഞ്ചായത്തുകളും കുറെയധികം കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിനാൽ ഏറ്റവും കൂടുതൽ ആളുകൾ ഇന്ന് ആശ്രയിക്കുന്നത് ജൈവ പച്ചക്കറികളെയാണ്. തിരുവനന്തപുരത്തും മറ്റേത് സ്ഥലത്തുമുള്ള കടകളിലും പോയാൽ ജൈവം/ഓർഗാനിക്ക് അല്ലെങ്കിൽ കീടനാശിനി രഹിതമെന്നൊക്കെ പറഞ്ഞ് വിൽക്കുന്ന പച്ചക്കറികൾ/ഭക്ഷ്യധാന്യങ്ങൾ പലതും മാർക്കറ്റ് വിലയേക്കാൾ രണ്ടിരട്ടി, മൂന്നിരട്ടി വരെ വിലയിലാണ് വിൽക്കുന്നത്. അതിൽ പല പച്ചക്കറികളും ഭക്ഷ്യധാന്യങ്ങളും ഒരുപക്ഷേ വരുന്നത് തമിഴ്നാട്ടിൽ നിന്നുതന്നെയാണ്. ഇത് ജൈവമാണെന്ന് സർട്ടിഫൈ ചെയ്യാനുള്ള എന്തെങ്കിലും നടപടിയുണ്ടോ? അതിനോടൊപ്പം വില നിയന്ത്രിക്കാനുള്ള നടപടികൾ, പ്രത്യേകിച്ച് ഓപ്പൺ മാർക്കറ്റിനെക്കാൾ വലിയ രീതിയിൽ, പ്രൈസ് ഇൻഡെക്സുമായി ഒരു ബന്ധവുമില്ലാത്ത രീതിയിലാണ് വിലകൾ പോകുന്നത്, ഇത് നിയന്ത്രിക്കാനുള്ള നടപടികൾ ഉണ്ടാകുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ :സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയായ കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും കാര്യത്തിൽ ധാരാളം പ്രശ്നങ്ങളുണ്ടെന്ന് നമുക്കെല്ലാമറിയാം. അത് എങ്ങനെ പരിഹരിക്കാമെന്നാണ് ആലോചിക്കുന്നത്. മായം ചേർത്ത അല്ലെങ്കിൽ വിഷമയമായ പച്ചക്കറികളോ പഴവർഗ്ഗങ്ങളോ ഇല്ലാത്ത ഒരു പ്രദേശമാക്കി നമ്മുടെ സംസ്ഥാനത്തെ മാറ്റാൻ നമ്മൾ എല്ലാപേരും പരിശ്രമം നടത്തേണ്ടതാണ്. നമ്മൾ ഉപയോഗിക്കുന്ന പച്ചക്കറികളായാലും പഴവർഗ്ഗങ്ങളായാലും അതിൽ മഹാഭൂരിപക്ഷവും ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നവയാണ്. കൃഷി വകുപ്പ് അത്തരത്തിലുള്ള ഒരു പ്രോജക്ടുമായി മുന്നോട്ട് പോകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും കീടനാശിനി പ്രയോഗം നടത്തിയ പഴങ്ങളാണെങ്കിലും പച്ചക്കറികളാണെങ്കിലും അവ റാന്റം ചെക്കിങ്ങിന് വിധേയമാക്കാനുള്ള സൗകര്യം സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാക്കിവരികയാണ്. അതുപോലെ ഭക്ഷ്യ സുരക്ഷാ കമ്മീഷനും ഇതുപോലുള്ള ഒട്ടേറെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അവരെല്ലാം ആ പദ്ധതിയുമായി മുന്നോട്ട് പോകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമുക്കുതന്നെ ഒരു അവെയർനെസ് ഉണ്ടാകേണ്ട കാര്യമാണിത്. നമ്മുടെ സംസ്ഥാനത്ത് ഉപയോഗിക്കുന്ന പച്ചക്കറികളാണെങ്കിലും പഴങ്ങളാണെങ്കിലും നമുക്ക്

തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നവയാണ്. നമ്മൾ വിചാരിച്ചാൽ അതിന് കഴിയും. ഏതായാലും സംസ്ഥാനത്ത് ജൈവ പച്ചക്കറി ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ അതിന്റെ വിലയിൽ ആ ഉൽപ്പന്നത്തിന്റെ ഉൽപ്പാദനത്തിന് ചെലവായതിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ലഭിക്കുന്നില്ലായെന്നത് കൃഷിക്കാരന്റെ എന്നത്തെയും പരിദേവനമാണ്. അതിന് പ്രത്യേകമായ സർട്ടിഫിക്കേഷൻ നൽകിക്കൊണ്ട് ആ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാനുള്ള സംവിധാനത്തെക്കുറിച്ച് കൃഷി വകുപ്പ് ആലോചിക്കുമെന്നുതന്നെയാണ് ഞാൻ കരുതുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഇവിടെ ജൈവ പച്ചക്കറികളെന്ന പേരിൽ ഇറക്കുകയും എന്നാൽ അതിൽ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുകയും ചെയ്ത സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിഭവനുകളിൽതന്നെ പരിശോധിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ വ്യാപകമായി ഒരുക്കുകയും സർട്ടിഫിക്കേഷൻ നടത്താനുള്ള നടപടികൾ ഇപ്പോൾ തന്നെ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്താനും ജൈവ പച്ചക്കറികൾ തന്നെ കിട്ടുമെന്ന് ഉറപ്പുവരുത്തുവാനുമുള്ള സംവിധാനം കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

**സ്വയം ചികിത്സ**

5 (*3) ശ്രീ. അബ്ദുൽ ഹമീദ് പി. :

ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികളെ സ്വയം ചികിത്സയ്ക്ക് പ്രേരിപ്പിക്കുംവിധമുള്ള പരസ്യങ്ങൾ മാധ്യമങ്ങളിലൂടെ നൽകുന്ന പ്രവണത വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) സ്വയം ചികിത്സ നടത്തുന്നതിലുള്ള അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ജനങ്ങൾക്ക് അപകടമുണ്ടാക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) രോഗികളെ സ്വയം ചികിത്സയ്ക്ക് പ്രേരിപ്പിക്കുംവിധം ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ പരസ്യങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരുന്നുകളെയും ചികിത്സയെയും സംബന്ധിച്ച് പൊതുജനങ്ങളുടെ അജ്ഞത ചൂഷണം ചെയ്യുന്ന വിധത്തിലുള്ള പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്ട് 1954 പ്രകാരം കുറ്റകരവും ശിക്ഷാർഹവുമായതിനാൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഇത്തരം പരസ്യങ്ങളെക്കുറിച്ചും ശാസ്ത്രീയമായ മരുന്നുപയോഗം സംബന്ധിച്ചും പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതിനായും ഇത്തരത്തിലുള്ള പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്താതിരിക്കുന്നതിനായും വകുപ്പ് പത്രമാധ്യമങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു. സ്വയം ചികിത്സിക്കുവാൻ രോഗികളെ പ്രേരിപ്പിക്കുന്ന ഇത്തരം പരസ്യങ്ങൾക്കെതിരെയുള്ള 130-ഓളം കേസുകൾ സംസ്ഥാനമൊട്ടാകെ നിലനിൽക്കുന്നു. സ്വയം ചികിത്സകൊണ്ടുള്ള അപകടങ്ങളെയും അവയുടെ വിഷ്യത്തുകളെ കുറിച്ചും ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും ഉപദേശം തേടേണ്ടതിനെ കുറിച്ചും ആരോഗ്യ ബോധവൽക്കരണ പരിപാടികളിൽ ഊന്നൽ നൽകുന്നുണ്ട്. വ്യാജ ചികിത്സ നടത്തുന്നവർക്കെതിരെ ആരോഗ്യ വകുപ്പ് പോലീസ് വകുപ്പുമായി ചേർന്ന് നടപടികൾ എടുത്തുവരുന്നു. ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടികളുടെ ഭാഗമായി രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും ഇവ കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള സ്ക്രീനിംഗ് പരിപാടികളും താഴെത്തട്ടുമുതൽ നടത്തിവരുന്നു. ഈ രോഗങ്ങളുടെ കാര്യത്തിലും ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും സ്വയം ചികിത്സ നടത്തുന്നതിലുള്ള അപകടങ്ങളെക്കുറിച്ച് രോഗികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) തെറ്റിദ്ധാരണമൂലമുള്ള അശാസ്ത്രീയമായ മരുന്നുപയോഗം പൊതുജനങ്ങളുടെ ആരോഗ്യാവസ്ഥയ്ക്ക് എതിരെയുള്ള കടുത്ത വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം പരസ്യങ്ങൾ നിയന്ത്രിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനായി വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജനങ്ങൾക്ക് അപകടമുണ്ടാക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കും.

ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, ക്യാൻസർ അടക്കമുള്ള മാരകമായ രോഗങ്ങൾക്ക് അത്ഭുതസിദ്ധി വാഗ്ദാനം ചെയ്തുകൊണ്ടുള്ള പരസ്യങ്ങൾ വ്യാപകമാണ്. ഇത്തരം പരസ്യങ്ങളെയും അതുപോലെതന്നെ ചികിത്സാ രീതികളെയും നിയന്ത്രിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇപ്പോൾ പ്രധാനമായും ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്ട്, ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് എന്നീ രണ്ട് നിയമങ്ങൾവഴിയാണ് ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാൻ സാധിക്കുന്നത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ടിന്റെ ഷെഡ്യൂൾ (ജെ)-യിൽ പ്രതിപാദിച്ചിട്ടുള്ള രോഗങ്ങൾ അത്ഭുതകരമായി ഭേദമാക്കുമെന്ന് പ്രസിദ്ധീകരിക്കുവാനോ പരസ്യപ്പെടുത്തുവാനോ പാടില്ലാത്തതാകുന്നു. അലോപ്പതി മരുന്നുകൾക്ക് മാത്രമാണ് ഈ നിയമം ബാധകമായിട്ടുള്ളത്. എന്നാൽ ആയുർവ്വേദ, യുനാനി, സിദ്ധ മരുന്നുകൾക്ക് ഈ നിയമം ബാധകമല്ല. ഈ ചികിത്സാ രീതികൾക്കുകൂടി ഇത് ബാധകമാക്കണമെന്ന് ആവശ്യപ്പെട്ട് കേരള ഗവൺമെന്റ് തന്നെ കേന്ദ്ര ഗവൺമെന്റിലേക്ക് നിർദ്ദേശം അയച്ചിട്ടുണ്ട്. ഈ നിയമത്തിൽ ഒരു ഭേദഗതി വരുത്തുന്നതിനെപ്പറ്റി കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതുകൂടി നടപ്പിലാകുമ്പോൾ കാര്യങ്ങൾ കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ സാധിക്കും.

ശ്രീ. പി. കെ. അബ്ദു റബ്ബിനുവേണ്ടി (ശ്രീ. ടി. വി. ഇബ്രാഹിം) : സർ, ഈ നിയമങ്ങൾ ഇവിടെ നടപ്പിലാക്കിയെന്ന് പറയുന്നുണ്ടെങ്കിലും ദിനപ്പത്രങ്ങളടക്കമുള്ള എല്ലാ വാർത്താമാധ്യമങ്ങളിലും ഓരോ ദിവസവും ഇതുപോലുള്ള നിരവധി പരസ്യങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള പരസ്യങ്ങൾ നിയന്ത്രിക്കാനും ഈ ആക്ട് ഒന്നുകൂടി ഇംപ്ലിമെന്റ് ചെയ്യാനുമുള്ള നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇത്തരത്തിലുള്ള പരസ്യങ്ങൾ പാടില്ലെന്ന് വാർത്താ മാധ്യമങ്ങളുടെ ചീഫ് എഡിറ്റർമാർക്ക് കർശനമായ നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്. തുടർന്നും പരസ്യപ്പെടുത്തുകയാണെങ്കിൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ദേശീയ ഭക്ഷ്യസുരക്ഷാ നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ

6(*4) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് സമയബന്ധിതമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ നിലവിൽ സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവുവരാൻ സാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യ വിഹിതം തുടർന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഈ നിയമപ്രകാരം മുൻഗണനാ വിഭാഗത്തെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ മുൻഗണനാ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് സുതാര്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) മുൻഗണനാ വിഭാഗങ്ങളിലെ കുടുംബങ്ങളെ തെരഞ്ഞെടുക്കുമ്പോൾ ബി.പി.എൽ., എ.എ.വൈ. ലിസ്റ്റിൽപ്പെട്ടവർ പുറത്താകുവാനുള്ള സാദ്ധ്യതയുണ്ടോ;

(എഫ്) ഈ നിയമപ്രകാരമുള്ള റേഷൻകാർഡുകൾ എന്നുമുതൽ വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ജി) ഭക്ഷ്യ സുരക്ഷാ നിയമം വിഭാവനം ചെയ്യുന്ന വാതിൽപ്പടി വിതരണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ)

- 2-12-2013-ലെ സ.ഉ.(കൈ.) നമ്പർ 53/13/ഭ.സി.സ.വ. പ്രകാരം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.
- 7-7-2014-ലെ സ.ഉ. (കൈ) നമ്പർ 21/14/ഭ.സി.സ.വ. പ്രകാരം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണന/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
- എൻ.ഐ.സി. വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ 2-2-2015-ലെ സ.ഉ. (കൈ) നമ്പർ 3/15/ഭ.സി.സ.വ. ഉത്തരവ് പ്രകാരം താലൂക്ക്തല റാങ്കിംഗ് നടത്തി സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ഓഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലെയും (ആകെ 81) മുൻഗണന/മുൻഗണനേതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ആഫീസ് എന്നിവിടങ്ങളിലെ കരട് പട്ടിക പരാതികളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതിനായി പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇവിടെനിന്നും ലഭിച്ച പരാതികളുടെ വെളിച്ചത്തിൽ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള താലൂക്കുതല റാങ്കിംഗ് സമ്പ്രദായത്തിൽനിന്നും സംസ്ഥാനതല റാങ്കിംഗ് സമ്പ്രദായത്തിലേക്ക് മാറ്റുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.
- കരട് പട്ടികയിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി 3-12-2015-ലെ സ.ഉ(സാധാ) നമ്പർ 391/15/ഭ.സി.സ.വ. പ്രകാരം വെരിഫിക്കേഷൻ കമ്മിറ്റിയും 26-2-2016-ലെ സ.ഉ.(സാധാ) നമ്പർ 48/2016/ ഭ.സി.സ.വ. പ്രകാരം അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

- റേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി വകുപ്പിൽ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനും ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ സർക്കാർ ചെലവിൽ വാതിൽപ്പടി വിതരണം നടത്തുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയും 31-5-2014-ലെ സ.ഉ.(കൈ)നമ്പർ 18/14/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.
- കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ 22 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് 23-5-2015-ലെ സ.ഉ.(സാധാ)നമ്പർ 109/15/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.
- ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം സംസ്ഥാന ഫുഡ് കമ്മീഷനും ജില്ലാ പരാതി പരിഹാര ആഫീസുകളും രൂപീകരിക്കുന്നതിന്റെ ഭാഗമായി 14 ജില്ലകൾക്കുംകൂടി 10 പരാതി പരിഹാര ആഫീസർമാരേയും ഒരു സംസ്ഥാന ഫുഡ് കമ്മീഷനെയും 21-8-2015-ലെ സ.ഉ.(കൈ) നമ്പർ 23/15/ ഭ.സി. സ.വ. പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം ഷെഡ്യൂൾ (IV) പ്രകാരം 14.25 ലക്ഷം മെട്രിക് ടണ്ണാണ് സംസ്ഥാനത്തിന്റെ അലോട്ട്മെന്റായി നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്തിനുള്ള നിലവിലെ അഡ്ഹോക്ക് അലോട്ട്മെന്റ് ഒഴികെയുള്ള നോർമൽ അലോട്ട്മെന്റായ 12.26 ലക്ഷം മെട്രിക് ടണ്ണിനേക്കാൾ 1.99 ലക്ഷം മെട്രിക് ടൺ കൂടുതലാണിത്. നിലവിൽ 582735 ലക്ഷം എ.എ.വൈ. കാർഡുകളിൽ ഉൾപ്പെട്ട 2797128 പേരും 1479612 ബി.പി.എൽ. കാർഡുകളിൽപ്പെട്ട 6806215 പേരും ചേർത്ത് ആകെ 9603343 ആളുകളാണുള്ളത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽ വരുമ്പോൾ 15480040 (ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത്) പേർ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടും. നിലവിലെ എ.പി.എൽ.(എസ്.എസ്.)/എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ഒരു വിഭാഗം കുടുംബങ്ങളും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടുവരും. 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വരുന്നതിനുമുമ്പുള്ള മൂന്ന് വർഷത്തെ അഡ്ഹോക്ക് അലോട്ട്മെന്റ് ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യ അലോട്ട്മെന്റിന്റെ ശരാശരി 16.01 ലക്ഷം മെട്രിക് ടണ്ണാണ്. ഈ അളവിൽ ഭക്ഷ്യധാന്യങ്ങൾ തുടർന്നും സംസ്ഥാനത്തിന് അനുവദിച്ചു തരണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇതുകൂടി ലഭ്യമായാൽ 1.76 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം കൂടി കേരളത്തിന് ലഭ്യമാകും. മുൻഗണനാ/മുൻഗണനേതര കുടുംബങ്ങൾക്ക് സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ കഴിയും.

(സി&ഡി)

- മുൻഗണനാ വിഭാഗത്തെ തെരഞ്ഞെടുക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 7-7-2014-ലെ സ.ഉ.(കൈ)നമ്പർ 21/ 14/ഭ.സി.സ.വ. പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.
- റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS) പ്രകാരമുള്ള നിലവിലെ റേഷൻ കാർഡിലെ വിവരവും ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി ഗുണഭോക്താക്കളുടെ വിവര ശേഖരണത്തിനായി റേഷൻ കടകളിലൂടെ വിതരണം ചെയ്തിട്ടുണ്ട്.
- കാർഡുടമകളുടെ ഫോട്ടോ എടുക്കുന്നതിനായി ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിച്ച് കാർഡുടമകൾ ഫോമുകളിലൂടെ ലഭ്യമാക്കിയ വിവരങ്ങൾ ശേഖരിച്ചു.
- ലഭ്യമായ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തി പ്രിന്റൗട്ടുകൾ തെറ്റ് തിരുത്തുന്നതിനായി റേഷൻ കടകളിലൂടെ വീണ്ടും കാർഡുടമകൾക്ക് ലഭ്യമാക്കി.
- ഇത്തരത്തിൽ തിരുത്തി വാങ്ങിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2-2-2015-ലെ സ.ഉ.(കൈ) നമ്പർ 3/15/ഭ.സി.സ.വ. ഉത്തരവുപ്രകാരം താലൂക്കുതല റാങ്കിംഗ് നടത്തി സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ഓഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലെയും (ആകെ 81) മുൻഗണന/മുൻഗണനേതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- കരട് പട്ടികയിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായും (കോർപ്പറേഷൻ/ മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ ജൂനിയർ സൂപ്രണ്ടിൽ കുറയാത്ത ഉദ്യോഗസ്ഥൻ), ഫർക്ക റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ

എന്നിവർ അംഗങ്ങളുമായുള്ള വെരിഫിക്കേഷൻ കമ്മിറ്റി 3-12-2015-ലെ സ.ഉ.(സാധാ)നമ്പർ391/15/ഭ.സി.സ.വ. ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് എതിരായ അപ്പീൽ കേൾക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ സപ്ലൈ ഓഫീസർ കൺവീനറായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ അംഗങ്ങളുമായ അപ്പീൽ കമ്മിറ്റി 26-2-2016-ലെ സ.ഉ.(സാധാ)നമ്പർ48/2016/ ഭ.സി.സ.വ. ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്.

- വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമാണ് പുതിയ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നത്.

(ഇ) സംസ്ഥാനത്ത് നിലവിൽ 582735 ലക്ഷം എ.എ.വൈ. കാർഡുകളിൽ ഉൾപ്പെട്ട 2797128 പേരും 1479612 ബി.പി.എൽ. കാർഡുകളിൽപ്പെട്ട 6806215 പേരുമായി ആകെ 2062347 കാർഡുകളിൽ 9603343 പേരാണുള്ളത്. എന്നാൽ 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ മുൻഗണനാ വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം വരുമ്പോൾ 15480040 പേരും കാർഡുകളുടെ എണ്ണം ഏകദേശം 32 ലക്ഷവും ആകുന്നതാണ്. നിലവിലുള്ള ബി.പി.എൽ./എ.എ.വൈ. കാർഡുകളിലെ അർഹതയുള്ളവർ പുറത്താകുവാനുള്ള സാധ്യതയില്ല. എന്നാൽ അനർഹർ ഉണ്ടെങ്കിൽ പുറത്താകുന്നതാണ്.

(എഫ്) അന്തിമ മുൻഗണന/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം പുതിയ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

(ജി) റേഷൻ സാധനങ്ങൾ എഫ്.സി.ഐ. ഗോഡൗണിൽനിന്നും വിട്ടെടുത്ത് ഇന്റർമീഡിയറ്റ് സംഭരണശാലകളിൽ സൂക്ഷിച്ച് ആവശ്യാനുസരണം റേഷൻ കടകളിൽ സർക്കാർ ചെലവിൽ എത്തിച്ചുകൊടുക്കുക എന്നുള്ളതാണ് വാതിൽപ്പടി വിതരണം. നിലവിലെ 323 സ്വകാര്യ മൊത്തവ്യാപാര കേന്ദ്രങ്ങളും സർക്കാർ ഏജൻസിയായ സപ്ലൈകോയുടെ കീഴിലുള്ള പത്ത് സംഭരണ ശാലകളും ചേർത്ത് ആകെ 333 സംഭരണശാലകളാണ് സംസ്ഥാനത്തുള്ളത്. റേഷൻ ഭക്ഷ്യധാന്യ സംഭരണത്തിന് ആവശ്യമായ ഇന്റർമീഡിയറ്റ് ഗോഡൗണുകൾ സർക്കാർ ഉടമസ്ഥതയിൽ ലഭ്യമാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വാതിൽപ്പടി വിതരണം നടത്തുവാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

## സാമൂഹ്യ വിരുദ്ധ പ്രവർത്തനം തടയൽ നിയമം

7 (*5) ശ്രീ. പി. ഉണ്ണി :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനം തടയൽ നിയമം വ്യാപകമായി ദുരുപയോഗം ചെയ്ത് രാഷ്ട്രീയ പ്രതിയോഗികളെ കേസിൽ കുടുക്കിയതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) പൊതുപ്രവർത്തകരെ തടങ്കലിൽ വയ്ക്കുകയും ബ്ലേഡ് മാഫിയ, ക്വട്ടേഷൻ സംഘങ്ങൾ, മയക്കുമരുന്ന് വിൽപ്പനക്കാർ തുടങ്ങിയവർ നിർബാധം വിഹരിക്കുകയും ചെയ്തതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ നിയമം ദുർവിനിയോഗം ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയൽ നിയമം വ്യാപകമായി ദുരുപയോഗം ചെയ്തതായും രാഷ്ട്രീയ പ്രതിയോഗികളെ കേസ്സിൽ കുടുക്കിയതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയൽ നിയമപ്രകാരം പൊതു പ്രവർത്തകരെ തടങ്കലിൽ പാർപ്പിച്ച പരാതികളിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ബ്ലേഡ് മാഫിയ, ക്വട്ടേഷൻ സംഘങ്ങൾ, മയക്കുമരുന്ന് വിൽപ്പനക്കാർ എന്നിവരുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമങ്ങൾപ്രകാരം ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(സി) സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയൽ നിയമം ദുർവിനിയോഗം ചെയ്യുന്നതിനെതിരെ കർശനമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതാണ്.

## പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ച

8 (*6) ശ്രീ. വി. ഡി.സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി, പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായോ;

(ബി) പ്രസ്തുത കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രിക്ക് പ്രധാനമന്ത്രിയിൽനിന്നും വിവിധ വിഷയങ്ങളിൽ ഉറപ്പുകൾ കിട്ടിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഏതെല്ലാം വിഷയങ്ങളാണ് ചർച്ചയ്ക്ക് വന്നതെന്ന് വിശദമാക്കാമോ;

(ഡി) ചർച്ച ചെയ്ത ഓരോ വിഷയങ്ങളിലും എന്തെല്ലാം ഉറപ്പുകളാണ് പ്രധാനമന്ത്രി നൽകിയതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി 28-5-2016-ന് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്.

(ബി-ഡി) കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ പ്രധാനകാര്യങ്ങൾ ചുവടെ ചേർക്കുന്നു:

1. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ
2. ആയുർവ്വേദത്തെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതിനായി ആയുർവ്വേദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന വിഷയം
3. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ
4. ഗെയിൽ പൈപ്പ് ലൈനിന്റെ നിർമ്മാണത്തിന്റെ തടസ്സങ്ങൾ നീക്കുന്നത് സംബന്ധിച്ച്
5. കൂടംകുളം താപനിലയത്തിൽനിന്നുള്ള വൈദ്യുതി പൂർണ്ണമായും ലഭിക്കുന്നതിനുവേണ്ടി കോട്ടയം ഭാഗത്തുള്ള പ്രസരണ ശൃംഖല സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച്.

സംസ്ഥാനം മുന്നോട്ടുവച്ച എല്ലാ ആവശ്യങ്ങളിലും പ്രധാനമന്ത്രിയിൽ നിന്നും പൊതുവിൽ അനുഭാവപൂർണ്ണമായ സമീപനമാണുണ്ടായത്.

## സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ

9 (*7) ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. കെ. ദാസൻ :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ആധുനിക രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം ആശുപത്രികളിൽ ക്യാൻസർ ചികിത്സ, ഡയാലിസിസ് സൗകര്യങ്ങൾ മുതലായവ ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ ആശുപത്രികളിൽ ആധുനിക രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും വേണ്ട ഉപകരണങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ആരോഗ്യവകുപ്പിലെ വിവിധ വിഭാഗം ആശുപത്രികളിൽ എല്ലാ ജില്ലകളിലുമായി 35 ഡയാലിസിസ് യൂണിറ്റുകളും 12 ജില്ലകളിലെ പ്രധാന ആശുപത്രികളിൽ കീമോതെറാപ്പി ചികിത്സാ സൗകര്യവും നിലവിലുണ്ട്. ഇത്തരം സൗകര്യങ്ങൾ നിലവിലില്ലാത്ത പ്രധാന ആശുപത്രികളിൽ ഘട്ടംഘട്ടമായി ഡയാലിസിസ് യൂണിറ്റ്, കീമോതെറാപ്പി ചികിത്സാ സൗകര്യം എന്നിവ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പുതിയ റേഷൻ കാർഡുകളുടെ വിതരണം

10 (*8) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ നിലവിൽ സ്വീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ സ്വീകരിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ)
- 2-12-2013-ലെ സ.ഉ.(കൈ.)നമ്പർ53/13/ഭ.സി.സ.വ. പ്രകാരം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.
- 7-7-2014-ലെ സ.ഉ. (കൈ) നമ്പർ 21/14/ ഭ.സി.സ.വ. പ്രകാരം ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണന/ മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
- എൻ.ഐ.സി. വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ 2-2-2015-ലെ സ.ഉ.(കൈ)നമ്പർ3/15/ഭ.സി.സ.വ. ഉത്തരവ് പ്രകാരം താലൂക്കുതല റാങ്കിംഗ് നടത്തി സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ഓഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലെയും (ആകെ 81) മുൻഗണന/മുൻഗണനേതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിലെ കരട് പട്ടിക പരാതികളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതിനായി പരസ്യപ്പെടുത്തിയിട്ടുണ്ട്.

- കരട് പട്ടികയിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി 3-12-2015-ലെ സ.ഉ(സാധാ)നമ്പർ391/15/ഭ.സി.സ.വ. പ്രകാരം വെരിഫിക്കേഷൻ കമ്മിറ്റിയും 26-2-2016-ലെ സ.ഉ.(സാധാ)നമ്പർ48/2016/ഭ. സി.സ.വ. പ്രകാരം അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.
- അന്തിമ മുൻഗണന/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം പുതിയ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

(ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുവേണ്ടി 16-7-2014 മുതൽ ആർ.സി. എം.എസ്. മരവിപ്പിച്ചിരിക്കുകയാണ്. പുതിയ അപേക്ഷകളിൽ തൽക്കാലം താൽക്കാലിക റേഷൻ കാർഡാണ് നൽകുന്നത്. മുൻഗണനാ/മുൻഗണനേതര കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം റേഷൻ കാർഡുകൾ അച്ചടിച്ച് ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൽകുന്നതാണ്. താൽക്കാലിക കാർഡുടമകൾക്കും തുടർനടപടികൾ പൂർത്തിയാക്കി ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള പുതിയ റേഷൻ കാർഡ് നൽകുന്നതാണ്.

## പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി

11 (*9) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് ബ്ലേഡ് മാഫിയകളും ഗുണ്ടാ സംഘങ്ങളും വ്യാപകമായത് സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും അരക്ഷിതാവസ്ഥ സൃഷ്ടിച്ചതായി പറയപ്പെടുന്ന സ്ഥിതിവിശേഷം അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ജിഷാവധം ഉൾപ്പെടെയുള്ള ക്രൂരകൃത്യങ്ങൾ തടയുന്നതിന് പോലീസ് സംവിധാനം പരാജയപ്പെട്ടതായ ആക്ഷേപം പരിശോധിക്കുമോ ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിനും അവ തെളിയിക്കുന്നതിനും പോലീസിനെ കാര്യക്ഷമമാക്കാൻ സാധിക്കാതെ പോയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവമുള്ളവരും രാഷ്ട്രീയ പക്ഷപാതത്തോടെ പെരുമാറുന്നവരും വർദ്ധിച്ചുവരുന്നത് നിയമവാഴ്ചയും മനുഷ്യാവകാശ പരിരക്ഷയും ഉറപ്പാക്കുന്നതിന് വിഘാതമാണെന്നത് കണക്കിലെടുത്ത് പോലീസ് സേനയിൽ ശുദ്ധീകരണം നടത്തുമോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സ്ഥിതിവിശേഷം അവലോകനം ചെയ്തിട്ടുണ്ട്.

(ബി) പരിശോധിക്കും. ജിഷ വധക്കേസ് അന്വേഷണത്തിലെ പോലീസ് സംവിധാനത്തിന്റെ വിവിധതലങ്ങളിലെ വീഴ്ച പരിശോധിച്ച് ശക്തമായ നടപടി എടുത്തുവരുന്നു.

(സി) പോലീസിന്റെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചും ശാസ്ത്ര സാങ്കേതിക ഉപാധികളുടെ സഹായത്തോടെ നിലവിലെ പോലീസ് സംവിധാനം ആധുനികവൽക്കരിച്ചും പോലീസ് സംവിധാനത്തെ കൂടുതൽ ജനസൗഹൃദമാക്കിയും പ്രോസിക്യൂഷൻ നടപടികൾക്ക് ശാസ്ത്രീയ അടിത്തറ നൽകിയും പോലീസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

(ഡി) സംശുദ്ധവും സുതാര്യവും സേവനാധിഷ്ഠിതവുമായ പോലീസ് ഭരണം ഉറപ്പാക്കുന്നതിന് എല്ലാ നടപടിയും സ്വീകരിക്കും. അച്ചടക്ക സേനാംഗമെന്ന നിലയിൽ നിഷ്പക്ഷമായി പെരുമാറുന്നതിന് പോലീസ് ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ സേനാംഗമായതിനുശേഷം ക്രിമിനൽ കേസ്സിൽ ഉൾപ്പെടുകയോ പക്ഷപാതപരമായി പെരുമാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടാലോ നിയമ നടപടികൾ സ്വീകരിക്കുന്നതിനും പിരിച്ചുവിടൽ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

## മരുന്ന് വിതരണം

12 (*10) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകൾ എത്തിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിനായി ഇപ്പോൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ;

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി മരുന്നു വാങ്ങിയതുമായി ബന്ധപ്പെട്ട് കമ്പനികൾക്ക് കുടിശ്ശിക നല്കാനുണ്ടോ; എങ്കിൽ എത്ര തുക കുടിശ്ശികയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എത്ര കാരുണ്യ ഫാർമസികളാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്, കൂടുതൽ കാരുണ്യ ഫാർമസികൾ സ്ഥാപിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മരുന്നു വിതരണത്തിൽ ഗുരുതരമായ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി നടപടി സ്വീകരിച്ചുവരുന്നു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെട്ട 585 എണ്ണം മരുന്നുകളിൽ വിതരണക്കാരെ ലഭിച്ച 512 എണ്ണം മരുന്നുകൾ ആശുപത്രികളിലൂടെ ഇൻഡന്റിനനുസൃതമായി വിതരണം ചെയ്തുവരികയാണ്. ദർഘാസ് നിബന്ധനകൾക്കനുസൃതമായി 73 ഇനം മരുന്നുകൾ വിതരണം ചെയ്യാൻ വിതരണക്കാരെ ലഭിക്കാതെ നോ ബിഡ്ഡറായി നിലനിൽക്കുന്നു. ടി മരുന്നുകളുടെ പുനർദർഘാസ് നടപടികൾ നടന്നുവരികയാണ്. ഇവയ്ക്ക് വിതരണക്കാരെ ലഭിക്കുന്ന പക്ഷം ടി ഇനങ്ങൾ എത്രയും പെട്ടെന്ന് ആശുപത്രികൾക്ക് വിതരണം ചെയ്യുന്നതാണ്. ജീവൻ രക്ഷാമരുന്നുകളും മാനസികാരോഗ്യ ചികിത്സയ്ക്ക് ഉപയോഗിച്ചുവരുന്ന മരുന്നുകളിൽ നോ ബിഡ്ഡറായി നിലനിൽക്കുന്ന ഇനങ്ങളും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾവഴി സൗജന്യമായി ആശുപത്രികൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ബി) ഉണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ മരുന്നുവിതരണത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്ന് കമ്പനികൾക്ക് ഓർഡർ നൽകി വാങ്ങിയ മരുന്നുകളിൽ ബാക്കി 22.16 കോടി രൂപ കമ്പനികൾക്ക് കൊടുക്കാനുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 21-6-2016 വരെ കോർപ്പറേഷൻ മരുന്നുകൾ വാങ്ങി സംഭരിച്ച വകയിൽ മരുന്ന് കമ്പനികൾക്ക് 71.76 കോടി രൂപ നൽകാനുമുണ്ട്. അങ്ങനെ മരുന്നു വാങ്ങിയ ഇനത്തിൽ 21-6-2016 വരെ ആകെ 93.92 കോടി രൂപ കമ്പനികൾക്ക് നൽകാനുണ്ട്.

(സി) കേരളത്തിൽ സർക്കാർ ആശുപത്രികളോടനുബന്ധിച്ച് 46-ഉം ശബരിമലയിൽ സീസണലായി രണ്ടും കാരുണ്യ ഔട്ട്ലെറ്റുകളും തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നാല് ഡിപ്പോകളും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിവിഷനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ചേർത്തല താലൂക്ക് ആശുപത്രി, ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ സർക്കാർ ഉത്തരവനുസരിച്ച് പുതിയ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. 13-6-2016-ലെ സർക്കാർ ഉത്തരവ് (സാധാ) 1632/2016/ആകുവ അനുസരിച്ച് തലശ്ശേരി ജനറൽ ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാധാരണക്കാരന് പൊതുവിപണിയിൽ മരുന്നു കമ്പനികളിൽ നിന്നുണ്ടാകുന്ന ചൂഷണത്തിൽനിന്ന് ഒരുപരിധിവരെ രക്ഷനേടാൻ ഉതകുന്ന സംരംഭമെന്ന നിലയ്ക്ക് കൂടുതൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ സംസ്ഥാനത്തുടനീളം തുടങ്ങുന്നതിന് തുടർനടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു.

**സ്വകാര്യ മെഡിക്കൽ ലാബുകൾ**

13 (*11) ശ്രീ. എം. രാജഗോപാലൻ :

ശ്രീ. ആന്റണി ജോൺ :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ മെഡിക്കൽ ലാബുകളുടെയും പ്രവർത്തനം നിലവാരമില്ലാത്തതും രോഗികളെ ചൂഷണം ചെയ്യുന്നതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവയുടെ നിലവാരവും ഫീസും നിർണ്ണയിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിലവിൽ നിയന്ത്രണങ്ങൾ ഇല്ലെന്നത് പരിഗണിച്ച് കേന്ദ്ര സർക്കാർ പാസ്സാക്കിയ "ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ", കേന്ദ്രഭരണ പ്രദേശങ്ങളിലും എട്ട് സംസ്ഥാനങ്ങളിലും നടപ്പാക്കിയതു പോലെ നടപ്പാക്കുമോ; അല്ലെങ്കിൽ ഇതിന് സമാനമായ നിയമം പാസ്സാക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20-5-2016-ന് 13-ാം കേരള നിയമസഭ പിരിച്ചുവിട്ടതിനാൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 196(5) പ്രകാരം 13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 230 ആയി പ്രസിദ്ധീകരിച്ച കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ&റെഗുലേഷൻ) ബിൽ ലാപ്സായിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ഇ-ഗവേണൻസ്**

14 (*12) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗവേണൻസിന്റെ നിലവിലെ സ്ഥിതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഭരണ നിർവ്വഹണം കാര്യക്ഷമവും ചടുലവുമാക്കുന്നതിനു സഹായകരമായ ഇ-ഗവേണൻസും എം-ഗവേണൻസും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതുവഴി പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഉണ്ട്. വകുപ്പുതലത്തിലുള്ള വിവിധ ഇ-ഗവേണൻസ് പദ്ധതികളുടെ അവലോകനം സർക്കാർ തലത്തിൽ നടത്തിവരുന്നു. കേരള സ്റ്റേറ്റ് ഐ.ടി. മിഷനിലെ സാങ്കേതിക വിദഗ്ദ്ധർ ഇതിനാവശ്യമായ സാങ്കേതിക ഉപദേശം നൽകി വരുന്നുണ്ട്. ഇത്തരം അവലോകന യോഗങ്ങളിലെ നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കുമനുസൃതമായി ഇ-ഗവേണൻസ് പദ്ധതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനുപരിയായി നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയും ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും നിലവിലുണ്ട്. ഈ യോഗങ്ങളിലും ഇ-ഗവേണൻസ് പദ്ധതികളുടെ അവലോകനം നടത്തി വരുന്നുണ്ട്.

(ബി) ഇ-ഗവേണൻസും എം-ഗവേണൻസും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചിച്ച് അടുത്ത രണ്ടുമാസത്തിൽ ഒരു സമഗ്ര ഐ.ടി. നയം കൊണ്ടുവരുന്നതാണ്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) ഇ-ഗവേണൻസുവഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുവാൻ കഴിയുന്നുണ്ട്. ഇവ സംബന്ധിച്ച സ്ഥിതി യഥാസമയം വിലയിരുത്തുന്നുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ വില്ലേജ് ഓഫീസിൽനിന്നും നൽകുന്ന 24 സർട്ടിഫിക്കറ്റ് സേവനങ്ങൾ ഓൺലൈൻ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാണ്. ആധാർ കാർഡ് ജനറേഷൻ 96 ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്. പെൻഷൻ ലഭിക്കുന്നതിന് ആധാർ അധിഷ്ഠിത ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം, അക്ഷയയിലൂടെ ബാങ്കിംഗ് കിയോസ്ക്, ഇൻഷ്വറൻസ് തുടങ്ങി കൂടുതൽ സേവനങ്ങളും നൽകുന്നുണ്ട്. ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പയിന്റെ പൈലറ്റ് പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട 10 സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് 10 ടാബ്‌ലറ്റ് PC-കൾ നൽകുന്നതിനും ടാബ്‌ലറ്റിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പൊതുജനത്തിന് (10,000 പേർക്ക്) ഡിജിറ്റൽ വിദ്യാഭ്യാസം നൽകുന്നതിനും സാധിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഐ. ടി പാർക്കുകൾ**

15 (*13) ശ്രീ. എം. മുകേഷ് :

ശ്രീ. ബി. സത്യൻ :

ശ്രീ. വി. ജോയി :

ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്ക് ഉൾപ്പെടെയുള്ള ഐ.ടി പാർക്കുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) തൊഴിൽ സാധ്യത കണക്കിലെടുത്ത് കൂടുതൽ ഐ.ടി സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) ചെറുപട്ടണങ്ങളിലും ഗ്രാമങ്ങളിലും കൂടി ഈ സംരംഭങ്ങൾ വ്യാപിപ്പിക്കുവാനായി എന്തെങ്കിലും പദ്ധതികൾ ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) വൻകിട, ചെറുകിട പാർക്കുകളുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ കേരള സ്റ്റേറ്റ് ഐ. ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ പ്രാപ്തമാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഉണ്ട്.

(ബി-ഡി) തൊഴിൽ സാധ്യത കണക്കിലെടുത്ത് കൂടുതൽ ഐ.ടി. സംരംഭങ്ങൾ ആരംഭിക്കുന്നതിനുതകുന്ന ഒരു സമഗ്ര ഐ.ടി. നയം സ്റ്റേക്ക്ഹോൾഡർമാരുമായി കൂടിയാലോചിച്ച് ഉടൻ കൊണ്ടുവരുന്നതാണ്. പദ്ധതികൾ തന്നാണ്ടിലെ പദ്ധതി രേഖയിലും ബഡ്ജറ്റിലും നിർദ്ദേശിക്കും. ഇതുസംബന്ധിച്ച നയപ്രഖ്യാപനത്തിലെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

16 (*14) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതു വിതരണ സംവിധാനം കൂടുതൽ ദുർബലമായതിന്റെ അടിസ്ഥാനത്തിൽ അത് കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ;

(ബി) പ്രയോറിറ്റി കാർഡുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് ബി.പി.എൽ. ലിസ്റ്റിൽ പെട്ടവരെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) പൊതു വിതരണ ശൃംഖല അഴിമതിരഹിതവും കാര്യക്ഷമവുമാക്കുവാൻ എന്തെങ്കിലും പദ്ധതി ആലോചിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door step delivery), റേഷൻ സാധനങ്ങൾ ഓൺലൈനായി അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിവയാണ് ഇതര കാര്യങ്ങൾക്കൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമംവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അതോടൊപ്പം ഭക്ഷ്യധാന്യ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ലക്ഷ്യമിട്ടുള്ള എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കൽ, ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയംതന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും റേഷൻ വിതരണ/വിഹിത വിവരങ്ങൾ ലഭ്യമാകത്തക്കവിധം ഒരു സുതാര്യതാ പോർട്ടലും (Transparency Portal) സജ്ജമാക്കുന്നതിനും ഓരോ പ്രദേശത്തേയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു Decision Support System (DSS) നിലവിൽ വരുത്താനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ വകുപ്പ് 10 അനുസരിച്ച് മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തേണ്ടതുണ്ട്. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിലുള്ള എ.എ.വൈ./ ബി.പി.എൽ. കാർഡുകളിലുൾപ്പെടുന്നവരുടെ ജനസംഖ്യ 96.03 ലക്ഷമാണ്. എന്നാൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം പ്രാബല്യത്തിലാകുന്നതോടുകൂടി 15480040 (ഒരു കോടി അൻപത്തിനാലു ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത്) ജനങ്ങൾ മുൻഗണനാ വിഭാഗത്തിലുൾപ്പെടും. ആയതിനാൽ നിലവിലുള്ള ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായവരെ ഇത് പ്രതികൂലമായി ബാധിക്കുകയില്ല. എന്നാൽ അനർഹമായ ആനുകൂല്യങ്ങൾ നേടിക്കൊണ്ടിരിക്കുന്നവർ മുൻഗണനാ പട്ടികയിൽനിന്ന് പുറത്തുപോകും.

(സി) ഉണ്ട്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പിൽ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും തിരിമറി പൂർണ്ണമായും തടയുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door step delivery), റേഷൻ സാധനങ്ങൾ ഓൺലൈനായി അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism), റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കൽ, ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയംതന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും റേഷൻ വിതരണ/ വിഹിത വിവരങ്ങൾ ലഭ്യമാകത്തക്കവിധം ഒരു സുതാര്യതാ പോർട്ടലും (Transparency Portal) സജ്ജമാക്കുന്നതിനും ഓരോ പ്രദേശത്തേയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു Decision Support System (DSS) രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ തിരിമറി, കരിഞ്ചന്ത എന്നിവ തടയാൻ പരിശോധന ശക്തിപ്പെടുത്തുന്നതാണ്.

## ക്രമസമാധാന നില

17 (*15) ശ്രീ. എം. നൗഷാദ് :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാന നില കുറെക്കാലമായി മോശമായി കൊണ്ടിരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിരുന്നോ;

(ബി) എല്ലാത്തരത്തിലുമുള്ള കുറ്റകൃത്യങ്ങൾ, പ്രത്യേകിച്ച് സ്ത്രീകൾക്കും ദുർബല വിഭാഗങ്ങൾക്കുമെതിരെ വർദ്ധിച്ച വന്ന ആക്രമണങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് സമ്മർദ്ദംമൂലം ആത്മഹത്യയെ കുറിച്ച പോലും ചിന്തിക്കേണ്ടി വന്നെന്നും, വധഭീഷണി നേരിടുന്നുവെന്നുമൊക്കെ ഉന്നത പോലീസ് ഉദ്യോഗസ്ഥർ പരാതിപ്പെടാനിടയായ സാഹചര്യം പരിശോധിക്കുമോ;

(ഡി) സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമവും ജനസൗഹൃദവുമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) പരിശോധിച്ചുവരുന്നു.

(ബി) അങ്ങേയറ്റം ദുർബലവും പാർശ്വവൽക്കരിക്കപ്പെട്ടതുമായ പൗരന്റെ പരാതി പരിഹാരത്തിനായിരിക്കും സർക്കാൻ മുൻഗണന നൽകുക. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുവാനും ലിംഗസമത്വം ഉറപ്പാക്കാനുംവേണ്ടി കാര്യക്ഷമമായ ഒരു വിമെൻ സേഫ്റ്റി ആന്റ് സെക്യൂരിറ്റി സ്കീം ആരംഭിക്കുന്നതാണ്. ഒരു സമ്പൂർണ്ണ വനിതാ ബറ്റാലിയൻ കൊണ്ടുവരുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

(സി) ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിന് വിപുലമായ പുതിയ പദ്ധതികൾ ആലോചിക്കുന്നു. വകുപ്പിന്റെ ആധുനികവൽക്കരണത്തിന് അനുയോജ്യമായ സാങ്കേതികവിദ്യയുടെ പ്രയോഗം വിഭാവനം ചെയ്യും. പോലീസിലേക്കുള്ള നിയമനം, പരിശീലനം എന്നിവ നടപ്പിലാക്കുന്നതിന് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതി കൊണ്ടുവരും. ഗതാഗത നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം കൊണ്ടുവരുന്നതും അതിൽ സ്റ്റേറ്റ് ലെവൽ ട്രാഫിക് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെന്റർ എന്ന സംവിധാനം കൊണ്ടുവരുന്നതുമാണ്. സൈബർ സ്പേസിന്റെ ദുരുപയോഗം കണക്കിലെടുത്ത് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനും പരിശീലനത്തിനുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകുന്നതാണ്. പോലീസ് സ്റ്റേഷനുകളുടെ നിലവാരമുയർത്തി സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി മാറ്റുന്നതിന് നടപടി യെടുക്കും.

കുറ്റവാളികളെയും കുറ്റകൃത്യങ്ങളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായകരമായ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി 'ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് & സിസ്റ്റ'വും, ട്രാഫിക് ബോധവൽക്കരണത്തിന് വേണ്ടിയും വിദ്യാലയങ്ങളിലെ മയക്കുമരുന്ന് വിപണനം ഇല്ലാതാക്കുന്നതിനുവേണ്ടിയും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതും പോലീസ് സംവിധാനത്തിന്റെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളെ പങ്കാളികളാക്കുന്നതിനുവേണ്ടിയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് അവരെ ശാക്തീകരിക്കുന്നതിനുവേണ്ടിയുള്ള പരിശീലനവും കൂടുതൽ മികവോടെ നടപ്പാക്കുന്നതിന് നടപടിയെടുക്കും. തീരദേശ സുരക്ഷയ്ക്കായി ഒരു ഐ.ആർ. മറൈൻ ബറ്റാലിയനും തീവ്രവാദം, മറ്റു ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു ഇന്ത്യാ റിസർവ് (ഐ.ആർ.) ബറ്റാലിയനുംകൂടി വേണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും. ഒരു 'വിമെൻ സേഫ്റ്റി ആന്റ് സെക്യൂരിറ്റി സ്കീം' ആരംഭിക്കുന്നതാണ്. ഒരു സമ്പൂർണ്ണ വനിതാ ബറ്റാലിയനുള്ള സാധ്യതകൾ പരിശോധിക്കും. താഴെത്തട്ടിലുള്ള വനിതാ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമാണ്.

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി

18 (*16) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. എം. മണി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകളിൽനിന്നും മാന്യമായ പെരുമാറ്റവും കാര്യക്ഷമവും സത്യസന്ധവുമായ സേവനവും ലഭിക്കുന്നുണ്ടെന്നുറപ്പ് വരുത്തുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ സാധിക്കാത്തതിനാലാണ് മുൻ മുഖ്യമന്ത്രിക്ക് സംസ്ഥാനത്തുടനീളം സഞ്ചരിച്ച് ജനങ്ങളിൽ നിന്നും നേരിട്ട് പരാതി സ്വീകരിച്ച് പരിഹാരം കാണുവാൻ നടപടിയെടുക്കേണ്ടി വന്നതെന്ന കാര്യം പരിശോധിച്ചിരുന്നോ;

(സി) ഇത്തരം മേളകൾ സംഘടിപ്പിച്ചതുമൂലം ഉണ്ടായ വൻ പാഴ്ച്ചെലവിനെ കുറിച്ചും അനർഹർ ആനുകൂല്യങ്ങൾ നേടിയെടുത്തെന്ന ആരോപണത്തെക്കുറിച്ചും അന്വേഷണം നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഭരണത്തിൽ കൂടുതൽ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി സർക്കാർ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

1. ജനങ്ങളുടെ പരാതികൾക്ക് വളരെ പെട്ടെന്ന് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങേയറ്റം ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ പൗരന്റെ പരാതി പരിഹാരത്തിനായിരിക്കും മുന്തിയ പരിഗണന നൽകുന്നത്.

2. അഴിമതിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കും.

3. സർക്കാർ കേസുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വകുപ്പുതലവൻമാരും സെക്രട്ടേറിയറ്റും തമ്മിലുള്ള നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

4. ഇ-ഗവേണൻസ് സംവിധാനം, ഇ-ടെന്റർ സംവിധാനം, പൗരാവകാശരേഖ, വിവരാവകാശ നിയമം, ഇ-ഓഫീസ്, ബയോമെട്രിക് പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കുവാൻ ഉപയുക്തമാക്കും.

5. എല്ലാ വകുപ്പുകളും നിർബന്ധിതമായും വിവരങ്ങൾ വെളിപ്പെടുത്തണമെന്ന വ്യവസ്ഥ ഏർപ്പെടുത്തും.

6. കൂടുതൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ വ്യാപിപ്പിക്കും. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കും.

7. സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവചിക്കപ്പെട്ടതുമായ മാനദണ്ഡം ഏർപ്പെടുത്തും.

8. പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റ് കൊണ്ടുവരും. പൊതു നിരീക്ഷണ സൗകര്യം ഒരുക്കും.

9. 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ ശക്തിപ്പെടുത്തും.

10. യുവജനങ്ങളെ പബ്ലിക് സർവ്വീസിലേക്ക് ആകർഷിക്കുന്നതിനും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുന്നതിനും ഉതകുംവിധം സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്നതിന് നടപടി ആരംഭിക്കും.

11. ജീവനക്കാരുടെ പെരുമാറ്റവും മനോഭാവവും പൊതുജനങ്ങൾക്ക് ഗുണകരമാക്കുന്നതിനും അഴിമതിരഹിതമായ സേവനം നൽകുന്നതിനും പര്യാപ്തമായ പരിശീലനങ്ങൾ ഐ.എം.ജി., കില മുതലായ സ്ഥാപനങ്ങൾ മുഖേന നൽകുന്നതാണ്.

(ബി) ഇക്കാര്യം പരിശോധിച്ച് വിലയിരുത്തിയിട്ടില്ല.

(സി) മേളകൾ സംഘടിപ്പിച്ചത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. അത് പരിശോധനയിലാണ്.

**മായം ചേർക്കലും ഭക്ഷ്യവിഭവങ്ങളിലെ വിഷാംശവും**

19 (*17) ഡോ. എം. കെ. മുനീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. പാറക്കൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന ഭക്ഷ്യവിഭവങ്ങളിലെ മായവും വിഷാംശവും കണ്ടുപിടിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ചെക്ക്പോസ്റ്റുകളിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ;

(സി) അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്ന വിഷാംശമുള്ള ഭക്ഷ്യ വസ്തുക്കൾ നിലവിലെ സുരക്ഷാ സംവിധാനമുപയോഗിച്ച് കഴിഞ്ഞ രണ്ടു മാസങ്ങൾക്കിടെ പിടിച്ചെടുത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദവിവരം നൽകാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന ഭക്ഷ്യവിഭവങ്ങളിലെ മായവും വിഷാംശവും കണ്ടുപിടിക്കാൻ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ നാല് ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു.

1. ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറി, തിരുവനന്തപുരം
2. റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കാക്കനാട്, എറണാകുളം
3. റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട്
4. ഡിസ്ട്രിക്ട് ഫുഡ് ലബോറട്ടറി, പത്തനംതിട്ട

അതിൽ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടുമുള്ള ലാബുകളിൽ ഭക്ഷ്യപദാർത്ഥങ്ങളിലെ മായം കണ്ടുപിടിക്കുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ ഉപയോഗിച്ച് ഭക്ഷ്യവിഭവങ്ങളിലെ മായവും വിഷാംശവും കണ്ടുപിടിച്ചുവരുന്നു. ഇപ്പോൾ പച്ചക്കറികളിലെയും പഴങ്ങളിലെയും

കീടനാശിനികളുടെ സാന്നിധ്യം കണ്ടുപിടിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, എറണാകുളം ലാബുകളിൽ ഗ്യാസ് ക്രൊമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോ ഫോട്ടോമീറ്റർ എന്ന ഉപകരണം സ്ഥാപിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് രണ്ട് മാസത്തിനകം കീടനാശിനിയുടെ പരിശോധനകൾ ആരംഭിക്കുന്നതാണ്. ഇതുകൂടാതെ തിരുവനന്തപുരം, വെള്ളായണി കാർഷിക കോളേജിലും കീടനാശിനിയുടെ സാന്നിധ്യം സംബന്ധിച്ച പരിശോധനകൾ അടിയന്തര ഘട്ടത്തിൽ നടത്താറുണ്ട്. ഇതുമായി ബന്ധപ്പെട്ട് അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തിച്ചേരുന്ന പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുകളിൽനിന്ന് തന്നെ ശേഖരിച്ച് ആവശ്യമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനു വേണ്ടി രണ്ട് മൊബൈൽ ലബോറട്ടറികൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് സജ്ജമാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകളിൽ ഇതുസംബന്ധിച്ച പരിശോധനകൾക്കുവേണ്ടി ഭക്ഷ്യസുരക്ഷാവകുപ്പ് നിശ്ചിത കാലയളവുകളിൽ സ്ക്വാഡുകളെ നിയോഗിച്ച് സാമ്പിളുകൾ ശേഖരിക്കുകയും അവ ലബോറട്ടറികളിൽ പരിശോധനകൾക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ ഇത്തരം പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് നിലവിലുള്ള ലബോറട്ടറികൾ കൂടാതെ രണ്ട് മൊബൈൽ ലബോറട്ടറി യൂണിറ്റുകൾ സജ്ജമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. വാണിജ്യ നികുതി വകുപ്പുമായി ചേർന്ന് വാളയാർ ചെക്ക്പോസ്റ്റിൽ സ്ഥിരമായി പരിശോധന നടത്താനുള്ള സംവിധാനം സംബന്ധിച്ച ചർച്ച അവസാനഘട്ടത്തിലാണ്.

(സി) അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്ന് സംസ്ഥാനത്ത് വിപണനം ചെയ്തിട്ടുള്ള ഭക്ഷ്യവസ്തുക്കൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും നാല് കേസുകൾ ഫയൽ ചെയ്യാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് :

| ക്രമ നമ്പർ | ജില്ല | ഭക്ഷ്യപദാർത്ഥം | റിമാർക്സ് |
|---|---|---|---|
| 1. | കോഴിക്കോട് | വനസ്പതി | കേസ് ഫയൽ ചെയ്തിട്ടുണ്ട് |
| | | മയോണൈസ് | കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| | | റൈസ് ബ്രാൻഡ് ഓയിൽ | |
| 2. | മലപ്പുറം | മാങ്ങ | മാങ്ങ നശിപ്പിക്കുകയും ഒരു ലക്ഷം രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. |
| 3. | എറണാകുളം | അറേബ്യൻ ഡേയ്റ്റ്സ് | കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| 4. | തൃശ്ശൂർ | സൺ ഫ്ളവർ ഓയിൽ | അഡ്ജൂഡിക്കേഷനുവേണ്ട നടപടികൾ നടന്നുവരുന്നു. |

**ക്രമവിരുദ്ധ തീരുമാനങ്ങൾ**

20 (*18) ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീമതി സി. കെ. ആശ :

ശ്രീ. മുഹമ്മദ് മുഹസിൻ. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ എടുത്ത തീരുമാനങ്ങൾ ക്രമവിരുദ്ധവും ചട്ടവിരുദ്ധവുമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ വകുപ്പുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്നും ഇവ ഏതെല്ലാം വിഷയങ്ങളെ ആധാരമാക്കിയുള്ളവയാണെന്നും വ്യക്തമാക്കുമോ;

(സി) ക്രമവിരുദ്ധമായി എടുത്ത തീരുമാനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ-സി) മുൻ സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ (2016 ജനുവരി 1-നുശേഷം) എടുത്ത മന്ത്രിസഭായോഗ തീരുമാനങ്ങൾ അതത് വകുപ്പുസെക്രട്ടറിമാർ പരിശോധിച്ച് പുനഃപരിശോധന ആവശ്യമുള്ളവ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ 25-5-2016-ൽ കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ഉപസമിതി ഇപ്രകാരമുള്ള മന്ത്രിസഭായോഗ തീരുമാനങ്ങൾ പരിശോധിച്ചു വരികയാണ്.

## അന്യസംസ്ഥാന തൊഴിലാളികൾ

21 (*19) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട കേസുകൾ വർദ്ധിച്ച് വരുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരം പോലീസ് സ്റ്റേഷനുകളിൽ ശേഖരിക്കുന്നതിന് ഏത് രീതിയിലുള്ള സംവിധാനമാണ് നിലവിലുള്ളത്;

(സി) സംസ്ഥാനത്തെ എല്ലാ അന്യസംസ്ഥാന തൊഴിലാളികളുടേയും വിവരം സംസ്ഥാനത്തെ പോലീസ് വകുപ്പിൽ ലഭ്യമാണോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്നു വിശദമാക്കാമോ ;

(ഡി) ഇത്തരം വിവര ശേഖരണത്തിൽ പോലീസ് അലംഭാവം കാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള വിവര ശേഖരണം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം അന്യസംസ്ഥാനത്തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ബയോഡാറ്റയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരും തൊഴിലുടമകളും

സ്വമേധയാ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത വിവരം പോലീസ് സ്റ്റേഷനുകളിൽ ഇതര സംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ഡാറ്റാ ബേസിൽ (Data base) ഉൾപ്പെടുത്തി സൂക്ഷിച്ചും വരുന്നുണ്ട്. പുതുതായി വരുന്ന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിന് തൊഴിൽ ഉടമകൾക്കും ഏജന്റുമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ലഭ്യമല്ല. ഇതര സംസ്ഥാനത്തുനിന്നും ജോലിക്ക് എത്തുന്നവരിൽ ഒറ്റയ്ക്ക് വരുന്നവരും ജോലി സ്ഥലങ്ങളിൽ സ്ഥിരമായി നിൽക്കാതെ പല സ്ഥലങ്ങളിൽ മാറിമാറി താമസിക്കുന്നതിനാലും ഇത്തരക്കാരുടെ പൂർണ്ണമായ വിവരശേഖരണം നിലവിൽ ലഭ്യമാണെന്ന് ഉറപ്പിച്ചു പറയാനാകില്ല.

(ഡി) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവര ശേഖരണം സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം നടത്തിവരുന്നുണ്ട്. കാലോചിതമായി ഈ സംവിധാനം പരിഷ്കരിക്കേണ്ടതുണ്ട്.

**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം**

22 (*20) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ ഗവൺമെന്റ് ആസൂത്രണം ചെയ്തത്;

(ബി) ഈ വിമാനത്താവളത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടന്നിട്ടുണ്ട്; വിശദമാക്കുമോ;

(സി) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഇനി എന്തെല്ലാം പ്രവൃത്തികൾ ചെയ്യാനുണ്ട്;

(ഡി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള കർമ്മ പദ്ധതികളാണ് 1998-ലെ ഭരണാനുമതിക്കും ഒന്നും രണ്ടുംഘട്ട ഭൂമി ഏറ്റെടുക്കലിനും തുടർച്ചയായി മുൻ സർക്കാർ ആസൂത്രണം ചെയ്തത്. മൂന്നാംഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ടായിരുന്നതിൽ ഇതുവരെയായി 612.12 ഏക്കർ ഭൂമി ഏറ്റെടുത്തു. റൺവെ 3400 മീറ്ററായി നീട്ടാനുള്ള 75.5 ഏക്കർ ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകി. പുറത്തുള്ള ഓവുചാൽ നിർമ്മിക്കുന്നതിനുള്ള 18 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള ഭരണാനുമതി നൽകി. ഇവ രണ്ടിനുമുള്ള ഫണ്ട് അനുവദിച്ചു. 131 ഏക്കർ ഭൂമി ഏറ്റെടുക്കാൻ 140 കോടി രൂപ അനുവദിച്ചു. റൺവെ നിർമ്മാണത്തിനു വേണ്ടി 10.52 ഏക്കർ ഭൂമി ഏറ്റെടുത്തു. എമർജൻസി റോഡിനുവേണ്ടി 40 സെന്റ് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു. മൂലധന സമാഹരണം ത്വരിതപ്പെടുത്തുന്നതിന് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റി (കിയാപ്സ്) രൂപീകരിച്ചു.

എയ് കോം ഏഷ്യാകമ്പനിയെയും അവരുടെ സാമ്പത്തിക പങ്കാളികളായ ക്രിസിലിനെയും കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്ട് കൺസൾട്ടന്റായി നിയമിച്ചു. എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ റൺവെ എയർസൈഡ് പ്രവൃത്തികൾക്ക് 694 കോടി രൂപയുള്ള കരാറും ടെർമിനൽ ബിൽഡിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്കുള്ള 498.70 കോടി രൂപയുള്ള കരാറും ലാർസൺ & ടൂബ്രോ കമ്പനിക്ക് നൽകുകയും പ്രവൃത്തികൾ നടന്നുവരികയുമാണ്. ആദ്യ ഘട്ടത്തിൽ 3400 മീറ്റർ റൺവേ നീളം വേണ്ടിയിരിക്കെ 3050 മീറ്റർ നീളത്തിന്റെ പണികളേ കഴിഞ്ഞിട്ടുള്ളൂ. വായ്പ ഇനത്തിലുള്ള 892 കോടി രൂപ സമാഹരിക്കുന്നതിന് ബാങ്കുകളുമായി ധാരണാപത്രം ഒപ്പുവച്ചു. (കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യം) ലോൺ ലഭ്യമാവുകയും ചെയ്തു. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി 100 കോടി രൂപയുള്ള ധാരണാപത്രം ഒപ്പുവച്ചു. മെറ്റീരിയോളജിക്കൽ സർവ്വീസിനു വേണ്ടി മെറ്റീരിയോളജിക്കൽ വകുപ്പുമായി ധാരണാപത്രം ഒപ്പുവച്ചു.

എ.ടി.എഫ്. എയർക്രാഫ്റ്റ് ഫ്യൂവൽ ഫാം നടത്തുന്നതിനുള്ള ബി.പി.സി.എൽ. കിയാൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ചു. ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികളായ ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ ടെണ്ടർ, പാസഞ്ചർ ബോർഡിംഗ് ബ്രിഡ്ജ് തുടങ്ങിയവയുള്ള പണികൾ പുരോഗമിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സിവിൽ ഏവിയേഷൻ, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ എന്നിവരുമായിട്ടുള്ള പ്രാരംഭ ചർച്ചയും സ്ഥല സന്ദർശനങ്ങളും നടന്നു.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് റൺവെ സേഫ്റ്റി ഏരിയ (ആർ.ഇ.എസ്.എ.)–07, നാവിഗേഷൻ ബിൽഡിംഗ്, ഇന്റേണൽ അപ്രോച്ച് റോഡ്, ഓപ്പറേഷണൽ പെരിമീറ്റർ റോഡ് & മതിൽ, റൺവെ ബേസിക് സ്ട്രിപ്പ് ഇൻക്ലൂഡിംഗ് ടർഫിംഗ്, എയർപോർട്ട് ഗ്രൗണ്ട് ലൈറ്റിംഗ് (സെന്റർ ലൈൻ ലൈറ്റ്, എഡ്ജ് ലൈറ്റ് മുതലായവ), പി.ടി.ബി. & എ.ടി.സി.- ഇന്റീരിയർ ഫിനിഷിംഗ് വർക്ക് (എ.സി. ഉൾപ്പെടെ), സെക്യൂരിറ്റി ഗേറ്റ് & വാച്ച് ടവർ, സ്റ്റോം വാട്ടർ ഡ്രെയിനേജ് വർക്ക്, പ്ലംബിംഗ് & വാട്ടർ സപ്ലൈ, ലിഫ്റ്റ്, എസ്കലേറ്റർ, പാസഞ്ചർ ബോർഡിംഗ് ബ്രിഡ്ജ്, സെക്യൂരിറ്റി എക്യുപ്മെന്റ്, ഫർണിച്ചർ മുതലായവയുടെ പർച്ചേസിംഗ് & ഇന്റീരിയർ ഡിസൈൻ, കൗണ്ടേഴ്സ് തുടങ്ങിയ പ്രവൃത്തികൾകൂടി പൂർത്തീകരിക്കാനുണ്ട്.

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടികളോടൊപ്പം ബാക്കി പണികളായ ഫർണിച്ചർ, ഇന്റീരിയർ ഡിസൈൻ, സെക്യൂരിറ്റി എക്യുപ്മെന്റ് മുതലായവയുടെ ടെണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ബാക്കിയുള്ള എല്ലാ ടെണ്ടറുകളും ക്ഷണിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. അവാർഡ് ചെയ്യപ്പെട്ട പണികൾ പൂർത്തീകരിക്കുന്നതിനായി ഏജൻസികളുമായി എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി പുരോഗതി വിലയിരുത്തുന്നു. അടുത്ത മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനുള്ള ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സിവിൽ ഏവിയേഷന്റെ ലൈസൻസിനു മുന്നോടിയായിട്ടുള്ള ഡോക്യുമെന്റ് പ്രിപ്പറേഷൻ നടന്നുവരുന്നു. സ്റ്റാറ്റ്യൂട്ടറി ഏജൻസികളായ ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ, കസ്റ്റംസ്, ഇമിഗ്രേഷൻ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് എന്നിവരുമായി മീറ്റിംഗ് നടത്തി അവയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നു. അവരുടെ സേവനങ്ങൾക്കായുള്ള ക്രമീകരണം 2017 ജനുവരിയിൽ പൂർത്തിയാക്കാൻ നടപടി എടുത്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കിൻഫ്ര, മൈനർ ഇറിഗേഷൻ, പി.ഡബ്ല്യു.ഡി. എന്നിവയുമായിച്ചേർന്ന് എയർപോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംയുക്തമായി ചെയ്തുവരുന്നു. എയർപോർട്ട് പൂർത്തീകരിക്കുന്നതോടുകൂടി പ്രവർത്തനസജ്ജമാകാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ റിക്രൂട്ട്മെന്റ് നടത്താൻ പോകുന്നു. എയർലൈൻ കമ്പനികളായ എയർ ഇന്ത്യ, ജറ്റ് എയർവേയ്സ്, ഇൻഡിഗോ മുതലായ സ്ഥാപനങ്ങളുമായി എയർക്രാഫ്റ്റ് ഓപ്പറേഷനുവേണ്ടിയുള്ള ചർച്ച നടത്തി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പകർച്ചവ്യാധികളും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും**

23 (*21) ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ സംസ്ഥാനത്ത് പകർച്ചവ്യാധികൾ വ്യാപകമായിരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പകർച്ചവ്യാധികൾ തടയുന്നതിനാവശ്യമായ എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് മഴക്കാലപൂർവ്വ ശുചീകരണ പ്രർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കുമായി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വർഷങ്ങളായി പകർച്ചവ്യാധികൾ വ്യാപകമായിരുന്നു. ഓരോ വർഷവും ജില്ലാതലത്തിൽ കാര്യകാരണ വിശകലനം നടത്തി തദ്ദേശീയമായി കണ്ടെത്തിയിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാനാവശ്യമായ ഒരു പ്രവർത്തന രൂപരേഖ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വർഷാരംഭത്തിൽ തന്നെ തയ്യാറാക്കി ഇതര വകുപ്പുകളുടെ സഹകരണത്തോടെ ഇത്തരം പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്.

<u>പകർച്ചവ്യാധികൾക്കുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടവ</u> :

1. കാലാവസ്ഥാ വ്യതിയാനങ്ങൾ, താപനിലയിൽ ഉണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ, പ്രകൃതിക്ഷോഭങ്ങൾ
2. ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിലെ പോരായ്മകൾ
3. ശുദ്ധമായ കുടിവെള്ളത്തിന്റെ ദൗർലഭ്യം
4. കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ
5. ഇതര സംസ്ഥാനത്തൊഴിലാളികളുടെ ബാഹുല്യവും അവരുടെ താമസ സ്ഥലത്തെയും ജോലിസ്ഥലത്തെയും അനാരോഗ്യകരമായ ചുറ്റുപാടുകളും
6. ഭക്ഷ്യ ശുചിത്വത്തിലെ അപര്യാപ്തതകൾ
7. ചില ജില്ലകളിൽ മാത്രം നിലനിൽക്കുന്ന പ്രത്യേക സാഹചര്യങ്ങൾ -
    1. റബ്ബർ, പൈനാപ്പിൾ, കൊക്കോ, അടയ്ക്ക, മുള തുടങ്ങിയ പ്ലാന്റേഷനുകൾ, അവയുമായി ബന്ധപ്പെട്ട് കൊതുക് വളരാനിടയുള്ള സാഹചര്യങ്ങൾ
    2. ആലപ്പുഴയിലെ കുട്ടനാട്ടുപോലെ സമുദ്ര നിരപ്പിൽനിന്നും താഴ്ന്ന സ്ഥലങ്ങളിലുണ്ടാകുന്ന കുടിവെള്ള, മാലിന്യ പ്രശ്നങ്ങൾ
8. കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രത, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യാവസായികമായും അല്ലാതെയുമുള്ള ആവശ്യങ്ങൾക്ക് യാത്ര ചെയ്യുന്നവരുടെ എണ്ണത്തിലുള്ള വർദ്ധന

(ബി) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മപദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നു. മഴക്കാലം വരുന്നതിനു മുമ്പേ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളെയും ശുചിത്വമിഷനെയും ഇതര വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് മഴക്കാലപൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവൽക്കരണ ക്യാമ്പെയിനുകളും നടപ്പിലാക്കിവരുന്നു. ഇതുവഴി രോഗം പകരാനുള്ള സാഹചര്യങ്ങൾ കുറയ്ക്കുന്നതിന് ഒരു പരിധിവരെ സാധിക്കുന്നു. ഇതോടൊപ്പം രോഗനിരീക്ഷണം, കൊതുക നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതുവഴി പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെതന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും സാധിക്കുന്നു. കൂടാതെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ

ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗനിയന്ത്രണത്തിനുള്ള സാധനസാമഗ്രികളുടെയും ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രൈവറ്റ് ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് പ്രധാന പകർച്ചവ്യാധികളെ സംബന്ധിച്ച ചികിത്സാമാർഗ്ഗരേഖകളും ലഭ്യമാക്കിയിട്ടുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹസന്ദർശനം, മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയുംപെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗപ്പകർച്ച തടയുന്നതിനുള്ള കൊതുക് നശീകരണ പ്രവർത്തനങ്ങളും ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്), ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, വയറിളക്കരോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്.-ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നവർക്കും കൃഷിപ്പണി ചെയ്യുന്നവർക്കും തൊഴിലുറപ്പ് ജോലികളിൽ ഏർപ്പെടുന്നവർക്കും ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളികയും നൽകുന്നുണ്ട്.

(സി) മഴക്കാലപൂർവ്വ ശുചീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപദ്ധതിയിൽ ഉൾക്കൊള്ളിച്ച് അതനുസരിച്ച് ജില്ലകളിൽ പ്രവർത്തനം നടത്താൻ നിർദ്ദേശിക്കുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും ആരോഗ്യ വകുപ്പും സംയുക്തമായി ശുചീകരണ, കൊതുക് നശീകരണ ഉറവിട ക്യാമ്പെയിനുകൾ നടപ്പിലാക്കുവാൻ വേണ്ടനിർദ്ദേശങ്ങളും ജില്ലകൾക്ക് നൽകി. ഇതുസംബന്ധിച്ച് വീഡിയോ കോൺഫറൻസ്, സംസ്ഥാന ജില്ലാതല ശിൽപ്പശാലകൾ, പഞ്ചായത്തുതല, വാർഡുതല പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തിയിരുന്നു. വാർഡുതല സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ സർവ്വേ, ശുചിത്വ മാപ്പിംഗ് തുടങ്ങിയവയും വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും മറ്റും ശുചീകരണ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. മേയ് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗതീരുമാനമനുസരിച്ച് ജൂൺ 1 മുതൽ 5 വരെ ശുചീകരണവാരമായി ആചരിച്ച് വീടുകൾ, സ്ഥാപനങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ, തോട്ടങ്ങൾ, ഇതര സംസ്ഥാനത്തൊഴിലാളികളുടെ ക്യാമ്പുകൾ, നിർമ്മാണ സ്ഥലങ്ങൾ തുടങ്ങിയവയിൽ ശുചീകരണവും കൊതുകിന്റെ ഉറവിട നശീകരണവും നടത്തിയിരുന്നു. ജൂൺ 5-ന് ലോക പരിസ്ഥിതി ദിനത്തിൽ സംസ്ഥാനത്തൊട്ടാകെ വിപുലമായ രീതിയിൽ ജനപങ്കാളിത്തത്തോടെ ശുചീകരണം നടത്തിയിരുന്നു.

(ഡി) മെയ് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെയും ഇതര വകുപ്പുമന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനങ്ങൾ എടുത്തിരുന്നു. ഇതനുസരിച്ച് മെയ് 30-ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടേയും ജില്ലാ മെഡിക്കൽ ആഫീസർമാരുടേയും വീഡിയോ കോൺഫറൻസ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജൂൺ 1 മുതൽ 5 വരെ ശുചീകരണവാരമായി ആചരിച്ച് മഴക്കാലപൂർവ്വ ശുചീകരണം കാര്യക്ഷമമാക്കുവാൻ ജില്ലകൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. ജൂൺ 5, ലോക പരിസ്ഥിതി ദിനത്തിൽ സംസ്ഥാനമൊട്ടാകെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. മെയ് 29 മുതൽ 31 വരെ ജില്ലയുടെ ചുമതലയേൽപ്പിച്ചിട്ടുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ യോഗംകൂടി സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. മെയ് മാസത്തെ സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും ജൂണിലെ ജില്ലാ/ബ്ലോക്ക്തല മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും മഴക്കാലപൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തി. ഓരോ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസിൽ കൺട്രോൾ റൂം തുറക്കുകയുണ്ടായി. ഇത് കളക്ടറേറ്റിലെ കൺട്രോൾ റൂമുമായി യോജിച്ച് പ്രവർത്തിക്കുന്നതാണ്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പൊതുജനാരോഗ്യ ടീമംഗങ്ങൾ ദിവസേന രോഗ വിവരങ്ങളെക്കുറിച്ചും നിയന്ത്രണ പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ താഴെത്തട്ടിലേക്ക് യഥാസമയം നൽകിവരുന്നുണ്ട്. കൂടാതെ ജില്ലയുടെ ചുമതലയേൽപ്പിച്ചിട്ടുള്ള മന്ത്രിമാരും എം.എൽ.എ.-മാരും യോഗം വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ പ്രത്യേകം വിലയിരുത്തിവരുന്നു.

(ഇ) ഏപ്രിൽ മാസം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പു സെക്രട്ടറിമാരുടെയും ഡയറക്ടർമാരുടെയും യോഗം വിളിച്ചുകൂട്ടി വകുപ്പുകൾ ഏകോപിച്ചുള്ള പ്രവർത്തനം വിലയിരുത്തി. മേയ് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിലും വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തിനും ഏകോപനത്തിനുമുള്ള നിർദ്ദേശങ്ങൾ നൽകി. മേയ് 29, 30, 31 തീയതികളിൽ ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാർ, വിവിധ വകുപ്പുദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി ഓരോ വകുപ്പിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്തലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള പബ്ലിക് ഹെൽത്ത് ടീം, ഓരോ ജില്ലയിലുള്ള പകർച്ചവ്യാധി സ്ഥിതിയും നടന്നുവരുന്ന പ്രവർത്തനങ്ങളും വിലയിരുത്തി, ജില്ലയിലേക്കുവേണ്ട നിർദ്ദേശങ്ങൾ നിത്യേന നൽകിവരുന്നു. സർക്കാർതലത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഇക്കാര്യങ്ങൾ നിത്യേന വിലയിരുത്തി പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. 22-6-2016-ന് മെഡിക്കൽ കോളേജിലെ വിദഗ്ദ്ധർ അടങ്ങുന്ന ദ്രുതകർമ്മസേന സംസ്ഥാനത്തെ നിലവിലെ പകർച്ചവ്യാധി സ്ഥിതിഗതികളും നിയന്ത്രണ പ്രവർത്തനങ്ങളും വിലയിരുത്തുകയുണ്ടായി. അവരുടെ നിർദ്ദേശങ്ങളുംകൂടി കണക്കിലെടുത്തു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

## മാവേലി സ്റ്റോറുകളുടെ പ്രവർത്തനം

24(*22) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മാവേലി സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മാവേലി സ്റ്റോറുകൾവഴി എത്രയിനം സാധനങ്ങൾ സബ്സിഡി നിരക്കിൽ ഇപ്പോൾ നല്കുന്നുണ്ട്; അവ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ; ഇവയുടെ പൊതു കമ്പോളത്തിലെ വിലയും മാവേലി സ്റ്റോറിലെ വിലയും താരതമ്യം ചെയ്തു വിശദമാക്കാമോ ;

(സി) വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സംസ്ഥാനത്ത് നിലവിൽ 950 മാവേലി സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനും കൂടുതൽ പേർക്ക് ഇതിന്റെ പ്രയോജനം എത്തിക്കുവാനും സപ്ലൈകോ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ചതുരശ്ര അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. സ്ഥലസൗകര്യം കുറഞ്ഞ വിൽപ്പനശാലകളിൽ കൂടുതൽ തവണ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു.

3. മുൻമാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉത്സവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിന് അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തി അവശ്യ സാധനങ്ങൾ എത്രയുംവേഗം വിൽപ്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നിൽകിയിട്ടുണ്ട്.

5. സബ്സിഡി സാധനങ്ങൾ സപ്ലൈകോയുടെ എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിന് ലഭ്യമാക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ എല്ലാ

മാവേലി, സൂപ്പർമാർക്കറ്റ് തലത്തിലും ഓരോ ഔട്ട്ലെറ്റും കേന്ദ്രീകരിച്ച് സാമൂഹ്യ പ്രവർത്തകരും ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങൾക്ക് പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

6. മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുവാനായി ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽനിന്ന് മറ്റ് ഡിപ്പോകളിലേക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

7. സപ്ലൈകോ വിൽപ്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സപ്ലൈകോയുടെ കീഴിൽ സുസജ്ജമായ ഒരു ഓഡിറ്റ് & ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സപ്ലൈകോയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിപ്പോതലത്തിലും മേഖലാതലത്തിലും കേന്ദ്രകാര്യാലയ തലത്തിലും പ്രവർത്തനാവലോകനം നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

8. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വിൽപ്പന ശാലകളിലും ഉറപ്പ് വരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേന വിൽപ്പനശാലകളിൽ പരിശോധന നടത്തിവരുന്നുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻമുഖേനയുള്ള വിപണിയിടപെടൽപദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. നിലവിൽ പൊതുവിപണിയിലുണ്ടാകുന്ന അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻകടകൾ വഴിയും സപ്ലൈകോ വിൽപ്പന ശാലകൾവഴിയും വിതരണം നടത്തിവരുന്നു. വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, അന്യായ വില, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും സിവിൽസപ്ലൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു.

**പൊതുവിതരണ ശൃംഖല**

25 (*23) ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. എം. എം. മണി :

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല കാര്യക്ഷമമല്ലാത്ത അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) റേഷൻ കടകളെ കമ്പ്യൂട്ടർവഴി ബന്ധിപ്പിക്കുന്ന 'എൻഡ് ടു എൻഡ്'' പദ്ധതിയുടെ വിശദാംശം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; അവ പ്രാവർത്തികമായോ; ഇല്ലെങ്കിൽ അതിന്റെ കാരണം അവലോകനം ചെയ്തിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിക്കായുള്ള ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആരോപണം പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. പൊതുവിതരണ ശൃംഖലയിലെ ഭക്ഷ്യധാന്യ തിരിമറി പൂർണ്ണമായും ഒഴിവാക്കി വകുപ്പ് കാര്യക്ഷമമാക്കുന്നതിനായി ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പൂർത്തിയായിവരികയാണ്. 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലെ വകുപ്പ് 10 അനുസരിച്ച് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പിൽ നടന്നുവരുന്നു. ഭക്ഷ്യധാന്യ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയും നടന്നുവരുന്നു. റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് മെഷീൻ സ്ഥാപിക്കൽ, ഭക്ഷ്യധാന്യങ്ങൾ നേരിട്ട് റേഷൻകടകളിൽ എത്തിക്കുന്ന വാതിൽപ്പടി വിതരണം (സപ്ലൈകോ മുഖേന നടപ്പിൽ വരുത്തുന്നതിന്) തുടങ്ങിയ പ്രക്രിയകൾ പൂർത്തിയായിവരുന്നു.

(ബി) ഉണ്ട്. റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വകുപ്പിൽ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിൽ എത്തുന്ന ഉപഭോക്താക്കളെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിനും ആധാർ ഉൾപ്പെടുന്ന ബയോമെട്രിക് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണ തോതിൽ നടപ്പാക്കുമ്പോൾ ഓരോ ഉപഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ സർക്കാർ തന്നെ എത്തിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ഓരോ ഉപഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും റേഷൻ വിതരണ/വിഹിത വിവരങ്ങൾ ലഭ്യമാകത്തക്കവിധം സുതാര്യത പോർട്ടൽ (Transparency Portal) സജ്ജമാക്കും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും സമയബന്ധിതമായി പരാതി പരിഹരിക്കുവാനും പരാതിയുടെ തത്സ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും സാധിക്കത്തക്കവിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) നിലവിൽവരും. ഓരോ പ്രദേശത്തെയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു Decision Support System (DSS) നിലവിൽവരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചുകൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

(സി) എൻഡ്-ടു-എൻഡ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ പറയുന്നവയാണ്:

1. റേഷൻ ഉപഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുക.

2. എഫ്.സി.ഐ. മുതൽ റേഷൻ കടകൾവരെയുള്ള വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുക, ഭക്ഷ്യധാന്യങ്ങൾ സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് റേഷൻ കടകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

3. യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുക.

4. ഉപഭോക്താക്കൾക്കായി സുതാര്യതാ പോർട്ടലും സുതാര്യമായ പരാതിപരിഹാര സംവിധാനവും ഒരുക്കുക.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ പ്രാവർത്തികമായിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതി പൂർണ്ണമായി വകുപ്പിൽ നടപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് ആരോപണങ്ങളില്ല.

**മന്ത്രിസഭാ യോഗ തീരുമാനങ്ങൾ**

26(*24) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. എം. സ്വരാജ് :

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ 2016 ഫെബ്രുവരി 24, മാർച്ച് 1, 2 തീയതികളിലായി നടത്തിയ മന്ത്രിസഭാ യോഗത്തിൽ എടുത്ത പ്രമുഖ തീരുമാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മന്ത്രിസഭാ യോഗങ്ങളുടെ തീരുമാനമനുസരിച്ച് മുൻസർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) ഈ നടപടികൾ അസാധുവാക്കാനും നിയമവിരുദ്ധ ഉത്തരവുകളെന്ന അടിസ്ഥാനത്തിൽ, നടപടി സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം നടപടിയെടുക്കാനും തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 2016 ഫെബ്രുവരി 24, മാർച്ച് 1, 2 തീയതികളിൽ നടന്ന മന്ത്രിസഭാ യോഗത്തിൽ ആകെ 211 ഇനങ്ങളിൽ തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) മേൽ 211 ഇനങ്ങളിൽ എടുത്ത തീരുമാനങ്ങളിന്മേൽ പുറപ്പെടുവിച്ചിട്ടുള്ള ലഭ്യമായ ഉത്തരവുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ശേഷമുള്ളവ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

(സി) കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് 2016 ജനുവരി 1-നുശേഷം എടുത്തിട്ടുള്ള എല്ലാ മന്ത്രിസഭാ യോഗ തീരുമാനങ്ങളും അതാത് വകുപ്പ് സെക്രട്ടറിമാർ പരിശോധിച്ച് പുനഃപരിശോധന ആവശ്യമുള്ളവ താഴെപ്പറയുന്ന മന്ത്രിമാർ അടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും ഉപസമിതിയുടെ ശിപാർശയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും 25-5-2016-ൽ കൂടിയ മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ട്.

ഉപസമിതിയിലെ അംഗങ്ങൾ

| | | |
|---|---|---|
| ശ്രീ. എ. കെ. ബാലൻ | - | കൺവീനർ |
| അഡ്വ. വി. എസ്. സുനിൽകുമാർ | - | മെമ്പർ |
| ശ്രീ. എ. കെ. ശശീന്ദ്രൻ | - | മെമ്പർ |
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | - | മെമ്പർ |
| അഡ്വ. മാത്യു ടി. തോമസ് | - | മെമ്പർ |
| ഡോ. ടി. എം. തോമസ് ഐസക് | - | മെമ്പർ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഓപ്പറേഷൻ സുരക്ഷ പദ്ധതി

27(*25) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ സുരക്ഷ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിമൂലം എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) എത്രമാത്രം ഉദ്ദേശ്യലക്ഷ്യങ്ങൾ പദ്ധതി നടത്തിപ്പുവഴി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്.

(ബി) സ്ഥിരം കുറ്റവാളികൾക്കെതിരെ ഗുണ്ടാനിയമം അനുസരിച്ചുള്ള നടപടികൾ ശക്തമാക്കുക, അക്രമ സംഭവങ്ങളിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിട്ടുള്ള വ്യക്തികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് നടപടികൾ സ്വീകരിക്കുക, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുക, എല്ലാ കുറ്റവാളികളെയും നിയമനടപടിക്ക് വിധേയമാക്കുകയും പ്രോസിക്യൂഷൻ നടപടികൾ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നിവയായിരുന്നു കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ.

(സി) ലോക്കൽ പോലീസും ഇന്റലിജൻസ് വിഭാഗവും ഏകോപിപ്പിച്ച് മേൽ വിവരിച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സി.ആർ.പി.സി. 107 പ്രകാരമുള്ള പരിരക്ഷ നൽകുന്നതിനും ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ എടുത്തിരുന്നു.

(ഡി) പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. ആയതിനാൽ ലക്ഷ്യങ്ങൾ കൈവരിച്ചിരുന്നില്ല.

**നിയമ വിരുദ്ധ പ്രവർത്തനം തടയൽ നിയമം**

28 (*26) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വിരുദ്ധ പ്രവർത്തനം തടയൽ നിയമം (യു.എ.പി.എ.), സി.ബി.ഐ. അന്വേഷണം തുടങ്ങിയവ മുൻസർക്കാർ രാഷ്ട്രീയ ആയുധമാക്കി മാറ്റി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് യു.എ.പി.എ. പ്രയോഗിച്ച കേസുകളെ കുറിച്ച് പരിശോധന നടത്തുമോ;

(സി) അക്രമപ്രവർത്തനത്തിൽ ഏർപ്പെട്ടവരെ പോലീസിനെ ഉപയോഗിച്ച് സംരക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) രാഷ്ട്രീയ പക്ഷപാതത്തോടെ പ്രവർത്തിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വിശദമായ അന്വേഷണം നടത്തി മാതൃകാപരമായ ശിക്ഷ ഉറപ്പാക്കി പോലീസ് സംവിധാനത്തിന്റെ വിശ്വാസ്യത വീണ്ടെടുക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധന നടത്തുന്നതാണ്.

(സി) അക്രമ പ്രവർത്തനങ്ങളിലും പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഹാനികരമാകുന്ന പ്രവർത്തനങ്ങളിലും ഏർപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ച് കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പരാതികൾ പരിശോധിച്ച് വിശദമായ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുന്നതാണ്.

## പകർച്ച വ്യാധികൾ

29(*27) ശ്രീ. വി. ടി. ബൽറാം :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മഴക്കാലത്ത് കടന്നുവരാനിടയുള്ള പകർച്ച വ്യാധികൾ തടയാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മഴക്കാലത്ത് ഉണ്ടാകാനിടയുള്ള രോഗങ്ങൾ തടയുവാൻ എന്തെല്ലാം രോഗപ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണവും ആണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) രോഗികൾക്ക് വേണ്ടത്ര മരുന്നും ആശുപത്രികളിൽ വേണ്ട അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇവയെല്ലാം ഫലപ്രദമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ):

(എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ഓരോ ജില്ലകളിലെയും പ്രത്യേകതകളും ആവശ്യങ്ങളും അടിസ്ഥാനപ്പെടുത്തി ഒരു വാർഷിക കർമ്മപദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പാക്കിവരുന്നു. മഴക്കാലം തുടങ്ങുന്നതിന് മുൻപുതന്നെ തദ്ദേശഭരണ സ്ഥാപനങ്ങളെയും ശുചിത്വ മിഷനെയും ഇതര വകുപ്പുകളെയും ഒത്തൊരുമിച്ച് മഴക്കാലപൂർവ്വ ശുചീകരണവും രോഗപ്രതിരോധ ബോധവൽക്കരണ ക്യാംപൈനുകളും നടപ്പാക്കിയിരുന്നു. തന്മൂലം പകർച്ചവ്യാധികൾ വരാനുള്ള സാഹചര്യം ഒരളവുവരെ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം രോഗനിരീക്ഷണം, കൊതുക് നശീകരണം എന്നിവ കാര്യക്ഷമമാക്കുന്നതുവഴി പകർച്ചവ്യാധികളെ ഒരു പരിധിവരെ നിയന്ത്രിക്കുവാനും സാധിക്കുന്നുണ്ട്. കൂടാതെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗനിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേയ് 27-ന് ബഹു. മുഖ്യമന്ത്രി ഇത്തരം തയ്യാറെടുപ്പുകളുടെ അവലോകനയോഗം നടത്തിയതിനെത്തുടർന്ന് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

മേയ് 27-ന് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗതീരുമാനപ്രകാരം സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെയും ജില്ലാതലത്തിൽ ജില്ലാ കളക്ടർമാരുടെയും നേതൃത്വത്തിൽ സ്ഥിതിഗതികൾ അവലോകനം ചെയ്ത് തുടർപ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശം ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ഇതരവകുപ്പ് ഉദ്യോഗസ്ഥർക്കും നൽകുകയുണ്ടായി. ജില്ലയുടെ ചുമതല ഏൽപ്പിച്ചിട്ടുള്ള മന്ത്രിമാരും എം.എൽ.എ., എം.പി. മുതലായ ജനപ്രതിനിധികളും ജില്ലാതല ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടി വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരുന്നു. ജൂൺ 1 മുതൽ എല്ലാ ജില്ലകളിലും എപ്പിഡെമിക് സെൽ രൂപീകരിച്ച് പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും ദുരന്ത നിവാരണ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. സംസ്ഥാന തലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും സംസ്ഥാന പബ്ലിക് ഹെൽത്ത് ടീമംഗങ്ങളും ജില്ലയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരും ചേർന്ന് ദിവസേന ജില്ലയിലെ സ്ഥിതിഗതികൾ വിലയിരുത്തി അപ്പപ്പോൾ വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. ജില്ലയുടെ ചുമതല വഹിക്കുന്ന സംസ്ഥാനതല ഉദ്യോഗസ്ഥർ ജില്ലകൾ സന്ദർശിച്ചും ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നുണ്ട്. ജൂൺ മാസത്തിലെ ജില്ലാതല മീറ്റിംഗിൽ പ്രധാന പകർച്ചവ്യാധി നിയന്ത്രണത്തെക്കുറിച്ചും ചികിത്സാ മാർഗ്ഗരേഖകളെക്കുറിച്ചും ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് വേണ്ട പരിശീലനം നൽകിവരുന്നു. കൂടാതെ സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്കും പകർച്ചവ്യാധി ചികിത്സാ മാർഗ്ഗരേഖകളെക്കുറിച്ചുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു. ബ്ലോക്കുതല അവലോകന യോഗത്തിൽ ബ്ലോക്ക് മെഡിക്കൽ ആഫീസർമാർ പ്രധാന പകർച്ചവ്യാധി നിയന്ത്രണത്തെക്കുറിച്ച് ഫീൽഡുതല ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകുകയും വേണ്ട മാർഗ്ഗരേഖകൾ ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇത്തരം പരിശീലന പരിപാടികൾക്കായി ഡോക്ടർമാർക്കുവേണ്ട ചികിത്സാ മാർഗ്ഗരേഖയും ആരോഗ്യ പ്രവർത്തകർക്കുള്ള മാർഗ്ഗരേഖയും സംസ്ഥാനതലത്തിൽ പൊതുജനാരോഗ്യ ടീമംഗങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുകയുണ്ടായി. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് താഴെത്തട്ടിൽ വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതികളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ നിർദ്ദേശി ച്ചിട്ടുള്ളത്.

(ബി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഉതകുന്ന കർമ്മപദ്ധതി തയ്യാറാക്കി ജില്ലകൾക്ക് നൽകി അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളും ശുചിത്വ മിഷനും ആരോഗ്യവകുപ്പും ഇതരവകുപ്പുകളുമായി യോജിച്ച് കൊതുകിന്റെ ഉറവിട

നശീകരണത്തിന് ഊന്നൽ നൽകിയിട്ടുള്ള മഴക്കാലപൂർവ്വ ശുചീകരണം നടത്തിയിരുന്നു. മേയ് 27-ന് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പുമന്ത്രിയുടെയും വിവിധ വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം നടത്തിയതിന്റെ തീരുമാനങ്ങൾ അനുസരിച്ച് ജൂൺ 1 മുതൽ 5 വരെ ശുചീകരണവാരമായി ആചരിച്ച് വീടുകൾ, സ്ഥാപനങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ, തോട്ടങ്ങൾ, ഇതര സംസ്ഥാനത്തൊഴിലാളി ക്യാമ്പുകൾ, നിർമ്മാണസ്ഥലങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തിയിരുന്നു. തുടർന്ന് ജൂൺ മാസം 2-ാമത്തെ ആഴ്ചയിൽ സ്വകാര്യ ഡോക്ടർമാർ ഉൾപ്പെടെയുള്ള ഡോക്ടർമാർക്ക് രോഗചികിത്സാ മാർഗ്ഗരേഖകളെപ്പറ്റിയും ഫീൽഡുതല ഉദ്യോഗസ്ഥർക്ക് പകർച്ചവ്യാധി നിയന്ത്രണമാർഗ്ഗങ്ങളെപ്പറ്റിയും പരിശീലനം നൽകി. ആരോഗ്യ സന്ദേശയാത്രയിലൂടെയും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെയും ജനങ്ങൾക്ക് ബോധവൽക്കരണം നൽകി വരുന്നുണ്ട്. സ്കൂൾ അസംബ്ലികളിൽ വിദ്യാർത്ഥികൾ ആരോഗ്യ സന്ദേശ പ്രതിജ്ഞ എടുക്കുന്നു. കൊതുകിന്റെ ഉറവിട നശീകരണത്തിനായി ജൂൺ, ജൂലായ് മാസങ്ങളിലെ വെള്ളിയാഴ്ചകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ശനിയാഴ്ച ആശുപത്രികൾ ഉൾപ്പെടെയുള്ള ഓഫീസുകളിലും ഞായറാഴ്ച വീടുകളിലും പൊതുസ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം നടത്തിക്കൊണ്ട് ഡ്രൈ ഡേ ആചരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ജലം ശേഖരിച്ച് വയ്ക്കാനുള്ള സുരക്ഷിതമായ മാർഗ്ഗങ്ങളെക്കുറിച്ച് അവബോധം നൽകിയിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ ആഴ്ചയിലൊരിക്കൽ ക്ലോറിനേറ്റ് ചെയ്യുവാനും അവ മലിനപ്പെടാതിരിക്കുവാനുമുള്ള നടപടികളും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ സ്വീകരിച്ചുവരുന്നുണ്ട്. ഭക്ഷ്യ സുരക്ഷ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ ഹോട്ടൽ, റസ്റ്റോറന്റ് എന്നിവിടങ്ങളിൽ പരിശോധനനടത്തി വേണ്ട സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) പ്രാഥമികാരോഗ്യകേന്ദ്രം മുതൽ എല്ലാ ആശുപത്രികളിലും ഡോക്ടർമാരുടെ ലഭ്യത ഉറപ്പുവരുത്തുവാൻ ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മരുന്നും അനുബന്ധ സാധനങ്ങളും കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കിയിട്ടുണ്ട്. അത്യാവശ്യ സാഹചര്യങ്ങളിൽ പ്രാദേശികമായി വാങ്ങുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. പനിബാധിതരുടെ എണ്ണം കൂടുന്നതിനനുസരിച്ച് പനിവാർഡുകൾ, പനി ക്ലിനിക്കുകൾ എന്നിവ ആരംഭിക്കുവാനും ഒ.പി. സമയം നീട്ടാനും വേണ്ടത്ര ലബോറട്ടറി സംവിധാനം ഉറപ്പ് വരുത്താനും നടപടി എടുത്തിട്ടുണ്ട്. ഡോക്ടർമാർക്ക് ചികിത്സാ മാർഗ്ഗരേഖകളും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനതലത്തിലും ത്രിതല പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും സംവിധാനം ഉണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻ കേരള സംസ്ഥാന പൊതുജനാരോഗ്യ സമിതി (പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി) രൂപീകരിച്ച് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന് സംസ്ഥാന/ജില്ലാ തലങ്ങളിൽ മോണിറ്ററിംഗ് സമിതിയേയും നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെയും ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. എല്ലാ മാസവും സംസ്ഥാനതലത്തിൽ നടത്തുന്ന ജില്ലാ മെഡിക്കൽ ആഫീസർമാരുടെ (സീനിയർ ആഫീസർമാരുടെ) യോഗങ്ങളിൽ ബഹു. ആരോഗ്യ വകുപ്പുമന്ത്രിയും വകുപ്പ് സെക്രട്ടറിയും എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടറും ആരോഗ്യ വകുപ്പ് ഡയറക്ടറും ജില്ലകളിലെ പ്രവർത്തനങ്ങൾ അവലോകനംചെയ്ത് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. എല്ലാ മാസവും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ നടക്കുന്ന മെഡിക്കൽ ആഫീസർമാരുടെയും സൂപ്പർവൈസർമാരുടെയും യോഗത്തിൽ സമാനരീതിയിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ബ്ലോക്കുതല മീറ്റിംഗിൽ ബ്ലോക്ക് മെഡിക്കൽ ആഫീസർമാരും പി.എച്ച്.സി. തലത്തിൽ പി.എച്ച്.സി. മെഡിക്കൽ ആഫീസർമാരും പ്രതിമാസ/ പ്രതിവാര/ദൈനംദിന യോഗങ്ങൾ ആവശ്യാനുസരണം നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തുവരുന്നുണ്ട്.

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം

30(*29) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫുകളുടെയും കുറവ് നിമിത്തം പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു പി.എച്ച്.സി.-യുടെ കീഴിൽ വരുന്ന മുഴുവൻ കുടുംബങ്ങളുടേയും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി 'ഹെൽത്ത് ഡാറ്റ' ഉൾപ്പെടെ രൂപപ്പെടുത്തുന്ന തരത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം പുനഃക്രമീകരിക്കാൻ ശ്രമമുണ്ടോ; വ്യക്തമാക്കാമോ ;

(സി) ഗ്രാമീണ മലയോര മേഖലകളിലെ ചികിത്സാസംവിധാനം കാര്യക്ഷമമാക്കാനും ചികിത്സാ മേഖലയിലെ ചൂഷണം തടയാനും കുട്ടികൾക്കും സ്ത്രീകൾക്കും കൗൺസിലിംഗ് ഉൾപ്പെടെ ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള പദ്ധതി ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ചില ജില്ലകളിൽ ഡോക്ടർമാർ പി.എസ്.സി. വഴി സ്ഥിരനിയമനത്തിന് താല്പര്യക്കുറവ് കാണിക്കുന്നതുമൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഒഴിവുള്ള തസ്തികകളിൽ ആരോഗ്യ വകുപ്പ് നേരിട്ടും എൻ.എച്ച്.എം.വഴിയും ഡോക്ടർമാരെ നിയമിച്ച് ഈ കുറവ് പരിഹരിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നുണ്ട്. സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ എല്ലാംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മുഴുവൻ ഒഴിവുകളും നികത്തുന്നതിനാവശ്യമായ ഡോക്ടർമാരെ ലഭ്യമാക്കാൻ പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളെയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളെയും ഒരു വൈഡ് ഏരിയ നെറ്റ്‌വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിച്ച് ചികിത്സ തേടിയെത്തുന്നവരുടെ രോഗവും ചികിത്സയും ആരോഗ്യവും സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആരോഗ്യ പ്രവർത്തകർ ദൈനംദിന പ്രവർത്തനങ്ങളിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ ഓരോ വ്യക്തിയുടെയും ആധാർ, വോട്ടർ ഐ.ഡി. മുതലായ ഏതെങ്കിലും ഒരു വ്യതിരിക്ത നമ്പർമുഖേന പല സമയങ്ങളിലായി ലഭിക്കുന്ന വിവരങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് ആ വ്യക്തിയുടെ ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ തുടർച്ച ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

(സി) ഗ്രാമീണ മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും ചികിത്സാസംവിധാനങ്ങൾ മെച്ചപ്പെടുത്താനും കാര്യക്ഷമമാക്കാനുമുള്ള ഒട്ടനവധി നടപടികൾ ഇപ്പോൾ ആരോഗ്യ വകുപ്പിൽ നിലവിലുണ്ട്. ആദിവാസി മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. മുഖേന സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക വൈദ്യസഹായവും കൗൺസിലിംഗും ഗവൺമെന്റ് ആശുപത്രികൾവഴി നടത്തുന്നതിനായി 'ഭൂമിക സെന്റർ' (ജെൻഡർ ബേസ്ഡ് വയലൻസ് മാനേജ്മെന്റ് സെന്റർ) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി കുട്ടികളുടെ (പ്രത്യേകിച്ച് കൗമാരക്കാരുടെ) ശാരീരികവും മാനസികവുമായ സമഗ്ര ആരോഗ്യം ലക്ഷ്യം വയ്ക്കുന്നതോടൊപ്പം, ഭാവി ആരോഗ്യത്തിന് പ്രാധാന്യം നൽകിക്കൊണ്ട് എൻ.എച്ച്.എം. വഴി കൗമാര ആരോഗ്യ പദ്ധതിയും നടപ്പിലാക്കി വരുന്നു.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്

1 (1) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വകുപ്പ് മേധാവികൾ അലംഭാവം കാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ താൽക്കാലിക നിയമനങ്ങൾ നടന്ന തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് പരിശോധിക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില വകുപ്പുമേധാവികൾ പി.എസ്.സി.-ക്ക് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ അലംഭാവം കാണിക്കുന്നതായുള്ള ഉദ്യോഗാർത്ഥികളുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളിൽ താൽക്കാലിക ജീവനക്കാരെ തുടരുവാൻ അനുവദിക്കുകയും ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുകയും ചെയ്യുന്നു എന്ന് പരാതി ലഭിച്ചാൽ അത്തരം പരാതികൾ സർക്കാർ പരിശോധിക്കുന്നതാണ്.

(സി) പി.എസ്.സി. വഴി നിയമനം നടത്തേണ്ട തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

## മുൻ സർക്കാർ അവസാനകാലത്ത് നടത്തിയ നിയമനങ്ങൾ

2 (2) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അവസാനകാലത്ത് നടത്തിയ നിയമനങ്ങളെക്കുറിച്ച് ഉയർന്നുവന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) മുൻ ചീഫ് സെക്രട്ടറിമാർ, മുൻ വിജിലൻസ് ഡയറക്ടർ തുടങ്ങി വിരമിച്ച ഉദ്യോഗസ്ഥർക്ക് നൽകിയ സ്ഥാനമാനങ്ങൾ റദ്ദാക്കുന്നതോടൊപ്പം അനധികൃത നിയമനം നേടിയവർ എടുത്ത തീരുമാനങ്ങളും നടപടികളും പരിശോധനാ വിധേയമാക്കുമോ;

(സി) ഇക്കാര്യത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളും ഇതുവരെ സ്വീകരിച്ച നടപടികളും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) മുൻ ചീഫ് സെക്രട്ടറിയായ ശ്രീ. ജിജി തോംസണെ മുൻ മുഖ്യമന്ത്രിയുടെ അഡ്വൈസർ തസ്തികയിൽ നിയമിച്ചിരുന്നെങ്കിലും മുഖ്യമന്ത്രിയുടെ സേവന കാലാവധി അവസാനിച്ചതോടെതന്നെ അദ്ദേഹത്തിന്റെ സേവനവും ടെർമിനേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. മുൻ വിജിലൻസ് ഡയറക്ടറായ ശ്രീ. വിൻസൻ എം. പോളിനെ സംസ്ഥാന മുഖ്യവിവരാവകാശ കമ്മീഷണറായി നിയമിച്ചത് അനധികൃത നിയമനത്തിന്റെ പട്ടികയിൽ വരുന്നില്ല.

**അച്ചടി-ദൃശ്യ-മാധ്യമങ്ങൾ**

3 (3) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് ചുമതല ഏൽക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലും കേരളത്തിന് പുറത്തും ഉള്ള അച്ചടി-ദൃശ്യ-മാധ്യമങ്ങൾക്ക് എത്ര കോടി രൂപയുടെ പരസ്യം നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പരസ്യങ്ങൾ നൽകാൻ ആരാണ് നിർദ്ദേശം നൽകിയത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദവിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ചീഫ് സെക്രട്ടറിയുടെ അനുമതിയോടെയാണ് പരസ്യം നൽകിയത്.

## കസ്തൂരിരംഗൻ റിപ്പോർട്ടിൻമേലുള്ള നടപടികൾ

4 (4) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ മുൻ സർക്കാർ എന്തെല്ലാം സത്വര നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ;

(ബി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിലെ അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാനം എടുത്തത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ശിപാർശകളാണ് സംസ്ഥാന സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മിറ്റി കേന്ദ്രത്തിന് സമർപ്പിച്ചത്;

(ഡി) ഇതിന്മേൽ കേന്ദ്രം എന്ത് നിലപാടാണ് കൈക്കൊണ്ടത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കസ്തൂരിരംഗൻ കമ്മിറ്റി കേരളത്തിലെ 123 വില്ലേജുകളിൽ ഉൾപ്പെടുന്ന പശ്ചിമഘട്ടത്തിലെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശത്തെ പരിസ്ഥിതിലോല പ്രദേശമായി (ESA) കണക്കാക്കിയിരുന്നു. സംസ്ഥാന സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോമീറ്ററായി നിജപ്പെടുത്തുകയും ആയതുപ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമല്ലെന്ന് കണ്ടെത്തിയ 4 വില്ലേജുകളെക്കൂടി പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോമീറ്റർ ആയി പരിസ്ഥിതിലോല പ്രദേശം നിജപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിസർവ് വനം, സംരക്ഷിത പ്രദേശം, ലോക പൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമേ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മൂന്നംഗ കമ്മിറ്റിയുടെ ശിപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) ഈ കാര്യത്തിൽ കേന്ദ്രസർക്കാർ ഇതുവരെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

**ലാവലിൻ കേസ്**

5 (5) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാവലിൻ കേസ് പരിഗണിക്കുന്നത് വേഗത്തിൽ ആക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ലാവലിൻ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് റിവിഷൻ ഹർജി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ലാവലിൻ കേസിൽ ആരെയൊക്കെയാണ് പ്രതികളായി കണ്ടെത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) ലാവലിൻ കേസിൽ ഓരോരുത്തർക്കുമെതിരെ ഏതെല്ലാം വകുപ്പുകളാണ് ചാർജ്ജ് ചെയ്യപ്പെട്ടിട്ടുള്ളതെന്നറിയിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ അന്നത്തെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനായിരുന്ന ശ്രീ. ആസഫലി സർക്കാരിന്റെ അനുമതി ഇല്ലാതെ ഒരു ഹർജി നൽകിയിരുന്നതായി അറിയുന്നു.

(ബി) ഹൈക്കോടതിയിൽ സി.ബി.ഐ. നൽകിയ റിവിഷൻ ഹർജി സി.ബി.ഐ.-യുടെ അപേക്ഷയനുസരിച്ച് രണ്ട് മാസത്തേക്ക് നീട്ടിയിട്ടുണ്ട്.

(സി) സർക്കാർ മേൽ വിഷയത്തിൽ റിവിഷൻ ഹർജി നൽകിയിട്ടില്ല.

(ഡി) വിചാരണക്കോടതി പ്രതികളെയെല്ലാം കേസിൽനിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. ആകയാൽ നിലവിൽ ഈ കേസിൽ പ്രതികളായി ആരും തന്നെയില്ല.

(ഇ) 'ഡി'-യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യത്തിന് പ്രസക്തിയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഭരണമാറ്റം**

6 (6) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :

<u>ശ്രീ. എം. ഉമ്മർ</u> :

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> :

<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണമാറ്റത്തെത്തുടർന്ന് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വിവിധ തരത്തിലുള്ള ഭീഷണികൾ ഉയരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവണതകൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**ഔദ്യോഗിക വസതി മോടിപിടിപ്പിക്കൽ**

7 (7) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ;

(സി) ഔദ്യോഗിക വസതിയിലേക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു:

അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 61,47,625 രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,79,811 രൂപയും ഫർണീച്ചർ റിപ്പയറിംഗിനും പോളിഷിംഗിനും 1,62,736 രൂപയും കർട്ടൻ ഫിറ്റിംഗ്സ് ഇനത്തിൽ 1,39,806 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവായ തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഓഫീസ് | - | 4,92,963 |
| വസതി | - | 2,83,744 |
| മൊബൈൽ ഫോൺ | - | 37,810 |
| ആകെ | - | 8,14,517 |

അതിഥി സൽക്കാരത്തിനായി 1,84,705 രൂപയും യാത്രാബത്ത ഇനത്തിൽ 7,00,978 രൂപയും ചെലവായിട്ടുണ്ട്.

(സി) പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതിയിൽ സാധനസാമഗ്രികൾ വാങ്ങുന്നതിനായി ആകെ 13,60,837 രൂപ ചെലവായിട്ടുണ്ട്.

**സർക്കാർ സർവ്വീസിലെ ഒഴിവുകൾ**

8 (8) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽനിന്നും 2016 മെയ് 31-ന് എത്ര ഉദ്യോഗസ്ഥരും അദ്ധ്യാപകരും റിട്ടയർ ചെയ്തു എന്നതിന്റെ വകുപ്പുതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) 2016 ജൂൺ 1-നും 10-നും ഇടയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു എന്നതിന്റെ വകുപ്പുതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2016 മേയ് 31-ന് ആകെ 7823 പേർ സംസ്ഥാന സർവ്വീസിൽനിന്നും വിരമിച്ചിട്ടുണ്ട്. ഓരോ വകുപ്പിൽനിന്നും വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ SPARK വിഭാഗത്തിൽനിന്നും ലഭ്യമായത് അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്*.

(ബി) 2016 ജൂൺ 1 മുതൽ 10 വരെ 1198 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് പി.എസ്.സി.യിൽനിന്നും ലഭ്യമായത് അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്*.

**ജനസമ്പർക്ക പരിപാടി**

9 (9) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. റോജി എം. ജോൺ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ടോ;

(ബി) എത്ര ഘട്ടങ്ങളിലായാണ് ഇവ നടത്തിയത്; ഓരോ ഘട്ടത്തിലും ഉള്ള വ്യത്യസ്ഥതകൾ എന്തെല്ലാമായിരുന്നു;

(സി) ഈ പരിപാടി നടത്തിയതിന്റെ വെളിച്ചത്തിൽ നിലവിലുള്ള ചട്ടങ്ങളിൽ എന്തെല്ലാം ഇളവുകളും പരിഷ്കാരങ്ങളും വരുത്തുകയുണ്ടായി; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ പ്രശ്നപരിഹാര പരിപാടിക്ക് അന്തർദേശീയ തലത്തിൽ എന്തെല്ലാം അംഗീകാരങ്ങൾ ലഭിക്കുകയുണ്ടായി; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഈ പരിപാടിയിൽ എത്ര പരാതികളിൽ പരിഹാരം കാണുകയും എത്രകോടി രൂപയുടെ സഹായം വിതരണം ചെയ്യുകയും ചെയ്തു?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) ഉണ്ട്. 2011, 2013, 2015 വർഷങ്ങളിലായി ഓരോ ജില്ലയിലും മൂന്ന് തവണവീതം ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട്. 2011-ൽ നടന്ന പരിപാടിയിൽ പൊതുജനങ്ങളിൽനിന്നും നേരിട്ടാണ് അപേക്ഷകൾ സ്വീകരിച്ചത്. 2013, 2015 വർഷങ്ങളിൽ നടന്ന പരിപാടികളിൽ ഓൺലൈനായും നേരിട്ടും അപേക്ഷകൾ സ്വീകരിച്ചു.

(സി) 45 സർക്കാർ ഉത്തരവുകൾ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ ക്രോഡീകരിച്ച് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) UN Public Service Award 2013-ൽ ലഭിച്ചിട്ടുണ്ട്.

(ഇ) ഒന്നും, രണ്ടും, മൂന്നുംഘട്ട ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളിൽ നാളിതുവരെ 11,45,449 അപേക്ഷകൾ തീർപ്പുകൽപ്പിക്കുകയും മൂന്നുഘട്ടങ്ങളിലുമായി ആകെ 242,87,23,832 രൂപയുടെ (ഇരുന്നൂറ്റി നാല്പത്തി രണ്ടുകോടി എൺപത്തിയേഴ് ലക്ഷത്തി ഇരുപത്തിമൂന്നായിരത്തി എണ്ണൂറ്റി മുപ്പത്തിരണ്ട് രൂപ) ധനസഹായവും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ വിവിധ ചെലവുകൾ**

10 (10) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, എന്നിവരുടെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇവരുടെ ഔദ്യോഗിക വസതിയിലേയ്ക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക വിശദമാക്കുമോ ;

(സി) ഇവരുടെ ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) പതിനാലാം മന്ത്രിസഭയിലെ പുതിയ മന്ത്രിമാർ താമസം തുടങ്ങുന്നതിനുമുമ്പ് ടൂറിസം വകുപ്പ് പൊതുമരാമത്ത് വകുപ്പുവഴി ചെയ്യേണ്ട സാധാരണ അറ്റകുറ്റപ്പണികൾ (Routine maintenance) നടത്തിയിട്ടുണ്ട്. അതിനായി മുഖ്യമന്ത്രിയുടെ വസതി ഉൾപ്പെടെ 19 മന്ത്രി മന്ദിരങ്ങൾക്കായി 32,62,000 രൂപ (മുപ്പത്തിരണ്ട് ലക്ഷത്തി അറുപത്തിരണ്ടായിരം രൂപ) സിവിൽ പണികൾക്കും 3,33,000 രൂപ (മൂന്നുലക്ഷത്തി മുപ്പത്തിമൂന്നായിരം രൂപ) ഇലക്ട്രിക് പണികൾക്കുംകൂടി ആകെ 35,95,000 രൂപ (മുപ്പത്തഞ്ച് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്. പതിനാലാം മന്ത്രിസഭയിലെ പുതിയ മന്ത്രിമാർക്കുവേണ്ടി നിലവിലുള്ള സൗകര്യങ്ങൾക്കുപുറമേ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്താനോ മോടിപിടിപ്പിക്കാനോ പണമൊന്നും ചെലവഴിച്ചിട്ടില്ല. അപ്രകാരം ചെയ്യേണ്ടതില്ലെന്ന് ബഹു. മുഖ്യമന്ത്രിയും ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയും നിർദ്ദേശിച്ചിരുന്നു.

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ ഒഴിവുകൾ**

11 (11) <u>ശ്രീ. ഇ. കെ.വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിൻെറ എത്ര ഒഴിവുകൾ നാളിതു വരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പ് തിരിച്ച് ഒഴിവുകളുടെ എണ്ണം ലഭ്യമാക്കാമോ;

(സി) ഹെഡ് ക്വാർട്ടർ ഒഴിവ് എത്ര എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വകുപ്പ് തിരിച്ച് ഹെഡ് ക്വാർട്ടർ ഒഴിവുകളുടെ എണ്ണം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 29 ഒഴിവുകൾ.

(ബി) ഒഴിവുകളുടെ വകുപ്പുതിരിച്ചുള്ള പട്ടിക

| | | |
|---|---|---|
| 1. | ലെജിസ്ലേച്ചർ | 2 |
| 2. | ലേബർ | 1 |
| 3. | ജൂഡീഷ്യറി (സിവിൽ) | 2 |

| | | |
|---|---|---|
| 4. | അനിമൽ ഹസ്ബന്ററി | 1 |
| 5. | യൂണിവേഴ്സിറ്റി അപ്പലേറ്റ് അതോറിറ്റി | 1 |
| 6. | ഹെൽത്ത് | 1 |
| 7. | ജുഡീഷ്യറി (ക്രിമിനൽ) | 8 |
| 8. | കളക്ടറേറ്റ് | 3 |
| 9. | പൊതുഭരണ വകുപ്പ് | 1 |
| 10. | അഡ്വക്കേറ്റ് ജനറൽ | 1 |
| 11. | സിവിൽസപ്ലൈസ് | 1 |
| 12. | മെഡിക്കൽ വിദ്യാഭ്യാസം | 2 |
| 13. | ട്രഷറി | 1 |
| 14. | പൊതുമരാമത്ത് | 1 |
| 15. | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് | 1 |
| 16. | നിയമം | 1 |
| 17. | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ | 1 |
| | ആകെ | 29 |

(സി) 4 ഹെഡ് ക്വാർട്ടർ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ഹെഡ് ക്വാർട്ടർ ഒഴിവുകളുടെ വകുപ്പുതിരിച്ചുള്ള പട്ടിക</u>

| | | |
|---|---|---|
| 1. | ലെജിസ്ലേച്ചർ | 1 |
| 2. | പൊതുഭരണ വകുപ്പ് | 1 |
| 3. | അഡ്വക്കേറ്റ് ജനറൽ | 1 |
| 4. | നിയമ വകുപ്പ് | 1 |

## സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങ്

12 (12) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിനായി എന്ത് തുക ചെലവഴിച്ചെന്ന് വിവിധ വകുപ്പുകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) രൂപീകരിക്കാൻ പോകുന്ന സർക്കാരുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്തും പുറത്തും ഏതൊക്കെ പത്രങ്ങളിലാണ് PRD പരസ്യം നൽകിയത്; ഇതിനായി എന്തു തുക നൽകി; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെ പരസ്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു തുക വീതം നൽകിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

| | | |
|---|---|---|
| (എ) | 1. പൊതുമരാമത്ത് വകുപ്പ് | 30,86,414 രൂപ |
| | 2. ടൂറിസം വകുപ്പ് | 3,65,200 രൂപ |
| | 3. പൊതുഭരണ വകുപ്പ് | 20,000 രൂപ |
| | 4. ശുചിത്വ മിഷൻ | 81,280 രൂപ |

(ബി) സംസ്ഥാനത്തിനകത്തും പുറത്തും പരസ്യം നൽകിയ മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപത്രങ്ങളുടെ പേരും എഡിഷനും ചുവടെ ചേർക്കുന്നു:

| ദിന പത്രത്തിന്റെ പേര് | എഡിഷൻ |
|---|---|
| (1) | -2 |
| മലയാള മനോരമ, മാതൃഭൂമി, ചന്ദ്രിക, ക്രൈം സ്റ്റോറി, ദേശാഭിമാനി, ജനറൽ, ജനയുഗം, ജന്മഭൂമി, കേരളകൗമുദി, ദീപിക, കേരളകൗമുദി ഫ്ലാഷ്, മാധ്യമം, മംഗളം, രാഷ്ട്ര ദീപിക, സിറാജ്, മെട്രോവാർത്ത, കലാപ്രേമി, കാരവൽ (മലയാളം), കേരളരാജ്യം, കേരനാട്, കലാകൗമുദി, കേരള ഹെറാൾഡ്, കേരളവാർത്ത, ലേറ്റസ്റ്റ്, പ്രഹേളിക, ന്യൂസ് കേരള, പടയണി, പ്രഭാതവാർത്ത, പ്രദീപം, പൗരൻ, സായാഹ്ന കൈരളി, സായാഹ്നശബ്ദം, സതേൺസ്റ്റാർ, സ്വതന്ത്ര | ആൾ കേരള |

| | |
|---|---|
| മണ്ഡപം, തനിമ, തലസ്ഥാനവാർത്ത, ഉത്തരദേശം (മലയാളം), വർത്തമാനം, വേണാട് കൗമുദി, വേണാട് പത്രിക, മലയാള മഹിമ, മക്തബ്, ഭാരതപത്രിക, ഗദ്ദിക, ന്യൂ ഏജ്, സുദിനം, തുറന്ന കത്ത്, തൃശ്ശിവപ്പേരൂർ എക്സ്പ്രസ്, ജന്മദേശം, കേരളഭൂഷണം, പീപ്പിൾസ് റിവ്യൂ, ക്രൈം, തനിനിറം, ടെലഗ്രാഫ്, ബിഗ് ന്യൂസ്, വീക്ഷണം, മലബാർ വാർത്ത, സായാഹ്നം, ജന്മദേശം, സൗത്ത് ഇന്ത്യ ന്യൂസ്, കർമ്മശക്തി, തനിനിറം എക്സ്പ്രസ്, സിറ്റി ജേർണൽ, ദി ഹിന്ദു (കേരള പേജ്), ബിസിനസ് ലൈൻ (കേരള പേജ്), ഡെക്കാൻ ക്രോണിക്കിൾ (കേരള പേജ്), ടൈംസ് ഓഫ് ഇന്ത്യ (കേരള പേജ്), ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്, ബിസിനസ് സ്റ്റാന്റേർഡ് | |
| തീക്കതിർ | ചെന്നൈ, തിരുച്ചിറപ്പള്ളി, മധുര, കോയമ്പത്തൂർ |
| ദിനകരൻ | കോയമ്പത്തൂർ, മധുര, നാഗർകോവിൽ |
| ഹോസാഡിഗന്ധ, വിജയകർണ്ണാടക, വാർത്താഭാരതി | മാംഗളൂർ |
| ട്രിനിറ്റി മിറർ | ചെന്നൈ |
| ഇന്ത്യൻ എക്സ്പ്രസ് | ഡൽഹി |
| ടൈംസ് ഓഫ് ഇന്ത്യ, എക്കണോമിക് ടൈംസ് | ഡൽഹി, മുംബൈ |
| ദി ഹിന്ദു | ഡൽഹി |
| ഹിന്ദുസ്ഥാൻ ടൈംസ് | ഡൽഹി |

പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ പത്രസ്ഥാപനങ്ങൾ ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുക ഇതുവരെ നൽകിയിട്ടില്ല.

(സി) ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെ പരസ്യം നൽകിയിട്ടുണ്ട്. ഈ ഇനത്തിലും തുക ഇതുവരെ നൽകിയിട്ടില്ല.

## എൻഡോസൾഫാൻ ദുരിതബാധിതരും ബഡ്സ് സ്കൂളുകളും

13 (13) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതർക്കായി പ്രഖ്യാപിച്ച പുനരധിവാസ ഗ്രാമത്തിന്റെ നടപടികൾ എന്തായെന്ന് വ്യക്തമാക്കാമോ;

(ബി) എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി നബാർഡ്-ആർ.ഐ.ഡി.എഫ്. വാഗ്ദാനം ചെയ്ത സഹായം 27 ശതമാനം മാത്രമേ ഉപയോഗിച്ചിട്ടുള്ളുവെന്നും ബാക്കി തുക ഈ വർഷം ഉപയോഗിച്ചില്ലെങ്കിൽ ലാപ്സായി പോകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) കാസർഗോഡ് ബഡ്സ് സ്കൂൾ കെട്ടിടങ്ങൾ എപ്പോൾ പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ഡി) ബഡ്സ് സ്കൂളുകൾ എയ്ഡഡ് പദവിയിലേക്കുയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനം എപ്പോൾ പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനായി നിബന്ധനകൾക്ക് വിധേയമായി 25 ഏക്കർ ഭൂമി അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ തുടർനടപടി കൈക്കൊള്ളാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

## വിവരാവകാശ നിയമം, 2005

14 (14) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമം, 2005-ന്റെ പരിധിയിൽ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കു പുറമെ ഏതൊക്കെ സ്ഥാപനങ്ങൾ ഉൾപ്പെടുമെന്ന് വിശദമാക്കുമോ;

(ബി) ഈ നിയമത്തിന്റെ പരിധിയിൽ സ്വകാര്യ മേഖലയിലെ ആശുപത്രികൾ, ഇൻഷ്വറൻസ്, പണമിടപാട് സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരാവകാശ നിയമം, 2005-ലെ സെക്ഷൻ 2(h)-ൽ പ്രതിപാദിച്ചിട്ടുള്ള 'പൊതു അധികാര' സ്ഥാപനങ്ങളെയാണ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

" പൊതു അധികാരസ്ഥാനം" എന്നാൽ

1. ഭരണഘടനയാൽ അല്ലെങ്കിൽ അതിൻ കീഴിൽ;
2. പാർലമെന്റിനാൽ ഉണ്ടാക്കപ്പെട്ട മറ്റ് ഏതെങ്കിലും നിയമത്താൽ;
3. സംസ്ഥാന നിയമസഭയാൽ ഉണ്ടാക്കപ്പെട്ട മറ്റ് ഏതെങ്കിലും നിയമത്താൽ;
4. സമുചിത സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമോ, ഉത്തരവോ മുഖേനയോ സ്ഥാപിക്കപ്പെട്ടതോ, രൂപീകരിക്കപ്പെട്ടതോ ആയ ഏതെങ്കിലും അധികാരസ്ഥാനം അല്ലെങ്കിൽ നികായം അല്ലെങ്കിൽ സ്വയംഭരണ സ്ഥാപനം എന്നും കൂടാതെ സമുചിത സർക്കാരിനാൽ പ്രത്യക്ഷമായോ പരോക്ഷമായോ നൽകപ്പെടുന്ന ഫണ്ടിനാൽ, -
   - (i) ഉടമസ്ഥതയിലുള്ളതോ, നിയന്ത്രണത്തിലുള്ളതോ അല്ലെങ്കിൽ ഗണ്യമായ സാമ്പത്തിക സഹായം നൽകിയിട്ടുള്ളതോ ആയ ഏതെങ്കിലും നികായവും:
   - (ii) ഗണ്യമായ സാമ്പത്തികസഹായം നൽകിയിട്ടുള്ള ഏതെങ്കിലും സർക്കാരിതര സംഘടന ഉൾപ്പെടെയും എന്നർത്ഥമാകുന്നു.

ഈ നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സ്വകാര്യ മേഖലയിലെ ആശുപത്രികൾ, പണമിടപാടു സ്ഥാപനങ്ങൾ, ഇൻഷ്വറൻസ് കമ്പനികൾ എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല എന്നു കാണുന്നു.

## കസ്തൂരിരംഗൻ - ഗാഡ്ഗിൽ റിപ്പോർട്ട് - പരിഹാര മാർഗ്ഗങ്ങൾ

15 (15) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട സംരക്ഷണത്തിനായി സമർപ്പിച്ച ഗാഡ്ഗിൽ - കസ്തൂരി രംഗൻ റിപ്പോർട്ടിൽ ജനവാസ മേഖലകളെ ഒഴിവാക്കുന്നതിനായി കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഈ വിഷയം പരിഹരിക്കുന്നതിന് ഗവൺമെൻറ് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രശ്നബാധിത പ്രദേശത്തെ എം.എൽ.എ.മാരുൾപ്പെടെയുള്ള ജനപ്രതിനിധികളേയും കർഷക സംഘടനകളേയും വിളിച്ച് ചേർത്ത് യോഗം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി (ESA) കസ്തൂരിരംഗൻ കമ്മിറ്റി കണക്കാക്കിയിരുന്നു. സംസ്ഥാന സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോമീറ്റർ ആയി നിജപ്പെടുത്തുകയും ആയതുപ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമല്ലെന്ന് കണ്ടെത്തിയ 4 വില്ലേജുകളെക്കൂടി പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽനിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോമീറ്റർ ആയി പരിസ്ഥിതിലോല പ്രദേശം നിജപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിസർവ് വനം, സംരക്ഷിത പ്രദേശം, ലോക പൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമെ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജനവാസകേന്ദ്രങ്ങളെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ജനങ്ങളെ സഹകരിപ്പിച്ചുകൊണ്ടുമുള്ള പ്രവർത്തനമാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്.

(സി) യുക്തമായ സമയത്ത് പരിഗണിക്കുന്നതാണ്.

**മണലൂറ്റ് നിയന്ത്രിക്കാൻ നടപടി**

16 (16) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കവ്വായി കായലുൾപ്പെടെയുള്ള നദികളിൽ നിന്നും വ്യാപകമായി മണലൂറ്റുന്നതുമൂലം മത്സ്യമേഖല ഉൾപ്പെടെ പരിസ്ഥിതിക്ക് ഉണ്ടാകുന്ന വ്യാപകമായ നാശം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കടൽ തീരങ്ങളിൽ നിന്നുപോലും പൂഴി വാരുകയും ഇതിനെതിരെ പ്രതികരിക്കുന്ന നാട്ടുകാർക്കും ഉദ്യോഗസ്ഥൻമാർക്കുമെതിരെ പൂഴി മാഫിയകൾ നടത്തുന്ന അതിക്രമങ്ങൾ തടയാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ&ബി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ജലാശയങ്ങൾ വൃത്തിയാക്കുന്നതിന് നടപടി**

17 (17) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ജലാശയങ്ങളിൽ വ്യാപകമായ തോതിൽ പോളയും മറ്റു മാലിന്യങ്ങളും കെട്ടിക്കിടക്കുന്നത് ജലമലിനീകരണത്തിനും പരിസ്ഥിതി മലിനീകരണത്തിനും കാരണമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലാശയങ്ങളിലെ പോളയും മറ്റു മാലിന്യങ്ങളും സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## പി.എസ്.സി. നിയമനങ്ങളിലെ കാലതാമസം

18 (18) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 99/2014, 101/2014, 004/2014, 505/2013 കാറ്റഗറി തസ്തികളിലേക്ക് നടത്തിയ എഴുത്തു പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഓരോ കാറ്റഗറിയിലെയും ഒഴിവുകൾ തരംതിരിച്ച നൽകുമോ;

(സി) പ്രസ്തുത തസ്തികകളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് നിയമനം നടത്താൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കാറ്റഗറി നമ്പർ 99/2014 ആയി വിജ്ഞാപനം ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (LSGD), കാറ്റഗറി നമ്പർ 101/2014 ആയി വിജ്ഞാപനം ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ (PWD/Irrigation), കാറ്റഗറി നമ്പർ 004/2014 ആയി വിജ്ഞാപനം ചെയ്ത കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ തസ്തിക, കാറ്റഗറി നമ്പർ 505/13 ആയി വിജ്ഞാപനം ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)/ഹെഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്നീ തസ്തികകളുടെ എഴുത്തുപരീക്ഷ നടന്നുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടിക തയ്യാറാക്കുന്ന നടപടികൾ വേഗത്തിൽ പുരോഗമിക്കുകയാണ്.

(ബി) LSGD അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ 90 ഒഴിവുകളും അസിസ്റ്റന്റ് എഞ്ചിനീയർ (PWD) തസ്തികയിൽ 39 ഒഴിവുകളും (പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ) അസിസ്റ്റന്റ് എഞ്ചിനീയർ (Irrigation) തസ്തികയിൽ 41 ഒഴിവുകളും കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ തസ്തികയിൽ 20 ഒഴിവുകളും അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)/ഹെഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) [Agriculture Engineering Wing] തസ്തികയിൽ 1 ഒഴിവും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

## പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

19 (19) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം എല്ലാ സർക്കാർ വകുപ്പുകളിൽ നിന്നുമായി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റശേഷം 25-5-2016 മുതൽ 21-6-2016 വരെ 4308 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനം

20 (20) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്ന് എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പി.എസ്.സി. റാങ്ക് പട്ടികയില്ലാത്ത തസ്തികകൾ വേർതിരിച്ചെടുത്ത് റാങ്ക് പട്ടിക നിലവിൽ വരുന്നതുവരെ താൽക്കാലിക അടിസ്ഥാനത്തിൽ ഈ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-5-2016 മുതൽ 21-6-2016 വരെ വിവിധ വകുപ്പുകളിൽനിന്നായി ആകെ 4308 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പി.എസ്.സി. റാങ്കുപട്ടിക നിലവിലില്ലാത്തതിനാൽ നികത്താൻ കഴിയാത്ത തസ്തികകൾ ചട്ടപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുവാൻ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പി.എസ്.സി. മുഖേനയല്ലാത്ത നിയമനങ്ങൾ**

21 (21) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വിവിധ വകുപ്പുകൾ, അനുബന്ധ സ്ഥാപനങ്ങൾ, വെയർ ഹൗസിംഗ് കോർപ്പറേഷൻ തുടങ്ങിയ കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ പി.എസ്.സി. മുഖേനയല്ലാതെ നടത്തിയ സ്ഥിരം/താൽക്കാലിക നിയമനങ്ങൾ എത്ര;

(ബി) ഇവയിൽ ഏതെല്ലാം മേഖലയിലെ നിയമനങ്ങളിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ കാലയളവിലെ പി.എസ്.സി. മുഖേനയല്ലാത്ത എല്ലാ നിയമനങ്ങൾ സംബന്ധിച്ചും വിശദമായ അന്വേഷണം നടത്താൻ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇക്കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

**പി.എസ്.സി. നിയമനം**

22 (22) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിയമനനിരോധനം നിലവിലുണ്ടായിരുന്നോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മൊത്തം എത്രപേർക്ക് പി.എസ്.സി. നിയമനം നൽകുകയുണ്ടായി; ഈ കാലയളവിൽ എത്രപേർ സർവ്വീസിൽനിന്ന് റിട്ടയർ ചെയ്തു എന്നു വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതിനകം എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ഏതൊക്കെ വകുപ്പുകളിൽ ഉൾപ്പെട്ടതാണ്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മുൻസർക്കാരിന്റെ കാലത്ത് 1,54,238 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഈ കാലയളവിൽ സർവ്വീസിൽനിന്ന് റിട്ടയർ ചെയ്തവരുടെ എണ്ണം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-5-2016 മുതൽ 21-6-2016 വരെ 4308 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്

**പി.എസ്.സി. നിയമനങ്ങൾ**

23 (23) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നടത്തിയ ആകെ നിയമനത്തിന്റെ കണക്ക് ലഭ്യമാക്കുമോ ; ഓരോ വകുപ്പിലും നടത്തിയ നിയമനങ്ങളുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള ഏതെങ്കിലും വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താല്ക്കാലിക നിയമനം നടത്തിയിട്ടുണ്ടോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ നടത്തിയ താല്ക്കാലിക നിയമനങ്ങളുടെ കണക്ക് ലഭ്യമാക്കുമോ ; ഇതിന്റെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടിയുടെ ഭാഗമായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലേക്ക് പി.എസ്.സി. 1,54,238 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിയമനങ്ങളുടെ വകുപ്പുതിരിച്ചുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി&സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 25-5-2016 മുതൽ 21-6-2016 വരെ ആകെ 4308 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദവിവരം ശേഖരിച്ചുനൽകുന്നതാണ്.

## എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

24 (24) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നിലവിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് (വേരിയസ് ഡിപ്പാർട്ട്മെന്റ്സ്) റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും ഇതിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എത്ര തവണയെന്നും എത്ര കാലയളവ് വീതമാണ് നീട്ടി നൽകിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ ലിസ്റ്റിൽനിന്ന് ഓരോ ജില്ലയിലും എത്ര നിയമനങ്ങൾ വീതം നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ സർക്കാർ അധികാരമേറ്റശേഷം ഈ തസ്തികയിലേക്ക് എത്ര പേർക്ക് നിയമനം നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) സർക്കാർ നിർദ്ദേശ പ്രകാരം ഓരോ ജില്ലയിൽനിന്ന് എൽ.ഡി. ടൈപ്പിസ്റ്റ് ഒഴിവ് എത്ര വീതമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ടി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറ് മാസം കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി)

| ജില്ല | നിലവിൽ വന്ന തീയതി | ആകെ നിയമന ശിപാർശ | ഈ സർക്കാർ വന്നശേഷം നിയമന ശിപാർശ | നിലവിലെ ഒഴിവുകൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | 17-5-2012 | 503 | 1 | 10 |
| കൊല്ലം | 17-5-2012 | 306 | 8 | 2 |
| പത്തനംതിട്ട | 17-5-2012 | 200 | 3 | 1 |
| കോട്ടയം | 17-5-2012 | 265 | 3 | 3 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ആലപ്പുഴ | 17-5-2012 | 292 | ... | 4 |
| ഇടുക്കി | 17-5-2012 | 181 | ... | 8 |
| എറണാകുളം | 17-5-2012 | 362 | ... | 6 |
| തൃശ്ശൂർ | 17-5-2012 | 292 | ... | 1 |
| പാലക്കാട് | 17-5-2012 | 280 | 9 | 11 |
| മലപ്പുറം | 17-5-2012 | 230 | 6 | ... |
| കോഴിക്കോട് | 17-5-2012 | 222 | 1 | ... |
| വയനാട് | 17-5-2012 | 81 | ... | 1 |
| കണ്ണൂർ | 17-5-2012 | 184 | ... | ... |
| കാസർഗോഡ് | 17-5-2012 | 93 | 1 | ... |

എല്ലാ ജില്ലകളിലെയും റാങ്ക് പട്ടിക 17-5-2012-നാണ് നിലവിൽ വന്നത്. ടി പട്ടിക 6 മാസംവീതം രണ്ട് തവണയും മൂന്നുമാസമുള്ള ഒരു തവണയുമായി ആകെ മൂന്നുപ്രാവശ്യം കാലാവധി ദീർഘിപ്പിക്കപ്പെട്ടു.(നിലവിൽ 30-6-2016 വരെ )

(ഇ) ഇപ്പോൾ നിലവിലുള്ളതും നാലര വർഷം പൂർത്തിയാക്കാത്തതുമായ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി ആറ് മാസംകൂടി ദീർഘിപ്പിക്കുന്നതിന് സർക്കാർ പി.എസ്.സി.-യോട് ശിപാർശ ചെയ്തിട്ടുണ്ട്.

**ഒഴിവുള്ള തസ്തികകൾ**

25 (25) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് ചുമതലയേറ്റതിനുശേഷം ഒഴിവുള്ള തസ്തികകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നുവോ; വിശദമാക്കാമോ;

(ബി) നിർദ്ദേശം നൽകിയെങ്കിൽ ഇതിനോടകം എത്ര തസ്തികകൾ ഒഴിവുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ;

(സി) എന്നു മുതലാണ് ഈ തസ്തികകളിൽ ഒഴിവ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു. അതതു വകുപ്പുമായി ബന്ധപ്പെട്ട പി.എസ്.സി. റാങ്ക് പട്ടിക നിലവിലുണ്ടെങ്കിൽ, നിലവിലുള്ള എല്ലാ ഒഴിവുകളും ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാരും നിയമനാധികാരികളും 3-6-2016-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 27-5-2016-ലെ ഉപ.സി3/38/2016/ഉഭപവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

(ബി) 25-5-2016 മുതൽ 21-6-2016 വരെ 4308 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഒഴിവുകൾ**

26 (26) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ ഹെഡ്ക്വാർട്ടർ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വകുപ്പു തിരിച്ചുള്ള ഒഴിവുകൾ ലഭ്യമാക്കുമോ;

(ഡി) റിപ്പോർട്ടു ചെയ്യപ്പെട്ട ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 29 ഒഴിവുകൾ.

(ബി) ഒഴിവുകളുടെ വകുപ്പുതിരിച്ചുള്ള പട്ടിക

| | | |
|---|---|---|
| 1. | ലെജിസ്ലേച്ചർ | 2 |
| 2. | ലേബർ | 1 |
| 3. | ജുഡീഷ്യറി(സിവിൽ) | 2 |
| 4. | അനിമൽ ഹസ്ബന്ററി | 1 |

| | | |
|---|---|---|
| 5. | യൂണിവേഴ്സിറ്റി അപ്പലേറ്റ് അതോറിറ്റി | 1 |
| 6. | ഹെൽത്ത് | 1 |
| 7. | ജൂഡീഷ്യറി (ക്രിമിനൽ) | 8 |
| 8. | കളക്ടറേറ്റ് | 3 |
| 9. | പൊതുഭരണ വകുപ്പ് | 1 |
| 10. | അഡ്വക്കേറ്റ് ജനറൽ | 1 |
| 11. | സിവിൽസപ്ലൈസ് | 1 |
| 12. | മെഡിക്കൽ വിദ്യാഭ്യാസം | 2 |
| 13. | ട്രഷറി | 1 |
| 14. | പൊതുമരാമത്ത് | 1 |
| 15. | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് | 1 |
| 16. | നിയമം | 1 |
| 17. | വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ | 1 |
| | ആകെ | 29 |

(സി) ഉണ്ട്. മേൽപ്പറഞ്ഞതിൽ 4 ഒഴിവുകൾ ഹെഡ് ക്വാർട്ടർ ഒഴിവുകളാണ്.

<u>ഹെഡ് ക്വാർട്ടർ ഒഴിവുകളുടെ വകുപ്പുതിരിച്ചുള്ള പട്ടിക</u>

| | | |
|---|---|---|
| 1 | ലെജിസ്ലേച്ചർ | 1 |
| 2 | പൊതുഭരണ വകുപ്പ് | 1 |
| 3 | അഡ്വക്കേറ്റ് ജനറൽ | 1 |
| 4 | നിയമം | 1 |

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**സേവനാവകാശ നിയമം**

27 (27) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സേവനാവകാശ നിയമമനുസരിച്ച് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെ സംബന്ധിച്ചുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പുകൾ ഏതെല്ലാം; പ്രസ്തുത വിജ്ഞാപനങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിജ്ഞാപനം ഇതുവരേയും പുറപ്പെടുവിക്കാത്ത വകുപ്പുകൾ ഏതെല്ലാമാണെന്നും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും കൃത്യമായും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം-2012, 2012 നവംബർ 1-ന് നിലവിൽവന്നു. ടി നിയമങ്ങളും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേക്കും കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതിപോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവൻമാർ ബന്ധപ്പെട്ട ഭരണവകുപ്പുമുഖേന ലഭ്യമാക്കണമെന്നും

നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കേരള സംസ്ഥാന സേവനാവകാശ നിയമത്തിലെ 3-ാം വകുപ്പുപ്രകാരം ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും ഓരോ തദ്ദേശഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്ന സേവനങ്ങളുടെ കൂട്ടത്തിൽ അതത് ഓഫീസിലെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുംകൂടി സേവനാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സേവനാവകാശ നിയമം-2012 സംബന്ധിച്ച് അതത് വകുപ്പുകൾ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഓരോ വകുപ്പും/സ്ഥാപനങ്ങളും ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി&സി) പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകുന്ന പ്രധാനപ്പെട്ട വകുപ്പുകളിലെല്ലാം കേരള സംസ്ഥാന സേവനാവകാശ നിയമം-2012 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള 121 വകുപ്പുകൾ/സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായും* ലഭ്യമായ വിജ്ഞാപനങ്ങളുടെ പകർപ്പുകൾ സി.ഡി.യിലുൾക്കൊള്ളിച്ചും ചേർക്കുന്നു.

(ഡി) പൊതുജനങ്ങൾക്ക് സേവനങ്ങൾ കൃത്യമായും വേഗത്തിലും നൽകത്തക്ക രീതിയിലുള്ള സംവിധാനങ്ങൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവത്കരണം, DDFS, ഇ-ഓഫീസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS ഇപ്പോൾ സെക്രട്ടേറിയറ്റിൽ നിലവിലുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ടുകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുമുണ്ട്. കൂടാതെ ഫയൽ അദാലത്തുകൾ മുഖേനയും പരാതികളും ഫയലുകളും തീർപ്പാക്കി വരുന്നുണ്ട്. പഞ്ചദിന ചട്ടം, സേവനാവകാശ നിയമം എന്നിവ പ്രകാരവും അപേക്ഷകളിൻമേൽ വേഗം തീരുമാനമെടുത്തുവരുന്നു. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളും അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിവിധ വകുപ്പദ്ധ്യക്ഷൻമാർക്കും ജില്ലാകളക്ട ർമാർക്കും സർക്കാർ നിർദ്ദേശം നൽകിവരുന്നുണ്ട്. പരാതികളിൻമേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാക്കുന്നത് പരിഹരിക്കാൻ മേൽ പരാമർശിച്ച ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ഓൺലൈൻ സേവനങ്ങളും കൂടുതൽ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഡിജിറ്റൽ സംസ്ഥാനം

28 (28) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. അനിൽ അക്കര :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനം ആക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(ബി) ഇതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുവാൻ ഏതു നോഡൽ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഡിജിറ്റൽ സംവിധാനങ്ങളിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ള മുന്നേറ്റങ്ങൾ അംഗീകരിച്ചുകൊണ്ടാണ് ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചിട്ടുള്ളത്. നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഐ.ടി. വകുപ്പിനുകീഴിൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ഡിജിറ്റൽ കേരള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

(സി) ഡിജിറ്റൽ കേരള കൊണ്ട് ഉദ്ദേശിക്കുന്നത് സംസ്ഥാന സർക്കാരിന്റെ എല്ലാ ഐ.ടി. പദ്ധതികളും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നതാണ്. നിലവിലുള്ള വിവിധ വകുപ്പുകളുടെ ഓൺലൈൻ സർവ്വീസുകൾ, ഓൺലൈൻ ബിൽ പേയ്മെന്റ്, ഇ-ടെണ്ടർ, ഇ-ഓഫീസ്, ഡിജിറ്റൽ സാക്ഷരത മുതലായ സേവനങ്ങളൊക്കെ ഡിജിറ്റൽ കേരളയുടെ ഭാഗമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഐ.ടി. മേഖല

29 (29) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഐ.ടി.മേഖല എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഈ മേഖലയിൽ എത്ര പേർക്ക് തൊഴിലവസരങ്ങൾ നൽകാനായി എന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ മേഖലയിൽ ഏതെല്ലാം മാർഗ്ഗങ്ങളിൽക്കൂടി എത്രകോടി രൂപ വരുമാനമുണ്ടായിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) 1998 മുതൽ നിലവിലുണ്ടായിരുന്ന ഐ.ടി. നയത്തിന്റെ വെളിച്ചത്തിൽ മികച്ച നിലവാരമുള്ള മാനവ വിഭവശേഷി, ഐ.ടി വ്യവസായത്തിന് അത്യന്താപേക്ഷിതമായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഇതിനോടനുബന്ധിച്ചുള്ള മറ്റ് അനുബന്ധ സാഹചര്യങ്ങൾ എന്നിവ ലക്ഷ്യമിട്ട് ഐ.ടി. മേഖലയുടെ വികസനത്തിനായി പുതിയ ഒരു ഐ.ടി. നയമാണ് നിലവിലുണ്ടായിരുന്നത്. ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലുംകൂടി ഐ.ടി പാർക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇതിൽ തിരുവനന്തപുരം ടെക്നോ പാർക്ക് ഹബ് ആക്കിക്കൊണ്ട് കുണ്ടറ ടെക്നോപാർക്കും കൊച്ചി ഇൻഫോ പാർക്ക് ഹബ് ആക്കിക്കൊണ്ട് ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും കോഴിക്കോട് സൈബർ പാർക്ക് ഹബ് ആക്കിക്കൊണ്ട് കാസർഗോഡ് ജില്ലയിലും കണ്ണൂർ ജില്ലയിലും ഓരോ സ്പോക്ക് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ഒഴികെ പാർക്കുകൾ പ്രവർത്തനം തുടങ്ങി. ടെക്നോ ലോഡ്ജ്, റൂറൽ, ഐ.ടി & ഇലക്ട്രോണിക്സ് പാർക്കുകൾ എന്നീ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. KSITIL-ന്റെ കീഴിൽ പിറവത്തും മൂവാറ്റുപുഴയിലും വെളിയത്തും തവക്കരയിലും ടെക്നോ ലോഡ്ജുകൾ സ്ഥാപിച്ചു. തലശ്ശേരി, പട്ടാമ്പി, അരീക്കോട് എന്നിവിടങ്ങളിൽ റൂറൽ, ഐ.ടി. & ഇലക്ട്രോണിക്സ് പാർക്കുകൾ തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം പ്രൈവറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്മാർട്ട് സിറ്റി പദ്ധതിക്കാവശ്യമായ ഭൂമി സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടം പ്രവർത്തനം ആരംഭിച്ചു. 6.5 ലക്ഷം ച. അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 45 ലക്ഷം ച. അടി വിസ്തീർണ്ണമുള്ള ഐ.ടി സ്പേസ് ഉൾക്കൊള്ളുന്ന രണ്ടാംഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനം കൂടി നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ടെക്നോ പാർക്കിൽ 282 കമ്പനികൾ പ്രവർത്തിക്കുന്ന ഫേസ്-I ക്യാമ്പസ് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ട്. ടെക്നോപാർക്കിന്റെ ഫേസ്-II ക്യാമ്പസിന് പൂർണ്ണ SEZ പദവി ലഭിക്കുകയും പ്രധാനപ്പെട്ട ഐ.ടി./ഐ.ടി. അനുബന്ധ കമ്പനികൾ അവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടെക്നോപാർക്കിന്റെ മൂന്നാംഘട്ടമായ ഫേസ്-III-നായി ഏകദേശം 92 ഏക്കർ ഭൂമി ഏറ്റെടുക്കുകയും 10 ലക്ഷം ച. അടി വിസ്തീർണ്ണത്തിൽ കെട്ടിട സമുച്ചയം പൂർത്തിയാക്കി ഏകദേശം 423 ഏക്കറിലുള്ള ടെക്നോ സിറ്റിയിൽ 5 കമ്പനികൾക്ക് ഭൂമി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ ഈ കാലയളവിൽ 98 പുതിയ കമ്പനികളിലൂടെ ഏകദേശം 23500 പേർക്ക് പ്രത്യക്ഷമായും അതിന്റെ നാലുമടങ്ങ് പരോക്ഷമായും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാനും സാധിച്ചിട്ടുണ്ട്.

പുതിയ സ്വകാര്യ സംരംഭകർക്ക് ഭൂമി പാട്ടത്തിന് നൽകാനായി കൊരട്ടി ഇൻഫോ പാർക്കിൽ പുതിയ ഐ.ടി. സമുച്ചയത്തിന് അനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. സൈബർ പാർക്കിൽ ആദ്യ കെട്ടിടമായ 11700 ച. അടിയുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഈ കെട്ടിടം പൂർത്തീകരിക്കുന്നതോടെ 3000-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്. കേരള സ്റ്റാർട്ട്-അപ് മിഷൻ രൂപീകരിച്ചുകൊണ്ട് സ്റ്റാർട്ട്-അപ് ഇനിഷ്യേറ്റീവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## ചീമേനി ഐ.ടി. പാർക്ക്

30 (30) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനുവദിച്ച ഐ.ടി. പാർക്കിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഈ പാർക്കിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 50,000 ച. അടി. വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2015 നവംബർ മാസം ആരംഭിച്ചു. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണം പുരോഗമിക്കുന്നു. പാർക്കിന്റെ പ്രവർത്തനം ഒരു വർഷത്തിനകം തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കൊച്ചി സ്മാർട്ട് സിറ്റി

31 (31) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ ഗവൺമെന്റ് ആസൂത്രണം ചെയ്തത്;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(സി) ആദ്യ ഘട്ടത്തിൽ എത്ര പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പദ്ധതി പൂർണ്ണ തോതിൽ നടപ്പാക്കുന്നതിന് ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കർ മാസ്റ്റർ പ്ലാനിന് സംസ്ഥാന പാരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതികാനുമതിയും MOEF ക്ലിയറൻസും ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 246 ഏക്കറിനും പ്രത്യേക സാമ്പത്തിക മേഖലാ പദവി (SEZ) ലഭ്യമായിട്ടുണ്ട്. ബിൽഡിംഗ് പ്ലാനുകൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള അംഗീകാരം നൽകുന്നതിനായി സ്മാർട്ട് സിറ്റിക്കുവേണ്ടി ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിനെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസിയായി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുമുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിലെ 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ കെട്ടിടത്തിൽ പാട്ടത്തിന് നൽകാൻ യോഗ്യമായ 4.5 ലക്ഷം ച. അടി വിവിധ കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിലുൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളായ 3.7 കി.മി. റോഡ്, പാലം, ഡ്രൈയിനേജ്, കേബിളിംഗ്, ട്രഞ്ച് എന്നിവയും ഇലക്ട്രിക് സബ്സ്റ്റേഷൻ, സ്വാഗതകമാനം എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി തടസ്സങ്ങൾ ഒഴിവാക്കി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ, ഫോർട്ട് കൊച്ചി സബ്കളക്ടറെ സ്മാർട്ട് സിറ്റി പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസർ ആയി നിയമിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെട്ട ആറര ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടം പ്രവർത്തനം ആരംഭിച്ചു. ഇവിടെ ഏകദേശം 5500 പേർക്ക് ജോലി ലഭ്യമാക്കുന്നതാണ്. കൂടാതെ 45 ലക്ഷം ച. അടി വിസ്തീർണ്ണമുള്ള ഐ.ടി. സ്പേസ് ഉൾക്കൊള്ളുന്ന രണ്ടാംഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനവും നടത്തിയിട്ടുണ്ട്.

(ഡി) സ്മാർട്ട് സിറ്റി പൂർണ്ണതോതിൽ നടപ്പാക്കുന്നതിന് സ്മാർട്ട് സിറ്റി അധികൃതരുടെ ഭാഗത്തുനിന്നും കൂടുതൽ ഐ.ടി. അനുബന്ധ കെട്ടിട സമുച്ചയങ്ങളും ഇന്റേണൽ റോഡ്, പാലങ്ങൾ, കേബിൾ ട്രഞ്ചുകൾ, വൈദ്യുതി/ജലവിതരണ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളും സ്മാർട്ട്സിറ്റി ക്യാമ്പസിനുള്ളിൽ സ്ഥാപിക്കേണ്ടതുണ്ട്. ഫ്രെയിംവർക്ക് എഗ്രിമെന്റുപ്രകാരം സ്മാർട്ട് സിറ്റി ക്യാമ്പസിനുള്ളിൽ സർക്കാർ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതില്ല. എന്നാൽ സ്മാർട്ട്സിറ്റി ക്യാമ്പസിലേക്ക് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

## മലയാളം കമ്പ്യൂട്ടിംഗ്

32 (32) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മലയാളം കമ്പ്യൂട്ടിംഗ് പൊതുജനങ്ങളിലേക്കെത്തിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

മലയാളം കമ്പ്യൂട്ടിംഗുമായി ബന്ധപ്പെട്ട പദ്ധതികളുടെ ആവർത്തനം ഒഴിവാക്കുന്നതിനും വിവിധ ഏജൻസികളുടെ മലയാളം കമ്പ്യൂട്ടിംഗിനായുള്ള പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ഇത് സംബന്ധിച്ച് സർക്കാരിനുവേണ്ട ഉപദേശങ്ങൾ നൽകുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ലഭിക്കുന്ന വ്യക്തിഗത പദ്ധതികൾ വിലയിരുത്തി പ്രയോജനപ്രദമെങ്കിൽ അവ വികസിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കൽ, ഫണ്ട് കണ്ടെത്തൽ, പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തൽ, മറ്റ് അനുബന്ധ കാര്യങ്ങൾ എന്നിവയ്ക്കുവേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുന്നതിനുമായി 16-1-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 2/ 2015/വിസവ പ്രകാരം (അനുബന്ധമായി ചേർക്കുന്നു.*) ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി താഴെപ്പറയുന്ന ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തി പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്:

1. ടെക്നോളജി/പ്രോഡക്റ്റ് ഡെവലപ്മെന്റ്
2. സംയുക്ത ഗവേഷണ പരിപാടി
3. മലയാളം കമ്പ്യൂട്ടിംഗ് ട്രെയിനിംഗ് /ടീച്ചിംഗ് പ്രോഗ്രാംസ്
4. അഡ്വക്കസി ഇനിഷ്യേറ്റീവ് ഓൺ മലയാളം കമ്പ്യൂട്ടിംഗ്
5. കമ്മ്യൂണിറ്റി സപ്പോർട്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കണ്ണൂർ സൈബർ പാർക്ക്

33 (33) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച കണ്ണൂർ സൈബർ പാർക്കിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് സൈബർ പാർക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ 50,000 ച. അടി ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2015 നവംബർ മാസം ആരംഭിച്ചു. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണം പുരോഗമിക്കുന്നു.

(ബി) പാർക്കിന്റെ പ്രവർത്തനം ഒരു വർഷത്തിനകം തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഇ-ഗവേണൻസ്

34 (35) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിൽ ഇ-ഗവേണൻസുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) ഇ-ഗവേണൻസ്വഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നടത്തുവാൻ കഴിയുമെന്നത് സർക്കാരിന്റെ വിലയിരുത്തലിൽ വന്നിട്ടുണ്ടോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. വകുപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വകുപ്പുമായി ഇ-മെയിൽ സംവിധാനംവഴി ബന്ധപ്പെടുന്നതിനും നിലവിൽ അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. മോട്ടോർ വാഹനം, പോലീസ്, രജിസ്ട്രേഷൻ, റവന്യൂ, ട്രഷറി, കൊമേഴ്സ്യൽ ടാക്സസ്, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, പൊതുഭരണം തുടങ്ങിയ വകുപ്പുകൾ ഓൺലൈൻ ആപ്ലിക്കേഷനുകൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഇ-ഗവേണൻസുവഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുവാൻ കഴിയുന്നുണ്ട്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ വില്ലേജ് ഓഫീസിൽനിന്നും നൽകുന്ന 24 സർട്ടിഫിക്കറ്റ് സേവനങ്ങൾ ഓൺലൈൻ മുഖേന പൊതുജനങ്ങൾക്ക് കിട്ടുന്നുണ്ട്.

ഇ-സംഭരണം എന്ന പദ്ധതിപ്രകാരം സർക്കാരിന്റെ സംഭരണപ്രക്രിയ കൂടുതൽ സുതാര്യമാക്കാൻ കഴിയും. ഇ-ഓഫീസ് പദ്ധതി സെക്രട്ടേറിയറ്റിൽ ഫയൽ നീക്കങ്ങൾ മുമ്പത്തേക്കാൾ ഒരളവുവരെ വേഗത്തിലാക്കാൻ സാധിച്ചു. ആധാർ ജനറേഷൻ 96 ശതമാനത്തോളം പൂർത്തിയാക്കാനും നിലവിൽ പെൻഷൻ ലഭിക്കുന്നതിനും ആധാർ അധിഷ്ഠിത ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള സംവിധാനം നിലവിൽ വന്നതും അക്ഷയയിലൂടെ ബാങ്കിംഗ് കിയോസ്ക്, ഇൻഷ്വറൻസ് തുടങ്ങി കൂടുതൽ സേവനങ്ങളും നൽകാൻ കഴിയുന്നുണ്ട്.

## പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി

35 (36) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജമ്മുകാശ്മീരിൽ സൈനിക നടപടിക്കിടെ പാക് സൈനികരുടെ വെടിയേറ്റ് മരിച്ച ജവാൻ സുബിനേഷിന്റെ കുടുംബാംഗങ്ങൾക്ക് മുൻസർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുഭരണ വകുപ്പിൽനിന്നും ഈ വിഷയത്തിൽ എടുത്തിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സുബിനേഷിന്റെ സഹോദരി സുബിഷയ്ക്ക് ജോലി ലഭ്യമാക്കുന്ന കാര്യത്തിലും നടപടികൾ പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏറ്റവും ഉയർന്ന പരിഗണന നൽകി ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തര നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മരണപ്പെട്ട ജവാൻ സുബിനേഷിന്റെ സഹോദരി ശ്രീമതി സുബിഷയ്ക്ക് ആശ്രിത നിയമനം നൽകാൻ 9-5-2016-ലെ ജി.ഒ. (എംഎസ്.)66/16/GAD ഉത്തരവ് പ്രകാരം തീരുമാനിച്ചു. അതിൻപ്രകാരം ടിയാളെ കോഴിക്കോട് ജില്ലയിൽ എൽ.ഡി. ക്ലാർക്ക് ആയി നിയമിക്കാൻ ഒഴിവുണ്ടോയെന്ന്

അറിയിക്കാൻ വകുപ്പുതലവൻമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒഴിവ് റിപ്പോർട്ട് ചെയ്തുകിട്ടിയാലുടൻ നിയമനം നൽകുന്നതാണ്. കൂടാതെ മരണപ്പെട്ട ജവാൻ സുബിനേഷിന്റെ മാതാവിന് അടിയന്തര സാമ്പത്തിക സഹായമായി 15,000 രൂപയും 9-5-2016-ലെ ജി.ഒ. (Rt)2941/16/GAD ഉത്തരവ് പ്രകാരം 9,85,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല. ജോലി ലഭ്യമാക്കുന്ന കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുതലവൻമാർ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(ഡി) ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തര നടപടികൾ ഉണ്ടായിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ വിതരണം**

36 (37) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ 2011-16 കാലയളവിൽ ആകെ എത്ര പേർക്ക് മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം (CMDRF) ലഭ്യമാക്കി;

(ബി) 2011-16 കാലയളവിൽ ആകെ എത്ര കോടി രൂപ ഈ മണ്ഡലത്തിൽ ചികിത്സാ സഹായമായി (CMDRF) വിതരണം ചെയ്തു;

(സി) ഒരേ ചികിത്സാ സഹായം ലഭിച്ചിട്ടുള്ള ആളിന് രണ്ടു വർഷം കഴിഞ്ഞേ തുടർന്ന് CMDRF-ൽ നിന്നു സഹായം നൽകാവൂ എന്ന നിയമം പാലിക്കാതെ ഒരേ ആളിന് തന്നെ വീണ്ടും രണ്ടു വർഷത്തിനുള്ളിൽ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് ശേഷം ഹരിപ്പാട് മണ്ഡലത്തിൽ എത്ര പേർക്ക് ചികിത്സാ സഹായം ലഭ്യമാക്കി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

(സി) മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടുതന്നെയാണ് CMDRF-ൽ നിന്നും തുക അനുവദിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിവേചനാധികാരമുപയോഗിച്ച് രണ്ട് വർഷത്തിനുള്ളിൽ വീണ്ടും ധനസഹായം അനുവദിക്കാവുന്നതാണ്.

(ഡി) നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

## ദുരിതാശ്വാസ നിധി

37 (38) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ച് ഉത്തരവായതിൽ എത്രപേർക്ക് എത്ര തുക നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ 2015 നവംബർ മാസം മുതൽ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ച് ഉത്തരവായതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ)

| ക്രമ നമ്പർ | ജില്ല | ധനസഹായം ലഭിക്കേണ്ടവരുടെ എണ്ണം | വിതരണം ചെയ്യേണ്ട തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 5394 | 6,51,00,683 |
| 2 | കൊല്ലം | 4217 | 4,93,72,500 |
| 3 | പത്തനംതിട്ട | 1317 | 1,53,49,000 |
| 4 | ആലപ്പുഴ | 6244 | 6,71,40,000 |
| 5 | കോട്ടയം | 447 | 1,17,43,000 |
| 6 | ഇടുക്കി | 2646 | 3,33,99,733 |
| 7 | എറണാകുളം | 72 | 29,40,234 |
| 8 | തൃശ്ശൂർ | 2159 | 1,95,87,500 |
| 9 | പാലക്കാട് | 734 | 84,08,000 |
| 10 | മലപ്പുറം | 2366 | 3,44,72,587 |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | കോഴിക്കോട് | 1077 | 1,55,43,000 |
| 12 | വയനാട് | 662 | 84,51,036 |
| 13 | കണ്ണൂർ | 267 | 42,68,000 |
| 14 | കാസർഗോഡ് | 2328 | 2,82,29,855 |
| | ആകെ | 29930 | 36,40,05,128 |

(ബി) വളരെയധികം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ച് ഉത്തരവായതിന്റെ പകർപ്പുകൾ കേരള സർക്കാരിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായം**

38 (39) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിന് മുൻകാലങ്ങളിൽ ഏറെ കാലതാമസം നേരിട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിച്ച് പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ചികിത്സാ ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ റിപ്പോർട്ടുകൾ നൽകുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(സി) എം.എൽ.എ.-മാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ധനസഹായങ്ങളുടെ വിശദവിവരങ്ങൾ യഥാസമയം അതാത് എം.എൽ.എ.മാരെ രേഖാമൂലം അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തുപറഞ്ഞു

കൊണ്ട് അനുവദിക്കുന്ന തുക ഒരുമാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയുംവേഗം ലഭ്യമാക്കുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നു.

(സി) ഇപ്പോൾ നിലവിലില്ല. സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം പൂർത്തിയാകുന്ന മുറയ്ക്ക് എം.എൽ.എ.-മാർക്ക് ഈ വിവരങ്ങൾ ഇ-മെയിൽ വഴി ലഭ്യമാക്കുന്നതാണ്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

39 (40) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിന് അപേക്ഷിക്കുമ്പോൾ പാലിക്കേണ്ടുന്ന കാര്യങ്ങളും മാർഗ്ഗരേഖയും മാനദണ്ഡങ്ങളും വിശദമായി വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ തീരുമാനമെടുക്കുമോ;

(സി) അപകടമരണങ്ങൾ സംഭവിക്കുന്ന കേസുകളിൽ ധനസഹായത്തിന് നിലവിലുള്ള മാനദണ്ഡങ്ങളും മാർഗ്ഗ രേഖകളും വിശദമാക്കാമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാധന സഹായമായി ജില്ലാ കളക്ടർമാർ 2,000 രൂപ വരെയും റവന്യൂ വകുപ്പുമന്ത്രി 5,000 രൂപ വരെയും അനുവദിക്കുന്നു. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് 1,00,000 രൂപ വരെ അനുവദിക്കുന്നു. മന്ത്രിസഭാ യോഗ തീരുമാനത്തിന് വിധേയമായി ഒരു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്. ചികിത്സാസഹായം, അപകട മരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പ്രധാനമായും ധനസഹായം അനുവദിക്കുന്നത്.

1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000 (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.

2. ഒരു വ്യക്തിക്ക് ഒരു തവണമാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുകയുള്ളൂ.

3. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

4. ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, എയ്ഡ്സ് എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000 രൂപ വരെ അനുവദിക്കുന്നു.

5. അപകട മരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.

6. തീപിടിത്തംമൂലം വാസഗൃഹങ്ങൾക്കും ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും 10,000 രൂപവരെയും അനുവദിക്കുന്നു.

7. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/ റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

8. സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റ് പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നു.

(സി) 1. അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു. എന്നാൽ 11-4-2012-ലെ സ.ഉ. (കൈ)നമ്പർ 144/12/റവ. പ്രകാരം മരണം സംഭവിച്ച ദുരന്ത പൂർണ്ണമായ സാഹചര്യങ്ങളിൽ ഒരുലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു.

2. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് പരമാവധി രണ്ടുലക്ഷം രൂപ വീതം ധനസഹായം നൽകുന്നു.

3. സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റ് പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നു. ഇൻഷ്വറൻസ് തുകയോ ഉത്തരവാദപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട തുകയോ കണക്കിലെടുത്തശേഷം കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിച്ച് അനുവദിക്കുന്നുണ്ട്.

4. നക്സലൈറ്റ് ആക്രമണങ്ങളിലും മറ്റും കൊല്ലപ്പെടുന്ന കരസേന, വായു സേന, നാവിക സേന, പാരാമിലിട്ടറി, കേന്ദ്ര സംസ്ഥാന സർക്കാരുകൾ രൂപീകരിക്കുന്ന മറ്റ് സേനാ വിഭാഗങ്ങൾ എന്നിവയിലെ ജവാൻമാർക്ക് സൈനിക ക്ഷേമനിധി ബോർഡിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകുന്നതല്ല.

5. വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള അപേക്ഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നു.

   അപകടം നടന്ന് ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കുന്ന അനുബന്ധ രേഖകളോടുകൂടിയ പൂർണ്ണമായ അപേക്ഷകൾ മാത്രമേ സാധാരണഗതിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി പരിഗണിക്കാറുള്ളൂ. CMDRF-ന്റെ പ്രവർത്തനം സമ്പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ച് യുക്തിപരമായി ധനസഹായം വേഗത്തിൽ ലഭ്യമാക്കാനുള്ള നിർദ്ദേശം പരിഗണിച്ചുവരുന്നു.

**ദുരിതാശ്വാസനിധി**

40 (41) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊലപാതകത്തിന് ഇരയാകുന്നവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം നൽകുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കൊലപാതകത്തിന് ഇരയാകുന്നവരുടെ ആശ്രിതർക്കുണ്ടാകുന്ന മാനസികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) കൊലപാതകത്തിന് ഇരയാകുന്നവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**കൊച്ചി മെട്രോ റെയിൽ പദ്ധതി**

41 (42) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ ഗവൺമെന്റ് ആസൂത്രണം ചെയ്തത്;

(ബി) മുൻഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(സി) പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിനായി ഇനി എന്തെല്ലാം പ്രവർത്തികൾ ചെയ്യാനുണ്ട്;

(ഡി) പദ്ധതി ലക്ഷ്യസമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ ഗവൺമെന്റ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) സർക്കാർതലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. കേന്ദ്ര സർക്കാരിന്റെ ഉത്തരവുപ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഹൈപവർ കമ്മിറ്റിയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നു.

(ബി) ആലുവ മുതൽ പേട്ട വരെയുള്ള മെട്രോയുടെ ഒന്നാംഘട്ടത്തിന്റെ സ്ഥലമേറ്റെടുപ്പ് പൂർത്തിയായി. മുട്ടം മുതൽ ഇടപ്പള്ളി വരെ മെട്രോ പരീക്ഷണ ഓട്ടം നടത്തി.

(സി) 1. ആലുവമുതൽ മുട്ടംവരെയും ഇടപ്പള്ളിമുതൽ മഹാരാജാസ് കോളേജ് വരെയുള്ള ആദ്യ റീച്ചിന്റെ ട്രാക്ക്, സിഗ്നലിംഗ്, സിവിൽ ജോലികൾ എന്നിവ പൂർത്തീകരിക്കാനുണ്ട്.

2. ആലുവ മുതൽ മഹാരാജാസ് കോളേജ് (റീച്ച് 1) വരെയുള്ള സ്റ്റേഷനുകളുടെ നിർമ്മാണം.

3. മഹാരാജാസ് കോളേജ്മുതൽ പേട്ട (റീച്ച് 2) വരെയുള്ള തുടർനിർമ്മാണം

4. ചമ്പക്കര പാലം മുതൽ പേട്ട വരെ റോഡ് വികസനത്തിനായുള്ള സ്ഥലമേറ്റെടുപ്പ്.

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി അവശേഷിക്കുന്ന സ്ഥലം ഏറ്റെടുക്കുന്നതിനും തയ്യാറെടുപ്പ് ജോലികൾ പൂർത്തീകരിക്കുന്നതിനും പദ്ധതി സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

**ലൈറ്റ് മെട്രോ റെയിൽ പദ്ധതി**

42 (43) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) പദ്ധതിക്കുള്ള ടെണ്ടർ നടപടികളും കൺസൾട്ടൻസി നിയമനവും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. ഇതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ.) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചുകൊണ്ട് കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് 20-1-2016-നാണ് കരാർ ഒപ്പുവച്ചത്. പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമി കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സ്ഥലമെടുപ്പിന് ആവശ്യമായ വിശദവിവരങ്ങൾ തയ്യാറാക്കുക, ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക, പൈപ്പുകളും കേബിളുകളും സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക, ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക എന്നീ കർമ്മപദ്ധതികൾ കെ.ആർ. റ്റി.എൽ. തയ്യാറാക്കി വരുന്നുണ്ട്. ഇതുകൂടാതെ കേന്ദ്രസർക്കാരിന്റെ അനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിനുതകുന്ന നടപടികളും കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കേന്ദ്രാനുമതി ലഭ്യമാകുന്നമുറയ്ക്ക് ടേൺകീ കൺസൾട്ടന്റ് നിയമനത്തിലേക്കും ടെണ്ടർ നടപടികളിലേക്കും കടക്കുന്നതാണ്.

**നദീസംയോജന പദ്ധതി**

43 (44) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ നദികളിലെ ജലമാണ് മറ്റ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാൻ സംസ്ഥാനം കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ; അവയുടെ ഓരോന്നിന്റെയും കരാർ കാലാവധി അവസാനിക്കുന്നത് എപ്പോഴെന്നും കരാർ പ്രകാരം പങ്കുവയ്ക്കപ്പെട്ട ജലത്തിന്റെ അളവ് എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ നദീ സംയോജന പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ; ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണ് ;

(സി) കേരളത്തിലെ പ്രധാന നദികളായ അച്ചൻകോവിൽ, പമ്പ എന്നിവയെ ഇപ്രകാരം തമിഴ്നാട്ടിലെ നദികളുമായി ബന്ധപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നീക്കം നടത്തുന്നുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്രം സ്വീകരിച്ചിട്ടുള്ള നിലപാടുകൾ എന്താണ് ;

(ഇ) നിരവധി കുടിവെള്ള വിതരണ പദ്ധതികൾ ഈ രണ്ട് നദികളെ ആശ്രയിച്ച് മാത്രം മുന്നോട്ട് പോകുകയും ഈ നദികളിൽ ഇപ്പോൾത്തന്നെ ആവശ്യത്തിന് വെള്ളം കിട്ടാതെവരികയും ചെയ്യുന്ന സാഹചര്യത്തിൽ, കേരളത്തിലെ നദികളുടെ മുഴുവൻ സംരക്ഷണവും ഉദ്ദേശിച്ച് ഒരു പ്രത്യേക റിവർ മാനേജ്മെന്റ് അതോറിറ്റിക്ക് രൂപം കൊടുക്കാനും ഈ അതോറിറ്റിയുടെ അനുമതിയോടെ മാത്രം മേലിൽ ജലം പങ്കുവയ്ക്കലുൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പെരിയാർ, ഭാരതപ്പുഴ, ചാലക്കുടിപ്പുഴ, ശിരുവാണി എന്നീ നദികളിലെ ജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി ഏർപ്പെട്ടിട്ടുള്ള കരാറുകൾ.

1. ഭാരതപ്പുഴ, പെരിയാർ, ചാലക്കുടിപ്പുഴ എന്നീ നദികളിലെ ജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് 29-5-1970-ൽ കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാലപ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർപ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവ് ചുവടെ കൊടുത്തിരിക്കുന്നവിധം നിജപ്പെടുത്തിയിരിക്കുന്നു:

    (i) കേരളത്തിലെ ചിറ്റൂർപുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി. ജലം കേരള അതിർത്തിക്കടുത്തുള്ള മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതാണ്.

    (ii) ചാലക്കുടി നദീതടത്തിൽനിന്നും ഓരോ വർഷവും 12.3 ടി.എം.സി .ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ പവർ ഹൗസിൽനിന്ന് അളന്ന് പുറത്തു വിടേണ്ടതാണ്.

(iii) ലോവർ നീരാർ ഡാമിന്റെയും പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ച് കണക്കാക്കി 16.5 ടി.എം.സി. ജലം തമിഴ്നാടിനും അതിൽ അധികമായി വരുന്ന 2.5 ടി.എം.സി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും വിടേണ്ടതാണ്.

(iv) പെരിയാർ നദീതടത്തിലെ നീരാർ വിയറിൽനിന്നുള്ള ജലം മുഴുവനും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേക്ക് തിരിച്ചുവിടേണ്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല.

പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

2. ശിരുവാണി നദിയിലെ ജലം തമിഴ്നാട്ടിലെ കോയമ്പത്തൂർ മുനിസിപ്പൽ ടൗണിന്റെ കുടിവെള്ളാവശ്യത്തിനായി ലഭ്യമാക്കുന്നതിനു വേണ്ടി 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം 1300 മില്യൺ ക്യൂബിക് ഫീറ്റിൽ കവിയാത്ത ജലം തമിഴ്നാടിന് ഓരോ വർഷവും നൽകുന്നു. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്.

3. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും 1886 ഒക്ടോബർ 29-ന് ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ അനുസരിച്ച് പെരിയാർ നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽനിന്നും 155 അടി പൊക്കത്തിലുള്ള കോണ്ടൂർ രേഖയാൽ ചുറ്റപ്പെട്ട പ്രദേശത്തേക്കോ അതിലൂടെയോ അതിൽ നിന്നോ ഒഴുകുന്ന ജലം തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്.

(ബി-ഡി) നദീസംയോജന പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെയാണ് പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ നദീസംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദേശീയ ജലവികസന ഏജൻസി പമ്പ-അച്ചൻകോവിൽ എന്നീ നദികളിൽ നടത്തിയ വാട്ടർ ബാലൻസ്

സ്റ്റഡി റിപ്പോർട്ടിന്മേൽ കേരളത്തിന്റെ എതിർപ്പുകൾ പരിഗണിക്കാതെയാണ് 1995-ൽ പമ്പ-അച്ചൻകോവിൽ ലിങ്കിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ ദേശീയ ജലവികസന സമിതിയുടെ റീസ്ട്രക്ച്ചറിങ്ങുമായി ബന്ധപ്പെട്ട് സ്പെഷ്യൽ കമ്മിറ്റി ഫോർ ഇന്റർ ലിങ്കിംഗ് ഓഫ് റിവേഴ്സ് രൂപീകരിച്ച സബ്കമ്മിറ്റിയുടെ റിപ്പോർട്ടിൽ (Under future works of NWDA 2015-19 Intra State Karnataka State) " ബാരാപോൾ അപ്പർ കാവേരി" എന്ന NWDA- യുടെ ഒരു പുതിയ നദീസംയോജന പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയെ കുറിച്ചും കേരളത്തിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. പ്രസ്തുത പദ്ധതിപ്രകാരം അന്തർ സംസ്ഥാന നദിയായ വളപട്ടണത്തിന്റെ Upper reaches ആയ ബാരാപോളിൽ നിന്നും അപ്പർ കാവേരിയിലേക്ക് ജലം കടത്തി കൊണ്ടു പോകുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. മേൽ പദ്ധതികളെല്ലാം കേരളത്തിന് ദോഷകരമായതിനാൽ ഇതുസംബന്ധിച്ച് കേരളത്തിനുള്ള എതിർപ്പുകൾ സാധ്യമായ എല്ലാ വേദികളിലും പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്രസർക്കാർ വിവിധ നദീസംയോജന പദ്ധതികൾ നടത്തുന്നതിനായി ഊർജ്ജിതമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി അദ്ധ്യക്ഷയായ Special Committee on Interlinking of rivers-ഉം ഈ കമ്മിറ്റിയെ സഹായിക്കുവാനായി 4 സബ് കമ്മിറ്റികളും Task force on Interlinking of rivers-ഉം പ്രവർത്തിച്ചുവരുന്നുണ്ട്. ഈ യോഗങ്ങളിലെല്ലാം കേരളത്തിന്റെ പ്രതിനിധികൾ പങ്കെടുക്കുകയും കേരളത്തിന്റെ ശക്തമായ എതിർപ്പുകൾ കാര്യകാരണ സഹിതം രേഖപ്പെടുത്താറുമുണ്ട്. 22-6-2016-ൽ നടന്ന ദേശീയ ജല വികസന ഏജൻസിയുടെ യോഗത്തിൽ സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ ഉന്നയിക്കുകയും സംസ്ഥാനത്തിന്റെ സമ്മതമില്ലാതെ പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതിയുമായി മുന്നോട്ടുപോവില്ലെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയിൽ നിന്നും ഉറപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമായിട്ടില്ല.

(ഇ) കേരളത്തിലെ നദികളെയും തണ്ണീർത്തടങ്ങളെയും സുസ്ഥിരമായി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്-2003 ഭേദഗതി ചെയ്ത് "സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി" രൂപീകരിക്കുന്നതിന് വേണ്ടിയുള്ള ബിൽ 13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 184 ആയി വരികയുണ്ടായി. കേരളത്തിലെ ജലവിഭവമേഖലയുടെ സംരക്ഷണവും

ഉപയോഗവും നിയന്ത്രണവും ഉൾപ്പെടെയുള്ള കാര്യങ്ങൾ ബില്ലിൽ വിഭാവനം ചെയ്തിരുന്നു. പ്രസ്തുത ബിൽ 13-ാം കേരള നിയമസഭയിൽ നിയമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും നിയമസഭ പിരിച്ചുവിട്ട സാഹചര്യത്തിൽ 196 അനുച്ഛേദം 5-ാം ഖണ്ഡം പ്രകാരം പ്രസ്തുത ബിൽ ലാപ്സാകുകയാണുണ്ടായത്. അയൽ സംസ്ഥാനങ്ങളുമായി ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് ഒരു പരാമർശവും ടി ബില്ലിൽ ഇല്ല. എന്നാൽ കേരളത്തിലെ നദികളിൽനിന്നോ മറ്റ് സ്രോതസ്സുകളിൽനിന്നോ ജലം അന്യ സംസ്ഥാനങ്ങൾക്കോ കേന്ദ്രഭരണ പ്രദേശത്തിനോ നൽകണമെങ്കിൽ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003, ചാപ്റ്റർ VII വകുപ്പ്-30 പ്രകാരം (Distribution of water to another State or union Territory) സംസ്ഥാന നിയമസഭയിൽ പ്രമേയം (റെസൊല്യൂഷൻ) പാസ്സാക്കേണ്ടതുണ്ട്.

**നദീസംയോജന പദ്ധതി**

44 (45) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. കെ. എം. ഷാജി :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീസംയോജന പദ്ധതിപ്രകാരമുള്ള നടപടികൾ കേന്ദ്രസർക്കാർ പുനരുജ്ജീവിപ്പിക്കാൻ ഒരുങ്ങുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ നദികളെ അത് ഏതുവിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) എങ്കിൽ അതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ദേശീയ ജലവികസന സമിതി ഇതു സംബന്ധിച്ച് തയ്യാറാക്കിയ സാധ്യതാപഠന റിപ്പോർട്ടിൽ സംസ്ഥാനത്തെക്കുറിച്ചുള്ള വിവരങ്ങളിൽ അനുകൂലമായി പിൽക്കാലത്തുണ്ടായ മാറ്റങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. നദീസംയോജന പദ്ധതിപ്രകാരമുള്ള നടപടികൾ കേന്ദ്ര സർക്കാർ നിലവിൽ പുനരുജ്ജീവിപ്പിക്കാൻ ഒരുങ്ങുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി സംസ്ഥാനത്തെ പമ്പ-അച്ചൻകോവിൽ നദികളെയും അവ ചെന്നുപതിക്കുന്ന വേമ്പനാട് കായലിനെയും ബാധിക്കുമെന്ന കാര്യം CWRDM കോഴിക്കോട്, IIT

ഡൽഹി എന്നീ വിദഗ്ദ്ധ ഏജൻസികളെ കൊണ്ട് പഠനങ്ങൾ നടത്തി കേരളം വ്യക്തത വരുത്തിയിട്ടുണ്ട്. പ്രസ്തുത നദീ സംയോജന പദ്ധതി നടപ്പാക്കുന്നതുമൂലമുള്ള കേരളത്തിന്റെ ആശങ്കകൾ താഴെ പറയുന്നവയാണ്:

1. കോഴിക്കോടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. ലഭ്യമാക്കിയ പഠന റിപ്പോർട്ട് പ്രകാരം പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധിക ജലം ഇല്ലെന്നും 2050-ാം വർഷം മുതൽ ടി നദികളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാധ്യതയുണ്ടെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കിയാൽ മുകളിൽ പ്രതിപാദിച്ച പമ്പ, അച്ചൻകോവിൽ നദികൾ വറ്റിവരളുകയും മധ്യതിരുവിതാംകൂറിന്റെ പാരിസ്ഥിതിക സന്തുലനം തകരാറിലാവുകയും ചെയ്യും.

2. പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ ജലം തിരിച്ചു വിടുന്നതുമൂലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പാരിസ്ഥിതിക പ്രത്യാഘാതം ഉണ്ടാകുകയും കുടിവെള്ള ക്ഷാമത്തിനുള്ള സാധ്യത വർദ്ധിക്കുകയും ചെയ്യും.

3. കൂടാതെ മുകളിൽ സൂചിപ്പിച്ച നദീസംയോജനപദ്ധതി നടപ്പിലാക്കിയാൽ ആയത് കുട്ടനാട്ടിലെ കൃഷി നാശത്തിന് വഴിതെളിക്കുകയും ശബരിമല തീർത്ഥാടനം മാരാമൺ കൺവെൻഷൻ എന്നിവയെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

4. കേരളത്തിലെ വനസമ്പത്തിനും വ്യവസായ ജലപദ്ധതികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കുവാനും കൊച്ചി തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുവാനും പ്രസ്തുത നദീസംയോജന പദ്ധതി കാരണമാകും.

സ്പെഷ്യൽ കമ്മിറ്റി ഫോർ ഇന്റർ ലിങ്കിംഗ് ഓഫ് റിവേഴ്സ് രൂപീകരിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ (Under future works of NWDA 2015-19 Intra State Karnataka State) ഒരു പുതിയ നദീസംയോജന പദ്ധതിയായി ബാരാപോൾ അപ്പർ കാവേരി ലിങ്ക് പദ്ധതിയെക്കുറിച്ച്

സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം അന്തർ സംസ്ഥാന നദിയായ വളപട്ടണത്തിന്റെ Upper reaches-ലുള്ള ബാരാപോളിൽനിന്നും അപ്പർ കാവേരി (കർണ്ണാടക)യിലേക്ക് ജലം കടത്തിക്കൊണ്ടു പോകുവാനാണ് NWDA ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിമൂലം വളപട്ടണം നദിയുടെ നീരൊഴുക്ക് കുറയുകയും അതുമൂലം പ്രസ്തുത ബേസിനിലെ പഴശ്ശി ഇറിഗേഷൻ പ്രോജക്ടിനെയും കേരള ബാരാപോൾ ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയെയും വളപട്ടണം ബേസിനിൽ വിഭാവന ചെയ്യാൻ ഉദ്ദേശിക്കുന്ന നിരവധി ജലസേചന ജലവൈദ്യുത പദ്ധതികളെയും കുടിവെള്ള പദ്ധതികളെയും ബാധിക്കുമെന്നതിനാൽ പ്രസ്തുത പദ്ധതി നിർത്തലാക്കണമെന്നും കേരളം ദേശീയ ജലവികസന ഏജൻസിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതിയെ പൂർണ്ണമായും എതിർക്കുന്ന കേരള സംസ്ഥാനത്തിന്റെ നിലപാട് ഇതിനകം സാധ്യമായ എല്ലാ വേദികളിലും കാര്യകാരണസഹിതം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്ന് 11-ാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിൽ പ്രമേയവും പാസ്സാക്കുകയുണ്ടായി. കൂടാതെ 17-10-2014-ൽ നടന്ന ദേശീയ ജല വികസന ഏജൻസിയുടെ വാർഷിക ജനറൽ ബോഡി യോഗത്തിലും 21-11-2014-ൽ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിലും സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുള്ള ആശങ്കകൾ വിശദീകരിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുന്നതിനോടുള്ള കേരളത്തിന്റെ എതിർപ്പ് കാര്യകാരണ സഹിതം വ്യക്തമാക്കിയിട്ടുണ്ട്.

22-6-2016-ൽ നടന്ന ദേശീയ ജല വികസന ഏജൻസിയുടെ യോഗത്തിൽ കേരളത്തിന്റെ ജലവിഭവ വകുപ്പുമന്ത്രി ഇക്കാര്യം ഉന്നയിക്കുകയും സംസ്ഥാനത്തിന്റെ സമ്മതമില്ലാതെ സംയോജന പദ്ധതിയുമായി മുന്നോട്ടുപോകില്ലെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയിൽനിന്നും ഉറപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമായിട്ടില്ല. കേരളത്തെ പ്രതികൂലമായി ബാധിക്കുന്ന നദീസംയോജന പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ചുള്ള കേരളത്തിന്റെ എതിർപ്പ് തുടർന്നും സാധ്യമായ എല്ലാ വേദികളിലും പ്രകടമാക്കുന്നതിനുള്ള എല്ലാ നടപടികളും അതീവ ജാഗ്രതയോടെ സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

## മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

45 (46) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നത് സംബന്ധിച്ച് മുൻ ഗവൺമെന്റിന്റെ നയം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ വിഷയം സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ ഗവൺമെന്റിന്റെ ഈ വിഷയത്തിലുള്ള നിലപാടിനു വിരുദ്ധമായ നിലപാട് സ്വീകരിക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിലെ ജനങ്ങളുടെ ഭയാശങ്കകൾ ദൂരീകരിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കുന്നതിനും മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയണമെന്ന് 2009 ജൂലൈ 24-ന് ഈ നിയമസഭ പാസ്സാക്കിയ ഉപക്ഷേപത്തിന്റെ വെളിച്ചത്തിൽ അണക്കെട്ട് പണിയണമെന്നതായിരുന്നു മുൻസർക്കാരിന്റെ കാലത്തെയും നയം.

(ബി) ഉണ്ട്. കേരള നിയമസഭ 2009, 2012, 2014 എന്നീ വർഷങ്ങളിൽ ഈ വിഷയത്തിൽ ഐകകണ്ഠ്യേന പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. അവയുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം I, II, III* എന്നിങ്ങനെ ചേർക്കുന്നു.

(സി&ഡി) മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് കേരള ജനതയുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി സാങ്കേതികവും നിയമപരവുമായ സാദ്ധ്യതകൾ പരിശോധിച്ച് പുതിയ അണക്കെട്ട് നിർമ്മിക്കണം എന്നതാണ് പുതിയ സർക്കാരിന്റെ നയം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ സർവ്വീസിലെ ഒഴിവുകൾ

46 (47) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ടു ചെയ്യാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) ഇതിനായി പ്രത്യേക സോഫ്ററ് വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഒഴിവുകൾ ഇ - മെയിൽവഴി പി.എസ്.സി.- യെ അറിയിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) പി.എസ്.സി.-ക്ക് റിപ്പേർട്ട് ചെയ്യേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 27-5-2016-ലെ ഉപ.സി.3/38/16 ഉഭപവ നമ്പർ സർക്കുലർ പ്രകാരം പി.എസ്.സി. റാങ്കുപട്ടിക നിലവിലുണ്ടെങ്കിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട നിലവിലുള്ള എല്ലാ ഒഴിവുകളും ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാരും നിയമനാധികാരികളും 3-6-2016-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ഒഴിവുകൾ തരംതിരിച്ച് കണക്കാക്കുന്നതിനും യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും നികത്തുന്നതിനും ഒരു കമ്പ്യൂട്ടറധിഷ്ഠിത സ്ഥിരം നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) പി.എസ്.സി.-യുടെ e-vacancy software സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ 1-12-2015-ലെ 14816/ഉപ.സി3/15/ഉഭപവ നമ്പർ പരിപത്രപ്രകാരം എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി&ഇ) ചട്ടപ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ മനഃപൂർവ്വം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം നിയമനാധികാരികൾക്കെതിരെ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. കമ്പ്യൂട്ടർ അധിഷ്ഠിത സ്ഥിരം നിരീക്ഷണ സംവിധാനം നടപ്പിലായിക്കഴിഞ്ഞാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ വീഴ്ചകൾ യഥാസമയം കണ്ടെത്തി ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പരസ്യത്തിനായി ചെലവഴിച്ച തുക**

47 (48) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 വരെ അധികാരത്തിലിരുന്ന സർക്കാർ ആകെ പരസ്യത്തിനായി ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കുമോ; ഓരോ വർഷവും ചെലവഴിച്ച തുകയുടെ കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വകുപ്പുകളിൽ പരസ്യത്തിനായി ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കുമോ;

(ബി) 2011 മേയ് 13-ന ശേഷം19-ന് മുൻപായി കഴിഞ്ഞ സർക്കാർ അധികാരമേൽക്കുന്നതിനു മുൻപായി സർക്കാരിന്റേതായ ഏതെങ്കിലും പരസ്യങ്ങൾ ഉണ്ടായിരുന്നുവോയെന്ന് വെളിപ്പെടുത്താമോ ; എങ്കിൽ ഈ പരസ്യത്തിനായി ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-16 വരെ അധികാരത്തിലിരുന്ന സർക്കാർ ആകെ 158,00,85,558 (നൂറ്റി അൻപത്തി എട്ട് കോടി എൺപത്തി അയ്യായിരത്തി അഞ്ഞൂറ്റി അൻപത്തി എട്ട്) രൂപ പരസ്യത്തിനായി ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു. സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും പരസ്യങ്ങൾ പി.ആർ.ഡി മുഖേനയാണ് നൽകുന്നത്:

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|
| 2011-12 | 36,17,86,702 |
| 2012-13 | 26,48,10,268 |
| 2013-14 | 24,02,36,409 |
| 2014-15 | 29,99,99,500 |
| 2015-16 (24-5-2016 വരെ) | 41,32,52,679 |

(ബി) 2011 മേയ് 13-നുശേഷം 19-നുമുൻപായി (കഴിഞ്ഞ സർക്കാർ അധികാരമേൽക്കുന്നതിനു മുൻപായി) സർക്കാരിന്റേതായ ഡിസ്‌പ്ലേ പരസ്യം ഉണ്ടായിരുന്നു. ആയതിലേക്ക് 32,73,786 രൂപ (മുപ്പത്തി രണ്ടു ലക്ഷത്തി എഴുപത്തി മൂവായിരത്തി എഴുനൂറ്റി എൺപത്തി ആറു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികൾ**

48 (49) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ കേസുകളിൽ ഉൾപ്പെട്ട് എത്ര മലയാളികൾ വിദേശ ജയിലുകളിൽ കിടക്കുന്നതായി അറിയാമോ;

(ബി) വിദേശത്തുനിന്ന് അപ്രത്യക്ഷരായ മലയാളികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന ഇന്ത്യാക്കാരുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ/സംസ്ഥാനങ്ങൾ അടിസ്ഥാനമാക്കി സൂക്ഷിക്കുന്നില്ല എന്നതിനാൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ കൃത്യമായ കണക്ക് നിലവിൽ ലഭ്യമല്ല. വിവിധ എംബസികളിൽ നിന്നും 2014-ൽ ശേഖരിച്ച വിവരം അനുസരിച്ച് 1818-ലേറെ ഇന്ത്യക്കാർ വിദേശ ജയിലുകളിൽ കഴിയുന്നുണ്ട്.

(ബി) വിദേശത്തുനിന്നും അപ്രത്യക്ഷരായ മലയാളികളുടെ ജില്ലതിരിച്ചുള്ള കണക്ക് നിലവിൽ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

**വിമാന യാത്രാക്കൂലി**

49 (50) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാന കമ്പനികൾ യാത്രക്കാരെ യാത്രാക്കൂലിയിനത്തിൽ അമിതമായി ചൂഷണം ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചിലപ്പോൾ അഞ്ചും ആറും ഇരട്ടി യാത്രാക്കൂലി ഈ വിധം വിമാന കമ്പനികൾ യാത്രക്കാരിൽനിന്നും ഈടാക്കുന്നകാര്യം പരിശോധിക്കാമോ ;

(സി) ഇതുമൂലം ഗൾഫ് നാടുകളിൽ ജോലി ചെയുന്ന മലയാളികൾ അടക്കമുള്ള ഒട്ടേറെ പേർ അനുഭവിക്കുന്ന കടുത്ത സാമ്പത്തിക പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗൾഫ് സെക്ടറിലെ വിമാനക്കമ്പനികൾ തിരക്കുള്ള സമയത്ത് യാത്രാക്കൂലിയിനത്തിൽ അധിക ചാർജ്ജ് ഈടാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) വിമാനയാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന വിഷയമായതിനാൽ തിരക്കുള്ള സമയത്ത് യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് വിമാനക്കമ്പനികൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ലെന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാന യാത്രാക്കൂലി നിശ്ചയിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് പങ്കില്ലായെന്നും 1937-ലെ എയർക്രാഫ്റ്റ് റൂൾ പ്രകാരം വിമാന സർവ്വീസ് നടത്തിപ്പ് ചെലവ്, സർവ്വീസിന്റെ പ്രത്യേകത, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നീ കാര്യങ്ങൾ പരിഗണിച്ച് യാത്രാക്കൂലി നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

## ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസ്

50 (51) ശ്രീ. അട്ടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ?

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) കേസിൻമേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ-സി) ടി വിഷയവുമായി ബന്ധപ്പെട്ട വി.സി.നമ്പർ 01/12/കെ.എസ്.ഡി. നമ്പർ കേസിന്റെ അന്വേഷണം പൂർത്തിയായി. കേസിന്റെ തുടർ നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ബഹു. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയമാകയാൽ വിവരങ്ങൾ നൽകാൻ കഴിയുകയില്ല.

## പോലീസ് കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങൾ

51 (52) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അനധികൃത മണൽകടത്തുമായി ബന്ധപ്പെട്ടും മറ്റു വിവിധ കേസ്സുകളിലും പോലീസ് കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾക്കു മുമ്പിലും പാതയോരങ്ങളിലും നിർത്തിയിടുന്നതുമൂലം അപകടമുണ്ടാകുന്നതും ആളുകൾ മരണപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബേപ്പൂർ നിയോജക മണ്ഡലത്തിലെ നല്ലളം പോലീസ് സ്റ്റേഷൻ ഉൾപ്പെടെ കേരളത്തിലെ പോലീസ് സ്റ്റേഷനുകൾക്കു മുമ്പിലും പാതയോരങ്ങളിലും ഇത്തരത്തിൽ അപകടകരമായ രീതിയിൽ നിർത്തിയിട്ട വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നല്ലളം പോലീസ് സ്റ്റേഷന് മുമ്പിലുള്ള പാതയോരത്ത് നിർത്തിയിട്ട വാഹനങ്ങൾ ഒഴിവാക്കുന്നതിന് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയായ വാഹനങ്ങൾ ലേലം ചെയ്തു. ബാക്കിയുള്ളവ ഒഴിവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വിജിലന്റ് കേരള പദ്ധതി**

52 (53) ശ്രീ. പി. ടി. തോമസ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "വിജിലന്റ് കേരള" പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിമൂലം എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞത് ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് “ വിജിലന്റ് കേരള” പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2014-ൽ വിജിലന്റ് കേരളയുടെ ഘടന മൂന്ന് തീയറ്റർ ആയാണ് രൂപകല്പന ചെയ്തിരുന്നത്. ഈ പദ്ധതിമൂലം എന്തൊക്കെ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചു എന്നത് നിലവിൽ വിലയിരുത്തിയിട്ടില്ല.

## ഒഴിവുകൾ നികത്താൻ നടപടി

53 (54) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിലെ സബ്-ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള ഒഴിവുകൾ അടുത്ത മൂന്ന് വർഷത്തേക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന 1-3-2016-ലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ Go(Ms) No.76/2016/ Home ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; ഇങ്ങനെയൊരു ഉത്തരവിറങ്ങാനുള്ള സാഹചര്യം അന്വേഷണ വിധേയമാക്കുമോ;

(ബി) ജി.ഒ.(പി) No.268/2010/Home തീയതി 10-12-2010 പ്രകാരം നിലവിൽ വന്ന കേരള സിവിൽ പോലീസ് കേഡറിലെ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് റാങ്ക് ലിസ്റ്റ് (കാറ്റഗറി നമ്പർ 253/2014) നിലവിൽ വന്ന് ഒരു വർഷം കഴിഞ്ഞിട്ടും റിക്രൂട്ട്മെന്റ് റൂൾ നിലവിൽ വന്നിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപാകത പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 26-8-2014-ലെ OP(KAT)No.200/14 നമ്പർ ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി, എസ്.ഐ. തസ്തികയിൽ 137 അധിക ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ഉത്തരവിട്ടു. എന്നാൽ ടി ഒഴിവുകൾ ഡിപ്പാർട്ടുമെന്റിൽ നിലവിലില്ലാത്ത അധിക ഒഴിവുകളായിരുന്നു. നിലവിലില്ലാത്ത ഒഴിവുകളിൽ നിയമനം നടത്തുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ്. ഇതേത്തുടർന്ന് 1-3-2016-ലെ ജി.ഒ.(എംഎസ്.) 76/16/ ആഭ്യന്തരം പ്രകാരം സർക്കാർ 37 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും ആയത് അടുത്ത മൂന്ന് വർഷത്തേക്ക് ഉണ്ടാകുന്ന എസ്.ഐ. ഒഴിവുകളിൽ അഡ്ജസ്റ്റ് ചെയ്യാൻ ഉത്തരവാകുകയും ചെയ്തു. ടി ഒഴിവുകളിൽ നിയമനം ലഭിച്ചവരുടെ പരിശീലനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കേരള സിവിൽ പോലീസ് കേഡറിനുവേണ്ടിയുള്ള കരട് സ്പെഷ്യൽ റൂൾസ് 9-1-2015-ന് സംസ്ഥാന പോലീസ് മേധാവിയിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ സെക്രട്ടേറിയറ്റിലെയും ഡിപ്പാർട്ട്മെന്റിലെയും

ഉന്നത ഉദ്യോഗസ്ഥരും സംഘടനാ പ്രതിനിധികളും പങ്കെടുത്ത ഒരു ചർച്ച 19-5-2015-ന് അഡീഷണൽ ചീഫ് സെക്രട്ടറി (ഹോം & വിജിലൻസ്)-ന്റെ സാന്നിദ്ധ്യത്തിൽ നടക്കുകയും ചെയ്തു. ചർച്ചയിലെ തീരുമാനപ്രകാരം പോലീസ് സേനയിലെ നോൺ ഐ.പി.എസ്., എസ്.പി. വരെയുള്ള എല്ലാ കേഡറുകളുടേയും സ്ട്രെങ്ത് നിശ്ചയിക്കുന്നതിനായി 2-6-2015-ലെ ഉത്തരവ് നമ്പർ എസ്4 (എ) 112779/ 2014/പി.എച്ച്.ക്യൂ. ആയി എ.ഡി.ജി.പി. (ഇന്റലിജൻസ്) അദ്ധ്യക്ഷനായ ഒരു സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

## അന്യസംസ്ഥാന തൊഴിലാളികൾ

54 (55) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ വരവ് നിയന്ത്രിക്കുന്നതിനായി നിലവിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തേക്ക് വരുന്ന മുഴുവൻ അന്യസംസ്ഥാന തൊഴിലാളികളുടേയും ക്രിമിനൽ പശ്ചാത്തലം പരിശോധിക്കുന്നുണ്ടോ;

(ഡി) ഇവർക്ക് ഐഡന്റിറ്റി കാർഡ്, മെഡിക്കൽ പരിശോധന നടത്തിയ ആരോഗ്യ കാർഡ് എന്നിവ നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല; ഉദ്ദേശിക്കുന്നില്ല.

(സി&ഡി) സംസ്ഥാന പോലീസ് മേധാവിയുടെ 5-11-2009-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/2009 പ്രകാരം അന്യസംസ്ഥാന തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ബയോഡാറ്റയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരും തൊഴിലുടമകളും സ്വമേധയാ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതും ടി വിവരം പോലീസ് സ്റ്റേഷനുകളിൽ ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ഡാറ്റാ ബെയ്സ് (Data Base)-ൽ ഉൾപ്പെടുത്തി സൂക്ഷിച്ചും വരുന്നുണ്ട്. പുതുതായി വരുന്ന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിന് തൊഴിലുടമകൾക്കും ഏജന്റുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## മുൻ സർക്കാർ കാലയളവിലെ കുറ്റകൃത്യങ്ങളുടെ കണക്കുകൾ

55 (56) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിമാർ ആരെല്ലാം എന്നും ഇവരുടെ ഓരോരുത്തരുടെയും ഭരണ കാലത്തു നടന്ന കൊലപാതകം, കൊലപാതകശ്രമം, ബലാത്സംഗം, സ്ത്രീധന പീഡന മരണം, ലൈംഗിക അതിക്രമവും അതിലൂടെയുള്ള മരണവും, കൊള്ള, മോഷണം, കലാപങ്ങൾ, ബ്ലേഡ് മാഫിയ ആക്രമണവും അതിലൂടെയുള്ള മരണവും, വീടും സ്ഥലവും നഷ്ടപ്പെട്ടവർ, മണൽ മാഫിയ ആക്രമണവും അതിലൂടെയുള്ള മരണവും, കുട്ടികൾക്കു നേരെയുള്ള ആക്രമണം, വൃദ്ധർക്കു നേരേയുള്ള ആക്രമണം, മറ്റു മാഫിയ ആക്രമണവും മരണവും എത്ര വീതമെന്ന് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കണക്കുകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ക്രമസമാധാനം സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-5-2011 മുതൽ 11-4-2012 വരെ ശ്രീ. ഉമ്മൻ ചാണ്ടി; 12-4-2012 മുതൽ 31-12-2013 വരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ; 1-1-2014 മുതൽ 24-5-2016 വരെ ശ്രീ. രമേശ് ചെന്നിത്തല. ഓരോ കാലയളവിലേയും സ്ഥിതി വിവരക്കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിലവിൽ പരിഗണനയിലില്ല.

## ചെറായി എ.കെ.ജി. വായനശാല തീവച്ചു നശിപ്പിച്ച സംഭവം

56 (57) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി എ.കെ.ജി. വായനശാലയും തൊട്ടടുത്ത കടമുറികളും തീവച്ചു നശിപ്പിച്ച സംഭവം സംബന്ധിച്ച് അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏത് ഏജൻസിയെയാണ് അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെന്നും വ്യക്തമാക്കാമോ;

(സി) ഈ സംഭവത്തിൽ ഉൾപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നാശനഷ്ടം സംഭവിച്ചവർക്ക് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) മുനമ്പം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 985/2015 എന്ന കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് Cr.No.09/Cr/OCW/2016 ആയി റീ നമ്പർ ചെയ്ത് 20-2-2016 മുതൽ അന്വേഷണം നടത്തി വരുന്നു.

(ബി) 20-2-2016 തീയതി മുതൽ ക്രൈംബ്രാഞ്ചിന്റെ OCW-II എറണാകുളം സബ് യൂണിറ്റ് ഡിറ്റക്ടീവ് ഇൻസ്പെക്ടർ ശ്രീ. റ്റി. എം. വർഗീസാണ് കേസിന്റെ അന്വേഷണം നടത്തി വരുന്നത്.

(സി) നിലവിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**മുക്കം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

57 (58) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടം അപകടാവസ്ഥയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ പരിശോധിക്കുന്നതിനുവേണ്ടി കോഴിക്കോട് PWD ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ടി ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭിച്ചശേഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**പോലീസ് സേനയിലെ സ്ഥലംമാറ്റങ്ങൾ**

58 (59) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയിൽ നടത്തിയ സ്ഥലം മാറ്റങ്ങൾ വ്യക്തമാക്കാമോ;

(ബി) അവ നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടു തന്നെയാണോ;

(സി) എത്ര ജീവനക്കാരെ ആഭ്യന്തര വകുപ്പിൽ നിശ്ചിത കാലാവധി തീരും മുമ്പ് സ്ഥലം മാറ്റിയെന്നും അവയുടെ തസ്തിക തിരിച്ചുള്ള കണക്കുകളും വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയിൽ 309 പേരുടെ സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ഭരണ നിർവ്വഹണ സൗകര്യാർത്ഥം നിലവിലെ നിയമ വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് സ്ഥലമാറ്റങ്ങൾ നടത്തിയിട്ടുള്ളത്.

(സി) 21 പോലീസ് ഉദ്യോഗസ്ഥരെ കാലാവധി പൂർത്തിയാക്കുംമുമ്പ് പൊതുജന താൽപ്പര്യാർത്ഥവും ഭരണപരമായ സൗകര്യാർത്ഥവും ഉദ്യോഗസ്ഥരുടെ അപേക്ഷപ്രകാരവും സ്ഥലം മാറ്റിയിട്ടുണ്ട്. അവ ഇപ്രകാരമാണ്. സബ് ഇൻസ്പെക്ടർ-15, സീനിയർ സിവിൽ പോലീസ് ഓഫീസർ-1, ഡ്രൈവർ-കം-പോലീസ് ഓഫീസർ-4, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ (ജനറൽ)- 1

## പോലീസ് സേനയുടെ നവീകരണം

59 (60) ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. രാജൻ :

ശ്രീമതി സി. കെ. ആശ :

ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹനന്മ ലക്ഷ്യമിട്ട് സംസ്ഥാനത്തെ പോലീസ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് കൊണ്ടുവരാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന പോലീസിൽ നിലനിൽക്കുന്ന കുറ്റാന്വേഷണ രീതികളിൽ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തുള്ള പോലീസ് സേനയെ നവീകരിക്കുന്നതിന് എന്തു നടപടികളാണ് ഉണ്ടായിരുന്നതെന്നും, പുതിയ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും ഇതിന് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പോലീസ് സേനകളിലേക്കുള്ള നിയമനം, പരിശീലനം, സ്ഥാനക്കയറ്റം എന്നിവ വ്യവസ്ഥാപിതമായ രീതിയിൽ നടപ്പിലാക്കുന്നതിന് യോജിച്ച ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് പോളിസി കൊണ്ടുവരുന്നതാണ്. പോലീസിന്റെ ആധുനികവൽക്കരണം ഒരു ഘടനാപരമായ ഉദ്യമവും അത് അനുയോജ്യമായ സാങ്കേതികവിദ്യയുടെ പ്രയോഗം വിഭാവനം ചെയ്യുകയും ചെയ്യും. ഗതാഗത നിയന്ത്രണത്തിനും നടപ്പാക്കലിനുമായി അടിസ്ഥാന സൗകര്യ വികസനം കൊണ്ടു വരുന്നതും അതിൽ സ്റ്റേറ്റ് ലെവൽ ട്രാഫിക് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെന്റർ ഉൾപ്പെടുന്നതുമാണ്. സംസ്ഥാനത്ത് സൈബർ സ്പേസിന്റെ വർദ്ധിച്ചുവരുന്ന ദുരുപയോഗം കണക്കിലെടുത്ത് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനും ട്രെയിനിങ്ങിനും അടിസ്ഥാന സൗകര്യ വികസനത്തിനും മുൻഗണന നൽകുന്നതാണ്. എല്ലാ പോലീസ് സ്റ്റേഷനുകളുടെയും നിലവാരമുയർത്തി സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി മാറ്റുന്നതിന് നടപടിയെടുക്കും.

തീരദേശ സുരക്ഷ കൈകാര്യം ചെയ്യുന്നതിനായി ഒരു ഐ.ആർ. മറൈൻ ബറ്റാലിയനും തീവ്രവാദം, മറ്റു ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് സഹായത്തിനായി ഒരു ഇന്ത്യ റിസർവ് (ഐ.ആർ.) ബറ്റാലിയനും കൂടി അനുവദിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്. കാര്യക്ഷമമായ ഒരു വിമെൻ സേഫ്റ്റി ആന്റ് സെക്യൂരിറ്റി സ്കീം ആരംഭിക്കുന്നതാണ്. ഒരു സമ്പൂർണ്ണ വനിതാ ബറ്റാലിയൻ കൊണ്ടുവരുന്നതിന്റെ സാധ്യതകൾകൂടി പരിശോധിക്കുന്നതാണ്. കൂടാതെ, താഴെത്തട്ടിലുള്ള വനിതാ ഓഫീസർമാരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതുമാണ്. പൊതുജനങ്ങളുടെ പ്രയോജനത്തിനായി ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിങ് നെറ്റ്‌വർക്ക് പ്രോജക്ടിൽ ഒരു പബ്ലിക് വെബ് പോർട്ടൽ ഫെസിലിറ്റി കൊണ്ടുവരുന്നതാണ്.

(ബി) സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങളിൽ ലഭ്യമാകുന്ന തെളിവുകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിലാണ് കുറ്റാന്വേഷണത്തിന്റെ രീതി നിശ്ചയിക്കപ്പെടുന്നത്. ഇതിൽ സങ്കീർണ്ണമായ കേസുകളിന്മേൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത ഉദ്യോഗസ്ഥർ നൽകിവരുന്നു. കൂടാതെ ചില കേസുകളിൽ ബഹു. കോടതികൾ കുറ്റാന്വേഷണത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. ഇതിനുപുറമെ 'പുതുതലമുറ കുറ്റകൃത്യങ്ങൾക്ക്' ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ആധുനിക സാങ്കേതികവിദ്യയിൽ ഊന്നിയുള്ള കുറ്റാന്വേഷണ ഉപകരണങ്ങളും മറ്റും സ്ഥാപിച്ച് കുറ്റകൃത്യം വേഗത്തിൽ തെളിയിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

(സി) പോലീസ് സേനയെ നവീകരിക്കുന്നതിനായി കേന്ദ്ര സംസ്ഥാനങ്ങളുടെ വിവിധ പദ്ധതികൾപ്രകാരമുള്ള ഫണ്ടുപയോഗിച്ച് ആയുധങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, വാഹനങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ വാങ്ങുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതിയിൽ താഴെപ്പറയുന്ന ഇനങ്ങൾ ഉൾപ്പെടുന്നു:

1. വാഹന സൗകര്യം വർദ്ധിപ്പിക്കൽ.
2. ആയുധങ്ങളും വെടിക്കോപ്പുകളും വാങ്ങൽ
3. കമാന്റോ വിംഗിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ.
4. സ്പെഷ്യൽ ബ്രാഞ്ചിലേക്ക് അത്യാധുനിക ഉപകരണങ്ങൾ വാങ്ങൽ.

5. ടെലികമ്മ്യൂണിക്കേഷൻ, എഫ്.എസ്.എൽ., എഫ്.പി.ബി. തുടങ്ങിയ വിഭാഗങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.

6. സൈബർ കുറ്റാന്വേഷണരംഗം നവീകരിക്കൽ.

7. പരിശീലന വിഭാഗം നവീകരിക്കൽ.

2016-17 സാമ്പത്തിക വർഷത്തിൽ പോലീസ് സേനയുടെ നവീകരണത്തിനായി സംസ്ഥാന പോലീസ് മേധാവി തയ്യാറാക്കിയ പദ്ധതി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

**തീരദേശ സംരക്ഷണ വകുപ്പ് രൂപീകരണം**

60 (61) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിന്റെ തീരദേശ സംരക്ഷണം ഫലപ്രദമായി ഏകോപിപ്പിക്കുവാൻ ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

തീരദേശ സംരക്ഷണത്തിനായി 1986-ലെ Environment Protection Act-ന്റെ Section (3) ഉപവകുപ്പ് (1)-ഉം (3)-ഉം പ്രകാരം കേരള കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ച് 10-6-2016-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തീരദേശ സംരക്ഷണത്തിനായി ഒരു വകുപ്പ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കുട്ടികൾ മുങ്ങിമരിച്ച സംഭവം**

61 (62) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മടമ്പം-ചെങ്ങളായി-ചമതച്ചാൽ പുഴകളിൽ മൂന്ന് ആഴ്ചക്കിടയിൽ 9 കുട്ടികൾ മുങ്ങിമരിച്ച ദാരുണമായ സംഭവത്തിൽ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) മരണമടഞ്ഞ ഓരോ കുട്ടികൾക്കും 5 ലക്ഷം രൂപാവീതം അവരുടെ രക്ഷകർത്താക്കൾക്ക് ധനസഹായം നൽകുന്നതിന് ശ്രീ. കെ. സി. ജോസഫ് എം.എൽ.എ.യുടെ കത്ത് മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ;

(സി) മരണാനന്തര സഹായമായി മരിച്ച ഓരോ കുട്ടികളുടെയും രക്ഷകർത്താക്കൾക്ക് എന്ത് ധനസഹായമാണ് നല്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇനിയും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ സംഭവം നടന്ന സ്ഥലങ്ങളിൽ മുന്നറിയിപ്പ് നൽകുന്ന ബോർഡുകൾ സ്ഥാപിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-സി) ചെങ്ങളായി-ചമതച്ചാൽ പുഴകളിൽ മുങ്ങിമരിച്ച 8 കുട്ടികളുടെ കുടുംബാംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും മൂന്നുലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. മടമ്പത്ത് പുഴയിൽ മുങ്ങിമരിച്ച കുട്ടിയുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല.

(ഡി) മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**അരൂർ പോലീസ് സ്റ്റേഷൻ കെട്ടിടം**

62 (63) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പോലീസ് സ്റ്റേഷൻ ഇപ്പോൾ വാടകകെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുവാൻ ഇടയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്ത് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൈമാറിയ സ്ഥലത്ത് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്;

(സി) ജില്ലാ അതിർത്തിയിലെ ഒരു പോലീസ് സ്റ്റേഷൻ ഇപ്രകാരം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച് മാധ്യമങ്ങളിൽ വരുന്ന വിമർശനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മയക്കുമരുന്നുകേസുകൾ അടക്കം ഏറ്റവും അധികം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള ഇവിടെ ആധുനിക സൗകര്യങ്ങൾ ഉള്ള ഒരു പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി സത്വരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 455 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി കണ്ടെത്തിയിട്ടുള്ള ഭൂമി ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

63 (64) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പരിയാരം ടി. ബി. സാനിറ്റോറിയത്തിന്റെ ഭൂമിയിൽ നിന്നും പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ?

ഉത്തരം

പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് ടി.ബി. സാനിറ്റോറിയത്തിന്റെ 13.0936 ഹെക്ടർ ഭൂമിയിൽ നിന്നും 1 ഹെക്ടർ ഭൂമി വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**നഗരൂർ കേന്ദ്രമായി പോലീസ് സ്റ്റേഷൻ**

64 (65) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ കേന്ദ്രമായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിടവും മറ്റ് ഭൗതിക സാഹചര്യവുമൊരുക്കാമെന്നുള്ള തീരുമാനം നഗരൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നഗരൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി നഗരൂർ പഞ്ചായത്തുവക ഇരുനില കെട്ടിടത്തിന്റെ മുകളിലത്തെ നില പഞ്ചായത്ത് വിട്ടുനൽകിയിരുന്നതും ആയത് പരിശോധിച്ചതിൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനത്തിന് യോഗ്യമല്ല എന്ന് കണ്ടതിനാൽ മറ്റേതെങ്കിലും സൗകര്യപ്രദമായ കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്നതിന് നഗരൂർ പഞ്ചായത്ത് അധികാരികളോടും ചിറയിൻകീഴ് തഹസീൽദാരോടും വകുപ്പ് തലത്തിൽനിന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിന് യോജിച്ച മറ്റ് കെട്ടിടമോ സ്ഥലമോ നഗരൂർ വില്ലേജിൽ ലഭ്യമല്ല എന്ന വിവരമാണ് ചിറയിൻകീഴ് തഹസീൽദാർ അറിയിച്ചിട്ടുള്ളത്.

**നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ**

65 (66) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലയും പോലീസ് സ്റ്റേഷനും തിരിച്ചുള്ള കണക്ക് നൽകാമോ; എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇനി എത്ര പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്;

(ബി) സെക്ഷൻ 153 (A) പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ഈ സെക്ഷൻ അനുസരിച്ച് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; തെരഞ്ഞെടുപ്പ് കാലത്ത് വർഗ്ഗീയ സംഘർഷം ഉളവാക്കുന്നതിനെതിരെ ഉപയോഗിക്കുന്ന സെക്ഷൻ പ്രകാരം കേസ്സെടുക്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1287 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക്, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം, ഇനി അറസ്റ്റ് ചെയ്യാനുള്ള പ്രതികളുടെ എണ്ണം എന്നിവ അനുബന്ധമായിചേർത്തിരിക്കുന്നു.* ജില്ല, പോലീസ് സ്റ്റേഷൻ എന്നിവ തരംതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സെക്ഷൻ 153(A) പ്രകാരം 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (കൊല്ലം ജില്ല – 3, കാസർഗോഡ് ജില്ല – 3) കൊല്ലം ജില്ലയിൽ ശൂരനാട്, കൊല്ലം വെസ്റ്റ്, ഇരവിപുരം എന്നീ പോലീസ് സ്റ്റേഷനുകളിലായി ഓരോ കേസ് വീതവും കാസർഗോഡ് ജില്ലയിൽ കാസർഗോഡ് പോലീസ് സ്റ്റേഷനിൽ 3 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇലക്ഷനോടനുബന്ധിച്ച് ഉണ്ടായ രാഷ്ട്രീയ സംഘർഷങ്ങളിൽ ഉൾപ്പെട്ടവർ വർഗ്ഗീയ മനോഭാവത്തോടുകൂടി ചേരിതിരിഞ്ഞ് ആക്രമണം നടത്തിയതിനാലാണ് സെക്ഷൻ 153(A) പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

## നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസ്

66 (67) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ ബേഡഡുക്കൽ കൈപ്പത്തി ചിഹ്നം പതിപ്പിച്ച 500 രൂപ നോട്ട് നാട്ടുകാർ പിടികൂടിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ജില്ലാ കളക്ടർക്കും, റിട്ടേണിംഗ് ഓഫീസർക്കും നൽകിയ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പരാതികൾ ജില്ലാ പോലീസ് മേധാവിക്ക് കൈമാറിയിട്ടുണ്ടോ ; വിശദവിവരങ്ങൾ അറിയിക്കാമോ;

(ഡി) ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുവരെ കേസ് എടുത്ത് അന്വേഷണം നടത്താതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ ബേഡഡുക്കൽ കൈപ്പത്തി ചിഹ്നം പതിപ്പിച്ച 500 രൂപ നോട്ട് വിതരണം ചെയ്തതായി പരാതി ലഭിച്ചിരുന്നു.

(ബി&സി) പരാതി റിട്ടേണിംഗ് ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവർ മുഖാന്തിരം അന്വേഷണം നടത്തി റിപ്പോർട്ട് ചീഫ് ഇലക്ടറൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇല്ല. പ്രാഥമിക അന്വേഷണത്തിൽ പോലീസിന് നേരിട്ട് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള കുറ്റകൃത്യം നടന്നതായി വെളിവായിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

## നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് നടന്ന അക്രമങ്ങൾ

67 (68) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. വി. പി.സജീന്ദ്രൻ :

ശ്രീ. എം. വിൻസെന്റ് :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംസ്ഥാനമൊട്ടാകെ എന്തെല്ലാം അക്രമപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഏതെല്ലാം കേസുകളാണ് ഇതുമായി രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) വിവിധ രാഷ്ട്രീയ പാർട്ടികളിലെ പ്രവർത്തകർ തമ്മിൽ പരസ്പരം ദേഹോപദ്രവം ഏൽപ്പിക്കുക, എതിർ പാർട്ടി പ്രവർത്തകരുടെ വീടുകൾ/ കടകൾ/ വാഹനങ്ങൾ എന്നിവ ആക്രമിച്ച് നശിപ്പിക്കുക, എതിർ പാർട്ടി പ്രവർത്തകരുടെ ഓഫീസുകൾ, ക്ലബ്ബുകൾ എന്നിവ ആക്രമിച്ച് നശിപ്പിക്കുക, പോലീസ് ഉദ്യോഗസ്ഥരെ ദേഹോപദ്രവം ഏൽപ്പിക്കുക, രാഷ്ട്രീയ എതിരാളികളെ കൊലപ്പെടുത്തുക, തീവയ്പ്പ് എന്നിങ്ങനെയുള്ള അക്രമ പ്രവർത്തനങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുകയും സാക്ഷികളിൽനിന്നും മൊഴികൾ രേഖപ്പെടുത്തിയും ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചും കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചില കേസുകളിൽ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പോലീസ് ക്യാംപ്**

68 (69) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ നടക്കുന്നതിന്റെ ഭാഗമായി അവിടെ പ്രവർത്തിക്കുന്ന പോലീസ് എ.ആർ. ക്യാംപ് നെയ്യാറ്റിൻകരയിലേക്കു മാറ്റി സ്ഥാപിക്കുന്നതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

തിരുവനന്തപുരം റൂറൽ എ.ആർ. ക്യാംപ് നെയ്യാറ്റിൻകരയിലേക്ക് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**കൈക്കൂലി - അഴിമതി കേസുകൾ**

69 (70) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ കഴിഞ്ഞ 5 വർഷത്തിനിടെ കൈക്കൂലി - അഴിമതി കേസുകളിൽപെട്ട എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം കേഡറിലുള്ള ഉദ്യോഗസ്ഥരാണ് ഇത്തരം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര പേർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് സേനയിൽ കഴിഞ്ഞ 5 വർഷത്തിനിടെ കൈക്കൂലി - അഴിമതി കേസുകളിൽപ്പെട്ട 51 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിജിലൻസ് കേസുകളിലുൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ കേഡറുകൾ ചുവടെ വിവരിക്കുന്നു:

| | | |
|---|---|---|
| ഐ.പി.എസ്. | - | 1 |
| ഡിവൈ.എസ്.പി. | - | 2 |
| സി.ഐ. | - | 10 |
| എസ്.ഐ. | - | 15 |
| എ.എസ്.ഐ. | - | 7 |
| എസ്.സി.പി.ഒ. | - | 8 |
| സി.പി.ഒ. | - | 7 |
| ഡ്രൈവർ എസ്.സി.പി.ഒ. | - | 1 |

(സി) 18 പേർക്കെതിരെ കുറ്റവിചാരണ ചെയ്യുന്നതിന് ശിപാർശ ചെയ്ത് നടപടി എടുക്കുന്നു. 5 പേർക്കെതിരെ ട്രൈബ്യൂണൽ എൻക്വയറി ശിപാർശ ചെയ്തു. ഒരാൾക്കെതിരെ വകുപ്പുതല നടപടി ശിപാർശ ചെയ്തു.

**കാടാമ്പുഴ പോലീസ് സ്റ്റേഷൻ**

70 (71) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കാടാമ്പുഴയിൽ അനുവദിച്ച പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം റവന്യൂ വകുപ്പ് ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നൽകുമോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ മേൽമുറി വില്ലേജിൽ ഡംപിങ് യാർഡായി ഉപയോഗിച്ചുവരുന്ന റീ-സർവ്വെ 180-ൽപ്പെട്ട 3.80 ഏക്കർ ഭൂമിയിൽ നിന്നും പോലീസ് വകുപ്പിന്റെ ഡംപിങ് യാർഡിന് 1.67 ഏക്കറും കാടാമ്പുഴ പോലീസ് കെട്ടിട നിർമ്മാണത്തിനായി 50 സെന്റും പോലീസ് വകുപ്പിനായി സംവരണം ചെയ്ത് ലാന്റ് റവന്യൂ ബോർഡ് ഉത്തരവായിട്ടുണ്ട്. ടി ഭൂമി പോലീസ് വകുപ്പിന് കൈമാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൈമാറി കിട്ടുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം നടത്തി പ്രവർത്തനം തുടങ്ങുന്നതാണ്.

## എഴുകോൺ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

71 (72) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് അതിർത്തിയിൽ വരുന്ന എഴുകോൺ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആഭ്യന്തര വകുപ്പിന് ഭൂമി ലഭ്യമായത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) കെട്ടിട നിർമ്മാണത്തിന് ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിരുന്നോ ; എങ്കിൽ അടങ്കൽ തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിന്റെ കീഴിലുള്ള 40.51 ആർ ഭൂമി എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 4-6-2014-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 238/2014/റവന്യൂ പ്രകാരമാണ് ഉപയോഗാനുമതി ലഭിച്ചത്.

(ബി) തയ്യാറാക്കിയിട്ടുണ്ട്. 49 ലക്ഷം രൂപ.

(സി) കെട്ടിട നിർമ്മാണത്തിനായി 49 ലക്ഷം രൂപ എം.ഒ.പി.എഫ്. 2014-15 (പ്ലാൻ സെൻട്രൽ ഷെയർ)-ൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. എന്നാൽ തുക കൃത്യസമയത്ത് ലഭിക്കാത്തതിനാൽ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചില്ല. ഈ സാമ്പത്തിക വർഷം ടി തുക ലഭിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.

## ഹർത്താലിനോടനുബന്ധിച്ച് നടന്ന അക്രമസംഭവം

72 (73) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് സംഭവത്തെ തുടർന്ന് വിശ്വഹിന്ദു പരിഷത്ത് തൃശ്ശൂർ ജില്ലയിൽ 28-4-2014-ന് ആഹ്വാനം ചെയ്ത ഹർത്താലിന്റെ തലേന്ന് ചാലക്കുടി മണ്ഡലത്തിൽ ഒരു ക്രിസ്ത്യൻ ദേവാലയത്തിനും മൂന്ന് കപ്പേളകൾക്കും നേരെയുണ്ടായ ആക്രമണത്തിലെ പ്രതികളെ പിടികൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇരിങ്ങാലക്കുട എസ്.ഐ. ആയിരുന്ന ജിജോയുടെയും വെള്ളിക്കുളങ്ങര സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥനായ സഹോദരന്റേയും വീടും വാഹനങ്ങളും ആക്രമിച്ച സംഭവത്തിൽ പോലീസ് ഉദ്യോഗസ്ഥന് ബൈക്ക് വാങ്ങി നൽകും എന്ന ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഉറപ്പ് പാലിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂർക്കനാട് സംഭവത്തെ തുടർന്ന് വിശ്വഹിന്ദു പരിഷത്ത് തൃശ്ശൂർ ജില്ലയിൽ നടത്തിയ ഹർത്താലിന്റെ തലേന്ന് ചാലക്കുടി മണ്ഡലത്തിൽ ഒരു ക്രിസ്ത്യൻ ദേവാലയത്തിനും മൂന്ന് കപ്പേളകൾക്കും നേരെയുണ്ടായ ആക്രമണത്തെത്തുടർന്ന് രജിസ്റ്റർ ചെയ്ത കേസുകളിലെ പ്രതികളെ ഇതുവരെയും കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ ടി കേസ് UD ആയി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

## രാഷ്ട്രീയ സംഘട്ടനങ്ങൾ

73 (74) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സംസ്ഥാന നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിയെന്നും ഏതൊക്കെ രാഷ്ട്രീയ കക്ഷികൾ തമ്മിലാണെന്നും വ്യക്തമാക്കാമോ ;

(ബി) അതിൽ എത്ര പ്രതികളെ അറസ്റ്റു ചെയ്തുവെന്ന് വെളിപ്പെടുത്താമോ;

(സി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2016-ലെ സംസ്ഥാന നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം സംസ്ഥാനത്ത് 485 രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ സംഘട്ടനങ്ങളിൽ ആകെ 1081 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഓപ്പറേഷൻ കുബേര**

74 (75) <u>ശ്രീ. ഷാഫി പറമ്പിൽ</u> :

<u>ശ്രീ. അൻവർ സാദത്ത്</u> :

<u>ശ്രീ. കെ. മുരളീധരൻ</u> :

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) എത്രമാത്രം ഉദ്ദേശ്യലക്ഷ്യങ്ങൾ പദ്ധതി നടത്തിപ്പ്വഴി കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതി ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളായാണ് ഇത് നടപ്പാക്കിയിരുന്നത്.

(ബി) അനധികൃത പണമിടപാട് നടത്തുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം പൂർണ്ണമായും നിയന്ത്രിച്ച് അമിതപ്പലിശമൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിട്ടിരുന്നത്.

(സി) ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.-മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. അനധികൃത പണമിടപാട് നടത്തുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി ഇവരെ ചുമതലപ്പെടുത്തിയിരുന്നു. ഇവരെ ബന്ധപ്പെടേണ്ട നമ്പരും ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾവഴി പരസ്യപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി കേൾക്കുന്നതിനും പരാതി സ്വീകരിക്കുന്നതിനുമായി മാറ്റിവയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

(ഡി) ഇക്കാര്യം സർക്കാർ ഇപ്പോൾ പരിശോധിച്ച് വിലയിരുത്തിയിട്ടില്ല.

## സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനുള്ള നടപടി

75 (76) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ മാങ്ങാട് കൊല്ലപ്പെട്ട എം. ബി. ബാലകൃഷ്ണന്റെ വിധവ കെ. വി. അനിത സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനായുള്ള അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റ് ആഭ്യന്തര വകുപ്പിൽ 72096/C4/14/ആഭ്യന്തരം നമ്പർ ഫയലിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; വിശദമാക്കുമോ;

(സി) തന്റെ അപേക്ഷ വീണ്ടും പരിഗണിക്കണമെന്നാവശ്യപ്പെട്ട് വിധവയായ കെ.വി.അനിത നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന ആവശ്യം പരിഗണിക്കുകയുണ്ടായില്ല.

(സി) ആവശ്യം പരിശോധിച്ചുവരികയാണ്.

## കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ

76 (77) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകെയുള്ള അന്യസംസ്ഥാന തൊഴിലാളികൾ എത്രയെന്ന് വ്യക്തമാക്കുമോ; ഇവരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പേരിൽ ക്രിമിനൽ കുറ്റങ്ങൾ വ്യാപകമാകുന്ന സാഹചര്യത്തിൽ ഇവരുടെ വിശദാംശങ്ങളും എണ്ണവും തിട്ടപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ; ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ 1,56,048 ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനം തിരിച്ചുള്ള വിവരം അനുബന്ധം എ ആയി ചേർത്തിരിക്കുന്നു.*

(ബി) അന്യസംസ്ഥാനത്തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ബയോഡാറ്റയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരും തൊഴിലുടമകളും സ്വമേധയാ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതും ടി വിവരം പോലീസ് സ്റ്റേഷനുകളിൽ ഇതര സംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ഡാറ്റാ ബെയ്സ് (Data Base)-ൽ ഉൾപ്പെടുത്തി സൂക്ഷിച്ചും വരുന്നുണ്ട്. പുതുതായി വരുന്ന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിന് തൊഴിൽ ഉടമകൾക്കും ഏജന്റുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇവരെ സംബന്ധിച്ചുള്ള പൂർണ്ണമായ വിവരം ശേഖരിക്കാൻ കഴിയാത്തതുമൂലം ഇവർ ഉൾപ്പെടുന്ന അക്രമപ്രവർത്തനങ്ങളിലും കുറ്റകൃത്യങ്ങളിലും കുറ്റവാളികളെ യഥാസമയം നിയമത്തിനു മുമ്പിൽ കൊണ്ടുവരാൻ പ്രയാസം നേരിടുന്നുണ്ട്.

(സി) ആഭ്യന്തര വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും ഏജൻസികൾ അന്യസംസ്ഥാനത്തൊഴിലാളികളെ കേരളത്തിലേക്ക് കൊണ്ടു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില കേന്ദ്രങ്ങളിൽ വീടുകളും കെട്ടിടങ്ങളും വാടകയ്ക്കെടുത്ത് അന്യസംസ്ഥാനത്തൊഴിലാളികൾ കൂട്ടമായി താമസിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെടുകയും ഇത്തരക്കാരെ നിരന്തരമായി പോലീസ് നിരീക്ഷണത്തിന് വിധേയമാക്കിവരികയും ചെയ്യുന്നുണ്ട്.

### പട്ടികജാതി കുടുംബത്തിനെതിരെയുള്ള ആക്രമണം

77 (78) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കുട്ടിമാക്കലിൽ പട്ടികജാതി കുടുംബത്തെ ആക്രമിക്കുകയും വീടും, കാറും തകർക്കുകയും ചെയ്ത സംഭവത്തിൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ കേസിൽ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം വകുപ്പുകളാണ് കുറ്റക്കാർക്കെതിരെ ചുമത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ കേസിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത കേസിൽ മൂന്ന് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) (1) Cr. No.1096/16 u/s 447, 427 r/w 34 IPC.

(2) Cr. No.1143/16 u/s 341, 323, 506(i) IPC & Sec. 3(1) (r) of SC/ST POA Act 1989.

(3) Cr. No.1161/16 u/s 448, 323, 324, 354, 427, 506 r/w 34 IPC & Sec. 3(1)XI of SC/ST POA Act 1989.

(ഡി) പ്രസ്തുത 3 കേസുകളും അന്വേഷണാവസ്ഥയിലാണ്.

**ഞാറയ്ക്കൽ പോലീസ് സ്റ്റേഷന്റെ അധികാര പരിധി**

78 (79) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ എത്ര പഞ്ചായത്തുകളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷനിലെ ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഭൂവിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് പുതുവൈപ്പ് മേഖല കേന്ദ്രീകരിച്ച് പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഞാറയ്ക്കൽ പോലീസ് സ്റ്റേഷന്റെ അധികാര പരിധി പുനഃക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 4 പഞ്ചായത്തുകളും 1 കോർപ്പറേഷൻ വാർഡും.

(ബി) ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ അനുവദിച്ചിരിക്കുന്ന ജീവനക്കാരുടെ എണ്ണം 49-ഉം നിലവിലുള്ള ജീവനക്കാരുടെ എണ്ണം 40-ഉം ആണ്.

(സി) നിലവിൽ പുതുവൈപ്പിൻ മേഖല കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഞാറയ്ക്കൽ പോലീസ് സ്റ്റേഷന്റെ അധികാര പരിധി പുനഃക്രമീകരിക്കുന്നതിനും പദ്ധതികളില്ല. എന്നാൽ എറണാകുളം റൂറൽ ജില്ലയുടെ കീഴിൽവരുന്ന ഞാറയ്ക്കൽ പോലീസ് സ്റ്റേഷന്റെ കീഴിലുള്ള പുതുവൈപ്പിൻ മേഖലയെ മുളവുകാട് പോലീസ് സ്റ്റേഷനുകീഴിൽ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

**കരീലകുളങ്ങര പോലീസ് സ്റ്റേഷൻ**

79 (80) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കരീലകുളങ്ങര പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്നത് എൻ.റ്റി.പി.സി. നൽകിയിട്ടുള്ള കെട്ടിടത്തിലാണ്. ഇത് കാലപ്പഴക്കത്താൽ തികച്ചും ജീർണ്ണാവസ്ഥയിലാണെന്നും, ജീവനക്കാർക്ക് മതിയായ സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടം ആണ് എന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി പോലീസ് സ്റ്റേഷൻ അതിർത്തിയുടെ മധ്യഭാഗത്തായി മതിയായ സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരീലകുളങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഭൂമിയിൽ നിന്നും 25 സെന്റ് സ്ഥലം കൈമാറി ലഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

**നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച നടന്ന സംഘർഷം**

80 (81) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ കുലശേഖരപുരം വില്ലേജിൽ നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച നടന്ന സംഘർഷത്തെ തുടർന്ന് കൃഷ്ണപിള്ള എന്നയാൾ മരിക്കാനിടയായ സംഭവത്തിലെ മുഴുവൻ പ്രതികളെയും അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ബി) പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് എടുത്തിട്ടുണ്ട്;

(സി) കേസിന്റെ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിന് കാലതാമസമുണ്ടാകുമോ;

(ഡി) എത്രയുംവേഗം അന്വേഷണം പൂർത്തീകരിച്ച് കോടതിയിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിൽ കണ്ണൻ S/o അശോകൻ എന്നയാൾ മാത്രമാണ് പ്രതി. ടിയാനെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1607/16 u/s 324, 308 IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടി കേസിൽ കൃഷ്ണപിള്ള എന്നയാൾ മരിക്കാൻ ഇടയായത് ടിയാന് കരൾ സംബന്ധമായ അസുഖമുള്ളതിനാലാണെന്ന് വെളിവായിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**വെഞ്ഞാറമൂട് കേന്ദ്രമാക്കി ഡിവൈ.എസ്.പി. ഓഫീസ്**

81 (82) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പോലീസ് സ്റ്റേഷനിലും 2012 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) കേസുകളുടെയും ജനസംഖ്യയുടെയും വർദ്ധനവ് പരിഗണിച്ച് വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രമാക്കി ഒരു പുതിയ ഡിവൈ.എസ്.പി. ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആയതിന് ഏതെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) വെഞ്ഞാറമൂട് കേന്ദ്രമായി സബ് ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.

**അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായുള്ള കുറ്റകൃത്യങ്ങൾ**

82 (83) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിനായി അന്യസംസ്ഥാനങ്ങളിൽനിന്നും ബംഗ്ലാദേശിൽ നിന്നും ഇവിടെയെത്തി താമസിച്ചുവരുന്ന തൊഴിലാളികളെ സംബന്ധിച്ച യാതൊരു ആധികാരിക/ ഔദ്യോഗിക കണക്കുകളും ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരെക്കുറിച്ച് ആധികാരിക കണക്കെടുപ്പ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) തൊഴിൽ, തദ്ദേശസ്വയംഭരണം, പോലീസ് എന്നീ വകുപ്പുകളെ സംയുക്തമായി ഉപയോഗപ്പെടുത്തി സമയബന്ധിതമായി ഈ വിഷയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നാളിതുവരെ ഈ വിഷയത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) അന്യദേശ തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ബയോഡാറ്റയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരും തൊഴിലുടമകളും സ്വമേധയാ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതും ടി വിവരം പോലീസ് സ്റ്റേഷനുകളിൽ ഇതര സംസ്ഥാന/ദേശത്തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ഡാറ്റാബേയ്സിൽ ഉൾപ്പെടുത്തി സൂക്ഷിച്ചും വരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഒരു സമഗ്ര സംവിധാനം ഇക്കാര്യത്തിൽ ഏർപ്പെടുത്തുന്ന കാര്യം ഗൗരവമായി ആലോചിച്ചു വരുന്നു.

(ഡി) തൊഴിലുടമകളിൽനിന്നും ഏജന്റുമാരിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ഡാറ്റാബേസ് പരിഷ്കരിച്ചുവരുന്നു. കൂടാതെ ഇത്തരക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ പോലീസിന്റെ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിൽ പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവ നടപ്പിലാക്കി വരുന്നു. ഇതര സംസ്ഥാനത്തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ജില്ലകളിൽ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം സംബന്ധിച്ച കേസ്സുകൾ

83 (84) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ പെൺവാണിഭം, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം എന്നിവ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും, ഏതെല്ലാം കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്തുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ആഭ്യന്തര വകുപ്പും സർക്കാർ രൂപീകരിച്ച പ്രത്യേക പോലീസ് സംഘവും ഓപ്പറേഷൻ ബിഗ് ഡാഡി വഴി രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയെന്നും അതിൽ എത്ര കേസുകളിൽ പ്രതികളെ അറസ്റ്റുചെയ്തുവെന്നും അറിയിക്കുമോ;

(സി) ഇത്തരക്കാർ സാമൂഹ്യ മാധ്യമങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതിനാൽ ഇവ ഉപയോഗിച്ചുള്ള പെൺവാണിഭങ്ങളും മറ്റും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 വർഷത്തിൽ പെൺവാണിഭം, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

രജിസ്റ്റർ ചെയ്ത പെൺവാണിഭ കേസ്സുകളുടെ എണ്ണം

| 2015 | 2016 (20-6-2016 വരെ) |
|---|---|
| 5 | 5 |

പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ

| | 2015 | 2016 (20-6-2016 വരെ) |
|---|---|---|
| Rape with murder | ... | ... |
| Rape | 732 | 382 |
| Molestation | 262 | 124 |
| Eve-teasing | 15 | 2 |
| Kidnapping | 150 | 46 |
| POCSO | 417 | 194 |
| Others | 142 | 83 |

പ്രതികളെ അറസ്റ്റ് ചെയ്ത കേസ്സുകളുടെ വിവരം

| District | Police Station | Crime No. | Sec. of Law |
|---|---|---|---|
| TSR | Kodakara | 1528/15 | 3 & 4 of ITP Act 1956 |
| | Kunnamkulam | 458/16 | 3, 4, 5 & 7 of ITP Act |
| | Kolathur | 75/16 | 372, 376(2)(i)(n) of IPC & 5(i), 6 of POCSO Act |
| MLP | Kottakkal | 698/15 | U/s 354, 372, 376 r/w 34 IPC |
| | Kottakkal | 762/15 | U/s 372, 376(i)(2) 1 & n IPC |
| | Changaramkulam | 149/16 | U/s 3, 4, 5 IT Act |

പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ഏതെല്ലാം കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അഞ്ച് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിലെ 5 കേസുകളിലെയും 51 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിച്ചുള്ള പെൺവാണിഭങ്ങളും മറ്റും തടയാൻ face book, Locanto എന്നീ വെബ്സൈറ്റുകളുടെ അധികൃതരുമായി ബന്ധപ്പെട്ടിട്ടുണ്ട്. കൂടാതെ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, സൈബർ ഡോം എന്നിവമുഖേന സൈബർ പട്രോളിംഗ് നടത്തി ഇത്തരത്തിലുള്ള കുറ്റകൃത്യം കണ്ടുപിടിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ പെൺവാണിഭങ്ങളും മറ്റും തടയാൻ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ജാഗ്രതാ സമിതികൾ രൂപീകരിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ, ഷോർട്ട് ഫിലിം പ്രദർശനങ്ങൾ നടത്തിയും വേണ്ട മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു.

**മറിയക്കുട്ടി കൊലപാതകം**

84 (85) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ കാക്കയം ചാലിൽ കൊല്ലപ്പെട്ട മറിയക്കുട്ടിയുടെ കൊലപാതകം സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) കൊലപാതകം നടന്ന് 4 വർഷം കഴിഞ്ഞിട്ടും പ്രതികളെ പിടിക്കാത്ത സാഹചര്യത്തിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അന്വേഷണം നടന്നുവരുന്നു.

(ബി) ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർക്കൊപ്പം ലോക്കൽ പോലീസുകാരെക്കൂടി ഉൾപ്പെടുത്തിയും ശാസ്ത്രീയമായ പരിശോധനയിലൂടെയും മറ്റും കേസ് തെളിയിക്കുന്നതിന് വേണ്ടി ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പോലീസ് സബ് ഡിവിഷൻ ആഫീസ്**

85 (86) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമായ പാപനാശം ഉൾപ്പെടുന്ന വർക്കല ശിവഗിരിയിൽ പുതിയ താലൂക്ക് അനുവദിച്ച സാഹചര്യത്തിൽ കേരള പോലീസിന്റെ ഒരു സബ് ഡിവിഷൻ (Dy.S.P ആഫീസ്) ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആഫീസിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; ആയത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വർക്കല കേന്ദ്രമാക്കി പോലീസ് സബ് ഡിവിഷൻ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചിരുന്നു. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്നതിനാൽ അനുമതി നൽകിയില്ല.

**തെരഞ്ഞെടുപ്പുദിവസം നടന്ന ആക്രമണം**

86 (87) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭയിലേക്ക് 2016 മെയ് 16-ന് നടന്ന തെരഞ്ഞെടുപ്പ് ദിവസം ഉദുമ നിയോജകമണ്ഡലത്തിലെ തെക്കിൻപറമ്പ് യു. പി. സ്കൂളിൽ വച്ച് എൽ. ഡി. എഫ്. സ്ഥാനാർത്ഥിയുടെ ചീഫ് ഏജന്റും മുൻ ഉദുമ എം.എൽ.എ. യുമായിരുന്ന ശ്രീ. കെ. വി. കുഞ്ഞിരാമനേയും എൽ.ഡി. എഫ്. ബൂത്ത് ഏജന്റ് മാരെയും ആക്രമിച്ച് പരുക്കേൽപ്പിക്കുകയും റിട്ടേണിംഗ് ഓഫീസറുടെ അനുമതിയോടെ ഇലക്ഷൻ ദിവസം ചീഫ് ഏജന്റ് ഉപയോഗിച്ചിരുന്ന സ്ഥലം എം.എൽ.എ.-യുടെ KL60C-8787 വാഹനവും പോലീസ് വാഹനവും അടിച്ച് തകർക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആരൊക്കെയാണ് പ്രതികൾ ;

(സി) എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട്; ഇനി എത്ര പേരെ പിടികൂടാനുണ്ട്; ഇതിൽ ബാങ്ക് ജീവനക്കാരായ ഉദ്യോഗസ്ഥരുണ്ടോ ;വിശദാശംങ്ങൾ അറിയിക്കാമോ;

(ഡി) മുൻ എം.എൽ.എ. നൽകിയ പരാതിയിൽനിന്ന് ഏതെങ്കിലും വ്യക്തികളെ ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം എന്താണ്;

(ഇ) യു. ഡി. എഫ്. ഇലക്ഷൻ കമ്മിറ്റി ഓഫീസിനടുത്ത് നടന്ന ഈ ആക്രമണ സംഘത്തിലെ ഗൂഢാലോചനക്കാരെയും കണ്ടെത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 199/2016 u/s. 143, 145, 147, 148, 323, 324, 326, 332, 253, 294(b), 506(ii), 452, 427 r/w 149 IPC & Sec. 3(1) of PDPP Act.

2. വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 211/2016 u/s. 143, 147, 148, 341, 324, 326 r/w 149 IPC.

ടി കേസുകളിലെ പ്രതികളുടെ പേരുകൾ താഴെ പറയുന്നു.

(1) മണികണ്ഠൻ, (2) ബാബു, (3) പ്രദീഷ്, (4) രാജീവ്, (5) സുനിൽ പൊയിനാച്ചി, (6) ഉമ്പായി, (7) അസ്കർ, (8) കരീം, (9) അജിത്ത് പൊയിനാച്ചി, (10) കുഞ്ഞികൃഷ്ണൻ, (11) ഉണ്ണികൃഷ്ണൻ, (12) പ്രഭാകരൻ, (13) രാജേന്ദ്രൻ, (14) ഖാലിദ്, (15) രതീഷ് ബർക്കക്കോട്, (16) ഹരികൃഷ്ണൻ, (17) സിദ്ദിഖ്, (18) ശശിധരൻ, (19) മജീദ്, (20) പ്രദീപ് കുമാർ, (21) വിനോദ് കുമാർ, (22) മണി ചട്ടഞ്ചൽ, (23) രാമകൃഷ്ണൻ, (24) അരവിന്ദാക്ഷൻ, (25) അബ്ദുൾ ജലീൽ, (26) രാധാകൃഷ്ണൻ, (27) കുമാരൻ, (28) ഇസ്മയിൽ, (29) പ്രവീൺ തുടങ്ങി 100-ഓളം ആൾക്കാർ.

(സി) ഒന്നു മുതൽ 4 വരെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ പ്രതികൾ ഇപ്പോൾ കോടതിയുടെ ഉപാധികളോടെ ജാമ്യത്തിലാണ്. തിരിച്ചറിഞ്ഞവരിൽ 25 പ്രതികളെയും തിരിച്ചറിയാൻ ബാക്കിയുള്ള പ്രതികളെയും അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി) ആരെയും ഒഴിവാക്കിയിട്ടില്ല.

(ഇ) ഈ ആക്രമണസംഘത്തിലെ ഗൂഢാലോചനക്കാരെ കണ്ടെത്തുന്നതിനും ബാക്കി പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുമായി കേസുകളുടെ അന്വേഷണച്ചുമതല കാസർഗോഡ് ഡിവൈ.എസ്.പി.-ക്ക് നൽകിയിട്ടുണ്ട്.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

87 (88) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പുതിയതായി എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഒരു സ്കൂളിൽ പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിന് എത്ര പണമാണ് പ്രതിവർഷം ചെലവഴിക്കേണ്ടി വരുന്നത്;

(സി) പദ്ധതിയിൽ പങ്കാളിയാകുന്ന സ്കൂൾ പി.ടി.എ.-കൾ ഇതിനായി പണം ചെലവഴിക്കേണ്ടതുണ്ടോ;

(ഡി) സ്റ്റുഡന്റ് പോലീസ് പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിനായി സർക്കാർ ഇതുവരെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; വിശദീകരിക്കുമോ;

(ഇ) ഇപ്പോൾ എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാനത്തെ 540 സ്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. വ്യാപിപ്പിക്കുന്നകാര്യം വിശദമായി പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) നിലവിലെ കണക്കുപ്രകാരം 2,61,000 രൂപയാണ് ഒരു സ്കൂളിൽ പ്രതിവർഷം ചെലവഴിക്കുന്നത്.

(സി) പി.ടി.എ. ഫണ്ടിൽനിന്ന് പണം ചെലവഴിക്കേണ്ടതില്ലെങ്കിലും പ്രാരംഭ പ്രവർത്തനത്തിനുള്ള നടത്തിപ്പുചെലവുകൾ സ്കൂൾ അധികൃതർതന്നെ വഹിക്കും എന്ന നിബന്ധനയോടെയാണ് ഇപ്പോൾ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടത്തി വരുന്നത്.

(ഡി) പോലീസ് നവീകരണ പദ്ധതിക്കുവേണ്ടി സംസ്ഥാന പോലീസ് ആസൂത്രണ സ്കീമിൽ ഉൾപ്പെടുത്തിയും 2011-12, 2014-15 സാമ്പത്തിക വർഷങ്ങളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾ മുഖേന സംസ്ഥാനത്ത് ഒട്ടാകെ ട്രാഫിക് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് കേരള റോഡ് സേഫ്റ്റി അതോറിറ്റി ഒരു കോടി രൂപവീതം ധനസഹായം നൽകിയതുൾപ്പെടെ മൊത്തം 26,79,80,000 രൂപ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു:

| | |
|---|---|
| 2011-2012 | 59,80,000 |
| 2011-2012 (റോഡ് സേഫ്റ്റി അതോറിറ്റി) | 1,00,000,00 |
| 2012-2013 | 2,20,00,000 |
| 2013-2014 | 6,00,000,00 |
| 2014-2015 | 6,00,000,00 |
| 2014-2015(റോഡ് സേഫ്റ്റി അതോറിറ്റി) | 1,00,000,00 |
| 2015-2016 | 10,00,000,00 |
| ആകെ | 26,79,80,000 |

(ഇ) നിലവിൽ 540 സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ചിട്ടുണ്ട്.

**പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

88 (89) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വാടാനപ്പിള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി സ്ഥലം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സ്വന്തമായി സ്ഥലമുണ്ടെങ്കിൽ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പുതിയ കെട്ടിട നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) വാടാനപ്പിള്ളി വില്ലേജിൽ സർവ്വെ നമ്പർ 463/3 എ-യിലുള്ള 15 സെന്റ് സ്ഥലം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് വിട്ടുനൽകാൻ തയ്യാറാണെന്ന് പത്മശ്രീ എം. എ. യൂസഫലി സമ്മതപത്രം നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി റവന്യൂ ഭൂമിയായി മാറ്റിയതിനുശേഷം ആഭ്യന്തര വകുപ്പിന് കൈമാറി നൽകുന്നതിനുള്ള ശിപാർശ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) വാടാനപ്പിള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എം.ഒ.പി.എഫ്. 2013-14-ൽ (പ്ലാൻ-സെൻട്രൽ ഷെയർ) ഉൾപ്പെടുത്തി 35 ലക്ഷം രൂപ 22-7-2014-ൽ കെ.പി.എച്ച്.സി.സി.-ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മണലൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും കെ.പി.എച്ച്.സി.സി.-യും പൊതുമരാമത്ത് വകുപ്പും തയ്യാറാക്കിയിട്ടുണ്ട്.

**ട്രാഫിക് പോലീസ് സ്റ്റേഷൻ**

89 (90) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അനുവദിച്ച സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇതിനാവശ്യമായ ജീവനക്കാരെ അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രവർത്തനത്തിനാവശ്യമായ സേനാംഗങ്ങളെ അനുവദിച്ച് ട്രാഫിക് പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) അനുവദിച്ചിട്ടില്ല.

**അടച്ചുപൂട്ടിയ ആരാധനാലയങ്ങൾ**

90 (91) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്ര ആരാധനാലയങ്ങൾ പോലീസ് അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ഇവ അടച്ച് പൂട്ടിയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിൽ മലപ്പുറം ജില്ലയിൽ ഏതെങ്കിലും ആരാധനാലയങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ആരാധനാലയവും പോലീസ് അടച്ചു പൂട്ടിയിട്ടില്ല.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) മലപ്പുറം ജില്ലയിലെ വാഴക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ കക്കോവ് എന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്ന മസ്ജിദുൽ ഹിദായ ജുമാ മസ്ജിദും മദ്രസയും Cr.PC സെക്ഷൻ 146(1) പ്രകാരം തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസർ അടച്ചു പൂട്ടിയിട്ടുണ്ട്.

(ഡി) സുന്നി വിഭാഗത്തിലെ AP-EK വിഭാഗങ്ങൾ തമ്മിലുള്ള തർക്കമാണ് കാരണം.

**തൊണ്ടിമുതലായി പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ**

91 (92) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജക മണ്ഡലത്തിലെ വർക്കല, അയിരൂർ, കല്ലമ്പലം, പള്ളിക്കൽ സ്റ്റേഷനുകളിൽ തൊണ്ടിമുതലായി പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ സമയബന്ധിതമായി ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

വർക്കല, അയിരൂർ, കല്ലമ്പലം, പള്ളിക്കൽ സ്റ്റേഷനുകളിൽ തൊണ്ടിമുതലായി പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. കോടതി ഉത്തരവ് വരുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയൂ.

## കസ്തൂരിരംഗൻ-ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെയുള്ള സമരത്തിൽ പങ്കെടുത്തവർക്കെതിരെയുള്ള കേസ്

92 (93) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ-ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെയുള്ള പ്രക്ഷോഭത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ പിൻവലിച്ച കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സമരത്തിന്റെ പേരിൽ നിരപരാധികളായ ആളുകൾക്കെതിരെ കള്ളക്കേസെടുത്ത ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ, കേസ് പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കസ്തൂരിരംഗൻ-ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെയുള്ള പ്രക്ഷോഭത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ആകെ 55 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 17 കേസുകൾ പിൻവലിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.*

(സി) സമരത്തിന്റെ പേരിൽ നിരപരാധികളായ ആളുകൾക്കെതിരെ കള്ളക്കേസെടുത്തതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പരാതി ലഭിക്കുന്ന പക്ഷം പരിശോധിക്കുന്നതാണ്.

## പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

93 (94) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്; ഇവയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ പോലീസ് സ്റ്റേഷനും ഔട്ട് പോസ്റ്റും സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകളിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും ഇപ്പോൾ നടന്നു വരുന്നില്ല.

(ബി) ഇതുസംബന്ധിച്ച ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയ്ക്ക് ലഭിച്ചിട്ടില്ല.

**പന്തീരങ്കാവിൽ പോലീസ് സ്റ്റേഷൻ**

94 (95) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്തീരങ്കാവ് ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് തയ്യാറാക്കിയ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**മുൻസർക്കാരിലെ മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും എതിരെ അന്വേഷണം**

95 (96) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിലെ മന്ത്രിമാരും ഉന്നതഉദ്യോഗസ്ഥരും ഉൾപ്പെട്ട സോളാർ അഴിമതി, ബാർക്കോഴ, കടകംപള്ളി ഭൂമി തട്ടിപ്പ്, പാറ്റൂർ ഭൂമികയ്യേറ്റം, ടൈറ്റാനിയം അഴിമതി, കടമക്കുടി, മെത്രാൻ കായൽ തുടങ്ങിയ ആക്ഷേപങ്ങളെ കുറിച്ച് നിഷ്പക്ഷമായ അന്വേഷണം നടത്താൻ തയ്യാറാകുമോ;

(ബി) അന്വേഷണ ഉദ്യോഗസ്ഥർ കേസുകൾ ഇല്ലാതാക്കാൻ ശ്രമം നടത്തിയെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ കേസുകൾ പുനരന്വേഷിക്കുന്നതോടൊപ്പം കേസ് ഇല്ലാതാക്കാൻ ശ്രമിച്ച ഉദ്യോഗസ്ഥർക്കെതിരെക്കൂടി അന്വേഷണം നടത്തി മാതൃകാപരമായി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ടൈറ്റാനിയം അഴിമതി സംബന്ധിച്ച് വി.സി. 01/2015/SIU 1 എന്ന നമ്പരിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപ്പന്നമായ ടൈറ്റാനിയം ഡയോക്സൈഡിൽ മായം കലർത്തിയും കമ്പനിയുടെ Trade Name വ്യാജമായി ഉപയോഗിച്ച് വീണ്ടും പാക്കറ്റിലാക്കി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ സ്റ്റോക്കിസ്റ്റുകൾ വിപണനം നടത്തുന്നുവെന്ന പരാതിയിൻമേൽ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ബാർകോഴ ആരോപണം സംബന്ധിച്ച് വി.സി. 06/14/എസ്.ഐ.യു.-II എന്ന നമ്പരിൽ ഒരു വിജിലൻസ് അന്വേഷണം നടന്നു വരുന്നു. കൂടാതെ ബാർകോഴ സംബന്ധിച്ച് ചില ആരോപണങ്ങളുടെ വെളിച്ചത്തിൽ മുൻഎക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ ഒരു പ്രാഥമികാന്വേഷണം നടന്നുവരുന്നു. സോളാർ അഴിമതി, കടകംപള്ളി ഭൂമി തട്ടിപ്പ്, പാറ്റൂർ ഭൂമി കയ്യേറ്റം, കടമക്കുടി, മെത്രാൻ കായൽ എന്നിവ സംബന്ധിച്ച് വിജിലൻസ് കേസോ വിജിലൻസ് അന്വേഷണമോ നിലവിൽ ഇല്ല. സോളാർ അഴിമതി സംബന്ധിച്ച് അന്വേഷണത്തിനായി അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കടകംപള്ളി ഭൂമി തട്ടിപ്പ് കേസ് സി.ബി.ഐ.അന്വേഷിച്ചു വരുന്നു.

(ബി&സി) പ്രസ്തുത വിഷയത്തിൽ ഒരു ആഡിറ്റ് വിജിലൻസ് ഡയറക്ടറേറ്റിൽ തുടങ്ങിയിട്ടുണ്ട്. ആഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്കേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ ക്രിമിനൽ കേസുകൾ**

96 (97) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ അഞ്ചുവർഷം അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായി എത്ര ക്രിമിനൽ കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വാർഷിക ക്രമത്തിൽ ജില്ലതിരിച്ച് അറിയിക്കുമോ ;

(ബി) ഇക്കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സ്ത്രീകൾക്കെതിരെയുള്ള ആക്രമണം, കൊലപാതകം, മോഷണശ്രമം എന്നീ വിഭാഗത്തിൽപ്പെടുത്തി അന്യസംസ്ഥാന തൊഴിലാളികൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം വാർഷികക്രമത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) അന്യസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ടുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്: വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 18-5-2011 മുതൽ 24-5-2016 വരെ ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായി 1839 ക്രിമിനൽ കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ സ്ത്രീകൾക്കെതിരെയുള്ള 139 ആക്രമണവും 100 കൊലപാതകവും 90 മോഷണശ്രമവും ഉൾപ്പെടുന്നു. വാർഷിക ക്രമത്തിൽ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ബയോഡാറ്റയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരും തൊഴിലുടമകളും സ്വമേധയാ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതും ടി വിവരം പോലീസ് സ്റ്റേഷനുകളിൽ ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ഡാറ്റാ ബേസിൽ ഉൾപ്പെടുത്തി സൂക്ഷിച്ചു വരേണ്ടതാണ്. കൂടാതെ ഇത്തരക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ പോലീസിന്റെ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിൽ പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവ നടപ്പിലാക്കി വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ജില്ലകളിൽ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു.

**ബയോമെട്രിക് തിരിച്ചറിയൽ കാർഡ്**

97 (98) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് ജോലിക്കായി വരുന്നവരിൽ ഒരു വിഭാഗം ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കൊലപാതകം, മോഷണം , നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട് അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്രപേർ പിടിക്കപ്പെട്ടു ; എത്ര പേർ പിടിക്കപ്പെടാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ജിഷ വധക്കേസിന്റെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വന്ന് താമസിക്കുന്നവരുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുന്നതിന് ഓരോ പോലീസ് സ്റ്റേഷനിലും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, അന്യസംസ്ഥാനത്തൊഴിലാളികളുടെ വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനും, അവർക്ക് ബയോ മെട്രിക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും, അവരെ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന കോൺട്രാക്ടർമാർക്കും അവരെ താമസിപ്പിക്കുന്ന കെട്ടിട ഉടമകൾക്കും ലൈസൻസ് ഏർപ്പെടുത്തുന്നതിനും, നിർദ്ദേശം കൃത്യമായി പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി&ഇ) ഇതര സംസ്ഥാനത്തൊഴിലാളികളുടെ ഫോട്ടോപതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ബയോഡാറ്റയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരും തൊഴിലുടമകളും സ്വമേധയാ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതും ടി വിവരം പോലീസ് സ്റ്റേഷനുകളിൽ ഇതര സംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ഡാറ്റാ ബേസ് (Data Base)-ൽ ഉൾപ്പെടുത്തി സൂക്ഷിച്ചും വരുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനും ഇത്തരം സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവ നടപ്പിലാക്കി വരുന്നു. ഇതര സംസ്ഥന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ജില്ലകളിൽ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു. ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നിയമസഭാ തെരഞ്ഞെടുപ്പ് - 2016

98 (99) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഉദുമയിൽ യു.ഡി.എഫ്. സ്ഥാനാർത്ഥി പരസ്യമായി കള്ളവോട്ട് ചെയ്യണമെന്ന് ആഹ്വാനം ചെയ്യുന്നതായി പറയപ്പെടുന്ന വീഡിയോ ക്ലിപ്പുമായി ബന്ധപ്പെട്ട വിഷയം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് ചീഫ് ഇലക്ടറൽ ഓഫീസർക്കും ജില്ലാ കളക്ടർക്കും റിട്ടേണിംഗ് ഓഫീസർക്കും ജില്ലാ പോലീസ് മേധാവിക്കും നൽകിയ പരാതികളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പരസ്യമായി കള്ളവോട്ട് ചെയ്യണമെന്ന് ആഹ്വാനം ചെയ്യുന്ന വീഡിയോക്ലിപ്പും പരാതികളും ലഭിച്ചിട്ടും ഇതുവരെ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇതിന് ആരുടെ ഭാഗത്തുനിന്നാണ് കാലതാമസം ഉണ്ടായതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതി റിട്ടേണിംഗ് ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവർ മുഖാന്തിരം പരിശോധിക്കുകയും ഇത് സംബന്ധിച്ച റിപ്പോർട്ട് തുടർനടപടികൾക്കും നിർദ്ദേശങ്ങൾക്കുമായി ചീഫ് ഇലക്ടറൽ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വീഡിയോയിൽ പറയുന്ന കാര്യത്തെ സംബന്ധിച്ച് പോലീസിന് നേരിട്ട് കേസ്സെടുത്ത് അന്വേഷണം നടത്താൻ തക്ക (Cognizance) കുറ്റകൃത്യം നടന്നതായി വെളിവായിട്ടില്ലാത്തതിനാൽ ബേക്കൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ടി കാര്യത്തിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഹോസ്ദുർഗ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി മുൻപാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മജിസ്ട്രേട്ടിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതാണ്. ഇക്കാര്യത്തിൽ ആരുടെയും ഭാഗത്തുനിന്നും ബോധപൂർവ്വം കാലതാമസം ഉണ്ടായിട്ടില്ല. സംഭവ സ്ഥലത്തെക്കുറിച്ചുള്ള അവ്യക്തതമൂലം ടി പരാതി ആദ്യം വിദ്യാനഗർ സബ് ഇൻസ്പെക്ടർക്കാണ് അയച്ചു കൊടുത്തത്. സംഭവ സ്ഥലം ബേക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിലാണ് നടന്നത് എന്ന വെളിവായതിന്റെ അടിസ്ഥാനത്തിൽ ടി പരാതി ബേക്കൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർക്ക് അയച്ചുകൊടുക്കുകയാണ് ഉണ്ടായത്.

## മൈക്രോഫൈനാൻസ് പദ്ധതി

99 (100) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൻ.ഡി.പി.-യുടെ മൈക്രോഫൈനാൻസ് പദ്ധതിയിൽ തട്ടിപ്പ് നടത്തിയിട്ടുണ്ടെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്നും ആരെല്ലാമാണ് ഇതിന് ഉത്തരവാദികളെന്നും വിശദമാക്കാമോ;

(സി) തട്ടിപ്പുകൾ സംബന്ധിച്ച് ആർക്കെല്ലാമെതിരെയാണ് അന്വേഷണം നടത്തണമെന്ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) എന്തെല്ലാം തുടർനടപടികളാണ് പ്രസ്തുത കേസ്സിൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) എസ്.എൻ.ഡി.പി.-യുടെ മൈക്രോഫൈനാൻസ് പദ്ധതിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് 1431/15 നമ്പർ സി.എം.പി.-യിൽ ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതി 20-1-2016-ൽ ഉത്തരവിട്ടതനുസരിച്ച് ക്യു.വി. 02/16/എസ്.ആർ.ടി. എന്ന നമ്പരിൽ തിരുവനന്തപുരം ദക്ഷിണ മേഖല പോലീസ് സൂപ്രണ്ട് ഓഫീസിൽ ഒരു സത്വരാന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമേ എന്തെല്ലാം ക്രമക്കേടുകൾ നടന്നുവെന്ന് കണ്ടെത്താൻ കഴിയുകയുള്ളൂ.

(സി) എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ, പ്രസിഡന്റ് ഡോ. എം. എൻ. സോമൻ, മൈക്രോ ഫൈനാൻസ് സ്കീം സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ശ്രീ. കെ. കെ. മഹേശൻ, കെ.എസ്.ബി.സി.ഡി.സി. മാനേജിംഗ് ഡയറക്ടർ (റിട്ട.) ശ്രീ. ജി. എൻ. നജീബ് എന്നിവർക്കെതിരെ അന്വേഷണം നടത്തണമെന്നാണ് കോടതി ഉത്തരവിലുള്ളത്.

(ഡി) അന്വേഷണം പൂർത്തിയായാൽ മാത്രമേ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകാൻ കഴിയുകയുള്ളൂ

**ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം**

100 (101) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ മകൻ വി.എ. അരുൺകുമാറിനെതിരെ വിജിലൻസ് നടത്തുന്ന വി.ഇ.4/2011/എസ്.ഡി.റ്റി. വിഇ.20/2011/എസ്.ഐ.യു.11 എന്നീ നമ്പരിലുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(ബി) വി. എ. അരുൺകുമാറിനെതിരെ അതീവ ഗുരുതരമായ പതിമൂന്ന് അഴിമതി ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ 1-3-2011-ൽ അന്നത്തെ മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദന് രേഖാമൂലം പരാതി നൽകിയെങ്കിലും വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യാത്തതിനെ തുടർന്ന് 16-6-2011-ൽ ജി.ഒ.(എംഎസ്.)19/2011/വിജി. നമ്പർ പ്രകാരം ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയതിനുശേഷം ഉത്തരവിട്ട വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിജിലൻസ് അന്വേഷണത്തിൽ പരാതിക്കാരനായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേസുകൾ അന്വേഷണത്തിലായതിനാൽ വിവരങ്ങൾ വെളിപ്പെടുത്താൻ ആകില്ല.

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ നടന്ന അഴിമതി

101 (102) ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. എ. എം. ആരിഫ് :

ശ്രീമതി പി. അയിഷാ പോറ്റി :

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിവാരണ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിൽ നടന്ന അഴിമതിയെക്കുറിച്ച് ഉയർന്ന പരാതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പരാതിയിൽ ആരോപണ വിധേയർ ആരെല്ലാമെന്നും അവരിൽ ആർക്കെല്ലാമെതിരെ പ്രാഥമിക വിവര റിപ്പോർട്ട് ഉണ്ടെന്നും ബാക്കിയുള്ളവരെ ഒഴിവാക്കിയതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട വിജിലൻസ് കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളായി നടപ്പിൽ വരുത്തുവാനിരുന്ന ആസിഡ് റിക്കവറി പ്ലാന്റ്, കോപ്പറാസ് റിക്കവറി പ്ലാന്റ്, ന്യൂട്രലൈസേഷൻ പ്ലാന്റ് എന്നിവ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വൻ അഴിമതി നടന്നിട്ടുണ്ടെന്നും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ഉൽപ്പന്നങ്ങൾക്ക് 5% ഡിസ്കൗണ്ട് അനുവദിച്ചതിലും അഴിമതി നടന്നിട്ടുണ്ടെന്നും കമ്പനിയിലേക്കുള്ള മണ്ണെണ്ണ വാങ്ങിയ ഇനത്തിലും അഴിമതി നടന്നിട്ടുണ്ടെന്നും, മറ്റുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വി.ഇ.30/2006/ എസ്.ഐ.യു-1 ആയി തിരുവനന്തപുരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1 പോലീസ് സൂപ്രണ്ട് ഓഫീസിൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുള്ളതാണ്.

(ബി) പരാതിയിലെ ആരോപണ വിധേയരുടെ പേരുകൾ ചുവടെ ചേർക്കുന്നു:

1. ശ്രീ. ഈപ്പൻ ജോസഫ്, കരിക്കാട്ടുകുന്നിൽ ഹൗസ്, പ്ലോട്ട് നം.140, പി.റ്റി.പി. നഗർ, തിരുവനന്തപുരം.
2. ശ്രീ. ജി. സന്തോഷ് കുമാർ, അങ്കണം റ്റി.സി. 10/2044, തൊഴുവൻകോട് ക്ഷേത്രത്തിനുസമീപം, വട്ടിയൂർക്കാവ് (പി.ഒ), തിരുവനന്തപുരം.
3. ശ്രീ. എ.എം. ഭാസ്കരൻ, ഫ്ലാറ്റ് നമ്പർ 306, പണ്ഡിറ്റ് കോളനി, കവടിയാർ, തിരുവനന്തപുരം-3.
4. ശ്രീ. തോമസ് മാത്യു, റ്റി.സി. 01/738, ആർ 9, ജെയ് നഗർ, മെഡിക്കൽ കോളേജ്.പി.ഒ., തിരുവനന്തപുരം.
5. ശ്രീ. ബി. ഗോപകുമാരൻ നായർ, ചൈതന്യ, ആർ എ.305, റ്റി.സി. 02/1624, കൊട്ടാര ലെയിൻ, ഗൗരീശപട്ടം, തിരുവനന്തപുരം.
6. ശ്രീ. ഉമ്മൻചാണ്ടി, മുൻ മുഖ്യമന്ത്രി.
7. ശ്രീ. ടി. ബാലകൃഷ്ണൻ ഐ.എ.എസ്, 9 സി.എസ്.എഫ്.എസ്, കിംഗ്സ് വുഡ്, ജവഹർ നഗർ, തിരുവനന്തപുരം.
8. ശ്രീ. രമേശ് ചെന്നിത്തല, കോട്ടൂർ, കിഴക്കതിൽ.പി.ഒ, തൃപ്പെരുംതറ, ചെന്നിത്തല, മാവേലിക്കര.
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, വലിയപറമ്പിൽ ഹൗസ്, കൊൺഗുർപ്പിള്ളി, പെരിയാർ ക്രസന്റ്, തോട്ടക്കാട്ടുകര, പി.ഒ., ആലുവ, എറണാകുളം.
10. ശ്രീ. രാജീവൻ, പ്രൊപ്രൈറ്റർ, M/s. Grindex Enterprises and representative of M/s.Chemmattur Eco planning Phinland.
11. ശ്രീ. ഗംഗാധരൻ, കോട്ടൂർ, റ്റി.സി. 76/2169, MGRA-36 മഹാരാജ ലെയിൻ, ആനയറ, തിരുവനന്തപുരം-29.
12. ശ്രീ. ഡി. കെ. ബാസു, General Manager, Meccon India Ltd, South End Road, Bassavangudi, Banglore.
13. ശ്രീ. എ. സുജനപാൽ, മുൻമന്ത്രി, ആരോഗ്യ പരിസ്ഥിതി വകുപ്പ്, കുതിരവട്ടം പി.ഒ., കോഴിക്കോട്.

വിജിലൻസ് അന്വേഷണത്തെ തുടർന്ന് 6 പേർക്കെതിരെ വി.സി. 01/2015/എസ്.ഐ.യു-1 എന്ന നമ്പരായാണ് പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവരുടെ വിവരം ചുവടെ ചേർക്കുന്നു:

1. മാനേജിംഗ് ഡയറക്ടർ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് (ടി.ടി.പി) ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം.

2. ശ്രീ. ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്, റ്റി.സി. 06/1391, ബേബി ജോൺ കോളനി, പി.റ്റി.പി. നഗർ, തിരുവനന്തപുരം-38.

3. ശ്രീ. സന്തോഷ് കുമാർ, ചീഫ് മാനേജർ (മാർക്കറ്റിംഗ്), ടി.ടി.പി. ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം.

4. ശ്രീ. എ. എം. ഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം.

5. ശ്രീ. തോമസ് മാത്യു, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ് (മേധാവി ടി.ജി.പ്രോസസ് ആന്റ് പ്രോജക്ട്സ് കൺസൾട്ടന്റ്) ആർ 9, ജെയ് നഗർ, മെഡിക്കൽ കോളേജ്.പി.ഒ., തിരുവനന്തപുരം.

6. ശ്രീ. ബി. ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ് (ടി.ജി.പ്രോസസ് ആന്റ് പ്രോജക്ട്സ് കൺസൾട്ടന്റ് ഇൻ ചാർജ്) ചൈതന്യ, ആർ എ.305, റ്റി.സി. 02/1624, കൊട്ടാര ലെയിൻ, ഗൗരീശപട്ടം, തിരുവനന്തപുരം.

പ്രാഥമിക വിവര റിപ്പോർട്ടിൽനിന്നും ഒഴിവാക്കിയ മറ്റുള്ളവർക്ക് എതിരെ അന്വേഷണത്തിൽ തെളിവു ലഭിക്കുന്നപക്ഷം പ്രതികളായി ചേർത്ത് അന്വേഷണം നടത്തുന്നതാണ്.

(സി) വിജിലൻസ് കേസ് 1/2015/എസ്.ഐ.യു-1 നമ്പരായി കേസ് രജിസ്റ്റർ ചെയ്തും ബന്ധപ്പെട്ട രേഖകൾ ബന്തവസ്സിലെടുത്തും അന്വേഷണം നടത്തി വരുന്നു.

## 2011-2016 ഭരണകാലത്തെ മുഖ്യമന്ത്രി, മന്ത്രിമാർ, പേഴ്‌സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവർക്കെതിരെയുള്ള കേസുകൾ

102 (103) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016-ലെ യു.ഡി.എഫ് ഭരണകാലത്ത് വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത മുഖ്യമന്ത്രി ഉൾപ്പെടെ എത്ര മന്ത്രിമാർ ഉണ്ടായിരുന്നുവെന്നും ഇവർക്ക് ഓരോരുത്തർക്കും പേഴ്സണൽ സ്റ്റാഫ് ആയി എത്ര പേർ വീതം ഉണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രി ഉൾപ്പെടെ മറ്റു മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവരിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് കേസ്സ് ഉൾപ്പെടെ വിവിധയിനം കേസ്സുകൾ നിലവിലുണ്ട് എന്നും എത്ര കേസ്സുകൾ കോടതി മുമ്പാകെയുണ്ട് എന്നും ഇത് ആരുടെയെല്ലാം പേരുകളിലാണ് എന്നും എത്ര കേസ്സുകളിൽ കോടതി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ ഉത്തരവ് നൽകി എന്നും ആയത് ആരുടെയെല്ലാം പേരുകളിലാണ് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവർക്കെതിരെയുള്ള പരാതികളിൻമേൽ ഏതൊക്കെ വിഷയങ്ങളിൽ ജുഡിഷ്യൽ അന്വേഷണം നടക്കുന്നു എന്നും ആയത് എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രി ഉൾപ്പെടെ 21 മന്ത്രിമാർ. പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) 2011-16 കാലയളവിൽ അധികാരത്തിലിരുന്ന മന്ത്രിമാരിൽ താഴെ പറയുന്നവർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്:

1. വി.സി. 06/2014/എസ്.ഐ.യു-1 എന്ന നമ്പരിൽ ശ്രീ. കെ. എം. മാണി (മുൻധനകാര്യ വകുപ്പുമന്ത്രി)ക്കെതിരെ 10-12-2014-ൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് ഒരു വിജിലൻസ് കേസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് 16-1-2016-ന് കോടതിക്ക് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. വി.സി. 05/2016/എസ്.ഐ.യു-II എന്ന നമ്പരിൽ ശ്രീ. അടൂർ പ്രകാശ് (മുൻ റവന്യൂ വകുപ്പുമന്ത്രി), ശ്രീ. കുഞ്ഞാലിക്കുട്ടി (മുൻ വ്യവസായ വകുപ്പുമന്ത്രി) എന്നിവർക്കെതിരെ ഒരു വിജിലൻസ് കേസ് 6-6-2016-ൽ FIR രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

3. മുൻ ജലസേചന വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫിനെതിരെ വി.സി. 06/12/ഇ.ആർ.കെ., വി.സി. 07/13/തൃശ്ശൂർ എന്നീ നമ്പരുകളിൽ രണ്ട് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

4. ബാർകോഴക്കേസിൽ ചില പുതിയ ആരോപണങ്ങൾ സംബന്ധിച്ച് കേരള ഹോട്ടൽ ഇൻഡസ്ട്രിയലിസ്റ്റ് അസോസിയേഷൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മുൻഎക്സൈസ് വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവിനെതിരെ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം മദ്ധ്യമേഖലാ പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റു കേസുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

## ഫയർ സ്റ്റേഷന് ഭരണാനുമതി

103 (104) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണവും മണ്ണിടിച്ചിലും മറ്റു പ്രകൃതി ദുരന്തങ്ങളും നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഒരു ഫയർ സ്റ്റേഷന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ ഫയർ ആന്റ് റെസ്ക്യൂ, കമാൻഡൻഡിന്റെ റിപ്പോർട്ടും ഇതിനായി വേണ്ടിവരുന്ന സ്ഥലവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉറപ്പും നൽകിയിട്ടും നാളിതുവരെ പ്രസ്തുത ഫയർ സ്റ്റേഷനു ഭരണാനുമതി ലഭിച്ചിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷൻ അനുവദിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോങ്ങാട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**അഗ്നിശമന വിഭാഗത്തിന് കെട്ടിടം**

104 (105) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂരിൽ അഗ്നിശമനാ വിഭാഗത്തിന് നിലവിൽ സ്വന്തമായി രണ്ടേക്കറിലധികം ഭൂമിയുണ്ടെങ്കിലും കെട്ടിടമില്ലാത്ത കാരണത്താൽ വാടക സ്ഥലത്ത് പ്രവർത്തിച്ചു വരുന്നതിന്റെ പരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ അഗ്നിശമന നിലയം പണിയുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനു വേണ്ടി സമയബന്ധിത സഹായനടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെങ്കിൽ ആയത് ബോദ്ധ്യപ്പെട്ട് അടൂരിൽ അഗ്നിശമനാ വിഭാഗത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി &സി) പരിശോധിച്ചു നടപടിയെടുക്കുന്നതാണ്.

**ഫയർ സ്റ്റേഷന് കെട്ടിടം**

105 (106) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽനിന്നും ഭൂമി അനുവദിക്കുന്നതിലേക്കായി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊല്ലം സിറ്റി പോലീസ് കമ്മീഷണറോട് ഡി.ജി.പി. ആവശ്യപ്പെട്ടിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് ആവശ്യപ്പെട്ട് സ്റ്റേറ്റ് പോലീസ് ചീഫ് എന്നാണ് കത്ത് നൽകിയതെന്നും, അതിന്മേൽ നാളിതുവരെ സ്വീകരിച്ച മേൽനടപടി എന്താണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത നടപടിയുടെ പുരോഗതി അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി&സി) പ്രസ്തുത റിപ്പോർട്ട് ആവശ്യപ്പെട്ട് സ്റ്റേറ്റ് പോലീസ് ചീഫ് 14-10-2015-ലാണ് കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് കത്ത് നൽകിയത്. കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ 2016 ഫെബ്രുവരി മാസത്തെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ 30 സെന്റ് സ്ഥലത്തെക്കാൾ ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ 20 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഡയറക്ടർ ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുവരികയാണ്.

**ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി**

106 (107) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂരിലെ വ്യവസായ മേഖലകളിൽ തീപിടുത്തം, അമോണിയാ ചോർച്ച ഉൾപ്പെടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര തവണ അപകടം നടന്നുവെന്ന് ഫയർ &റസ്ക്യൂ രേഖകളിൽനിന്നും വ്യക്തമാക്കുമോ;

(ബി) അപകടങ്ങൾ ആവർത്തിക്കുന്നത് പരിഗണിച്ച് എം.പി., എം.എൽ.എ. ഉൾപ്പെടെയുള്ളവർ ജില്ലാകളക്ടറുടെ യോഗം വിളിച്ചുചേർത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഴയ പോലീസ് സ്റ്റേഷൻ നിന്നിരുന്ന സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുവദിക്കുന്നതിന് എം.എൽ.എ. ആവശ്യപ്പെട്ടപ്രകാരം ആഭ്യന്തര, വ്യവസായ മന്ത്രിമാർ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടെ യോഗം ചേർന്ന് തീരുമാനിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അത്രൂർ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് വേണ്ടിയുള്ള അത്രൂർ എം.എൽ.എ.-യുടെ സബ്മിഷന് കഴിഞ്ഞ സർക്കാരിന്റെ വകുപ്പുമന്ത്രിസഭയിൽ നൽകിയ മറുപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അത്രൂരിലെ വ്യവസായ മേഖലകളിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 26 തവണ (തീപിടിത്തം-22, അമോണിയ ചോർച്ച-4) അപകടം നടന്നിട്ടുള്ളതാകുന്നു.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**വട്ടപ്പാറ ഫയർ സ്റ്റേഷൻ**

107 (108) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വട്ടപ്പാറയിൽ അനുവദിച്ച ഫയർ സ്റ്റേഷന് ആവശ്യമായ സ്ഥലം റവന്യൂ വകുപ്പ് ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ഫയർ സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ വളാഞ്ചേരിയിൽ (വട്ടപ്പാറ) പുതുതായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിലെ റീ-സർവ്വെ നമ്പർ 34/04-ൽ ഉൾപ്പെട്ട 42 സെന്റ് ഭൂമി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറിക്കിട്ടുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം**

108 (109) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫയർസ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്.

(ഡി) ആലത്തൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി ആലത്തൂർ താലൂക്കിൽ കുഴൽമന്ദം വില്ലേജിൽ സർവ്വേ നമ്പർ 672/6-ൽ ഉൾപ്പെട്ട ജലസേചന വകുപ്പിന്റെ വക 50 സെന്റ് സ്ഥലം അഗ്നിശമന രക്ഷാസേന വകുപ്പിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

**കുന്ദമംഗലം ഫയർ സ്റ്റേഷൻ**

109 (110) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലത്ത് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കുന്ദമംഗലത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശിപാർശ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. കുന്ദമംഗലത്തുനിന്നും ഏകദേശം 8 കിലോമീറ്റർ അകലെയായി വെള്ളിമാട്ടുകുന്ന് ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്.

**കൊയിലാണ്ടി ഫയർ സ്റ്റേഷൻ**

110 (111) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011-ൽ ഇടതുപക്ഷ സർക്കാർ കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകേണ്ട തുടർ നടപടികൾ പിന്നീട് വന്ന യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടില്ലെന്നതും കൊയിലാണ്ടിയിൽ ഇതുവരെയും ഫയർ സ്റ്റേഷൻ സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ കൊയിലാണ്ടിയിൽ ഉണ്ടായിട്ടുള്ള ഫയർ ഇൻസിഡെൻസ് എത്രയെന്ന് വിശദമാക്കാമോ; സംഭവിച്ച ഓരോ ഇൻസിഡെന്റിലും നാശനഷ്ടത്തിന്റെ തോത് വർദ്ധിച്ചത് ഫയർ സ്റ്റേഷൻ കൊയിലാണ്ടിയിൽ ഇല്ലാത്ത സാഹചര്യത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൊയിലാണ്ടി ജനതയുടെ ഏറ്റവും പ്രധാനാവശ്യമായ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കൂടുതൽ പരിഗണന നൽകി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഫയർ സ്റ്റേഷൻ സ്ഥാപിക്കപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊയിലാണ്ടി പ്രദേശത്ത് ഉണ്ടാകുന്ന ഫയർ ഇൻസിഡന്റ്സ് സംബന്ധിച്ച് അഗ്നിശമന രക്ഷാസേവന വകുപ്പിന് ലഭിക്കുന്ന ഫോൺകോളുകൾ പേരാമ്പ്ര, കോഴിക്കോട്, വടകര നിലയങ്ങളിലാണ് അറ്റൻഡ് ചെയ്തുവരുന്നത്. ടി നിലയങ്ങളിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കൊയിലാണ്ടിയിൽനിന്നും 223 ഫയർകോളും 234 ഇൻസിഡന്റ് കോളും 11 അഡീഷണൽ കോളും ലഭ്യമായിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ**

111 (112) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഫയർ സ്റ്റേഷനിലെ സൗകര്യങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ ആധുനിക ജീവൻരക്ഷാ ഉപകരണങ്ങൾ അനുവദിച്ച് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഗ്നിശമനരക്ഷാ സേവനവകുപ്പ് ആധുനിക അഗ്നി രക്ഷാ ഉപകരണങ്ങൾ വാങ്ങുന്നമുറയ്ക്ക് മൂവാറ്റുപുഴ ഫയർ സ്റ്റേഷനും ആവശ്യമായ ഉപകരണങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊല്ലങ്കോട് പുതിയ ഫയർ സ്റ്റേഷൻ

112 (113) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥലവും കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഫണ്ടും ലഭ്യമായത് സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) നെന്മാറ മണ്ഡലത്തിൽ പുതിയ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നെൻമാറ മണ്ഡലത്തിൽ കൊല്ലങ്കോട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി നെൻമാറ നിയമ സഭാംഗമായിരുന്ന ശ്രീ. വി. ചെന്താമരാക്ഷന്റെ ആസ്തിവികസന ഫണ്ടിൽ നിന്നും 320 ലക്ഷം രൂപ ചെലവഴിക്കുന്നതിനായി 26-2-2016-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 658/2016/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

(ബി) ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ

113 (114) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്ഡിവിഷൻ ആസ്ഥാനമായ ഒറ്റപ്പാലത്ത് ഒരു ഫയർ സ്റ്റേഷൻ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിൽ ഒറ്റപ്പാലം ഫയർ സ്റ്റേഷൻ ഉൾപ്പെട്ടിരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒറ്റപ്പാലത്ത് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 21-12-2011-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 3764/2011/ആഭ്യന്തരം പ്രകാരമുള്ള ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിലവിലെ മുൻഗണനാ പട്ടികയിൽ ഒറ്റപ്പാലം ഉൾക്കൊള്ളിച്ചിട്ടില്ല.

(സി) അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് ഒറ്റപ്പാലത്ത് ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

**പട്ടാമ്പിയിൽ ഫയർ സ്റ്റേഷൻ**

114 (115) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ നിലവിൽ ഫയർ സ്റ്റേഷൻ ഇല്ലാത്തതുമൂലം ഉള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധിച്ചിരുന്നുവോ ;

(ബി) നിലവിൽ പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ അടിസ്ഥാന സൗകര്യം ഒരുക്കിത്തന്നാൽ പുതിയ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

(സി) പരിശോധിക്കുന്നതാണ്.

**ജയിലുകളിലെ സാക്ഷരതാ ക്ലാസ്സുകൾ**

115 (116) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക ജയിലുകളിലും സാക്ഷരതാ ക്ലാസ്സ് മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജയിലുകളിൽ സാക്ഷരതാ ക്ലാസ്സ് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) എല്ലാ തടവുകാരെയും സാക്ഷരരാക്കണമെന്ന ജയിൽ ചട്ടത്തിലെ വ്യവസ്ഥക്കനുസൃതമായി ജയിലുകളിൽ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാക്ഷരതാ പ്രവർത്തനം മുടങ്ങിപ്പോയ ജയിലുകളിൽ അത് പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സെൻട്രൽ ജയിലുകളിൽ സ്ഥിരം അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ജയിലുകളിൽ അതാത് ജയിലുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്ററുമായി ബന്ധപ്പെട്ട് പ്രേരക്മാരുടെ ശിക്ഷണത്തിലാണ് സാക്ഷരതാ വിദ്യാഭ്യാസം നടന്നുവരുന്നത്. ചില അവസരങ്ങളിൽ ഉദ്യോഗസ്ഥരോ വിദ്യാസമ്പന്നരായ തടവുകാരോ പ്രസ്തുത പ്രവർത്തനം നടത്തി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ജയിലുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സിവിൽ സർവ്വീസ് അക്കാദമിയുടെ സബ്സെന്റർ**

116 (117) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ കീഴിൽ കല്യാശ്ശേരിയിലുള്ള സെന്റർ ഫോർ എക്സലൻസിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ ആരംഭിക്കണമെന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ, പൊതുവിഭാഗങ്ങൾക്ക് 60:10:30 എന്ന അനുപാതത്തിൽ മിടുക്കരായ പാവപ്പെട്ടവർക്ക് സിവിൽ സർവ്വീസ് പരീക്ഷകൾക്ക് പരിശീലനം നൽകുന്ന വിധത്തിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കല്യാശ്ശേരിയിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രം തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥലം എം.എൽ.എ. ഏർപ്പെടുത്തുന്ന മുറയ്ക്ക് സബ്സെന്റർ ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി**

117 (118) ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പദ്ധതി നടപ്പാക്കുന്നതുമൂലമുള്ള ജനങ്ങളിലെ ആശങ്ക ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള തടസ്സം നീക്കാൻ ബന്ധപ്പെട്ട ജനങ്ങളുമായി ചർച്ച നടത്തുന്നകാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഗെയിൽ വാതക പൈപ്പ് ലൈൻ സംസ്ഥാനത്ത് 7 ജില്ലകളിലൂടെ കടന്നു പോകുന്നു. പൈപ്പ് ലൈൻ കടന്നുപോകുന്നതിനുവേണ്ടിയുള്ള സ്ഥലത്തിന്റെ ഉപയോഗാവകാശം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്ത് ഗെയിലിന് കൈമാറിയിട്ടുണ്ട്. ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് P&MP ആക്ടിലെ സെക്ഷൻ 6(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ന്യായവിലയുടെ 50% നഷ്ട പരിഹാരമായി നൽകുവാൻ സംസ്ഥാന ഗവൺമെന്റ് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഫലവൃക്ഷാദികൾക്ക് നൽകുന്ന നഷ്ടപരിഹാരത്തിന് പുറമെയാണ്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉടമസ്ഥനിൽതന്നെ നിക്ഷിപ്തമാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ആഗോള ടെൻഡർ വിളിച്ച് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. ജൂലൈ മാസം അവസാനത്തോടെ കരാർ നൽകുവാനും ആഗസ്റ്റ് മാസത്തോട്ടുകൂടി ജോലികൾ പുനഃരാരംഭിക്കുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പൈപ്പ് ലൈൻ വാൽവ്

സ്റ്റേഷനുകൾക്കു വേണ്ടിയുള്ള സ്ഥലമെടുപ്പുനടപടികൾ സംസ്ഥാന സർക്കാർ ത്വരിതപ്പെടുത്തിയിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ സഹായ സഹകരണങ്ങളും നൽകുന്നുണ്ട്.

(ബി) പൈപ്പ് ലൈൻ മണ്ണിനടിയിൽ 2 മീറ്റർ ആഴത്തിലുള്ള ട്രഞ്ചുകളിലാണ് സ്ഥാപിക്കുന്നത്. അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പൈപ്പ് ലൈനിന്റെ സംരക്ഷണം പൂർണ്ണമായി ഉറപ്പുവരുത്തുന്നു. ആയതിനാൽ പദ്ധതിയുടെ സുരക്ഷയെ സംബന്ധിച്ച് ജനങ്ങളുടെ ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. ഇത് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതിയെ സംബന്ധിച്ച ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനുമായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾ തോറും ബോധവൽക്കരണം നടത്തിയിട്ടുണ്ട്. കൂടാതെ ദൃശ്യമാധ്യമങ്ങളിലൂടെയും പത്രപരസ്യങ്ങളിലൂടെയും ലഘുലേഖകൾമുഖേനയും എഫ്.എം. റേഡിയോവഴിയും ഗ്യാസ്പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചും പദ്ധതി പൂർത്തിയായാൽ സംസ്ഥാനത്തിന് ഉണ്ടാകാനിടയുള്ള നേട്ടങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

(സി) പൈപ്പ് ലൈൻ പദ്ധതിയെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കുവാനായി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഗെയിൽ അധികൃതരുടെയും യോഗങ്ങൾ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറിയുടെ തലത്തിലും വിളിച്ച് ചേർത്തിരുന്നു. ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് ഈ യോഗങ്ങൾ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ ഈ വിഷയത്തിൽ ജനങ്ങളുമായി ഇനിയും ചർച്ച നടത്തുന്നകാര്യം പരിഗണിക്കാവുന്നതാണ്.

**പി.എസ്.സി. നിയമനങ്ങൾ**

118 (119) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. റോജി എം. ജോൺ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവൺമെന്റിന്റെ കാലത്ത് പി.എസ്.സി. നിയമനങ്ങൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് എത്ര പേർക്കാണ് നിയമനം നൽകിയത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനായി എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിച്ചത്?

(ഡി) ഈ നേട്ടം കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തിയത്?

ഉത്തരം

(എ) പ്രധാനപ്പെട്ട എല്ലാ തസ്തികകളിലും എപ്പോഴും പി.എസ്.സി.യുടെ ലൈവ് റാങ്ക് ലിസ്റ്റ് ഉണ്ടാകത്തക്ക രീതിയിലുള്ള സംവിധാനം ഒരുക്കുവാൻ പി.എസ്.സി.-യോട് ശിപാർശ ചെയ്തിരുന്നു. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിരുന്നു.

(ബി) 18-5-2011 മുതൽ 24-5-2016 വരെയുള്ള കാലയളവിൽ 1,54,238 പേർക്കാണ് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുള്ളത്.

(സി&ഡി) നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-യിൽ 34 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയുക്തമാക്കി പി.എസ്.സി.-യിലെ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്**

119 (120) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ നടപ്പിലാക്കി വരുന്ന പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് ശിപാർശ ചെയ്ത പാക്കേജിൽനിന്നും എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് അനുവദിച്ചതെന്ന് വർഷം , നിയോജകമണ്ഡലം എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പാക്കേജിൽ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ശിപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പാക്കേജ് പ്രകാരം ശിപാർശ ചെയ്യപ്പെടാത്ത എത്ര പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്നും ഏത് മാനദണ്ഡ പ്രകാരമാണ് ഇത്തരത്തിൽ അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് ശിപാർശ ചെയ്ത പാക്കേജിൽനിന്നും 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ വിവിധ നിയോജക മണ്ഡലങ്ങളിൽ അനുവദിച്ച തുക സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| നിയോജക മണ്ഡലം | 2013-14 | 2014-15 | 2015-16 |
|---|---|---|---|
| മഞ്ചേശ്വരം | 526.58 | 640.00 | 2,113.00 |
| കാസർഗോഡ് | 316.50 | 3,511.00 | 1,090.50 |
| ഉദുമ | 190.45 | 2,400.00 | 1,065.05 |
| കാഞ്ഞങ്ങാട് | 514.00 | 1,292.00 | 2,179.00 |
| തൃക്കരിപ്പൂർ | 382.90 | 860.00 | 1,125.00 |
| പൊതുവിഭാഗം | 510.00 | 560.00 | 835.00 |
| ആകെ | 2440.43 | 9,263.00 | 8,407.55 |

(ബി) കാസർഗോഡ് വികസന പാക്കേജിനായി ആകെ 11,123.07 കോടി രൂപ ചെലവ് വരുന്ന പദ്ധതികളാണ് ഡോ. പി. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളത്.

(സി) രണ്ടു പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. പൊതുതാത്പര്യാർത്ഥമാണ് പ്രസ്തുത പ്രവൃത്തികൾ അനുവദിച്ചിട്ടുള്ളത്.

**അഴിമതിമുക്ത-മതനിരപേക്ഷ സർക്കാർ**

120 (121) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അഴിമതിമുക്ത-മതനിരപേക്ഷ സർക്കാരായി പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ഈ സർക്കാർ ഇതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

അഴിമതിമുക്ത-മതനിരപേക്ഷ സർക്കാരായി പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ഈ സർക്കാർ അഴിമതിയോട് വിട്ടുവീഴ്ച ഇല്ലാത്തതും പ്രകടവും ശക്തവുമായ നയം പിന്തുടരുക എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്:

1. എല്ലാ വകുപ്പുകളും നിർബന്ധിതമായും വിവരങ്ങൾ വെളിപ്പെടുത്തണമെന്ന വ്യവസ്ഥ ഏർപ്പെടുത്തുക.

2. കൂടുതൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെൻഡർ വ്യാപിപ്പിക്കുക.

3. പ്രധാൻമന്ത്രി ഗ്രാം സഡക് യോജനയുടെ മാതൃകയിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

4. സാധനങ്ങളുടെ ഇ-പ്രൊക്യൂർമെന്റ് ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

5. സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുക.

6. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രധാന പൊതുമരാമത്ത് പ്രവൃത്തികൾക്കും സോഷ്യൽ ആഡിറ്റ് നിർബന്ധമാക്കുക.

7. എല്ലാ പൊതുമരാമത്ത് പ്രവൃത്തികളുടെയും വിവിധ ഘട്ടങ്ങൾ പ്രസക്തമായ വിശദാംശങ്ങളോടൊപ്പം ഏതൊരു പൗരനും കാണുവാൻ സാധ്യമാകും വിധം ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള ഒരു സുതാര്യ സംവിധാനത്തിലൂടെ പൊതുനിരീക്ഷണ സൗകര്യം ഒരുക്കുക.

കൂടാതെ അഴിമതി തുടച്ചുനീക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ വിജിലൻസ് സംവിധാനത്തെ ശക്തിപ്പെടുത്തും. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് അഴിതിക്കെതിരെ അവബോധമുണ്ടാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. നല്ല ഭരണത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ മറ്റ് സിറ്റിസൺ ഗ്രൂപ്പുകൾ എന്നിവവഴി യുവജനങ്ങളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തും. വിജിലൻസ് സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നത് കുറ്റകൃത്യങ്ങൾക്ക് വഴങ്ങുന്ന സ്വഭാവമുള്ളവർ, പ്രവർത്തനങ്ങൾ, സംഭവങ്ങൾ, സ്ഥലങ്ങൾ, പ്ലാനുകൾ, പദ്ധതികൾ എന്നിവ കണ്ടെത്തുന്നതിലാണ്. സ്ത്രീകളെ വികസനത്തിൽ ഉൾപ്പെടുത്തുവാനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുവാനും ലിംഗസമത്വം ഉറപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മതേതരത്വം ദുർബലപ്പെടുത്തുന്നതിന് എതിരായ പ്രവർത്തനങ്ങൾക്കൊപ്പം അങ്ങേയറ്റം ദുർബലരും പാർശ്വവത്ക്കരിക്കപ്പെട്ടതുമായ പൗരന്റെ പരാതി പരിഹാരത്തിനുമായിരിക്കും സർക്കാർ മുന്തിയ പരിഗണന നൽകുന്നത്.

## പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി

121 (122) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (ഗെയിൽ)പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധമായ സർവ്വേ നടപടി പുനരാരംഭിക്കുമോ ;

(സി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലയിൽ കൂടിയാണ് പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്നത്;

(ഡി) ജനവാസ കേന്ദ്രങ്ങളെ പദ്ധതിയിൽനിന്ന് മാറ്റി നിർത്തുന്നകാര്യം പരിഗണനയിലുണ്ടോ;

(ഇ) പദ്ധതി നടപ്പാക്കുന്നതോടെ കൃത്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിൽ ഏഴ് ജില്ലകളിലായി 505 കി. മീറ്ററാണ് പൈപ്പ് ലൈനിന്റെ ദൈർഘ്യം. ഇതിന്റെ പ്രാരംഭ സർവ്വേ നടപടികളും P & M P ആക്ട് സെക്ഷൻ 6 (1) പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനവും പൂർത്തിയായിക്കഴിഞ്ഞു. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഏതാണ്ട് പൂർത്തിയായി. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളുടെ എതിർപ്പുമൂലം നിർത്തിവച്ചിരുന്ന സർവ്വേ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്.

(സി) എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലൂടെയാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്.

(ഡി) ജനവാസ കേന്ദ്രങ്ങളെ പരമാവധി ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ റൂട്ട് നിശ്ചയിച്ചിട്ടുള്ളത്. ജനസാന്ദ്രത കൂടിയ മേഖലകളിൽ വിന്യസിക്കുന്ന പൈപ്പുകൾക്ക് ജനസാന്ദ്രതാ ക്ലാസ്സിഫിക്കേഷൻ അനുസരിച്ച് കൂടിയ ഘനം ഉറപ്പുവരുത്തി ശാസ്ത്രീയമായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. വീടുകളെയും മറ്റു കെട്ടിടങ്ങളെയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്.

(ഇ) Petroleum & Natural Gas Regulatory Board (PNGRB)-ന്റെയും Oil Industries Safety Directorate (OISD)-ന്റെയും കർശനമായ ഗുണനിലവാര നിയന്ത്രണത്തിലാണ് വാതക പൈപ്പ് ലൈൻ നിർമ്മിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും. കൂടാതെ, Petroleum Explosive Safety Organisation (PESO)-ന്റെ അംഗീകാരത്തോടു കൂടിമാത്രമേ ഗ്യാസ് പൈപ്പ് ലൈൻ പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞാൽ പൈപ്പ് ലൈനിന്റെ മർദ്ദം, താപം, Corrosion എന്നിവ നിരീക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള നൂതന സംവിധാനങ്ങൾ കൊച്ചിയിലുള്ള Regional Gas Management Centre (RGMC)-ൽ നിലവിലുണ്ട്. ഈ നിയന്ത്രണ സംവിധാനങ്ങൾ ഡൽഹിയിലുള്ള National Gas Management Centre (NGMC)-ൽ ഉള്ളതുകൊണ്ട് അടിയന്തര ഘട്ടങ്ങളിൽ ഡൽഹിയിൽ നിന്നും ഈ വാതക ശൃംഖലയെ നിയന്ത്രിക്കാൻ കഴിയും. ഉപഗ്രഹ സംവിധാനം (SCADA) വഴിയാണ് ഈ കേന്ദ്രങ്ങളെയും പൈപ്പ് ലൈനിനെയും തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്നത്.

**ഡോക്ടർമാരുടെ ഒഴിവുകൾ**

122 (123) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ആരോഗ്യ വകുപ്പിൽ വിവിധ വിഭാഗം ഡോക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ P.S.C.-യ്ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വിശദമാക്കാമോ;

(സി) ആരോഗ്യവകുപ്പിൽ 2016 മേയ് മാസത്തിൽ എത്ര അസിസ്റ്റന്റ് സർജൻ ഒഴിവുകൾ നിലവിലുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിൽ എത്ര ഒഴിവുകൾ P.S.C.-യ്ക്ക് ഏതെല്ലാം തീയതികളിൽ റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | അസിസ്റ്റന്റ് സർജൻ | - | 247 |
| | സിവിൽ സർജൻ | - | 45 |
| | അസിസ്റ്റന്റ് ഡയറക്ടർ | - | 17 |
| | ഡെപ്യൂട്ടി ഡയറക്ടർ | - | 2 |
| | അഡീഷണൽ ഡയറക്ടർ | - | 3 |
| | ജൂനിയർ കൺസൾട്ടന്റ് | - | 170 |
| | ചീഫ് കൺസൾട്ടന്റ് | - | 1 |
| | സീനിയർ കൺസൾട്ടന്റ് | - | 2 |

(ബി) നിലവിലുള്ള 247 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് സർജൻമാരുടെ 700 പ്രതീക്ഷിത ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 247 ഒഴിവുകൾ.

(ഡി) നിലവിലുള്ള 247 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളും 700 പ്രതീക്ഷിത ഒഴിവുകളുംകൂടി 30-5-2016-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മഴക്കാല രോഗപ്രതിരോധ നടപടികൾ**

123 (124) <u>ശ്രീ. പാറക്കൽ അബ്ദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗപ്രതിരോധത്തിനായി കോഴിക്കോട് ജില്ലയിൽ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഓടകളുടെ ശുചീകരണം, പരിസര ശുചീകരണം, കൊതുകുനിവാരണം എന്നീ പദ്ധതികൾക്ക് മുൻഗണന നൽകുമോ;

(സി) കൂടാതെ മറ്റ് എന്തൊക്കെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ജില്ലയിൽ സർക്കാർ നടപ്പാക്കും; വിശദാംശങ്ങൾ നൽകുമോ;

(ഡി) കോഴിക്കോട് ജില്ലയിൽ ഇതിനകം എത്ര തുക മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സർക്കാർ ചെലവഴിച്ചു; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മഴക്കാല രോഗപ്രതിരോധത്തിനായി കോഴിക്കോട് ജില്ലയിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ എല്ലാ പി.എച്ച്.സി./ സി.എച്ച്.സി. തലത്തിലും വിപുലമായി നടത്തി.

2. കൊതുകുജന്യ രോഗങ്ങൾക്കെതിരെയും മറ്റു പകർച്ചവ്യാധികൾക്ക് എതിരെയുമുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ആരോഗ്യ സന്ദേശയാത്ര ജില്ലയിലെ പകർച്ചവ്യാധി സാധ്യതയുള്ള സ്ഥലങ്ങളിലൂടനീളം സംഘടിപ്പിച്ചു.

3. സേഫ് കേരളയുടെ ഭാഗമായി വീടുകൾ, റബ്ബർ തോട്ടങ്ങൾ, മറ്റു തോട്ടങ്ങൾ, സ്ഥാപനങ്ങൾ, അന്യസംസ്ഥാനത്തൊഴിലാളി സ്ഥലങ്ങൾ എന്നിവിടങ്ങൾ സന്ദർശിക്കുകയും ആവശ്യമായ പൊതുജനാരോഗ്യ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

4. സ്കൂളുകളിൽ ബോധവൽക്കരണം, പ്രതിജ്ഞ എന്നിവ നടത്തി.

5. ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ, മറ്റു പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ചും ചികിത്സാ വിധികളെക്കുറിച്ചും ആവശ്യമായ പരിശീലനവും മാർഗ്ഗരേഖകളും ലഭ്യമാക്കി.

6. ബോധവൽക്കരണത്തിനുവേണ്ടി വിവിധ മാധ്യമങ്ങളിലൂടെ സന്ദേശം നൽകി.

7. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ ജില്ലയിലുള്ള മന്ത്രിമാർ, എം.എൽ.എ., എം.പി. എന്നിവരുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുതലത്തിലും വിവിധ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും യോഗങ്ങൾ, ഇന്റർ സെക്ടറൽ മീറ്റിംഗുകൾ എന്നിവ കൂടുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു.

8. മലമ്പനി, ഡെങ്കിപ്പനി ബാധിത പ്രദേശങ്ങളിൽ കൊതുക നിയന്ത്രണത്തിനും കൂത്താടികളെ നശിപ്പിക്കുന്നതിനുംവേണ്ടി വിവിധ മാർഗ്ഗങ്ങളായ ഉറവിട നശീകരണം, ഫോഗിംങ്, സ്പ്രേയിംഗ്,

കിണറുകളിലും ജലാശയങ്ങളിലും ഗപ്പി മീനുകളെ നിക്ഷേപിക്കുക, കൊതുക് നിരീക്ഷണം, പനി നിരീക്ഷണം, രക്തപരിശോധന ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

9. ആരോഗ്യ പ്രവർത്തകർ, ആശാവർക്കർമാർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ ഗൃഹസന്ദർശനം, കുടിവെള്ള സ്രോതസ്സ് ക്ലോറിനേറ്റ് ചെയ്യുക, ബോധവൽക്കരണ നോട്ടീസ് വിതരണം എന്നിവയും നടന്നുവരുന്നു.

(ബി) പരിസര ശുചീകരണം, കൊതുകുനിവാരണം എന്നീ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിവരുന്നു. പരിസര ശുചീകരണത്തിന്റെ ഭാഗമായി ജൂൺ 5-ന് ജില്ലയിൽ എല്ലാ ഗ്രാമപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റികളിലും ശുചീകരണ പരിപാടികൾ നടത്തി. വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതിയുടെ നേതൃത്വത്തിൽ വാർഡുതലത്തിലും പഞ്ചായത്ത്/നഗരകാര്യ വകുപ്പുകളുടെ മേൽനോട്ടത്തിൽ മറ്റു വകുപ്പുകളുടെ പങ്കാളിത്തത്തോടെ ശുചീകരണ, കൊതുകുനിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(സി) രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ പ്രവർത്തകരുടെ ദൈനംദിന ഗൃഹസന്ദർശന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലാതലത്തിൽ നൽകിയിട്ടുണ്ട്. ഡോക്ടർമാർക്കും മറ്റു ആരോഗ്യ പ്രവർത്തകർക്കും പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. കൊതുക് നിയന്ത്രണത്തിന് ഉറവിട നശീകരണം, ബോധവൽക്കരണം, ഫീവർ സർവ്വേ, സ്പ്രേയിംഗ്, ഫോഗിംഗ്, പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ, അന്യസംസ്ഥാനത്തൊഴിലാളികൾക്കിടയിലെ മലമ്പനി, മന്ത് മുതലായ രോഗങ്ങൾ കണ്ടുപിടിക്കാനുള്ള പ്രത്യേക രക്ത പരിശോധനകൾ എന്നിവ ശക്തിപ്പെടുത്തുന്നതാണ്. ജലജന്യരോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി കുടിവെള്ള സ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്യൽ, കുടിവെള്ള സ്രോതസ്സ് ഗുണനിലവാര പരിശോധന എന്നിവ നടപ്പാക്കുന്നതാണ്. സുരക്ഷിതമായി വെള്ളം ശേഖരിക്കുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ നടത്തിവരുന്നുണ്ട്.

(ഡി) 2015-16 സാമ്പത്തിക വർഷത്തിൽ മഴക്കാല രോഗങ്ങൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരങ്ങൾ:

| ക്രമ നമ്പർ | ഇനം | ലഭിച്ച തുക | ചെലവഴിച്ചത് |
|---|---|---|---|
| 1. | സാംക്രമിക രോഗങ്ങളുടെ നിയന്ത്രണവും നിരീക്ഷണവും | 18,35,000 | 16,78,082 |
| 2. | ജലജന്യ രോഗനിയന്ത്രണം | 2,85,000 | 2,84,500 |
| 3. | പ്രാണിജന്യ നിയന്ത്രണം | 6,05,000 | 5,70,925 |
| 4. | മഴക്കാല രോഗ പ്രതിരോധത്തിന്റെ ഭാഗമായി താൽക്കാലികമായി നിയമിച്ച ഉദ്യോഗസ്ഥർക്കുള്ള വേതനം | 19,84,425 | 19,83,862 |

2016-17 സാമ്പത്തിക വർഷം 23-4-2016-ലെ ഉത്തരവ് നമ്പർ 01/എൻ.വി. ബി.ഡി.സി.പി./ഫിൻ., പ്രകാരം 9.08 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 3,13,200 രൂപ ചെലവഴിച്ചിട്ടുണ്ട്.

**യുനാനി ഡിസ്പെൻസറി**

124 (125) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ യുനാനി ഡിസ്പെൻസറി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി**

125 (126) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ ആകെ എത്ര പി.എച്ച്.സി.-കൾ ഉണ്ടെന്നും, അവ ഏതൊക്കെയാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത പി.എച്ച്.സി.-കളിൽ ഓരോന്നിലും അനുവദനീയമായ തസ്തികകൾ ഏതൊക്കെയാണ്; ഏതെങ്കിലും പി.എച്ച്.സി.-കളിൽ തസ്തികകളിൽ ജീവനക്കാർ ജോലിനോക്കുന്നില്ലായെങ്കിൽ ആയത് പ്രത്യേകമായി വെളിപ്പെടുത്തുമോ;

(സി) നിയോജക മണ്ഡലത്തിലെ പി.എച്ച്.സി.കളിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആറ് പി.എച്ച്.സി.-കൾ ഉണ്ട്. പി.എച്ച്.സി. കുലുക്കല്ലൂർ, മുതുതല, ഓങ്ങല്ലൂർ, തിരുവേഗപ്പുറം, വല്ലപ്പുഴ, വിളയൂർ.

(ബി) അനുവദനീയമായ തസ്തികകൾ, ഒഴിവുകൾ ഇവ സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പി.എസ്.സി.-വഴി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നികത്തേണ്ട ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആലാ പ്രൈമറി ഹെൽത്ത് സെന്റർ**

126 (127) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ കിടക്കകളുള്ള ആശുപത്രികളാക്കി ഉയർത്തി എന്ന് വ്യക്തമാക്കുമോ;

(ബി) ആലാ ഹെൽത്ത് സെന്റർ കിടക്കകളുള്ള ആശുപത്രിയാക്കി മാറ്റുന്നത് സംബന്ധിച്ച് തീരുമാനം നിലവിലുണ്ടോ;

(സി) പ്രസ്തുത ഹെൽത്ത് സെന്റർ കിടക്കകളുള്ള ആശുപത്രിയാക്കുന്നതിന് ഫണ്ട് അനുവദിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഫണ്ട് ലാപ്സായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആലാ ഹെൽത്ത് സെന്റർ കിടക്കകളുള്ള ആശുപത്രിയാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ഉണ്ടോ എന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉയർത്തിയിട്ടില്ല.

(ബി) നിലവിലില്ല.

(സി&ഡി) ബാധകമല്ല.

(ഇ) നിലവിലില്ല.

**രോഗവ്യാപനം**

127 (128) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും തുടച്ചുനീക്കി എന്ന് അവകാശപ്പെട്ടിരുന്ന പല രോഗങ്ങളും വീണ്ടും പ്രത്യക്ഷപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ഏതെല്ലാം രോഗങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം രോഗങ്ങളുടെ വ്യാപനം തടയുന്നതിനായി എന്തു നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വസൂരി (Small Pox), പോളിയോ എന്നീ രോഗങ്ങളാണ് സംസ്ഥാനത്തു നിന്ന് തുടച്ചുനീക്കപ്പെട്ട, വാക്സിനിലൂടെ പ്രതിരോധിക്കാവുന്ന രോഗങ്ങൾ. ഈ രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടില്ല. മലേറിയ, ഡിഫ്ത്തീരിയ തുടങ്ങിയ രോഗങ്ങൾ സംസ്ഥാനത്തുനിന്നും തുടച്ചുനീക്കപ്പെട്ടിട്ടില്ല.

(ബി) ഇത്തരം രോഗങ്ങൾ തിരികെ വരാതിരിക്കാനുള്ള ശക്തമായ രോഗപ്രതിരോധ സംവിധാനവും രോഗനിരീക്ഷണ സംവിധാനവും സംസ്ഥാനത്ത് നിലവിലുണ്ട്. പോളിയോ രോഗത്തിനെതിരെയുള്ള തുള്ളിമരുന്നും രണ്ട് ഡോസ് കുത്തിവെയ്പും കുഞ്ഞുങ്ങൾക്ക് സൗജന്യമായി നൽകിവരുന്നു. കൂടാതെ വർഷത്തിൽ രണ്ട് റൗണ്ടുവീതം എല്ലാ അഞ്ച് വയസ്സിനുതാഴെയുള്ള എല്ലാ കുഞ്ഞുങ്ങൾക്കും പൾസ് പോളിയോ ഇമ്മ്യൂണൈസേഷനും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. എല്ലാ സർക്കാർ ആശുപത്രിയിലും സബ്സെന്റർതലം മുതൽ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പുകൾ

കൃത്യമായ കാലയളവിൽ തുടർച്ചയായി നൽകിവരുന്നുണ്ട്. ഇതിന് ഫീൽഡു വിഭാഗം ജീവനക്കാർ മുതൽ ജില്ലാ പ്രോഗ്രാം ആഫീസർമാർവരെ മേൽനോട്ടം വഹിക്കുന്നു. മാത്രവുമല്ല, പ്രതിരോധ കുത്തിവയ്പ്പിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ എല്ലാ കുട്ടികൾക്കും പ്രതിരോധകുത്തിവയ്പ്പ് നൽകുന്നതിനായി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം 2014 ഏപ്രിൽ മാസം മുതൽ 'മിഷൻ ഇന്ദ്രധനുഷ് ' എന്ന പരിപാടി നടത്തിവരുന്നു.

എല്ലാ ഗർഭിണികൾക്കും രണ്ട് ഡോസ് ടി.ടി. വാക്സിൻ എടുക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. പ്രസ്തുത വാക്സിനേഷനുകൾ, എം.സി.ടി.എസ്. (MCTS) എന്ന രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർവഴി നിരീക്ഷണം നടത്തി, എല്ലാ ഗർഭിണികൾക്കും കുട്ടികൾക്കും പ്രതിരോധവാക്സിൻ ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നു. പോളിയോ രോഗനിരീക്ഷണത്തിന്റെ ഭാഗമായി 15 വയസ്സിന് താഴെയുള്ള കുട്ടികളുടെ മലം പരിശോധിച്ച് എ.എഫ്.പി. സർവ്വൈലൻസ്, സ്റ്റേറ്റ് പോളിയോ ആഫീസറുടെ നേതൃത്വത്തിൽ നടത്തി പോളിയോരോഗം ഇല്ല എന്ന് സ്ഥിരീകരിക്കുന്നു. പ്രൈവറ്റ്/ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, മറ്റു ഡിപ്പാർട്ടുമെന്റുകളായ ആയുർവ്വേദം, ഹോമിയോ എന്നിവിടങ്ങളിലും എ.എഫ്.പി. സർവ്വൈലൻസ് നടത്തിവരുന്നു. വിവിധ രോഗങ്ങളെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, ബാനറുകൾ, ചുവരെഴുത്ത് എന്നിവയിലൂടെയും റെയിൽവേസ്റ്റേഷൻ, ബസ് സ്റ്റേഷൻ തുടങ്ങിയ മേഖലകളിലും എഫ്.എം. റേഡിയോവഴിയും തുടർച്ചയായി ബോധവൽക്കരണ പരിപാടികളും പ്രചാരണങ്ങളും നടത്തിവരുന്നു.

ഫീൽഡുവിഭാഗം ജീവനക്കാർ, ആശാവർക്കർ, അങ്കണവാടി ജീവനക്കാർ തുടങ്ങിയവർക്ക് കൃത്യമായി ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിവരുന്നു. ദേശീയ നഗര ആരോഗ്യ ദൗത്യത്തിനുകീഴിൽ പ്രതിരോധ കുത്തിവയ്പ്പിനെപ്പറ്റി വീഡിയോ പരസ്യചിത്രങ്ങൾ നിർമ്മിച്ച് അനുയോജ്യമായ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിച്ചു വരുന്നു. പ്രതിരോധ കുത്തിവയ്പ്പിലൂടെ പ്രതിരോധിക്കാൻ കഴിയുന്ന അസുഖങ്ങളെ കുറിച്ചുള്ള കൈപ്പുസ്തകങ്ങളും ലഘുലേഖകളും എല്ലാ ജില്ലകളിലും ജില്ലാ പ്രോഗ്രാം ആഫീസുമുഖേനയും സംസ്ഥാനതലത്തിലും അച്ചടിച്ച് ആശുപത്രികൾമുഖേനയും ഫീൽഡ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും നൽകിവരുന്നു. കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ മറ്റ് ഡിപ്പാർട്ട്മെന്റുകളെ ഉൾപ്പെടുത്തി Inter Sectoral Co-ordination Committee നടത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പഞ്ചായത്തുതലത്തിലും ബ്ലോക്ക്തലത്തിലും ഇത്തരം കമ്മിറ്റികൾ കൂടുകയും ബോധവൽക്കരണ പ്രതിരോധപ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

## ഔഷധ സസ്യകൃഷി

128 (129) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ ഔഷധ നിർമ്മാണത്തിനാവശ്യമായ ഔഷധ സസ്യങ്ങൾ കൃഷിചെയ്യുന്ന കർഷകരെ സഹായിക്കുന്നതിന് ആയുഷ് വകുപ്പോ ആരോഗ്യ വകുപ്പോ ഏതെങ്കിലും തരത്തിലുള്ള സഹകരണം കർഷകർക്ക് നൽകുന്നുണ്ടോ;

(ബി) ഈ കർഷകരിൽനിന്നും ഇടനിലക്കാരില്ലാതെ ഔഷധ സസ്യങ്ങൾ വാങ്ങുന്നതിനും വിപണനത്തിന് സഹായിക്കുന്നതിനും ആരോഗ്യവകുപ്പിനു കീഴിൽ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ;

(സി) സംസ്ഥാനത്ത് ഔഷധസസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സംഭരണം ഉറപ്പുവരുത്തുന്നതിനും ഈ കർഷകർക്ക് ശരിയായ വില ലഭിക്കുന്നതിനും ആയുഷ് വകുപ്പ് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ഔഷധസസ്യ ബോർഡ് ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടെ ഗ്രാമീണം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ കർഷകർക്ക് ഔഷധസസ്യ കൃഷി ചെയ്യുവാൻ ധനസഹായം ചെയ്തു കൊടുക്കുന്നുണ്ട്.

(ബി) സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ മേൽനോട്ടത്തിൽ ഇടനിലക്കാരില്ലാതെ ഔഷധസസ്യ കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ ആയുർവേദ വ്യവസായികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാന ഔഷധസസ്യ ബോർഡുമുഖേന നടപടി സ്വീകരിച്ചുവരുന്നു.

## മുക്കം സി.എച്ച്.സി.-യിൽ ഡോക്ടർമാരുടെ അഭാവം

129 (130) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ അഭാവവും അടിസ്ഥാന സൗകര്യങ്ങളുടെ ശോചനീയാവസ്ഥയും മൂലം പ്രയാസത്തിലായ മുക്കം സി.എച്ച്.സി.-യുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) സി.എച്ച്.സി.-യിൽ ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ സ്റ്റാഫ് പാറ്റേണും നിലവിലെ അവസ്ഥയും വിശദമാക്കാമോ;

(സി) അടിയന്തരമായി ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള മൂന്ന് അസിസ്റ്റന്റ് സർജന്റെയും 1 സിവിൽ സർജന്റെയും തസ്തികയിൽ നാല് ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. ഈ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രൊപ്പോസലും ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ആരോഗ്യകേരളം പദ്ധതി**

130 (131) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ കേരളം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ധനസഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആരോഗ്യകേരളം പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(ബി) കേരളത്തിലെ പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഗ്രാമീണ ആരോഗ്യ മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായി ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയിൻകീഴിൽ 2007 മുതൽ ആരോഗ്യകേരളം പദ്ധതി കേരളത്തിൽ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ആദ്യഘട്ടം 2011-12 സാമ്പത്തിക വർഷം അവസാനിച്ചു. രണ്ടാംഘട്ടം 2012 സാമ്പത്തിക വർഷം മുതൽ കേരളത്തിൽ സമഗ്രമായി നടപ്പിലാക്കി വരുന്നു. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം കേരളത്തിലെ ആരോഗ്യ മേഖലയിലെ ഉയർച്ചയ്ക്ക് ഉൾപ്രേരകമായി പ്രവർത്തിക്കുന്നുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം തുടങ്ങിവച്ച പ്രവർത്തനങ്ങൾ ആശാവഹവും ഫലപ്രദവുമാണ്. സംസ്ഥാനത്ത് എൻ.എച്ച്.എം. പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് ആയിട്ടാണ് സംസ്ഥാന സൊസൈറ്റിക്ക് ധനസഹായം നൽകുന്നത്. ജില്ലകളിലെ പ്രവർത്തനം നടപ്പിലാക്കാൻ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി രൂപീകരിച്ച പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ പൊതുജനാരോഗ്യ സ്ഥാപനം വഴിയാണ് എൻ.എച്ച്.എം. പരിപാടികൾ നടപ്പിലാക്കി വരുന്നത്. ഇതിനുപുറമേ നഗരാരോഗ്യ പദ്ധതിയും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നുണ്ട്.

(സി) ആരോഗ്യകേരളം പദ്ധതി പ്രധാനമായും നൽകുന്ന ധനസഹായങ്ങൾ താഴെപ്പറയുന്നവയാണ്:

1. ജനനി സുരക്ഷയോജന : ഗ്രാമീണ മേഖലയിൽ പ്രസവിക്കുന്ന സ്ത്രീകൾക്ക് 700 രൂപയും നഗരപ്രദേശത്ത് പ്രസവിക്കുന്നവർക്ക് 600 രൂപയും ധനസഹായം നൽകുന്നു.

2. വന്ധ്യംകരണത്തിനുള്ള നഷ്ടപരിഹാരം: സ്ത്രീകൾക്ക് 1000 രൂപ വരെയും പുരുഷന്മാർക്ക് 1500 രൂപ വരെയും

3. പ്രസവത്തിനായി ആശുപത്രിയിലേക്കും തിരിച്ചും പോകുന്നതിനുള്ള ധനസഹായം 500 രൂപ വരെ.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സംസ്ഥാനതലത്തിൽ സ്റ്റേറ്റ് മിഷൻ ഡയറക്ടറും ജില്ലാതലത്തിൽ ജില്ലാ പ്രോഗ്രാം മാനേജർമാരും നിലവിലുണ്ട്.

## ഭക്ഷ്യ സുരക്ഷ

131 (132) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നിട്ടും ഈ മേഖലയിൽ കാര്യക്ഷമമായ പരിശോധനകളോ, നിയന്ത്രണങ്ങളോ, നടപടികളോ ഉണ്ടാകുന്നില്ല എന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പച്ചക്കറികളിൽ വിഷാംശം ഉണ്ടോ എന്ന് കണ്ടെത്താനുള്ള സംവിധാനം എല്ലാ ചെക്ക്പോസ്റ്റുകളിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ സംസ്ഥാനതലത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദമാക്കുമോ;

(സി) ഭക്ഷ്യവസ്തുക്കളിൽ ചേർത്തിട്ടുള്ള മായം കണ്ടെത്തുന്നതിനുള്ള ആധുനിക ഉപകരണങ്ങളുള്ള ലബോറട്ടറികൾ സംസ്ഥാനത്തുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പച്ചക്കറികളിൽ വിഷാംശം കണ്ടെത്തുന്നതിനുവേണ്ടി സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിൽ നിലവിൽ സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് ഉത്സവ കാലങ്ങളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്താറുള്ളതും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുള്ളതുമാണ്. അത്തരത്തിൽ ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലബോറട്ടറികളിലും വെള്ളായണി കാർഷിക കോളേജിലും പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്. കൂടാതെ ഇത്തരം പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി സംസ്ഥാനത്ത് നിലവിലുള്ള ലബോറട്ടറികൾ കൂടാതെ ചെക്ക്പോസ്റ്റ് ഉൾപ്പെടെയുള്ള കേന്ദ്രങ്ങളിൽ മിന്നൽ പരിശോധന നടത്തുന്നതിന് രണ്ട് മൊബൈൽ ലബോറട്ടറി യൂണിറ്റുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കൂടാതെ വാണിജ്യനികുതി, എക്സൈസ്, പോലീസ്, മൃഗസംരക്ഷണം എന്നീ വകുപ്പുകളുമായി സഹകരിച്ച് വാളയാർ ചെക്ക്പോസ്റ്റിൽ സ്ഥിരമായി സംയുക്ത പരിശോധന നടത്താറുള്ള സംവിധാനം സംബന്ധിച്ച ചർച്ച അവസാനഘട്ടത്തിലാണ്.

(സി) ഉണ്ട്. തിരുവനന്തപുരം, എറണാകുളം എന്നീ അനലറ്റിക്കൽ ലബോറട്ടറികളിൽ ഭക്ഷ്യവസ്തുക്കളിൽ ചേർത്തിട്ടുള്ള മായം കണ്ടെത്തുന്നതിനുള്ള GCMSMS (Gas Chromatograph Mass Spectro Photometer), ICP-OES എന്നീ അത്യാധുനിക ആധുനിക ഉപകരണങ്ങൾ യഥാക്രമം 1.85 കോടി, 1 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുണ്ട്.

## സൗജന്യ മരുന്ന് വിതരണം

132 (133) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യമരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം തരം ധനസഹായമാണ് ഈ പദ്ധതിവഴി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാ വിഭാഗം രോഗികൾക്കും സൗജന്യമായി ജനറിക് മരുന്നുകൾ വിതരണം ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം.

(സി) സൗജന്യ മരുന്നു വിതരണപദ്ധതി മുഖാന്തരം യാതൊരുവിധ ധനസഹായവും രോഗികൾക്ക് സർക്കാർ ആശുപത്രികൾ മുഖാന്തിരം നൽകുന്നില്ല. ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികൾക്ക് സൗജന്യമായി മരുന്നുകൾ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(ഡി) ആരോഗ്യവകുപ്പിൽനിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽനിന്നും യഥാസമയം ഇൻഡന്റ് സ്വീകരിച്ച് ദേശീയ അടിസ്ഥാനത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെ മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിച്ച് ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിലൂടെ അതത് ആശുപത്രികൾക്ക് ഇൻഡന്റിന് അനുസരണമായി വിതരണം നടത്തിവരുന്നു.

## ജില്ലാ ആശുപത്രി പദവി നൽകുന്നത്

133 (134) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിക്ക് ജില്ലാ ആശുപത്രി പദവി നൽകുന്ന പ്രൊപ്പോസലിന്റെ കാലിക സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി എന്നു മാറ്റുവാൻ കഴിയും എന്ന് അറിയിയ്ക്കുമോ; അതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ 250 കിടക്കകളുള്ള ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് 40 (നാൽപ്പത്) അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. അതിന് പ്രതിവർഷം 2,72,84,868 (രണ്ട് കോടി എഴുപത്തി രണ്ട് ലക്ഷത്തി എൺപത്തിനാലായിരത്തി എണ്ണൂറ്റി അറുപത്തിയെട്ട് രൂപ) ആവശ്യമായിട്ടുണ്ട്. ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്ലാൻ/ നോൺപ്ലാൻ ഹെഡ്ഡിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 'ന്യൂസർവ്വീസ് പ്രൊസീഡ്യുർ' പ്രകാരം അനുവദിക്കുന്ന വിഷയം പരിശോധിച്ചിരുന്നു. എന്നാൽ ഒറ്റപ്പാലത്തുനിന്നും അധികം ദൂരമല്ലാതെ (ഏകദേശം 30 km) പാലക്കാട് ജില്ല ആശുപത്രിയുള്ളതിനാലും ഒറ്റപ്പാലം താലൂക്ക് ആശുപത്രി മതിയായ സൗകര്യങ്ങളോടു കൂടി നല്ല നിലയിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിലും പ്രതിവർഷം രണ്ട് കോടി രൂപ അധികം ചെലവുവരുന്ന ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ 250 കിടക്കകളുള്ള ജില്ലാ ആശുപത്രിയായി ഉയർത്തുന്ന ശിപാർശ പരിഗണിക്കാൻ സാധിച്ചിരുന്നില്ല.

## റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

134 (135) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെയും പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പ്രകാരം ഏതൊക്കെ തസ്തികകളാണ് ഓരോ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിലും അനുവദിക്കേണ്ടത് ;

(സി) ഇപ്രകാരം ഇനി റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഏതൊക്കെ തസ്തികകളാണ് അനുവദിക്കേണ്ടത് ; ഇവ അനുവദിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഈ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ;

(ഇ) ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

### ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർത്തിരിക്കുന്നു.* കിടക്കകളുടെ എണ്ണം, അടിസ്ഥാന സൗകര്യങ്ങൾ, ഒ.പി., ഐ.പി., നിലവിലുള്ള ചികിത്സാ സംവിധാനങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്.

(സി) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ കിടക്കകളുടെ എണ്ണം, ഒ.പി., ഐ.പി., അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി അധിക തസ്തിക സൃഷ്ടിക്കുന്ന ശിപാർശ 15906/എം.1/15/ആകുവ. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) 2017-18 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആരോഗ്യവകുപ്പിലെ കേഡർ സമ്പ്രദായം

135 (136) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ കേഡർ സമ്പ്രദായം പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ഓപ്ഷൻ നൽകുന്ന ഡോക്ടർമാരുടെ കുറവ് കാരണം പല താലൂക്ക് ആശുപത്രികളിലും സൂപ്രണ്ടുമാരെ നിയമിക്കാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടോ ;

(സി) മേജർ ആശുപത്രികളിൽ സൂപ്രണ്ടുമാരായി സ്പെഷ്യാലിറ്റി കേഡറിൽ നിന്നും സീനിയർ ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആശുപത്രികളിൽ വളരെ പ്രധാനപ്പെട്ട ചുമതല നിർവ്വഹിക്കേണ്ട ആർ.എം.ഒ.-മാരായി ജൂനിയറായ ഡോക്ടർമാരെ നിയമിക്കുന്നരീതി പരിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഉള്ളവർക്കാണ് സൂപ്രണ്ട് തസ്തികകളിലേക്ക് നിയമനം നൽകുന്നത്. നിലവിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിൽ 17-ഓളം ഒഴിവുകളുണ്ട്. ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് തസ്തികയിലുള്ള മെഡിക്കൽ ആഫീസർമാരുടെ ഡി.പി.സി. കൂടി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) നിലവിൽ അഡ്മിനിസ്ട്രേറ്റീവ് കേഡർ തസ്തികയിൽനിന്നുമാണ് സൂപ്രണ്ടുമാർക്ക് നിയമനം നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ഡി) നിലവിൽ ജനറൽ കേഡറിലെ മെഡിക്കൽ ആഫീസർമാരെയാണ് ആർ.എം.ഒ. ആയി നിയമിക്കുന്നത്. ഇത്തരത്തിൽ നിയമനം നൽകുമ്പോൾ ചില അവസരങ്ങളിൽ ജൂനിയറായ ഡോക്ടർമാർക്കും ആർ.എം.ഒ. ആയി നിയമനം നൽകേണ്ടി വരുന്നുണ്ട്.

## കൊച്ചി നഴ്സിംഗ് കോളേജിലെ നിയമനം

136 (137) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്ത കൊച്ചി നേഴ്സിംഗ് കോളേജിൽ 28-5-2016-ലെ സ.ഉ. (കൈ) നമ്പർ 97/2016/H&FWD ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട 24 തസ്തികകളിൽ ഏത് മാനദണ്ഡങ്ങൾ പ്രകാരമാണ് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നീ തസ്തികകളിലേക്ക് നിലവിൽ ഗവൺമെന്റ് നേഴ്സിംഗ് കോളേജിലെ അദ്ധ്യാപകരിൽ നിന്നും അവരുടെ സീനിയോറിറ്റി ക്രമത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കോളേജ് ഡി.എം.ഇ.-യുടെ നിയന്ത്രണാധികാരങ്ങളിലേക്ക് മാറ്റപ്പെട്ട സാഹചര്യത്തിൽ സർക്കാർ നേഴ്സിംഗ് കോളേജുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ സീനിയോറിറ്റി സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) ഈ വിഷയം സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി

137 (138) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മെഡിക്കൽ കോളേജിന് വേണ്ടി ഏറ്റെടുത്ത ഭൂമി ഹെൽത്ത് ഡിപ്പാർട്ട്മെന്റ് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറാത്തത് എന്തുകൊണ്ട്;

(സി) നിലവിൽ എത്ര തുകയാണ് വയനാട് മെഡിക്കൽ കോളജിന് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക വേണ്ടി ചന്ദ്രപ്രഭ ചാരിറ്റബിൾ ട്രസ്റ്റ് സൗജന്യമായി 50 ഏക്കർ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. അക്സസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ വിഷയം സംബന്ധിച്ച് ജില്ലാ കളക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ സമർപ്പിച്ച പ്രപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) 2015-16 സാമ്പത്തിക വർഷത്തിൽ 350 ലക്ഷം രൂപയും നടപ്പു സാമ്പത്തിക വർഷത്തിൽ 22 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ഏകീകൃത പൊതുജനാരോഗ്യ നിയമം**

138 (139) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ അഭാവം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ? കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) നാളിതുവരെയുള്ള അതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ അഭാവം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ട്. 1955-ലെ തിരു-കൊച്ചി പൊതുജനാരോഗ്യ നിയമവും 1935-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും കാലാനുസൃതമായി പരിഷ്കരിച്ച് സംസ്ഥാനത്തിന് പൊതുവായ ഒരു പൊതുജനാരോഗ്യ നിയമം പാസ്സാക്കുന്നതിനായി രൂപീകരിച്ച ഡ്രാഫ്റ്റിംഗ് കമ്മിറ്റി സമർപ്പിച്ച കരട് പൊതുജനാരോഗ്യ ബിൽ സർക്കാരിന്റെ പരിശോധനയിലാണ്.

## ഉഴവൂർ കെ.ആർ. നാരായണൻ ആശുപത്രിക്ക് പുതിയ തസ്തികകൾ

139 (140) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ കെ.ആർ. നാരായണൻ ആശുപത്രിയുടെ കെട്ടിടം ഉദ്ഘാടനം കഴിഞ്ഞ ശേഷം പുതിയ തസ്തികകൾ ഒന്നും തന്നെയില്ലാതെ ആശുപത്രിയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഉഴവൂർ കെ.ആർ. നാരായണൻ ആശുപത്രിക്ക് പുതിയ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഡി.എച്ച്.എസ്. പ്രൊപ്പോസ് ചെയ്ത് സർക്കാരിൻെറ പരിഗണനയിലിരിക്കുന്ന 223/എം2/H&FW എന്ന ഫയലിൻെറ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഈ ഫയലിൽ എത്രയും വേഗം തീരുമാനമെടുക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് ഉണ്ടായിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധുനിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും ശിപാർശ ലഭിച്ചിരുന്നു. 14-3-2016-ലെ 233/എം1/16/ആകുവ എന്ന കത്തുപ്രകാരം സ്പെഷ്യാലിറ്റി ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ, അധികമായി ആവശ്യമുള്ള തസ്തികകൾ, എണ്ണം, അനിവാര്യത എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽനിന്നും അനുവദിച്ച തുക

140 (141) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ആരോഗ്യ കേന്ദ്രങ്ങൾക്ക് നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽനിന്നും 2015 ജനുവരി മുതൽ 2016 മെയ് 30 വരെയുള്ള കാലയളവിൽ എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ആരോഗ്യ കേന്ദ്രങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(സി) തുക അനുവദിച്ച തീയതികളും ആയതിന്റെ ചെലവിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പല പദ്ധതികൾക്കുമായി 1.3744 കോടി രൂപ (ഒരു കോടി മുപ്പത്തിയേഴ് ലക്ഷത്തി നാൽപ്പത്തിനാലായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

**ഹെൽത്ത് സെന്ററുകളിലെ ഒഴിവുകൾ**

141 (142) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി, വാടാനപ്പിള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിനു ജീവനക്കാരില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജീവനക്കാരെ നിയമിച്ച് പി.എച്ച്.സി.കളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

സാമൂഹികാരോഗ്യ കേന്ദ്രം, വാടാനപ്പിള്ളി

ക്ലാർക്ക് - 1

സാമൂഹികാരോഗ്യ കേന്ദ്രം, മുല്ലശ്ശേരി

ക്ലാർക്ക് - 1

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| എൽ.എച്ച്.ഐ. | - | 1 |
| എൽ.എച്ച്.എസ്. | - | 1 |
| ജെ.പി.എച്ച്.എൻ. | - | 1 |
| ജെ.എച്ച്.ഐ. ഗ്രേഡ്-1 | - | 1 |
| ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2 | - | 3 |

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഒഴിവുകൾ നികത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ**

142 (143) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഓരോ ആശുപത്രിയിലും നിലവിലുള്ള പോസ്റ്റുകൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*

(സി) ജില്ലാതല നിയമനങ്ങൾ ഡി.എം.ഒ. വഴിയും സംസ്ഥാനതല നിയമനങ്ങൾ ഡി.എച്ച്.എസ്. വഴിയും പി.എസ്.സി.-യെ അറിയിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആലപ്പുഴ ജില്ലയിലെ ഡയാലിസിസ് യൂണിറ്റുകൾ

143 (144) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം താലൂക്ക്/ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കിഡ്നി ഡയാലിസിസ് യൂണിറ്റ് സൗകര്യം ഏർപ്പെടുത്തുവാൻ കഴിയുമോ എന്ന് വിശദമാക്കാമോ;

(സി) ഇവിടെ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുവാൻ സംവിധാനങ്ങൾ പുതിയതായി സജ്ജീകരിക്കേണ്ടതുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രി, തുറവൂർ താലൂക്ക് ആശുപത്രി.

(ബി) ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുവാനാവശ്യമായ ഭൗതിക സാഹചര്യം നിലവിലില്ല. ഭൗതിക സാഹചര്യം നിലവിൽ വരുന്ന മുറയ്ക്ക് ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതാണ്.

(സി) കെട്ടിടം, ഉപകരണങ്ങൾ, ജീവനക്കാർ എന്നിവ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പുതുതായി സജ്ജീകരിക്കേണ്ടതുണ്ട്.

(ഡി) നിലവിലുണ്ട്. 5-2-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 114/2013/നികുതി വകുപ്പുപ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ 27 ആശുപത്രികളിൽ കാരുണ്യ ബനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതിനാവശ്യമായ ഫണ്ട് ലഭിച്ചിട്ടില്ല.

## പി.എച്ച്.സി.യെ സി.എച്ച്.സി.-യായി ഉയർത്തൽ

144 (145) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇല്ലാത്ത വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിലെ മുനമ്പം സർക്കാർ ആശുപത്രിയെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

മുനമ്പം 24x7 പി.എച്ച്.സി.-യെ സി.എച്ച്.സി.-യായി ഉയർത്തുവാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്ന് ശിപാർശ ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

**നെന്മാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

145 (146) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ആശുപത്രിയിലെ നിലവിലെ സേവനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) നെന്മാറ, അയിലൂർ, നെല്ലിയാംപതി, എലവഞ്ചേരി, പല്ലശ്ശന, മേലാർകോട് എന്നീ പഞ്ചായത്തുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും സാധാരണക്കാരും ചികിത്സക്കായി ആശ്രയിക്കുന്ന ഏക സർക്കാർ ആശുപത്രിയായ നെന്മാറ സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നെന്മാറ സി.എച്ച്.സി. നെന്മാറ, അയിലൂർ, മേലാർകോട്, വണ്ടാഴി, എലവൻഞ്ചേരി, പല്ലശ്ശന, നെല്ലിയാംപതി എന്നീ 7 പഞ്ചായത്തുകളിലെ രോഗികൾക്ക് നിശ്ചിത ഒ.പി. സമയത്ത് ചികിത്സ നൽകുകയും ആവശ്യമെങ്കിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ നൽകുകയും ചെയ്തുവരുന്നു. ഈ സി.എച്ച്.സി.യിലെ ഒരു ദിവസത്തെ ശരാശരി ഒ.പി. 800-ഉം ഐ.പി. 65-മാണ്. അത്യാഹിത വിഭാഗം ഇല്ലെങ്കിലും 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം, കുഞ്ഞുങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്പ്, അനുവദനീയമായ മറ്റ് സേവനങ്ങൾ എന്നിവ നൽകിവരുന്നു. ലബോറട്ടറി, എക്സ്-റേ, ഫ്രീസർ, മോർച്ചറി എന്നിവയുടെ സേവനവും ലഭ്യമാണ്. എല്ലാ ജീവൻരക്ഷാ മരുന്നുകളും നൽകുന്നുണ്ട്. സാന്ത്വന പരിചരണവും ലഭ്യമാണ്.

(ബി&സി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## വികലാംഗ കോർപ്പറേഷൻ

146 (147) ശ്രീ. കെ. വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വികലാംഗ കോർപ്പറേഷന്റേയും സാമൂഹ്യ സുരക്ഷാ മിഷന്റേയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; ഇവയെ പുനഃസ്ഥാപിക്കുന്നതിനും, ജില്ലാ ഓഫീസുകൾ പുനഃക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഉണ്ട്. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനും കേരള സാമൂഹ്യ സുരക്ഷാ മിഷനും പിരിച്ചു വിട്ടിട്ടില്ലാത്തതിനാൽ പുനഃസ്ഥാപിക്കേണ്ട ആവശ്യമില്ല. ഇവ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിച്ച് വരുന്നു. കൂടാതെ ഇവയ്ക്ക് ജില്ലാ ഓഫീസുകൾ നിലവിലില്ല.

## ക്യാൻസർ സെന്റർ സ്ഥാപിക്കാൻ നടപടി

147 (148) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി ക്യാൻസർ സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) ഇവിടെ ഒരു ഡോക്ടറുടെയും നാല് നഴ്സുമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ നൽകിയ പ്രൊപ്പോസലിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനം എടുത്തിട്ടില്ല.

## മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി.

148 (149) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്. സി. നിലവിലില്ലാത്തത് കാരണം ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ പ്രയാസങ്ങൾ അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ പി.എച്ച്.സി. അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മാവൂർ ഗ്രാമപഞ്ചായത്തിൽ എം.സി.എച്ച്. യൂണിറ്റായി പ്രവർത്തിക്കുന്ന ചെറുപ്പ 24x7 പ്രാഥമികാരോഗ്യ കേന്ദ്രം നിലവിലുണ്ട്. ഈ ആരോഗ്യ കേന്ദ്രത്തിൽ താഴെപ്പറയുന്ന ഫീൽഡ് വിഭാഗം ജീവനക്കാരാണ് പ്രവർത്തിക്കുന്നത്:

| | | | |
|---|---|---|---|
| 1. | ഹെൽത്ത് സൂപ്പർവൈസർ | - | 1 |
| 2. | ഹെൽത്ത് ഇൻസ്പെക്ടർ | - | 2 |
| 3. | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | - | 2 |
| 4. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | - | 4 |
| 5. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | - | 4 |
| 6. | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് | - | 12 |

മേൽപ്പറഞ്ഞ ഫീൽഡുവിഭാഗം ജീവനക്കാരാണ് മാവൂർ, പെരുവയൽ, പെരുമണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ആയതിനാൽ മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. ഇല്ലാത്തതുകൊണ്ട് ഫീൽഡ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ല.

## സൗജന്യമായി മരുന്ന് വിതരണം

149 (150) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു രോഗമായ പ്രമേഹം അതിവേഗത്തിൽ കേരളത്തിൽ പടർന്നുപിടിക്കുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ;

(ബി) പ്രമേഹരോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രമേഹരോഗത്തിനുള്ള മരുന്നുകൾ താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകളും സർക്കാർ ആതുരാലയങ്ങളിൽ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ജീവിതശൈലി രോഗങ്ങളിൽ പ്രധാനമായ പ്രമേഹരോഗം കേരള ജനതയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ പഠനങ്ങൾപ്രകാരം പുരുഷന്മാരിൽ 20 മുതൽ 27 ശതമാനവും സ്ത്രീകളിൽ 15 മുതൽ 19 ശതമാനവും പ്രമേഹ രോഗബാധിതരാണെന്നാണ് കണക്കാക്കപ്പെടുന്നത്.

(ബി) മലയാളിയുടെ ജീവിതശൈലിയിൽനിന്നുള്ള കാതലായ മാറ്റം പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കാരണമായ സാഹചര്യത്തിൽ സംസ്ഥാന ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ ജീവിതശൈലീരോഗ നിർണ്ണയ നിയന്ത്രണ ചികിത്സ പദ്ധതിയാണ് "അമൃതം ആരോഗ്യം" . സംസ്ഥാനത്തെ 230 സി.എച്ച്.സി.കൾ, 835 പി.എച്ച്.സി.-കൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ, 100 താലൂക്ക്/ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുകയും ചികിത്സാ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തുവരികയും ചെയ്യുന്നു. ഇത് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിദഗ്ദ്ധ സമിതി തയ്യാറാക്കിയ ചികിത്സാ പ്രോട്ടോക്കോൾ പ്രകാരമുള്ള ഇൻസുലിൻ ഉൾപ്പെടെയുള്ള 12 ഇനം മരുന്നുകളാണ് പി.എച്ച്.സി. തലംവരെ സൗജന്യമായി നൽകിവരുന്നത്.

(സി) ക്യാൻസർ രോഗചികിത്സയ്ക്കുള്ള മരുന്നുകൾ വളരെ വിലയേറിയതാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കാരുണ്യ പദ്ധതിവഴി ഈ മരുന്നുകൾ സൗജന്യനിരക്കിൽ നൽകിവരുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ ക്യാൻസർ കെയർ പദ്ധതിപ്രകാരം എല്ലാ സാമ്പത്തിക വർഷവും ക്യാൻസർ രോഗചികിത്സയ്ക്കുള്ള മരുന്നുകൾ വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തുകയും ക്യാൻസർ ചികിത്സ ലഭ്യമായ ആശുപത്രികളിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള 69 ഇനം മരുന്നുകൾ ദേശീയ അടിസ്ഥാനത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ടെണ്ടറുകൾ മുഖേന സംഭരിച്ച് വാർഷിക ഇൻഡൻഡ്പ്രകാരം അഞ്ച് സർക്കാർ മെഡിക്കൽ കോളേജിലും എറണാകുളം ജനറൽ ആശുപത്രിയിലുമായി നൽകിവരുന്നുണ്ട്.

## വിവിധതരം പനികൾ

150 (151) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴ ശക്തമായതോടെ വിവിധതരം പനികൾ ബാധിച്ച് ഒട്ടേറെപ്പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ തരം പനികളാണ് സംസ്ഥാനത്ത് ഇപ്പോൾ പ്രധാനമായും കണ്ടുവരുന്നതെന്ന് വിശദമാക്കാമോ;

(സി) എത്ര പേർ ഇതിനകം വിവിധ ആശുപത്രികളിൽ പനി ബാധിച്ച് ചികിത്സയിലുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് നൽകുമോ;

(ഡി) രോഗപ്രതിരോധത്തിനായി എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എല്ലാ വർഷത്തേയുംപോലെ ഈ വർഷവും കുറേപ്പേർ വിവിധതരം പനികൾ ബാധിച്ച് ചില ആശുപത്രികളിൽ ചികിത്സ തേടിയെത്തിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്ക് ശരിയായ ചികിത്സ ലഭ്യമാക്കുന്നതിന് ആവശ്യമായ മരുന്ന് ലഭ്യമാക്കുകയും മറ്റ് ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രോഗനിയന്ത്രണ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ബി) വൈറൽ പനി, ഡെങ്കിപ്പനി, മലമ്പനി, ലെപ്റ്റോ സ്പൈറോസിസ് (എലിപ്പനി), ടൈഫോയ്ഡ്, സ്ക്രബ് ടൈഫസ്, H1 N1 എന്നിവയാണ് ഇപ്പോൾ പ്രധാനമായും കണ്ടുവരുന്നത്.

(സി) വിവിധ ആശുപത്രികളിൽ പനി ബാധിച്ച് ചികിത്സയിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഉതകുന്ന കർമ്മപദ്ധതി തയ്യാറാക്കി ജില്ലകൾക്ക് നൽകി അതനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വ മിഷനും ആരോഗ്യവകുപ്പുമായി യോജിച്ച് കൊതുകിന്റെ ഉറവിട നശീകരണത്തിന് ഊന്നൽ നൽകി മഴക്കാലപൂർവ്വ ശുചീകരണം നടത്തിയിരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ കൊതുകിന്റെ ഉറവിട നശീകരണമുൾപ്പെടെയുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. സ്വകാര്യ ഡോക്ടർമാർ ഉൾപ്പെടെയുള്ള ഡോക്ടർമാർക്ക് രോഗചികിത്സാ മാർഗ്ഗരേഖകളെപ്പറ്റിയും ഫീൽഡുതല ഉദ്യോഗസ്ഥർക്ക് പകർച്ചവ്യാധി നിയന്ത്രണ മാർഗ്ഗങ്ങളെപ്പറ്റിയും പരിശീലനം നൽകിയിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ ആഴ്ചയിൽ ഒരിക്കൽ ക്ലോറിനേറ്റ് ചെയ്യുവാനും അവ മലിനപ്പെടാതിരിക്കുവാനുമുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയും വരുന്നുണ്ട്. ആഴ്ചയിലൊരിക്കൽ എല്ലാ വെള്ളിയാഴ്ചകളിലും സ്കൂളുകളിലും ശനിയാഴ്ച ഓഫീസുകളിലും ഞായറാഴ്ച വീടുകളിലും കൊതുകിന്റെ ഉറവിടനശീകരണത്തിനായി ഡ്രൈ ഡേ ആചരിച്ചുവരുന്നു. സ്കൂളുകളിൽ പകർച്ചവ്യാധി നിയന്ത്രണത്തിനായുള്ള പ്രതിജ്ഞയും എടുപ്പിക്കുന്നു.

**വാമനപുരം നിയോജക മണ്ഡലത്തിലെ ആശുപത്രികൾ**

151 (152) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പി.എച്ച്.സി. കൾ, സി.എച്ച്.സി.കൾ, സബ്-സെന്ററുകൾ, ആയുർവേദ, ഹോമിയോ ആശുപത്രികൾ എന്നിവയുടെ പട്ടിക ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രികളിൽ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) ഓരോ ആശുപത്രിയിലും ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഇനം തിരിച്ചുള്ള കണക്കും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ഡി) കാലവർഷം ശക്തി പ്രാപിക്കുന്നതോടെ രോഗികളുടെ എണ്ണവും വർദ്ധിക്കാനിടയുള്ളതിനാൽ പ്രസ്തുത ആശുപത്രികളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) I ആരോഗ്യ വകുപ്പ് :

പി.എച്ച്.സി.കൾ, സി.എച്ച്.സി.കൾ, സബ് സെന്ററുകൾ എന്നിവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*

II ആയുർവ്വേദം :

ആയുർവ്വേദ ആശുപത്രികൾ - 2 (നെടുമങ്ങാട്, പാലോട്)

ആയുർവ്വേദ ഡിസ്പെൻസറികൾ - 4 (കല്ലറ, പുല്ലമ്പാറ, വാമനപുരം, വെഞ്ഞാറമൂട്)

III ഹോമിയോ :

ഹോമിയോ ഡിസ്പെൻസറികൾ - 5 (ആനാട്, നന്ദിയോട്, പനവൂർ, പാങ്ങോട്, കൊച്ചുകരിക്കകം,)

എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾ - 4 (നെല്ലനാട്, പുല്ലമ്പാറ, വാമനപുരം, കല്ലറ)

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു*

(ഡി) ആരോഗ്യവകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹോമിയോ ആശുപത്രികളിലും ഡിസ്പെൻസറികളിലും നിലവിൽ തസ്തികകളൊന്നും ഒഴിഞ്ഞുകിടക്കുന്നില്ല. ഭാരതീയ ചികിത്സാവകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേനയും പി.എസ്.സി. മുഖാന്തിരവും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കണ്ണൂർ ജില്ലയിലെ മാട്ടൂൽ പി.എച്ച്.സി.**

152 (153) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാട്ടൂൽ പി.എച്ച്.സി.-യുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

നിലവിൽ മാട്ടൂൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രണ്ട് ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇവിടെ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. അവർ പ്രസവാവധിയിലാണ്. ഒഴിവുള്ള ഒരു ഡോക്ടറുടെ തസ്തികയിൽ അഡ്ഹോക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. പഴയങ്ങാടി താലൂക്ക് ആശുപത്രി സൂപ്രണ്ടിനാണ് മെഡിക്കൽ ആഫീസറുടെ അധിക ചുമതലയുള്ളത്. മറ്റ് മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റിൽനിന്നും പുതിയ ഡോക്ടർമാരെ നിയമിക്കുന്നതിന് ശ്രമം ആരംഭിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിൽ ദിവസേന എത്തുന്ന 180-ഓളം രോഗികൾക്ക് മെച്ചപ്പെട്ട ഒ.പി. ചികിത്സ, ലാബ്/ ഇ.സി.ജി. പരിശോധനകൾ, ആവശ്യമായ മരുന്നുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിന് വേണ്ട കെട്ടിടാടിസ്ഥാന ഭൗതികസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കല്ല്യാശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കെട്ടിട നവീകരണ/അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിവരുന്നു.

## സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനം

153 (154) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് സി.എച്ച്.സി.-യിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫിനെ നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

കോങ്ങാട് സി.എച്ച്.സി. ഉൾപ്പെടുന്ന പാലക്കാട് ജില്ലയിലെ എല്ലാ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## നാദാപുരം ഗവൺമെന്റ് ആശുപത്രിയിൽ കാഷ്വാലിറ്റി

154 (155) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഗവൺമെന്റ് ആശുപത്രിയിൽ കാഷ്വാലിറ്റി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) 16-11-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 261/2015/ ആകുവ. പ്രകാരം നാലു പുതിയ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. രണ്ട് ഡോക്ടർമാർ താൽക്കാലികമായി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. പി.എസ്.സി. വഴി മറ്റ് ഡോക്ടർമാരുടെ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## താലൂക്ക് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

155 (156) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിലെ നിലവിലുള്ള വിവിധ വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ;

(ബി) പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള വിവിധ വിഭാഗം ജീവനക്കാരുടെ അനുവദനീയ തസ്തികകൾ ഏതൊക്കെയാണ്; എല്ലാ വിഭാഗം തസ്തികകളിലും നിലവിൽ ജീവനക്കാർ ജോലി നോക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത് ഏതൊക്കെ തസ്തികകളിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ താലൂക്ക് ആശുപത്രി പാറ്റേൺ അനുസരിച്ചുള്ള ജിവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താലൂക്ക് ആശുപത്രിക്കുവേണ്ട മിനിമം തസ്തികകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*. എന്നാൽ കിടക്കകളുടെ എണ്ണം, ചികിത്സാ സംവിധാനങ്ങൾ, സ്കീമുകൾ/പ്രോഗ്രാമുകൾ തുടങ്ങിയവ അനുസരിച്ച് തസ്തികകളുടെ എണ്ണത്തിൽ വ്യത്യാസം വരികയോ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്യാറുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*. ഉണ്ട്. നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒരു ഒഴിവും ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II-ന്റെ രണ്ട് ഒഴിവുകളും നിലവിലുണ്ട്.

(സി) പട്ടാമ്പി താലൂക്ക് ആശുപത്രിയെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തി അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം 30143/ എം1/14/ആകുവ. എന്ന ഫയൽ പരിശോധിച്ച് അധിക വിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

## താലൂക്ക് ആശുപത്രികളിലെ ഒ.പി. സമയം

156 (157) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിലെ ഒ.പി. സമയം എത്ര മണിവരെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉച്ചയ്ക്കുശേഷം താലൂക്ക് ആശുപത്രികളിൽ ഒ.പി. സൗകര്യം ലഭ്യമാണോ;

(സി) ഉച്ച കഴിഞ്ഞ് ഒ. പി. സൗകര്യം ഇല്ലാത്ത താലൂക്ക് ആശുപത്രികളുടെ പേര് വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) കേരളത്തിലെ എല്ലാ സി.എച്ച്.സി.-കളിലും താലൂക്ക് ആശുപത്രികളിലും ഉച്ചയ്ക്ക് ശേഷം ഒ.പി. പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താലൂക്ക് ആശുപത്രികളിലെ ഒ.പി. സമയം രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെയാണ്.

(ബി) ഉച്ചയ്ക്കുശേഷം പ്രധാന താലൂക്കാശുപത്രികളിലെല്ലാം അത്യാഹിത വിഭാഗത്തിന്റെ സേവനം ലഭ്യമാണ്.

(സി) ഉച്ചകഴിഞ്ഞ് താലൂക്കാശുപത്രികളിൽ രാവിലത്തെപ്പോലെ സാധാരണ രീതിയിലുള്ള ഒ.പി. സേവനങ്ങൾ നിലവിലില്ല. ചില ജില്ലകളിലെ ചില ആശുപത്രികളിൽ ഡോക്ടർമാരുടെ ലഭ്യതയും ആവശ്യകതയും കണക്കിലെടുത്ത് എക്സ്റ്റൻഡഡ് ഒ.പി. സേവനങ്ങളും പകർച്ചവ്യാധി സീസണിൽ പനി കൂടുതലാകുമ്പോൾ പ്രത്യേക പനി ക്ലിനിക്കുകളും ഒ.പി. സമയത്തിനുശേഷം ആവശ്യാനുസരണം പ്രവർത്തിപ്പിക്കുന്നതാണ്.

(ഡി) ആരോഗ്യവകുപ്പിലെ നിലവിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേണും ലഭ്യതയും കണക്കിലെടുക്കുമ്പോൾ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

**കായംകുളം താലൂക്കാശുപത്രി**

157 (158) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാതയിലടക്കം ദിനംപ്രതി ഉണ്ടാകുന്ന വാഹന അപകടങ്ങളെ തുടർന്ന് കായംകുളം താലൂക്കാശുപത്രിയിൽ എത്തിച്ചേരുന്നവരെ സർജന്റെ സേവനം ലഭ്യമല്ലാത്തതിനാൽ വളരെ ദൂരെയുള്ള മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യുന്നതുമൂലം വഴിമദ്ധ്യേ ജീവഹാനി സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കായംകുളം താലൂക്ക് ആശുപത്രിയിൽ അടിയന്തരമായി ഒരു സർജനെ നിയമിക്കുന്നതിനും ട്രോമാകെയർ, ഡയാലിസിസ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കായംകുളം താലൂക്കാശുപത്രിയിൽ സർജനെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്. കായംകുളം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മുഖേന തുടങ്ങിവച്ചിട്ടുണ്ട്. ട്രോമാ കെയർ യൂണിറ്റിന് അനുവദിച്ച ഉപകരണങ്ങളുടെ വിതരണത്തിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

**ആയുർവേദ ആശുപത്രികൾ**

158 (159) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ ആകെ എത്ര ആയുർവേദ ആശുപത്രികളാണ് നിലവിലുള്ളതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ അനുവദിച്ചിട്ടുള്ള എല്ലാ തസ്തികകളിലും ജീവനക്കാർ ജോലി നോക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ ആശുപത്രികളിൽ ഏതെല്ലാം തസ്തികകൾ ഒഴിവായിക്കിടക്കുന്നുവെന്ന് അറിയിക്കുമോ;

(സി) ഒഴിവായിക്കിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ ആയുർവേദ ആശുപത്രികൾ അനുവദിക്കപ്പെട്ടിട്ടില്ല. 7 ആയുർവേദ ഡിസ്പെൻസറികളും ആയുഷിന്റെ ഒരു എൻ.എച്ച്.എം. ഡിസ്പെൻസറിയുമുണ്ട്.

(ബി)

| സ്ഥാപനം | മെഡിക്കൽ ഓഫീസർ | ഫാർമസിസ്റ്റ് | അറ്റൻഡർ | പാർട്ട്ടൈം സ്വീപ്പർ |
|---|---|---|---|---|
| ഗവ.ആയുർവേദ ഡിസ്പെൻസറി, കുലുക്കല്ലൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഒഴിവായി കിടക്കുന്നു |
| ഗവ.ആയുർവേദ ഡിസ്പെൻസറി, വിളയൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഗവ.ആയുർവേദ ഡിസ്പെൻസറി, കൊപ്പം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഒഴിവായി കിടക്കുന്നു |
| ഗവ.ആയുർവേദ ഡിസ്പെൻസറി, മുതുമല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഗവ.ആയുർവേദ ഡിസ്പെൻസറി, ഓങ്ങല്ലൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഗവ.ആയുർവേദ ഡിസ്പെൻസറി, തിരുവേഗപ്പുറ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഗവ.ആയുർവേദ ഡിസ്പെൻസറി, വല്ലപ്പുഴ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഒഴിവായി കിടക്കുന്നു |
| ഗവ.ആയുർവേദ ഡിസ്പെൻസറി, പട്ടാമ്പി | ഉണ്ട് | തസ്തിക അനുവദിച്ചിട്ടില്ല | ഉണ്ട് | തസ്തിക അനുവദിച്ചിട്ടില്ല |

(സി) മൂന്ന് പാർട്ട് ടൈം സ്വീപ്പർമാരുടെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ദിവസ വേതനാടിസ്ഥാനത്തിൽ കുടുംബശ്രീ മുഖേനയുള്ള സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

## പി.എച്ച്.സി.-കൾക്ക് സ്വന്തമായി കെട്ടിടം

159 (160) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളാണ് സ്വന്തമായി കെട്ടിടമില്ലാതെ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നത് എന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി എത്ര പി.എച്ച്.സി.-കൾക്ക് കെട്ടിടം നിർമ്മിച്ച് നൽകിയിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ സ്വന്തമായി കെട്ടിടമില്ലാത്ത പി.എച്ച്.സി.-കൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പി.എച്ച്.സി.-കളിലെ കിടത്തി ചികിത്സ പുനരാരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തൊക്കെ സൗകര്യങ്ങളാണ് അധികമായി പി.എച്ച്.സി.-കളിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ജീവിതശൈലീരോഗങ്ങളുടെ ചികിത്സയ്ക്ക് ഉതകുംവിധം എല്ലാ പി.എ.ച്ച്സി.-കളിലും രക്തപരിശോധനാ സംവിധാനവും, രോഗികൾക്കായി പ്രത്യേക മരുന്ന് നൽകുന്നതിനുമുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി 24 പി.എച്ച്.സി.-കൾക്ക് കെട്ടിടം നിർമ്മിച്ച് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പി.എച്ച്.സി.യുടെ പേര് |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | പി.എച്ച്.സി., കാഞ്ഞിരംകുളം |
| 2 | തിരുവനന്തപുരം | പി.എച്ച്.സി., വട്ടിയൂർക്കാവ് |
| 3 | കൊല്ലം | ജി.എച്ച്., കുണ്ടറ |

| (1) | (2) | (3) |
|---|---|---|
| 4 | പത്തനംതിട്ട | പി.എച്ച്.സി., ചിറ്റാർ |
| 5 | പത്തനംതിട്ട | പി.എച്ച്.സി., പന്തളം |
| 6 | പത്തനംതിട്ട | പി.എച്ച്.സി., നിലക്കൽ |
| 7 | പത്തനംതിട്ട | പി.എച്ച്.സി., സന്നിധാനം |
| 8 | ആലപ്പുഴ | പി.എച്ച്.സി., ചമ്പക്കുളം |
| 9 | കോട്ടയം | പി.എച്ച്.സി., കുമരകം |
| 10 | കോട്ടയം | പി.എച്ച്.സി., അയ്മനം |
| 11 | എറണാകുളം | പി.എച്ച്.സി., ഉഴവൂർ |
| 12 | തൃശ്ശൂർ | പി.എച്ച്.സി., പൂഞ്ഞാർ |
| 13 | തൃശ്ശൂർ | പി.എച്ച്.സി., അങ്കമാലി |
| 14 | തൃശ്ശൂർ | പി.എച്ച്.സി., പടിഞ്ഞാറെ വെമ്പല്ലൂർ |
| 15 | തൃശ്ശൂർ | പി.എച്ച്.സി., അന്തിക്കാട് |
| 16 | തൃശ്ശൂർ | പി.എച്ച്.സി., പാമ്പൂർ |
| 17 | തൃശ്ശൂർ | പി.എച്ച്.സി., മട്ടത്തൂർ |
| 18 | മലപ്പുറം | പി.എച്ച്.സി., കുറമ്പലങ്ങോട് |
| 19 | കണ്ണൂർ | പി.എച്ച്.സി., എരമം കുട്ടൂർ |
| 20 | കണ്ണൂർ | പി.എച്ച്.സി., ഇരിക്കൂർ |
| 21 | കണ്ണൂർ | പി.എച്ച്.സി., കടന്നപ്പള്ളി |
| 22 | കാസർഗോഡ് | പി.എച്ച്.സി., പാണ്ടൂർ |
| 23 | കാസർഗോഡ് | പി.എച്ച്.സി., മുളിയൂർ |
| 24 | കാസർഗോഡ് | പി.എച്ച്.സി., കയ്യൂർ, ചീമേനി |

(സി) എൻ.എച്ച്.എം. മുഖേന ചുവടെ ചേർക്കുന്ന 6 പി.എച്ച്.സി.-കൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള അനുമതി കേന്ദ്രഗവൺമെന്റിൽനിന്നും ലഭ്യമായിട്ടുണ്ട്:

| ക്രമ നമ്പർ | ജില്ല | പി.എച്ച്.സി.-യുടെ പേര് |
|---|---|---|
| 1 | കോട്ടയം | മണ്ണാർക്കാട് |
| 2 | കോട്ടയം | മുണ്ടൻകുന്ന് |
| 3 | ഇടുക്കി | ഇടമലക്കുടി |
| 4 | പാലക്കാട് | പിരായിരി |
| 5 | മലപ്പുറം | അത്താണിക്കൽ |
| 6 | വയനാട് | മുപ്പൈനാട് |

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ കണക്കിലെടുത്ത് ആരോഗ്യവകുപ്പ് നടപ്പിലാക്കിയ സംസ്ഥാന ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിയാണ് 'അമൃതം ആരോഗ്യം'. സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീരോഗ നിർണ്ണയത്തിനായി എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. രോഗം നിർണ്ണയിക്കപ്പെട്ടവർക്ക് വിദഗ്ദ്ധ സംഘം തയ്യാറാക്കിയ പ്രോട്ടോക്കോൾപ്രകാരം മരുന്നുകൾ പ്രാഥമിക ആരോഗ്യകേന്ദ്രതലംവരെ ലഭ്യമാക്കിയിട്ടുണ്ട്. ജീവിത ശൈലീ രോഗനിർണ്ണയത്തിനുള്ള ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ എന്നിവ എല്ലാ എൻ.സി.ഡി. ക്ലിനിക്കുകളിലും ലഭ്യമാക്കിയിട്ടുണ്ട്.

## ഞാറക്കൽ താലൂക്ക് ആശുപത്രിക്ക് പുതിയ തസ്തികകൾ

160 (161) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിടത്തി ചികിത്സാ സംവിധാനം നിലവിലുള്ളതും താലൂക്ക് ആശുപത്രിയായി പ്രഖ്യാപിച്ചിട്ടുള്ളതുമായ ഞാറക്കൽ ആശുപത്രിയിൽ, താലൂക്ക് ആശുപത്രിക്ക് ആവശ്യമുള്ളതോതിൽ പുതുതായി തസ്തികകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഓരോ സ്ഥാപനത്തിലെയും അടിസ്ഥാന സൗകര്യം, കിടക്കകളുടെ എണ്ണം, ഒ.പി., ഐ.പി. സ്പെഷ്യാലിറ്റി യൂണിറ്റുകൾ മുതലായവ കണക്കിലെടുത്ത് അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം 647649/16/ആകുവ. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു.

**ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി**

161 (162) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ജില്ലാ ആശുപത്രി നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം അടിയന്തരമായി ആരംഭിക്കുമോ?

ഉത്തരം

(എ &ബി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ഹോസ്പിറ്റലിലെ വിവിധ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ**

162 (163) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) എം.പി. ഫണ്ട് മുഖേന നടപ്പാക്കുന്ന മാമോഗ്രാം യൂണിറ്റും, ഡയാലിസിസ് യൂണിറ്റും സ്ഥാപിക്കുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരള റോഡ് സേഫ്റ്റി അതോറിറ്റി, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ട്രോമാ കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക ഉപയോഗിച്ച് ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റിനായുള്ള നിർമ്മാണ പ്രവൃത്തികൾക്കുള്ള 2.66 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ 13-1-2016-ലെ സ.ഉ. (സാധാ) 149/

2016/ആകുവ. ഉത്തരവുപ്രകാരം കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ റോഡ് സുരക്ഷാ ഫണ്ടിൽ ബാക്കിയുള്ള തുക തിരിച്ചടച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമല്ലാത്തതിനാൽ ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം ആരംഭിക്കാൻ നിർവ്വാഹമില്ല.

(സി) മാമോഗ്രാഫി യൂണിറ്റിന്റെ പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. യൂണിറ്റ് അധികം വൈകാതെ പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതാണ്. ഡയാലിസിസ് യൂണിറ്റിന് ആവശ്യമായ കെട്ടിടം സജ്ജമായിട്ടുണ്ട്. യൂണിറ്റ്, ആർ.ഒ. പ്ലാന്റ് മറ്റു അനുബന്ധ ഉപകരണങ്ങൾ, ടെക്നീഷ്യൻ എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഹരിപ്പാട് മെഡിക്കൽ കോളേജ്**

163 (164) ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മെഡിക്കൽ കോളേജിനുവേണ്ടി സ്ഥലമെടുപ്പും നിർമ്മാണവുമായി ബന്ധപ്പെട്ട് ഉയർന്ന് വന്നിട്ടുള്ള ആരോപണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) പൊതു-സ്വകാര്യ മേഖലയിലാരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഈ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ വിഷയം പരിശോധിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ആയുർവേദ ഡിസ്പെൻസറികൾ

164 (165) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ ആയുർവേദ ഡിസ്പെൻസറികളിൽ ഫാർമസിസ്ററുകൾ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒഴിഞ്ഞുകിടക്കുന്ന ഫാർമസിസ്റ്റ് തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ലഭ്യമായ അഡ്വൈസിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## തീർപ്പുകല്പിക്കാതെയുള്ള ഫയലുകൾ

165 (166) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിൽ ഡി.എച്ച്.എസ്, ഡി.ഐ.എസ്.എം, ഹോമിയോ ഡയറക്ടറേറ്റുകളിലും മെഡിക്കൽ എജ്യുക്കേഷൻ ഡയറക്ടറേറ്റുകളിലുമായി എത്ര ഫയലുകൾ തീർപ്പു കൽപ്പിക്കാതെ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു ഫയൽ/തപാൽ ലഭിച്ചാൽ ഇപ്പോൾ എത്ര ദിവസത്തിനകം ബന്ധപ്പെട്ട ഫയൽ/തപാലിൻമേൽ നടപടി സ്വീകരിച്ച് അപേക്ഷകനോ/ വകുപ്പിനോ കൈമാറുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഫയൽ/തപാലുകളിൽ മാസങ്ങളായി ഒരു തീരുമാനവുമെടുക്കാത്ത തരത്തിൽ എത്ര എണ്ണം ഓരോ മാസവും പെന്റിംഗായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഉൾപ്പെടെയുള്ള അടിയന്തര പ്രാധാന്യമുള്ള ഫയലുകളിലും/തപാലുകളിലും ഇപ്പോൾ എത്ര ദിവസത്തിനകം തീരുമാനമുണ്ടാക്കി അപേക്ഷകർക്കോ ബന്ധപ്പെട്ട വകുപ്പുകൾക്കോ അയച്ചു നൽകുന്നുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിനുകീഴിൽ മൊത്തം 6819 ഫയലുകളാണ് തീർപ്പുകല്പിക്കാനുള്ളത്. വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയുന്നു:

| | | |
|---|---|---|
| ഡി.എച്ച്.എസ്. | - | 3417 |
| ഡി.ഐ.എസ്.എം. | - | 2963 |
| ഹോമിയോ ഡയറക്ടറേറ്റ് | - | 130 |
| മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ് | - | 309 |
| | | 6819 |

(ബി) എം.ഒ.പി. പ്രകാരം 5 ദിവസതത്വം പാലിച്ചുകൊണ്ട് ലഭ്യമാകുന്ന തപാലുകളിൽ നടപടി സ്വീകരിക്കാറുണ്ട്. നടപടി സ്വീകരിച്ച് തീർപ്പു കല്പിക്കുന്നതിന് എത്ര ദിവസം എടുക്കുമെന്നത് ഫയലിൽ കൈകാര്യം ചെയ്യുന്ന വിഷയവുമായി ബന്ധപ്പെട്ട് വ്യത്യസ്തമായിരിക്കും.

(സി) ഡി.ഐ.എസ്.എം., ഹോമിയോ ഡയറക്ടറേറ്റ്, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ് എന്നീ വകുപ്പുകളിൽ തീരുമാനമെടുക്കാത്ത ഫയലുകൾ ഒന്നും തന്നെയില്ല. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ 2016 മെയ് മാസം വരെയുള്ള ലഭ്യമായ കണക്കനുസരിച്ച് ആറുമാസം വരെ പെൻഡിംഗായ 2550 ഫയലുകളും ഒരു വർഷം വരെ പെൻഡിംഗായ 1963 ഫയലുകളും നിലവിലുണ്ട്.

(ഡി) അടിയന്തര പ്രാധാന്യമുള്ള ഫയലുകളിൽ 5 ദിവസം മുതൽ 14 ദിവസത്തിനുള്ളിൽ തീർപ്പുകല്പിക്കാറുണ്ട്. ചികിത്സാ ധനസഹായത്തോടനുബന്ധിച്ചുള്ളവ തീർപ്പുകല്പിക്കുന്നതിന് 30 ദിവസം വരെ സമയമെടുക്കാറുണ്ട്.

**ക്യാൻസർ/കിഡ്നി രോഗികൾക്ക് സൗജന്യ ചികിത്സ**

166 (167) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ/കിഡ്നി രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത രോഗങ്ങൾ ക്രമാതീതമായി വർദ്ധിക്കുവാനുള്ള കാരണങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) രോഗികൾക്ക് സൗജന്യചികിത്സ ലഭ്യമാക്കുവാനുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനെക്കുറിച്ച് ശാസ്ത്രീയവും വിശദവുമായ പഠനങ്ങൾ നടത്തിയിട്ടില്ല.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

**ആരോഗ്യനയം**

167 (168) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തുനിന്ന് ഉൻമൂലനം ചെയ്യപ്പെട്ട ഏതൊക്കെ പകർച്ച വ്യാധികൾ തിരികെ വരുകയുണ്ടായിയെന്നും ഇതുമൂലം സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ മരണപ്പെട്ടവർ എത്രയെന്നാണ് ആരോഗ്യവകുപ്പ് കണക്കാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) പകർച്ച വ്യാധികളെ ഉൻമൂലനം ചെയ്യാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് മാനവവിഭവശേഷിയുടെ ജനസംഖ്യ-ഡോക്ടർ അനുപാതം നിലവിൽ എത്രയെന്നും ഇതിൽ എപ്രകാരമുള്ള മാറ്റം വരുത്താനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നതെന്നും വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇന്ത്യൻ ഭരണഘടനയിൽ ആരോഗ്യം സംസ്ഥാന പട്ടികയിലായതിനാൽ രോഗ പ്രതിരോധത്തിന് ഊന്നൽ നൽകുന്ന, മരുന്നുമേഖലയിലെ സ്വയം പര്യാപ്തത കൈവരിച്ച, ആരോഗ്യരംഗം ഏറെ മെച്ചപ്പെടുത്തുവാൻ ഉതകുന്ന ക്യൂബൻ മാതൃക നടപ്പിലാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെട്ട വസൂരി, പോളിയോ രോഗങ്ങൾ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ തിരിച്ചുവന്നിട്ടില്ല.

(ബി) മേയ് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയുടെയും ഇതര മന്ത്രിമാരുടെയും സാന്നിധ്യത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനങ്ങൾ എടുത്തിരുന്നു. ഇതനുസരിച്ച് മെയ് 30-ന് ചീഫ് സെക്രട്ടറിയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെയും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വീഡിയോ കോൺഫറൻസ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജൂൺ 1 മുതൽ 5 വരെ ശുചീകരണ വാരമായി ആചരിച്ച് മഴക്കാലപൂർവ്വ ശുചീകരണം കാര്യക്ഷമമാക്കി. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ സംസ്ഥാനമൊട്ടാകെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ യോഗം കൂടി സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. മെയ് മാസത്തിൽ സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും ജൂണിലെ ജില്ല/ബ്ലോക്ക്തല മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും മഴക്കാലപൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി. ഓരോ ജില്ലയിലും ജില്ലാ മെഡിക്കൽ ഓഫീസിൽ കൺട്രോൾ റൂം തുറക്കുകയുണ്ടായി. ജില്ലകളിലും സംസ്ഥാനത്തും ദിവസേന രോഗവിവരം, രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ അതാത് ആരോഗ്യ വകുപ്പ് ടീമുകൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. എം.എൽ.എ.-മാരും യോഗം വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ പ്രത്യേകം വിലയിരുത്തി വരുന്നു. എല്ലാ ജില്ലകളിലും സ്വകാര്യ ഡോക്ടർമാർ ഉൾപ്പെടെയുള്ള ഡോക്ടർമാർക്ക് ചികിത്സാ മാർഗ്ഗരേഖകളെപ്പറ്റിയും ഫീൽഡ് ഉദ്യോഗസ്ഥർക്ക് രോഗനിയന്ത്രണത്തെപ്പറ്റിയും പ്രത്യേക പരിശീലനം നൽകി. രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ജില്ലയിലെ ദ്രുതകർമ്മസേന സന്ദർശിച്ച് രോഗം നിയന്ത്രണ വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മന്തുരോഗ നിവാരണത്തിനായി പാലക്കാട് ജില്ലയിൽ മന്തുരോഗ സമൂഹചികിത്സ ആഗസ്റ്റ് 10-ന് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ജപ്പാൻ ജ്വരത്തെ പ്രതിരോധിക്കുവാനായി ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകി വരുന്നു. കൊതുകുജന്യരോഗങ്ങളെ നിയന്ത്രിക്കുവാനായി ഊർജ്ജിത കൊതുക നിയന്ത്രണ പ്രവർത്തനങ്ങളും ജലജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ജലസ്രോതസ്സുകളിൽ ക്ലോറിനേഷനും മറ്റു ബോധവത്കരണ പ്രവർത്തനങ്ങളും ഇതര വകുപ്പുകളുടെ സഹകരണത്തോടെ ഊർജ്ജിതമായി നടത്തിവരുന്നു.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ഡോക്ടർ പോപ്പുലേഷൻ അനുപാതം 1:6765 ആണ്. ജനസംഖ്യാനുപാതികമായി മാറ്റം വരുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**മെഡിസിറ്റി**

168 (169) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ 110 ഏക്കറോളം വരുന്ന സ്ഥലത്ത് ആശുപത്രി കെട്ടിടസമുച്ചയം നിർമ്മിച്ചതിനുശേഷമുള്ള 100 ഏക്കറോളം വരുന്ന സ്ഥലത്ത് മെഡിസിറ്റി പോലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

മെഡിസിറ്റിക്കായി 2009-11 കാലഘട്ടത്തിൽ ഇൻകെൽ എന്ന ഏജൻസിയെ ഏൽപ്പിച്ചിരുന്നുവെങ്കിലും തുടർനടപടികൾ ആയിട്ടില്ല. നിലവിൽ മനുഷ്യവിഭവ ശേഷി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 5 കോടി രൂപയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

**ഭക്ഷണത്തിൽ മായം ചേർക്കൽ**

169 (170) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഭക്ഷണ പാനീയങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, പാൽ, മാംസം എന്നിവയിൽ വ്യാപകമായ തരത്തിൽ മായം ചേരുന്നതായും കീടനാശിനികൾ അമിതമായി ഉപയോഗിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇത്തരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖേന ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ സംസ്ഥാനത്ത് ലഭ്യമാകുന്ന എല്ലാത്തരം ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിക്കുകയും അവ സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

എന്നീ അനലറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിച്ച് നിശ്ചിത ഗുണനിലവാരമില്ലാത്തതായോ മായം ചേർത്തതായോ കണ്ടെത്തിയാൽ ഉത്തരവാദികൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാന വ്യാപകമായി പ്രത്യേക രാത്രികാല സ്ക്വാഡുകൾ ഉൾപ്പെടെ രൂപീകരിച്ച് ഹോട്ടലുകൾ, തട്ടുകടകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കാറുള്ളതും കൂടുതലായി പരാതി വരുന്ന കുടിവെള്ളം, വെളിച്ചെണ്ണ, കറി പൗഡർ എന്നിവയുടെ നിർമ്മാണ യൂണിറ്റുകളുൾപ്പെടെ പരിശോധനയ്ക്ക് വിധേയമാക്കാറുള്ളതും ഗുരുതരമായ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം നിരോധന നടപടികളടക്കം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇത്തരത്തിൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം 384 കേസുകൾ വിവിധ ജില്ലകളിലായി ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006-ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ച് സംസ്ഥാന വ്യാപകമായി ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കാറുള്ളതും റിപ്പോർട്ടുപ്രകാരം മായം ചേർത്തതായോ കീടനാശിനികളുടെ അമിത ഉപയോഗമുള്ളതായോ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ച് നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായി പ്രത്യേക രാത്രികാല സ്ക്വാഡുകൾ ഉൾപ്പെടെ രൂപീകരിച്ച് ഹോട്ടലുകൾ, തട്ടുകടകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കാറുള്ളതും കൂടുതലായി പരാതി വരുന്ന കുടിവെള്ളം, വെളിച്ചെണ്ണ, കറിപൗഡർ, പാൽ എന്നിവയുടെ നിർമ്മാണ യൂണിറ്റുകളുൾപ്പെടെ പരിശോധനയ്ക്ക് വിധേയമാക്കാറുള്ളതും ഗുരുതരമായ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം നിരോധന നടപടികളടക്കം സ്വീകരിക്കാറുമുണ്ട്.

## കുറ്റ്യാടി ഗവൺമെന്റ് താലൂക്ക് ആശുപത്രി

170 (171) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ഗവൺമെന്റ് താലൂക്ക് ആശുപത്രി സ്ഥലത്തിന്റെ പരിമിതി, ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത, ഡോക്ടർമാർ അടക്കമുള്ള സ്റ്റാഫിന്റെ കുറവ് എന്നിവ കാരണം ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒ.പി. ബ്ലോക്ക്, സ്ത്രീകളുടെയും കുട്ടികളുടെയും വാർഡ്, മോർച്ചറി കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളതെന്നതിനാൽ താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേണാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ഡി) താലൂക്ക് ആശുപത്രിയോടു ചേർന്നുള്ള ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ എൺപത് സെന്റ് സ്ഥലം ആശുപത്രിക്ക് വിട്ടുകിട്ടുന്നതു സംബന്ധിച്ച പ്രൊപ്പോസൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ഡി) പരിഗണനയിലില്ല.

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ കുറവ്**

171 (172) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഈ സർക്കാർ അധികാരമേറ്റതിനുശേഷം മാവേലിക്കര ജില്ലാ ആശുപത്രിയിൽ നികത്തിയ ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

മാവേലിക്കര ജില്ലാ ആശുപത്രിയിൽ 8 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ജൂനിയർ കൺസൾട്ടന്റ് തസ്തികകളിലേക്ക് സ്പെഷ്യാലിറ്റി യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാരിൽനിന്നും സീനിയോറിറ്റി മുറയ്ക്ക് ഓപ്ഷൻ സ്വീകരിച്ച് നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റി കൂടി നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജനറൽ ആശുപത്രി**

172 (173) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തിക എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ തസ്തികകൾ മുഴുവൻ നികത്തപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും അവ എപ്പോൾ നികത്തും എന്നും അറിയിക്കുമോ;

(ബി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ എക്സ്റേയൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്; എക്സ്റേ യൂണിറ്റ് പ്രവർത്തിക്കാത്ത ദിവസങ്ങളിൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ സൂപ്രണ്ട് ഉൾപ്പെടെ 39 തസ്തികകൾ ഉണ്ട്. തസ്തികകൾ മുഴുവൻ നികത്തപ്പെട്ടിട്ടില്ല. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ താഴെപ്പറയുന്നു:

| | | |
|---|---|---|
| 1. | മെഡിക്കൽ കൺസൾട്ടന്റ് (സർജറി) | 1 |
| 2. | ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (മെഡിസിൻ) | 1 |
| 3. | ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (സർജറി) | 1 |
| 4. | ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (ഗൈനക്) | 1 |
| 5. | ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) | 1 |
| 6. | ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (റേഡിയോളജി) | 1 |
| 7. | ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (ഫോറൻസിക് മെഡിസിൻ) | 1 |
| 8. | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 1 |
| 9. | ആർ.എം.ഒ. | 1 |

(ബി) 2011-ൽ ആശുപത്രിയിലെ എക്സ്റേ കെട്ടിടം കാലപ്പഴക്കംമൂലം തകർന്നതിനാൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന എക്സ്റേ യൂണിറ്റ് അഴിച്ചുമാറ്റി വച്ചിരിക്കുകയാണ്. നിലവിൽ ഈ ആശുപത്രിയിൽ എക്സ്റേ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സമഗ്ര ആദിവാസി ആരോഗ്യ സുരക്ഷാ പദ്ധതി, ആരോഗ്യ കിരണം, ആർ.എസ്. ബി.വൈ. എന്നീ സ്കീമുകളിൽ ഉൾപ്പെടുന്ന പാവപ്പെട്ട രോഗികൾക്ക് പുറത്തുനിന്നും എക്സ്റേ എടുക്കുന്നതിനു വേണ്ടിവരുന്ന ചെലവ് 18-6-2014 മുതൽ ആശുപത്രിയിൽ നിന്നും തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആരംഭിച്ചിട്ടില്ല. നിലവിലെ ബ്ലഡ് ബാങ്കിൽ കംപോണന്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാൽ പി.പി. യൂണിറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് ബ്ലഡ് ബാങ്ക് കംപോണന്റ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## കൽപ്പറ്റ ജനറൽ ആശുപത്രി

173 (174) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷത്തിലേറെയായി നിർമ്മാണം പൂർത്തിയായ കൽപ്പറ്റ ജനറൽ ആശുപത്രിയുടെ പുതിയ കെട്ടിടത്തിലേയ്ക്ക് ആശുപത്രി പ്രവർത്തനം മാറ്റുന്നതിനുള്ള തടസ്സം എന്ത്; വിശദവിവരം ലഭ്യമാക്കാമോ?

(ബി) കൽപ്പറ്റ ജനറൽ ആശുപത്രിയിലും വൈത്തിരി താലൂക്ക് ആശുപത്രിയിലും ആകെ ആവശ്യമുള്ള ഡോക്ടർമാരുടെ എണ്ണം എത്ര; വ്യക്തമാക്കുമോ;

(സി) മേൽ ആശുപത്രികളിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള ഒഴിവുകൾ എത്ര; ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ജനറൽ ആശുപത്രികളുടെ പ്രവർത്തനത്തിന് അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികകൾ എത്ര; ഈ തോത് അനുസരിച്ച് കൽപ്പറ്റ ജനറൽ ആശുപത്രിയിൽ ഡോക്ടർമാരെ അനുവദിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി കണക്ഷൻ (എച്ച്.റ്റി. കണക്ഷൻ), ജലം എന്നിവ കൂടാതെ ജനറേറ്റർ(24x7)ലഭ്യത എന്നിവയുടെ അഭാവം കാരണമാണ്.

(ബി) വൈത്തിരി താലൂക്കാശുപത്രിയിൽ 20 ഡോക്ടർമാരുടെ തസ്തികയാണുള്ളത്. അതിൽ ആറ് ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. കൽപ്പറ്റ ജനറൽ ആശുപത്രിയിൽ 20 തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 4 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്.

(സി) ആശുപത്രികളിൽ നിലവിൽ അനുവദിച്ച തസ്തികയും ഒഴിവുകളും അനുബന്ധമായി ചേർത്തിരിക്കുന്നു.* അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകളിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത ഡോക്ടർമാരിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളിൽ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് തസ്തികയിലേക്ക് പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ആരോഗ്യവകുപ്പിൽ നിലനിൽക്കുന്നതെങ്കിലും ഓരോ സ്ഥാപനത്തിലെയും അടിസ്ഥാന സൗകര്യങ്ങൾ, കിടക്കകളുടെ എണ്ണം, ഒ.പി., ഐ.പി., അനുവദിക്കപ്പെട്ടിട്ടുള്ള സ്പെഷ്യാലിറ്റി വിഭാഗങ്ങൾ മുതലായവ അടിസ്ഥാനമാക്കിയാണ് ഓരോ സ്ഥാപനത്തിലും അധിക തസ്തിക സൃഷ്ടിക്കുന്നത്. 34524/എം1/12/ആ.കു.വ. എന്ന ഫയലിൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

## നെടുങ്ങോലം താലൂക്ക് ആശുപത്രിയിലെ വെയർഹൗസ്

174 (175) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കീഴിൽ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ വെയർ ഹൗസ് ആരംഭിക്കുവാൻ പ്രാരംഭ നടപടികൾ ആരംഭിക്കുകയും സ്ഥല പരിശോധന നടത്തുകയും ആയതിലേക്ക് ആവശ്യമായ തുക അനുവദിക്കുകയും ചെയ്തുവെങ്കിലും നാളിതുവരെ തുടർനടപടികൾ ആരംഭിച്ചിട്ടില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രാവർത്തികമാക്കുവാൻ എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിരുന്നുവോ ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) തടസ്സങ്ങൾ ഒഴിവാക്കി വെയർഹൗസ് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കൊല്ലം വെയർഹൗസിനുവേണ്ടി തുക അനുവദിച്ചിട്ടില്ല. ആശുപത്രി കോമ്പൗണ്ടിൽ ആദ്യം അനുവദിച്ചിരുന്ന സ്ഥലത്ത് പ്രവൃത്തികൾ ഏല്പിച്ചിരുന്ന ഏജൻസിയായ എച്ച്.എൽ.എൽ.വഴി ചുറ്റുമതിൽ കെട്ടുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സ്ഥലത്ത് വെയർഹൗസ് വന്നാൽ ആശുപത്രിയുടെ വികസനത്തിന് തടസ്സങ്ങൾ ഉണ്ടാകുമെന്ന് കാണിച്ച് ആശുപത്രി അധികൃതർ പുതിയ സ്ഥലം അനുവദിക്കുകയാണുണ്ടായത്. ആയതിനാൽ പ്രവൃത്തികൾ ടി ഏജൻസിവഴി തുടരാൻ സാധിച്ചില്ല. 18-1-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 18/2012/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം കണ്ണൂർ, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകൾക്കാണ് തുക അനുവദിച്ചിരുന്നത്. ഇതിൽ കൊല്ലം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ആയതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മൂലധനവും ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ**

175 (176) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫംഗങ്ങളുടേയും മറ്റ് ജീവനക്കാരുടെയും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ കാറ്റഗറിയിലും നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകൾ എത്ര കാലമായി തുടരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തിവരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ സ്പെഷ്യാലിറ്റി യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാരിൽനിന്നും ഓപ്ഷൻ വാങ്ങി സീനിയോറിറ്റി അടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നു. സൂപ്രണ്ട്, കൺസൾട്ടന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റി കൂടി നിയമനം നടത്തുന്നതിനും സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാതലത്തിലുള്ള ഒഴിവുകൾ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ജില്ലാ പി.എസ്.സി. ഓഫീസറെ അറിയിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രി അറ്റൻഡർ ഗ്രേഡ്-II, പി.റ്റി.എസ്. എന്നീ തസ്തികകളുടെ ഒഴിവിലേക്ക് യഥാസമയം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് വാങ്ങി ഇന്റർവ്യൂ നടത്തി നിയമനം നടത്തിക്കൊണ്ടിരിക്കുന്നു.

## നെടുങ്ങോലം താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

176 (177) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിൽ നിശ്ചയിച്ചിട്ടുള്ള വിവിധ വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ എത്രയാണെന്ന് അറിയിക്കുമോ;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള വിവിധ വിഭാഗം ജീവനക്കാരുടെ എണ്ണവും വിശദാംശവും അറിയിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാർ ഉൾപ്പെടെ വിവിധ വിഭാഗം ജീവനക്കാരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ അപേക്ഷ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വിഷയത്തിന്റെ ഫയൽ നമ്പർ എത്രയാണെന്നും ഇതിന്മേൽ എന്തു നടപടി സ്വീകരിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ഇ) നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂർ ഒ.പി. പ്രവർത്തനം തുടരുന്നതിന് വേണ്ട സാഹചര്യം പോലും ഇല്ലായെന്നത് ശ്രദ്ധിച്ചിരുന്നുവോ; മേൽ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) 2-8-1961-ലെ സ.ഉ.(സാധാ)നമ്പർ 3150/1961 എന്ന ഉത്തരവ് പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നത്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

(ഡി&ഇ) നെടുങ്ങോലം ഗവ. രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഈ വകുപ്പിലെ 6115/എം1/ 2015/ ആകുവ. ഫയലിൽ പരിശോധിക്കുകയും അധിക വിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## ഡയാലിസിസ് യൂണിറ്റ്

177 (178) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിലേയ്ക്കായി ആകെ എത്ര കോടി രൂപയാണ് അനുവദിച്ചിരുന്നതെന്നും, ആയത് ഏതൊക്കെ ആവശ്യങ്ങൾക്ക് വേണ്ടിയാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കായി നാളിതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഡയാലിസിസ് യൂണിറ്റ് കെട്ടിടം പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി 365 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 170 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധ സാധനങ്ങൾ തുടങ്ങിയവയുടെ വിതരണത്തിനും 180 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും 5 ലക്ഷം രൂപ ജീവനക്കാർക്കുള്ള പ്രതിഫലം നൽകുന്നതിനും അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ദർഘാസ് നടപടികൾ പൂർത്തിയായിട്ടുണ്ട്. കെട്ടിട നിർമ്മാണച്ചുമതല കൊല്ലം പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. 29-2-2016-ൽ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടന്നു.

(സി) കെട്ടിടം പണി പൂർത്തിയായാലുടൻ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

178 (179) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യ മേഖലയിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) ജനറൽ ആശുപത്രിയിലും, ജില്ലാ, താലൂക്ക് ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി എത്ര ഒഴിവുകൾ ഉണ്ടെന്നും ഈ ഒഴിവുകളിൽ എത്ര എണ്ണമാണ് നികത്താൻ തീരുമാനിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ഒഴിവുള്ള അസിസ്റ്റന്റ് സർജൻ തസ്തികയിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്ത ഡോക്ടർമാരിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ ജനറൽ കേഡറിലും അഡ്മിനിസ്ട്രേറ്റീവ് കേഡറിലും ജോലി ചെയ്തുവരുന്ന സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരെ ഓപ്ഷൻ സ്വീകരിച്ച് നിയമനം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി കൂടി നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ആകെ 82 ഒഴിവുകളാണുള്ളത്. അഡ്ഹോക്ക് അടിസ്ഥാനത്തിൽ 59 ഡോക്ടർമാരെ ഒഴിവുകളിൽ നിയമിച്ചിട്ടുണ്ട്.

**ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

179 (180) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 24 മണിക്കൂറും പ്രവർത്തിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) നിലവിലുള്ള ഒഴിവിൽ പി.എസ്.സി. വഴിയുള്ള നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

**പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ്**

180 (181) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തപ്പോൾ ഇ.എസ്.ഐ. പരിധിയിലുള്ള തൊഴിലാളികൾക്കും മക്കൾക്കും എന്തൊക്കെ പരിഗണനയും ആനുകൂല്യങ്ങളുമാണ് ഉറപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത സ്ഥാപനം പൂർണ്ണ തോതിൽ മെഡിക്കൽ കോളേജ് ആയി പ്രവർത്തിപ്പിക്കണമെങ്കിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര തസ്തിക സൃഷ്ടിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിലേക്കായി നാളിതുവരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മെഡിക്കൽ കോളേജിൽ 2016-17 വർഷം എം.ബി.ബി.എസ്. പഠനം ആരംഭിക്കുവാൻ വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ചാത്തന്നൂർ മണ്ഡലത്തിലെ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള Memorandum of Undertaking-ൽ ഇ.എസ്.ഐ. പരിധിയിലുള്ള തൊഴിലാളികൾക്ക് ചികിത്സയും അവരുടെ മക്കൾക്ക് എം.ബി.ബി.എസ്. പ്രവേശനം ലഭിക്കുന്നതിന് 35% സീറ്റുകൾ ദേശീയതലത്തിൽ നീക്കിവയ്ക്കുകയും ചെയ്യുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

(ബി) ഏകദേശം 875 തസ്തികകൾ സൃഷ്ടിക്കേണ്ടിവരും. 100 എം.ബി.ബി.എസ്. സീറ്റുകളും 500 കിടക്കകളുമുള്ള ഒരു മെഡിക്കൽ കോളേജിനുകീഴിൽ പൂർണ്ണതോതിൽ ആശുപത്രിയായി പ്രവർത്തിക്കുന്നതിനും ടി കോളേജിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിനും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പ്രകാരം മേൽപ്പറഞ്ഞ തസ്തികകൾ സൃഷ്ടിക്കേണ്ടി വരും.

(സി&ഡി) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ 100 എം.ബി.ബി.എസ്. സീറ്റുകളുള്ള ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് കേന്ദ്രസർക്കാരിൽനിന്ന് Letter of permission ലഭിക്കുന്നതിനായി 108 തസ്തികകൾ (അദ്ധ്യാപക-അനദ്ധ്യാപക) സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ഈ വകുപ്പിലെ 51315/എസ്3/2014/ആകുവ. നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ 2016-17 വർഷത്തിൽ 100 എം.ബി.ബി.എസ്. സീറ്റിന് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ പരിശോധന നടത്തുകയും ചെയ്തു. ആയതിന്റെ റിപ്പോർട്ട് ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽനിന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

## നെടുമങ്ങാട് ജില്ലാ ആശുപത്രി

181 (182) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ അർഹമായ ഡോക്ടർമാരെയോ മറ്റു ജീവനക്കാരെയോ അടിസ്ഥാന സൗകര്യങ്ങളോ അനുവദിച്ചിട്ടില്ലാത്തതിനാൽ ആയത് അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

നെടുമങ്ങാട് ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള ആവശ്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## മൂവാറ്റുപുഴ ജനറൽ ആശുപത്രി വികസനം

182 (183) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ചികിത്സ തേടി എത്തുന്ന രോഗികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യത്തിനുള്ള ചികിത്സാ സൗകര്യങ്ങളുടെ കുറവ് കണക്കിലെടുത്ത് മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്, സി.റ്റി. സ്കാനർ എന്നിവ സഹിതമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്ന് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**സ്പെഷ്യൽ റൂൾസ് ഭേദഗതി**

183 (184) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2012-ൽ യു.ജി.സി. സ്കെയിൽ നിലവിൽ വന്നപ്പോൾ ആയുർവ്വേദ കോളേജ് അദ്ധ്യാപകരുടെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തിരുന്നോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനും അദ്ധ്യാപക തസ്തിക സംബന്ധിച്ച അവ്യക്തത നീക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

യു.ജി.സി. ശമ്പള പരിഷ്കരണം അനുവദിച്ച 16-10-2012-ലെ സ.ഉ.(പി) നമ്പർ573/2012/ഫിൻ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാർ ആയുർവേദ കോളേജ് അദ്ധ്യാപകരുടെ സ്പെഷ്യൽ റൂൾസ് (2-8-2007-ലെ സ.ഉ. (പി)നമ്പർ264/2007/ആ.കു.വ.) ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ജീവനക്കാർ**

184(185) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ജീവനക്കാരുടെ വിവരം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ കാറ്റഗറിയിലും എത്ര ജീവനക്കാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്ഷയരോഗ പ്രതിരോധം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

185 (186) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷയരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളിലും മറ്റും ചികിത്സ തേടുന്ന ക്ഷയരോഗികളുടെ എണ്ണം ഔദ്യോഗിക കണക്കുകൾ പ്രകാരം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) ഇത്തരത്തിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന ക്ഷയരോഗികളുടെ കേസുകൾ റിവൈസ്ഡ് നാഷണൽ റ്റി. ബി. കൺട്രോൾ പ്രോഗ്രാം (ആർ.എൻ.റ്റി.സി.പി.) പ്രകാരം കൃത്യമായി അവലോകനം ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ ക്ഷയരോഗ പ്രതിരോധം പ്രോത്സാഹിക്കുന്നതിന് സ്വകാര്യ ചികിത്സാരംഗത്തെ പൂർണ്ണ സഹകരണം കൂടി ഉറപ്പാക്കി ഇത്തരം പദ്ധതികളുടെ വിജയത്തിനാവശ്യമായ സഹകരണം ഉറപ്പു വരുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2009 മുതൽ 2015 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷയരോഗബാധിതരുടെ ലിസ്റ്റ് അനുസരിച്ച് സംസ്ഥാനത്ത് ക്ഷയരോഗബാധിതരുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണുന്നത്.

(ബി) സ്വകാര്യ ആശുപത്രികളിൽനിന്നും വിശദാംശങ്ങൾ ലഭ്യമല്ല.

(സി) സ്വകാര്യമേഖലയിലും മറ്റും ചികിത്സ തേടുന്ന ക്ഷയരോഗബാധിതരുടെ വിവരങ്ങൾ 2012 മേയ് 7-ാം തീയതി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമായ എക്സിക്യൂട്ടീവ് ഓർഡർപ്രകാരം കേന്ദ്ര സംസ്ഥാന ക്ഷയരോഗ നിയന്ത്രണ വിഭാഗങ്ങളെ അറിയിക്കേണ്ടതുണ്ട്. സ്വകാര്യ ആശുപത്രികളിൽനിന്നും ഇവ ലഭ്യമാകുന്നതിൽ താമസം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി എല്ലാ സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾക്കും ചികിത്സകർക്കും ബോധവത്കരണം നടത്തുന്നതിനും അതാത് ജില്ലാ ക്ഷയരോഗ നിയന്ത്രണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സ്വകാര്യ മേഖലയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് ആർ.എൻ.റ്റി.സി.പി.യിൽ വിവിധ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡോക്ടർമാർക്കും ലാബ് ടെക്നീഷ്യൻമാർക്കുമുള്ള പരിശീലനം ലബോറട്ടറി പരിശോധനകൾക്കായുള്ള രാസവസ്തുക്കളുടെ വിതരണം, ഗുണനിലവാര പരിശോധന എന്നിവ ഉറപ്പാക്കി സ്വകാര്യമേഖലയിലെ 108 സ്ഥാപനങ്ങളിൽ ക്ഷയരോഗ പരിശോധനയ്ക്കായുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**ട്രോമാ കെയർ യൂണിറ്റ്**

186 (187) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; എന്നാണ് നിർമ്മാണം പൂർത്തീകരിച്ചത്;

(ബി) ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ആശുപത്രിയിൽ ഇനി എന്തെല്ലാം സംവിധാനങ്ങൾ സജ്ജമാക്കണം;

(സി) ആയവ അടിയന്തരമായി സജ്ജമാക്കി ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് അടിയന്തരമായി പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ 14-8-2009-ലെ ഗവ. ഉത്തരവ് നമ്പർ ജി.ഒ.(ആർറ്റി.)1184/പി.ഡബ്ല്യു.ഡി. പ്രകാരം ലോകബാങ്കിന്റെയും കെ.എസ്.റ്റി.പി.യുടെയും സഹായത്തോടെ ട്രോമാ കെയർ യൂണിറ്റ് പണിയുന്നതിന് 2.53 കോടി രൂപ അനുവദിക്കുകയും പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് ഒന്നാം ഘട്ട നിർമ്മാണം 20-12-2010-ൽ ആരംഭിക്കുകയും 31-10-2013-ൽ പൂർത്തിയാക്കുകയും ചെയ്തു. രണ്ടാം ഘട്ടനിർമ്മാണം എൻ.ആർ.എച്ച്.എം. രണ്ടുകോടി രൂപ ചെലവഴിച്ച് എച്ച്.എൽ.എൽ. മേൽനോട്ടത്തിൽ 10-7-2015-ൽ പണി പൂർത്തീകരിച്ചു.

(ബി) ഉപകരണങ്ങളും ജീവനക്കാരെയും സജ്ജമാക്കേണ്ടതുണ്ട്.

(സി) പ്രസ്തുത കെട്ടിടത്തിൽ ഇപ്പോൾ കാഷ്വാലിറ്റി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങളും ജീവനക്കാരും സജ്ജമാക്കുന്ന മുറയ്ക്ക് ട്രോമാ കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## സർക്കാർ മെഡിക്കൽ കോളേജുകളിലെ പരിഷ്കാരങ്ങൾ

187 (189) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഓരോ മെഡിക്കൽ കോളേജുകളിലും എന്തെല്ലാം പരിഷ്കാരങ്ങളാണ് ആരോഗ്യ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ പി.എച്ച്.സി.-കൾ

188 (190) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ മാറക്കര, പൊൻമള, വളാഞ്ചേരി, കോട്ടക്കൽ എന്നീ പി.എച്ച്.സി.കളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും നിലവിലുള്ള ഒഴിവുകൾ ഉടൻ നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ പി.എച്ച്.സി.കളിൽ ഡോക്ടർമാരുടെയും ഇതര സ്റ്റാഫിന്റെയും സേവനം 24 മണിക്കൂറും ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഈ പി.എച്ച്.സി.-കളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സി.എച്ച്.സി.-കളാക്കി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ പി.എച്ച്.സി.-കളിൽ ഡോക്ടർമാരുടെ സേവനം 24 മണിക്കൂർ അനുവദനീയമല്ലാത്തതിനാൽ മാറക്കര, പൊൻമള പി.എച്ച്.സി.കളിലെ ഡോക്ടർമാരുടെ സേവനം 24 മണിക്കൂർ ലഭ്യമാക്കുവാൻ സാധിക്കുകയില്ല. കോട്ടയ്ക്കൽ സി.എച്ച്.സി.-യിലും വളാഞ്ചേരി പി.എച്ച്.സി.യിലും അധിക തസ്തിക സൃഷ്ടിച്ച് സേവനം 24 മണിക്കൂർ ലഭ്യമാക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

(സി) ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ തസ്തിക അനുവദിക്കൽ

189 (191) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ അപ്ഗ്രേഡ് ചെയ്ത് സി.എച്ച്.സി. ആയി ഉയർത്തിയ കൊയിലാണ്ടി മണ്ഡലത്തിലെ തിരുവങ്ങൂർ, മേലടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിൽ ഇതുവരെ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിൽ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച നിർദ്ദേശങ്ങൾ ഏതെല്ലാം ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് അപ്ഗ്രേഡ് ചെയ്ത കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിൽ ഏതിലെല്ലാം തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്; തസ്തിക സൃഷ്ടിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) ഇത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഉള്ള ഫയലുകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ യഥാക്രമം 15-7-2013-ലെ സി1-1443/2013, 10/4/2015-ലെ 1-9823/13 എന്നീ കത്തുകൾ പ്രകാരം മേലടി, തിരുവങ്ങൂർ എന്നീ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ശിപാർശയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 31-8-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 374/13/ആകുവ. പ്രകാരം കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി പി.എച്ച്.സി.യെ മാത്രമാണ് സി.എച്ച്.സി.യായി അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്. ഈ ആശുപത്രിയിൽ അപ്ഗ്രഡേഷന്റെ ഭാഗമായി പുതിയ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

(ഡി) തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ഇ) മേലടി സി.എച്ച്.സി.-യിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ നമ്പർ4591/എം1/13/ആകുവ.-ഉം തിരുവങ്ങൂർ സി.എച്ച്.സി.യിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ നമ്പർ 21631/എ 1/15/ആകുവ.-ഉം ആണ്.

## നെടുമങ്ങാട് ജില്ലാ ആശുപത്രി

190 (192) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജില്ലാ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

(ബി) നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2-8-1961-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ3150/61/ഹെൽത്ത് പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം

191 (193) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) എല്ലാ ജില്ലാ ജനറൽ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. തിരുവനന്തപുരം, പത്തനംതിട്ട, നെയ്യാറ്റിൻകര, കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജനറൽ ആശുപത്രികളിലും കൊല്ലം, കോഴഞ്ചേരി, പത്തനംതിട്ട, ആലുവ, തിരൂർ, നിലമ്പൂർ, പാലക്കാട്, കോഴിക്കോട്, വടകര, മാനന്തവാടി, കണ്ണൂർ എന്നീ ജില്ലാ ആശുപത്രികളിലുമാണ് നിലവിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.

(ബി) പ്ലാൻ ഫണ്ട്, ആർ.എസ്.ബി.വൈ., എച്ച്.എം.സി. ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് മറ്റ് ഭൗതിക സാഹചര്യങ്ങളും ആവശ്യകതയും കണക്കിലെടുത്ത് ഘട്ടംഘട്ടമായി പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

**ട്രോമാ കെയർ**

192 (194) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ട്രോമാ കെയർ സംവിധാനം ഒരുക്കുന്നതിനുവേണ്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്ത് തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും നിർമ്മാണച്ചുമതല നൽകിയിരിക്കുന്ന ഏജൻസി ഏതാണെന്നും നിർമ്മാണ പ്രവർത്തനം തുടങ്ങുവാനുള്ള കാലതാമസത്തിന്റെ കാരണവും വിശദമാക്കാമോ;

(സി) ട്രോമാ കെയർ സംവിധാനം നിലവിൽ വരുമ്പോൾ വലിയകുന്ന് ആശുപത്രിയിൽനിന്നും അധികമായി എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 6-12-2013-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർടി.) നമ്പർ4065/ 2013/ആ.കു.വ. പ്രകാരം ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന് 2013-14-ൽ 35.51 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അനുബന്ധ ഉപകരണങ്ങൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) റോഡ് സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ കെട്ടിട സൗകര്യങ്ങളും ഉപകരണങ്ങൾ, ആംബുലൻസ് ഉൾപ്പെടെ സജ്ജീകരിക്കുന്നതിനുള്ള ധനസഹായവും ലഭ്യമാക്കുന്നതിന് കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കെട്ടിട നിർമ്മാണത്തിനുള്ള തുക ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ സാധിക്കുകയില്ലെന്നും ആയതിനാൽ ഉപകരണങ്ങൾക്ക് മാത്രമായുള്ള നിർദ്ദേശം പുതുക്കി നൽകുവാനും കെ.എസ്.ആർ.എ. അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി നിർദ്ദേശപ്രകാരമുള്ള പ്രൊപ്പോസൽ സമർപ്പിക്കാനായി ആറ്റിങ്ങൽ താലൂക്ക് ആശുപത്രി സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് അടിയന്തര വൈദ്യസഹായം നല്ല രീതിയിൽ നൽകുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങളും മറ്റും ലഭ്യമാക്കുക എന്നതാണ് വിഭാവനം ചെയ്യുന്നത്.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രി**

193 (195) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കാരുണ്യാ മെഡിക്കൽ സ്റ്റോർ തുടങ്ങുവാൻ തീരുമാനിച്ചിരുന്നോ ;

(ബി) എങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തീരുമാനിച്ചിരുന്നു. 10-4-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 1161/15/ആകുവ. പ്രകാരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള മുഴുവൻ സജ്ജീകരണങ്ങളും പൂർത്തീകരിച്ചിട്ടുള്ളതുമാണ്. സാധാരണക്കാരന് സഹായകമായ ടി സംരംഭം ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള കാര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു.

**ചെങ്ങന്നൂർ ജില്ലാ ആശുപത്രി**

194 (196) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം താലൂക്ക് ആശുപത്രികളാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജില്ലാ ആശുപത്രികളാക്കി ഉയർത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയപ്പോൾ എന്തെല്ലാം സംവിധാനങ്ങൾ പുതിയതായി സജ്ജീകരിച്ചു എന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ എന്തെല്ലാം സംവിധാനങ്ങൾ ഇനിയും സജ്ജീകരിക്കുവാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ജനറൽ ഫിസിഷ്യൻ, സർജറി സ്പെഷ്യലിസ്ററ് വിഭാഗങ്ങളിൽ ഡോക്ടർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ വിഭാഗങ്ങളിലുള്ള ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

(ബി) ജില്ലാ ആശുപത്രിയായി ഉയർത്തിയപ്പോൾ പുതുതായി 51 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഒ.പി. ബ്ലോക്കിന്റെ രണ്ട് കെട്ടിടങ്ങളും മെഡിക്കൽ ലൈബ്രറിയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഈ ആശുപത്രിയുടെ അടിസ്ഥാന വികസനത്തിന് ആവശ്യമായ ഉപകരണങ്ങളിൽ ചിലത് വാർഷിക പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങുന്നതാണ്. Infusion Pump, Laryngoscope, Mobile Spot Light, Nerve locator, Apron തുടങ്ങിയ ഉപകരണങ്ങൾ KMSCL വഴി ലഭ്യമാക്കുന്നുണ്ട്.

(ഡി&ഇ) കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), സർജറി കൺസൾട്ടന്റ് (സർജറി) തസ്തികയിലെ ഒഴിവുകൾ നിലവിലുള്ള ജൂനിയർ കൺസൾട്ടന്റുമാർക്ക് പ്രൊമോഷൻ നൽകുന്ന മുറയ്ക്ക് നികത്തുന്നതാണ്. ഡി.പി.സി. കൂടി പ്രൊമോഷൻ നടത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ അസിസ്റ്റന്റ് സർജന്മാരായി ജോലി ചെയ്തുവരുന്ന സ്പെഷ്യാലിറ്റി യോഗ്യതയുള്ളവരിൽനിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ജൂനിയർ കേഡറിൽ നിയമനം നടത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## ചെങ്ങന്നൂർ ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ

195 (197) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ശോച്യാവസ്ഥ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോരായ്മകൾ പരിഹരിക്കുന്നതിനായി ആശുപത്രി സൂപ്രണ്ട് ജില്ലാ പഞ്ചായത്തുമുഖേന നടപടി സ്വീകരിച്ചുവരുന്നു.

## വെള്ളാനിക്കര സാമൂഹ്യാരോഗ്യ കേന്ദ്രം

196 (198) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ വെള്ളാനിക്കര സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ കെട്ടിടങ്ങളുടെ കുറവുമൂലം ഐ.പി. നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി കാർഷിക സർവ്വകലാശാലയിൽനിന്ന് സ്ഥലം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പുതിയ കെട്ടിടം പണിത് ഐ.പി. പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വെള്ളാനിക്കര സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ കെട്ടിടങ്ങളുടെ കുറവുള്ളതിനാൽ നിലവിൽ ഐ.പി. ഇല്ല. ഐ.പി.ക്കായി അധിക തസ്തികയും കെട്ടിടങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം നടന്നുവരുന്നു. ഐ.പി.ക്കായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്.

(ബി) സി.എച്ച്.സി.-യിലെ എച്ച്.എം.സി. പലതവണ മേൽ വിഷയവുമായി ബന്ധപ്പെട്ട് കാർഷിക സർവ്വകലാശാലാ അധികൃതരുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല.

(സി) പുതിയ കെട്ടിടവും ആവശ്യമായ തസ്തികകളും സൃഷ്ടിക്കുന്ന മുറയ്ക്ക് ഐ.പി. പുനരാരംഭിക്കുന്നതാണ്.

**സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ കുറവ്**

197 (199) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ വെള്ളാനിക്കര സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്നുള്ള ഹൗസ് സർജൻമാരുടെ സേവനം മുൻപുണ്ടായിരുന്നത് തുടർന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**കൊട്ടാരക്കര താലൂക്ക് ആശുപത്രി**

198 (200) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലേക്ക് കാരുണ്യ ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായത് എന്നാണ് ;

(ബി) പ്രസ്തുത യൂണിറ്റ് പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ് ;

(സി) അനുവദിക്കപ്പെട്ട യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 5-2-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ114/13/നികുതി പ്രകാരമാണ്.

(ബി) യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ തുക കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ലഭിച്ചിട്ടില്ല.

(സി) കാരുണ്യ ബനവലന്റ് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കേരള ഹെൽത്ത് ആന്റ് റിസർച്ച് വെൽഫയർ സൊസൈറ്റി മുഖാന്തരം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഉപകരണങ്ങൾ ലഭ്യമാക്കി യൂണിറ്റ് പ്രവർത്തനം തുടങ്ങുന്നതാണ്.

**കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

199(201) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന വിഷയം ഈ വകുപ്പിലെ 4632/എം1/14/ആകുവ. ഫയലിൽ പരിശോധിച്ചുവരുന്നു. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി ശിപാർശ ചെയ്യപ്പെട്ട തസ്തികകളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, റീ-ഡിപ്ലോയ്മെന്റിനുള്ള സാധ്യത, അധിക ജീവനക്കാർ എന്നീ അധികവിവരങ്ങൾ കൂടി നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി**

200 (202) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിലെ അംഗങ്ങളെ തീരുമാനിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയുടെ രൂപീകരണവും പ്രവർത്തനവുമായി ബന്ധപ്പെട്ട ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 14-3-2007-ലെ സ.ഉ.(എംഎസ്.) നമ്പർ79/2007/ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളെ തീരുമാനിക്കുന്നത്.

(ബി) ഇത്തരം പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടാൽ സ്ഥാപനമേധാവിയുടെയും ജില്ലാ മെഡിക്കൽ ഓഫീസറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) 14-3-2007-ലെ സ.ഉ.(എംഎസ്.) നമ്പർ 79/2007/ത.സ്വ.ഭ.വ. പ്രകാരമുള്ള സർക്കാർ ഉത്തരവ് ആണ് എച്ച്.എം.സി. മാനദണ്ഡങ്ങൾ വിശദമാക്കുന്നത്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണം**

201 (203) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണം സംബന്ധിച്ച് ഇപ്പോൾ ആരോഗ്യവകുപ്പിലുള്ള 221/M2/H&FW ഫയലിന്റെ അവസ്ഥ വ്യക്തമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണ്; ഈ ഫയലിൽ എത്രയുംവേഗം തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ ഫയലിൽ ഡി.എം.ഒ.-യുടെയും ഡി.എച്ച്.എസ്.-ന്റെയും റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ ; ഇവ എത്രയും വേഗം വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കുറവിലങ്ങാട് താലൂക്കാശുപത്രിയുടെ കെട്ടിടനിർമ്മാണം സംബന്ധിച്ച് ആരോഗ്യ വകുപ്പിൽ ഫയലുകളൊന്നും നിലവിലില്ല. എന്നാൽ ടി ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം ഈ വകുപ്പിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

13344/എം1/2013/ആകുവ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. ആയതിലേക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച വിവരങ്ങൾ അടങ്ങിയ ശിപാർശയുടെ ഈ വകുപ്പിൽ ലഭ്യമായ തപാൽ നമ്പർ ആണ് 221/M1/16/H&FW.

(ബി) ഈ ഫയലിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പൂർണ്ണമല്ലാതിരുന്നതിനാൽ വീണ്ടും അധിക വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**മഴക്കാല രോഗങ്ങളുടെ ചികിത്സ**

202 (204) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ മഴക്കാല രോഗങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പനി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ പനി ചികിത്സയ്ക്ക് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) രോഗികളുടെ തിരക്ക് കുറയ്ക്കുന്നതിനുവേണ്ടി ഇവിടെ അധികമായി ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കരുനാഗപ്പള്ളി മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മഴക്കാല രോഗ ചികിത്സയ്ക്കുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്കാശുപത്രിയിൽ മഴക്കാല രോഗങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ആവശ്യമായ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ലാബ് ടെസ്റ്റുകൾ നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കിയിട്ടുണ്ട്.

(ബി) കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്കാശുപത്രിയിൽ പനി ചികിത്സയ്ക്കായി വൈകിട്ട് മൂന്ന് മണി മുതൽ രാത്രി 9 മണി വരെ രണ്ട് പനി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പ്രത്യേകമായി പനി വാർഡും ആരംഭിച്ചിട്ടുണ്ട്. പനി വാർഡുകളിൽ കൊതുകുവല (നെറ്റ്) സ്ഥാപിച്ച് ഡെങ്കിപ്പനി പോലുള്ള കൊതുകുജന്യ രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കരുനാഗപ്പള്ളി മണ്ഡലത്തിലെ മൈനാഗപ്പള്ളി, തൊടിയൂർ, തഴവ, അഴീക്കൽ, ആലപ്പാട് എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മഴക്കാല രോഗ ചികിത്സയ്ക്കുവേണ്ടി താഴെപ്പറയും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പനി ക്ലിനിക്കുകൾ വൈകുന്നേരം 3 മണി വരെ പ്രവർത്തിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. അവശ്യ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഉറവിട നശീകരണ പ്രവർത്തനങ്ങളും ഫോഗിംഗും വീടിനുള്ളിൽ കീടനാശിനി തളിക്കുന്ന Indoor space Spray പ്രവർത്തനങ്ങളും മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങളും ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം എന്നിവയുണ്ടായിട്ടുള്ള സ്ഥലങ്ങളിൽ ഓടകൾ, തോടുകൾ മുതലായവ വൃത്തിയാക്കുന്ന ജോലികളിൽ ഏർപ്പെടുന്നവർക്കും കൃഷിപ്പണിക്കാർക്കും തൊഴിലുറപ്പ് പദ്ധതിപ്രകാരം ജോലി ചെയ്യുന്നവർക്കും എലിപ്പനി പ്രതിരോധ ഗുളിക വിതരണം ചെയ്തിട്ടുണ്ട്. Ward Health Sanitation Committee-യും ആരോഗ്യ സേനയും ചേർന്ന് കിണറുകളിൽ ക്ലോറിനേഷൻ നടത്തുകയും ശുചിത്വ ക്യാമ്പെയ്ൻ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

**സ്പെഷ്യാലിറ്റി ആശുപത്രികൾ**

203 (205) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനറൽ ആശുപത്രികളെ സ്പെഷ്യാലിറ്റി ആശുപത്രികൾ ആക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ 1-1-2015-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ4/2015/ആകുവ.പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 154 ആശുപത്രികളിൽ താലൂക്ക്/താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ ഒഴികെയുള്ളവയിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്**

204 (206) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിരോധകുത്തിവയ്പ് എടുത്തിട്ടില്ലാത്ത കുട്ടികളെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാണോ;

(ബി) എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പൂർണ്ണമായും പ്രതിരോധകുത്തിവയ്പ് എടുത്തിട്ടില്ലാത്ത കുട്ടികളുടെ 2014-15 കാലയളവിലെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. 2015-16 സാമ്പത്തിക വർഷം ജനിച്ച കുട്ടികളുടെ പ്രതിരോധകുത്തിവയ്പ്പ് കാലാവധി 2016-17-ൽ മാത്രമേ പൂർത്തിയാവുകയുള്ളൂ:

| ക്രമ നമ്പർ | ജില്ല | 2014-15 |
|---|---|---|
| 1 | തിരുവനന്തപുരം | 2622 |
| 2 | കൊല്ലം | 2330 |
| 3 | പത്തനംതിട്ട | 659 |
| 4 | ആലപ്പുഴ | 1715 |
| 5 | കോട്ടയം | 1112 |
| 6 | ഇടുക്കി | 950 |
| 7 | എറണാകുളം | 2974 |
| 8 | തൃശ്ശൂർ | 3180 |
| 9 | പാലക്കാട് | 4455 |
| 10 | മലപ്പുറം | 20050 |
| 11 | വയനാട് | 1583 |
| 12 | കോഴിക്കോട് | 5237 |
| 13 | കണ്ണൂർ | 3881 |
| 14 | കാസർഗോഡ് | 1536 |
| | ആകെ | 52284 |

(ബി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും പഞ്ചായത്തുതലത്തിലും പ്രതിരോധ കുത്തിവയ്പ് നൽകുന്നതിനുവേണ്ടി ധാരാളം പ്രവർത്തനങ്ങൾ സർക്കാർതലത്തിൽ നടത്തിവരുന്നു. എല്ലാ സർക്കാർ ആശുപത്രിയിലും സബ് സെന്റർ തലംമുതൽ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പുകൾ കൃത്യമായ കാലയളവിൽ തുടർച്ചയായി നൽകിവരുന്നുണ്ട്. ഇതിന് ഫീൽഡ് വിഭാഗം ജീവനക്കാർ മുതൽ ജില്ലാ പ്രോഗ്രാം ഓഫീസർമാർ വരെ മേൽനോട്ടം വഹിക്കുന്നു. മാത്രവുമല്ല പ്രതിരോധ കുത്തിവയ്പിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനായി ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നിർദ്ദേശാനുസരണം 2014 ഏപ്രിൽ മാസം മുതൽ 'മിഷൻ ഇന്ദ്രധനുഷ്' എന്ന പരിപാടി നടത്തി വരുന്നു. എല്ലാ ഗർഭിണികൾക്കും 2 ഡോസ് ടി.ടി. വാക്സിൻ എടുക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. പ്രസ്തുത വാക്സിനേഷനുകൾ എം.സി.ടി.എസ്. (MCTS) എന്ന രജിസ്ട്രേഷൻ സോഫ്റ്റ്വെയർവഴി നിരീക്ഷണം നടത്തി എല്ലാ ഗർഭിണികൾക്കും കുട്ടികൾക്കും പ്രതിരോധ വാക്സിൻ ലഭിച്ചു എന്ന് ഉറപ്പു വരുത്തുന്നു. ഗവൺമെന്റ്, പ്രൈവറ്റ് സ്കൂളുകളിൽ അതാത് സ്ഥലങ്ങളിലെ മെഡിക്കൽ ഓഫീസർമാരുടെ മേൽനോട്ടത്തിലും സ്കൂൾ ഹെൽത്ത് ജെ.പി.എച്ച്. എൻ.-മാർവഴിയും പ്രതിരോധ കുത്തിവയ്പിനെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പോളിയോ രോഗനിരീക്ഷണത്തിന്റെ ഭാഗമായി 15 വയസ്സിനു താഴെയുള്ള കുട്ടികളുടെ മലം എ.എഫ്.പി. സർവൈലൻസ് സ്റ്റേറ്റ് പോളിയോ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തി പോളിയോ രോഗം ഇല്ല എന്ന് സ്ഥിരീകരിക്കുന്നു.

പ്രൈവറ്റ്/ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, മറ്റ് ഡിപ്പാർട്ടുമെന്റുകളായ ആയൂർവേദം, ഹോമിയോ എന്നിവിടങ്ങളിലും എ.എഫ്.പി. സർവൈലൻസ് നടത്തി വരുന്നു. വിവിധ രോഗങ്ങളെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, ബാനറുകൾ, ചുവരെഴുത്ത് എന്നിവയിലൂടെയും റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ തുടങ്ങിയ മേഖലകളിലും, എഫ്.എം. റേഡിയോവഴിയും തുടർച്ചയായി ബോധവൽക്കരണ പരിപാടികളും പ്രചാരണങ്ങളും നടത്തി വരുന്നു. ഫീൽഡ് വിഭാഗം ജീവനക്കാർ, ആശാ വർക്കർമാർ, അംഗൻവാടി ജീവനക്കാർ തുടങ്ങിയവർക്ക് കൃത്യമായ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തി വരുന്നു. ദേശീയ നഗര ആരോഗ്യ ദൗത്യത്തിന് കീഴിൽ പ്രതിരോധ കുത്തിവയ്പ്പിനെപ്പറ്റി പരസ്യ ചിത്രങ്ങൾ നിർമ്മിച്ച് അനുയോജ്യമായ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിച്ചു വരുന്നു. പ്രതിരോധ കുത്തിവയ്പ്പിലൂടെ പ്രതിരോധിക്കാൻ കഴിയുന്ന അസുഖങ്ങളെക്കുറിച്ചുള്ള

കൈപ്പുസ്തകങ്ങളും ലഘുലേഖകളും എല്ലാ ജില്ലകളിലും ജില്ലാ പ്രോഗ്രാം ഓഫീസ് മുഖേനയും സംസ്ഥാന തലത്തിലും അച്ചടിച്ച് ആശുപത്രികൾ മുഖേനയും ഫീൽഡ് വർക്കർമാർ മുഖേനയും നൽകിവരുന്നു. കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളെ ഉൾപ്പെടുത്തി ഇന്റർ സെക്ടറൽ കോ-ഓർഡിനേഷൻ കമ്മിറ്റി കൂടുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും ഇത്തരം കമ്മിറ്റികൾ കൂടുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.

## ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

205 (207) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആരോഗ്യ വകുപ്പിൻ കീഴിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടായിരുന്നുവെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 487 ഒഴിവുകൾ ഉണ്ടായിരുന്നു. ജില്ലതിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി.യിൽ നിന്നുള്ള അഡ്വൈസ് മെമ്മോയുടെ അടിസ്ഥാനത്തിൽ നിയമന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

## ആശുപത്രികളിൽ ജീവനക്കാരുടെ അപര്യാപ്തത

206 (208) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടേയും അനുബന്ധ ജീവനക്കാരുടേയും അപര്യാപ്തതമൂലം നിരന്തരം പ്രവർത്തനം തടസ്സപ്പെടുന്ന മുനമ്പം, അയ്യമ്പിള്ളി, ഞാറക്കൽ, മാലിപ്പുറം എന്നീ ആശുപത്രികളിൽ പുതിയതായി ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) ടി ആശുപത്രികളിൽനിന്നും വർക്കിംഗ് അറേഞ്ച്മെന്റ്, പോസ്റ്റ് ഫിക്സിംങ് എന്നീ നടപടികളിലൂടെ സ്ഥലമാറ്റം ചെയ്യപ്പെട്ട തസ്തികകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടി ആശുപത്രികളിൽ കാഷ്വാലിറ്റി സേവനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ യഥാസമയം നികത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) ടി കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**ലബോറട്ടറി സൗകര്യങ്ങൾ**

207 (209) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കാത്തതിനാൽ ഇത്തരം സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർ സ്വകാര്യമെഡിക്കൽ ലാബുകളുടെ ചൂഷണത്തിനിരയാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും സമയബന്ധിതമായി അടിസ്ഥാന ലബോറട്ടറി സൗകര്യങ്ങളും ആവശ്യത്തിന് ജീവനക്കാരെയും നിയമിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യപദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിലെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക ആരോഗ്യ/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ 134 ലാബുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ സജ്ജീകരണം നടന്നുവരുന്നു.

(ബി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ലാബ് ടെക്നീഷ്യൻ തസ്തിക അനുവദിച്ചിട്ടില്ല. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ദേശീയ ആരോഗ്യ ദൗത്യം (എൻ.ആർ.എച്ച്.എം.) മുഖേന ഏർപ്പെടുത്തുന്ന ലാബുകളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മുഖേനയാണ് ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുന്നത്.

**ഡോക്ടർമാരുടെയും ജീവനക്കാരുടെയും നിയമനം**

208 (210) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയെ 2010-ൽ ജില്ലാ ആശുപത്രിയാക്കിയും 2012-ൽ ജനറൽ ആശുപത്രിയാക്കിയും ഉയർത്തുകയുണ്ടായെങ്കിലും താലൂക്ക് ആശുപത്രി ആയിരുന്നപ്പോൾ ഉണ്ടായിരുന്ന ഡോക്ടർമാരും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുമാണ് ഇപ്പോഴും നിലവിലുള്ളതെന്നതിനാൽ ജനറൽ ആശുപത്രിയായി മാറുമ്പോൾ ഉണ്ടാകേണ്ട ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ 49391/എം1/13/ആ.കു.വ.എന്ന ഫയലിലും ട്രോമാ കെയർ സംവിധാനം ആരംഭിക്കുന്ന വിഷയം 2275/എം1/16/ആ.കു.വ. എന്ന ഫയലിലും നടപടി സ്വീകരിച്ചു വരുന്നു.

**മഴക്കാലപൂർവ്വ രോഗങ്ങൾ**

209(211) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ രോഗങ്ങൾ തടയുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മണ്ഡലത്തിലും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ പ്രത്യേക അവലോകന യോഗങ്ങൾ വിളിച്ചു ചേർത്തിട്ടുണ്ടോ; നടപടികളുടെ പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഓരോ മണ്ഡലത്തിലേക്കു നിശ്ചിത തുക നീക്കി വച്ചിട്ടുണ്ടോ; എങ്കിൽ ഈ തുക വിനിയോഗിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഈ സംരംഭങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മെയ് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട ആരോഗ്യ മന്ത്രിയുടെയും ഇതര മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനങ്ങൾ എടുത്തിരുന്നു. ഇതനുസരിച്ച് മെയ് 30-ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെയും ജില്ലാ മെഡിക്കൽ ആഫീസർമാരുടെയും വീഡിയോ കോൺഫറൻസ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. ജൂൺ 1 മുതൽ 5 വരെ ശുചീകരണ വാരമായി ആചരിച്ച് മഴക്കാലപൂർവ്വ ശുചീകരണം കാര്യക്ഷമമാക്കി. ജൂൺ 5-ന് ലോക പരിസ്ഥിതി ദിനത്തിൽ സംസ്ഥാനമൊട്ടാകെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ യോഗംകൂടി സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. മെയ് മാസത്തെ സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും ജൂൺ മാസത്തെ ജില്ലാ/ബ്ലോക്കുതല മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും മഴക്കാലപൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി. ഓരോ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസിൽ കൺട്രോൾ റൂം തുറക്കുകയുണ്ടായി. ജില്ലകളിലും സംസ്ഥാനത്തും ദിവസേന രോഗ വിവരം, രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ അതാത് ആരോഗ്യ വകുപ്പ് ടീമുകൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. എം.എൽ.എ.മാരും യോഗം വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ പ്രത്യേകം വിലയിരുത്തിവരുന്നു. എല്ലാ ജില്ലകളിലും സ്വകാര്യ ഡോക്ടർമാർ അടക്കമുള്ള ഡോക്ടർമാർക്ക് ചികിത്സാ മാർഗ്ഗരേഖകളെപ്പറ്റിയും ഫീൽഡ് ഉദ്യോഗസ്ഥർക്ക് രോഗ നിയന്ത്രണത്തെപ്പറ്റിയും പ്രത്യേക പരിശീലനം നൽകി. രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ സംസ്ഥാന/ജില്ലാ ദ്രുതകർമ്മസേന സന്ദർശിച്ച് രോഗം നിയന്ത്രണ വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും മന്ത്രിതല അവലോകന യോഗം കൂടിയിട്ടുണ്ട്. എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ കൂടിയ അവലോകന യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | അവലോകന യോഗം കൂടിയിട്ടില്ല. |
| കൊല്ലം | - | പത്തനാപുരം നിയോജകമണ്ഡലത്തിൽ അവലോകന യോഗം നടന്നു. |
| പത്തനംതിട്ട | - | അവലോകന യോഗം കൂടിയില്ല. |
| ആലപ്പുഴ | - | ചേർത്തല, ചെങ്ങന്നൂർ, അരൂർ, അമ്പലപ്പുഴ എന്നീ 4 മണ്ഡലങ്ങളിൽ അവലോകന യോഗം നടന്നു. |
| കോട്ടയം | - | ഏറ്റുമാനൂർ ഒഴികെയുള്ള എല്ലാ മണ്ഡലങ്ങളിലും അവലോകന യോഗം നടന്നു. |
| ഇടുക്കി | - | അവലോകന യോഗം കൂടിയിട്ടില്ല. |
| എറണാകുളം | - | 10 മണ്ഡലങ്ങളിൽ അവലോകന യോഗം നടന്നിട്ടുണ്ട്. |
| തൃശ്ശൂർ | - | എല്ലാ മണ്ഡലങ്ങളിലും (13 മണ്ഡലം) അവലോകന യോഗം നടന്നു. |
| മലപ്പുറം | - | അവലോകന യോഗം നടന്നില്ല. |
| പാലക്കാട് | - | ഒറ്റപ്പാലം, ആലത്തൂർ, പട്ടാമ്പി, ചിറ്റൂർ എന്നീ 4 മണ്ഡലങ്ങളിൽ അവലോകന യോഗം നടന്നു. |
| കോഴിക്കോട് | - | അവലോകന യോഗം നടന്നിട്ടില്ല. |
| വയനാട് | - | അവലോകന യോഗം നടന്നിട്ടില്ല. |
| കണ്ണൂർ | - | പയ്യന്നൂർ, കല്ല്യാശ്ശേരി മണ്ഡലങ്ങളിൽ അവലോകന യോഗം കൂടി. |
| കാസർഗോഡ് | - | അവലോകന യോഗം നടന്നിട്ടില്ല. |

(സി&ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## പോസ്റ്റുമോർട്ടം

210 (212) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആശുപത്രികളിൽ ഇരുപത്തിനാല് മണിക്കൂറും പോസ്റ്റുമോർട്ടം നടത്താം എന്ന സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ഉത്തരവ് ഇറങ്ങിയത്; ഏതെല്ലാം ആശുപത്രികളിലാണ് പോസ്റ്റ്മോർട്ടം അനുവദിച്ചിട്ടുള്ളത്;

(ബി) ഇരുപത്തിനാല് മണിക്കൂർ പോസ്റ്റുമോർട്ടം ആകാം എന്ന സർക്കാർ ഉത്തരവുണ്ടായിട്ടും കേരളത്തിലെ ആശുപത്രികളിൽ രാത്രികാല പോസ്റ്റുമോർട്ടം നടക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 26-10-2015-ലെ സ.ഉ. (എംഎസ്.) 239/2015/ആ.ക.വ. നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ ആശുപത്രിയിലും രാത്രികാലത്തും പോസ്റ്റുമോർട്ടം നടത്താമെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) രാത്രികാല പോസ്റ്റുമോർട്ടം നടത്താനാവശ്യമായ ജീവനക്കാർ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, കൃത്രിമ വെളിച്ചം എന്നിവയുടെ അപര്യാപ്തത രാത്രികാല പോസ്റ്റുമോർട്ടം നടത്തുന്നതിന് ഒരു തടസ്സമായി നിലകൊള്ളുന്നുണ്ട്. ഈ പരിമിതികൾ പരിഹരിച്ച് രാത്രികാല പോസ്റ്റുമോർട്ടം യാഥാർത്ഥ്യമാക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## അവശ്യമരുന്നുകളുടെ ദൗർലഭ്യം

211 (213) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ദൗർലഭ്യം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്;

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകാനുള്ള കുടിശ്ശിക നൽകി മരുന്ന് വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മഴക്കാല രോഗങ്ങളുടെ വ്യാപന സാദ്ധ്യത കണക്കിലെടുത്ത് അടിയന്തര സാഹചര്യത്തിൽ പ്രാദേശികമായി മരുന്ന് വാങ്ങുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് അവശ്യ മരുന്നുകളുടെ ദൗർലഭ്യം നേരിട്ട കാര്യം പരിശോധിച്ചിട്ടില്ല. എല്ലാ ആശുപത്രികളിലും അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2015-16 കാലയളവിലെ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട് കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. 2016-17 സാമ്പത്തിക വർഷം മരുന്ന് വിതരണത്തിന് തടസ്സമുണ്ടാക്കാത്ത തരത്തിൽ കമ്പനികൾക്ക് നൽകാവുന്ന തുക ലഭ്യമാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു.

(സി) 2016-17 സാമ്പത്തിക വർഷം സംസ്ഥാന ആരോഗ്യ വകുപ്പിനും ആരോഗ്യവിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളുടെയും അനുബന്ധ സാമഗ്രികളുടെയും ഇൻഡന്റ് പ്രസ്തുത വകുപ്പ് ഡയറക്ടർ മാരിൽനിന്നും 2015 നവംബർ മാസംതന്നെ സ്വീകരിച്ച് ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും 2016 ഫെബ്രുവരി മാസത്തോടെ പൂർത്തീകരിച്ച് വിതരണ ഓർഡറുകൾ നൽകുകയും അതനുസരിച്ചുള്ള മരുന്നുകൾ വിവിധ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിലൂടെ നടപ്പ് സാമ്പത്തികവർഷാരംഭം മുതൽ തന്നെ സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്തുവരുന്നു. ഏതെങ്കിലും സാഹചര്യത്തിൽ അത്യാവശ്യ ഘട്ടങ്ങളിൽ തദ്ദേശീയമായി മരുന്ന് സംഭരിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടായാൽ ഉപരിനിർദ്ദേശം നൽകുന്നതിനുള്ള അധികാരം ആരോഗ്യവകുപ്പ് ഡയറക്ടറുടെയും ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറുടെയും മേൽ നിക്ഷിപ്തമാണ്.

**പഴവർഗ്ഗങ്ങളിൽ ഉപയോഗിക്കുന്ന രാസവസ്തുക്കൾ**

212 (214) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്ങ, ഓറഞ്ച്, മുന്തിരി, തണ്ണിമത്തൻ, വാഴപ്പഴം തുടങ്ങിയ പഴവർഗ്ഗങ്ങളും മറ്റും പഴപ്പിക്കാനും അവയ്ക്ക് നിറം ലഭിക്കാനും മാരകമായ രാസവസ്തുക്കൾ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ രാസവസ്തുക്കളാണ് പ്രധാനമായും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ;

(സി) അർബുദം പോലെയുള്ള മാരകരോഗങ്ങൾക്ക് ഇത്തരം രാസവസ്തുക്കൾ കാരണമാകുമോ;

(ഡി) എങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളതെന്നും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നുമുള്ളതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മാങ്ങ പഴുപ്പിക്കാൻ കാൽസ്യം കാർബൈഡ് പോലുള്ള രാസവസ്തുക്കൾ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഓറഞ്ച്, മുന്തിരി, തണ്ണിമത്തൻ, വാഴപ്പഴം തുടങ്ങിയ പഴവർഗ്ഗങ്ങളും മറ്റും പഴുപ്പിക്കാനും അവയ്ക്ക് നിറം ലഭിക്കാനും മാരകമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മാങ്ങ പഴുപ്പിക്കാൻ കാൽസ്യം കാർബൈഡ് പോലുള്ള രാസവസ്തുക്കൾ ഉപയോഗിക്കുന്നു.

(സി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നു.

(ഡി) സ്ക്വാഡുകൾ രൂപീകരിച്ച് ഇൻസ്പെക്ഷൻ നടത്തി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ഒ. പി. ബ്ലോക്ക് നിർമ്മാണം

213 (215) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് പ്ലാൻ ഫണ്ട് വിനിയോഗിച്ച് ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ഒ.പി. ബ്ലോക്ക് നിർമ്മിക്കുവാൻ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ;

(ബി) ഇതിനായി ആരോഗ്യ വകുപ്പ്, പൊതുമരാമത്ത് വകുപ്പിൻെറ സഹായത്താൽ തയ്യാറാക്കിയിരിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലുള്ള ഫയലിന്റെ നമ്പരും, തീയതിയും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ഒ.പി. ബ്ലോക്ക് നിർമ്മാണം 2016-17 സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റ് ശിപാർശയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭഘട്ടത്തിലാണ്.

(ബി) 350 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക.

(സി) 2016-17 സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടിക്കായി എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടിയുടെ ആരംഭഘട്ടത്തിലാണ്. ആയതിനാൽ ഫയൽ നമ്പർ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ആയിട്ടില്ലാത്തതാണ്.

**രോഗ പ്രതിരോധത്തിനായി ചെലവഴിക്കുന്ന തുക**

214(216) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണത്തിനുള്ള ചെലവ് ദേശീയ ശരാശരിയെ അപേക്ഷിച്ച് കൂടുതലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗപ്രതിരോധ രംഗത്ത് ചെലവാക്കുന്നതിനേക്കാൾ കൂടുതൽ ചെലവ് ചികിത്സാരംഗത്ത് ചെലവഴിക്കേണ്ടി വരുന്ന സാഹചര്യം വിശകലനം ചെയ്തിട്ടുണ്ടോ;

(സി) സംസ്ഥാനം രോഗപ്രതിരോധത്തിനായി ചെലവഴിക്കുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) പകർച്ചവ്യാധികൾ തടയുന്ന കാര്യത്തിൽ കേരളം, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് എത്രമാത്രം വിജയം കൈവരിച്ചിട്ടുണ്ടെന്ന വിവരം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശകലനം ചെയ്തിട്ടുണ്ട്.

(സി) രോഗപ്രതിരോധത്തിന്റെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കേണ്ടതുണ്ട്.

(ഡി) മലമ്പനി നിവാരണത്തിന്റെ കാര്യത്തിൽ കേരളം മറ്റ് 14 സംസ്ഥാനങ്ങളോടൊപ്പം കാറ്റഗറി 1-ൽ (മലമ്പനി രോഗാണു ബാധിതരുടെ എണ്ണം ആയിരത്തിലൊന്ന് എന്ന തോതിലാണ് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും) തന്നെയാണ് നിലനിൽക്കുന്നത്. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാടും കർണാടകയും ഇപ്പോഴും കാറ്റഗറി 2-ൽ ആണ് (മലമ്പനി രോഗാണു ബാധിതരുടെ എണ്ണം ആയിരത്തിലൊന്ന് എന്ന തോതിൽ സംസ്ഥാനതലത്തിലും ആയിരത്തിലൊന്നിൽ കൂടുതൽ എന്ന തോതിൽ ജില്ലാതലത്തിലും). 2020-ഓടെ കേരളത്തിൽനിന്നും മലമ്പനി നിവാരണം ചെയ്യാനാണ് ഇന്ത്യാ ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇന്ത്യയിൽ മന്തുരോഗ നിവാരണ സാദ്ധ്യതാസർവ്വേയിൽ ഗോവ, പോണ്ടിച്ചേരി മുതലായ കേന്ദ്രഭരണ പ്രദേശങ്ങളിൽ മാത്രമാണ് കുട്ടികളിൽ മന്തുരോഗ സാദ്ധ്യത കുറഞ്ഞതായി കണ്ടെത്തിയിട്ടുള്ളത്. കേരളത്തിൽ പാലക്കാട്, മലപ്പുറം, കാസർഗോഡ്, ആലപ്പുഴ ഒഴികെ ബാക്കി 10 ജില്ലകളിലും പ്രസ്തുത സർവ്വെ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. 2016-17 വർഷത്തോടെ ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2020-ഓടെ പാലക്കാട്, മലപ്പുറം ഉൾപ്പെടെ എല്ലാ ജില്ലകളിലും മന്തുരോഗ നിവാരണം സാദ്ധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡങ്കി, ചിക്കുൺഗുനിയ മുതലായ രോഗങ്ങൾ ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളെപ്പോലെതന്നെ കേരളത്തിലും വ്യാപകമായിട്ടുണ്ട്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലും ഡെങ്കിപ്പനിയും മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുരങ്ങുപനി 2015-ൽ വയനാട് ജില്ലയിൽ വ്യാപകമായി റിപ്പോർട്ട് ചെയ്തിരുന്നു. 102 പേർക്ക് രോഗബാധയും സംഭവിച്ചിരുന്നു. എന്നാൽ 2016-ൽ ഇതുവരെ 9 പേർക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. മരണം ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ഈ വർഷം ഗോവയിലും മഹാരാഷ്ട്രയിലും കൂടുതൽ പേർക്ക് ഈ രോഗബാധയുണ്ടായിട്ടുണ്ട്. സ്ക്രബ് ടൈഫസ് ഡൽഹി ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ കഴിഞ്ഞ വർഷം വ്യാപകമായിരുന്നു. കേരളത്തിൽ തിരുവനന്തപുരം ജില്ലയിലാണ് ഈ രോഗം കൂടുതൽ ഉണ്ടായിട്ടുള്ളത്. കൊല്ലം, കോഴിക്കോട്, വയനാട് ജില്ലകളിലും രോഗബാധയുണ്ടായിട്ടുണ്ട്. ഇത് മറ്റ് സംസ്ഥാനങ്ങളെക്കാൾ കുറവാണ്. എച്ച്-1 എൻ-1 രോഗബാധയും മരണവും 2015-ൽ മറ്റു സംസ്ഥാനങ്ങളിലെ പോലെതന്നെ കേരളത്തിലും കൂടുതലായിരുന്നു. ഗുജറാത്ത്, ഡൽഹി, മഹാരാഷ്ട്ര മുതലായ സംസ്ഥാനങ്ങളിൽ കേരളത്തെ അപേക്ഷിച്ച് രോഗബാധയും മരണവും വളരെ കൂടുതലാണ്.

## 108 ആംബുലൻസുകളുടെ പ്രവർത്തനം

215 (217) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസുകളുടെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ആംബുലൻസുകളുടെ സേവനം ജനങ്ങൾക്ക് വീണ്ടും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആംബുലൻസുകളുടെ സേവനം ഏതെല്ലാം ജില്ലകളിലാണ് ലഭ്യമാക്കിയിരുന്നത്; ഇതിനായി മൊത്തം എത്ര വാഹനങ്ങൾ സർവ്വീസ് നടത്തിയിരുന്നു; ഇപ്പോൾ സർവ്വീസിന് യോഗ്യമായ എത്ര ആംബുലൻസുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 108 ആംബുലൻസുകളുടെ സേവനം ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത വാഹനങ്ങൾക്ക് നിയമപരമായി എല്ലാ വർഷവും എടുക്കേണ്ട സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് ടെസ്റ്റിനു (സി.എഫ്.ടി.) വേണ്ടി യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതിരുന്നതിനാൽ ആംബുലൻസുകളുടെ സേവനം ജനങ്ങൾക്ക് ലഭ്യമായിരുന്നില്ല. ഇക്കാര്യം പരിശോധിച്ച് വാഹനങ്ങളുടെ സി.എഫ്. ടെസ്റ്റ് പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി 108 ആംബുലൻസ് സേവനം ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വാഹനങ്ങളുടെ സേവനം തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലാണ് നടത്തി വരുന്നത്. തിരുവനന്തപുരം ജില്ലയിൽ 25 വാഹനങ്ങളും ആലപ്പുഴ ജില്ലയിൽ 18 വാഹനങ്ങളും സേവനം നടത്തി വരുന്നു. ഈ 43 വാഹനങ്ങളും സേവന യോഗ്യമാണ്. 21-6-2016-ൽ തിരുവനന്തപുരം ജില്ലയിലെ 22 വാഹനങ്ങളും ആലപ്പുഴ ജില്ലയിലെ 10 വാഹനങ്ങളും സി.എഫ്. ടെസ്റ്റിനായി വർക്ക്ഷോപ്പിൽ അറ്റകുറ്റപ്പണികൾ നടത്തി വരുന്നു.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## സ്റ്റാഫ് നഴ്സ് ഗ്രേഡ്-II റാങ്ക് ലിസ്റ്റിന്റെ കാലാവധി

216 (218) ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാഫ് നഴ്സ് ഗ്രേഡ് -II ന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; ആയത് ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുവോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര നിയമനം നടത്തി;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു;

(ഡി) സ്റ്റാഫ് നെഴ്സ് ഗ്രേഡ്-II തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത ഒഴിവുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ഒഴിവുകളിലേക്ക് അടിയന്തരമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു?

### ഉത്തരം

(എ) ഉണ്ട്. ഒരു തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്നു വർഷവുമാണ് കാലാവധി. ഒരു വർഷത്തിനുശേഷം ഇതേ തസ്തികയ്ക്ക് പുതിയ റാങ്കുപട്ടിക നിലവിൽ വരുന്നപക്ഷം നിലവിലെ പട്ടികയുടെ കാലാവധി അവസാനിക്കും. ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ആരോഗ്യ വകുപ്പിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുള്ള 27 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്കുള്ള നിയമന ശിപാർശ താമസംവിനാ നടത്തിവരികയും അഡ്വൈസ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തുവരുന്നു.

(എഫ്) ബാധകമല്ല.

**കല്ലടിക്കോട് പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തുന്നത്**

217 (219) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കല്ലടിക്കോട് PHC -യെ CHC-ആയി ഉയർത്തി ട്രോമാ കെയർ കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ കല്ലടിക്കോട് പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തുന്നകാര്യം പരിശോധിച്ചുവരുന്നു.

**പുതിയ മെഡിക്കൽ കോളേജുകളുടെ വികസനം**

218 (220) ശ്രീ. വി. ജോയി :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പര്യാപ്തമായ പശ്ചാത്തലമൊരുക്കാതെ താലൂക്ക്-ജില്ലാ-ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകൾ ആയി പ്രഖ്യാപിച്ച മുൻ സർക്കാരിന്റെ നടപടി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ദ്വിതീയ തലത്തിലുള്ള ആശുപത്രികളിലെ സൗകര്യം വർദ്ധിപ്പിക്കാതെ ജില്ലാ-ജനറൽ ആശുപത്രികളെ മെഡിക്കൽകോളേജുകളാക്കി മാറ്റുന്നത് രോഗികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സർക്കാർ ഇക്കാര്യത്തിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ മെഡിക്കൽ കോളേജുകളായി പ്രവർത്തിച്ചു തുടങ്ങിയവയുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കാനും ചികിത്സാ - അദ്ധ്യയന നിലവാരം ഉയർത്താനും സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യം പരിശോധിച്ചു വരികയാണ്.

(സി) നിലവിൽ മെഡിക്കൽ കോളേജുകളായി പ്രവർത്തിച്ചു തുടങ്ങിയവയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുകയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

**സ്വാശ്രയ മെഡിക്കൽ കോളേജുകൾ**

219 (221) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷം സർക്കാർ, സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഓരോ വിഭാഗത്തിലും എത്ര മെഡിക്കൽ സീറ്റുകളാണ് നിലവിലുണ്ടായിരുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഈ വർഷം സർക്കാർ സ്വാശ്രയ കോളേജുകളിലെ വിവിധ വിഭാഗം സീറ്റുകൾ എത്രയെന്ന് വിശദമാക്കാമോ;

(സി) ഈ വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് ഘടന പരിഷ്ക്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സർക്കാരുമായി കരാറിൽ ഏർപ്പെടാത്ത എത്ര സ്വാശ്രയ മെഡിക്കൽ കോളേജുകൾ സംസ്ഥാനത്തുണ്ട്;

(ഇ) ഈ കോളേജുകളോടുള്ള സർക്കാർ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ മേഖലയിൽ 1250 സീറ്റുകളും സ്വാശ്രയ മേഖലയിൽ 2150 സീറ്റുകളും ഉണ്ടായിരുന്നു.

(ബി) ഈ വർഷത്തെ സീറ്റുകളുടെ പൂർണ്ണ വിവരം ലഭ്യമായിട്ടില്ല.

(സി-ഇ) ടി വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

**മെഡിക്കൽ കോളേജുകൾ**

220 (222) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തത്;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പുതുതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ നടപടി എടുത്തിട്ടുണ്ട്;

(സി) പുതിയ മെഡിക്കൽ കോളേജുകളിൽ കോഴ്സുകൾ തുടങ്ങാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കഴിഞ്ഞ സർക്കാർ മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, തിരുവനന്തപുരം, വയനാട് എന്നിവിടങ്ങളിൽ സർക്കാർ മേഖലയിലും ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് സംയുക്ത മേഖലയിലും മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇവിടങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, സ്റ്റാഫ് എന്നിവ ലഭ്യമല്ലാതിരുന്നതിനാൽ പല ജില്ലകളിലും കോളേജുകളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) 8 എണ്ണം.

(സി) പുതുതായി ആരംഭിച്ച മഞ്ചേരി, ഇടുക്കി എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളിൽ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലും എം.സി.ഐ. അംഗീകാരമില്ലാത്തതിനാലും മറ്റ് കോളേജുകളിൽ കോഴ്സുകൾ തുടങ്ങാൻ സാധിച്ചിട്ടില്ല.

## കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ്

221 (223) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക എത്രയാണ്; ഈ തുക എങ്ങനെയാണ് കണ്ടെത്തുന്നത്; ഇതുവരെ അനുവദിച്ച തുകയും സ്രോതസ്സും എന്താണ്;

(സി) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് എപ്പോൾ നാടിനു സമർപ്പിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിനുവേണ്ടി 25.06 ഹെക്ടർ സ്ഥലം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കിറ്റ്കോ എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. ആദ്യഘട്ടമായി പ്രോജക്ട് പ്രദേശത്ത് റോഡ് നിർമ്മാണം പൂർത്തീകരിച്ചു. പ്രത്യേക ജലവിതരണ സംവിധാനം ഏർപ്പെടുത്തി. ഇതിനായി 19,95,000 രൂപ കിറ്റ്കോയ്ക്ക് കൈമാറി. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 6845 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5818.25 ലക്ഷം രൂപ നബാർഡ്-ഗ്രാമീണ പുനർനിർമ്മാണ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിക്കാൻ തത്വത്തിൽ അംഗീകാരമായിട്ടുണ്ട്. 5,82,00,000 രൂപ കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. അക്കാദമിക് ബ്ലോക്കിന്റെ പണികൾ നടന്നു വരുന്നു.

(ബി) 28,268.93 ലക്ഷം രൂപയുടെ പദ്ധതി അടങ്കലോടുകൂടിയ പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ചു. 2012-13 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്:

| | | |
|---|---|---|
| 2012-13 | - | 625 ലക്ഷം |
| 2013-14 | - | 250 ലക്ഷം |
| 2014-15 | - | 250 ലക്ഷം |
| 2015-16 | - | 350 ലക്ഷം |
| 2016-17 | - | 750 ലക്ഷം |

കൂടാതെ നബാർഡ് ആർ.ഐ.ഡി.എഫ്. ലോൺ ആയി 5818.25 ലക്ഷവും കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി 2500 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) കെട്ടിടങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മെഡിക്കൽ കോളേജ് ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മെഡിക്കൽ/ഡെന്റൽ സീറ്റുകൾ**

222 (224) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ മെഡിക്കൽ/ഡെന്റൽ കോളേജുകളിലായി മൊത്തം എത്ര കുട്ടികൾക്ക് ഡിഗ്രി പഠനസൗകര്യം നിലവിൽ ലഭ്യമാണെന്നതിന്റെ കോളേജു തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എത്ര പി.ജി. സീറ്റുകളുണ്ട്;

(സി) 2010-11 അദ്ധ്യയന വർഷത്തിൽ ഈ മേഖലയിൽ ഓരോന്നിലും എത്ര കോളേജുകൾ ഉണ്ടായിരുന്നു അവയിൽ ഓരോന്നിലും എത്ര ഡിഗ്രി, പി.ജി. സീറ്റുകൾ ഉണ്ടായിരുന്നു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മെഡിക്കൽ വിഭാഗത്തിൽ ആകെ 3400 സീറ്റുകളും ഡെന്റൽ വിഭാഗത്തിൽ 1600 സീറ്റുകളുമാണ് ഉള്ളത്. കോളേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ പി.ജി. ഡിഗ്രിക്കായി 533 സീറ്റുകളും പി.ജി. ഡിപ്ലോമയ്ക്കായി 157 സീറ്റുകളുമാണുള്ളത്. സ്വകാര്യ മേഖലയിൽ പി.ജി. ഡിഗ്രിക്കായി 138 സീറ്റുകളും പി.ജി. ഡിപ്ലോമയ്ക്കായി 25 സീറ്റുകളുമാണുള്ളത്.

(സി) പി.ജി.

2010-11 അദ്ധ്യയന വർഷത്തിൽ സർക്കാർ മെഡിക്കൽ കോളേജുകൾ അഞ്ചും സ്വകാര്യ മെഡിക്കൽ കോളേജുകൾ ഒൻപത് എണ്ണവുമാണുള്ളത്.

എം.ബി.ബി.എസ്.

സർക്കാർ മേഖലയിൽ 5 കോളേജും സ്വാശ്രയ മേഖലയിൽ 13 എണ്ണവും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബി.ഡി.എസ്.

സർക്കാർ മേഖലയിൽ 3 കോളേജും സ്വാശ്രയ മേഖലയിൽ 18 കോളേജും

സീറ്റുകളെക്കുറിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*

2010-11 അദ്ധ്യയന വർഷത്തിൽ ഓരോ കോളേജുകളിലേക്കും പി.ജി. മെഡിക്കൽ സീറ്റുകളുടെ വിശദാംശം താഴെ ചേർക്കുന്നു:

സർക്കാർ മേഖലയിൽ

| | | |
|---|---|---|
| തിരുവനന്തപുരം മെഡിക്കൽ കോളേജ് | - | 158 |
| ആലപ്പുഴ മെഡിക്കൽ കോളേജ് | - | 24 |
| കോട്ടയം മെഡിക്കൽ കോളേജ് | - | 84 |
| തൃശ്ശൂർ മെഡിക്കൽ കോളേജ് | - | 54 |
| കോഴിക്കോട് മെഡിക്കൽ കോളേജ് | - | 113 |
| മൊത്തം | | 433 |

സ്വകാര്യ മേഖലയിൽ

| | | |
|---|---|---|
| അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ | - | 7 |

**ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജിലെ നിയമനം**

223 (225) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജിൽ ഈ വർഷം എത്ര എം.ബി. ബി. എസ്. സീറ്റുകളിലേക്ക് അഡ്മിഷൻ നടത്താനാണ് മെഡിക്കൽ കൗൺസിൽ അംഗീകാരം നൽകിയത്;

(ബി) ഈ മെഡിക്കൽ കോളേജിൽ മുൻ സർക്കാർ എത്ര അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ടോ;

(ഇ) ഈ മെഡിക്കൽ കോളേജിൽ പ്രിൻസിപ്പൽ തസ്തിക എന്നു മുതൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച് ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ എന്നാണ് സമർപ്പിച്ചത്; പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കാൻ കാലതാമസം ഉണ്ടാകാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ഇന്ദിരാഗാന്ധി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2016-17 അദ്ധ്യയന വർഷം 100 എം.ബി.ബി.എസ്. സീറ്റുകളിലേക്ക് അഡ്മിഷൻ നടത്താൻ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ശിപാർശ ചെയ്തിരുന്നു. എന്നാൽ അടിസ്ഥാന സൗകര്യങ്ങളൊന്നും പൂർത്തിയാകാത്ത സാഹചര്യത്തിൽ ആയതിലേക്കുള്ള ലെറ്റർ ഓഫ് പെർമിഷൻ (LOP) ലഭ്യമായിട്ടില്ല.

(ബി) അദ്ധ്യാപകർ - 109

അനദ്ധ്യാപകർ - 25

(സി) നിലവിലെ സാഹചര്യത്തിൽ ടി കോളേജുകളിൽ കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടില്ല.

(ഡി) അദ്ധ്യാപക തസ്തികയിൽ 70 പേരെയും അനദ്ധ്യാപക തസ്തികയിൽ 15 പേരെയും നിയമിച്ചിട്ടുണ്ട്.

(ഇ) ടി മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ തസ്തികയിൽ നിലവിൽ ഒഴിവില്ല. 1-5-2016 മുതൽ 20-6-2016 വരെ ഒഴിഞ്ഞുകിടന്ന ടി തസ്തികയിൽ 20-6-2016-ലെ സർക്കാർ ഉത്തരവ് 1697/2016/ആ.കു.വ.യുടെ (അനുബന്ധം)* അടിസ്ഥാനത്തിൽ 21-6-2016-ന് പുതിയ പ്രിൻസിപ്പൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(എഫ്) 26-5-2016-ൽ ടി പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുകയുണ്ടായി. തുടർന്ന് സർക്കാർ ടി പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും 20-6-2016-ലെ സർക്കാർ ഉത്തരവ് 1697/2016/ആ.കു.വ. (അനുബന്ധം)* പ്രകാരം Dr. അശ്വനി കുമാർ എസ്.-നെ പ്രിൻസിപ്പൽ ആയി നിയമിച്ചിട്ടുണ്ട്. ടി നിയമനം നടത്തുന്നതിന് സർക്കാർ തലത്തിൽ യാതൊരുവിധ കാലതാമസവും വരുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹോമിയോ ഡിസ്പെൻസറി

224 (226) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

നടപടി സ്വീകരിച്ചു വരുന്നു.

## കുട്ടികൾക്കെതിരെയുള്ള ലൈംഗിക പീഡന കേസുകളുടെ വിചാരണ

225 (227) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടികൾ ലൈംഗികമായി പീഡനത്തിന് ഇരയാകുന്ന കേസുകളുടെ വിചാരണ കുട്ടികൾ പ്രായപൂർത്തിയായിക്കഴിഞ്ഞാലും നീണ്ടുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അവയ്ക്ക് അർഹമായ പ്രാധാന്യം നൽകി കേസ് പൂർത്തിയാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്ട് 2012 (പോക്സോ ആക്ട്) പ്രകാരമുള്ള കേസുകളിൽ നടപടിക്രമങ്ങൾ പോലീസ് സമയബന്ധിതമായി സ്വീകരിക്കണമെന്നും കേസിന്റെ വിചാരണ സ്പെഷ്യൽ കോടതി കുറ്റവിചാരണയ്ക്കെടുക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം പൂർത്തിയാക്കണമെന്നും പ്രസ്തുത നിയമത്തിൽ വ്യവസ്ഥയുണ്ട്. പോക്സോ ആക്ട് 2012 സെക്ഷൻ 28 പ്രകാരം പോക്സോ കേസുകൾ വേഗത്തിൽ വിചാരണ ചെയ്യുന്നതിനായി എല്ലാ സംസ്ഥാനത്തും ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് ഓരോ ജില്ലയിലും ഓരോ സ്പെഷ്യൽ കോടതിയെ നിയമിക്കണമെന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 31-3-2015-ലെ സ.ഉ. (പി) നമ്പർ 23/2015/സാനീവ. നമ്പർ ഉത്തരവുപ്രകാരം 14 സെഷൻ കോടതികളെ പോക്സോ കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള ചിൽഡ്രൻസ് കോടതികളായി അധികാരപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## ശ്രുതി തരംഗം പദ്ധതി

226 (228) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ ശ്രുവണവൈകല്യം കണ്ടെത്തി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി വൈകല്യം ഒഴിവാക്കുന്ന 'ശ്രുതിതരംഗം' പദ്ധതി തുടരുന്നതിന് ഈ സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത എത്ര പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാനുണ്ട്;

(സി) ഇത്തരം എല്ലാ കേസുകളിലും സമയബന്ധിതമായി സഹായം നൽകുന്നതിന് കഴിയുമോ; എങ്കിൽ പ്രതിവർഷം ഇത്തരത്തിലുള്ള എത്ര കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര കുട്ടികളാണ് വൈകല്യമുക്തി നേടിയത്; ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രുതിതരംഗം പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തതിൽ അർഹരായ എല്ലാ കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ശ്രുതിതരംഗം പദ്ധതിപ്രകാരം സമയബന്ധിതമായി ആനുകൂല്യം നൽകിവരുന്നുണ്ട്. പ്രതിവർഷം ഇത്തരത്തിൽ വൈകല്യമുള്ള 200 കുട്ടികൾക്ക് വീതം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ശ്രുതിതരംഗം പദ്ധതിപ്രകാരം നാളിതുവരെ 660 കുട്ടികൾക്കാണ് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനായി അനുമതി നൽകിയിട്ടുള്ളത്. ഈ സർക്കാർ അധികാരമേറ്റശേഷം 28 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനായുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്.

**ശ്രുതി തരംഗം**

227 (229) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശ്രുതി തരംഗം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്;

(ഡി) എന്തെല്ലാം സഹായമാണ് പദ്ധതിവഴി ലഭിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) 1. അർഹരായവരിൽനിന്നും അപേക്ഷ ശേഖരിച്ച് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2. അപേക്ഷകരിൽ അർഹരായവരെ കണ്ടെത്തുന്നതിനായി റീജിയണൽ ലെവൽ ടെക്നിക്കൽ/സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്.

3. സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് രണ്ടു വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

4. കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനായി സർക്കാർ/പ്രൈവറ്റ് ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.

5. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ശ്രുതിതരംഗം പദ്ധതിവഴി ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷക്കാലം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനും നൽകി വരുന്നു. ഒരു കുട്ടിക്ക് ഏകദേശം 5 ലക്ഷം രൂപയോളം ഈ പദ്ധതി പ്രകാരം ചെലവുവരുന്നുണ്ട്.

**അങ്കണവാടികൾ**

228 (230) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അംഗനവാടികളുണ്ടെന്നും അവയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 22 അങ്കണവാടികളുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത്/ കോർപ്പറേഷൻ | അങ്കണവാടി സെന്റർ നമ്പർ | സ്ഥലം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പുത്തൂർ | 83 | ഏഴാംകല്ല് |
| | | 98 | പഴംവെള്ളം |
| | | 97 | മരോട്ടിച്ചാൽ |
| | | 99 | കുരുടൻചിറ |
| | | 105 | പൊന്നൂക്കര |
| | | 125 | പടവരാട് |
| | | 127 | മരത്താക്കര |
| 2 | മാടക്കത്തറ | 22 | പുതുനഗർ |
| | | 25 | അക്കരപ്പുറം |
| | | 24 | ടെൻസ് |
| 3 | പാണഞ്ചേരി | 75 | കരടിയാള |
| 4 | നടത്തറ | 152 | കുട്ടാല |
| 5 | തൃശ്ശൂർ കോർപ്പറേഷൻ | 101 | പെരുവാംകുളങ്ങര |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 105 | ഒല്ലൂർ ഗ്രാമോദ്ധാരണം റോഡ് |
| | | 87 | അഞ്ചേരി |
| | | 91 | ചിയ്യാരം |
| | | 113 | വളർക്കാവ് |
| | | 114 | അഞ്ചേരി |
| | | 115 | കമ്പനിപ്പടി |
| | | 116 | ചിയ്യാരം |
| | | 54 | ഹിൽപാടി മുല്ലക്കര |
| | | 76 | മണ്ണുത്തി |

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 22 അങ്കണവാടികളിൽ 5 എണ്ണത്തിന് സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ട്. ആയതിൽ ഏഴാംകല്ല് (സെന്റർ നമ്പർ 83) അങ്കണവാടി കെട്ടിടം പൂർത്തിയായിട്ടുണ്ട്. പഴംവെള്ളം (സെന്റർ നമ്പർ 98) അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തിയായി വരുന്നു. ഒല്ലൂർ (സെന്റർ നമ്പർ 105) അങ്കണവാടി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമായവയ്ക്ക് അങ്കണവാടി കെട്ടിടം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളും അവശേഷിക്കുന്നവയ്ക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**പട്ടാമ്പിയിലെ അങ്കണവാടികൾ**

229 (231) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമായി ആകെ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നതെന്നും അവയുടെ പേരും നമ്പരും ഉൾപ്പെടെ അറിയിക്കുമോ;

(ബി) പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്തവ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് ;

(സി) അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാനായി ഗവൺമെന്റ് പുതുതായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്താണ് ;

(ഡി) അങ്കണവാടി ജീവനക്കാരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമായി 217 അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല. നിലവിൽ NABARD, RIDF, MGNREGS, Plan Fund, Model Anganwadi എന്നീ പദ്ധതികളിൽപ്പെടുത്തി അങ്കണവാടി കെട്ടിടനിർമ്മാണം നടന്നു വരുന്നു.

(ഡി) അങ്കണവാടി ജീവനക്കാർക്ക് സേവന-വേതന വ്യവസ്ഥകൾ നിലവിലില്ല. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് അങ്കണവാടി ജീവനക്കാരെ നിയമിക്കുകയും വേതനം അനുവദിക്കുകയും ചെയ്യുന്നത്.

**അങ്കണവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച വേതനം നൽകാൻ നടപടി**

230 (232) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ച, അങ്കണവാടി ജീവനക്കാർക്കുള്ള വേതനം യഥാസമയം ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് വർദ്ധിപ്പിച്ച വേതനം ലഭ്യമാകാത്ത സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) വർദ്ധിപ്പിച്ച വേതനം അങ്കണവാടി ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്നകാര്യം പരിഗണിക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് നേരിട്ട് വേതനം നൽകുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം യഥാക്രമം 10,000 രൂപയും 7000 രൂപയും ആയി വർദ്ധിപ്പിക്കുമ്പോൾ ഇതിലേക്ക് ആവശ്യമായ നിലവിലുള്ള തുകയിൽ നിന്നും വർദ്ധിപ്പിച്ച തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നോ തനതുഫണ്ട് ലഭ്യമല്ലെന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്നപക്ഷം വികസന ഫണ്ടിൽ നിന്നോ നൽകണമെന്ന വ്യവസ്ഥയോടുകൂടി വർദ്ധിപ്പിച്ച വേതനം നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

**അങ്കണവാടി ജീവനക്കാരുടെ വേതനം**

231 (233) <u>ശ്രീ. വി. റ്റി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അങ്കണവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ വർദ്ധിപ്പിച്ച വേതനം ചില സാങ്കേതിക കാരണങ്ങളാൽ സംസ്ഥാനത്തിന്റെ പല സ്ഥലങ്ങളിലും ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ സാങ്കേതിക കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത് പരിഹരിച്ച് എത്രയുംവേഗം ഈ വേതനം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെകാലത്ത് അങ്കണവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് 25-2-2016-ൽ ഉത്തരവായിരുന്നു. അങ്കണവാടി വർക്കർമാർക്ക് നൽകുന്ന ഓണറേറിയും 6,600 രൂപയിൽ (ആറായിരത്തി അറുന്നൂറ് രൂപ മാത്രം) നിന്നും പതിനായിരം രൂപയായും (10,000 രൂപ മാത്രം) ഹെൽപ്പർമാർക്ക് ഓണറേറിയം 4,100 (നാലായിരത്തി ഒരുന്നൂറ് രൂപ മാത്രം)-യിൽ നിന്നും 7,000 രൂപയായും (ഏഴായിരം രൂപ മാത്രം) വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിപ്പിച്ച വേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാനാണ് വ്യവസ്ഥ ചെയ്യുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നതിന് സമയം ആവശ്യമാണ്.

(ഡി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചർച്ച ചെയ്തുവരുന്നു.

**അങ്കണവാടി ജീവനക്കാരുടെ വേതന വർദ്ധനവ്**

232 (234) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർക്ക് വേതനം വർദ്ധിപ്പിച്ചു നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി മുൻ സർക്കാർ പ്രഖ്യാപിച്ച പദ്ധതി നടപ്പായിട്ടുണ്ടോ;

(സി) ഇതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ഡി) അങ്കണവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും വർദ്ധിപ്പിച്ച വേതനം അനുവദിച്ച് നൽകുന്നതിനും പെൻഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. വേതനം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം തനതുഫണ്ടിൽനിന്ന് നൽകാൻ പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചു വരുന്നു.

**അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം**

233 (235) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പുതുക്കിയ ഓണറേറിയം തനത് ഫണ്ടിൽനിന്ന് നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രയാസമനുഭവിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തനത് ഫണ്ടിൽനിന്ന് അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പുതുക്കിയ നിരക്കിലുള്ള ഓണറേറിയം നൽകാൻ കഴിയാത്തതിനാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആയത് വിതരണം ചെയ്യാതിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം നേരിട്ട് നൽകാൻ ആലോചിക്കുന്നുണ്ടോ;

(സി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം പദ്ധതി വിഹിതത്തിൽനിന്ന് നൽകണമെന്ന ആവശ്യം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ മുമ്പാകെ വച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ ആലോചിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വയോജനങ്ങളുടെ ആരോഗ്യം**

234 (236) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വയോജനങ്ങൾക്കായി സാമൂഹ്യ ആരോഗ്യ രംഗത്ത് താഴെത്തട്ടു മുതൽ മേലെത്തട്ടുവരെ പ്രത്യേക ആരോഗ്യ സംവിധാനം രൂപപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

നിലവിൽ സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് 'വയോമിത്രം'. പ്രസ്തുത പദ്ധതിയിലൂടെ സൗജന്യമായി മരുന്നുകൾ, ഹെൽപ്പ്ഡെസ്ക്, കൗൺസിലിംഗ് എന്നീ സേവനങ്ങൾ നൽകി വരുന്നുണ്ട്. 2010-11 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതി നിലവിൽ 42 മുനിസിപ്പൽ നഗരസഭാ പ്രദേശത്ത് നടപ്പാക്കി വരുന്നുണ്ട്. പദ്ധതി ഘട്ടം ഘട്ടമായി മുഴുവൻ മുനിസിപ്പൽ പ്രദേശത്തും നടപ്പാക്കുന്നതിനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ച് വരുന്നു. സമഗ്രമായ പദ്ധതിയെ കുറിച്ച് സർക്കാർ ആലോചിച്ചു വരുന്നു.

**അങ്കണവാടികളുടെ നിർമ്മാണ പുരോഗതി**

235 (237) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ, പഴയകുന്നുമ്മേൽ, കരവാരം, പുളിമാത്ത്, കിളിമാനൂർ ഗ്രാമ പഞ്ചായത്തുകളിലായി നബാർഡ് സഹായത്തോടെയും പ്ലാൻ ഫണ്ട് വിനിയോഗിച്ചും ഏതെല്ലാം അങ്കണവാടികൾ നിർമ്മിക്കുവാൻ 2014-15 ലും 2015-16-ലും ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും എന്ത് തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതെന്നും നിർമ്മാണം എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി)

| പഞ്ചായത്ത് സെന്റർ നമ്പർ | വർഷം | പദ്ധതി | അനുവദിച്ച തുക | നിർമ്മാണ ഏജൻസി | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| പുളിമാത്ത് - 7 | 2014-15 | NABARD RIDF | 8.10 ലക്ഷം | LSGD | പണി തുടങ്ങിയിട്ടില്ല |
| (1) | (2) | (3) | (4) | (5) | (6) |
| പുളിമാത്ത് - 23 | 2014-15 | NABARD RIDF | 8.10 ലക്ഷം | LSGD | കോൺക്രീറ്റ് കഴിഞ്ഞു. ചുറ്റുമതിൽ പണി നടക്കുന്നു |
| പഴയകുന്നുമ്മേൽ-43 | 2014-15 | NABARD RIDF | 8.10 ലക്ഷം | LSGD | പണി തുടങ്ങിയിട്ടില്ല |
| നഗരൂർ- 99 | 2014-15 | NABARD RIDF | 8.10 ലക്ഷം | LSGD | പണി തുടങ്ങിയിട്ടില്ല |
| നഗരൂർ -108 | 2014-15 | NABARD RIDF | 8.10 ലക്ഷം | LSGD | പണി തുടങ്ങിയിട്ടില്ല |
| കരവാരം- 83 | 2014-15 | Plan fund | 11.66 ലക്ഷം | PWD | Roof level |
| കരവാരം- 113 | 2014-15 | Plan fund | 11.66 ലക്ഷം | PWD | Roof level |
| നഗരൂർ- 97 | 2015-16 | Plan fund | 13 ലക്ഷം | PWD | കോൺക്രീറ്റ് കഴിഞ്ഞു. |
| പഴയകുന്നുമ്മേൽ-53 | 2015-16 | Plan fund | 13 ലക്ഷം | PWD | പണി തുടങ്ങിയിട്ടില്ല |
| കിളിമാനൂർ | - - | - - | - - | - - | - - |

നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**റേഷൻ കാർഡ്**

236(238) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) പുതിയ റേഷൻ കാർഡുകൾ കാർഡുടമകൾക്ക് എന്ന് ലഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) റേഷൻ കാർഡിലെ വിവരങ്ങൾ കുറ്റമറ്റതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കരട് മുൻഗണനാപ്പട്ടിക പ്രസിദ്ധീകരിച്ചശേഷം അതിൻമേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ചാൽ മാത്രമേ പുതിയ റേഷൻ കാർഡ് വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ.

(സി) ആദ്യഘട്ടത്തിൽ പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾ വിതരണം ചെയ്തതിലൂടെ ലഭ്യമായ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തി കാർഡുടമകൾക്ക് അവരുടെ വിവരങ്ങൾ കാണുന്നതിനും തെറ്റുണ്ടെങ്കിൽ തിരുത്തുന്നതിനുമായി ഓൺലൈനായി അവസരം നൽകി. ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ വിതരണം ചെയ്ത് തെറ്റുകൾ ഉണ്ടെങ്കിൽ അവ തിരുത്തുന്നതിനും പുതിയ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനും അവസരം നൽകി. പ്രസ്തുത ഫോറങ്ങളുടെ ഡാറ്റാ എൻട്രിയും പൂർത്തീകരിച്ചു.

**ഇ-ടെണ്ടർ വ്യവസ്ഥയും പർച്ചേസ് മാന്വലും**

237 (239) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഇ-ടെണ്ടർ വ്യവസ്ഥയും പർച്ചേയ്സ് മാന്വലും ലംഘിച്ചുകൊണ്ട് സിവിൽ സപ്ലൈസ് വകുപ്പ് നടത്തിയ ഇടപാടുകളെ കുറിച്ചുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ ;എങ്കിൽ വിശദമാക്കുമോ ;

(ബി) ഈ ഇടപാടുകൾ സംബന്ധിച്ച് മുൻ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവരെ കുറിച്ച് വിജിലൻസ് ത്വരിതാന്വേഷണത്തിന് ഉത്തരവിടാനുള്ള സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അന്വേഷണം ഏതു ഘട്ടത്തിലാണെന്നും അതിന്റെ പുരോഗതിയും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുകമ്പോളത്തിലെ വിലക്കയറ്റം തടയാൻ കഴിയുന്ന തരത്തിൽ കമ്പോള ഇടപെടൽ നടത്തുന്നതിൽ കോർപ്പറേഷൻ പരാജയപ്പെട്ടതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

<u>ഉത്തരം</u>

(എ&ബി) 2011-16 കാലയളവിലെ സർക്കാരിന്റെ കാലത്ത് ഇ-ടെണ്ടർ വ്യവസ്ഥയും പർച്ചേസ് മാന്വലും ലംഘിച്ചുകൊണ്ട് സിവിൽ സപ്ലൈസ് വകുപ്പ് നടത്തിയ ഇടപാടുകളെക്കുറിച്ചും പ്രസ്തുത കാലയളവിലെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പു മന്ത്രിയായിരുന്ന ശ്രീ. അനൂപ് ജേക്കബ് നടത്തിയ 36.5 കോടിയുടെ അഴിമതിയെ കുറിച്ചും അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. ആയിരുന്ന ശ്രീ. വി. ശിവൻകുട്ടി 22-2-2016-ന് ഡയറക്ടർക്ക് പരാതി നൽകിയിരുന്നു. പ്രസ്തുത പരാതി പരിശോധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എറണാകുളം മദ്ധ്യമേഖലാ പോലീസ് സൂപ്രണ്ട് മുഖാന്തിരം ഒരു സത്വരാന്വേഷണം നടത്തുന്നതിന് 24-2-2016-ന് ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ക്യു.വി. 07/2016/സി.ആർ.ഇ. എന്ന നമ്പരിൽ എറണാകുളം മദ്ധ്യമേഖല പോലീസ് സൂപ്രണ്ട് സത്വരാന്വേഷണം നടത്തി വരുന്നു. അന്വേഷണം ഉടൻ പൂർത്തീകരിച്ച് നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(ഡി) കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനത്തിന് പൊതുവിപണിയിലെ വിലവർദ്ധനവ് ഉണ്ടാക്കുന്ന ഘടകങ്ങളെ നിയന്ത്രിക്കുവാനും സ്വാധീനിക്കുവാനുമുള്ള സംവിധാനം വളരെ പരിമിതമാണ്. എന്നാൽ സാമ്പത്തിക പരിമിതിമൂലം വിപണിയിടപെടൽവഴി അവശ്യ സാധനങ്ങൾ കൂടുതൽ അളവിൽ എത്തിക്കുവാൻ സപ്ലൈകോയ്ക്ക് സാധിച്ചിരുന്നില്ല. ഇത് മറികടക്കുന്നതിനായി സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ തടസ്സമില്ലാതെ തുടരുന്നതിന് കൂടുതൽ തുക അനുവദിച്ചു കൊണ്ട് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ബി.പി.എൽ. കാർഡ്**

238 (240) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് ബി.പി.എൽ കാർഡുകൾ പലതും എ.പി.എൽ. കാർഡുകളാക്കി മാറ്റിയിട്ടുള്ളതായി പരാതികൾ ലഭ്യമായിട്ടുണ്ടോ;

(ബി) അർഹരായവർക്കെല്ലാം ബി.പി.എൽ. കാർഡ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനായി സിവിൽ സപ്ലൈസ്, റവന്യൂ, ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയുക്ത സമിതി രൂപീകരിച്ച് കാലതാമസം ഒഴിവാക്കി ബി.പി.എൽ. കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വെട്ടിക്കുറച്ച റേഷൻ വിഹിതം പുനഃസ്ഥാപിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി-ഡി) സ്വീകരിക്കും. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ/മുൻഗണനേതര കരട് പട്ടിക തയ്യാറാക്കിയിട്ടുണ്ട്. കരട് മുൻഗണനാ പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വില്ലേജ് ഓഫീസർ എന്നിവർ അംഗങ്ങളുമായ വെരിഫിക്കേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 2016 ഏപ്രിൽ മുതൽ കേന്ദ്രത്തിൽ നിന്ന് അരിയുടെയും ഗോതമ്പിന്റെയും അഡ്ഹോക്ക് വിഹിതം (അഡീഷണൽ അലോട്ട്മെന്റ്) ലഭിക്കാതിരുന്നതിനാലാണ് 2016 ഏപ്രിൽ മുതൽ എ.പി.എൽ. വിഭാഗത്തിനുള്ള പ്രതിമാസ അരി വിഹിതം 7 കിലോഗ്രാമായും എ.പി.എൽ. ഗോതമ്പ് 1 കിലോഗ്രാമായും ബി.പി.എൽ. ഗോതമ്പ് 5 കിലോഗ്രാമായും നിജപ്പെടുത്തേണ്ടി വന്നത്. 2016 ഏപ്രിൽ മുതൽ 2016 ജൂൺ വരെയുള്ള മൂന്ന് മാസത്തേക്ക് മാത്രമാണ് അഡ്ഹോക്ക് വിഹിതം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. 2016 ജൂലൈ മുതൽ അഡ്ഹോക്ക് വിഹിതം ലഭിച്ചെങ്കിൽ മാത്രമേ കുറവ് വരുത്തിയ അരി/ഗോതമ്പ് വിഹിതം പുനഃസ്ഥാപിച്ച് വിതരണം നടത്തുന്നതിന് കഴിയുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കെ.എസ്.സി.എസ്.സി. ഔട്ട് ലെറ്റുകൾ**

239 (241) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.സി.എസ്.സി. റീട്ടെയിൽ ഔട്ട്ലറ്റുകളിൽ പരിശോധനയ്ക്കായി വിജിലൻസ് വിഭാഗം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ഈ സ്ക്വാഡ് സംസ്ഥാനത്താകെ മിന്നൽ പരിശോധനകൾ നടത്തി വരുന്നുണ്ടോ;

(സി) വിജിലൻസ് പരിശോധനാ വിഭാഗം കോഡ് നമ്പർ 0101202 എന്ന റീട്ടെയിൽ ഔട്ട്ലറ്റിൽ എപ്പോഴെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം വിശദമാക്കുമോ;

(ഡി) സ്ഥിരം ജീവനക്കാരുടെ പെരുമാറ്റവും ഇടപെടലും നല്ലതാക്കാൻ കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സപ്ലൈകോ റീട്ടെയിൽ ഔട്ട്‌ലെറ്റുകളിൽ പരിശോധനയ്ക്കായി വിജിലൻസ് ഓഫീസറും കൂടാതെ ഫ്ലയിംഗ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ മേഖലകളിലേക്കായി സൂപ്പർവൈസറി കാറ്റഗറിയിൽപ്പെടുന്ന ഓരോ ഓഫീസർമാരെയാണ് നിയോഗിച്ചിരിക്കുന്നത്. അതാത് താലൂക്ക് ഡിപ്പോകളിലെ JM(M&I)-മാർ നടത്തുന്ന പരിശോധനകളിൽ ഉപരിപരിശോധന നടത്തുന്നതിനും അല്ലാതെയുള്ള മിന്നൽ പരിശോധനകൾക്കും വിവിധ പരാതികൾ വിശദമായി അന്വേഷിക്കുന്നതിനും അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.

(ബി) മിന്നൽ പരിശോധനകൾ നടത്തി വരുന്നുണ്ട്.

(സി) 0101202 എന്ന റീട്ടെയിൽ ഔട്ട്‌ലെറ്റിൽ (കമലേശ്വരം ലാഭം മാർക്കറ്റ്) വിജിലൻസ് പരിശോധനാ വിഭാഗം പരിശോധന നടത്തിയിട്ടില്ല.

(ഡി) ഉപഭോക്താക്കളോട് മാന്യമായി ഇടപെടുന്നതിന് ജീവനക്കാർക്ക് നിർദ്ദേശം നൽകാറുണ്ട്.

**ഒരു രൂപയ്ക്ക് അരി**

240 (242) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു രൂപയ്ക്ക് അരി റേഷനായി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനായത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾക്ക് ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി 2011 സെപ്റ്റംബർ 1 മുതൽ ആരംഭിച്ചു. എന്നാൽ 2-3-2016-ലെ സ.ഉ. (കൈ) നം. 3/2016/ഭ.പൊ.വി.വ. ഉത്തരവുപ്രകാരം ബി.പി.എൽ., എ.എ.വൈ. കുടുംബങ്ങൾക്കുള്ള അരി വിതരണം 2016 ഏപ്രിൽ മുതൽ സൗജന്യമാക്കിയിട്ടുണ്ട്.

(ബി) ദാരിദ്ര്യവിമുക്ത കേരളം എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ടി പദ്ധതി ആരംഭിച്ചത്. സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബി.പി.എൽ. എ.എ.വൈ. കുടുംബങ്ങൾക്ക് പദ്ധതി ആശ്വാസമായി. അരിയുടെ വിലക്കയറ്റം തടയുന്നതിന് സഹായകരമായി.

(സി) കേന്ദ്രം അനുവദിക്കുന്ന അരിക്ക് സംസ്ഥാനത്തിന് സബ്സിഡി ഇനത്തിൽ ചെലവാകുന്ന തുക എഫ്.സി.ഐ.-യിൽ മുൻകൂറായാണ് ഒടുക്കുന്നത്. കേന്ദ്രം അനുവദിക്കുന്ന അരി വിഹിതമുപയോഗിച്ച് ബി.പി.എൽ. വിഭാഗത്തിന് മാസം 25 കി. ഗ്രാംവീതം അരി നൽകുന്നതിന് തികയാത്തതിനാൽ അധിക വിഹിതം (Adhoc) കേന്ദ്രത്തിൽനിന്ന് ലഭ്യമാക്കിയാണ് 25 കി.ഗ്രാം അരിവീതം ബി.പി.എൽ. വിഭാഗങ്ങൾക്ക് നൽകി വരുന്നത്.

(ഡി) ദാരിദ്ര്യവിമുക്ത കേരളം എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ടി പദ്ധതി ആരംഭിച്ചത്. വിലക്കയറ്റം തടയുന്നതിനും സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബി.പി.എൽ./എ.എ.വൈ. വിഭാഗത്തിൽപ്പെട്ട ഏകദേശം 20 ലക്ഷത്തോളം കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് അരി വിതരണം നടത്തുന്നതിനും സാധിച്ചു.

**ത്വക്ക് രോഗ ആശുപത്രി അന്തേവാസികൾക്ക് റേഷൻ പഞ്ചസാര**

241 (243) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി ഗാന്ധി ഗ്രാം ത്വക്ക് രോഗ ആശുപത്രിയിലെ അന്തേവാസികൾക്ക് റേഷൻ പഞ്ചസാര അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കൊരട്ടി ത്വക്ക് രോഗ ആശുപത്രിക്ക് എ.പി.എൽ. പെർമിറ്റ് പ്രകാരമാണ് ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചുവരുന്നത്. നിലവിലെ മാനദണ്ഡം അനുസരിച്ച് ബി.പി.എൽ. പെർമിറ്റിന് മാത്രമാണ് പഞ്ചസാര അനുവദിച്ചുവരുന്നത്. ആയതിനാൽ ബി.പി.എൽ. പെർമിറ്റിനുള്ള അപേക്ഷ ലഭിക്കുന്നപക്ഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## ദേശീയ ഭക്ഷ്യഭദ്രതാ നിയമം

242 (244) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. ഉണ്ണി :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം (National Food Security Act) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ നിലവിലുള്ള റേഷനിംഗ് സമ്പ്രദായത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും അവ ഉപഭോക്താക്കളെ എങ്ങനെ ബാധിക്കുമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം ഷെഡ്യൂൾ (IV) പ്രകാരം 14.25 ലക്ഷം മെ. ടണ്ണാണ് സംസ്ഥാനത്തിന്റെ അലോട്ട്മെന്റായി നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്തിനുള്ള നിലവിലെ അഡ്ഹോക്ക് അലോട്ട്മെന്റ് ഒഴികെയുള്ള നോർമൽ അലോട്ട്മെന്റായ 12.26 ലക്ഷം മെ. ടണ്ണിനെക്കാൾ 1.99 ലക്ഷം മെ. ടൺ കൂടുതലാണിത്. നിലവിൽ 582735 ലക്ഷം എ.എ.വൈ. കാർഡുകളിൽ ഉൾപ്പെട്ട 2797128 പേരും 1479612 ബി.പി.എൽ. കാർഡുകളിൽപ്പെട്ട 6806215 പേരും ചേർത്ത് ആകെ 9603343 ആളുകളാണ് ഉള്ളത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽ വരുമ്പോൾ 15480040 (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത്) പേർ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടും. നിലവിലെ എ.പി.എൽ. (എസ്എസ്.)/എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ഒരു വിഭാഗം കുടുംബങ്ങളും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടുവരും. 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വരുന്നതിന് മുമ്പുള്ള മൂന്ന് വർഷത്തെ അഡ്ഹോക്ക് അലോട്ട്മെന്റ് ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യ അലോട്ട്മെന്റിന്റെ ശരാശരി 16.01 ലക്ഷം മെ. ടണ്ണാണ്. ഈ അളവിൽ ഭക്ഷ്യ ധാന്യങ്ങൾ തുടർന്നും സംസ്ഥാനത്തിന് അനുവദിച്ചുതരണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടി ലഭ്യമായാൽ 1.76 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം കൂടി കേരളത്തിന് ലഭ്യമാകും.

(സി) 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന നാല് കാര്യങ്ങൾ നടപ്പാക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്:

1. മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ :

    മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന ജനങ്ങളെ സുതാര്യമായ രീതിയിൽ കണ്ടെത്തണം.

2. വാതിൽപ്പടി വിതരണം :

    പൊതുജനങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിഹിതം ഇടനിലക്കാരില്ലാതെ സർക്കാർ സംവിധാനമുപയോഗിച്ച് നേരിട്ട് റേഷൻ കടകളിൽ എത്തിക്കുന്ന വാതിൽപ്പടി വിതരണം നടപ്പാക്കണം.

3. ഓൺലൈനിലൂടെ അനുവദിക്കൽ :

    റേഷൻ സാധനങ്ങളുടെ വിഹിതം ലഭ്യമാകുന്നത് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ യഥാസമയം അറിയിക്കുന്നതിനുള്ള സംവിധാനം.

4. പരാതി പരിഹാര സംവിധാനം :

    പൊതുജനങ്ങൾക്ക് റേഷൻ വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ പരാതി നൽകുവാനും അവ പരിഹരിക്കുന്നതിനുമായി പരാതി പരിഹാര സംവിധാനം.

**അവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി**

243 (245) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവശ്യ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന ബജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. നിലവിൽ പൊതുവിപണിയിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യ വസ്തുക്കൾ 20% മുതൽ 62% വരെ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ

ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20% വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾവഴിയും സപ്ലൈകോ വിൽപ്പനശാലകൾവഴിയും വിതരണം നടത്തിവരുന്നു.

വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, അന്യായ വില, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തി വരുന്നു. കൂടാതെ വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി ആയത് പരിഹരിച്ച് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുക്കുവാൻ സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത വ്യാപാരികൾ വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് സർക്കാർ കൈക്കൊള്ളുന്ന നടപടികൾക്ക് അവരുടെ ആത്മാർത്ഥമായ സഹകരണം ഉറപ്പുനൽകിയിട്ടുണ്ട്. അവശ്യ സാധനങ്ങളുടെ ലഭ്യതയും ന്യായവില വിപണനവും ഉറപ്പുവരുത്തുന്നതിനും ധാരണയായിട്ടുണ്ട്.

## അവശ്യ ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രണം

244 (246) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ധാന്യങ്ങളുടെയും അവശ്യ ഭക്ഷ്യവസ്തുക്കളുടെയും വിലനിയന്ത്രിക്കുവാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഭക്ഷ്യ വസ്തുക്കളിൽ അമിതമായി മായം കലർത്തുന്നത് കണ്ടെത്തുന്നതിനും തടയുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന ബജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. നിലവിൽ പൊതുവിപണിയിലുണ്ടാകുന്ന

അവശ്യ വസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യ വസ്തുക്കൾ 20% മുതൽ 62% വരെ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യഭക്ഷ്യ ധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾവഴിയും സപ്ലൈകോ വിൽപ്പനശാലകൾവഴിയും വിതരണം നടത്തിവരുന്നു.

വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, അന്യായ വില, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു. കൂടാതെ വിലക്കയറ്റത്തിന്റെ യഥാർത്ഥകാരണം മനസ്സിലാക്കി ആയത് പരിഹരിച്ച് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുക്കുവാൻ സംസ്ഥാനത്തെ മൊത്തവ്യാപാരികളുടെ യോഗം വിളിച്ച് ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത വ്യാപാരികൾ വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സർക്കാർ കൈക്കൊള്ളുന്ന നടപടികൾക്ക് അവരുടെ ആത്മാർത്ഥമായ സഹകരണം ഉറപ്പ് നൽകിയിട്ടുണ്ട്. അവശ്യ സാധനങ്ങളുടെ ലഭ്യതയും ന്യായവില വിപണനവും ഉറപ്പുവരുത്തുന്നതിനും ധാരണയായിട്ടുണ്ട്.

(ബി) ഭക്ഷ്യവസ്തുക്കളിൽ അമിതമായി മായം കലർത്തുന്നത് കണ്ടെത്തുന്നതിനും തടയുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണർ സംസ്ഥാന വ്യാപകമായി പരിശോധനകൾ കർശനമായി നടത്തുകയും സാമ്പിളുകൾ പരിശോധിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലറ്റിക്കൽ ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ നിരോധന നടപടികളടക്കം നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്തു വരുന്നു.

**റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം**

245 (247) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ;

(ബി) റേഷൻ കടകളുടെ കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പൊതുവിതരണം ശാക്തീകരിക്കുന്നതിന് സഹായകമാകുന്ന കമ്പ്യൂട്ടർവത്കരണം റേഷൻകടകളിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഭാഗമായി 2013 ഒക്ടോബർ മുതൽ 2014 മാർച്ച് വരെ തിരുവനന്തപുരം ജില്ലയിലെ 6 റേഷൻ കടകളിൽ ഒരു പ്രീ-പൈലറ്റ് പദ്ധതി നടപ്പാക്കിയിരുന്നു. പ്രീ-പൈലറ്റ് പദ്ധതി പ്രകാരം പൂർണ്ണമായും ഓൺലൈൻ ആയി ബയോമെട്രിക് ആതന്റിക്കേഷൻ നടത്തി ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞാണ് റേഷൻ വിതരണം നടത്തിയിരുന്നത്. 2015 ആഗസ്റ്റ് മുതൽ 2016 ഏപ്രിൽ വരെയുള്ള കാലയളവിൽ ഒരു മോഡൽ പൈലറ്റ് പദ്ധതിയും നടത്തിയിരുന്നു (ഈ കടകളുൾപ്പെടെയാണ് പ്രീ-പൈലറ്റ് പദ്ധതിയും നടത്തിയത്). മോഡൽ പൈലറ്റ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിലുള്ള 22 റേഷൻ കടകളിൽ ഇ-പോസ് (e-PoS-Electronic Point of Sale) മെഷീൻ സ്ഥാപിച്ച് ബയോമെട്രിക് ഐഡന്റിഫിക്കേഷൻ വഴിയോ OTP ആതന്റിക്കേഷൻവഴിയോ കാർഡുടമയെ തിരിച്ചറിഞ്ഞ് റേഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിരുന്നു. 5 കമ്പനികളുടെ മെഷീനുകളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. ബിൽ തയ്യാറാക്കുക, ഗുണഭോക്തൃ വിഹിതം പ്രദർശിപ്പിക്കുക, സ്റ്റോക്ക് അപ്ഡേറ്റ് ചെയ്യുക, തത്സമയ സ്റ്റോക്ക് പോർട്ടൽമുഖേന വിഹിതം കാണിക്കുക തുടങ്ങിയവ ഇതിൻപ്രകാരം പരീക്ഷിച്ചിട്ടുണ്ട്. രണ്ടു പദ്ധതികൾക്കും മുന്നോടിയായി റേഷൻ കടകളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഒരേ നിറത്തിൽ പെയിന്റ് ചെയ്യുകയും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുകയും തറ ടൈൽ പാകുകയും ഇലക്ട്രിക് വയറിംഗ് നവീകരിക്കുകയും ചെയ്തു. ബയോമെട്രിക് സംവിധാനംവഴി ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനായി ആധാർ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് എസ്.എം.എസ്. സന്ദേശം നൽകുന്നതിന് കേന്ദ്രസർക്കാരിന് കീഴിലുള്ള MSDG (Mobile Services Delivery Gateway)-യുടെ സേവനം തേടി വരുന്നുണ്ട്.

(ബി) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണവുമായിമാത്രം ബന്ധപ്പെട്ട് താഴെപ്പറയുന്ന ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്. (മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കിയ 22 എ.ആർ.ഡി.-കളിലേക്ക് ചെലവായത്)

| ഇനം | തുക |
|---|---|
| റേഷൻ കടകളുടെ നവീകരണം | 13,25,616 |
| വാതിൽപ്പടി വിതരണം | 69,275 |
| കണക്ടിവിറ്റി ചെലവുകൾ(SIM) | 1,51,920 |
| കണക്ടിവിറ്റി ചെലവുകൾ (കൺട്രോൾ റൂം) | 8,44,146 |
| മറ്റു ചെലവുകൾ | 81,294 |
| ആകെ | 24,72,251 |

(സി) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലി സ്റ്റോറുകൾ**

246 (248) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; കഴിഞ്ഞ സർക്കാർ എത്ര പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ചു; എത്ര എണ്ണം പ്രവർത്തനം ആരംഭിച്ചു;

(ബി) കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) 2011 മുതൽ 2016 മാർച്ച് 31 വരെ മാവേലി സ്റ്റോറുകളിലൂടെയുള്ള വിറ്റുവരവ് ഓരോ വർഷവും എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് എത്ര സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; അവയുടെ എണ്ണം വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത്, നിലവിൽ 950 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ സർക്കാർ അധികാരമേറ്റശേഷം 140 പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുകയും ഇവയിൽ 132 എണ്ണം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 38 ഗ്രാമപഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയ ചില്ലറ വിൽപ്പനശാലകളിലെ വിറ്റുവരവ് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2011-12 | 1,303 കോടി | ആഡിറ്റ് കഴിഞ്ഞത് |
| 2012-13 | 1,476 കോടി | |
| 2013-14 | 1,857 കോടി | |
| 2014-15 | 1,859 കോടി | ആഡിറ്റിന് വിധേയം |
| 2015-16 | 1,875 കോടി | |

(ഡി) സംസ്ഥാനത്ത് നിലവിൽ 23 മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

## നെല്ല് സംഭരണത്തിന്റെ കുടിശ്ശിക

247 (249) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക എത്രയുണ്ടെന്നും, ആയത് കൊടുത്തുതീർക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്നും, വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം

കുട്ടനാട് താലൂക്കിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം സംഭരിച്ച നെല്ലിന്റെ കുടിശ്ശികയായി 42.63 കോടി രൂപ കർഷകർക്ക് നൽകുവാനുണ്ട്. ഏപ്രിൽ, മെയ് മാസത്തെ കുടിശ്ശിക തീർക്കുന്നതിന് സർക്കാർ 140.75 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിറ്റുവരവും മാവേലി സ്റ്റോറുകളുടെ എണ്ണവും

248 (250) ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2011-ൽ കഴിഞ്ഞ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന മാവേലി സ്റ്റോറുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള മാവേലി സ്റ്റോറുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 10 വർഷത്തെ വിറ്റുവരവ് എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ - ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സിവിൽ സപ്ലൈസ് വകുപ്പിലെ ഒഴിവുകൾ

249 (251) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ,സിവിൽ സപ്ലൈസ് വകുപ്പിൽ അസിസ്റ്റന്റ് സെയിൽസ് മാൻ തസ്തികയിൽ എത്ര ആളുകൾ നിലവിൽ ജോലി ചെയ്യുന്നുണ്ട്; എത്ര പോസ്റ്റ് നിലവിലുണ്ട് ; ഈ തസ്തികയിൽ നിലവിൽ എത്ര വേക്കൻസികൾ ആലപ്പുഴ ജില്ലയിലുണ്ട് ; ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആലപ്പുഴ ജില്ലയിൽ 119 പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. സംസ്ഥാന തലത്തിൽ 1688 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ ഉണ്ടായിരുന്ന 4 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മാവേലി സ്റ്റോർ ഉദ്ഘാടനം

250 (252) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയമസഭാ മണ്ഡലത്തിൽ വരുന്ന ചൊക്ലിയിൽ, ഗ്രാമപഞ്ചായത്ത് , കെട്ടിട സൗകര്യം അനുവദിച്ചിട്ടും മാവേലി സ്റ്റോർ ഉദ്ഘാടനം വൈകുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

തലശ്ശേരി നിയമസഭാമണ്ഡലത്തിൽ ചൊക്ലി ഗ്രാമപഞ്ചായത്തിൽ ചൊക്ലി എന്ന സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള അനുമതി 28-12-2015-ന് നൽകിയിരുന്നുവെങ്കിലും കെട്ടിടത്തിന്റെ ഫർണിഷിംഗ് ജോലികൾ പൂർത്തീകരിക്കാത്തതിനാലാണ് മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാത്തത്. ഫർണിഷിംഗ് ജോലികൾ പൂർത്തീകരിച്ച് ഉടനെ മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പേരുകളും പരസ്യ വാചകങ്ങളും**

251 (253) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ വിഭവ ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പേരുകളും പരസ്യവാചകങ്ങളും നിരന്തരം പ്രസിദ്ധപ്പെടുത്തി അവരെ വഞ്ചിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകളിൽ സർക്കാരിന് സ്വമേധയാ നടപടികൾ സ്വീകരിക്കുന്നതിന് 2006-ലെ ഫുഡ് സെക്യൂരിറ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് വ്യവസ്ഥകൾ അനുവദിക്കുന്നുണ്ടോ ; വിശദമാക്കുമോ;

(സി) ഈ വർഷം ഇത്തരം കമ്പനികൾ/വ്യക്തികൾക്കെതിരെയുള്ള അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കേസുകളിൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം (സെക്ഷൻ 53 [2.3.1.(5)] FSS Rules (Packaging and Labelling) തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ/കമ്പനികൾ/വ്യക്തികൾ എന്നിവർക്കെതിരെ കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ പത്ത് ലക്ഷം രൂപവരെ പിഴയീടാക്കുന്നതിനും മറ്റു നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും വ്യവസ്ഥകൾ അനുവദിക്കുന്നുണ്ട്

(സി) ഇത്തരം പരാതികളുടെ അടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ നിരവധി സ്ഥാപനങ്ങൾക്കെതിരെ പ്രാരംഭ നടപടി എന്ന രീതിയിൽ നോട്ടീസ് നൽകിയിട്ടുണ്ട്.

**ആലത്തൂർ മോഡേൺ റൈസ് മിൽ**

252 (254) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള ആലത്തൂർ മോഡേൺ റൈസ് മിൽ പ്രവർത്തനം നിലച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റൈസ് മില്ലിന്റെ പ്രവർത്തനം നിലയ്ക്കുവാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി)മോഡേൺ റൈസ് മിൽ പ്രവർത്തനം പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ആലത്തൂർ മോഡേൺ റൈസ് മിൽ എന്ന സ്ഥാപനം സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമല്ല. കൃഷിവകുപ്പിന്റെ കീഴിലുള്ള വെയർഹൗസിംഗ് കോർപ്പറേഷന്റെ അധീനതയിൽ വരുന്ന പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് കൃഷി വകുപ്പാണ് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടത്.

**പൊതുവിതരണ സംവിധാനം**

253 (255) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പൊതുവിതരണ സംവിധാനം കാര്യക്ഷമമല്ലാതിരുന്നു കാരണം സാധാരണക്കാരുടെ ജീവിതം ദുസ്സഹമായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും പൊതു വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. നിലവിൽ പൊതുവിപണിയിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യ വസ്തുക്കൾ 20 ശതമാനം മുതൽ 62 ശതമാനം വരെ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾവഴിയും വിതരണം നടത്തി വരുന്നു.

വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, അന്യായവില, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ പോലീസ്, ലീഗൽ മെട്രോളജി,

റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു. പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം - 2013 കേരള സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door step delivery), റേഷൻ സാധനങ്ങൾ ഓൺ ലൈനായി അനുവദിക്കൽ (Online allocation), പരാതി പരിഹാര സംവിധാനം (Grievence Redressal Mechanism) എന്നിവയാണ് ഇതര കാര്യങ്ങൾക്കൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമംവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അതോടൊപ്പം ഭക്ഷ്യധാന്യ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ലക്ഷ്യമിട്ടുള്ള എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ കടകളിൽ ബയോ മെട്രിക് സംവിധാനമുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കൽ, ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും റേഷൻ വിതരണ/വിഹിത വിവരങ്ങൾ ലഭ്യമാകത്തക്കവിധം ഒരു സുതാര്യതാ പോർട്ടലും (Transparency Portal) സജ്ജമാക്കുന്നതിനും ഓരോ പ്രദേശത്തെയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടിലിലൂടെ തത്സമയം അറിയുന്നതിനായി ഒരു Decision Support System (DSS) നിലവിൽ വരുത്താനും തീരുമാനിച്ചിട്ടുണ്ട്.

**പുതുക്കിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി**

254 (256) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡുകൾ പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; പുതുക്കിയ റേഷൻകാർഡ് എന്നു മുതൽ വിതരണം ചെയ്യുവാൻ കഴിയും;

(ബി) റേഷൻ കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കഴിഞ്ഞ ഒന്നര വർഷമായി നടക്കുന്നതിനാൽ റേഷൻ കാർഡ് ഇല്ലാത്തവരുടെ പുതിയ റേഷൻകാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ ഒരു റേഷൻകാർഡിലും ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് സർക്കാർ സഹായത്തിലൂടെ ലഭിക്കുന്ന വീട്, കാരുണ്യ ചികിത്സ സഹായം തുടങ്ങിയവ നഷ്ടപ്പെടുന്ന സാഹചര്യം പരിഗണിച്ച് റേഷൻകാർഡ് അടിയന്തരമായി അനുവദിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തി നൽകുമോ?

ഉത്തരം

(എ) റേഷൻ കാർഡ് പുതുക്കി നൽകുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്ത് താലൂക്കുതല റാങ്കിംഗ് നടത്തി കരട് മുൻഗണനാ/മുൻഗണനേതര പട്ടിക പ്രസിദ്ധീകരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. കരട് പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ചതിനുശേഷം പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതാണ്.

(ബി) റേഷൻ കാർഡ് പുതുക്കി നൽകുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (ആർ.സി.എം.എസ്) മരവിപ്പിച്ചിരിക്കുന്നതിനാൽ താൽക്കാലിക റേഷൻ കാർഡുകൾ നൽകി വരുന്നു.

(സി) നൽകുന്നതാണ്. ഏറ്റവും അടിയന്തര ഘട്ടങ്ങളിൽ താൽക്കാലിക റേഷൻ കാർഡുകൾ നൽകി വരുന്നുണ്ട്.

**വിലക്കയറ്റം തടയൽ**

255 (257) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വിലക്കയറ്റം നേരിടാൻ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം ഇടപെടലുകളാണ് വിപണിയിൽ നടത്തിയതെന്ന് വിശദമാക്കുമോ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്താൻ ആർക്കെല്ലാം എത്ര തുക സബ്സിഡിയായി നൽകിയെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈയിനത്തിൽ എന്തു തുക സബ്സിഡിയായി നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിപണിയിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ

പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിയിരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾവഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം നടത്തിയിരുന്നു. ടി പദ്ധതികളെല്ലാം തുടർ നടപടികളാണ്. വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, അന്യായവില, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തി വരുന്നു.

(ബി) വിലക്കയറ്റം പിടിച്ചുനിർത്താൻ മുൻ സർക്കാരിന്റെ കാലത്ത് സപ്ലൈകോയ്ക്ക് അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (കോടിയിൽ ) |
|---|---|
| 2011-12 | 118.35 |
| 2012-13 | 135 |
| 2013-14 | 116.02 |
| 2014-15 | 70 |
| 2015-16 | 99 |

കൃഷി വകുപ്പിൽനിന്നും സഹകരണ വകുപ്പിൽനിന്നും വിവരം ശേഖരിച്ചു വരുന്നു

(സി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സപ്ലൈകോയ്ക്ക് വിലക്കയറ്റം പിടിച്ചു നിർത്താൻ അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2006-07 | 30 |
| 2007-08 | 50 |
| 2008-09 | 105 |
| 2009-10 | 83 |
| 2010-11 | 76.31 |

കൃഷി വകുപ്പിൽനിന്നും സഹകരണ വകുപ്പിൽനിന്നും വിവരം ശേഖരിച്ചു വരുന്നു

## വിലക്കയറ്റം തടയുന്നതിന് നടപടി

256 (258) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിലക്കയറ്റം തടയുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിക്കുവാൻ പോകുന്ന നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി ആയത് പരിഹരിച്ച് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുവാൻ സംസ്ഥാനത്തെ മൊത്തവ്യാപാരികളുടെ യോഗം സിവിൽ സപ്ലൈസ് കമ്മീഷണർ വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ പങ്കെടുത്ത വ്യാപാരികൾ വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സർക്കാർ കൈക്കൊള്ളുന്ന നടപടികൾക്ക് അവരുടെ ആത്മാർത്ഥമായ സഹകരണം ഉറപ്പുനൽകുകയും ചെയ്തു. അവശ്യസാധനങ്ങളുടെ ലഭ്യതയും ന്യായവില വിപണനവും ഉറപ്പുവരുത്തുന്നതിനും ധാരണയായി. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, അന്യായവില എന്നിവ തടയുന്നതിന് ശക്തമായ പരിശോധനയും റെയ്ഡുകളും വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ ഫലപ്രദമായി തടയുന്നതിന് വകുപ്പിലെ നിലവിലുള്ള പരിശോധനാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ 1-6-2016 മുതൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ ജില്ലകളിൽ ദൈനംദിന റെയ്ഡും നടത്താറുണ്ട്. 22 അവശ്യസാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് സെക്ഷനിൽ നൽകുകയും അവിടെ നിന്നും ഈ വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുകയും ചെയ്യുന്നു. വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുണ്ട്. 2016 ജനുവരി മുതൽ മെയ് വരെ സംസ്ഥാനത്തുടനീളം 20,199 പൊതുവിതരണ കേന്ദ്രങ്ങളും 2,114 ഓപ്പൺ മാർക്കറ്റ് കടകളും പരിശോധനയ്ക്ക് വിധേയമാക്കി. ആയതുപ്രകാരം നിയമലംഘനം നടത്തിയവർക്ക് എതിരെ നോട്ടീസ് നൽകി പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ വിപണിയിടപെടൽ സപ്ലൈകോ മുഖേനയും നടപ്പിലാക്കി വരുന്നുണ്ട്. ഇതനുസരിച്ച് 13 ഇനം അവശ്യസാധനങ്ങൾ 20 ശതമാനംമുതൽ 62 ശതമാനംവരെ സബ്സിഡി നിരക്കിൽ ലഭ്യമാക്കിവരുന്നു. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉൽസവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ചുവരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ സ്ഥലങ്ങളിൽ (90) ഈ വർഷം റംസാൻ ചന്തകൾ സംഘടിപ്പിക്കുന്നുണ്ട്.

## നെല്ല് സംഭരണം

257 (259) ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ നെല്ല് സംഭരണം കാര്യക്ഷമമല്ലാത്തതുമൂലം നെല്ല് സംഭരണം വൈകുന്നതും, സംഭരിച്ച നെല്ലിന്റെ വില ദീർഘകാലം കുടിശ്ശികയായതും നെൽകർഷകരെ കടുത്ത പ്രതിസന്ധിയിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ലിന്റെ സംഭരണ വില ഉയർത്താൻ ആലോചിക്കുന്നുണ്ടോ;

(സി) റൊക്കം പണം നൽകി നെല്ല സംഭരിക്കാൻ വേണ്ട നടപടി എടുക്കുമോ;

(ഡി) സർക്കാർ മേഖലയിൽ അരിമില്ലുകൾ സ്ഥാപിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ;

(ഇ) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സപ്ലൈകോയുടെ നെല്ല് സംഭരണം കാര്യക്ഷമമായിത്തന്നെ നടക്കുന്നു. 2016 മാർച്ചുമാസം വരെയുള്ള കുടിശ്ശിക തീർത്തിട്ടുണ്ട്. ഏപ്രിൽ, മെയ് മാസത്തെ കുടിശ്ശിക തീർക്കുന്നതിന് സർക്കാർ 140.75 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നെല്ലിന്റെ സംഭരണ വില സംബന്ധിച്ച് നയപരമായ തീരുമാനം എടുക്കേണ്ടത് കൃഷി വകുപ്പാണ്.

(സി) സാധ്യത പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി &ഇ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ സംഭരിച്ച നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിന് വയനാട്, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഓരോ അരിമില്ലുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വട്ടവിളയിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ്

258 (260) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ ചെങ്കൽ പഞ്ചായത്തിലെ വട്ടവിളയിൽ സപ്ലൈകോയുടെ ഒരു സൂപ്പർ മാർക്കറ്റ് ആരംഭിക്കണമെന്ന ചെങ്കൽ പഞ്ചായത്തിന്റെ പ്രമേയത്തിന്മേൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ ഷോപ്പ്, മാവേലി സ്റ്റോറുകൾ, മറ്റ് ന്യായവില ഷോപ്പുകൾ എന്നിവയിൽ അവശ്യ സാധനങ്ങളുടെ ലഭ്യതക്കുറവിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചെങ്കൽ പഞ്ചായത്തിലെ വട്ടവിളയിൽ പുതിയ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം റീജിയണൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേന്ദ്രത്തിൽനിന്ന് പൊതുവിതരണത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ നോർമൽ വിഹിതം മാത്രമുപയോഗിച്ച് സംസ്ഥാനത്തിലെ ബി.പി.എൽ., എ.പി.എൽ. വിഭാഗങ്ങളിലെ കാർഡുകൾക്ക് നിശ്ചയിച്ചിട്ടുള്ള വിഹിതം നൽകുന്നതിന് കഴിയാത്തതിനാൽ അധിക വിഹിതംകൂടി ആവശ്യപ്പെട്ട് ആയത് ലഭ്യമാക്കിയാണ് നിലവിൽ റേഷൻ വിതരണം നടത്തുന്നത്. സപ്ലൈകോയുടെ എല്ലാ വിൽപ്പന ശാലകളിലും അവശ്യസാധനങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ എടുത്തുവരുന്നു:

1. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. സ്ഥലസൗകര്യം കുറഞ്ഞ വിൽപ്പനശാലകളിൽ കൂടുതൽ തവണ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു.

3. മുൻ മാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉത്സവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിന് അവശ്യസാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തി അവശ്യസാധനങ്ങൾ എത്രയും വേഗം വിൽപ്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

5. ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽനിന്നും മറ്റ് ഡിപ്പോകളിലേക്കും സാധനങ്ങൾ എത്തിച്ചു കൊടുക്കുവാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

259 (261) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതിനെ പ്രതിരോധിച്ച് കൊണ്ടിരിക്കുന്ന സർക്കാർ സംവിധാനങ്ങളെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വിലക്കയറ്റത്തിനിടയാക്കുന്ന പ്രമുഖ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ദോഷകരമാകുന്ന നയങ്ങൾ കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്തുമോ;

(സി) വിലക്കയറ്റം തടയുന്നതിന് മുൻ സർക്കാർ കൈക്കൊണ്ട ആശ്വാസ നടപടികൾ തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കാനായി 14-6-2016-ന് സംസ്ഥാനത്തെ മൊത്തവ്യാപാരികളുടെ യോഗം ചേർന്നിരുന്നു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ദോഷകരമാകുന്ന നയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്തുന്നതാണ്.

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി മുൻകാലങ്ങളിൽ നടത്തി വന്നിരുന്ന വിപണി ഇടപെടൽ പദ്ധതി (ഇത് ഒരു തുടർ പദ്ധതിയാണ്) കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും ജനോപകാരപ്രദമായും തുടർന്ന് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

260 (262) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് ക്രമാതീതമായി വില വർദ്ധിപ്പിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്തെന്നു സർക്കാർ പഠനം നടത്തിയിട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും പൊതു വിപണിയിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) കൺസ്യൂമർഫെഡ്, സപ്ലൈകോ കൺസ്യൂമർഫെഡ്/സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലും, മാവേലി സ്റ്റോറുകളിലും നിത്യോപയോഗ സാധനങ്ങളുടെയും, അരി, പലവ്യഞ്ജനങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ഡി) പൊതു വിപണിയിലുള്ള വിലയേക്കാൾ ഉയർന്ന വിലയിലാണ് സപ്ലൈകോ, കൺസ്യൂമർഫെഡ്, മാവേലിസ്റ്റോർ എന്നിവിടങ്ങളിൽ ചില സാധനങ്ങളെങ്കിലും വിൽക്കുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലിവർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കാനായി 14-6-2016-ന് സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ വിലക്കയറ്റ നിയന്ത്രണത്തിനായി സർക്കാരുമായി യോജിച്ച് പ്രവർത്തിക്കുന്നതിന് ടി വ്യാപാരികൾ സമ്മതിച്ചിട്ടുണ്ട്.

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ

150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. നിലവിൽ പൊതുവിപണിയിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യ വസ്തുക്കൾ 20 ശതമാനം മുതൽ 62 ശതമാനംവരെ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനംവരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പന ശാലകൾവഴിയും വിതരണം നടത്തിവരുന്നു.

വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, അന്യായവില, മറ്റ് നിയമലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു.

(സി) ഭക്ഷ്യ പൊതുവിതരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലും മാവേലി സ്റ്റോറുകളിലും നിത്യോപയോഗ സാധനങ്ങളുടെയും അരി, പലവ്യഞ്ജനങ്ങളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. സ്ഥലസൗകര്യം കുറഞ്ഞ വിൽപ്പനശാലകളിൽ കൂടുതൽ തവണ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു.

3. മുൻമാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉത്സവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിന് അവശ്യസാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തി അവശ്യസാധനങ്ങൾ എത്രയുംവേഗം വിൽപ്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

5. മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുവാനായി ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽനിന്നും മറ്റ് ഡിപ്പോകളിലേക്കും സാധനങ്ങൾ എത്തിച്ചു കൊടുക്കുവാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

6. S.P. റാങ്കിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യസാധനങ്ങൾ ആവശ്യാനുസരണം ഉണ്ട് എന്ന് ഉറപ്പുവരുത്താറുണ്ട്. കൺസ്യൂമർ ഫെഡ് സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ടി സ്ഥാപനം സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾവഴി വിൽപ്പന നടത്തുന്ന സാധനങ്ങൾ പൊതുവിപണി വിലയേക്കാൾ ഉയർന്ന വിലയിലാണ് വിൽപ്പന നടത്തുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണ വകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർ ഫെഡിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## നിത്യോപയോഗ വസ്തുക്കളുടെ വില നിയന്ത്രണം

261 (263) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ വസ്തുക്കളുടെ വില നിയന്ത്രിക്കാൻ നൂതന പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പലവ്യഞ്ജന സാധനങ്ങൾ അന്യസംസ്ഥാനങ്ങളിലെ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പച്ചക്കറി വിഭവങ്ങൾ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കാൻ നടപടി സ്വീകരിക്കുമോ; ആഭ്യന്തര പച്ചക്കറി കർഷകരെ പ്രോത്സാഹിപ്പിക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് താലൂക്ക് അടിസ്ഥാനത്തിൽ സംഭരണശാലകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി മുൻ കാലങ്ങളിൽ നടത്തി വന്നിരുന്ന വിപണി ഇടപെടൽ പദ്ധതി കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും ജനോപകാരപ്രദമായും തുടർന്നുകൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിനായി സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കൂടാതെ വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കാര്യങ്ങ ൾ ചർച്ച ചെയ്ത് തീരുമാനിക്കാനായി 14-6-2016-ന് സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം ചേർന്നിരുന്നു. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാരുമായി സഹകരിക്കുന്നതിന് മൊത്ത വ്യാപാരികൾ ഉറപ്പു നൽകിയിട്ടുണ്ട്.

(ബി) കർഷകരിൽനിന്നും പലവ്യഞ്ജനങ്ങൾ നേരിട്ട് സംഭരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

(സി) പച്ചക്കറി കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിന് പച്ചക്കറി കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പദ്ധതികൾ നിലവിലില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കൃഷിവകുപ്പിനും അതിന് കീഴിലുള്ള ഹോർട്ടി കോർപ്പുപോലുള്ള സ്ഥാപനങ്ങൾക്കും സപ്ലൈകോ ഔട്ട്‌ലെറ്റുകളിലും ഫെയറുകളിലും സ്റ്റാളുകൾ ഒരുക്കാൻ അവസരം നൽകാറുണ്ട്.

## അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ നിയമനം

262 (264) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണെന്നും ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും നിയമനം ലഭിച്ചവരിൽ എത്ര പേർ പ്രസ്തുത ജോലിയിൽനിന്നും വിട്ടുപോയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) ഓരോ ജില്ലയിലും ഇപ്പോൾ എത്ര അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന വിശദാംശം നൽകുമോ; ലിസ്റ്റിൽനിന്നും പരമാവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ നിയമനം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത റാങ്കലിസ്റ്റിന്റെ കാലാവധി 3 വർഷമാണ്.

**ഭക്ഷ്യസുരക്ഷാനിയമം**

263 (265) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം പൂർണ്ണമായി നടപ്പിലാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒരു ഭക്ഷ്യസുരക്ഷാ ഓഫീസ് സ്ഥാപിക്കണം എന്ന നയം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യസുരക്ഷാനിയമം - 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS) പ്രകാരമുള്ള നിലവിലെ റേഷൻ കാർഡിലെ വിവരവും ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി വിവര ശേഖരണത്തിനായി റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിച്ച് കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിലൂടെ ലഭ്യമായ വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിക്കുകയും ചെയ്തു. ഡാറ്റാ എൻട്രിയിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പിഴവുകൾ തിരുത്തുന്നതിനും ആവശ്യമായ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ഈ ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്തു. ഈ പ്രിന്റൗട്ടുകൾ തിരികെ ലഭ്യമാക്കി ഡാറ്റാ എൻട്രി പൂർത്തിയാക്കി. എൻ.ഐ.സി. വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ താലൂക്കുതല റാങ്കിംഗ് നടത്തി സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ഓഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലെയും (ആകെ 81) മുൻഗണനാ/മുൻഗണനേതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്. കരട് പട്ടിക പ്രസിദ്ധീകരിച്ച് ആയതിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് അന്തിമ മുൻഗണനാ/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം പുതിയ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

(ബി) സംസ്ഥാനത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുതിയതായി തുടങ്ങിയ എല്ലാ ഭക്ഷ്യസുരക്ഷാ ഓഫീസുകളിലേക്കും ഫുഡ് സേഫ്റ്റി ഓഫീസർമാരും ക്ലാർക്കുമടക്കം അവശ്യംവേണ്ട തസ്തികകൾ ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖാന്തരം നികത്തുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. പുതിയതായി ഓഫീസ് തുടങ്ങുവാൻ അനുമതി ലഭ്യമായതിൽ കെട്ടിടം ലഭ്യമായ മുഴുവൻ ഭക്ഷ്യ സുരക്ഷാ ഓഫീസുകളും ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതുൾപ്പെടെ മുഴുവൻ സർക്കിളുകളിലേക്കും തൊട്ടടുത്ത് ലഭ്യമായ ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് അധികച്ചുമതല നൽകി എല്ലാ സർക്കിളുകളും ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 50 ഗ്രാമപഞ്ചായത്തുകളിൽ 100 ശതമാനം ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും 8, 9, 11 ക്ലാസ്സുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഭക്ഷ്യ സുരക്ഷ സംബന്ധിച്ച അവബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനാവശ്യമായ പരിശീലന പദ്ധതിയും ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സാംപിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിന് ഉതകുന്ന രീതിയിൽ 2 മൊബൈൽ അനലിറ്റിക്കൽ ലബോറട്ടറിയും പ്രാവർത്തികമാക്കുന്നുണ്ട്.

## നെടുമങ്ങാട് സൂപ്പർ മാർക്കറ്റും മാവേലി സ്റ്റോറുകളും

264 (266) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് മണ്ഡലത്തിൽ സൂപ്പർ മാർക്കറ്റും മാവേലി സ്റ്റോറുകളും ആരംഭിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

നെടുമങ്ങാട് മണ്ഡലത്തിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിലെ തലേക്കുന്നിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം റീജിയണൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സർക്കാർ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ (വാടകരഹിത കെട്ടിടവും ഒരു ലക്ഷം രൂപയും) ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള പഞ്ചായത്തു കമ്മിറ്റി തീരുമാനം നാളിതുവരെയായും മാണിക്കൽ ഗ്രാമപഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് സാധ്യതാപഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

## ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം

265 (267) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിലെയും മാവേലിസ്റ്റോറുകളിലെയും ഭക്ഷ്യ സാധനങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) റേഷൻ കടകളിൽ ഭക്ഷ്യധാന്യങ്ങളുടെ കുറവില്ല. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും അവശ്യസാധനങ്ങൾ പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. എന്നാൽ ചില അവസരങ്ങളിൽ അപ്രതീക്ഷിതമായി ക്രമാതീതമായ വിൽപ്പന ഉണ്ടാകുന്ന സാഹചര്യത്തിൽ എത്തിച്ചുകൊടുക്കുന്ന സ്റ്റോക്ക് അപര്യാപ്തമാകുകയും അങ്ങനെ സബ്സിഡി ഉൽപ്പന്നങ്ങൾ ചില സമയങ്ങളിൽ ലഭ്യമല്ലാതാകാറുമുണ്ട്. എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി നടപടികൾ എടുത്തുവരുന്നു.

(ബി) പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ തിരിമറി, പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. 2016 ജനുവരി മുതൽ മെയ് വരെ സംസ്ഥാനത്തുടനീളം 20,199 പൊതുവിതരണ കേന്ദ്രങ്ങളും 2,114 ഓപ്പൺ മാർക്കറ്റുകളും പരിശോധനയ്ക്ക് വിധേയമാക്കി. ആയതുപ്രകാരം നിയമ ലംഘനം നടത്തിയവർക്കെതിരെ നോട്ടീസ് നൽകി പിഴ ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുവിപണിയിലെ വിലക്കയറ്റം നിരീക്ഷിച്ച് ആയത് നിയന്ത്രണ വിധേയമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പൊതുജനങ്ങളുടെ ഇതുസംബന്ധിച്ച പരാതി സ്വീകരിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ 1-6-2016 മുതൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. 22 അവശ്യസാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽനിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് സെക്ഷനിൽ നൽകുകയും അവിടെനിന്നും ഈ വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ ചേർക്കുകയും ചെയ്യുന്നു. വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുണ്ട്. കൂടാതെ ജില്ലകളിൽ ദൈനംദിന റെയ്ഡും നടത്താറുണ്ട്. വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി, ആരോഗ്യം, നികുതി വകുപ്പുകളുമായിചേർന്നും നിരന്തരം പരിശോധനകൾ നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നു. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യ വസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോയും താഴെപ്പറയുന്ന നടപടികൾ എടുത്തുവരുന്നു. നിത്യോപയോഗ

സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ 20 ശതമാനം മുതൽ 62 ശതമാനം വരെ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിറ്റുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനംവരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/ തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 23 മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗസാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു. ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾവഴിയും സപ്ലൈകോ വിൽപ്പന ശാലകൾവഴിയും വിതരണം ചെയ്തുവരുന്നു. ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ പൊതുവിപണിയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. സപ്ലൈകോയ്ക്ക് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് അടിയന്തരമായി വിപണി ഇടപെടൽ നടത്തുന്നതിന് നിലവിലുള്ള 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തി അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലമുഖേന വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ. ഗോഡൗണുകളിലൂടെയാണ്. ആയത് വിട്ടെടുക്കുന്നതിനു മുൻപായി അതതു ജില്ലാ സപ്ലൈ ആഫീസർമാർ ബന്ധപ്പെട്ട എഫ്.സി.ഐ. ഗോഡൗണിൽ ഗുണനിലവാരമുള്ള അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽനിന്ന് എ.ഡബ്ല്യൂ.ഡി.-കൾ വിട്ടെടുക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.യിൽനിന്നും വിട്ടെടുക്കുന്നതിന്റെ സാംപിളുകളിൽ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. കൂടാതെ എ.ഡബ്ല്യൂ. ഡി.കളിൽനിന്നും റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വിതരണ സമയങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധന നടത്തി സാംപിൾ പായ്ക്കറ്റുകൾ നൽകുന്നുണ്ട്. കൂടാതെ എല്ലാ റേഷൻ കടകളിൽനിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യധാന്യ

വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ച പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നുണ്ട്. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി സപ്ലൈകോ ഇ-ടെൻഡറിൽ വാങ്ങുന്ന സാധനങ്ങൾ ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയുടെ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമായി മാത്രമേ വിൽപ്പനയ്ക്ക് വയ്ക്കുകയുള്ളൂ. മറ്റ് ഭക്ഷ്യഉൽപ്പന്നങ്ങളുടെ കാര്യത്തിൽ ISO 22000 ഗുണനിലവാര പരിശോധന, ബാച്ചുതല ഗുണനിലവാര പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പനയ്ക്ക് വയ്ക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ**

266 (268) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻമുഖേനയുള്ള വിപണിയിടപെടൽപദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. നിലവിൽ പൊതുവിപണിയിലുണ്ടാകുന്ന അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യവസ്തുക്കൾ 20 ശതമാനം മുതൽ 62 ശതമാനം വരെ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനംവരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപാ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾവഴിയും സപ്ലൈകോ വിൽപ്പന ശാലകൾവഴിയും വിതരണം നടത്തിവരുന്നു.

വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, അന്യായ വില, മറ്റ് നിയമലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ പോലീസ്, ലീഗൽ മെട്രോളജി,

റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു. കൂടാതെ വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി ആയത് പരിഹരിച്ച് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനം എടുക്കുവാൻ സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത വ്യാപാരികൾ വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സർക്കാർ കൈക്കൊള്ളുന്ന നടപടികൾക്ക് അവരുടെ ആത്മാർത്ഥമായ സഹകരണം ഉറപ്പുനൽകിയിട്ടുണ്ട്. അവശ്യസാധനങ്ങളുടെ ലഭ്യതയും ന്യായവില വിപണനവും ഉറപ്പുവരുത്തുന്നതിനും ധാരണയായിട്ടുണ്ട്.

**ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില**

267 (269) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഒരേതരം ഭക്ഷണ പദാർത്ഥങ്ങൾക്ക് പലതരത്തിൽ വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരേതരം ഭക്ഷണ പദാർത്ഥങ്ങളുടെ വില ഏകീകരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നൽകിയ "2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ" ബിൽ നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേള കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരിക്കുന്നു. ഈ വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 34, 188 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II നോമിനേറ്റഡ് അംഗത്തിന്റെ സത്യപ്രതിജ്ഞ

നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് (ശ്രീമതി പി. ജയലക്ഷ്മി) : സർ, ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 333 നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ നിയമസഭയിലേക്ക് നാമനിർദ്ദേശം ചെയ്തിട്ടുള്ള ശ്രീ. ജോൺ ഫെർണാണ്ടസ് സത്യപ്രതിജ്ഞയ്ക്കായി ഇവിടെ സന്നിഹിതനായിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: ജോൺ ഫെർണാണ്ടസ് ആയ ഞാൻ നിയമസഭയിലെ ഒരംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

(ബഹുമാനപ്പെട്ട അംഗം സത്യപ്രതിജ്ഞ ചെയ്തശേഷം അംഗങ്ങളുടെ രജിസ്റ്ററിൽ ഒപ്പുവയ്ക്കുകയും അദ്ധ്യക്ഷവേദിയെ അഭിവാദ്യം ചെയ്യുകയും ചെയ്തശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടനായി.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ...... ചരമോപചാരം

## III ചരമോപചാരം

### കെ. പി. നൂറുദ്ദീൻ, കെ. അനിരുദ്ധൻ, പി. ബി. ആർ. പിള്ള, ഡേവിഡ് പിൻഹിറോ, എന്നിവരുടെ നിര്യാണം സംബന്ധിച്ച്

### കെ. പി. നൂറുദ്ദീൻ

മി. സ്പീക്കർ: മുൻ മന്ത്രി കെ. പി. നൂറുദ്ദീൻ 2016 മേയ് 29-ന് അന്തരിച്ചു.

മുഹമ്മദ് ഹാജിയുടെ മകനായി 1939 ജൂലായ് 30-ന് ജനിച്ച കെ. പി. നൂറുദ്ദീൻ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം യൂത്ത് കോൺഗ്രസ്സിലൂടെ പൊതുപ്രവർത്തന രംഗത്ത് സജീവമായി.

1977-ൽ പേരാവൂർ നിയോജക മണ്ഡലത്തിൽനിന്ന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രതിനിധിയായി അഞ്ചാം കേരള നിയമസഭയിലേക്കും തുടർന്ന് 1980, 1982, 1987, 1991 എന്നീ വർഷങ്ങളിൽ യഥാക്രമം ആറ്, ഏഴ്, എട്ട്, ഒൻപത് കേരള നിയമസഭകളിലേക്കും തെരഞ്ഞെടുക്കപ്പെട്ടു.

1982 മെയ് 24 മുതൽ 1987 മാർച്ച് 25 വരെയുള്ള കാലയളവിൽ കെ. കരുണാകരൻ മന്ത്രിസഭയിൽ വനം, സ്പോർട്സ് എന്നീ വകുപ്പുകളുടെ ചുമതല നിർവ്വഹിച്ച അദ്ദേഹം, സൈലന്റ് വാലി ദേശീയോദ്യാനമായി പ്രഖ്യാപിച്ചതുൾപ്പെടെ വനവൽക്കരണത്തിനും പ്രകൃതിസംരക്ഷണത്തിനും ഊന്നൽ നൽകിയ നിരവധി പദ്ധതികൾക്ക് നേതൃത്വം നൽകി. കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി ചെയർമാൻ എന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചു.

കണ്ണൂർ ഡി.സി.സി. ജനറൽ സെക്രട്ടറി, കെ.പി.സി.സി. ട്രഷറർ, കെ.എസ്.എഫ്.ഇ. ചെയർമാൻ, 'വീക്ഷണം' മാനേജിംഗ് ഡയറക്ടർ തുടങ്ങിയ ചുമതലകളും വഹിച്ചിട്ടുള്ള കെ. പി. നൂറുദ്ദീൻ ഇരിട്ടി എഡ്യൂക്കേഷണൽ സൊസൈറ്റി പ്രസിഡന്റ്, പയ്യന്നൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് പ്രസിഡന്റ്, കണ്ണൂർ ജില്ലാ ആയുർവേദ സഹകരണ സംഘം പ്രസിഡന്റ് എന്നീ നിലകളിൽ സഹകരണ മേഖലയിലും തന്റേതായ സംഭാവനകൾ നൽകി. കെ. പി. സി. സി. എക്സിക്യൂട്ടീവ് അംഗമായി പ്രവർത്തിച്ചു വരികയായിരുന്നു.

കെ. പി. നൂറുദ്ദീന്റെ നിര്യാണത്തോടെ സംശുദ്ധ രാഷ്ട്രീയത്തിലൂടെയും ലാളിത്യമാർന്ന ജീവിതശൈലിയിലൂടെയും പൊതുപ്രവർത്തകർക്ക് മാതൃകയായ മികച്ച ഒരു സാമാജികനെയും സഹകാരിയെയും ഭരണാധികാരിയെയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

**കെ. അനിരുദ്ധൻ**

മുൻ നിയമസഭാംഗവും സ്വാതന്ത്ര്യസമരസേനാനിയുമായ കെ. അനിരുദ്ധൻ 2016 മെയ് 22-ന് അന്തരിച്ചു.

പി. കൃഷ്ണന്റെ മകനായി 1927 ഫെബ്രുവരി 28-ന് കെ. അനിരുദ്ധൻ ജനിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നും ബിരുദം നേടിയശേഷം മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്നും നിയമബിരുദവും നേടി. സ്കൂൾ ജീവിത കാലത്തുതന്നെ സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയായ അദ്ദേഹം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയരംഗത്ത് സജീവമായി.

1963-ൽ തിരുവനന്തപുരം-II നിയോജകമണ്ഡലത്തിൽനിന്നും രണ്ടാം കേരള നിയമസഭയിലേക്ക് സി.പി.ഐ. പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട കെ. അനിരുദ്ധൻ അഞ്ച്, ആറ് കേരള നിയമസഭകളിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭയുടെ ഹൗസ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ അദ്ദേഹം സ്തുത്യർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. 1967-ൽ ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽനിന്നും നാലാം ലോക്സഭയിലേക്ക് സി.പി.ഐ.(എം) പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

സി.പി.ഐ. തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗം, സി.പി.ഐ.(എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗം, സ്റ്റേറ്റ് കമ്മിറ്റി അംഗം, തിരുവനന്തപുരം ജില്ലാ കൗൺസിൽ പ്രസിഡന്റ്, സി.ഐ.റ്റി.യു. സ്റ്റേറ്റ് പ്രസിഡന്റ്, തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ എന്നീ നിലകളിൽ പ്രവർത്തിച്ചു. നവകേരളം, വിശ്വകേരളം എന്നീ പ്രസിദ്ധീകരണങ്ങളുടെ എഡിറ്ററുമായിരുന്നു. കൂടാതെ ട്രാൻസ്പോർട്ട്, ഇലക്ട്രിസിറ്റി തുടങ്ങിയ മേഖലകളിൽ ട്രേഡ് യൂണിയനുകൾ കെട്ടിപ്പടുക്കുന്നതിന് നേതൃത്വം നൽകി. എഴുത്തുകാരൻ, പത്ര പ്രവർത്തകൻ, പ്രാസംഗികൻ എന്നീ നിലകളിലും അദ്ദേഹം കഴിവ് തെളിയിച്ചു.

കേവലം ഒരു രാഷ്ട്രീയനേതാവ് എന്നതിനപ്പുറം ജനകീയ പ്രശ്നങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തി ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠനേടിയ ഒരു മനുഷ്യസ്നേഹികൂടി ആയിരുന്നു കെ. അനിരുദ്ധൻ. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ വ്യാപകമായ വേട്ടയാടലുകൾക്ക് വിധേയമായ കാലഘട്ടങ്ങളിൽ പ്രസ്തുത സമീപനങ്ങൾക്കെതിരെ തീവ്രമായ പ്രതിരോധം സൃഷ്ടിച്ച് നിലകൊണ്ട ഒരു ചരിത്രമാണ് അദ്ദേഹത്തിനുള്ളത്.

കെ. അനിരുദ്ധന്റെ നിര്യാണത്തോടെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച കഴിവുറ്റ ഒരു ട്രേഡ് യൂണിയൻ സംഘാടകനെയും സംശുദ്ധ വ്യക്തിത്വത്തിനുടമയായ മികച്ച ഒരു പൊതുപ്രവർത്തകനെയും വാഗ്മിയെയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

**പി. ബി. ആർ. പിള്ള**

മുൻ നിയമസഭാംഗം പി. ബി. ആർ. പിള്ള 2016 ഏപ്രിൽ 26-ന് അന്തരിച്ചു.

പി.എസ്. കൃഷ്ണപിള്ളയുടെ മകനായി 1931 മെയ് 2-ന് ജനിച്ച പി. ബി. ആർ. പിള്ള സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകനായി പൊതുപ്രവർത്തന രംഗത്തെത്തി.

1970-ൽ ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽനിന്നും നാലാം കേരള നിയമസഭയിലേക്ക് സോഷ്യലിസ്റ്റ് പാർട്ടി പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട പി. ബി. ആർ പിള്ള 1977-ൽ അഞ്ചാം കേരള നിയമസഭയിലേക്ക് അതേ നിയോജകമണ്ഡലത്തിൽനിന്നും ജനതാ പാർട്ടി പ്രതിനിധിയായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

ജനതാ പാർലമെന്ററി പാർട്ടി വിപ്പ് ആയി പ്രവർത്തിച്ച അദ്ദേഹം സോഷ്യലിസ്റ്റ് പാർട്ടി കോട്ടയം ജില്ലാ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ, ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്.

പി.ബി.ആർ. പിള്ളയുടെ നിര്യാണത്തോടെ പ്രഗത്ഭനായ ഒരു സംഘാടകനേയും മികച്ച ഒരു പൊതു പ്രവർത്തകനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

**ഡേവിഡ് പിൻഹിറോ**

മുൻ നിയമസഭാംഗം ഡേവിഡ് പിൻഹിറോ 2016 ഫെബ്രുവരി 29-ന് അന്തരിച്ചു.

എറണാകുളം ജില്ലയിൽ മൈക്കിൾ പിൻഹിറോയുടെ മകനായി 1947 ജൂൺ 1-ന് ജനിച്ച ഡേവിഡ് പിൻഹിറോ യൂത്ത് കോൺഗ്രസ്സിലൂടെ രാഷ്ട്രീയത്തിൽ എത്തി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രവർത്തകനായി പൊതുപ്രവർത്തന രംഗത്ത് സജീവമായി.

1991-ൽ ഒൻപതാം കേരള നിയമസഭയിലേക്ക് ആംഗ്ലോ-ഇൻഡ്യൻ പ്രതിനിധിയായി ഡേവിഡ് പിൻഹിറോ നാമനിർദ്ദേശം ചെയ്യപ്പെട്ടു.

യൂത്ത് കോൺഗ്രസ്സ് എറണാകുളം ജില്ലാ ട്രഷറർ, ഇളംകുന്നപ്പുഴ പഞ്ചായത്ത് അംഗം, സെൻട്രൽ ബോർഡ് ഓഫ് ആംഗ്ലോ-ഇൻഡ്യൻ എഡ്യൂക്കേഷൻ അംഗം എന്നീ ചുമതലകളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

ഡേവിഡ് പിൻഹിറോയുടെ നിര്യാണത്തോടെ മികച്ച ഒരു പൊതു പ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

# IV അറിയിപ്പ്

## നിയമസഭാ നടപടിക്രമങ്ങളുടെ സമയക്ലിപ്തത

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് ചെയറിന് ബഹുമാനപ്പെട്ട സഭാംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ചില കാര്യങ്ങളുണ്ട്.

24-6-2016-ന് സഭയിലെ കക്ഷിനേതാക്കളുടെ ഒരു യോഗം ചേരുകയുണ്ടായി. ആ യോഗത്തിൽ സഭാനടത്തിപ്പിന്റെ അച്ചടക്കവും അന്തസ്സും സമയക്ലിപ്തതയും പരിപാലിക്കുന്നതിനെ സംബന്ധിച്ച് പൊതുവായ ചില നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. സമയബന്ധിതമായി സഭ നടത്തിക്കൊണ്ടുപോകാൻ എല്ലാ വിഭാഗം കക്ഷികളുടെയും ഭാഗത്തുനിന്നുള്ള പിന്തുണ യോഗത്തിൽ അറിയിച്ചിട്ടുണ്ട്. അനന്തമായി സഭാനടപടികൾ നീണ്ടുപോകുന്നത് മാധ്യമപ്രവർത്തകർക്കും സർക്കാരിനും സാമാജികർക്കും പ്രയാസങ്ങളുണ്ടാക്കുന്ന പശ്ചാത്തലത്തിൽ സഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചട്ടത്തിന് വിധേയമായി പോകണമെന്നാണ് ചെയർ ആഗ്രഹിക്കുന്നത്. നിയമസഭാ നടപടിക്രമങ്ങളുടെ സമയക്ലിപ്തത രാവിലെ 8.30-ന് ആരംഭിച്ച് 1.30-ന് അവസാനിക്കുന്ന നിലയിലാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് സഭാദ്ധ്യക്ഷനെതന്നെ കക്ഷി നേതാക്കളുടെ യോഗം ചുമതലപ്പെടുത്തുകയാണ് ചെയ്തത്. ഇതുസംബന്ധിച്ച് കീഴ്‌വഴക്കങ്ങളുടെയും മുൻകാല റൂളിംഗുകളുടെയും വിശദാംശങ്ങൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

പത്താം കേരള നിയമസഭയിൽ 1998 മാർച്ച് 18-ാം തീയതി സഭാദ്ധ്യക്ഷൻ ചില പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ആ പ്രഖ്യാപനങ്ങൾ പ്രകാരം സമയക്ലിപ്തത നിർബന്ധമായും പരിപാലിക്കുന്നതിനുവേണ്ടിയുള്ള ചില നിർദ്ദേശങ്ങൾ പരിഗണിക്കണമെന്ന് അന്നത്തെ സഭ തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ആറ് സബ്മിഷനുകൾ മാത്രമെ ഒരു ദിവസം അനുവദിക്കു എന്ന നിർദ്ദേശം അന്ന് അംഗീകരിക്കപ്പെട്ടു. സീറോ അവറിൽ എല്ലാ നടപടിക്രമങ്ങളും 10.30-നുള്ളിൽ പൂർത്തീകരിക്കണമെന്ന് അന്ന് ധാരണയിൽ എത്താൻ സാധിച്ചു. സഭയിൽ നടത്തുന്ന പ്രസംഗങ്ങൾക്ക് ക്ലിപ്തമായ സമയം നിശ്ചയിക്കാനും ആ സമയം പാലിക്കുമെന്ന് ഉറപ്പുവരുത്താനും എല്ലാ അംഗങ്ങളും തയ്യാറാകണമെന്നും അന്ന് തീരുമാനിക്കുകയുണ്ടായി. അനുവദിക്കുന്ന സമയം അവസാനിക്കുന്നതിന് ഒരു മിനിട്ടുമുമ്പ് ബെല്ലടിക്കുമെന്നും ഒരു മിനിട്ട് അവസാനിക്കുന്ന മുറയ്ക്ക് സഭാംഗങ്ങൾ പ്രസംഗം അവസാനിപ്പിച്ച് സീറ്റിലിരിക്കണമെന്നും അന്ന് തീരുമാനിക്കപ്പെട്ടു. തുടർന്ന് അടുത്ത അംഗത്തെ

വിളിക്കാനുള്ള അനുവാദവും സഭാദ്ധ്യക്ഷന് നൽകുകയുണ്ടായി. എന്നാൽ കാലക്രമത്തിൽ ഇതിന് ചെറിയ മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് ചെയർ മനസ്സിലാക്കുന്നു. 12-ാം നിയമസഭയിൽ ചട്ടങ്ങൾ സമഗ്രമായി ഭേദഗതി ചെയ്തു. അതിന്റെ ഭാഗമായിട്ടാണ് ചട്ടം 304 ഭേദഗതി ചെയ്തപ്പോൾ പത്തിൽ കവിയാത്ത സബ്മിഷനുകൾ വെള്ളിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ നൽകാനും വെള്ളിയാഴ്ചയിൽ പരമാവധി എട്ട് സബ്മിഷനുകൾ നൽകാനുമുള്ള ധാരണയാണുണ്ടാക്കിയത്. ഈ നിബന്ധനകൾ പലപ്പോഴും പാലിക്കാൻ കഴിയാത്ത സാഹചര്യത്തിലേക്ക് സഭാനടത്തിപ്പ് നീണ്ടുപോയെന്നുള്ളത് വാസ്തവമാണെങ്കിലും സഭയുടെ സമയക്ലിപ്തത എല്ലാ നിലയിലും എല്ലാ അംഗങ്ങൾക്കും ഗുണകരമാണ് എന്നുള്ളതുകൊണ്ട് സമയ ക്ലിപ്തതയുമായി ബന്ധപ്പെട്ടുകൊണ്ട് ചില അറിയിപ്പുകൾ ചെയർ സഭയെ അറിയിക്കുകയാണ്.

അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി സംബന്ധിച്ച എല്ലാ നടപടി ക്രമങ്ങളും പത്ത് മണിക്കുമുമ്പായി പൂർത്തീകരിക്കപ്പെടേണ്ടതാണ്. ശൂന്യവേള രാവിലെ 10.30 വരെയാണെന്ന മുൻസ്പീക്കറുടെ പ്രസ്താവന നിലനിൽക്കുന്ന സാഹചര്യത്തിൽ സബ്മിഷനുകൾ അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിമാരും അവരുടെ സംസാരം പരമാവധി ചുരുക്കി രണ്ടോ മൂന്നോ വാചകത്തിൽ ക്രമീകരിക്കേണ്ടതാണ്. നിയമനിർമ്മാണ പ്രക്രിയയിൽ പ്രത്യേകമായി സമയക്രമീകരണത്തെക്കുറിച്ച് ചട്ടത്തിൽ പരാമർശി ച്ചിട്ടില്ലാത്തതിനാൽ ബില്ലുകളിന്മേലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളിന്മേലുമുള്ള ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾ ബില്ലിന്റെ പരിധിയിൽ നിന്ന് സംസാരിക്കേണ്ടതും സമയനിഷ്ഠ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇത്തരം വിഷയങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സംസാരിക്കുന്നതിനായി സമയം അനുവദിക്കപ്പെടുന്ന സാഹചര്യത്തിൽ ചർച്ചയിൽ പങ്കെടുക്കുന്ന ഒരു മെമ്പർക്ക് അനുവദിക്കുന്ന സമയം അവസാനിക്കുന്നതിന് ഒരു മിനിട്ട് മുമ്പ് സമയം അവസാനിക്കാറായി എന്ന സൂചന ചെയർ നൽകുന്നതാണ്. നിശ്ചിത സമയം അവസാനിച്ചാൽ ഉടൻതന്നെ പ്രസ്തുത അംഗം പ്രസംഗം അവസാനിപ്പിച്ച് സീറ്റിൽ ഇരിക്കേണ്ടതാണ്. അപ്രകാരം അംഗങ്ങൾ സഹകരിക്കാത്ത സാഹചര്യമുണ്ടായാൽ ഒരു മിനിട്ട് കഴിഞ്ഞ് അടുത്ത അംഗത്തെ പ്രസംഗത്തിനായി ക്ഷണിക്കാൻ ചെയർ നിർബന്ധിതമാകും. എന്നാൽ കക്ഷിനേതാക്കളുടെയും മന്ത്രിമാരുടെയും കാര്യത്തിൽ ഒരു പൊതു സമവായമെന്ന നിലയിൽ അർഹമായ പരിഗണന നൽകാൻ ചെയർ ബാദ്ധ്യസ്ഥനാണെന്നുകൂടി അറിയിക്കുകയാണ്.

## V അടിയന്തരപ്രമേയം

### ദളിത് പെൺകുട്ടികളുടെ റിമാൻഡ്

മി. സ്പീക്കർ: തലശ്ശേരിയിലെ കുട്ടിമാക്കൂലിൽ 2016 ജൂൺ 3-നു ശേഷം ദളിത് വിഭാഗത്തിൽപ്പെട്ട രാജൻ, ഭാര്യ ഉഷ, പെൺമക്കളായ അഞ്ജന, അഖില എന്നിവർ ഉൾപ്പെടുന്ന കുടുംബത്തിനെതിരെ തുടർച്ചയായുണ്ടായ അക്രമങ്ങളും അഖില, അഞ്ജന എന്നിവരെ ജാതിപ്പേരുവിളിച്ച് അപമാനിക്കാനും കയ്യേറ്റം ചെയ്യാനും സഭ്യേതരമായ ഭാഷയിൽ അപമാനിക്കാനും നടന്ന ശ്രമങ്ങളും ഫലപ്രദമായി നിയന്ത്രിക്കാൻ പോലീസിന് കഴിയാതെ പോയതിലും രാജന്റെ പെൺമക്കളായ അഖില, അഞ്ജന എന്നിവരുടെ പേരിൽ ജാമ്യമില്ലാ വകുപ്പുകൾ ചേർത്ത് കള്ളക്കേസെടുത്ത് സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശംപോലും പാലിക്കാതെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യാൻ പോലീസ് സ്വീകരിച്ച നടപടികളിലും അറസ്റ്റിലും രാഷ്ട്രീയ നേതാക്കളുടെ അപവാദപ്രചരണത്തിലും മനംനൊന്ത് രാജന്റെ മകൾ അഞ്ജന നടത്തിയ ആത്മഹത്യാശ്രമവുംമൂലം എസ്.സി./എസ്.റ്റി. വിഭാഗത്തിലും പൊതുസമൂഹത്തിലും ഉണ്ടായിട്ടുള്ള ആശങ്കയും അരക്ഷിതബോധവുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, എം. കെ. മുനീർ, പി. ജെ. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള ഗൗരവാവസ്ഥയൊന്നും ഇപ്പോൾ ഉന്നയിക്കപ്പെട്ട പ്രശ്നത്തിൽ ഇല്ലെന്നാണ് ആദ്യമേതന്നെ വ്യക്തമാക്കാനുള്ളത്. 2016 ജൂൺ 3-ന് നടന്ന സംഭവത്തിൽ ജൂൺ 4-നുതന്നെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിരുന്നു. സംഭവത്തിന്റെ നിജസ്ഥിതി പരിശോധിച്ച് തലശ്ശേരി പോലീസ് സ്റ്റേഷനിൽ IPC 447, 427, 34 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. കെ. സി. ജോസഫ് ഉൾപ്പെടെയുള്ളവർ ഇവിടെ ഉന്നയിച്ചിട്ടുള്ള സംഭവത്തിൽ പോലീസ് അന്വേഷണം നടത്തി കേസ് എടുത്തിട്ടുള്ളതാണ്. പരാതിയിൽ ആരോപിതനായ ഒന്നാം പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കുട്ടിമാക്കൂലിൽ ബസ്സിറങ്ങി വീട്ടിലേക്ക് നടന്നുപോകുമ്പോൾ ഭീഷണി പ്പെടുത്തുകയും കരണത്തടിക്കുകയും ചെയ്തു എന്നതായിരുന്നു രാജന്റെ

മൊഴി. അതിന്റെ അടിസ്ഥാനത്തിൽ ഷിജിലിനെ പ്രതിയാക്കി തലശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഈ കേസിൽ എസ്‌സി./എസ്‌ടി. അതിക്രമം തടയൽ നിയമപ്രകാരവും കേസ് എടുത്തിട്ടുണ്ട്. ജൂൺ 11-ന് സി.പി.ഐ.(എം) ബ്രാഞ്ച് കമ്മിറ്റി ഓഫീസിൽ കയറി അക്രമം നടത്തിയെന്ന ഷിജിലിന്റെ പരാതിയുടെ അടിസ്ഥാനത്തിലാണ് അഖില, അഞ്ജന, രാജൻ, വികാസ് എന്നിവർക്കെതിരെ പോലീസ് കേസെടുത്തത്. 17-6-2016-ൽ കോടതിയിൽ ഹാജരാക്കിയപ്പോൾ ജാമ്യമെടുക്കാൻ തയ്യാറാകാത്ത സാഹചര്യവുമുണ്ടായി. അങ്ങനെയാണ് കോടതി പ്രതികളെ റിമാൻഡ് ചെയ്തത്. 18-6-2016-ന് ജാമ്യക്കാർ എത്തിയതിനെത്തുടർന്ന് ജാമ്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അഞ്ജനയും അഖിലയും കുട്ടിമാക്കൂൽ ജംഗ്ഷനിൽ സാധനം വാങ്ങാൻ പോയപ്പോൾ ജാതിപ്പേരുവിളിച്ച് ആക്ഷേപിച്ചു എന്ന പരാതി ഉണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതിക്കാർക്കെതിരായ അതിക്രമം തടയൽ നിയമപ്രകാരവും കേസ് എടുത്തിട്ടുണ്ട്. കോടതിയിൽനിന്നും ജാമ്യം ലഭിച്ച 18-ാം തീയതി രാജന്റെ മകൾ അഞ്ജന രാത്രി 9 മണിക്കുശേഷം ഏതോസമയം ഏതോ ഗുളികകൾ അമിതമായ അളവിൽ കഴിച്ച് തലശ്ശേരി സഹകരണ ആശുപത്രിയിൽ ചികിത്സ തേടുന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. അറസ്റ്റ് സംബന്ധിച്ച് സുപ്രീം കോടതിയുടെ എല്ലാ നിർദ്ദേശങ്ങളും പാലിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ മുഖ്യമന്ത്രി നിരുത്തരവാദപരമായ ഒരു സമീപനവും സ്വീകരിച്ചിട്ടില്ല. അടിയന്തര പ്രമേയത്തിന്റെ വിശദീകരണക്കുറിപ്പിൽ ശ്രീ. കെ. സി. ജോസഫും മറ്റും മജിസ്ട്രേട്ടിനെതിരെ അതീവ ഗൗരവമായ ആക്ഷേപം ഉന്നയിച്ചതായി കാണുന്നു. മജിസ്ട്രേട്ട് സാമാന്യ മര്യാദകൾപോലും ലംഘിച്ചുകൊണ്ട് അഖിലയെയും അഞ്ജനയെയും റിമാൻഡ് ചെയ്തു എന്നതാണ് ആ പരാമർശം. മുമ്പ് ശ്രീ. കെ. സി. ജോസഫ് ഹൈക്കോടതി ജഡ്ജിക്കെതിരെ 'ചായത്തൊട്ടിയിൽ വീണ നീലക്കുറുക്കൻ' എന്ന പരാമർശം നടത്തിയപ്പോഴുണ്ടായ അനുഭവം ഓർക്കുന്നുണ്ടാവും. അതിൽ കോടതിയലക്ഷ്യ നടപടി നേരിടുകയും മാപ്പപേക്ഷിക്കുകയും ചെയ്യേണ്ടി വന്നതാണ്. അടിയന്തരപ്രമേയത്തിന്റെ വിശദീകരണക്കുറിപ്പിലെ പരാമർശത്തിന് ഇവിടെ പരിരക്ഷയുണ്ട് എന്നത് ശരിയാണ്. പക്ഷെ ആ പരിരക്ഷ ഇത്തരത്തിൽ ഉപയോഗിക്കണോ എന്ന് ചിന്തിക്കേണ്ടതാണ്. പ്രമേയത്തിൽ മജിസ്ട്രേട്ടിനെതിരെയുള്ള പരാമർശങ്ങളിൽ ഒപ്പിട്ടവർതന്നെ അത് പിൻവലിക്കുന്നതല്ലേ ഔചിത്യമെന്ന് ആലോചിക്കേണ്ടതാണ് എന്നുകൂടി ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കുകയാണ്. ഈ വിഷയം സഭനിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ സാഹചര്യം ഉദിക്കുന്നില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന അങ്ങയുടെ പ്രസ്താവനയിൽ അത്ഭുതപ്പെടുന്നില്ല. ഈ സംഭവം നടന്ന് 24 മണിക്കൂറിനുള്ളിൽ അങ്ങ് പറഞ്ഞത് 'ഈ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല' എന്നായിരുന്നു. അടുത്ത ദിവസം അങ്ങ് 'പോലീസിനോട് ചോദിക്കു, ഞാൻ പറയേണ്ട കാര്യമില്ല' എന്നുപറഞ്ഞു. മൂന്നാം ദിവസം 'കൈക്കുഞ്ഞുമായി അറസ്റ്റ് ചെയ്യപ്പെടുന്നത് ആദ്യമായിട്ടല്ല' എന്നുപറഞ്ഞു. അങ്ങനെയൊക്കെ പറഞ്ഞ അങ്ങ് ഇത്തരത്തിൽ പ്രതികരിച്ചതിൽ എനിക്ക് അത്ഭുതമില്ല. ഈ ഗവൺമെന്റ് അധികാരമേറ്റ് ഒരു മാസം തികയുന്നതിനുമുമ്പ്, വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിലുണ്ടായ സംഭവങ്ങൾ അതീവ ഗുരുതരമായ സാഹചര്യമാണ് കേരളത്തിൽ ഉണ്ടാക്കിയിരിക്കുന്നത്. അങ്ങ് ചുമതലയേറ്റപ്പോൾ എല്ലാവർക്കും തുല്യനീതിയെന്ന് പറയുകയുണ്ടായി. കേരളം ആ പ്രസ്താവന സ്വാഗതം ചെയ്തു. പക്ഷേ, അങ്ങയുടെ പ്രസ്താവനയും പിന്നീടുണ്ടായ സംഭവങ്ങളും തമ്മിൽ യാതൊരു പൊരുത്തവുമില്ലെന്ന് ഞാൻ ഖേദപൂർവ്വം പറയട്ടെ. അതിന്റെ ആദ്യസൂചനയാണ് തലശ്ശേരിയിലെ സംഭവങ്ങളും പട്ടികജാതി പെൺകുട്ടികൾക്കുണ്ടായ ക്രൂരമായ അനുഭവങ്ങളും. പോലീസിന്റെ സമീപനം, പാർട്ടിയുടെ ആജ്ഞാനുവർത്തിയായി പോലീസ് മാറിയ സംഭവങ്ങൾ, നേതാക്കളുടെ പ്രതികരണങ്ങൾ തുടങ്ങിയവയെല്ലാം ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ്. അങ്ങും ഞാനും ഉൾപ്പെടുന്ന കണ്ണൂരിലെ എം.എൽ.എ.മാർക്ക് കുട്ടിമാക്കൂലിനെപ്പറ്റി അറിയാവുന്നതാണ്. കുട്ടിമാക്കൂൽ സി.പി.ഐ.(എം) ന്റെ പാർട്ടി ഗ്രാമമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കാൻപോലും ഞങ്ങൾക്ക് ആളിനെ കിട്ടാത്ത മേഖലയാണ് കുട്ടിമാക്കൂൽ. ഭയപ്പാടുകൊണ്ട് അവിടെ ആരും മത്സരിക്കാൻ തയ്യാറാകുന്നില്ല. 35 വർഷംമുമ്പ് അങ്ങയുടെ പാർട്ടിയിൽനിന്ന് രാജിവച്ച് കോൺഗ്രസ് പാർട്ടിയിൽ ചേർന്ന ആളാണ് രാജൻ. കൂടാതെ, മുനിസിപ്പാലിറ്റിയിലെ കണ്ടിജന്റ് ജീവനക്കാരുടെ സംഘടനാ സെക്രട്ടറിയും കോൺഗ്രസ്സിന്റെ ബ്ലോക്ക് സെക്രട്ടറിയുമാണ് രാജൻ. ഇത്തവണ തലശ്ശേരി നഗരസഭാ ചെയർമാനായി സി.പി.ഐ.(എം) നിശ്ചയിക്കുകയും പിന്നീട് രാജി വയ്ക്കേണ്ടി വരികയും ചെയ്ത കാരായി ചന്ദ്രശേഖരന്റെ എതിർ സ്ഥാനാർത്ഥിയായിരുന്നു രാജൻ. രാജന്റെ ഭാര്യ ഉഷ രണ്ട് തെരഞ്ഞെടുപ്പിലും മകൾ അഭിഷ ഒരു തെരഞ്ഞെടുപ്പിലും മത്സരിച്ചിരുന്നു. ജൂൺ 3-ാം തീയതി ഉണ്ടായ സംഭവങ്ങൾ ഇവിടെ പറയുകയുണ്ടായി. ജൂൺ 3-ാം തീയതി രാജനും ഭാര്യയും നാല് പെൺമക്കളും താമസിക്കുന്ന കുട്ടിമാക്കൂലിലെ വീടിന് മുന്നിൽ പാർക്ക് ചെയ്തിരുന്ന, രാജന്റെ മകളുടെ ഉടമസ്ഥതയിലുള്ള സെക്കൻഡ് ഹാന്റ് മാരുതി കാർ (കെ എൽ 13 എച്ച് 577) രാത്രി 8.45-ഓടു കൂടി ഷിജിൽ ഉൾപ്പെടെയുള്ള രണ്ടുപേർ

എറിഞ്ഞുതകർത്ത സംഭവത്തിൽ കേസ് എടുക്കാനും പ്രതികളെ അറസ്റ്റ് ചെയ്യാനും പോലീസ് അലംഭാവം കാണിച്ചു. ജൂൺ 8-ാം തീയതി കുട്ടിമാക്കൂലിലെ പബ്ലിക് റോഡിൽ വച്ച് രാജനെ തടഞ്ഞുവച്ച് മർദ്ദിക്കുകയും ചെവിക്കുറ്റി അടിച്ചുതകർക്കുകയും ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ചെയ്തു. ഇപ്പോൾ രാജന്റെ ഒരു ചെവിക്ക് കേൾവിശേഷിയില്ല. മൂന്നാം തീയതിയിലെ സംഭവത്തിൽ പ്രതിയായ ഷിജിൽ തന്നെയാണ് ഈ കേസിലെയും ഒന്നാംപ്രതി. മൂന്ന് ദിവസത്തിനുശേഷം 11-ാം തീയതി വൈകുന്നേരം 6 മണിയോടുകൂടി കുട്ടിമാക്കൂലിലെ കടയിൽ സാധനം വാങ്ങാൻപോയ അഖില, അഞ്ജന എന്നീ പെൺകുട്ടികളെ സി.പി.ഐ.(എം) ബ്രാഞ്ച് കമ്മിറ്റി ആഫീസിന് മുന്നിൽ വച്ച് വീണ്ടും ഷിജിൽ ഉൾപ്പെടെയുള്ള മൂന്നുപേർ ജാതിപ്പേര് വിളിക്കുകയും അശ്ലീലച്ചുവയുള്ള ആംഗ്യങ്ങൾ കാണിക്കുകയും കാർക്കിച്ച് തുപ്പുകയും പിതാവായ രാജനെ വീണ്ടും മർദ്ദിക്കുമെന്നും മറ്റേ ചെവികൂടി തകർക്കുമെന്ന് പറയുകയും ചെയ്തു. ഇത്തരം പ്രകോപനങ്ങളിൽ സഹികെട്ട് പെൺകുട്ടികൾ സി.പി.ഐ.(എം) ആഫീസിന്റെ പടിയിൽക്കയറി ചോദ്യം ചെയ്തപ്പോൾ അവരെ കസേര കൊണ്ട് അടിച്ച് മാരകമായി പരിക്കേൽപ്പിച്ചു. പടികളിറങ്ങി താഴെയെത്തിയ പെൺകുട്ടികളെ സി.പി.ഐ.(എം) പ്രവർത്തകർ വീണ്ടും ക്രൂരമായി മർദ്ദിച്ചു. ഈ സംഭവം ഉണ്ടാകുന്നത് 11-ാം തീയതി വൈകിട്ട് 6 മണിയോടുകൂടിയാണ്. പെൺകുട്ടികൾ വീട്ടിലേക്ക് പോവുകയും വൈകിട്ട് 6.30-ന് ഇതേ സംഘം രാജന്റെ വീട്ടിലെത്തി രാജനെ വീട്ടിൽ നിന്ന് പിടിച്ചിറക്കി അവിടെക്കിടന്ന മടൽകൊണ്ട് വീണ്ടും മർദ്ദിക്കുകയും ചെയ്തു. ഇതുകണ്ട രാജന്റെ പെൺമക്കൾ പുറത്തേക്ക് ഓടിവരികയും തടയാൻ ശ്രമിക്കുകയും ചെയ്തപ്പോൾ രാജന്റെ മകളുടെ കയ്യിലിരുന്ന കൈക്കുഞ്ഞിനെ പിടിച്ചുവാങ്ങാൻ ഷിജിൽ ശ്രമിച്ചു. പെൺകുട്ടികളോട് മര്യാദയില്ലാതെ പെരുമാറിയവർ വീടിന്റെ ജനാലച്ചില്ല എറിഞ്ഞു തകർക്കുകയും കാർ ചെങ്കല്ലുകൊണ്ട് എറിഞ്ഞു തകർക്കുകയും ചെയ്തു. ഈ സംഭവത്തിൽ സി.പി.ഐ.(എം) പ്രവർത്തകർക്കെതിരെ മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്തു. 13-6-2016-ന് ഷിജിലിനേയും 14-6-2016-ന് ദിനേശിനേയും സെലിനേയും റിമാൻഡ് ചെയ്തു.

<u>മി. സ്പീക്കർ</u>: യെസ്.......

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, .....(ബഹളം)......

<u>മി. സ്പീക്കർ</u>: ഞാൻ അദ്ദേഹത്തെ സമയം ഓർമ്മിപ്പിച്ചതാണ്. ശ്രീ. വി. ഡി. സതീശൻ ദേഷ്യപ്പെടേണ്ട, അവിടെ ഇരിക്കൂ.

ശ്രീ. കെ. സി. ജോസഫ്: സർ, ഈ സംഭവത്തെത്തുടർന്ന് പെൺകുട്ടികളുടെ പേരിൽ നോൺബയിലബിൾ IPC 452 അടക്കമുള്ള സെക്ഷൻ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. ഇതേത്തുടർന്ന് 17-ാം തീയതി രാജനെയും മക്കളെയും മരുമകനെയും സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തി. അഖില കൈക്കുഞ്ഞുമായാണ് സ്റ്റേഷനിലേക്ക് പോയത്. സ്റ്റേഷനിൽ വച്ച് മൊഴി എടുത്തതിനുശേഷം അറസ്റ്റ് ചെയ്തിരിക്കുന്നുവെന്നും പുറത്തുപോകാൻ പാടില്ലെന്നും പറയുകയുണ്ടായി. എന്തിനാണ് അറസ്റ്റ് ചെയ്തതെന്ന് ചോദിച്ചപ്പോൾ നോൺബയിലബിൾ സെക്ഷനിലാണ് കേസെടുത്തതെന്നാണ് പറഞ്ഞത്. രാജനെയും അദ്ദേഹത്തിന്റെ മകളുടെ ഭർത്താവിനെയും സ്റ്റേഷൻ ജാമ്യത്തിൽ വിടുകയും അഖിലയെയും അഞ്ജനയെയും തലശ്ശേരി മജിസ്ട്രേട്ട് ലീവായതുകൊണ്ട് കണ്ണൂരിലേക്ക് കൊണ്ടുപോവുകയും ചെയ്തു. കണ്ണൂരിലേക്ക് കൊണ്ടുപോകുമ്പോൾ കോടതി മുമ്പാകെ നിയമപ്രകാരം ബയിൽ ആപ്ലിക്കേഷൻ മൂവ് ചെയ്തു. എന്നാൽ ബയിൽ ആപ്ലിക്കേഷൻ മജിസ്ട്രേട്ട് വാങ്ങിയില്ലെന്നുമാത്രമല്ല ചേമ്പറിൽ ബയിൽ ആപ്ലിക്കേഷൻ വാങ്ങില്ലെന്നും തിങ്കളാഴ്ച ഓപ്പൺ കോർട്ടിൽ കൊടുക്കണമെന്നും പറഞ്ഞു. രണ്ട് പെൺകുട്ടികളെയും ഒന്നര വയസ്സുള്ള കൈക്കുഞ്ഞിനെയും പോലീസ് റിമാൻഡുചെയ്ത് സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോയി. ഈ സംഭവം വിവാദമായപ്പോൾ പോലീസ് നിലപാട് മാറ്റി 18-6-2016-ന് ജാമ്യം അനുവദിക്കാൻ തയ്യാറാവുകയും അവർക്ക് കോടതി ജാമ്യം അനുവദിക്കുകയും ചെയ്തു. പെൺകുട്ടികൾ ജാമ്യത്തിലിറങ്ങിയ ദിവസം വൈകിട്ട് ചാനൽ ചർച്ചകളിൽ പെൺകുട്ടികൾ പൊതുശല്യമാണെന്നും ക്വട്ടേഷൻ സംഘമാണെന്നുമുള്ള മോശമായ പരാമർശങ്ങൾ ബഹുമാന്യരായ പൊതുപ്രവർത്തകരും ജനപ്രതിനിധികളും അടക്കമുള്ളവർ നടത്തുകയുണ്ടായി. വിവാഹം കഴിയാത്ത രണ്ട് പെൺമക്കൾ ഉൾപ്പെടെ നാല് പെൺകുട്ടികൾ പൊതുശല്യമാണെന്ന് പറഞ്ഞാൽ അതിനർത്ഥമെന്താണ്? അതിൽ മനംനൊന്ത് രാജന്റെ ഒരു മകൾ ആത്മഹത്യക്ക് ശ്രമിച്ചു. ഈ സംഭവം കഴിഞ്ഞുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതികരണം നിർഭാഗ്യകരമായിപ്പോയി. അങ്ങയുടെ ജില്ലയിൽ നടന്ന സംഭവം അറിയില്ലെന്നും അറിയേണ്ട കാര്യമില്ലെന്നും പോലീസിനോട് ചോദിക്കാൻ പറഞ്ഞതും ശരിയായില്ല. അങ്ങ് കുറച്ചുകൂടി ഗൗരവമായി വിഷയം കാണേണ്ടതായിരുന്നു. ദളിത് പെൺകുട്ടികൾക്കും കുടുംബത്തിനും നേരെയുണ്ടായ അപമാനകരമായ സംഭവങ്ങൾ കേരളത്തിന് ലജ്ജാകരമാണ്. സുപ്രീംകോടതിയുടെ, D. K. Basu vs State case-ന്റെ 'Guidelines to be followed before arresting women' എന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ നഗ്നമായ ലംഘനമാണ് ഇവിടെ നടന്നത്. ആ വ്യവസ്ഥകൾ

പാലിക്കാതെയാണ് രണ്ട് പെൺകുട്ടികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയത്. ഈ സംഭവത്തിൽ കേസെടുത്തെങ്കിലും കുട്ടിമാക്കലിലും പരസരത്തും തുടർച്ചയായി ഉണ്ടാകുന്ന ജനാധിപത്യ ധ്വംസനങ്ങൾ ഗൗരവമുള്ളതാണ്. സംസ്ഥാനത്ത് ഗവൺമെന്റിന്റെ കീഴിൽ എസ്‌സി./എസ്‌ടി. വിഭാഗങ്ങൾക്ക് സംരക്ഷണമുണ്ടാകുന്നില്ല. അതീവ ഗുരുതരമായ ഈ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ വിചിത്രമായ വാദങ്ങളാണ് ബഹുമാന്യനായ കെ. സി. ജോസഫ് അവതരിപ്പിച്ചിരിക്കുന്നത്. ഈ പറയുന്ന സംഭവം എങ്ങനെയുണ്ടായി എന്നത് എന്നേക്കാളും വളരെക്കൂടുതലായി ശ്രീ. കെ. സി. ജോസഫിനുതന്നെ അറിയാവുന്നതാണ്. സാധാരണ നിലയ്ക്ക് മലയാള മനോരമ ദിനപത്രം ഒരു വാർത്ത കൊടുക്കുമ്പോൾ ഏത് വശത്തിനാണ് മുൻതൂക്കം കൊടുക്കുകയെന്ന് നമുക്കെല്ലാവർക്കുമറിയാം. 'ജാതിപ്പേര് പറഞ്ഞ് ആക്ഷേപിച്ച സി.പി.ഐ.(എം) പ്രവർത്തകരെ പെൺകുട്ടികൾ ഓഫീസിൽ കയറി തല്ലി' എന്നാണ് മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയുടെ തലവാചകം. ആ വാർത്തയ്ക്കകത്ത് ഈ കുട്ടികൾ പറഞ്ഞതിനെപ്പറ്റി ഒരു വർത്തമാനവുമുണ്ട്. 'ചോദ്യം ചെയ്യുക മാത്രമെ ഉണ്ടായിട്ടുള്ളുവെന്നും മർദ്ദിച്ചിട്ടില്ലെന്നും' അവർ പറയുന്നു. അവിടെയുള്ള ആരുടെയെങ്കിലും സ്വാധീനത്തിന് വഴങ്ങി മലയാള മനോരമ ദിനപത്രം ഇത്തരത്തിൽ ഒരു വാർത്ത കൊടുക്കാൻ ഇടയില്ലായെന്നത് നല്ലതുപോലെ ശ്രീ. കെ. സി. ജോസഫിനും അറിയാമല്ലോ. ഈ ഓഫീസ് എന്നുപറയുന്നത് റോഡിൽക്കൂടി നടന്നുപോകുമ്പോൾ വഴിതെറ്റി കയറാൻ പറ്റുന്ന ഒന്നല്ല. ഗ്രൗണ്ട് ഫ്ലോർ കഴിഞ്ഞുള്ള ഒന്നാമത്തെ നിലയിൽ പ്രവർത്തിക്കുന്ന ഓഫീസിലാണ് ഈ പെൺകുട്ടികൾ കയറിച്ചെന്ന് തല്ലുന്നത്. കയറാനും തല്ലാനും അവകാശമുണ്ട് എന്നൊക്കെയുള്ള വാദമുണ്ടോയെന്നറിയില്ല. കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയിൽ കയറി ഡി.വൈ.എഫ്.ഐ. തിരുവങ്ങാട് മേഖലാ സെക്രട്ടറിയും സി.പി.ഐ.(എം) അംഗവുമായ ഷിജിലിനെ ആക്രമിച്ചുവെന്നതാണ് പരാതി. 'യുവതികൾ സി.പി.ഐ.(എം) ഓഫീസിൽ കയറി മർദ്ദിച്ചതായി പരാതി' എന്ന തലവാചകത്തോടെ മാതൃഭൂമി ദിനപത്രത്തിൽ വാർത്തവന്നു. ഈ വാർത്തകൾ കാണിക്കുന്നത് എന്താണ്? നടക്കാൻ പാടില്ലാത്ത ഒരു സംഭവം അവിടെ നടന്നിട്ടുണ്ട് എന്നാണ്. പോലീസ് കേസെടുത്തിട്ടുണ്ട്. പോലീസ് കേസെടുത്തുകഴിഞ്ഞപ്പോൾ ഇവർ നേരെ പോലീസ് സ്റ്റേഷനിൽ ചെല്ലുകയും അറസ്റ്റിന് വിധേയരാകുകയും ചെയ്യുകയാണുണ്ടായത്.

ശ്രീ. കെ. സി. ജോസഫ്: സർ, പോലീസ് അവരെ വിളിച്ച് വരുത്തിയതായിരുന്നു.

ശ്രീ. പിണറായി വിജയൻ: അതെ. ഇതുസംബന്ധിച്ച് കേസുള്ളതിനാൽ ഹാജരാകുകയാണുണ്ടായത്. അല്ലാതെ ചോദ്യം ചെയ്യാൻ വിളിച്ചുവരുത്തിയതല്ല. പോലീസ് സ്റ്റേഷനിൽ ഹാജരായ പ്രതിയെ സ്വാഭാവികമായും പോലീസ് അറസ്റ്റ് ചെയ്യുന്നു. അപ്പോഴൊന്നും കുഞ്ഞ് പ്രതിയുടെ കൂടെയില്ല. പിന്നീട് കോടതിയിൽ നിന്ന് പോകുമ്പോഴാണ് അച്ഛൻ കുട്ടിയെ പ്രതിയുടെ കയ്യിലെത്തിക്കുന്നത്. അതും ഒരു വസ്തുതയാണെന്ന കാര്യം ഓർക്കണം. ഇവിടെ ബഹുമാനപ്പെട്ട അംഗം അവരെ വല്ലാതെ ഉപദ്രവിച്ചുവെന്നൊക്കെ പറഞ്ഞല്ലോ, ഇവർക്കെതിരെയുള്ള പരാതികൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് കരുതുന്നു. എന്താണ് ഇവരെ കുറിച്ചുണ്ടായ പരാതികളെന്ന് അങ്ങയുടെ പാർട്ടിയിൽപെട്ട ആളുകൾതന്നെ അങ്ങയോട് പറഞ്ഞിട്ടുണ്ടാകും. ഇവരുടെ വീടിന്റെ തൊട്ടടുത്താണ് സക്കീനയും കുടുംബവും താമസിക്കുന്നത്. സക്കീന ഇവർക്കെതിരെ കൊടുത്ത പരാതിയുണ്ട്. സക്കീനയ്ക്ക് പ്രത്യേക രാഷ്ട്രീയ ബന്ധമൊന്നും ഉണ്ടെന്ന് ആരും പറയില്ല. ആ പരാതിയെ സംബന്ധിച്ചുണ്ടായ കേസിൽ ഇരുകൂട്ടരെയും പോലീസ് സ്റ്റേഷനിൽ വിളിപ്പിച്ച് പ്രശ്നം പരിഹരിക്കുന്ന നിലപാടാണ് പോലീസ് സ്വീകരിച്ചത്. അതുപോലെതന്നെ രാജന്റെ അയൽവാസിയും ബന്ധുവുമായ അശോക് കുമാറും ഇവർക്കെതിരെ പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിയുടെ കാര്യത്തിലും മേലിൽ ഇത് ആവർത്തിക്കരുതെന്ന് താക്കീത് നൽകി പോലീസ് സ്റ്റേഷനിൽവച്ച് പ്രശ്നം പരിഹരിച്ച് വിട്ടയയ്ക്കുന്ന അവസ്ഥ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. അതൊക്കെ ഇപ്പറഞ്ഞ നിരുപദ്രവകാരികളുടെ കാര്യത്തിലുണ്ടായ സംഭവങ്ങളാണ്. അതുപോലെതന്നെ രാജന്റെ അയൽവാസിയും ബന്ധുവുമായ സുഭാഷിണി നൽകിയ പരാതിയുമായി ബന്ധപ്പെട്ടും ഇരുകൂട്ടരെയും പോലീസ് സ്റ്റേഷനിൽ വിളിപ്പിച്ച് പ്രശ്നം പരിഹരിക്കുന്ന നിലപാടാണ് പോലീസ് സ്വീകരിച്ചത്. ഇതൊന്നും ഇതിനുശേഷം പോലീസിനെ സ്വാധീനിച്ച് ആരെങ്കിലും ഉണ്ടാക്കിയ കാര്യമല്ല. അത് നമ്മൾ കാണാതിരിക്കരുത്. നിങ്ങൾ ഈ പ്രശ്നം ഏറ്റെടുത്തത് രാഷ്ട്രീയമായിട്ടാണെന്ന് എല്ലാവർക്കുമറിയാം. രാഷ്ട്രീയമായ ഉദ്ദേശ്യത്തോടെ ഈ വിഷയം നല്ലതുപോലെ ഉയർത്തികൊണ്ടുവരാൻ നിങ്ങൾ തയ്യാറായി എന്നതാണ് വസ്തുത. ഇതിന്റെ ഭാഗമായാണ് ശ്രീ. കെ. സി. ജോസഫ് ഇവിടെ ഈ പ്രശ്നങ്ങളൊക്കെ ഉന്നയിച്ചിരിക്കുന്നത്. നമ്മുടെ നാട്ടിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾക്കും ഒരു തരത്തിലുള്ള അരക്ഷിതാവസ്ഥയും നേരിടേണ്ടി വരില്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെ പ്രത്യേകമായിത്തന്നെ സംരക്ഷിക്കുന്ന

നിലപാടാണ് ഈ സർക്കാരിനുള്ളത്. അതിനെക്കുറിച്ച് യാതൊരു ആശങ്കയും ഉണ്ടാകേണ്ടതില്ല. കേരളത്തിലെ ക്രമസമാധാന നില തകർന്നിരിക്കുന്നുവെന്ന് പ്രചരിപ്പിക്കാനൊരു മോഹം കാണും. അതിന്റെ ഭാഗമായി സർക്കാരിന്റെ ഭരണം തുടങ്ങുമ്പോൾത്തന്നെ ഇത്തരമൊരു കാര്യം അവതരിപ്പിക്കാമെന്ന ഉദ്ദേശ്യവുമുണ്ടാകും. അതിന് പറ്റിയ ആളുകളെ കൂട്ടും കിട്ടുന്നുണ്ട്. ആ കൂട്ടുകെട്ടിന്റെ ഭാഗമായിട്ടാണ് ഒരേതരത്തിലുള്ള മുദ്രാവാക്യങ്ങളുമായി ഇപ്പോൾ രംഗത്തുവരുന്നത്. എന്നാൽ യഥാർത്ഥ വസ്തുത നാട്ടിൽ എല്ലാവർക്കുമറിയാം. കേരളത്തിൽ ക്രമസമാധാനം കൃത്യമായി പാലിച്ചു പോകും. ഒരു തരത്തിലുള്ള പക്ഷപാതപരമായ ഇടപെടലും ഉണ്ടാകില്ല. ഏതെങ്കിലും തരത്തിൽ പക്ഷപാതപരമായി ആളുകളെ കേസിൽപ്പെടുത്തുന്ന നിലയോ സംരക്ഷിക്കുന്ന നിലയോ ഉണ്ടാകില്ല. ഇക്കാര്യം സർക്കാർ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. അതുതന്നെയായിരിക്കും ഇനി അങ്ങോട്ടും തുടർന്നു പോകുന്നത്. അതുകൊണ്ട് ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യമുണ്ടെന്ന് തോന്നുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് തലശ്ശേരിയിലെ കുട്ടിമാക്കൂലിലുണ്ടായ സംഭവത്തെ വിശദീകരിച്ചത്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ഇങ്ങനെയൊരു മറുപടിയല്ല ഞാൻ പ്രതീക്ഷിച്ചത്. സംസ്ഥാനത്തെ മുഖ്യമന്ത്രി എന്ന നിലയിലുള്ള പ്രസംഗമായിരുന്നില്ല അദ്ദേഹം നടത്തിയത്. പഴയ പാർട്ടി സെക്രട്ടറി എന്നുള്ള നിലയിലാണ് ശ്രീ. പിണറായി വിജയൻ ഈ പ്രസംഗം നടത്തിയത്. അദ്ദേഹം ഇപ്പോൾ മുഖ്യമന്ത്രിയാണെന്നുള്ള കാര്യം ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിക്കേണ്ട ആവശ്യമില്ല. തലശ്ശേരിയിലെ രണ്ട് ദളിത് പെൺകുട്ടികൾക്ക് നേരിടേണ്ടിവന്ന ഈ ദുര്യോഗം കേരളത്തിൽ ഇനി ഒരു ദളിത് സഹോദരിക്കും ഉണ്ടാകാതിരിക്കട്ടെ എന്നുള്ള പ്രാർത്ഥനയാണ് എനിക്കുള്ളത്. ഇവിടെ ആദ്യം മുതൽക്കേ മുഖ്യമന്ത്രി വളരെ തെറ്റായ നിലപാടുകളാണ് എടുത്തത്. സംഭവം തെറ്റായിപ്പോയി എന്നതു കൊണ്ടാണല്ലോ ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കുനേരെയും ജനപ്രതിനിധികൾക്കു നേരെയും കേസെടുത്തത്. തെറ്റാണ് എന്ന് ബോദ്ധ്യമായിട്ടും എന്തുകൊണ്ട് തിരുത്താൻ തയ്യാറാകുന്നില്ല? ആദ്യം മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ 'എനിക്ക് ഇതറിയില്ല'

എന്നാണ് അദ്ദേഹം ഡൽഹിയിൽവച്ച് മറുപടി പറഞ്ഞത്. രണ്ടാമത് അദ്ദേഹം പറഞ്ഞത്, 'കൈക്കുഞ്ഞുമായി ആരെങ്കിലും ജയിലിൽ പോകുന്ന ആദ്യത്തെ സംഭവമല്ല ഇത് എന്നാണ്. നമ്മുടെ സംസ്ഥാനത്ത് കൈക്കുഞ്ഞുങ്ങളുമായി സ്ത്രീകൾ ജയിലിൽ പോകുന്ന അവസ്ഥാവിശേഷം ഉണ്ടാകാതിരിക്കാനാണ് ഗവൺമെന്റ് ശ്രദ്ധിക്കേണ്ടത്. ആദ്യം മുതൽതന്നെ ഈ സംഭവത്തെ നിസ്സാരവത്കരിക്കുക എന്നുള്ള നിലപാടാണ് ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്തത്. പിന്നീട് അദ്ദേഹം പറഞ്ഞു, 'പോലീസുകാരോട് ചോദിക്കണ'മെന്ന്. ജനാധിപത്യ സംവിധാനത്തിൽ പോലീസിനോടാണോ അതോ മന്ത്രിയോടാണോ ചോദിക്കേണ്ടത്; എല്ലാ കാര്യങ്ങളും ഞങ്ങൾ പോലീസുകാരോട് ചോദിച്ചാണോ അറിയേണ്ടത്? സംസ്ഥാനത്ത് സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്ന മന്ത്രിമാരോടാണ് ഞങ്ങൾക്കും പത്രപ്രവർത്തകർക്കും ചോദിക്കാനുള്ളത്.

തലശ്ശേരി അദ്ദേഹത്തിന് അറിയാൻ പാടില്ലാത്ത സ്ഥലമൊന്നുമല്ല. തലശ്ശേരി അദ്ദേഹത്തിന്റെ തട്ടകമാണ്. അവിടെ നടന്ന അതീവ ഗുരുതരമായ ഒരു സംഭവത്തെപ്പറ്റി പത്രക്കാർ ചോദിക്കുമ്പോൾ 'നിങ്ങൾ പോയി പോലീസിനോട് ചോദിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം ഇവിടെ ചില പത്രങ്ങൾ വായിച്ചു. ഞാൻ കേരള കൗമുദി ദിനപത്രത്തിലെ ചില വരികൾ ഇവിടെ വായിക്കാം. 'പോലീസ് കൈകാര്യം ചെയ്ത് വഷളാക്കിയ ഒരു കേസ് എന്നാണ് കേരള കൗമുദിയുടെ എഡിറ്റോറിയൽ. ആ പത്രത്തിൽ പറഞ്ഞിരിക്കുന്നത് 'രാഷ്ട്രീയ പകവച്ചുകൊണ്ട് ഡി.വൈ.എഫ്.ഐ.-ക്കാർ തങ്ങളെ അധിക്ഷേപിച്ചതിനെത്തുടർന്ന് അത് ചോദ്യം ചെയ്തതിന്റെ പേരിലാണ് പോലീസിനെക്കൊണ്ട് കേസ് എടുപ്പിച്ച് ജയിലിൽ അടച്ചതെന്നാണ് യുവതികളുടെ ആക്ഷേപം. കാര്യം തിരക്കാനായി പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ച് അറസ്റ്റുചെയ്ത് ജാമ്യമില്ലാ വകുപ്പുചേർത്ത് കേസെടുത്തതോടെയാണ് യുവതികൾക്ക് ജയിലിൽ പോകേണ്ടിവന്നത് എന്നാണ്. ഒറ്റ നോട്ടത്തിൽത്തന്നെ പോലീസിന്റെ സമീപനം നിഷ്പക്ഷവും സ്വാഭാവിക നീതിക്ക് നിരക്കാത്തതുമാണെന്ന് ആർക്കും ബോധ്യമാകും. സുപ്രീംകോടതിയുടെ ഗൈഡ്‌ലൈൻസ് അനുസരിച്ചാണ് കാര്യങ്ങൾ ചെയ്തതെന്ന് അദ്ദേഹമിവിടെ പറഞ്ഞു. D K Basu v/s state കേസിൽ പറയുന്നത് - ഒരാളിനെ, പ്രത്യേകിച്ച് ഒരു സ്ത്രീയെ അറസ്റ്റ് ചെയ്യണമെങ്കിൽ അവർ എവിടെ താമസിക്കുന്നുവോ അവിടെ പോയി മാത്രമേ അറസ്റ്റ് ചെയ്യാവൂ എന്നാണ്. ഇവിടെ സംഭവിച്ചതെന്താണ്? കേസിനെപ്പറ്റി അന്വേഷിക്കാനെന്നുപറഞ്ഞ് ഈ രണ്ട് പെൺകുട്ടികളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി സുപ്രീംകോടതിയുടെ ഗൈഡ്‌ലൈൻസ് മറികടന്നു

കൊണ്ട് അവിടെവച്ച് അറസ്റ്റ് ചെയ്തു. എന്നിട്ട് തലശ്ശേരിയിൽ മജിസ്ട്രേട്ട് ഇല്ലാത്തതുകാരണം കണ്ണൂരിൽ കൊണ്ടുപോയി മജിസ്ട്രേട്ടിന്റെ മുന്നിൽ ഹാജരാക്കുന്നു. ജാമ്യത്തിന് അപേക്ഷ കൊടുത്തപ്പോൾ ചേംബറിൽ അത് സ്വീകരിക്കുന്നില്ല എന്ന് പറയുന്നു. ഇങ്ങനെ കൈക്കുഞ്ഞുമായി ജയിലിൽ പോകേണ്ട സാഹചര്യമുണ്ടാക്കിയത് പോലീസല്ലേ? അവർക്കെതിരെ വകുപ്പ് 452 അനുസരിച്ചാണ് - House - tresspass after preparation for hurt, assault or wrongful restraint - കേസ് ചുമത്തിയിരിക്കുന്നത്. 7 വർഷംവരെ തടവും ഫൈനും അടയ്ക്കേണ്ട വകുപ്പുകൾ അനുസരിച്ചാണ് ഇവരുടെ പേരിൽ കേസെടുത്തിട്ടുള്ളത്. ദളിത് വിഭാഗത്തിൽപ്പെട്ടവരെ സംരക്ഷിക്കുമെന്ന് പറയുന്ന മുഖ്യമന്ത്രി 7 വർഷംവരെ കഠിനതടവും പിഴയും ഒടുക്കേണ്ട കേസിൽ ഈ പെൺകുട്ടികളെ ഉൾപെടുത്തിയെന്നു പറയുമ്പോൾ പോലീസിന്റെ ഭാഗത്ത് നീതിയുണ്ടോ; പോലീസ് ചെയ്തത് ശരിയാണോ? ദേശീയ മനുഷ്യാവകാശ കമ്മീഷൻ, പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ, വനിതാ കമ്മീഷൻ, പൊതുസമൂഹം എന്നിവയെല്ലാം ഇടപെട്ടപ്പോഴാണ് കുറ്റക്കാർക്കെതിരെ കേസെടുക്കാനും മറ്റ് നടപടികളെടുക്കാനും മുന്നോട്ടുവന്നത്. പെൺകുട്ടികളുടെ പേരിലുള്ള കള്ളക്കേസുകൾ അവസാനിപ്പിച്ച്, വകുപ്പ് 452 ഉൾപ്പെടെയുള്ളവ ചുമത്തി കള്ളക്കേസെടുത്ത പോലീസുദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്ത്, ആത്മഹത്യക്ക് പ്രേരിപ്പിച്ചവർക്കുനേരെയുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. എല്ലാവർക്കും തുല്യമായ നീതിയാണെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. കണ്ണൂർ ജില്ലയിൽമാത്രം 48 അക്രമങ്ങളാണ് കോൺഗ്രസ്സ് പ്രവർത്തകർക്കുനേരെ ഈ ഭരണമാറ്റമുണ്ടായതിനു ശേഷം ഉണ്ടായത്. എന്തെങ്കിലും നടപടി ഉണ്ടായോ? പിണറായി പഞ്ചായത്തിൽ ഞങ്ങളുടെ നാല് ഓഫീസുകൾ അടിച്ചുതകർത്തു. ഞാൻ അവിടെ പോയതാണ്. തുല്യ നീതി എന്നുപറയുമ്പോൾ അത് നടപ്പാക്കാനും മുഖ്യമന്ത്രി തയ്യാറാകണം. തുല്യനീതി ഉറപ്പാക്കേണ്ട ഉത്തരവാദിത്വം അങ്ങേയ്ക്കുണ്ട്. ഈ സംസ്ഥാനത്ത് കോൺഗ്രസ് പ്രവർത്തകർക്കും യു.ഡി.എഫ്. പ്രവർത്തകർക്കും നേരെയുണ്ടാകുന്ന വൻതോതിലുള്ള അക്രമങ്ങൾ ഓരോ പ്രദേശത്തും റിപ്പോർട്ട് ചെയ്തുവരുന്നു. ഇതൊക്കെ സംഭവിക്കുമ്പോഴും തുല്യമായ നീതി എന്നാണ് പറയുന്നത്. പാർട്ടി ഗ്രാമങ്ങളിൽ പൗരാവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു, വഴിനടക്കാൻ സ്വാതന്ത്ര്യമില്ലാതെ വരുന്നുവെന്ന് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. സി. ജോസഫ് പറഞ്ഞു. ഇത്തരം ഫാസിസ്റ്റ് നടപടികൾ ഒരു കാരണവശാലും ഞങ്ങൾ അനുവദിക്കുകയില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഞാൻ അങ്ങയുടെ അവകാശത്തിൽ ഇടപെടുകയല്ല. നമ്മൾ ഇവിടെ അടിയന്തരപ്രമേയം ചർച്ച ചെയ്യുന്നില്ല. അങ്ങ് വാക്കൗട്ട് പ്രസംഗം നടത്തണം.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞാൻ അവസാനിപ്പിക്കാം. സംസ്ഥാനത്തെ ജനങ്ങൾക്ക് തുല്യ നീതി ഉറപ്പുവരുത്തുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകൾ പാഴ്‌വാക്കായി മാറാൻ പാടില്ല. മുഖ്യമന്ത്രി ഇവിടെ സംസാരിച്ചതു മുഴുവൻ രാഷ്ട്രീയത്തിന്റെ ഭാഷയിൽത്തന്നെയാണ്. ഈ നിർഭാഗ്യകരമായ സംഭവങ്ങളിൽ ഉത്കണ്ഠ രേഖപ്പെടുത്താൻപോലും അദ്ദേഹം തയ്യാറായില്ല. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളോട് സ്വീകരിച്ച നിലപാടിൽ കടുത്ത പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുക യാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തു പോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പുതിയ ഗവൺമെന്റിന്റെ തുടക്കത്തിൽതന്നെയുണ്ടായ ഈ വിഷയം കണ്ണൂർ ജില്ലയിലാണ് സംഭവിച്ചത്. സ്വാഭാവികമായും ഇടതുപക്ഷം അധികാരത്തിൽ വന്നപ്പോൾ കണ്ണൂർ ജില്ലയിൽ എന്ത് സമീപനമാണ് ഗവൺമെന്റ് എടുക്കുന്നത് എന്നകാര്യത്തിൽ എല്ലാവർക്കും ആശങ്കയുണ്ടാകുന്നത് സ്വാഭാവികമാണ്. അതുപോലെ രണ്ട് ദളിത് യുവതികൾ കൈക്കുഞ്ഞുമായി ജയിലിലേക്ക് പോയ വിഷയത്തിൽ എന്ത് നിലപാടെടുക്കുന്നു എന്നുള്ളതിന് വലിയ പ്രാധാന്യമുണ്ട്. പഴയതും പുതിയതും ഇനി ഗവൺമെന്റ് എടുക്കാൻ പോകുന്നതുമായ വിഷയങ്ങളെക്കുറിച്ചും പ്രതിപക്ഷത്തിനും പ്രതിപക്ഷത്തെ പാർട്ടികൾക്കും വലിയ ആശങ്കയുണ്ട്. അവിടെയാണ് ഇത്തരത്തിലുള്ള ഒരു സംഭവം നടന്നത്. ഓഫീസിൽ കയറിവന്നവരെ ജാമ്യമില്ലാത്ത കുറ്റം ചുമത്തി ജയിലിലടയ്ക്കുന്നു, അവർ കൈക്കുഞ്ഞുമായി ജയിലിൽ പോകുന്നു. ആ വിഷയത്തെ സംബന്ധിച്ച്, ഇത് ഞങ്ങൾ അനുകൂലിക്കുന്നില്ല, നിഷ്പക്ഷമായ നിലപാടെടുക്കുമെന്ന നിലയിൽ ഒരു വിശദീകരണം ഗവൺമെന്റ് തന്നിരുന്നുവെങ്കിൽ പ്രതിപക്ഷം മുതലെടുക്കുന്നുവെന്ന ആശയം ഉടലെടുക്കാനുള്ള സാഹചര്യമുണ്ടാകുമായിരുന്നില്ല. എന്നാൽ ഗവൺമെന്റ് അതിനോടെടുത്ത നിലപാട് ആശങ്കയുണ്ടാക്കി. കണ്ണൂർ ജില്ലയിൽ വീണ്ടും എതിരാളികളെ കൈകാര്യം ചെയ്യുന്ന നിലയിലേക്ക് കാര്യങ്ങൾ പോകുകയാണോ എന്നുള്ള ആശങ്ക സ്വാഭാവികമായും വന്നു. അതുകൊണ്ടാണ് ഈ പ്രശ്നം ഇത്രയും

വലുതാകാൻ കാരണം. അല്ലാതെ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി പ്രതിപക്ഷം നോക്കി എന്നുള്ളതല്ല. ഭരണത്തിന്റെ തുടക്കത്തിൽത്തന്നെ ഇത്തരം ഒരു വിഷയം വന്നതിൽ നിങ്ങൾ ശ്രദ്ധിക്കേണ്ടതായിരുന്നു. ഇവരെ ജയിലിൽ അടയ്ക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ സാഹചര്യമൊക്കെ ഉണ്ടായിരിക്കാം. പക്ഷെ സംഭവിച്ചത് വലിയ ദുരന്തവും ദയനീയവുമായ വിഷയമായിപ്പോയി എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനോട് ഗവൺമെന്റ് എടുത്ത സമീപനം തെറ്റായിപ്പോയി. രാഷ്ട്രീയമായ മുതലെടുപ്പല്ല, ഇത്തരം സംഭവങ്ങൾ ഇനിയെങ്കിലും ആവർത്തിക്കാതിരിക്കുകയും കണ്ണൂർ പോലെയുള്ള ജില്ല പ്രശ്നത്തിലേക്കും അശാന്തിയിലേക്കും രാഷ്ട്രീയമായ മുഷ്കിലേക്കും പോകാതിരിക്കാനും ശ്രദ്ധിക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, തുല്യനീതി-Equality before Law എന്നാണ്. വാസ്തവത്തിൽ അതിവിടെയുണ്ടോ? ഇവിടെയുള്ളത് രണ്ടുതരം നീതിയും നിയമവുമാണ്. മാർക്സിസ്റ്റുകൾക്ക് ഒരു നിയമവും അല്ലാത്തവർക്ക് വേറൊരു നിയമവും. സത്യത്തിൽ ഇതല്ലേ ഇവിടെ നടക്കുന്നത്? ഭരണം തുടങ്ങിയിട്ട് കുറച്ചുനാളുകളേ ആയിട്ടുള്ളൂ. ഇപ്പോഴേ ഇങ്ങനെയുള്ള രീതിയിലേക്ക് പോയാൽ ഇനി കുറച്ചുകൂടി മുന്നോട്ടു പോയിക്കഴിഞ്ഞാൽ നമ്മുടെ നാടിന്റെ അവസ്ഥയെന്തായിരിക്കും? ഇക്കാര്യത്തിൽ ഞങ്ങൾക്കെല്ലാവർക്കും വളരെ ഉത്കണ്ഠയുണ്ട്. വാസ്തവത്തിൽ ഈ പെൺകുട്ടി ചെയ്തതെന്താണ്? രണ്ടാം നിലയി ൽ കയറി വന്നു. രണ്ടാം നിലയാകട്ടെ, മൂന്നാം നിലയാകട്ടെ, ജാതിപ്പേര് വിളിച്ചതുകൊണ്ട് ആ പെൺകുട്ടി മുകളിൽ ചെന്നു, അടിച്ചു. അടിച്ചത് നിയമത്തിന് മുമ്പിൽ തെറ്റാണ്; നിയമവിരുദ്ധമാണ്. കോടതിയിൽ നിന്നും ജാമ്യം കിട്ടാവുന്ന ഒരു കേസിൽ,' നിങ്ങൾ ഇങ്ങോട്ടുവാ, ഒരു കുഴപ്പവുമില്ല, ഞങ്ങൾ ജാമ്യം തന്നോളാം' എന്ന് പോലീസുകാർ ആ പെൺകുട്ടികളെ തെറ്റിദ്ധരിപ്പിച്ചു. അവിടെയാണ് തെറ്റ്. ആ പെൺകുട്ടികളെ പറ്റിച്ചതെന്തിനാണ്? മനഃപൂർവ്വം ഈ പെൺകുട്ടികളെ പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് ജയിലിലടച്ചു. അവരെ ഹീനമായി മർദ്ദിച്ചുവെന്നുള്ളത് വളരെ ഗുരുതരമായ ഒരു കാര്യമാണ്. ഇവിടെ ഡി. കെ. ബാസു v/s. സ്റ്റേറ്റ് കേസ്സിനെ സംബന്ധിച്ച സുപ്രീം കോടതി വിധിയുടെ കാര്യം പറഞ്ഞു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പരിശോധിച്ച് ഈ സഭയ്ക്ക് ഒരു ഉറപ്പ് നൽകിയാൽ മതി. പ്രസ്തുത കേസിൽ സുപ്രീം കോടതി പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ ഈ കേസിൽ പാലിച്ചിട്ടുണ്ടോയെന്ന് ഞങ്ങൾക്ക് സംശയമുണ്ട്. അതിനാൽ സംശയത്തിനതീതമായി ഈ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിഷ്പക്ഷമായി അന്വേഷിച്ച് സത്യം കണ്ടുപിടിക്കണം. തെറ്റുകൾ എവിടെയെങ്കിലുമുണ്ടെങ്കിൽ അത് തിരുത്തണം. എല്ലാവർക്കും നീതി ഉറപ്പ് വരുത്തണം എന്നുമാത്രം പറഞ്ഞുകൊണ്ട് അതിന് തയ്യാറാകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ യു.ഡി.എഫ്.-ന്റെ ഭാഗമല്ല. നമ്മുടെ നാട്ടിൽ സമാധാനം നിലനിൽക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ കണ്ണൂർ ജില്ലയിൽനിന്നും എന്റെ പാർട്ടിക്കാരിൽനിന്നും പത്രങ്ങളിൽനിന്നും കിട്ടിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇത് വളരെ ലളിതമായിട്ടുള്ള കാര്യമല്ല. കണ്ണൂർ ജില്ലയിലെ പാർട്ടി ഗ്രാമങ്ങളിൽ നടക്കുന്ന കാര്യങ്ങളെപ്പറ്റിയുള്ള പരാതികൾ കുറേ കാലങ്ങളായുള്ളതാണ്. അതിനൊരു അന്ത്യം ഉണ്ടാകണം. അവിടെ സമാധാനം നിലനിൽക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. പക്ഷേ നിർഭാഗ്യവശാൽ ഇപ്പോൾ നടന്നിട്ടുള്ള സംഭവങ്ങൾ സംബന്ധിച്ച് കിട്ടുന്ന റിപ്പോർട്ടുകൾ വളരെ ആശങ്കാജനകമായിട്ടുള്ളതാണ്. ഇത്തരത്തിലുള്ള പോക്ക് തികച്ചും തെറ്റാണ്. ഇക്കാര്യത്തിൽ ഇവിടെ നൽകിയിട്ടുള്ള വിശദീകരണം തൃപ്തികരമല്ല. തീർച്ചയായും ഇത് ആവർത്തിക്കാതിരിക്കാൻ സർക്കാർ കാര്യമായി ചിന്തിക്കണം എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഈ വാക്കൗട്ടിൽ ചേരുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും ഹാജരായി.)

## VI ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. രാജു എബ്രഹാം, ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീ. കെ. മുരളീധരൻ എന്നിവരെ പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലേക്കുള്ള ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

# VII ശ്രദ്ധ ക്ഷണിക്കൽ

## 1. കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി

ശ്രീ. ജെയിംസ് മാത്യു: സർ, നമ്മുടെ സംസ്ഥാനത്ത് 30 ലക്ഷത്തിലധികം ഇതരസംസ്ഥാനത്തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ ഇതുസംബന്ധിച്ച കൃത്യമായ കണക്ക് ഗവൺമെന്റിന്റെയോ തൊഴിൽ വകുപ്പിന്റെയോ കൈവശമില്ല. 2010-ലെ കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ഓഫീസുകളിലും ഇതര സംസ്ഥാന തൊഴിലാളികളെ ക്ഷേമപദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ ഏതാണ്ട് ആറുവർഷം പൂർത്തിയായിട്ടും കേവലം 51,609 പേർ മാത്രമാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽനിന്നും വ്യക്തമാകുന്നത്, ഈ ക്ഷേമപദ്ധതി മുന്നോട്ടുവച്ചതു കൊണ്ടോ ഇതരസംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷൻ സർക്കാരിന് ഉറപ്പുവരുത്തണമെന്ന് താല്പര്യമുണ്ടായിട്ടോ അത് നടപ്പാക്കാൻ ഇക്കഴിഞ്ഞ ആറുവർഷക്കാലത്തിനിടയിൽ സാധിച്ചിട്ടില്ലെന്നുള്ളതാണ്. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ നിയമപ്രകാരവും 1979-ലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമപ്രകാരവും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ ഇൻസ്പെക്ടർമാരായി നിയോഗിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ ഇതര സംസ്ഥാനത്തൊഴിലാളികളുടെ ആരോഗ്യപരമായ കാര്യങ്ങൾ, ക്ഷേമം, പാർപ്പിടം എന്നിവ പരിശോധിച്ച് ഉറപ്പു വരുത്താനുള്ള നിയമപരമായ അവകാശം പ്രസ്തുത ഇൻസ്പെക്ടർമാർക്കുണ്ട്. സ്ക്വാഡ് നടത്തുന്ന പരിശോധനയിൽ ഏതെങ്കിലും കാര്യങ്ങളിൽ വീഴ്ച വരുന്നതായി കണ്ടെത്തിയാൽ അതുസംബന്ധിച്ച് നടപടി സ്വീകരിക്കാനുള്ള വകുപ്പും ഈ നിയമത്തിനകത്തുണ്ട്. എന്നാൽ ഈ നിയമം ഒരിക്കൽപ്പോലും സംസ്ഥാനത്ത് പ്രയോജനപ്പെടുത്തിയിട്ടില്ല. തൊഴിൽ എടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതും നിയമപ്രകാരം നടപ്പാക്കേണ്ടതുമായ പരിശോധനയോ രജിസ്ട്രേഷനോ ഇക്കഴിഞ്ഞ 6 വർഷക്കാലത്തിനിടയിൽ 30 ലക്ഷത്തോളം വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ നടപ്പാക്കപ്പെട്ടിട്ടില്ല. ഇത് നമ്മുടെ സംസ്ഥാനത്ത് അതീവ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഈ ആറുവർഷക്കാലത്തിനിടയിൽ അവർക്കാവശ്യമായ താമസസൗകര്യം, ആരോഗ്യം, ക്ഷേമം ഇതിലൊന്നും ഒരു വയലേഷനുമുണ്ടായിട്ടുള്ളതായി കണ്ടെത്തുകയോ കേസ് രജിസ്റ്റർ ചെയ്യപ്പെടുകയോ ചെയ്തതായി കാണുന്നില്ല. ഇതുമൂലം 30 ലക്ഷത്തിലധികം വരുന്ന ഇതര സംസ്ഥാനത്തൊഴിലാളികളുടെ ജീവിതം അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിലായിത്തീർന്നിരിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കേണ്ടതുണ്ട്.

കളവ്, സ്ത്രീപീഡനം, കൊലപാതകം തുടങ്ങി നിരവധി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പല കേസുകളിലും ഇതര സംസ്ഥാനത്തൊഴിലാളികൾ പ്രതികളാകുന്ന സന്ദർഭത്തിൽ ഇത്തരക്കാരെക്കുറിച്ച് യാതൊരു തരത്തിലുള്ള പരിശോധനയ്ക്കും പോലീസിന് സാഹചര്യമില്ലാത്ത ഒരു അവസ്ഥ നിലനിൽക്കുന്നു. കാരണം ഇവർ തൊഴിലെടുക്കുന്നത് സംബന്ധിച്ച യാതൊരു രേഖയും തൊഴിൽ വകുപ്പിലോ തദ്ദേശസ്വയംഭരണ വകുപ്പിലോ പോലീസ് വകുപ്പിലോ സംസ്ഥാന ഗവൺമെന്റിന്റെ മറ്റേതൊരു വകുപ്പിനുകീഴിലോ ഇല്ല. സ്വാഭാവികമായി അതീവ ഗുരുതരമായ ഒരു സാമൂഹ്യ പ്രശ്നവുംകൂടി ഇതുണ്ടാക്കുന്നുണ്ട്. ഏതു സംസ്ഥാനത്തെ ജനങ്ങൾക്കും മറ്റേത് സംസ്ഥാനത്തും തൊഴിലെടുക്കാനുള്ള ന്യായമായ അവകാശമുണ്ട്. എന്നാൽ ഇത്തരത്തിൽ തൊഴിലെടുക്കുന്ന ആളുകളെക്കുറിച്ച് അതാത് സംസ്ഥാനത്തെ ഗവൺമെന്റിനും ഭരണസംവിധാനത്തിനും കൃത്യമായ ഒരു ധാരണയില്ലാതെ വന്നാൽ ഉണ്ടാകാവുന്ന പ്രത്യാഘാതം അതീവ ഗുരുതരമാണ്. 1979-ലെ കുടിയേറ്റത്തൊഴിലാളി നിയമപ്രകാരമോ 2010-ലെ കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരമോ ഇവരുടെ രജിസ്ട്രേഷൻ അടിയന്തരമായി ഉറപ്പു വരുത്തണം. ഇതുസംബന്ധിച്ച് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിലും അതാത് പോലീസ് സ്റ്റേഷനുകളിലും ഇ-രജിസ്ട്രേഷൻ നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റ് തയ്യാറാകണം. സമയബന്ധിതമായി അത്തരം കാര്യം ഉറപ്പു വരുത്തിക്കൊണ്ട് അവരുടെ ക്ഷേമത്തിനും കേരളീയ സമൂഹത്തിനുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങൾക്കും ഒരു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അടിയന്തര ശ്രദ്ധ പതിപ്പിക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, കേരളത്തിലെ തൊഴിൽ മേഖലയിൽ ഇന്ന് നേരിടുന്ന അതീവ ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ജെയിംസ് മാത്യു ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. കേരളത്തിൽ ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനും നിശ്ചിത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി കഴിഞ്ഞ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് 29-3-2010-ൽ G.O.(Ms)No. 46/2010/തൊഴിൽ എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ക്ഷേമപദ്ധതിയുടെ നടത്തിപ്പ് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. സംസ്ഥാന തൊഴിൽ വകുപ്പിന്റെ നിർദ്ദേശ പ്രകാരം തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടത്തിയ പഠന റിപ്പോർട്ടിൽ കേരളത്തിൽ വിവിധ തൊഴിലിടങ്ങളിലായി ഏകദേശം 25 ലക്ഷത്തിൽപ്പരം ഇതര സംസ്ഥാനത്തൊഴിലാളികൾ ജോലി ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. അവരുടെ എണ്ണം നിർണ്ണയിക്കാൻ കഴിയാവുന്ന നിലയിലുള്ള രജിസ്ട്രേഷനും കേരളത്തിൽ പ്രാവർത്തികമായിട്ടില്ല. കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതിയിലെ കണക്ക് പ്രകാരം, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കണക്കിൽ ഒരു ചെറിയ വ്യത്യാസമുണ്ട്, 53136 പേർ മാത്രമാണ് പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ പദ്ധതിയിലെ ആനുകൂല്യങ്ങൾ ഫലപ്രദമായി വിനിയോഗം ചെയ്യുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് നിർബന്ധിത രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിൽ പ്രായോഗികമായ ചില പ്രയാസങ്ങളുണ്ട്. അതേയവസരത്തിൽ ഇതര സംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷൻ ഉറപ്പു വരുത്തുന്നതിനും ഇവരെ സംബന്ധിക്കുന്ന ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും ലക്ഷ്യമിട്ട് തൊഴിൽ വകുപ്പ് സമഗ്രമായ ഒരു പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ സഹായം തേടുന്നതിനും ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. രജിസ്ട്രേഷനോടൊപ്പം പ്രസ്തുത തൊഴിലാളികൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുതകുന്ന കർമ്മ പദ്ധതിയെ സംബന്ധിച്ചും സർക്കാർ പരിശോധിച്ചുവരികയാണ്. ഇവരുടെ പരാതികൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും നിയമപരമായി ലഭിക്കേണ്ട സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ചും ആവശ്യമായ മറ്റ് സഹായങ്ങൾ നൽകുന്നതിനുമായി തൊഴിൽ വകുപ്പ് ഒരു പ്രത്യേക ഹെൽപ്പ് ലൈൻ തുടങ്ങിയിട്ടുണ്ട്. ഈ തൊഴിലാളികളുടെ താമസ സൗകര്യത്തിനായി 'അപ്നാ ഘർ' എന്ന പദ്ധതി പാലക്കാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽക്കൂടി പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. ഈ പദ്ധതിയിലൂടെ ഒരു വിഭാഗം തൊഴിലാളികളുടെ താമസത്തിന്റെയും അവരുടെ പുനരധിവാസത്തിന്റെയും പ്രശ്നവും പരിഹരിക്കുവാൻ കഴിയുമെന്ന് സർക്കാർ ഉദ്ദേശിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു: സർ, വളരെ സ്വാഗതാർഹമായ തീരുമാനമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ അലംഭാവം തിരുത്തുന്നതിനും ഈ സാമ്പത്തികവർഷം തന്നെ ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നുള്ളതിന് സമയബന്ധിതമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും അതുപോലെതന്നെ അതത് നിയോജക മണ്ഡലത്തിലെ

എം.എൽ.എ.-മാരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയിലെ അംഗങ്ങളെയുംകൂടി ഇതിൽ ഇടപെടാൻ തക്കവണ്ണമുള്ള ഒരു സംവിധാനം ഉറപ്പുവരുത്തുന്നതിനും അങ്ങയുടെ ഭാഗത്തു നിന്നുള്ള ശ്രമം ഉണ്ടാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് സമയബന്ധിതമായ പരിപാടി ഗവൺമെന്റ് തയ്യാറാക്കും. എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റ് സാദ്ധ്യമായ വകുപ്പുകളുടെയും സഹായത്തോടെ ജനങ്ങൾക്ക് സ്വീകാര്യമായ നിലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം അംഗീകരിച്ചുകൊണ്ടുള്ള സമീപനം തന്നെയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

## 2. ദുരന്തനിവാരണ സംവിധാനം മെച്ചപ്പെടുത്തൽ

ശ്രീ. വി. ഡി. സതീശൻ: സർ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ടും കാലാവസ്ഥയുടെ സവിശേഷതകൾ കൊണ്ടും ഉയർന്ന ജനസാന്ദ്രതമൂലവും പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ ദുരന്തങ്ങൾക്ക് ഏറ്റവും സാധ്യതയുള്ള പ്രദേശമായി കേരളം മാറിയിരിക്കുകയാണ്. ഭൂമികുലുക്കം, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, ഇടിമിന്നൽ, വരൾച്ച, മലയിടിച്ചിൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങളും റെയിൽ-റോഡ്-ബോട്ടപകടങ്ങൾ, മുങ്ങിമരണങ്ങൾ, പകർച്ചവ്യാധികൾ, കെട്ടിടങ്ങൾ തകർന്നു വീണുള്ള മരണം, തീപിടിത്തം, വെടിക്കെട്ട്, ആൾത്തിരക്ക് എന്നിവ മുഖേനയുള്ള അപകടങ്ങൾ, രാസവസ്തുക്കളുടെ ട്രാൻസ്പോർട്ടേഷൻ മുഖേനയുള്ള അപകടങ്ങൾ തുടങ്ങിയ മനുഷ്യനിർമ്മിത അപകടങ്ങളും നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചു വരികയാണ്. ഒരു വർഷം സംസ്ഥാനത്ത് വിദ്യാർത്ഥികളും കുഞ്ഞുങ്ങളുമുൾപ്പെടെ 1500 പേരാണ് മുങ്ങിമരിക്കുന്നത്. ലോകോത്തര നിലവാരമുള്ള വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ സുരക്ഷായാനം 2012 ഉൾപ്പെടെ ഈ രംഗത്ത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ശ്രദ്ധേയമായ പല മുന്നേറ്റങ്ങളും നടത്തി. സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിന്റെ തുടക്കവും ഒരു നിർണ്ണായകമായ കാൽവെയ്പാണ്. എങ്കിലും ഇന്നും ഒരു അപകടമുണ്ടാകുമ്പോൾ കൂടുതൽ പ്രൊഫഷണലായി അത് കൈകാര്യം ചെയ്യാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത നിലനിൽക്കുകയാണ്. അപകടം ഉണ്ടാകുമ്പോൾ SOP എന്നറിയപ്പെടുന്ന ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട Standard Operating Procedure വിസ്മരിച്ചുകൊണ്ട് അപ്പപ്പോൾ തോന്നിയതുപോലെയാണ് ഓരോ അപകടവും കൈകാര്യം ചെയ്യുന്നത്. പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ അപകടങ്ങളെ

നേരിടാൻ നമ്മൾ ഇപ്പോഴും ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയിട്ടില്ല. ടാങ്കറുകൾക്കുണ്ടാകുന്ന തീപിടിത്തം തടയാനുള്ള മാർഗ്ഗങ്ങൾ നമ്മൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ ഒരു ഓയിൽ കമ്പനിപോലും ആ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിക്കുന്നില്ല. ഓയിൽ, കെമിക്കൽസ്, പാചകവാതകമുൾപ്പെടെയുള്ള വാതകങ്ങൾ എന്നിവ–ജനസാന്ദ്രതയുള്ള റോഡിലൂടെ കൊണ്ടുപോകുന്നതിലൂടെ എത്രമാത്രം വലിയ അപകടമാണ് ഈ റോഡുകളിൽ പതിയിരിക്കുന്നതെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. സിംഗിൾ ഡ്രൈവറാണ് ഇത് handle ചെയ്യുന്നത്. HAZMAT എന്നറിയപ്പെടുന്ന Hazardous materials, രാസവസ്തുക്കൾ, അതുപോലെ oil spill മുഖേനയുണ്ടാകുന്ന പ്രശ്നങ്ങൾ, സ്ഫോടകവസ്തുക്കൾ തുടങ്ങിയവയിലൂടെ ഒരു അപകടമുണ്ടായാൽ കൈകാര്യം ചെയ്യാൻ ആവശ്യമായ യാതൊരു ട്രെയിനിംഗും ഇന്ന് നമ്മുടെ പക്കലില്ല. ഒരു ദുരന്തമുണ്ടായാൽ അന്വേഷണം നടക്കുന്നത് പോലീസ് മുറയിലാണ്. പോലീസ് അതിന്റെ കുറ്റവാളിയെ അന്വേഷിക്കുകയാണ്. അതുമാത്രം പോരാ, മൂലകാരണം കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയുള്ള അന്താരാഷ്ട്ര protocol-ലുള്ള Root cause analysis വേണം. എന്ത് ദുരന്തമുണ്ടായാലും അതിന്റെ കാരണം കണ്ടെത്തി പിന്നീട് ആവർത്തിക്കപ്പെടാതിരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. അപകടമുണ്ടാകുമ്പോൾ മാത്രം പ്രതികരിക്കുന്ന ദുരന്തനിവാരണ സംവിധാനമാണ് നമ്മുടേത്. മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയവ നേരത്തെ പ്രവചിക്കാൻ കഴിയുമെങ്കിലും മുൻകരുതലെടുക്കാൻ കഴിയാവുന്ന ഒരു സംവിധാനവും നമുക്ക് നിലവിലില്ല. അസന്തുലിതമായ തരത്തിൽ ഭൂഘടനയിലുണ്ടാകുന്ന മാറ്റം വളരെ പ്രധാനപ്പെട്ട ഒന്നാണ്. Environment Impact Assessment നടത്താതെ ക്വാറികൾക്ക് അനുമതി കൊടുക്കുന്നതിലൂടെ ധാരാളം അപകടങ്ങൾ ഉണ്ടാക്കുകയാണ്. മലയിടിച്ചിലും മണ്ണിടിച്ചിലും ഉൾപ്പെടെയുള്ള വലിയ ദുരന്തങ്ങളാണ് നമ്മുടെ പശ്ചിമഘട്ടത്തിലുൾപ്പെടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

പല ദുരന്തങ്ങളും ഉണ്ടാകുന്നത് കാലാവസ്ഥാ വ്യതിയാനംമൂലമാണ്. കാലാവസ്ഥാ വ്യതിയാനം മുഖേനയുണ്ടാകുന്ന ദുരന്തങ്ങളെ കൃത്യമായി വിലയിരുത്താൻ വേണ്ടിയുള്ള സംവിധാനങ്ങൾ ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. 8000 പേരാണ് റോഡ്-റെയിൽ അപകടങ്ങളിൽ ഒരു വർഷം മരിക്കുന്നത്. അതുകൂടാതെ കെട്ടിടങ്ങൾ തകർന്നു വീണും കെട്ടിടങ്ങളുടെ മുകളിൽനിന്നും താഴേക്കുവീണും സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തതമൂലവും ധാരാളം ആളുകൾ മരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളാണ് മരിക്കുന്നത് എന്നതുകൊണ്ട് മരിക്കുന്ന ജീവന്

യാതൊരു വിലയുമില്ലാതാകുന്ന അവസ്ഥ കേരളത്തിലുണ്ടാകാൻ പാടില്ല. മുങ്ങിമരിക്കുന്ന കേസുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാൻ വേണ്ടിയുള്ള ഒരു സംവിധാനവുമില്ല. എത്രപേരാണ് സംസ്ഥാനത്ത് മുങ്ങിമരിക്കുന്നത്; ഈ മുങ്ങിമരണങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ എന്തു നടപടികൾ നമ്മൾ സ്വീകരിക്കണം? സുരക്ഷായാനം-2 എന്നുള്ളത് ഏറ്റവും അത്യാവശ്യമായിരിക്കുകയാണ്. The Sendai framework for Disaster Risk Reduction, March 2015 അന്താരാഷ്ട്ര സമൂഹം അംഗീകരിച്ചതാണ്. നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ ജൂൺ 15-ൽ പുറത്തുവന്നിരിക്കുന്നു. ഇതെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ദുരന്തനിവാരണ സംവിധാനങ്ങൾ കേരളം അപ്ഡേറ്റ് ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഒരു സേഫ്റ്റി മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കി ഇപ്പോഴുള്ള അപകടങ്ങളുടെ 50 ശതമാനം കുറച്ചുകൊണ്ടുവരുമെന്നുള്ള തീരുമാനം നമ്മൾ എടുക്കണം. പഴയ കിണറുകളിലും ഡ്രെയിനേജുകളിലും വീഴുന്നവരെ സംരക്ഷിക്കാനുള്ള ട്രെയിനിംഗ് കോഴ്സ്, working in confined space and safety from Hydrogen Sulphide, ക്വാറികൾക്ക് എമർജൻസി മാസ്റ്റർ പ്ലാൻ തുടങ്ങിയ നിർദ്ദേശങ്ങളാണ് ഇതിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ഇത്തരം ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നമ്മുടെ ആശുപത്രികളിൽ ദുരന്തങ്ങളെ നേരിടാനുള്ള എന്ത് സംവിധാനങ്ങളാണുള്ളതെന്നത് സംബന്ധിച്ചും വിലയിരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പബ്ലിക് ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കണം. നമുക്ക് ഒരു അന്താരാഷ്ട്ര പ്രൊസീഡ്യുവറും പ്രോട്ടോകോളും സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവറും ഇക്കാര്യത്തിലുണ്ട്. ഇതിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് കൃത്യമായ ദുരന്തനിവാരണ സംവിധാനങ്ങൾ ഏകോപിപ്പിക്കുവാനും ആരോഗ്യം, റവന്യൂ, പോലീസ്, വൈദ്യുതി, ഇറിഗേഷൻ തുടങ്ങിയ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ദുരന്തനിവാരണ സംവിധാനം മെച്ചപ്പെടുത്താനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ വി. ഡി. സതീശൻ ഇവിടെ കൊണ്ടുവന്ന ശ്രദ്ധ ക്ഷണിക്കലിന് ഇന്ന് നിലവിലുള്ള സംവിധാനങ്ങളെക്കുറിച്ചുള്ള വളരെ വിശദമായ കാര്യങ്ങളാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. പ്രകൃതി ദുരന്തങ്ങൾക്കും മനുഷ്യനിർമ്മിത ദുരന്തങ്ങൾക്കും ഏറെ സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. ഉയർന്ന ജനസാന്ദ്രത അപകടങ്ങളുടെ ആഴം വർദ്ധിപ്പിക്കുമെന്ന ആശങ്കയും അസ്ഥാനത്തല്ല. എന്നാൽ

വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ അത്തരം സാഹചര്യങ്ങളെ നേരിടാൻ നമുക്ക് കഴിയുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട നിരവധി പരിപാടികൾ ഇതിനോടകം സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. 2007-ൽ സ്ഥാപിതമായ ദുരന്തനിവാരണ അതോറിറ്റിക്കാണ് ദുരന്തവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനച്ചുമതല. കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ പശ്ചാത്തലത്തിൽ 2012-ൽ സംസ്ഥാന ദുരന്ത ലഘൂകരണനിധി രൂപീകരിക്കുകയും പ്രസ്തുത നിധിയിലെ ഫണ്ട് ഉപയോഗിച്ച് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള ദുരന്തങ്ങൾക്ക് സഹായധനം അനുവദിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ, ഓപ്പറേഷൻ അനന്ത തുടങ്ങിയ പദ്ധതികൾ ഈ നിധിയിലൂടെ നടപ്പിൽ വരുത്തുകയും ചെയ്തു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ പോലീസ് സേനാംഗങ്ങളായ 100 പേർ ഉൾപ്പെടുന്ന ദുരന്ത പ്രതികരണ സേന 2012 മുതൽ പ്രവർത്തിച്ചുവരുന്നു. ദുരന്തനിവാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായും ശാസ്ത്രീയമായും സജ്ജീകരിക്കുന്നതിന്റെ ഭാഗമായി പുതിയ സാധ്യതകൾ ആരായുന്നതിനൊപ്പം നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. സംസ്ഥാന ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിന്റെ നവീകരണമാണ് ഇതിൽ പ്രധാനം. കൂടുതൽ തുക അനുവദിച്ചും പുതിയ സാങ്കേതിക മാർഗ്ഗങ്ങൾ കണ്ടെത്തിയും നവീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് 14 ജില്ലകളുടെയും ജില്ലാതല ദുരന്തനിവാരണ പദ്ധതി ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്. അടിയന്തരഘട്ട കാര്യനിർവ്വഹണ രൂപരേഖ തയ്യാറാക്കി ജില്ലാ ഭരണകൂടങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ സേവന കേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്. സംസ്ഥാനത്തിന്റെ ഭൗമാന്തർഭാഗത്ത് നടക്കുന്ന വിവിധ ചലനങ്ങളും ഭൂകമ്പ പ്രഭവ സ്ഥാനവും തീവ്രതയും പഠിക്കുന്നതിന് സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററും വൈദ്യുതി ബോർഡും സഹകരിച്ച് അത്യാധുനിക ഭൂകമ്പ മാപിനികളും ചലന നിരീക്ഷണ ഉപകരണങ്ങളും സ്ഥാപിച്ച ട്ടുണ്ട്. ഇടുക്കി അണക്കെട്ടിലെ ഭൂകമ്പ സാധ്യതാ ചലനങ്ങളും ഈ സംവിധാനത്തിലൂടെ നിരീക്ഷിക്കുന്നു. മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ടുള്ള ആശങ്കയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ ദുരന്തനിവാരണ പദ്ധതി പ്രത്യേകം തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ദുരന്ത സാധ്യതാ മേഖലകളുടെ ഭൂപടം തയ്യാറാക്കി സൈന്യത്തിനും പോലീസിനും ഫയർ ഫോഴ്സിനും ഇതിനോടകം നൽകിയിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ദുരന്തങ്ങൾ നേരിടാൻ അതീവ ജാഗ്രതയോടെ സംസ്ഥാനവും ഒരുങ്ങേണ്ടതുണ്ട്. വിവിധ നിരീക്ഷണ ഗവേഷണ പ്രവർത്തനങ്ങൾ ഇതിനായി നടന്നുവരുന്നു. ഐക്യരാഷ്ട്ര വികസന പദ്ധതി, കേന്ദ്ര ആഭ്യന്തര വകുപ്പ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് ഈ രംഗത്തെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി, ശബരിമല ദുരന്ത ലഘൂകരണ പദ്ധതി, മഴപ്പൊലിവ് പദ്ധതി തുടങ്ങിയവ പുരോഗമിച്ചുവരികയാണ്. ഈ വർഷത്തെ കാലവർഷ മുന്നൊരുക്ക പ്രവർത്തനങ്ങൾ പഴുതില്ലാതെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ജില്ലകൾക്ക് ദുരന്ത പ്രതികരണ നിധിയിൽനിന്ന് അമ്പത് ലക്ഷം രൂപ വീതം നൽകി. പകർച്ചവ്യാധി വ്യാപന പ്രതിരോധത്തിന് ആരോഗ്യ വകുപ്പ് വ്യക്തമായ രൂപരേഖയുണ്ടാക്കി അത് നടപ്പാക്കിവരികയും ചെയ്യുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച നടപടികളെക്കുറിച്ചാണ് അങ്ങയുടെ മറുപടിയിൽ സൂചിപ്പിച്ചത്. 2012-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ സ്വീകരിച്ച നടപടികളും ശ്രീ. അടൂർ പ്രകാശ് റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പിന്നീട് സ്വീകരിച്ച നടപടികളുമാണ് ഇവിടെ വിശദീകരിക്കപ്പെട്ടത്. ഇത് അപ്ഡേറ്റ് ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ അനുസരിച്ചും ഇന്റർനാഷണൽ പ്രോട്ടോകോൾ അനുസരിച്ചും കേരളത്തിലെ ദുരന്ത നിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്ത് പുതിയ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ അങ്ങ് പറഞ്ഞതുപോലെ ഇവിടെ തുടർന്നുവരുന്ന കാര്യങ്ങളാണ്. കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിൽവരുത്താൻ അടിയന്തരമായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

# VIII സബ്മിഷൻ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിമാരും ഒന്നോ രണ്ടോ വാചകത്തിൽ സബ്മിഷൻ അവതരിപ്പിക്കാനും മറുപടി പറയുവാനും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## 1. കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി പി. അയിഷാ പോറ്റി: സർ, എന്റെ മണ്ഡലമായ കൊട്ടാരക്കര ഉൾപ്പെടെ കൊല്ലം ജില്ലയിലെ അടച്ചുപൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കാഷ്യൂ കോർപ്പറേഷനും കാപ്പക്സും ഉൾപ്പെടെ സ്വകാര്യ മേഖലയിലുള്ള ഫാക്ടറികളെല്ലാം മാസങ്ങളായി അടച്ചുപൂട്ടിയതുകാരണം ആയിരക്കണക്കിന് തൊഴിലാളികളെ ജീവിക്കാൻ യാതൊരു മാർഗ്ഗവുമില്ലാത്ത അവസ്ഥയിലേക്കാണ് കൊണ്ടെത്തിച്ചിട്ടുള്ളത്. ഇതിന് ശക്തമായ ഒരു നടപടിയുണ്ടാകണം. ഈ മേഖലയിൽ വലിയ തോതിലുള്ള സമരങ്ങൾക്കുവരെ നേതൃത്വം കൊടുത്തിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രി കശുവണ്ടി ഫാക്ടറികൾ തുറക്കാനും തൊഴിലാളികൾക്ക് ജീവിതമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കാനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, കഴിഞ്ഞ സെപ്റ്റംബർ മുതൽ കാഷ്യൂ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തന രഹിതമാണ്. 2015 ജനുവരി മുതൽ ആഗസ്റ്റുവരെയുള്ള കാലയളവിൽ ഏതാനും ദിവസങ്ങൾ മാത്രമാണ് ഫാക്ടറികൾ പ്രവർത്തിച്ചത്. സെപ്റ്റംബർ മുതൽ ഇന്നുവരെ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ ധാരാളം കുടുംബങ്ങളെ പട്ടിണിയിലേക്ക് തള്ളിവിടുന്നുവെന്ന് പറഞ്ഞത് ശരിയാണ്. സംസ്ഥാനത്തെ എണ്ണൂറോളം ഫാക്ടറികളിൽ കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റെയും നാല്പത് ഫാക്ടറികൾ പൂർണ്ണമായും അടഞ്ഞുകിടക്കുകയാണ്. കാപ്പക്സിന്റെ ഫാക്ടറികൾ കുറച്ചുദിവസം തുറന്നുപ്രവർത്തിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി മേഖലയിലെ പ്രശ്നം എത്രയും പെട്ടെന്ന് പരിഹരിക്കുന്നതിനുള്ള ശ്രമമാണ് നടത്തിവരുന്നത്. കശുവണ്ടി ഫാക്ടറികൾ വേഗത്തിൽ തുറക്കുക എന്നുള്ളതാണ് ഈ സർക്കാരിന്റെ നയം. കശുവണ്ടി കോർപ്പറേഷനും കാപ്പക്സും പല പ്രാവശ്യം ടെണ്ടർ വിളിച്ചെങ്കിലും

തോട്ടണ്ടി ലഭിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ അസംസ്കൃത കശുവണ്ടി ലഭിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഒരാളിൽ നിന്നും മാത്രമാണ് ടെണ്ടർ ലഭിച്ചത്. ഈ സാഹചര്യത്തിൽ കൂടുതൽ പേർ ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന് വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ ആവശ്യമാണ്. അതിനുവേണ്ടി ബന്ധപ്പെട്ടവരുടെ യോഗം അടിയന്തരമായി കൂടുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പുതിയ ടെണ്ടർ വിളിച്ചിട്ടുമുണ്ട്. ഏഴ് ദിവസത്തിനകം നടപടികൾ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് 2016 ജൂൺ 25-ന് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിലെ വ്യവസായികളുടെ ഇന്നുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ തുടക്കമെന്ന നിലയിൽ എല്ലാ ജപ്തി നടപടികളും ആറ് മാസത്തേക്ക് നിർത്തി വയ്ക്കുന്നതിനും ചെറുകിട ഉല്പാദകരുടെ നിലവിലുള്ള വായ്പ പുനഃക്രമീകരിക്കുന്നതിനും പുതിയ വായ്പകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് റിസർവ് ബാങ്കിന്റെയും ലീഡ് ബാങ്കിന്റെയും വ്യവസായികളുടെയും പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് ബാങ്കുകളുടെ സ്റ്റിയറിംഗ് കമ്മിറ്റി നാളെ ചേരുകയാണ്. സർക്കാർ പ്രതിനിധികളും യോഗത്തിൽ പങ്കെടുക്കും. ദീർഘ കാലാടിസ്ഥാനത്തിൽ തോട്ടണ്ടി വാങ്ങുന്നതിനുള്ള ഒരു ഇൻസ്റ്റിറ്റ്യൂഷണൽ മെക്കാനിസം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദമായ ചർച്ചയ്ക്കുശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. കശുവണ്ടി കോർപ്പറേഷന്റെയും കാപ്പക്സിന്റെയും ഫാക്ടറികൾ ഉടനടി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായി വരുന്ന ഫണ്ടിൽ 15 കോടി രൂപ ഇതിനകം തന്നെ സർക്കാർ സാംഗ്ഷൻ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ബാക്കി തുക യഥാസമയം നൽകാമെന്ന് ധനകാര്യ വകുപ്പ് ഉറപ്പ് നൽകിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് നഷ്ടമായ തൊഴിലും കൂലിയും ലഭ്യമാക്കുന്നതിനും അടിയന്തരമായി ആവശ്യമുള്ള തോട്ടണ്ടി ഇറക്കുമതി ചെയ്യുന്ന ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിനും ലഘൂകരിക്കുന്നതിനും ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്നുതന്നെ ഫാക്ടറികൾ തുറക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. രാജു എബ്രഹാം)

## 2. നാലുവരിപ്പാതയുടെ നിർമ്മാണം

ശ്രീ. പി. ടി. തോമസ്: സർ, എറണാകുളം പട്ടണം ഇന്ന് ട്രാഫിക് കുരുക്കിൽ അമർന്നിരിക്കുകയാണ്. എറണാകുളത്തുനിന്നും എന്റെ നിയോജക മണ്ഡലമായ തൃക്കാക്കരയിൽ, പ്രത്യേകിച്ച് ജില്ലാ ആസ്ഥാനമായ കളക്ടറേറ്റിൽ എത്തണമെങ്കിൽ മണിക്കൂറുകൾ വേണ്ടിവരികയാണ്. ഇത് എറണാകുളത്തിന് മാത്രമുള്ള ഒരു പ്രശ്നമല്ല. കേരളത്തിലെ മുഴുവൻ ജില്ലകളിൽനിന്നും എറണാകുളത്ത് എത്തുന്ന ആളുകൾ ഈ ട്രാഫിക് കുരുക്കിൽ അകപ്പെട്ടുപോകുകയാണ്. ഇത് അടിയന്തരമായി പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ എറണാകുളം കേന്ദ്രീകരിച്ച് ഏത് വികസനം വന്നാലും പ്രയോജനപ്പെടുത്താൻ കഴിയാത്ത സാഹചര്യമുണ്ടാകും. എന്റെ ബഹുമാന്യ യുവസ്നേഹിതൻ ഹൈബി ഈഡന്റെ മണ്ഡലമായ എറണാകുളത്തെ പത്മാ ജംഗ്ഷനിൽ നിന്നും ആരംഭിച്ച് പുല്ലേപ്പടി-തമ്മനംവഴി ചിറ്റേത്തുകരയിൽ സീപോർട്ട്-എയർപോട്ട് റോഡിൽ എത്തിച്ചേരുന്ന 25 മീറ്റർ വീതിയിലുള്ള ഒരു പുതിയ റോഡിന്റെ പണി കഴിഞ്ഞ 35 വർഷമായി പെൻഡിംഗിൽ കിടക്കുകയാണ്. അതിന്റെ ചില നടപടികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായി. കോടിക്കണക്കിന് രൂപ മാറ്റിവച്ചു. സ്ഥലമെടുപ്പിന്റെ നടപടി കുറച്ചൊക്കെ ആയി. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും അടിയന്തരമായ നടപടി സ്വീകരിക്കണം. കേരളത്തിനെ മൊത്തം ബാധിക്കുന്ന ഈ ട്രാഫിക് കുരുക്കിൽ നിന്നും എറണാകുളം ജില്ലയെ മോചിപ്പിക്കണമെന്ന വിനീതമായ അഭ്യർത്ഥനയാണ് എനിക്കുള്ളത്. തമ്മനം-പുല്ലേപ്പടി റോഡ് എന്നറിയപ്പെടുന്ന ഈ റോഡ് കഴിഞ്ഞ 35 വർഷമായി ഇതേ സ്ഥിതിയിലാണ്. അതിന് മാറ്റമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, എം. ജി. റോഡിൽ പത്മ ജംഗ്ഷനിൽനിന്നും ആരംഭിച്ച് പുല്ലേപ്പടി-തമ്മനം-എൻ.എച്ച്. 47-ചക്കരപ്പറമ്പ്വഴി എയർപോട്ട്-സീപോർട്ട് റോഡ് കിൻഫ്രാ പാർക്ക് ജംഗ്ഷനിൽ എത്തുന്നവിധമാണ് വിഭാവന ചെയ്തിരിക്കുന്നത്. ഈ പദ്ധതി രണ്ട് ഘട്ടമായിട്ടാണ് നടപ്പാക്കുന്നത്. ആദ്യഘട്ടം പത്മ ജംഗ്ഷൻ മുതൽ എൻ.എച്ച്. 47 വരെയുള്ള ഭാഗം കൊച്ചിൻ കോർപ്പറേഷനാണ് നടപ്പിലാക്കുന്നത്. എൻ.എച്ച്. 47 മുതൽ ഇൻഫോ പാർക്ക് ജംഗ്ഷൻ വരെയുള്ള രണ്ടാം ഘട്ടം പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്നതിനാണ് വിഭാവന ചെയ്തിരിക്കുന്നത്. രണ്ടാം ഘട്ടമായ നാല് കിലോമീറ്റർ റോഡിന്റെ നിർമ്മാണത്തിനുവേണ്ടി വിശദമായ പദ്ധതി രേഖ കൺസൾട്ടന്റായ കിറ്റ്കോ മുഖേന തയ്യാറാക്കിയിട്ടുണ്ട്. ചക്കരപറമ്പ് മുതൽ വെണ്ണല വരെയുള്ള ഒന്നര കിലോമീറ്റർ ദൂരം മുപ്പത് മീറ്റർ

വീതിയിലും വെണ്ണല മുതൽ ഇൻഫോപാർക്ക് കവലവരെയുള്ള രണ്ടര കിലോമീറ്റർ 42 മീറ്റർ വീതിയിലും സ്ഥലം ഏറ്റെടുത്ത് റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. നാലുവരിപ്പാതയായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന രണ്ടാം ഘട്ടത്തിന് 413 കോടി രൂപയാണ് 2013-ൽ കണക്കാക്കിയിരിക്കുന്നത്. രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി സർക്കാരിന്റെ നിർദ്ദേശപ്രകാരം 22-2-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ. 18/2014/PWD പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. 27-9-2013-ൽ ഡി.പി.ആർ.-ഉം ബന്ധപ്പെട്ട രേഖകളും കൈമാറിയിരുന്നു. എന്നാൽ കോർപ്പറേഷൻ യാതൊരു പണികളും ഇതുവരെ നടത്തിയിട്ടില്ലെന്ന വിവരം അറിയിക്കുന്നു.

## 3. വിദ്യാർത്ഥികളുടെ എൻറോൾ ചെയ്യൽ

മി. ചെയർമാൻ: ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീ. ഹൈബി ഈഡനും നോട്ടീസ് നല്കിയിട്ടുണ്ട്.

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിന്റെ നിയമ വിദ്യാഭ്യാസരംഗത്ത് ഇപ്പോഴുണ്ടായ അസാധാരണവും അതീവ ഗൗരവതരവുമായ ഒരു പ്രതിസന്ധിയാണ് സബ്മിഷനായി ഉന്നയിക്കുന്നത്. എറണാകുളത്തെ സർക്കാർ നിയമ കലാലയത്തിൽ 2011-ലാണ് ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. കോഴ്സ് ആരംഭിക്കുന്നത്. അതിനുശേഷം 2012-ൽ എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ മറ്റ് നാലിടത്തും മേൽപ്പറഞ്ഞ കോഴ്സ് ആരംഭിക്കുകയുണ്ടായി. 2013-ൽ പൂത്തോട്ടയിലെ എസ്.എൻ. കോളേജിൽ ബാർ കൗൺസിൽ നടത്തിയ ഇൻസ്പെക്ഷനിലാണ് ഈ കോഴ്സിന് അനുമതി നിഷേധിക്കുന്നത്. അനുമതി നിഷേധിക്കാനുള്ള കാരണം പ്രസ്തുത കോഴ്സിൽ നിയമ വിഷയങ്ങളുടെ ആധിക്യവും നിയമേതര വിഷയങ്ങൾ ഇല്ലാത്തതുമാണ് ചൂണ്ടിക്കാണിക്കപ്പെട്ടത്. എന്നാൽ എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ പ്രിൻസിപ്പൽ ഔദ്യോഗികമായി ഈ കാര്യങ്ങളിലൊന്നും അറിയിപ്പ് കിട്ടിയിട്ടില്ലെന്നും അതുകൊണ്ടുതന്നെ ഈ കോഴ്സ് തുടരുന്നതിൽ ഒരു അപാകതയുമില്ലെന്നുമുള്ള നിലപാടാണ് സ്വീകരിച്ചത്. 2013-ലും 2014-ലും 2015-ലും പ്രസ്തുത കോഴ്സിലേക്ക് അഡ്മിഷൻ തുടരുകയും ചെയ്തു. എന്നാൽ ബാർ കൗൺസിൽ ഓഫ് ഇൻഡ്യ അഫിലിയേറ്റഡ് കോഴ്സുകളുടെ ലിസ്റ്റിൽനിന്നും എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ഫൈവ് ഇയർ എൽ.എൽ.ബി. കോഴ്സ് ഒഴിവാക്കുകയാണുണ്ടായത്. ഇപ്പോൾ വിവരാവകാശ നിയമപ്രകാരം ബാർ കൗൺസിൽ ഓഫ് ഇന്ത്യയിൽനിന്ന് ലഭിച്ച മറുപടിയിൽ ഈ കോഴ്സ്

പഠിച്ചവർക്ക് അഭിഭാഷകരായി എൻറോൾ ചെയ്യാനാവില്ല എന്ന് അസന്നിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നടത്തുന്ന പൊതുപ്രവേശന പരീക്ഷ എഴുതി മികച്ച മാർക്കുവാങ്ങി അഡ്മിഷൻ നേടുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങുന്ന ഘട്ടമാകുമ്പോൾ അഭിഭാഷകരായി എൻറോൾ ചെയ്യാനാവില്ല എന്ന സ്ഥിതി വന്നിരിക്കുന്നു. നൂറു കണക്കിന് വിദ്യാർത്ഥികളെ ബാധിക്കുന്ന ഗൗരവതരമായ ഒരു പ്രശ്നമാണിത്. അവരുടെ ഭാവി അനിശ്ചിതത്വ ത്തിലായിരിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തര പരിഹാരം കാണാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മി. ചെയർമാൻ : ശ്രീ. ഹൈബി ഈഡന്റെ മണ്ഡലത്തിൽ കോളേജ് സ്ഥിതി ചെയ്യുന്നതു കൊണ്ടുമാത്രമാണ് അനുവദിക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാനാണ് ആദ്യം സബ്മിഷൻ നൽകിയത്. സംസ്ഥാന എൻട്രൻസ് പരീക്ഷയിലൂടെ മികച്ച വിജയം കരസ്ഥമാക്കി ലോയേഴ്സ് ആകേണ്ട 500-ഓളം വിദ്യാർത്ഥികൾക്കാണ് ഈ ഗതിയുണ്ടായിട്ടുള്ളത്. അതുകൊണ്ടു തന്നെ ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം നേടാൻവേണ്ടിയുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാവണം. ഈ 500 കുട്ടികൾക്ക് അഭിഭാഷകരായി ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടികൾ ധ്രുതഗതിയിലുണ്ടാകണം. ഇവരുടേതല്ലാത്ത കാരണങ്ങളാലാണ് ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് നടത്തിയത് Law Entrance ആണെന്ന് പ്രത്യേകം ഈയവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് എത്രയും വേഗം ഈ വിഷയത്തിൽ ഗൗരവതരമായ നടപടിയുണ്ടാകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ പഞ്ചവത്സര ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. ഓണേഴ്സ് കോഴ്സിന് 2011 മുതൽ 2015 വരെ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അഭിഭാഷകരായി എൻറോൾ ചെയ്യാൻ ബാർ കൗൺസിൽ ഓഫ് ഇന്ത്യ അനുവദിക്കാത്തതുമായി ബന്ധപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഈ പ്രശ്നം സഭയുടെ മുൻപാകെ അവതരിപ്പിച്ചത്. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. യഥാർത്ഥത്തിൽ എം.ജി. യൂണിവേഴ്സിറ്റിയുടെ ഉത്തരവാദിത്വമില്ലായ്മയാണ് ഇതിൽനിന്ന് തെളിയുന്നത്. എറണാകുളം ഗവൺമെന്റ് ലോ കോളേജ് എം.ജി. യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത കോളേജാണ്.

രാജ്യത്തെ ലോ കോളേജുകളിൽ പഠിപ്പിക്കുന്ന നിയമ ബിരുദ കോഴ്സുകൾക്ക് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുണ്ടെങ്കിൽ മാത്രമേ കോഴ്സ് പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്ക് അഭിഭാഷകരായി എൻറോൾ ചെയ്യാൻ കഴിയുകയുള്ളൂ. ഇതുസംബന്ധിച്ച നിബന്ധനകൾ 2008-ലെ ബാർ കൗൺസിൽ ലീഗൽ എഡ്യൂക്കേഷൻ റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2008-ൽ ചട്ടം പ്രാബല്യത്തിൽ വന്നതുമുതൽ ബാർ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന സിലബസ് പ്രകാരമുള്ള പഞ്ചവത്സര-ത്രിവത്സര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് അഭിഭാഷകരായി എൻറോൾ ചെയ്യാൻ സാധിക്കുന്നത്. എം.ജി. യൂണിവേഴ്സിറ്റി 2011-12 അദ്ധ്യയനവർഷം മുതൽ ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി [പഞ്ചവത്സര എൽ.എൽ.ബി. (ക്രിമിനോളജി)] എന്ന കോഴ്സ് ആരംഭിക്കുകയും വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കുകയും ചെയ്തു. ഇതിനായി യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗീകരിച്ച സിലബസിലും സ്കീമിലും ബാർ കൗൺസിൽ നിഷ്കർഷിക്കുന്ന പ്രകാരം 1-2 സെമസ്റ്ററുകളിൽ നിർബന്ധമായും പഠിപ്പിക്കേണ്ട നിയമേതര വിഷയങ്ങൾ ഉൾക്കൊള്ളിച്ചിരുന്നില്ല. അതിനുപകരം ക്രിമിനോളജി, ഫോറൻസിക് സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ വിഷയങ്ങളാണ് സർവ്വകലാശാല സിലബസിൽ ഉൾക്കൊള്ളിച്ചത്. ബാർ കൗൺസിൽ പഠിപ്പിച്ചിരിക്കണമെന്ന് കർശനമായി നിഷ്കർഷിച്ച നിയമേതര വിഷയം സിലബസിൽ ഇല്ലാത്തതിനാൽ ഈ കോഴ്സിന് ബാർ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം നൽകുകയുണ്ടായില്ല. കൂടാതെ യു.ജി.സി. ആക്ട് സെക്ഷൻ 22 പ്രകാരം ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. കോഴ്സ് യു.ജി.സി. അംഗീകരിച്ചിട്ടുമില്ല. ഈ കാര്യങ്ങൾ കാണിച്ചുകൊണ്ട് 19-11-2014-ലെ ബാർ കൗൺസിൽ ഓഫ് ഇന്ത്യ എം.ജി. സർവ്വകലാശാലയ്ക്ക് ഒരു കത്തയയ്ക്കുകയുണ്ടായി. എന്നാൽ ബാർ കൗൺസിൽ ചൂണ്ടിക്കാണിച്ച ന്യൂനത പരിഹരിച്ച് നിയമേതര വിഷയങ്ങൾ സിലബസിൽ ഉൾപ്പെടുത്തി പ്രശ്നം പരിഹരിക്കുന്നതിനുപകരം ക്രിമിനോളജി, ഫോറൻസിക് സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നിവ നിയമേതര വിഷയങ്ങൾ തന്നെയാണ് എന്ന നിലപാടാണ് യൂണിവേഴ്സിറ്റി സ്വീകരിച്ചത്. ഇതിന്റെ ഫലമായി വന്നത് നേരത്തെ ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചതുപോലെ വിദ്യാർത്ഥികളുടെ അക്കാദമിക് ജീവിതം നഷ്ടപ്പെട്ടുവെന്നുള്ളതാണ്. യു.ജി.സി. അംഗീകാരം ഇല്ലാത്തതും ബാർ കൗൺസിൽ നിഷ്കർഷിക്കുന്ന സിലബസ് പാലിക്കാതെയുമുള്ള കോഴ്സ് എം.ജി. യൂണിവേഴ്സിറ്റി നടത്തിയതിന്റെ ഫലമായിട്ടാണ് ഈ പ്രതിസന്ധിയുണ്ടായത്. ബാർ കൗൺസിൽ ഓഫ് ഇന്ത്യ ഈ പ്രശ്നം

സർവ്വകലാശാലയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ട് രണ്ടുവർഷമായി. ഫലപ്രദമായ ഒരു നടപടിയും എം.ജി സർവ്വകലാശാല സ്വീകരിച്ചിട്ടില്ല. ഇതൊരു ഗൗരവമായ വിഷയമായിട്ടാണ് കാണുന്നത്. ഇത് സർക്കാർ ഗവർണ്ണറുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതൊക്കെ നമ്മുടെ നാട്ടിലൊന്നും അനുവദിക്കാൻ പറ്റില്ല. ഒരു പ്രധാനപ്പെട്ട യൂണിവേഴ്സിറ്റി ഇത്തരം നിരുത്തരവാദപരമായിട്ടുള്ള സമീപനം കാട്ടുന്നത് ഒരിക്കലും അംഗീകരിക്കാൻ പറ്റില്ല.

## 4. വിദ്യാലയങ്ങളിലെ ഷിഫ്റ്റ് സമ്പ്രദായം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, സാർവ്വത്രിക സൗജന്യ വിദ്യാഭ്യാസം സകല വിദ്യാർത്ഥികൾക്കും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് രാജ്യം നിലകൊള്ളുന്നത്. എന്നാൽ പീരുമേട് നിയോജകമണ്ഡലത്തിലെ പി. എൽ.പി. സ്കൂൾ, പള്ളിക്കുന്ന്; ഒ.എം. എൽ.പി. സ്കൂൾ, ഉപ്പുതറ; റ്റി.എം. എൽ.പി. സ്കൂൾ, പശുപാറ; എസ്.റ്റി. എൽ.പി. സ്കൂൾ, പുള്ളിക്കാനം; ഇ.എൽ.പി.സ്കൂൾ, ട്രൈഫോർഡ് എന്നീ അഞ്ച് വിദ്യാലയങ്ങളിൽ ഒരെണ്ണം ഗവൺമെന്റ് മേഖലയിലും നാലെണ്ണം എയ്ഡഡ് മേഖലയിലുമാണ്. ഇവയൊക്കെ ഇപ്പോഴും ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളാണ്. ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ സ്കൂളുകളിൽ നിലനിൽക്കുന്ന ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് 4-6-2010-ലെ ജി.ഒ. നമ്പർ 92/2010/Gen.Edn. പ്രകാരം ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്ത് ഘട്ടംഘട്ടമായി സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കി വരികയാണ്. ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ള സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട സ്കൂളുകളിലും ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്.

## 5. FACT സ്വകാര്യവൽക്കരിക്കാനുള്ള നീക്കം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തത്വദീക്ഷയില്ലാത്ത നിലപാടിന്റെ ഭാഗമായി ഏറ്റവും പഴക്കം ചെന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACT സ്വകാര്യവൽക്കരണ ഭീഷണിയെ നേരിടുകയാണ്. FACT എന്നു പറഞ്ഞാൽ

കേവലം വളനിർമ്മാണശാലയല്ല. നമ്മുടെ ലെഗസിയാണ്, പാരമ്പര്യമാണ്, പൈതൃകമാണ്. നമ്മൾ ആദ്യമായി ഒരു ഫാക്ടറി കാണുന്നത് FACT-ലൂടെയാണ്. FACT സ്വകാര്യവൽക്കരിച്ചാൽ ഒരു ഫാക്ടറി നഷ്ടപ്പെടുന്നു എന്നത് മാത്രമല്ല, നമ്മുടെ പാരമ്പര്യവും പൈതൃകവും നഷ്ടപ്പെടുന്നു എന്നാണ്. അതിനുപുറമെ കേരളത്തിൽ മാത്രമല്ല ദക്ഷിണേന്ത്യയിലെ മുഴുവൻ കാർഷിക മേഖലയും പിന്തള്ളപ്പെടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ 'നീതി ആയോഗ്' ആണ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്ക് ഈ ശിപാർശ നല്കിയിരിക്കുന്നത്. അതുപോലെതന്നെ സഭയുടെ വികാരം കണക്കിലെടുക്കണം. കേന്ദ്ര ഗവൺമെന്റിന്റെ കോർട്ടിലാണ് ഈ പന്ത് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. അങ്ങ് ഇതിൽ ശക്തമായി ഇടപെടണം. ഈ സഭയുടെ വികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. ഒരു കാരണവശാലും FACT സ്വകാര്യ വൽക്കരിക്കാൻ അനുവദിക്കരുത് എന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, FACT-നെ സ്വകാര്യവൽ ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് എനിക്ക് പൂർണ്ണ യോജിപ്പാണുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന നടപടിയോട് ഒരുതരത്തിലും യോജിക്കാൻ കഴിയുന്നതല്ല. ഇവിടെ FACT-മായി ബന്ധപ്പെട്ട പ്രശ്നത്തിൽ സർക്കാരിന് ഔദ്യോഗികമായ അറിയിപ്പൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ FACT അടക്കം 22 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിച്ച് സ്വകാര്യവൽക്കരിക്കാനുള്ള ഉദ്ദേശ്യമുണ്ടെന്ന് പത്രവാർത്തകൾ വന്നിട്ടുണ്ട്. അത് തടയേണ്ടത് ആവശ്യമാണ്. ഇവിടെ പ്രകടിപ്പിച്ചതുപോലെ ആ കാര്യത്തിൽ എല്ലാവരും ഒന്നിച്ചുതന്നെ നീങ്ങാവുന്നതാണ്. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യാം.

## 6. പള്ളികളും ആരാധനാലയങ്ങളും ആക്രമിക്കൽ

ശ്രീ. ബി. ഡി. ദേവസ്സി: സർ, തൃശ്ശൂർ ജില്ലയിലെ സമ്പാളൂർ, കോട്ടാറ്റ് എന്നിവിടങ്ങളിലെ കപ്പേളകളും സമ്പാളൂരിലെയും ഗുരുതിപ്പാലയിലെയും യൂണിയൻ ഓഫീസുകളും 2016 ജൂൺ മാസം 6-ാം തീയതി തിങ്കളാഴ്ച രാത്രി സാമൂഹ്യവിരുദ്ധർ തകർക്കുകയുണ്ടായി. തൊട്ടടുത്ത ദിവസം മാള സ്റ്റെനിസിലാവോസ് ഫൊറോന ചർച്ചിലെ സങ്കീർത്തി കുത്തിത്തുറന്ന് തിരുവോസ്തി അടങ്ങുന്ന പാത്രമടക്കം മോഷ്ടിക്കുകയും ആറ് നേർച്ചപ്പെട്ടികൾ കുത്തിത്തുറന്ന് കവർച്ച നടത്തുകയുമുണ്ടായി.

രണ്ട് വർഷം മുമ്പ് മൂർക്കനാട് സംഭവത്തെ തുടർന്ന് 28-4-2014-ന് വിശ്വഹിന്ദു പരിഷത്ത് തൃശ്ശൂർ ജില്ലയിൽ ആഹ്വാനം ചെയ്ത ഹർത്താലിന്റെ തലേന്ന് രാത്രിയിൽ ചാലക്കുടി മണ്ഡലത്തിലെ ഒരു ക്രിസ്ത്യൻ ദേവാലയത്തിനും മൂന്ന് കപ്പേളകൾക്കും നേരെ ആക്രമണമുണ്ടായി. കൂടാതെ മേലൂർ-ശാന്തിപുരം പള്ളിയുടെ താൽക്കാലികമായി നിർമ്മിച്ച കപ്പേളകളും വിശുദ്ധ രൂപങ്ങളും അനുബന്ധ സാമഗ്രികളും നശിപ്പിക്കുന്ന സംഭവവുമുണ്ടായി. ഈ കേസുകളിലൊന്നിലും ഉത്തരവാദികളായവരെ കണ്ടെത്തി നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിന് നാളിതുവരെയായും സാധിച്ചിട്ടില്ല. നാടിന്റെ മതമൈത്രിയെയും സമാധാന ജീവിതത്തെയും തകർക്കുന്ന ഇത്തരം പ്രവൃത്തികൾ മേലിൽ ആവർത്തിക്കാ തിരിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിനുമാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, രണ്ട് വർഷം മുമ്പ് (2014 ഏപ്രിലിൽ) ഇവിടെ പ്രസ്താവിച്ചതുപോലെ ചില അതിക്രമങ്ങൾ അവിടെ നടന്നിരുന്നു. ചാലക്കുടിയിൽ ക്രിസ്ത്യൻ ദേവാലയവും മൂന്ന് കപ്പേളകളും ആക്രമിച്ച സംഭവം ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് അന്വേഷിക്കാനുള്ള സംവിധാന മുണ്ടാക്കിയെങ്കിലും പ്രതികളെ കണ്ടെത്താൻ കഴിഞ്ഞില്ല. അതുസംബന്ധിച്ച് ചാലക്കുടി കോടതിയിൽ അൺഡിറ്റക്റ്റഡായി റിപ്പോർട്ട് സമർപ്പിക്കുകയാണ് ചെയ്തത്. 2016 ജൂൺ 6-ാം തീയതി തൃശ്ശൂർ കോട്ടാറ്റ് കപ്പേള തകർത്തതുമായി ബന്ധപ്പെട്ട് ചാലക്കുടി പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗുരുതിപ്പാലയിലെ ആട്ടോ തൊഴിലാളികളുടെ യൂണിയൻ ഷെഡ്ഡിലെ കസേരകൾ തകർത്തതുമായി ബന്ധപ്പെട്ടും മാള പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് ഗൗരവമായി പരിശോധിക്കേണ്ട ഒരു പ്രശ്നമാണ്. ചാലക്കുടിയിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് ഇതിനെക്കുറിച്ച് അന്വേഷിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാല് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. പ്രായ പൂർത്തിയാകാത്ത ഒരു പ്രതിയെ ജാമ്യം നൽകി കോടതി വിട്ടയച്ചിട്ടുമുണ്ട്. മതസൗഹാർദ്ദം തകരാറിലാകുന്ന വിധത്തിലുള്ള നടപടികളാണെന്ന് കണ്ടുകൊണ്ടു തന്നെ അടിയന്തര പ്രാധാന്യത്തോടെയുള്ള നടപടികൾ അവിടെ സ്വീകരിച്ചിട്ടുണ്ട്; തുടർന്നും സ്വീകരിക്കുന്നതായിരിക്കും.

## 7. അങ്കമാലി ബൈപ്പാസ്

ശ്രീ. റോജി എം. ജോൺ: സർ, മദ്ധ്യകേരളത്തിലെ ഏറ്റവും തിരക്കേറിയ ഒരു സ്ഥലമാണ് അങ്കമാലി. എറണാകുളത്തിന്റെ ഗേറ്റ്‌വേയാണ് അങ്കമാലി. അതോടൊപ്പം ദേശീയപാതയും എം.സി റോഡും സംഗമിക്കുന്ന ഒരു കേന്ദ്രം, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം, മലയാറ്റൂർ തീർത്ഥാടനകേന്ദ്രം, ആദിശങ്കരന്റെ ജന്മസ്ഥലമായ കാലടിയൊക്കെ ഉൾപ്പെടുന്ന ഒരു പ്രദേശമാണ് അങ്കമാലി. അവിടുത്തെ ഏറ്റവും വലിയ പ്രശ്നം ഗതാഗതക്കുരുക്ക് തന്നെയാണ്. മണ്ണുത്തിമുതൽ ആലുവവരെ ദേശീയ പാതയിലെ എല്ലാ നഗരങ്ങളിലും ഫ്ലൈ ഓവറുകളോ ബൈപ്പാസുകളോ നിർമ്മിക്കപ്പെട്ടപ്പോൾ അങ്കമാലിയിൽ മാത്രമാണ് ബൈപ്പാസ് നിർമ്മിക്കപ്പെടാതെ പോയത്. അതുകൊണ്ടുതന്നെ അങ്കമാലിയിലെ ഗുരുതരമായ ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ അങ്കമാലി ബൈപ്പാസ് അത്യാവശ്യമായി വന്നിരിക്കുകയാണ്. അതോടൊപ്പം അപകടങ്ങളിൽപ്പെട്ട് ചികിത്സയ്ക്കായി അതുവഴി കടന്നുപോകുന്ന ആളുകൾ മണിക്കൂറുകളോളം ഈ ഗതാഗതക്കുരുക്കിൽപ്പെട്ട് അലയുകയാണ്. അത് അങ്കമാലിയുടെ മാത്രം പ്രശ്നമല്ല. മദ്ധ്യകേരളത്തിലൂടെ യാത്രചെയ്യുന്ന ലക്ഷക്കണക്കിനാളുകളെ ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ അങ്കമാലി ബൈപ്പാസ് യാഥാർത്ഥ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയപാത 47-ൽ അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുവേണ്ടി കരയാമ്പറമ്പ് മുതൽ നെടുമ്പാശ്ശേരി വിമാനത്താവളം വരെ 5.97 കിലോമീറ്റർ നീളമുള്ള ഒരു ബൈപ്പാസിനുവേണ്ടി വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടന്റായ കിറ്റ്കോയെ 2013 മേയ് 20-ന് ചുമതലപ്പെടുത്തുകയുണ്ടായി. അവർ സാദ്ധ്യതാപഠനം നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പ്രാഥമിക റിപ്പോർട്ട് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് 2016 ജൂണിൽ സമർപ്പിച്ചിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടം കരയാമ്പറമ്പ്-അങ്കമാലി റെയിൽവേ സ്റ്റേഷൻ കവലവരെയാണ്. രണ്ടാംഘട്ടം അവിടെ മുതൽ എയർപോർട്ട് വരെയാണ്. 45 മീറ്റർ വീതിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഈ പാത പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. വിശദമായ പദ്ധതിരേഖ രണ്ട് മാസത്തിനകം സമർപ്പിക്കാൻ കൺസൾട്ടന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രാഥമിക വിലയിരുത്തൽ പ്രകാരം ഈ പദ്ധതിക്ക് 1100 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നു.

## 8. കൊല്ലങ്കോട് ബൈപ്പാസ്

ശ്രീ. കെ. ബാബു: സർ, നെന്മാറ നിയോജകമണ്ഡലത്തിലെ ഏറ്റവും തിരക്ക് പിടിച്ച നഗരമായ കൊല്ലങ്കോട്ടെ തിരക്ക് ഒഴിവാക്കുന്നതിനായി 2008-ൽ എൽ.ഡി.എഫ്. സർക്കാർ 13 കോടി രൂപ വകയിരുത്തി 4.5 കിലോമീറ്റർ ദൂരത്തിൽ ഒരു ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിനാവശ്യമായ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. വാളയാർ കഴിഞ്ഞാൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിലേക്കും ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കും അതുപോലെ ചരക്ക് ഗതാഗത രംഗത്തും ഏറ്റവും കൂടുതൽ വാഹനങ്ങൾ വന്നു പോകുന്ന പ്രദേശമാണ് കൊല്ലങ്കോട്. അത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് അന്ന് 13 കോടി രൂപ വകയിരുത്തി ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിന് തുടക്കം കുറിച്ചത്. തണ്ണീർത്തട നിയമപ്രകാരമുള്ള എംപവേർഡ് കമ്മിറ്റിയുടെ അനുമതി വാങ്ങുന്നതും സ്ഥലം കണ്ടെത്തുന്നതും നിശ്ചയിക്കുന്നതുമായ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. രണ്ട് തവണ മുൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ കളക്ടറേറ്റിൽ മീറ്റിംഗ് നടന്നു. മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ടുള്ള ഒരു യോഗവും നടന്നു. എന്നാൽ നാളിതുവരെ റോഡ് നിർമ്മാണത്തിനായി റവന്യൂ വകുപ്പ് ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വില നിശ്ചയിച്ച് നഷ്ടപരിഹാരം നൽകി പി.ഡബ്ല്യൂ.ഡി.യെ ഏൽപ്പിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടില്ല. എട്ട് വർഷത്തോളമായി ഈ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് അനിശ്ചിതാവസ്ഥയിലാണ്. എപ്പോഴാണ് ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയെന്ന് അറിയുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പാലക്കാട് ജില്ലയിലെ നിർദ്ദിഷ്ട കൊല്ലങ്കോട് ബൈപ്പാസ് ആരംഭിക്കുന്നത് സംസ്ഥാന പാതയായ വടക്കാഞ്ചേരി-പൊള്ളാച്ചി റോഡിൽ 4.7 കിലോമീറ്റർ ദൈർഘ്യത്തിലാണ്. പ്രസ്തുത പ്രവൃത്തിക്ക് 14-7-2009-ലെ ഗവൺമെന്റ് ഓർഡർ (ആർറ്റി.) നമ്പർ 1045/2009/പി.ഡബ്ല്യൂ.ഡി. പ്രകാരം 13 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് ഇതിലുൾപ്പെടുത്തി 10-6-2010-ലെ ജി.ഒ. (ആർടി.) നമ്പർ 939/2010/ പി.ഡബ്ല്യൂ.ഡി പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ഇതിനായി 30 മീറ്റർ വീതിയിൽ 14.5204 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സർക്കാർ വക പുറമ്പോക്ക് ഭൂമിയായ 0.4594 ഹെക്ടറും സ്വകാര്യ വ്യക്തികളിൽ നിന്നും 14.0618 ഹെക്ടറും ഏറ്റെടുക്കണം. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി റവന്യൂ അധികാരികൾക്ക് പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷൻ

പുറപ്പെടുവിക്കുന്നതിനായി പദ്ധതി ചെലവിന്റെ 25 ശതമാനമായ 2,64,30,000 രൂപയുള്ള എൽ.സി. പ്രൊപ്പോസൽ 14-1-2015-ൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. 29-6-2015-ലെ സർക്കാർ കത്ത് നമ്പർ 1153/സി2/2015/പൊ.മ.വ. പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 27-6-2016-ലെ കത്ത് നമ്പർ എ1/1115/2015 അനുസരിച്ച് ഈ ഓഫീസിൽ നിന്നും 27-6-2016-ലെ കത്ത് നമ്പർ FR2/37/15 പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ഗവൺമെന്റിൽനിന്നും അനുവദിച്ച് റവന്യൂ ഡിപ്പാർട്ടുമെന്റ് മുഖേന സ്ഥലം ഉടമകൾക്ക് കൈമാറി സ്ഥലം ഏറ്റെടുത്തശേഷം പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാരിലേക്ക് 27-6-2016-ന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

## 9. താലൂക്കാശുപത്രിയുടെ ഭൗതിക സൗകര്യങ്ങളും സ്റ്റാഫ് പാറ്റേണും

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, എന്റെ മണ്ഡലത്തിലെ പതിറ്റാണ്ടുകൾ പഴക്കമുള്ള കുറ്റ്യാടി ഗവൺമെന്റ് താലൂക്ക് ആശുപത്രി സ്ഥലപരിമിതി, ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത, ഡോക്ടർമാർ അടക്കമുള്ള സ്റ്റാഫിന്റെ കുറവ് എന്നിവമൂലം കാലങ്ങളായി ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കുന്നുമ്മൽ, വേളം, കുറ്റ്യാടി, ചങ്ങരോത്ത്, കായക്കടി തുടങ്ങിയ പത്തോളം പഞ്ചായത്തുകളിൽ നിന്നായി നിത്യേന 1200-ഓളം സാധാരണക്കാരായ രോഗികൾ പ്രസ്തുത ആശുപത്രിയിൽ ചികിത്സ തേടി എത്തുന്നുണ്ട്. എന്നാൽ ഇവിടെ ആവശ്യത്തിന് ഡോക്ടർമാരോ നഴ്സുമാരോ ഇല്ല എന്നുള്ളതാണ് ഏറെ പരിതാപകരം. ഉള്ളവർക്ക തന്നെ താമസത്തിനാവശ്യമായ ക്വാർട്ടേഴ്സും നിലവിലില്ലാത്ത അവസ്ഥയാണ്. ഇവിടെ സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക വാർഡില്ല. അതേസമയം ചികിത്സാ രംഗത്ത് മലയോര മേഖലയുടെ ആശാകേന്ദ്രമായ ഈ താലൂക്കാശുപത്രിയിൽ അസൗകര്യങ്ങൾക്ക് നടുവിലും മാസത്തിൽ നൂറോളം പ്രസവം നടക്കുന്നുണ്ട് എന്നത് എടുത്തുപറയേണ്ടതാണ്. ഒ.പി. ബ്ലോക്കും മോർച്ചറി കെട്ടിടവും അടിയന്തരമായി നിർമ്മിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. മോർച്ചറിയുടെയും ഫ്രീസറിന്റെയും അഭാവം പോസ്റ്റ്മോർട്ടം നടപടികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പേരുകൊണ്ട് താലൂക്കാശുപത്രിയാണെങ്കിലും ഇവിടത്തെ സ്റ്റാഫ് പാറ്റേൺ ഇപ്പോഴും സി.എച്ച്.സി.യുടേതാണ് എന്നതാണ് യാഥാർത്ഥ്യം. അടിയന്തരമായി താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേണിലേക്ക് മാറ്റിയാൽ മാത്രമേ പ്രസ്തുത പ്രശ്നങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരമാകൂ. ജീർണ്ണാവസ്ഥയിലുള്ള കെട്ടിടം പുതുക്കിപ്പണിയുന്നതിനായി ആശുപത്രിയോട് ചേർന്ന് ഇറിഗേഷൻ

വകുപ്പിന്റെ അധീനതയിലുള്ള 80 സെന്റ് സ്ഥലംകൂടി ആശുപത്രിക്ക് ലഭ്യമാക്കാനുള്ള നടപടികൾ വേഗത്തിലാക്കി ആശുപത്രി വികസനം കാര്യക്ഷമമാക്കണം. ഈ ആശുപത്രി സി.എച്ച്.സി. ആയിരുന്ന സമയത്ത് സമീപപ്രദേശങ്ങളിലെ പി.എച്ച്.സി.-കളുടെ പ്രവർത്തനങ്ങൾ ഇവിടം കേന്ദ്രീകരിച്ചായിരുന്നു നടന്നിരുന്നത്. ഇത് ഇപ്പോഴും തുടരുന്നത് അസൗകര്യം കൊണ്ട് വീർപ്പുമുട്ടുന്ന താലൂക്കാശുപത്രിയിൽ തിരക്ക് വർദ്ധിക്കുന്നതിന് കാരണ മാകുന്നുണ്ട്. ഇത് തൊട്ടടുത്ത കുന്നുമ്മൽ സി.എച്ച്.സി.-യിലേക്ക് മാറ്റാനുള്ള നടപടികളുണ്ടാകണം. താലൂക്കാശുപത്രികളെ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി ഉയർത്തുമെന്ന് ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ അറിയിക്കുകയുണ്ടായ സാഹചര്യത്തിൽ കുറ്റ്യാടി ഗവൺമെന്റ് താലൂക്കാശുപത്രിയുടെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കുറ്റ്യാടി സി.എച്ച്.സി. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന നാളുകളിൽ താലൂക്കാശുപത്രിയായി ഉയർത്തിയതായി പ്രഖ്യാപിച്ചെങ്കിലും അതുസംബന്ധിച്ച മറ്റ് നടപടിക്രമങ്ങളൊന്നും പൂർത്തിയായിട്ടില്ല; സ്റ്റാഫ് ക്രിയേഷൻ നടന്നിട്ടില്ല. അത്തരം കാര്യങ്ങൾ വിശദമായി പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കും. എന്നാൽ സി.എച്ച്.സി. എന്ന നിലയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സ്റ്റാഫിന്റെ അഭാവമുള്ളത് പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരികയാണ്. അതോടൊപ്പം ഭൗതികസൗകര്യം മെച്ചപ്പെടുത്താനുള്ള നടപടികളും അടിയന്തരമായി സ്വീകരിക്കുന്നതാണ്.

## 10. കർഷകരുടെ കുടിയിറക്കൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പട്ടയവും ആധാരവും കൈവശമുള്ള കർഷകരെ കുടിയിറക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വനം വകുപ്പ് തയ്യാറാക്കി വച്ചിരുന്ന ജനവിരുദ്ധ നോട്ടീസ് തെരഞ്ഞെടുപ്പ് ഫലം വന്നതിന്റെ പിറ്റേന്ന് മുതൽ എന്റെ മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി മലയോര മേഖലയിൽ താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള കുടികിടപ്പുകാർക്കും കർഷകർക്കും നൽകിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രശ്നം നേരത്തേ ഉണ്ടായപ്പോൾ 2015 ഏപ്രിൽ മാസത്തിൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും സംയുക്ത സർവ്വെ നടത്താൻ തീരുമാനിക്കുകയും ചെയ്തു. ആ

സർവ്വേയിൽനിന്നും മാറിനിന്ന വനം വകുപ്പ് ഇപ്പോൾ ഈ നടപടി സ്വീകരിക്കുന്നത് നിർത്തിവയ്ക്കേണ്ടതാണ്. 10 സെന്റ് മുതൽ മൂന്നേക്കർ വരെ ഭൂമിയുള്ള നാമമാത്ര കർഷകരെയും കുടികിടപ്പുകാരെയുമാണ് പ്രധാനമായും വനം വകുപ്പ് ലക്ഷ്യം വച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നിലനിൽക്കുന്നു. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംയുക്ത സർവ്വേ നടത്താനും പട്ടയം, ആധാരം, ടാക്സ് റെസീപ്റ്റ്, റേഷൻകാർഡ്, കാർഷിക വിളകളുടെ കാലപ്പഴക്കം തുടങ്ങിയ നിലവിലുള്ള രേഖകൾ പരിശോധിച്ച് താമസിക്കാൻ അനുവാദം നൽകാനുമാണ് ഹൈക്കോടതി ഉത്തരവ്. അത് പാലിക്കാൻ തയ്യാറാകണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ OP18467/02, OP1947/03 എന്നീ കേസുകളിലെ 4-9-2015-ലെ വിധിയിൽ, വിധിപ്പകർപ്പ് ലഭിച്ച തീയതി മുതൽ ആറ് മാസത്തിനകം കേരള വനനിയമം 1961, കേരള ലാന്റ് കൺസർവൻസി ആക്ട് 1957 എന്നിവ പ്രകാരം കയ്യേറ്റക്കാരന് സ്റ്റാറ്റ്യൂട്ടറി നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കൽ നടപടി ആരംഭിക്കുകയും തുടർന്നുള്ള ആറുമാസത്തിനകം ഒഴിപ്പിക്കൽ പ്രക്രിയ പൂർത്തീകരിക്കേണ്ടതുമാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. വനം കയ്യേറ്റക്കാരെ കുടിയൊഴിപ്പിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് റവന്യൂ വകുപ്പ് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ആലത്തൂർ താലൂക്കിലെ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പഞ്ചായത്തുകളിലെ 41 വനം കയ്യേറ്റക്കാർക്ക് 15-04-2016-ൽ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നോട്ടീസ് നല്കുകയുണ്ടായി. പിന്നീട് നോട്ടീസുകളൊന്നും നൽകിയിട്ടില്ല. കേരള ലാൻഡ് കൺസർവൻസി ആക്ട് പ്രകാരം സ്റ്റാറ്റ്യൂട്ടറി നോട്ടീസ് നൽകി വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകാൻ റവന്യൂ വകുപ്പിന് വനം വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിഴക്കഞ്ചേരി മേഖലയിലെ പോത്തുമട, പുഴക്കല്ലിടം, മലവാരം, പാലക്കുഴി മേഖലകളിലെ വനം കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനായി വനം വകുപ്പുമായി ചേർന്ന് ഒരു സംയുക്ത സർവ്വേക്ക് ശ്രമം നടത്തിയെങ്കിലും പ്രാദേശികമായുണ്ടായ ചില എതിർപ്പുകളെത്തുടർന്ന് ആ നടപടി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല.

# IX മേശപ്പുറത്തു വച്ച കടലാസുകൾ

## (1) ലിസ്റ്റ് I അനുസരിച്ചുള്ള കടലാസ്സുകൾ

I മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ.(എംഎസ്.)നമ്പർ 49/2015/ഹോം തീയതി, 13-3-2015 (എസ്.ആർ.ഒ.നമ്പർ 138/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ.(എംഎസ്.) നമ്പർ 50/2015/ഹോം തീയതി, 13-3-2015 (എസ്.ആർ.ഒ.നമ്പർ 139/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. ജി.ഒ.(പി) നമ്പർ 31/2015/പി&എആർഡി. തീയതി, 21-11-2015 (എസ്.ആർ.ഒ.നമ്പർ 823/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ.(പി) നമ്പർ 1/2016/ജി.എ.ഡി. തീയതി, 5-1-2016 (എസ്.ആർ.ഒ.നമ്പർ 7/2016)
5. ജി.ഒ.(പി) നമ്പർ 2/2016/ജി.എ.ഡി. തീയതി, 5-1-2016 (എസ്.ആർ.ഒ.നമ്പർ 08/2016)
6. ജി.ഒ.(പി) നമ്പർ 3/2016/ജി.എ.ഡി. തീയതി, 5-1-2016 (എസ്.ആർ.ഒ.നമ്പർ 09/2016)
7. ജി.ഒ.(പി) നമ്പർ 4/2016/ജി.എ.ഡി. തീയതി, 5-1-2016 (എസ്.ആർ.ഒ.നമ്പർ 10/2016)
8. ജി.ഒ.(ആർറ്റി.) നമ്പർ 98/2016/ഹോം തീയതി, 11-1-2016 (എസ്.ആർ.ഒ.നമ്പർ 29/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
9. ജി.ഒ.(ആർറ്റി.) നമ്പർ 3322/2015/ഹോം തീയതി, 28-12-2015 (എസ്.ആർ.ഒ.നമ്പർ 33/2016)
10. ജി.ഒ.(ആർറ്റി.) നമ്പർ 79/2016/ഹോം തീയതി, 8-1-2016 (എസ്.ആർ.ഒ.നമ്പർ 34/2016)
11. ജി.ഒ.(ആർറ്റി.) നമ്പർ 80/2016/ഹോം തീയതി, 8-1-2016 (എസ്.ആർ.ഒ.നമ്പർ 35/2016)

12. ജി.ഒ.(ആർറ്റി.) നമ്പർ 81/2016/ഹോം തീയതി, 8-1-2016 (എസ്.ആർ.ഒ.നമ്പർ 43/2016)

13. ജി.ഒ.(ആർറ്റി.) നമ്പർ 167/2016/ഹോം തീയതി, 14-1-2016 (എസ്.ആർ.ഒ.നമ്പർ 85/2016)

14. ജി.ഒ.(ആർറ്റി.) നമ്പർ 244/2016/ഹോം തീയതി, 22-1-2016 (എസ്.ആർ.ഒ.നമ്പർ 92/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

15. ജി.ഒ.(പി) നമ്പർ 6/2016/ജി.എ.ഡി. തീയതി, 23-1-2016 (എസ്.ആർ.ഒ.നമ്പർ 97/2016)

16. ജി.ഒ.(ആർറ്റി.)നമ്പർ 254/2016/ഹോം തീയതി, 23-1-2016 (എസ്.ആർ.ഒ.നമ്പർ 100/2016)

17. ജി.ഒ.(പി) നമ്പർ 8/2016/ജി.എ.ഡി തീയതി, 3-2-2016 (എസ്.ആർ.ഒ.നമ്പർ 107/2016).

18. നമ്പർ 753/സി13/2016-I/വിജ്.തീയതി, 5-2-2016 (എസ്.ആർ.ഒ.നമ്പർ 110/2016).

19. നമ്പർ 753/സി13/2016-II/വിജ്. തീയതി, 5-2-2016 (എസ്.ആർ.ഒ.നമ്പർ 111/2016)

20. നമ്പർ 753/സി13/2016-III/വിജ്. തീയതി, 5-2-2016 (എസ്.ആർ.ഒ.നമ്പർ 112/2016)

21. നമ്പർ 753/സി13/2016-IV/വിജ്. തീയതി, 5-2-2016 (എസ്.ആർ.ഒ.നമ്പർ 113/2016)

22. നമ്പർ 753/സി13/2016-V/വിജ്. തീയതി, 5-2-2016 (എസ്.ആർ.ഒ.നമ്പർ 114/2016)

23. ജി.ഒ.(എംഎസ്.) നമ്പർ 18/2016/ഹോം തീയതി, 20-1-2016 (എസ്.ആർ.ഒ.നമ്പർ 120/2016)

24. ജി.ഒ.(എംഎസ്.) നമ്പർ 38/2016/ഹോം തീയതി, 2-2-2016 (എസ്.ആർ.ഒ. നമ്പർ 125/2016)

25. ജി.ഒ.(എം.എസ്.) നമ്പർ 43/2016/ഹോം തീയതി, 5-2-2016 (എസ്.ആർ.ഒ.നമ്പർ 127/2016)

26. ജി.ഒ.(ആർറ്റി.) നമ്പർ 408/2016/ഹോം തീയതി, 6-2-2016 (എസ്.ആർ.ഒ.നമ്പർ 128/2016)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

27. ജി.ഒ.(ആർറ്റി.) നമ്പർ 3247/2015/ഹോം തീയതി, 16-12-2015 (എസ്.ആർ.ഒ.നമ്പർ130/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

28. ജി.ഒ.(ആർറ്റി.) നമ്പർ 3283/2015/ഹോം തീയതി, 19-12-2015 (എസ്.ആർ.ഒ.നമ്പർ 131/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

29. ജി.ഒ.(എം.എസ്.) നമ്പർ 35/2016/ഹോം തീയതി, 2-2-2016 (എസ്.ആർ.ഒ.നമ്പർ 132/2016)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

30. ജി.ഒ.(ആർറ്റി.) നമ്പർ 78/2016/ഹോം തീയതി, 8-1-2016 (എസ്.ആർ.ഒ.നമ്പർ 135/2016)

31. ജി.ഒ.(ആർറ്റി.) നമ്പർ 455/2016/ഹോം തീയതി, 9-2-2016 (എസ്.ആർ.ഒ.നമ്പർ 136/2016)

32. ജി.ഒ.(ആർറ്റി.) നമ്പർ 426/2016/ഹോം തീയതി, 8-2-2016 (എസ്.ആർ.ഒ.നമ്പർ 137/2016)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

33. ജി.ഒ.(എം.എസ്.) നമ്പർ 42/2016/ഹോം തീയതി, 4-2-2016 (എസ്.ആർ.ഒ. നമ്പർ 140/2016)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

34. ജി.ഒ.(പി) നമ്പർ 52/2016/ഹോം തീയതി, 18-2-2016 (എസ്.ആർ.ഒ. നമ്പർ 144/2016)

35. ജി.ഒ.(എം.എസ്.) നമ്പർ 49/2016/ഹോം തീയതി, 12-2-2016 (എസ്.ആർ.ഒ. നമ്പർ 148/2016)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

36. ജി.ഒ.(പി) നമ്പർ 11/2016/പി&ഇഎഡി. തീയതി, 20-2-2016 (എസ്.ആർ.ഒ. നമ്പർ 151/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

37. ജി.ഒ.(ആർറ്റി.) നമ്പർ 390/2016/ഹോം തീയതി, 5-2-2016 (എസ്.ആർ.ഒ.നമ്പർ 160/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

38. ജി.ഒ.(പി) നമ്പർ 11/2016/ജി.എ.ഡി. തീയതി, 24-2-2016 (എസ്.ആർ.ഒ. നമ്പർ 166/2016)

39. ജി.ഒ.(ആർറ്റി.) നമ്പർ 473/2016/ഹോം തീയതി, 11-2-2016 (എസ്.ആർ.ഒ. നമ്പർ 169/2016)

40. ജി.ഒ.(ആർറ്റി.) നമ്പർ 576/2016/ഹോം തീയതി, 19-2-2016 (എസ്.ആർ.ഒ.നമ്പർ 170/2016)

41. നമ്പർ 77989/എസ്.എസ്.എ.2/2013/ഹോം തീയതി, 24-2-2016 (എസ്.ആർ.ഒ. നമ്പർ 171/2016)

42. ജി.ഒ.(ആർറ്റി.) നമ്പർ 633/2016/ഹോം തീയതി, 25-2-2016 (എസ്.ആർ.ഒ. നമ്പർ 172/2016)

43. ജി.ഒ.(പി) നമ്പർ 60/2016/ഹോം തീയതി, 26-2-2016 (എസ്.ആർ.ഒ.നമ്പർ 183/2016)

44. ജി.ഒ.(എം.എസ്) നമ്പർ 61/2016/ഹോം തീയതി, 26-2-2016 (എസ്.ആർ.ഒ. നമ്പർ 184/2016)

45. ജി.ഒ.(പി) നമ്പർ 62/2016/ഹോം തീയതി, 26-2-2016 (എസ്.ആർ.ഒ. നമ്പർ 185/2016)

46. ജി.ഒ.(എം.എസ്)നമ്പർ 50/2016/ഹോം തീയതി, 16-2-2016 (എസ്.ആർ.ഒ. നമ്പർ 186/2016)

47. ജി.ഒ.(പി) നമ്പർ 74/2016/ഹോം തീയതി, 1-3-2016 (എസ്. ആർ.ഒ. നമ്പർ 201/2016)

48. ജി.ഒ.(പി) നമ്പർ 77/2016/ഹോം തീയതി, 2-3-2016 (എസ്. ആർ.ഒ. നമ്പർ 208/2016)

49. ജി.ഒ.(ആർറ്റി.) നമ്പർ 697/2016/ഹോം തീയതി, 27-2-2016 (എസ്.ആർ.ഒ. നമ്പർ 217/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

50. ജി.ഒ.(ആർറ്റി.) നമ്പർ 549/2016/ഹോം തീയതി, 17-2-2016 (എസ്.ആർ.ഒ. നമ്പർ 219/2016)

51. ജി.ഒ.(ആർറ്റി.) നമ്പർ 570/2016/ഹോം തീയതി, 18-2-2016 (എസ്.ആർ.ഒ. നമ്പർ 220/2016)

52. ജി.ഒ.(ആർറ്റി.) നമ്പർ 799/2016/ഹോം തീയതി, 2-3-2016 (എസ്.ആർ.ഒ. നമ്പർ 224/2016 മുതൽ 237/2016 വരെ)

53. ജി.ഒ.(എംഎസ്.) നമ്പർ 88/2016/ഹോം തീയതി, 3-3-2016 (എസ്.ആർ.ഒ. നമ്പർ 250/2016)

54. ജി.ഒ.(എംഎസ്.) നമ്പർ 89/2016/ഹോം തീയതി, 3-3-2016 (എസ്.ആർ.ഒ. നമ്പർ 251/2016)

55. ജി.ഒ.(പി) നമ്പർ 100/2016/ഹോം തീയതി, 4-3-2016 (എസ്.ആർ.ഒ. നമ്പർ 252/2016)

56. ജി.ഒ.(എംഎസ്.) നമ്പർ 101/2016/ഹോം തീയതി, 4-3-2016 (എസ്.ആർ.ഒ. നമ്പർ 253/2016)

57. ജി.ഒ.(പി) നമ്പർ 01/2016/നോർക്ക തീയതി, 1-3-2016 (എസ്.ആർ.ഒ. നമ്പർ 266/2016)

58. ജി.ഒ.(എം.എസ്.)നമ്പർ 72/2016/ഹോം തീയതി, 29-2-2016 (എസ്.ആർ.ഒ. നമ്പർ 267/2016)

59. ജി.ഒ.(ആർറ്റി.) നമ്പർ 798/2016/ഹോം തീയതി, 2-3-2016 (എസ്.ആർ.ഒ. നമ്പർ 272/2016)

60. ജി.ഒ.(ആർറ്റി.) നമ്പർ 681/2016/ഹോം തീയതി, 26-2-2016 (എസ്.ആർ.ഒ. നമ്പർ 273/2016)

61. ജി.ഒ.(എംഎസ്.) നമ്പർ 104/2016/ഹോം തീയതി, 4-3-2016 (എസ്.ആർ.ഒ. നമ്പർ 275/2016)

62. ജി.ഒ.(ആർറ്റി.) നമ്പർ 840/2016/ഹോം തീയതി 3-3-2016 (എസ്.ആർ.ഒ. നമ്പർ 276/2016)

63. ജി.ഒ.(ആർറ്റി.) നമ്പർ 923/2016/ഹോം തീയതി, 14-3-2016 (എസ്.ആർ.ഒ. നമ്പർ 282/2016)

64. ജി.ഒ.(ആർറ്റി.) നമ്പർ 837/2016/ഹോം തീയതി, 3-3-2016 (എസ്.ആർ.ഒ. നമ്പർ 289/2016)

65. ജി.ഒ.(എംഎസ്.) നമ്പർ 110/2016/ഹോം തീയതി, 22-3-2016 (എസ്.ആർ.ഒ. നമ്പർ 297/2016)

66. ജി.ഒ.(ആർറ്റി.) നമ്പർ 1053/2016/ഹോം തീയതി, 23-3-2016 (എസ്.ആർ.ഒ. നമ്പർ 298/2016)

67. ജി.ഒ.(ആർറ്റി.) നമ്പർ 1091/2016/ഹോം തീയതി, 28-3-2016 (എസ്.ആർ.ഒ. നമ്പർ 301/2016)

68. ജി.ഒ.(ആർറ്റി.)നമ്പർ 1067/2016/ഹോം തീയതി, 23-3-2016 (എസ്.ആർ.ഒ. നമ്പർ 306/2016)

69. ജി.ഒ.(പി) നമ്പർ 01/2016/ഐ.റ്റി.ഡി. തീയതി, 21-3-2016 (എസ്.ആർ.ഒ. നമ്പർ 308/2016)

70. നമ്പർ 14147/സി3/2015-I/വിജ്. തീയതി, 1-4-2016 (എസ്. ആർ.ഒ. നമ്പർ 309/2016)

71. നമ്പർ 14147/സി3/2015-II/വിജ്. തീയതി 1-4-2016 (എസ്. ആർ.ഒ. നമ്പർ 310/2016)

72. നമ്പർ 14147/സി3/2015-III/വിജ്. തീയതി, 1-4-2016 (എസ്.ആർ.ഒ. നമ്പർ 311/2016)

73. നമ്പർ 14147/സി3/2015-IV/വിജ്. തീയതി, 1-4-2016 (എസ്.ആർ.ഒ. നമ്പർ 312/2016)

74. ജി.ഒ.(എംഎസ്.)നമ്പർ 125/2016/ഹോം തീയതി, 8-4-2016 (എസ്.ആർ.ഒ. നമ്പർ 318/2016)

75. ജി.ഒ.(ആർറ്റി.) നമ്പർ 1235/2016/ഹോം തീയതി, 6-4-2016 (എസ്.ആർ.ഒ. നമ്പർ 320/2016)

76. ജി.ഒ.(ആർറ്റി.) നമ്പർ 1177/2016/ഹോം തീയതി, 2-4-2016 (എസ്.ആർ.ഒ. നമ്പർ 323/2016)

77. ജി.ഒ.(ആർറ്റി.) നമ്പർ 92/2016/ഐ.റ്റി.ഡി. തീയതി, 7-4-2016 (എസ്.ആർ.ഒ. നമ്പർ 328/2016)

78. നമ്പർ 29925/എസ്.എസ്.എ 5/2016/ഹോം തീയതി, 18-4-2016 (എസ്.ആർ.ഒ. നമ്പർ 329/2016)

79. ജി.ഒ.(എംഎസ്.)നമ്പർ 121/2016/ഹോം തീയതി, 7-4-2016 (എസ്.ആർ.ഒ. നമ്പർ 330/2016)

80. നമ്പർ 32725/എസ്.എസ്.എ.2/2016/ഹോം തീയതി, 21-4-2016 (എസ്.ആർ.ഒ. നമ്പർ 333/2016)

81. ജി.ഒ.(എംഎസ്.) നമ്പർ 124/2016/ഹോം തീയതി, 8-4-2016 (എസ്.ആർ.ഒ. നമ്പർ 334/2016)

82. ജി.ഒ.(എംഎസ്.) നമ്പർ 128/2016/ഹോം തീയതി, 19-4-2016 (എസ്.ആർ.ഒ. നമ്പർ 335/2016)

83. ജി.ഒ.(പി) നമ്പർ 02/2016/നോർക്ക തീയതി, 26-4-2016 (എസ്.ആർ.ഒ. നമ്പർ 338/2016)

84. ജി.ഒ.(എംഎസ്.) നമ്പർ 60/2016/ജി.എ.ഡി. തീയതി, 28-4-2016 (എസ്.ആർ.ഒ. നമ്പർ 339/2016)

85. ജി.ഒ. (എംഎസ്.) നമ്പർ 131/2016/ഹോം തീയതി, 29-4-2016 (എസ്.ആർ.ഒ. നമ്പർ 341/2016)

86. ജി.ഒ. (എംഎസ്.) നമ്പർ 132/2016/ഹോം തീയതി, 29-4-2016 (എസ്.ആർ.ഒ. നമ്പർ 343/2016)

87. ജി.ഒ. (എംഎസ്.)നമ്പർ 133/2016/ഹോം തീയതി, 29-4-2016 (എസ്.ആർ.ഒ. നമ്പർ 344/2016)

88. ജി.ഒ. (ആർറ്റി.) നമ്പർ 1363/2016/ഹോം തീയതി, 21-4-2016 (എസ്.ആർ.ഒ. നമ്പർ 345/2016)

89. ജി.ഒ.(എംഎസ്.) നമ്പർ 138/2016/ഹോം തീയതി, 30-4-2016 (എസ്.ആർ.ഒ. നമ്പർ 346/2016)

90. ജി.ഒ. (എംഎസ്.) നമ്പർ 139/2016/ഹോം തീയതി, 30-4-2016 (എസ്.ആർ.ഒ. നമ്പർ 347/2016)

91. ജി.ഒ. (എംഎസ്.) നമ്പർ 136/2016/ഹോം തീയതി, 30-4-2016 (എസ്.ആർ.ഒ. നമ്പർ 349/2016)

92. ജി.ഒ. (എംഎസ്.) നമ്പർ 137/2016/ഹോം തീയതി, 30-4-2016 (എസ്.ആർ.ഒ. നമ്പർ 350/2016)

93. ജി.ഒ. (എംഎസ്.) നമ്പർ 146/2016/ഹോം തീയതി, 5-5-2016 (എസ്.ആർ.ഒ. നമ്പർ 353/2016)

94. ജി.ഒ. (എംഎസ്.) നമ്പർ 147/2016/ഹോം തീയതി, 5-5-2016 (എസ്.ആർ.ഒ. നമ്പർ 354/2016)

95. ജി.ഒ. (ആർറ്റി.) നമ്പർ 1525/2016/ഹോം തീയതി, 5-5-2016 (എസ്.ആർ.ഒ. നമ്പർ 355/2016)

96. ജി.ഒ. (ആർറ്റി.) നമ്പർ 1257/2016/ഹോം തീയതി, 11-4-2016 (എസ്.ആർ.ഒ. നമ്പർ 356/2016)

97. ജി.ഒ. (എംഎസ്.) നമ്പർ 149/2016/ഹോം തീയതി, 6-5-2016 (എസ്.ആർ.ഒ. നമ്പർ 358/2016)

98. ജി.ഒ. (എംഎസ്.) നമ്പർ 150/2016/ഹോം തീയതി, 6-5-2016 (എസ്.ആർ.ഒ. നമ്പർ 359/2016)

99. ജി.ഒ. (എംഎസ്.) നമ്പർ 152/2016/ഹോം തീയതി, 6-5-2016 (എസ്.ആർ.ഒ. നമ്പർ 360/2016)

100. ജി.ഒ. (ആർ.റ്റി.) നമ്പർ 1550/2016/ഹോം തീയതി 9-5-2016 (എസ്.ആർ.ഒ. നമ്പർ 363/2016)

101. ജി.ഒ.(എംഎസ്.) നമ്പർ 154/2016/ഹോം തീയതി, 10-5-2016 (എസ്.ആർ.ഒ. നമ്പർ 364/2016)

102. ജി.ഒ.(ആർറ്റി.) നമ്പർ 628/2016/ഹോം തീയതി, 25-2-2016 (എസ്.ആർ.ഒ. നമ്പർ 377/2016)

103. ജി.ഒ.(ആർറ്റി.) നമ്പർ 1399/2016/ഹോം തീയതി, 23-4-2016 (എസ്.ആർ.ഒ. നമ്പർ 378/2016)

104. ജി.ഒ.(പി.) നമ്പർ 8/2016/പി.&എ.ആർ.ഡി. തീയതി, 18-5-2016 (എസ്.ആർ.ഒ. നമ്പർ 381/2016)

105. ജി.ഒ. (പി) നമ്പർ 9/2016/പി.&എ.ആർ.ഡി. തീയതി, 18-5-2016 (എസ്.ആർ.ഒ. നമ്പർ 382/2016)

106. ജി.ഒ.(പി)നമ്പർ 10/2016/പി.&എ.ആർ.ഡി. തീയതി, 18-5-2016 (എസ്.ആർ.ഒ. നമ്പർ 383/2016)

107. ജി.ഒ. (ആർറ്റി.) നമ്പർ 1615/2016/ഹോം. തീയതി, 13-5-2016 (എസ്.ആർ.ഒ. നമ്പർ 396/2016)

108. ജി.ഒ.(ആർ.റ്റി.) നമ്പർ 1616/2016/ഹോം തീയതി, 13-5-2016 (എസ്.ആർ.ഒ. നമ്പർ 397/2016)

109. ജി.ഒ. (ആർറ്റി.) നമ്പർ 1641/2016/ഹോം തീയതി, 20-5-2016 (എസ്.ആർ.ഒ. നമ്പർ 400/2016)

110. നമ്പർ 23073/എസ്.എസ്.എ 1/2016/ഹോം തീയതി, 26-5-2016 (എസ്.ആർ.ഒ. നമ്പർ 403/2016)

111. ജി.ഒ. (എംഎസ്.) നമ്പർ 174/2016/ഹോം തീയതി, 2-6-2016 (എസ്.ആർ.ഒ. നമ്പർ 409/2016)

112. ജി.ഒ. (എംഎസ്.) നമ്പർ 175/2016/ഹോം തീയതി, 2-6-2016 (എസ്.ആർ.ഒ. നമ്പർ 410/2016)

113. ജി.ഒ. (പി.) നമ്പർ 12/2016/പി.&എ.ആർ.ഡി. തീയതി, 4-6-2016 (എസ്.ആർ.ഒ. നമ്പർ 412/2016)

114. നമ്പർ 2057/ഇ.എൽ.3/2016/ഇലക്. തീയതി, 10-6-2016 പ്രകാരമുള്ള വിജ്ഞാപനം

115. വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

116. കൊച്ചി ഇൻഫോപാർക്കിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

117. തിരുവനന്തപുരം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2010-11, 2011-12, 2012-13-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

118. പാലക്കാട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2010-11-ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

119. കോട്ടയം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ 2014-15 വർഷത്തെ പ്രവർത്തന റിപ്പോർട്ട്.

II മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 2/2016/എഫ് & പി.ഡി. തീയതി, 5-2-2016 (എസ്.ആർ.ഒ. നമ്പർ 115/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. സ.ഉ (അച്ചടി) നമ്പർ 3/2016/മ.തു.വ. തീയതി, 8-2-2016 (എസ്.ആർ.ഒ. നമ്പർ 121/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

III. സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 145/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ.നമ്പർ 840/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ.(പി) നമ്പർ 144/2015/കോ-ഓപ്. തീയതി, 12-11-2015 (എസ്.ആർ.ഒ. നമ്പർ 844/2015)

3. ജി.ഒ.(പി) നമ്പർ 173/2015/കോ-ഓപ്. തീയതി, 30-12-2015 (എസ്.ആർ.ഒ. നമ്പർ 879/2015)

4. ജി.ഒ. (പി) നമ്പർ 6/2016/കോ-ഓപ്. തീയതി, 11-1-2016 (എസ്.ആർ.ഒ. നമ്പർ 98/2016)

5. ജി.ഒ. (പി) നമ്പർ 10/2016/കോ-ഓപ്. തീയതി, 30-1-2016 (എസ്.ആർ.ഒ. നമ്പർ 99/2016)

6. ജി.ഒ. (പി) നമ്പർ 9/2016/കോ-ഓപ്. തീയതി, 20-1-2016 (എസ്.ആർ.ഒ. നമ്പർ 102/2016)

7. ജി.ഒ. (പി) നമ്പർ 5/2016/കോ-ഓപ്. തീയതി, 7-1-2016 (എസ്.ആർ.ഒ. നമ്പർ 105/2016)

8. ജി.ഒ. (പി) നമ്പർ 14/2016/കോ-ഓപ്. തീയതി, 11-2-2016 (എസ്.ആർ.ഒ. നമ്പർ 174/2016)

9. ജി.ഒ. (പി) നമ്പർ 17/2016/കോ-ഓപ്. തീയതി, 18-2-2016 (എസ്.ആർ.ഒ. നമ്പർ 175/2016)

10. ജി.ഒ. (പി) നമ്പർ 21/2016/കോ-ഓപ്. തീയതി, 18-2-2016 (എസ്.ആർ.ഒ. നമ്പർ 176/2016)

11. ജി.ഒ. (പി) നമ്പർ 12/2016/കോ-ഓപ്. തീയതി, 11-2-2016 (എസ്.ആർ.ഒ. നമ്പർ 188/2016)

12 ജി.ഒ. (പി) നമ്പർ 13/2016/കോ-ഓപ്. തീയതി, 11-2-2016 (എസ്.ആർ.ഒ. നമ്പർ 189/2016)

13. ജി.ഒ. (പി) നമ്പർ 15/2016/കോ-ഓപ്. തീയതി, 11-2-2016 (എസ്.ആർ.ഒ. നമ്പർ 190/2016)

14. ജി.ഒ. (പി) നമ്പർ 16/2016/കോ-ഓപ്. തീയതി, 11-2-2016 (എസ്.ആർ.ഒ. നമ്പർ 191/2016)

15. ജി.ഒ. (പി) നമ്പർ 18/2016/കോ-ഓപ്. തീയതി, 18-2-2016 (എസ്.ആർ.ഒ. നമ്പർ 192/2016)

16. ജി.ഒ. (പി) നമ്പർ 19/2016/കോ-ഓപ്. തീയതി, 18-2-2016 (എസ്.ആർ.ഒ. നമ്പർ 193/2016)

17. ജി.ഒ. (പി) നമ്പർ 20/2016/കോ-ഓപ്. തീയതി, 18-2-2016 (എസ്.ആർ.ഒ. നമ്പർ 194/2016)

18. ജി.ഒ. (പി) നമ്പർ 25/2016/കോ-ഓപ്. തീയതി, 25-2-2016 (എസ്.ആർ.ഒ. നമ്പർ 206/2016)

19. ജി.ഒ. (പി) നമ്പർ 33/2016/കോ-ഓപ്. തീയതി, 1-3-2016 (എസ്.ആർ.ഒ. നമ്പർ 218/2016)

20. ജി.ഒ. (പി) നമ്പർ 28/2016/കോ-ഓപ്. തീയതി, 29-2-2016 (എസ്.ആർ.ഒ. നമ്പർ 247/2016)

21. ജി.ഒ. (പി) നമ്പർ 29/2016/കോ-ഓപ്. തീയതി, 29-2-2016 (എസ്.ആർ.ഒ. നമ്പർ 248/2016)

22. ജി.ഒ. (പി) നമ്പർ 32/2016/കോ-ഓപ്. തീയതി, 1-3-2016 (എസ്.ആർ.ഒ. നമ്പർ 259/2016)

23. ജി.ഒ. (പി) നമ്പർ 37/2016/കോ-ഓപ്. തീയതി, 3-3-2016 (എസ്.ആർ.ഒ. നമ്പർ 269/2016)

24. ജി.ഒ. (പി) നമ്പർ 31/2016/കോ-ഓപ്. തീയതി, 29-2-2016 (എസ്.ആർ.ഒ. നമ്പർ 274/2016)

25. ജി.ഒ. (പി) നമ്പർ 34/2016/കോ-ഓപ്. തീയതി, 2-3-2016 (എസ്.ആർ.ഒ. നമ്പർ 277/2016)

26. ജി.ഒ. (പി) നമ്പർ 26/2016/കോ-ഓപ്. തീയതി, 26-2-2016 (എസ്.ആർ.ഒ. നമ്പർ 279/2016) .

27. ജി.ഒ. (പി) നമ്പർ 27/2016/കോ-ഓപ്. തീയതി, 26-2-2016 (എസ്.ആർ.ഒ. നമ്പർ 280/2016)

28. ജി.ഒ. (പി) നമ്പർ 41/2016/കോ-ഓപ്. തീയതി, 21-3-2016 (എസ്.ആർ.ഒ. നമ്പർ 290/2016)

29. ജി.ഒ. (പി) നമ്പർ 30/2016/കോ-ഓപ്. തീയതി, 3-3-2016 (എസ്.ആർ.ഒ. നമ്പർ 291/2016)

30. ജി.ഒ. (പി) നമ്പർ 36/2016/കോ-ഓപ്. തീയതി, 3-3-2016 (എസ്.ആർ.ഒ. നമ്പർ 292/2016)

31. ജി.ഒ. (പി)നമ്പർ 42/2016/കോ-ഓപ്. തീയതി, 22-3-2016 (എസ്.ആർ.ഒ. നമ്പർ 307/2016)

32. ജി.ഒ. (പി) നമ്പർ 43/2016/കോ-ഓപ്. തീയതി, 5-4-2016 (എസ്.ആർ.ഒ. നമ്പർ 317/2016)

33. ജി.ഒ. (പി)നമ്പർ 46/2016/കോ-ഓപ്. തീയതി, 12-5-2016 (എസ്.ആർ.ഒ. നമ്പർ 379/2016)

34. ജി.ഒ. (പി) നമ്പർ 45/2016/കോ-ഓപ്. തീയതി, 6-5-2016 (എസ്.ആർ.ഒ. നമ്പർ 384/2016)

IV. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ.(പി)നമ്പർ 174/2015/എൽ.ബി.ആർ. തീയതി, 17-11-2015 (എസ്.ആർ.ഒ. നമ്പർ 785/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. ജി.ഒ.(പി)നമ്പർ 175/2015/എൽ.ബി.ആർ. തീയതി, 17-11-2015 (എസ്.ആർ.ഒ. നമ്പർ 786/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

3. സ.ഉ.(അച്ചടി)നമ്പർ 176/2015/തൊഴിൽ തീയതി, 17-11-2015 (എസ്.ആർ.ഒ. നമ്പർ 787/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

4. സ.ഉ. (പി) നമ്പർ 177/2015/തൊഴിൽ തീയതി, 17-11-2015 (എസ്.ആർ.ഒ. നമ്പർ 788/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

5. ജി.ഒ.(പി)നമ്പർ 187/2015/എൽ.ബി.ആർ. തീയതി, 23-11-2015 (എസ്.ആർ.ഒ. നമ്പർ 810/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

6. ജി.ഒ. (പി)നമ്പർ 184/2015/എൽ.ബി.ആർ. തീയതി, 23-11-2015 (എസ്.ആർ.ഒ. നമ്പർ 825/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

7. ജി.ഒ.(പി)നമ്പർ 189/2015/എൽ.ബി.ആർ. തീയതി, 28-11-2015 (എസ്.ആർ.ഒ. നമ്പർ 837/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

8. ജി.ഒ. (പി) നമ്പർ 15/2016/റ്റി.ഡി. തീയതി, 20-1-2016 (എസ്.ആർ.ഒ. നമ്പർ 58/2016)

9. ജി.ഒ.(പി)നമ്പർ 9/2016/എൽ.ബി.ആർ. തീയതി, 18-1-2016 (എസ്.ആർ.ഒ. നമ്പർ 64/2016)

10. സ.ഉ. (അച്ചടി) നമ്പർ 7/2016/തൊഴിൽ തീയതി, 16-1-2016 (എസ്.ആർ.ഒ. നമ്പർ 77/2016)

11. ജി.ഒ.(പി) നമ്പർ 5/2016/എൽ.ബി.ആർ. തീയതി, 14-1-2016 (എസ്.ആർ.ഒ. നമ്പർ 80/2016)

12. ജി.ഒ.(പി) നമ്പർ10/2016/എൽ.ബി.ആർ. തീയതി, 18-1-2016 (എസ്.ആർ.ഒ. നമ്പർ 81/2016)

13. ജി.ഒ.(പി) നമ്പർ 201/2015/എൽ.ബി.ആർ. തീയതി, 17-12-2015 (എസ്.ആർ.ഒ. നമ്പർ 91/2016)

14. ജി.ഒ. (പി) നമ്പർ 24/2016/റ്റി.ഡി. തീയതി, 28-1-2016 (എസ്.ആർ.ഒ. നമ്പർ 94/2016)

15. ജി.ഒ.(പി)നമ്പർ 20/2016/എൽ.ബി.ആർ. തീയതി, 28-1-2016 (എസ്.ആർ.ഒ. നമ്പർ 101/2016)

16. ജി.ഒ.(പി)നമ്പർ 22/2016/എൽ.ബി.ആർ. തീയതി, 30-1-2016 (എസ്.ആർ.ഒ. നമ്പർ 106/2016)

17. ജി.ഒ.(പി)നമ്പർ 27/2016/എൽ.ബി.ആർ. തീയതി, 4-2-2016 (എസ്.ആർ.ഒ. നമ്പർ 167/2016)

18. ജി.ഒ.(പി)നമ്പർ 41/2016/എൽ.ബി.ആർ. തീയതി, 19-2-2016 (എസ്.ആർ.ഒ. നമ്പർ 168/2016)

19. ജി.ഒ.(പി)നമ്പർ 52/2016/എൽ.ബി.ആർ. തീയതി, 29-2-2016 (എസ്.ആർ.ഒ. നമ്പർ 200/2016)

20. ജി.ഒ.(പി) നമ്പർ 45/2016/എൽ.ബി.ആർ. തീയതി, 25-2-2016 (എസ്.ആർ.ഒ. നമ്പർ 212/2016)

21. ജി.ഒ. (പി) നമ്പർ 40/2016/റ്റി.ഡി. തീയതി, 3-3-2016 (എസ്.ആർ.ഒ. നമ്പർ 221/2016)

22. സ.ഉ.(അച്ചടി)നമ്പർ 48/2016/തൊഴിൽ തീയതി, 26-2-2016 (എസ്.ആർ.ഒ. നമ്പർ 265/2016)

23. ജി.ഒ. (പി) നമ്പർ 44/2016/റ്റി.ഡി. തീയതി, 18-3-2016 (എസ്.ആർ.ഒ. നമ്പർ 281/2016)

24. ജി.ഒ. (പി) നമ്പർ 45/2016/റ്റി.ഡി. തീയതി, 23-3-2016 (എസ്.ആർ.ഒ. നമ്പർ 286/2016)

25. ജി.ഒ. (പി) നമ്പർ 46/2016/റ്റി.ഡി. തീയതി, 23-3-2016 (എസ്.ആർ.ഒ. നമ്പർ 287/2016)

26. ജി.ഒ. (പി) നമ്പർ 48/2016/റ്റി.ഡി. തീയതി, 1-4-2016 (എസ്.ആർ.ഒ. നമ്പർ 304/2016)

27. സ.ഉ.(അച്ചടി) നമ്പർ 73/2016/തൊഴിൽ തീയതി, 29-4-2016 (എസ്.ആർ.ഒ. നമ്പർ 351/2016)

28. ജി.ഒ. (എംഎസ്.) നമ്പർ 66/2016/എൽ.ബി.ആർ.തീയതി, 7-4-2016 (എസ്.ആർ.ഒ. നമ്പർ 326/2016, 327/2016)

29. ജി.ഒ.(പി) നമ്പർ 75/2016/എൽ.ബി.ആർ. തീയതി, 6-5-2016 (എസ്.ആർ.ഒ. നമ്പർ 366/2016)

30. ജി.ഒ.(പി) നമ്പർ 76/2016/എൽ.ബി.ആർ. തീയതി, 17-5-2016 (എസ്.ആർ.ഒ. നമ്പർ 374/2016)

31. ജി.ഒ.(പി) നമ്പർ 77/2016/എൽ.ബി.ആർ. തീയതി, 19-5-2016 (എസ്.ആർ.ഒ. നമ്പർ 385/2016)

32. ജി.ഒ.(പി) നമ്പർ 78/2016/എൽ.ബി.ആർ. തീയതി, 19-5-2016 (എസ്.ആർ.ഒ. നമ്പർ 386/2016)

33. ജി.ഒ.(പി) നമ്പർ 79/2016/എൽ.ബി.ആർ. തീയതി, 19-5-2016 (എസ്.ആർ.ഒ. നമ്പർ 387/2016)

34. ജി.ഒ. (പി) നമ്പർ 60/2016/റ്റി.ഡി. തീയതി, 27-5-2016 (എസ്.ആർ.ഒ. നമ്പർ 391/2016)

35. ജി.ഒ.(പി) നമ്പർ 84/2016/എൽ.ബി.ആർ.തീയതി, 2-6-2016 (എസ്.ആർ.ഒ. നമ്പർ 411/2016)

36. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2011-12-ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

37. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2014-15-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

38. ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൽട്ടന്റ്സ് ലിമിറ്റഡിന്റെ (ഒഡെപെക്) 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

39. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ 2012-13-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

40. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2014-15-ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

41. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

42. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ 2011-12-ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

V ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 292/2015/എച്ച്&എഫ്.ഡബ്ല്യൂ.ഡി. തീയതി, 10-12-2015(എസ്.ആർ.ഒ. നമ്പർ 866/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ.(പി)നമ്പർ 2/2016/എസ്.ജെ.ഡി. തീയതി, 1-3-2016 (എസ്.ആർ.ഒ. നമ്പർ 209/2016)

3. ജി.ഒ.(പി)നമ്പർ 3/2016/എസ്.ജെ.ഡി. തീയതി, 1-3-2016 (എസ്.ആർ.ഒ. നമ്പർ 210/2016)

4. ജി.ഒ.(പി)നമ്പർ 4/2016/എസ്.ജെ.ഡി. തീയതി, 1-3-2016 (എസ്.ആർ.ഒ. നമ്പർ 211/2016)

5. ജി.ഒ.(പി)നമ്പർ 5/2016/എസ്.ജെ.ഡി. തീയതി, 4-3-2016 (എസ്.ആർ.ഒ. നമ്പർ 254/2016)

6. സ.ഉ. (പി) നമ്പർ 264/2015/ആ.കു.വ. തീയതി, 19-11-2015 (എസ്.ആർ.ഒ. നമ്പർ 321/2016)

7. മൂന്നാർ മേഖലയിലെ തേയിലത്തോട്ടങ്ങളിൽ സ്ത്രീ തൊഴിലാളികൾ നേരിടുന്ന തൊഴിൽ പ്രശ്നങ്ങളും പരിഹാരങ്ങളും സംബന്ധിച്ച കേരള വനിതാ കമ്മീഷന്റെ ശിപാർശകൾ

8. കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് അങ്കണവാടി ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന്റെ 2013-14-ലെ വാർഷിക ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

9. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2007-08, 2008-09 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

VI കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിസിറ്റിയുടെ 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2010-11-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

VII പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ.(കയ്യെഴുത്ത്) നമ്പർ 36/2015/സാം.കാ.വ. തീയതി, 3-11-2015 (എസ്.ആർ.ഒ. നമ്പർ 750/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ. (എം.എസ്) നമ്പർ 7/2016/നിയമം തീയതി, 13-1-2016 (എസ്.ആർ.ഒ. നമ്പർ 48/2016)

3. ജി.ഒ.(എം.എസ്) നമ്പർ 16/2016/നിയമം തീയതി, 20-1-2016 (എസ്.ആർ.ഒ. നമ്പർ 78/2016)

4. ജി.ഒ. (പി) നമ്പർ 1/2016/സി.എ.ഡി. തീയതി, 18-1-2016 (എസ്.ആർ.ഒ. നമ്പർ 103/2016)

5. ജി.ഒ. (പി) നമ്പർ 1/2016/പി.എ.ഡി. തീയതി, 5-3-2016 (എസ്.ആർ.ഒ. നമ്പർ 283/2016)

6. ജി.ഒ.(എം.എസ്)നമ്പർ 1/2016/പി.എ.ഡി. തീയതി, 5-3-2016 (എസ്.ആർ.ഒ. നമ്പർ 284/2016)

7. ജി.ഒ. (പി) നമ്പർ 5/2016/നിയമം തീയതി, 7-4-2016 (എസ്.ആർ.ഒ. നമ്പർ 315/2016)

8. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ 2013-14 -ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

9. വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

VIII റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ.(ആർറ്റി.) നമ്പർ 129/2009/ആർ.ഡി. തീയതി, 12-1-2009 (എസ്.ആർ.ഒ. നമ്പർ 67/2009) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. നമ്പർ 49559/ബി1/08/ആർ.ഡി. തീയതി, 27-1-2009 (എസ്.ആർ.ഒ. നമ്പർ 114/2009) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. ജി.ഒ.(ആർറ്റി.) നമ്പർ 6626/2015/ആർ.ഡി. തീയതി, 15-12-2015 (എസ്.ആർ.ഒ. നമ്പർ 04/2016)

4. ജി.ഒ. (പി) നമ്പർ 132/2016/ആർ.ഡി. തീയതി, 18-2-2016 (എസ്.ആർ.ഒ. നമ്പർ 159/2016)

5. ജി.ഒ. (പി) നമ്പർ 146/2016/ആർ.ഡി. തീയതി, 22-2-2016 (എസ്.ആർ.ഒ. നമ്പർ 161/2016)

6. ജി.ഒ. (പി) നമ്പർ 147/2016/ആർ.ഡി. തീയതി, 22-2-2016 (എസ്.ആർ.ഒ. നമ്പർ 162/2016)

7. ജി.ഒ.(എംഎസ്.) നമ്പർ 16/2016/ഹൗസിംഗ് തീയതി, 26-2-2016 (എസ്.ആർ.ഒ. നമ്പർ 173/2016)

8. ജി.ഒ.(എംഎസ്.) നമ്പർ 124/2016/ആർ.ഡി. തീയതി, 18-2-2016 (എസ്.ആർ.ഒ. നമ്പർ 202/2016)

9. ജി.ഒ. (പി) നമ്പർ 141/2016/ആർ.ഡി. തീയതി, 19-12-2016 (എസ്.ആർ.ഒ. നമ്പർ 203/2016)

10. ജി.ഒ. (പി) നമ്പർ 207/2016/ഡി.എം.ഡി. തീയതി, 2-3-2016 (എസ്.ആർ.ഒ. നമ്പർ 263/2016)

11. ജി.ഒ. (പി) നമ്പർ 208/2016/ഡി.എം.ഡി. തീയതി, 2-3-2016 (എസ്.ആർ.ഒ. നമ്പർ 264/2016)

12. ജി.ഒ. (പി) നമ്പർ 1/2016/ഹൗസിംഗ് തീയതി, 23-3-2016 (എസ്.ആർ.ഒ. നമ്പർ 293/2016)

13. ജി.ഒ. (പി) നമ്പർ 290/2016/ആർ.ഡി. തീയതി, 4-4-2016 (എസ്.ആർ.ഒ. നമ്പർ 316/2016)

14. ജി.ഒ. (പി) നമ്പർ 55/2016/റ്റി.ഡി. തീയതി, 19-4-2016 (എസ്.ആർ.ഒ. നമ്പർ 331/2016)

IX തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

1. ജി.ഒ.(എംഎസ്.) നമ്പർ 35/2014/എൽ.എസ്.ജി.ഡി. തീയതി, 10-2-2014 (എസ്.ആർ.ഒ. നമ്പർ 108/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ 140/2015/ത.സ്വ.ഭ.വ. തീയതി 25-4-2015 (എസ്.ആർ.ഒ. നമ്പർ 241/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 141/2015/ത.സ്വ.ഭ.വ. തീയതി 25-4-2015(എസ്.ആർ.ഒ. നമ്പർ 242/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

4. ജി.ഒ(പി) നമ്പർ145/2015/എൽ.എസ്.ജി.ഡി. തീയതി, 30-4-2015 (എസ്.ആർ.ഒ. നമ്പർ 263/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

5. സ.ഉ.(അച്ചടി) നമ്പർ 146/2015/ത.സ്വ.ഭ.വ. തീയതി, 30-4-2015 (എസ്.ആർ.ഒ. നമ്പർ 264/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

6. സ.ഉ.(പി) നമ്പർ 147/2015/ത.സ്വ.ഭ.വ. തീയതി, 30-4-2015 (എസ്.ആർ.ഒ. നമ്പർ 265/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

7. സ.ഉ.(അച്ചടി) നമ്പർ 148/2015/ത.സ്വ.ഭ.വ. തീയതി, 30-4-2015 (എസ്.ആർ.ഒ. നമ്പർ 266/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

8. സ.ഉ.(അച്ചടി) നമ്പർ 149/2015/ത.സ്വ.ഭ.വ. തീയതി, 30-4-2015 (എസ്.ആർ.ഒ. നമ്പർ 267/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

9. ജി.ഒ.(പി) നമ്പർ 150/2015/എൽ.എസ്.ജി.ഡി. തീയതി, 30-4-2015 (എസ്.ആർ.ഒ. നമ്പർ 268/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

10. ജി.ഒ.(പി) നമ്പർ 151/2015/എൽ.എസ്.ജി.ഡി. തീയതി, 30-4-2015 (എസ്.ആർ.ഒ. നമ്പർ 269/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

11. സ.ഉ.(അച്ചടി) നമ്പർ 152/2015/ത.സ്വ.ഭ.വ. തീയതി, 30-4-2015 (എസ്.ആർ.ഒ. നമ്പർ 270/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

12. സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 153/2015/ത.സ്വ.ഭ.വ. തീയതി 30-4-2015 (എസ്.ആർ.ഒ. നമ്പർ 271/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

13. സ. ഉ. (പി) നമ്പർ 164/2015/ത.സ്വ.ഭ.വ. തീയതി, 11-5-2015 (എസ്.ആർ.ഒ. നമ്പർ 302/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

14. സ.ഉ.(അ) നമ്പർ 240/2015/ത.സ്വ.ഭ.വ. തീയതി, 21-7-2015 (എസ്.ആർ.ഒ. നമ്പർ 487/2015)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

15. സ.ഉ.(അ) നമ്പർ 09/2016/ത.സ്വ.ഭ.വ. തീയതി, 11-2-2016 (എസ്.ആർ.ഒ. നമ്പർ 195/2016)

16. ജി.ഒ.(പി) നമ്പർ 18/2016/എൽ.എസ്.ജി.ഡി. തീയതി 23-3-2016 (എസ്.ആർ.ഒ. നമ്പർ 288/2016)

17. ഇൻഫർമേഷൻ കേരള മിഷന്റെ 2010-11, 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

X വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 92/2015/ഐ.ഡി. തീയതി, 3-7-2015 (എസ്.ആർ.ഒ. നമ്പർ 451/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ. (പി) നമ്പർ 127/2015/ഐ.ഡി. തീയതി, 9-9-2015 (എസ്.ആർ.ഒ. നമ്പർ 617/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. ജി.ഒ. (പി) നമ്പർ 2/2016/ഐ.ഡി. തീയതി, 6-1-2016 (എസ്.ആർ.ഒ. നമ്പർ 31/2016)

4. സ. ഉ. (അച്ചടി) നമ്പർ 26/2016/കാ.യു.വ. തീയതി, 4-3-2016 (എസ്.ആർ.ഒ. നമ്പർ 260/2016)

5. ജി.ഒ. (പി) നമ്പർ 7/2016/ഐ.ഡി. തീയതി, 23-3-2016 (എസ്.ആർ.ഒ. നമ്പർ 294/2016,295/2016)

6. ജി.ഒ. (പി) നമ്പർ 6/2016/ഐ.ഡി. തീയതി, 17-3-2016 (എസ്.ആർ.ഒ. നമ്പർ 302/2016)

7. ജി.ഒ. (പി) നമ്പർ 8/2016/ഐ.ഡി. തീയതി, 28-3-2016 (എസ്.ആർ.ഒ. നമ്പർ 303/2016)

8. ജി.ഒ. (പി) നമ്പർ 11/2016/ഐ.ഡി. തീയതി, 25-4-2016 (എസ്.ആർ.ഒ. നമ്പർ 337/2016)

9. ജി.ഒ. (പി) നമ്പർ 10/2016/ഐ.ഡി. തീയതി, 23-4-2016 (എസ്.ആർ.ഒ. നമ്പർ 342/2016)

10. സ്റ്റീൽ ആന്റ് ഇൻഡസ്ട്രീസ് ഫോർജിംഗ്സ് ലിമിറ്റഡിന്റെ 2013-14, 2014-15 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

11. കേരള ഖാദിഗ്രാമവ്യവസായ ബോർഡിന്റെ 2012-13-ലെ വാർഷിക കണക്കുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

12. കേരള സ്റ്റേറ്റ് ഹാന്റലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

13. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടുകളും വരവുചെലവ് കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

14. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

15. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2009-10, 2013-14 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

16. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ 2014-15- ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

17. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

18. സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

19. കേരള സിറാമിക്സ് ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

20. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

21. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

22. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

23. ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

24. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിന്റെ 2013-14 ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

XI വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 41/2016/ആർ.ഡി. തീയതി, 19-1-2016 (എസ്.ആർ.ഒ. നമ്പർ 56/2016)

2. ജി.ഒ. (പി) നമ്പർ 148/2016/ആർ.ഡി. തീയതി, 22-2-2016 (എസ്.ആർ.ഒ. നമ്പർ 163/2016)

3. ജി.ഒ. (പി) നമ്പർ 149/2016/ആർ.ഡി. തീയതി, 22-2-2016 (എസ്.ആർ.ഒ. നമ്പർ 164/2016)

4. ജി.ഒ. (പി) നമ്പർ 173/2016/ആർ.ഡി. തീയതി, 27-2-2016 (എസ്.ആർ.ഒ. നമ്പർ 196/2016)

5. ജി.ഒ. (പി) നമ്പർ 188/2016/ആർ.ഡി. തീയതി, 29-2-2016 (എസ്.ആർ.ഒ. നമ്പർ 197/2016)

6. ജി.ഒ.(എംഎസ്)നമ്പർ 09/2016/പി.ഡി. തീയതി, 22-4-2016 (എസ്.ആർ.ഒ. നമ്പർ 340/2016)

7. നമ്പർ 1/1/കെ.എസ്. ഇ.ആർ.സി-2015. തീയതി, 15-12-2015

8. ജി.ഒ. (പി) നമ്പർ 187/2016/ആർ.ഡി. തീയതി, 29-2-2016

9. നമ്പർ 58/എഡി (നിയമം)/2016/കെ.എസ്.ഇ.ആർ.സി. തീയതി, 11-1-2016

10. നമ്പർ 2114/എഡിഎൽ/കെ.എസ്. ഇ.ആർ.സി./2014 തീയതി, 4-2-2016

11. നമ്പർ 2521/എഡിഎൽ/കെ.എസ്. ഇ.ആർ.സി./2015 തീയതി, 15-3-2016

XII വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

1. ജി.ഒ.(പി)നമ്പർ 01/2016/എഫ്&ഡബ്ല്യൂ.എൽ.ഡി. തീയതി 1-2-2016 (എസ്.ആർ.ഒ. നമ്പർ 129/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ. (പി) നമ്പർ 1/2016/ഡി.ഡി തീയതി, 12-1-2016 (എസ്.ആർ.ഒ. നമ്പർ 133/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. ജി.ഒ.(പി)നമ്പർ 2/2016/എഫ്&ഡബ്ല്യൂ.എൽ.ഡി. തീയതി, 17-2-2016 (എസ്.ആർ.ഒ. നമ്പർ 199/2016)

4. ജി.ഒ.(പി)നമ്പർ 4/2016/എഫ്&ഡബ്ല്യൂ.എൽ.ഡി. തീയതി, 3-3-2016 (എസ്.ആർ.ഒ. നമ്പർ 223/2016)

5. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റുമെന്റ് സഹിതം

XIII ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 78/2015/ട്രാൻ. തീയതി, 8-12-2015 (എസ്.ആർ.ഒ. നമ്പർ 838/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ. (പി) നമ്പർ 17/2016/ട്രാൻ. തീയതി, 12-2-2016 (എസ്.ആർ.ഒ. നമ്പർ 138/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. ജി.ഒ. (പി) നമ്പർ 19/2016/ട്രാൻ. തീയതി, 20-2-2016 (എസ്.ആർ.ഒ. നമ്പർ 155/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

4. ജി.ഒ. (പി) നമ്പർ 18/2016/ട്രാൻ. തീയതി, 19-2-2016 (എസ്.ആർ.ഒ. നമ്പർ 177/2016)

5. ജി.ഒ. (പി) നമ്പർ 20/2016/ട്രാൻ. തീയതി, 29-2-2016 (എസ്.ആർ.ഒ. നമ്പർ 198/2016)

6. ജി.ഒ. (പി) നമ്പർ 22/2016/ട്രാൻ. തീയതി, 3-3-2016 (എസ്.ആർ.ഒ. നമ്പർ 249/2016)

7. ജി.ഒ. (പി) നമ്പർ 28/2016/ട്രാൻ. തീയതി, 15-3-2016 (എസ്.ആർ.ഒ. നമ്പർ 278/2016)

8. ജി.ഒ. (പി) നമ്പർ 29/2016/ട്രാൻ. തീയതി, 18-3-2016 (എസ്.ആർ.ഒ. നമ്പർ 296/2016)

9. ജി.ഒ. (പി) നമ്പർ 34/2016/ട്രാൻ. തീയതി, 8-4-2016 (എസ്.ആർ.ഒ. നമ്പർ 319/2016)

10. ജി.ഒ. (പി) നമ്പർ 36/2016/ട്രാൻ. തീയതി, 12-5-2016 (എസ്.ആർ.ഒ. നമ്പർ 372/2016)

11. ജി.ഒ. (പി) നമ്പർ 37/2016/ട്രാൻ. തീയതി, 20-5-2016 (എസ്.ആർ.ഒ. നമ്പർ 380/2016)

12. ജി.ഒ. (പി) നമ്പർ 35/2016/ട്രാൻ. തീയതി, 18-4-2016

XIV പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 216/2015/നി.വ. തീയതി, 5-12-2015 (എസ്.ആർ.ഒ. നമ്പർ 832/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ. (പി) നമ്പർ 30/2016/റ്റി.ഡി തീയതി, 25-2-2016 (എസ്.ആർ.ഒ. നമ്പർ 178/2016)

3. ജി.ഒ. (പി) നമ്പർ 34/2016/റ്റി.ഡി തീയതി, 26-2-2016 (എസ്.ആർ.ഒ. നമ്പർ 182/2016)

4. ജി.ഒ. (പി) നമ്പർ 37/2016/റ്റി.ഡി തീയതി, 2-3-2016 (എസ്.ആർ.ഒ. നമ്പർ 214/2016)

5. ജി.ഒ. (പി) നമ്പർ 39/2016/റ്റി.ഡി. തീയതി, 2-3-2016 (എസ്.ആർ.ഒ. നമ്പർ 216/2016)

6. ജി.ഒ. (പി) നമ്പർ 59/2016/റ്റി.ഡി. തീയതി, 10-5-2016 (എസ്.ആർ.ഒ. നമ്പർ 365/2016)

7. ജി.ഒ. (പി) നമ്പർ 62/2016/റ്റി.ഡി. തീയതി, 2-6-2016 (എസ്.ആർ.ഒ. നമ്പർ 408/2016)

8. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ 2013 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XV ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. സ.ഉ (പി) നമ്പർ 1/2016/ഭ.പൊ.വി.വ. തീയതി, 7-1-2016 (എസ്.ആർ.ഒ.നമ്പർ 54/2016)

2. ജി.ഒ(പി) നമ്പർ 5/2016/സി.എ.ഡി. തീയതി, 20-2-2016 (എസ്.ആർ.ഒ.നമ്പർ 150/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. നമ്പർ 270209/ഡി3/2015/എഫ്&സിഎസ്.ഡി. തീയതി, 8-1-2016 ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

4. ജി.ഒ.(പി) നമ്പർ 6/2016/സി.എ.ഡി. തീയതി, 20-2-2016 (എസ്.ആർ.ഒ.നമ്പർ 165/2016)

5. കേരള റേഷൻ വ്യാപാരി ക്ഷേമനിധിയുടെ 2013-14, 2014-15 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

XVI ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 208/2015/റ്റി.ഡി. തീയതി, 27-11-2015 (എസ്.ആർ.ഒ. നമ്പർ 805/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. സ.ഉ (അച്ചടി) നമ്പർ 25/2016/നി.വ. തീയതി, 3-2-2016 (എസ്.ആർ.ഒ. നമ്പർ 116/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. ജി.ഒ.(പി) നമ്പർ 27/2016/റ്റി.ഡി. തീയതി, 8-2-2016 (എസ്.ആർ.ഒ. നമ്പർ 124/2016)

4. ജി.ഒ.(പി) നമ്പർ 31/2016/റ്റി.ഡി. തീയതി, 25-2-2016 (എസ്.ആർ.ഒ. നമ്പർ 179/2016)

5. ജി.ഒ.(പി) നമ്പർ 32/2016/റ്റി.ഡി. തീയതി, 25-2-2016 (എസ്.ആർ.ഒ. നമ്പർ 180/2016)

6. ജി.ഒ.(പി) നമ്പർ 33/2016/റ്റി.ഡി. തീയതി, 26-2-2016 (എസ്.ആർ.ഒ. നമ്പർ 181/2016)

7. ജി.ഒ.(പി) നമ്പർ 36/2016/റ്റി.ഡി. തീയതി, 2-3-2016 (എസ്.ആർ.ഒ. നമ്പർ 213/2016)

8. ജി.ഒ.(പി) നമ്പർ 38/2016/റ്റി.ഡി. തീയതി, 2-3-2016 (എസ്.ആർ.ഒ. നമ്പർ 215/2016)

9. ജി.ഒ.(പി) നമ്പർ 41/2016/റ്റി.ഡി. തീയതി, 11-3-2016 (എസ്.ആർ.ഒ. നമ്പർ 270/2016)

10. ജി.ഒ.(പി) നമ്പർ 42/2016/റ്റി.ഡി. തീയതി, 11-3-2016 (എസ്.ആർ.ഒ. നമ്പർ 271/2016)

11. ജി.ഒ.(പി) നമ്പർ 47/2016/റ്റി.ഡി. തീയതി, 30-3-2016 (എസ്.ആർ.ഒ. നമ്പർ 300/2016)

12. ജി.ഒ.(പി) നമ്പർ50/2016/റ്റി.ഡി. തീയതി, 2-4-2016 (എസ്. ആർ.ഒ. നമ്പർ 314/2016)

13. ജി.ഒ.(പി) നമ്പർ 52/2016/റ്റി.ഡി. തീയതി, 15-4-2016 (എസ്.ആർ.ഒ. നമ്പർ 324/2016)

14. ജി.ഒ.(പി) നമ്പർ 54/2016/റ്റി.ഡി. തീയതി, 15-4-2016 (എസ്.ആർ.ഒ. നമ്പർ 325/2016)

15. ജി.ഒ.(പി) നമ്പർ 57/2016/റ്റി.ഡി. തീയതി, 6-5-2016 (എസ്.ആർ.ഒ. നമ്പർ 361/2016)

16. ജി.ഒ.(പി) നമ്പർ 58/2016/റ്റി.ഡി. തീയതി, 6-5-2016 (എസ്.ആർ.ഒ. നമ്പർ 362/2016)

17. ജി.ഒ.(പി)നമ്പർ 59/2016/ഫിൻ. തീയതി, 2-5-2016 (എസ്.ആർ.ഒ. നമ്പർ 368/2016)

18. ജി.ഒ.(പി) നമ്പർ 60/2016/ഫിൻ. തീയതി, 2-5-2016 (എസ്.ആർ.ഒ. നമ്പർ 369/2016)

19. ജി.ഒ.(പി) നമ്പർ 71/2016/ഫിൻ. തീയതി, 11-5-2016 (എസ്.ആർ.ഒ. നമ്പർ 370/2016)

20. ജി.ഒ.(പി) നമ്പർ 56/2016/റ്റി.ഡി. തീയതി, 27-4-2016 (എസ്.ആർ.ഒ. നമ്പർ 371/2016)

21. ജി.ഒ.(പി) നമ്പർ 64/2016/ഫിൻ. തീയതി, 7-5-2016 (എസ്.ആർ.ഒ. നമ്പർ 388/2016)

22. ജി.ഒ.(പി) നമ്പർ 70/2016/ഫിൻ. തീയതി, 11-5-2016 (എസ്.ആർ.ഒ. നമ്പർ 393/2016)

23. 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഇക്കണോമിക് സെക്ടറിനെ കുറിച്ചുള്ള കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട്.

24. 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ കുറിച്ചുള്ള കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട്.

25. കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ കണക്കുകളിന്മേലുള്ള കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

26. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ 2009-10-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

27. കേരള മൂല്യവർദ്ധിത നികുതി, കാർഷികാദായ നികുതി & സെയിൽസ് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണലിന്റെ 2010-11-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XVII ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കേരള വാട്ടർ അതോറിറ്റിയുടെ 2011-12-ലെ വാർഷിക കണക്കുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XVIII നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് (ശ്രീമതി പി. ജയലക്ഷ്മി): സർ, നിയമസഭ പാസ്സാക്കിയതും ഗവർണറുടെ അംഗീകാരം ലഭിച്ചതുമായ താഴെപ്പറയുന്ന ആക്ടുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. 2015-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ട് (2016-ലെ 2-ാം ആക്ട്.)

2. 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്ട് (2016-ലെ 3-ാം നമ്പർ ആക്ട്)

3. 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്ട് (2016 ലെ 4-ാം നമ്പർ ആക്ട്)

4. 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് (2016 ലെ 5-ാം നമ്പർ ആക്ട്)

5. 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ആക്ട് (2016 ലെ 6-ാം നമ്പർ ആക്ട്)

6. 2016-ലെ കേരള ധനവിനിയോഗ ആക്ട് (2016 ലെ 7-ാം നമ്പർ ആക്ട്)

7. The Kerala Land Tax (Amendment) Act, 2016 (Act 8 of 2016)

8. 2016-ലെ കേരള നഗര- ഗ്രാമാസൂത്രണ ആക്ട് (2016 ലെ 9-ാം നമ്പർ ആക്ട്)

9. 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്ട് (2016 ലെ 10-ാം നമ്പർ ആക്ട്)

10. The Payment of Wages (Kerala Amendment) Act, 2015 (Act 11 of 2016)

(2) ചട്ടം 47(2) അനുസരിച്ചുള്ള (ലിസ്റ്റ് II) കടലാസ്സുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 4810, 6068, പത്താം സമ്മേളനത്തിലെ 53, 4956, പതിനൊന്നാം സമ്മേളനത്തിലെ 3311, 7641, പന്ത്രണ്ടാം സമ്മേളനത്തിലെ 2085, 3635, പതിമൂന്നാം സമ്മേളനത്തിലെ 1963, പതിനാലാം സമ്മേളനത്തിലെ 1728, 5744, പതിനഞ്ചാം സമ്മേളനത്തിലെ 151, 245, 305, 316, 323, 2090, 3501, 3506, 3509, 3553, 3678, 3701, 3727, 3538, പതിനാറാം സമ്മേളനത്തിലെ 68, 139, 1386, 3100, 3113, 3114, 3127, 3201 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 4778, പതിനൊന്നാം സമ്മേളനത്തിലെ 4892, പതിമൂന്നാം സമ്മേളനത്തിലെ 1681, 1683, 3237, പതിനാലാം സമ്മേളനത്തിലെ 1674, 2804, 4316, 5570, 2211, 3534, പതിനഞ്ചാം സമ്മേളനത്തിലെ 1816, 2485, 3491, പതിനാറാം സമ്മേളനത്തിലെ 1703, 1705 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1350, 3100, 3086, പതിനാറാം സമ്മേളനത്തിലെ 242, 263, 1271, 2736, 2737, 2739, 2740, 2741, 2742, 2751, 2760, 2765 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## X ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എസ്. ശർമ്മ: സർ, " 2016 ജൂൺ 24-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു " എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, 1-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എങ്കിലും മുൻകാലങ്ങളിൽ പ്രക്ഷോഭങ്ങളുടെ പേരിൽ അറസ്റ്റിലായ ദളിത് സ്ത്രീകളും കുട്ടികളും ജയിലിലടയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും കക്ഷി രാഷ്ട്രീയ വൈരത്തിന്റെ പേരിൽ സ്ത്രീകളേയോ കുട്ടികളേയോ ജയിലിലടയ്ക്കുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടില്ലന്ന ഉറപ്പ് ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, 2-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"അയൽ സംസ്ഥാനങ്ങളുമായുള്ള തർക്കവിഷയമായ മുല്ലപ്പെരിയാർ ഡാം, നദീസംയോജന പദ്ധതികൾ എന്നിവ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന ആധിയും ഭീതിയും സംശയങ്ങളും ദൂരീകരിക്കും വിധമുള്ള വ്യക്തമായ ഉറപ്പ് ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 3-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എങ്കിലും മദ്യത്തിന്റെ ഉപഭോഗവും വിപണനവും വ്യാപകമാകാവുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നതായി പറയപ്പെടുന്നതിൽ കടുത്ത ആശങ്കയുള്ള കേരളീയർക്ക് ആശ്വാസം നൽകാനുതകുന്ന മദ്യനിരോധന നടപടികൾ സ്വീകരിക്കുമെന്ന ഉറപ്പ് നയപ്രഖ്യാപന പ്രസംഗത്തിൽ ചേർക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 4-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് ആരംഭിച്ച ഇന്ദിരാ ഗാന്ധി മെഡിക്കൽ കോളേജിൽ മെഡിക്കൽ കൗൺസിൽ ലഭ്യമാക്കിയ 100 എം.ബി.ബി.എസ്. സീറ്റിൽ ഈ വർഷം അഡ്മിഷൻ നടത്തേണ്ട എന്ന ഗവൺമെന്റ് തീരുമാനം സ്വകാര്യമേഖലയ്ക്ക് ലാഭമുണ്ടാക്കിക്കൊടുക്കുന്നതിനാണെന്ന് പറയപ്പെടുന്നതിനെ കുറിച്ചും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ഇതുസംബന്ധിച്ച് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധിയെക്കുറിച്ചും ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. എസ്. ശിവകുമാർ: സർ, 5-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് ആരംഭിച്ച ഇന്ദിരാ ഗാന്ധി മെഡിക്കൽ കോളേജിൽ മെഡിക്കൽ കൗൺസിൽ ലഭ്യമാക്കിയ 100 എം.ബി.ബി.എസ്. സീറ്റിൽ ഈ വർഷം അഡ്മിഷൻ നടത്തേണ്ട എന്ന ഗവൺമെന്റ് തീരുമാനംമൂലം വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന മാനസിക ബുദ്ധിമുട്ടുകളെക്കുറിച്ച് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 6-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

6. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് ദളിത് പെൺകുട്ടികളെ കാരണമില്ലാതെ ജാമ്യമില്ലാ വകുപ്പുകൾ ചുമത്തി അറസ്റ്റ് ചെയ്യാൻ പോലീസ് കൈക്കൊണ്ട നിയമവിരുദ്ധമെന്ന് പറയപ്പെടുന്ന നടപടിയെ സംബന്ധിച്ചും എസ്.സി./ എസ്.ടി. വിഭാഗത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് ഇതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയേയും നിയമ സമാധാന തകർച്ചയേയും സംബന്ധിച്ചും ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ഹൈബി ഈഡൻ: സർ, 7-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

7. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് ഭരണമാറ്റത്തെത്തുടർന്ന് വിവിധ വകുപ്പുകളിൽ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് വൈരാഗ്യ ബുദ്ധിയോടെ ജീവനക്കാരെ സ്ഥലംമാറ്റിയതുമൂലം സിവിൽ സർവ്വീസ് മേഖലയിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അനിശ്ചിതത്വത്തെയും സ്തംഭനാവസ്ഥയെയുംപറ്റി ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. വിൻസെന്റ്: സർ, 8-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

8. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് ഭരണമാറ്റത്തെത്തുടർന്ന് വിവിധ വകുപ്പുകളിൽ നിലവിലുള്ള മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് രാഷ്ട്രീയ വൈര ബുദ്ധിയോടെ ജീവനക്കാരെ സ്ഥലംമാറ്റിയതുമൂലം സിവിൽ സർവ്വീസ് മേഖലയിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്തംഭനാവസ്ഥയെപ്പറ്റി ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 9-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

9. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ മുൻ സർക്കാർ തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ തൃപ്തികരമായി മുന്നോട്ട് കൊണ്ടുപോകാത്തതായി പറയപ്പെടുന്നതിനെക്കുറിച്ചും അടിസ്ഥാന സൗകര്യ മേഖലയിൽ ആരംഭിച്ച പദ്ധതികൾ നിർത്തിവയ്ക്കുന്നതിനുള്ളതായി പറയപ്പെടുന്ന ശ്രമത്തെക്കുറിച്ചും ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ഷാഫി പറമ്പിൽ: സർ, 10-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

10. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പിന്നോക്കസമുദായങ്ങൾക്ക് ഗവൺമെന്റ് അനുവദിച്ച കോളേജുകളുടെ പ്രവർത്തനം തടസ്സപ്പെടുത്താനും അംഗപരിമിതർക്കുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയത് നിർത്തലാക്കാനും ഇപ്പോഴത്തെ ഗവൺമെന്റ് കൈക്കൊണ്ടതായി പറയപ്പെടുന്ന നടപടികൾമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യത്തെക്കുറിച്ച് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അൻവർ സാദത്ത്: സർ, 11-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

11. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കേന്ദ്ര സിവിൽ ഏവിയേഷൻ നയത്തിൽ കേരളം ആവശ്യപ്പെട്ട മാറ്റങ്ങൾ വരുത്തിയിട്ടും ഗൾഫ് രാജ്യങ്ങളിലേക്കുള്ള എയർ കേരള സർവ്വീസ് തുടങ്ങാൻ നടപടി സ്വീകരിക്കുന്ന കാര്യം ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സണ്ണി ജോസഫ്: സർ, 12-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

12. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ തെരഞ്ഞെടുപ്പിനെ തുടർന്ന് സംസ്ഥാനത്ത് വ്യാപകമായും കണ്ണൂരിൽ പ്രത്യേകിച്ചും, പ്രതിപക്ഷ പാർട്ടി പ്രവർത്തകരെ ആക്രമിക്കാനും പാർട്ടി ഓഫീസ് തകർക്കാനും കലാ-സാംസ്കാരിക സ്ഥാപനങ്ങൾ ആക്രമിക്കാനും നടന്നുവരുന്നതായി പറയപ്പെടുന്ന ശ്രമങ്ങളെ നിയന്ത്രിക്കാനും എല്ലാവർക്കും തുല്യ നീതി ഉറപ്പു വരുത്താനും പോലീസിന് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പരാജയം സംബന്ധിച്ച് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, 13-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

13. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പൊതു വിപണിയിൽ ഉള്ളതായി പറയപ്പെടുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതും പൊതുവിതരണ ശൃംഖലയിൽ അവശ്യസാധനങ്ങൾ ന്യായമായ വിലയ്ക്ക് നൽകുന്നതും സംബന്ധിച്ച് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, 14-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

14. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ തലശ്ശേരിയിൽ രണ്ട് ദളിത് പെൺകുട്ടികളെ ജാമ്യമില്ലാത്ത വകുപ്പുകൾ ഉൾപ്പെടുത്തി അറസ്റ്റ് ചെയ്ത് ഒന്നര വയസുള്ള കൈക്കുഞ്ഞിനെയടക്കം ജയിലിലടയ്ക്കാൻ പോലീസ് കൈക്കൊണ്ടതായി പറയപ്പെടുന്ന നിയമവിരുദ്ധ നടപടി സംബന്ധിച്ചും പട്ടിക വിഭാഗത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് ഇതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ ആശങ്കയേയും നിയമ തകർച്ചയേയും കുറിച്ചും ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. പി. ടി. തോമസ്:</u> സർ, 15-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

15. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയും ഉറപ്പും വിലയിരുത്താൻ ഒരു വിദഗ്ദ്ധ സംഘത്തെ നിയമിക്കണമെന്ന നയപ്രഖ്യാപനത്തിലെ പരാമർശം നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തിന്റെ അന്തസത്തയ്ക്ക് കടകവിരുദ്ധമാണെന്ന് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ഡോ. എൻ. ജയരാജ്: സർ, 16-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

16. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ഏകാദ്ധ്യപക വിദ്യാലയ (എം.ജി.എൽ.സി.) അദ്ധ്യാപകർ നേരിട്ടുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധികൾക്കും തൊഴിൽ സുരക്ഷാ ഭീഷണികൾക്കും ശാശ്വത പരിഹാരം കാണുന്നതിന് മുൻ സർക്കാർ എടുത്തതായി പറയപ്പെടുന്ന തീരുമാനങ്ങളും ഉത്തരവുകളും നടപ്പാക്കുന്നതിന് പ്രതിജ്ഞാ ബദ്ധമാണെന്ന് ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. റോഷി അഗസ്റ്റിൻ: സർ, 17-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

17. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ 121 വർഷം കാലപ്പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിനുപകരം പുതിയ ഡാം നിർമ്മിക്കുമെന്ന് ഗവർണറുടെ പ്രസംഗത്തിൽ പ്രഖ്യാപിക്കാൻ വിസ്മരിച്ചതിൽ ഖേദിക്കുന്നു."

ശ്രീ. മോൻസ് ജോസഫ്: സർ, 18-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

18. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ റബ്ബർ കർഷകർക്ക് ഉള്ളതായി പറയപ്പെടുന്ന പ്രശ്നം പരിഹരിക്കുന്നതിന് റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില ഏർപ്പെടുത്തുന്നതിനും വിലസ്ഥിരതാ ഫണ്ടായി 500 കോടി രൂപ ഉൾക്കൊള്ളിക്കുന്നതിനും കാർഷിക വായ്പകൾക്ക് ഒരു വർഷത്തേക്ക് മൊറോട്ടോറിയം പ്രഖ്യാപിക്കുന്നതിനും വിലവർദ്ധനവ് പിടിച്ചു നിർത്താനായി സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡിനും 500 കോടി രൂപ അനുവദിച്ച് മാർക്കറ്റിൽ ഇടപെടുന്നതിനും നടപടി സ്വീകരിക്കുമെന്ന് ഗവർണറുടെ പ്രസംഗത്തിൽ പറയാത്തതിൽ ഖേദിക്കുന്നു."

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

11.23 am]

ശ്രീ. എസ്. ശർമ്മ: സർ, പതിനാലാം കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ചരിത്ര വിജയം നൽകി അധികാരത്തിൽ എത്തിച്ച കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഞാൻ ഈ അവസരത്തിൽ അഭിവാദ്യം ചെയ്യുകയാണ്. ജനങ്ങൾ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിച്ചുകൊണ്ട് അഴിമതിരഹിതവും വികസനോന്മുഖവും മതനിരപേക്ഷവുമായ കേരളം രൂപപ്പെടുത്തുന്നതിന് സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രദ്ധേയമായ പങ്കുവഹിച്ച് മുന്നേറുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം സംസ്ഥാനത്ത് യു.ഡി.എഫ്. ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം നിയമസഭയ്ക്കകത്തും പുറത്തും വിട്ടുവീഴ്ചയില്ലാതെ നടത്തിയ പോരാട്ടത്തിന്റെയും ത്യാഗത്തിന്റെയും സഹനത്തിന്റെയും സമരത്തിന്റെയും മാർഗ്ഗത്തിലൂടെ വളർന്നു വന്ന ജനകീയമായ ഉത്പന്നമാണ് ഇന്ന് അധികാരത്തിലെത്തിയിട്ടുള്ള എൽ.ഡി.എഫ്. ഗവൺമെന്റ്. ജനങ്ങൾ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കുന്നതിന് ജനക്ഷേമ വികസന പ്രവർത്തനങ്ങൾ ജനങ്ങൾക്ക് അനുഭവവേദ്യമാക്കിക്കൊണ്ട് സമസ്ത തലങ്ങളേയും സ്പർശിച്ച പ്രസംഗമാണ് ഗവൺമെന്റിനുവേണ്ടി കേരള ഗവർണർ നടത്തിയിട്ടുള്ളത്.

സർവ്വനാശത്തിന്റെ വഴികളിലൂടെ അപഥസഞ്ചാരം നടത്തിയ യു.ഡി.എഫ്.-ന്റെ നയത്തിനേറ്റ തിരിച്ചടി പരാജയത്തിൽനിന്നും തിരിച്ചറിയുന്നതിനുപോലും അവർക്ക് കഴിയുന്നില്ല എന്ന് പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്. 1947 ആഗസ്റ്റ് 15-ന് ശേഷമുള്ള, വിശേഷിച്ചും ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണത്തിനു ശേഷം കോൺഗ്രസ് ഇതുപോലെ അകപ്പെട്ട ഗുരുതരവും അസാധാരണവുമായ ഒരു പ്രതിസന്ധി ഇതിനുമുമ്പൊരിക്കലും അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ലെന്ന് ഞാൻ കണക്കാക്കുന്നു. ചിലപ്പോൾ കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്നത് കോൺഗ്രസ് നേതൃത്വമായിരിക്കും. ചിലപ്പോൾ കേന്ദ്രത്തിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരും സംസ്ഥാനത്ത് ഇതര സർക്കാരുമായിരിക്കും. 1977-ൽ കോൺഗ്രസിനെ കേന്ദ്ര അധികാരത്തിൽനിന്നും ജനങ്ങൾ നീക്കംചെയ്തപ്പോൾ സംസ്ഥാനത്ത് കോൺഗ്രസ് നേതൃത്വം അധികാരത്തിൽ വന്നു. സംസ്ഥാനത്തും കേന്ദ്രത്തിലും ഒരേ സമയം കോൺഗ്രസ്സിനു ഭരണം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം അത്യപൂർവ്വമായിട്ടു മാത്രമാണ്, തൊണ്ണൂറുകളുടെ അവസാനത്തിലാണ് ഇന്ത്യ ദർശിച്ചത്. ഇപ്പോൾ കേന്ദ്രത്തിലും സംസ്ഥാനത്തിലും കോൺഗ്രസ്സ് ഭരണത്തിൽനിന്നും ഒഴിവാക്കപ്പെട്ടു

കഴിഞ്ഞിരിക്കുകയാണ്. ഇന്ത്യയിലും കേരളത്തിലും കോൺഗ്രസ്സ് തുടർന്നുവന്ന ജനവിരുദ്ധ നയങ്ങൾക്ക് ജനങ്ങൾ നൽകിയ കനത്ത തിരിച്ചടിയാണിതെന്ന തിരിച്ചറിവ് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ആഗോളവത്കരണം സൃഷ്ടിച്ച ഭീകരമായ അസന്തുലിതാവസ്ഥയും പ്രകൃതിദുരന്തങ്ങൾക്ക് വെടിമരുന്നിട്ടുകൊണ്ടിരിക്കുന്നതുമായ ഇക്കാലത്ത് ഒരു ജനകീയ ബദൽ എൽ.ഡി.എഫ്. നയപരമായി കേരളത്തിലെ ജനങ്ങളുടെ മുന്നിൽ നിർദ്ദേശിക്കുന്നുവെന്നുള്ളതും പ്രതിസന്ധിയെ തുടർന്ന് അരാജകത്വത്തിലും അനാഥത്വത്തിലും അകപ്പെട്ടുപോയ ഒരു ജനതയ്ക്ക് നേതൃസ്ഥാനീയമായ ഒരു ജനകീയ ബദൽ എന്ന ആത്മവിശ്വാസവുമാണ് ഗവർണറുടെ പ്രസംഗത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്നുവെന്നത്. ആഗോള സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും ഇന്ത്യ വേറിട്ടുനിൽക്കുന്നില്ല. സാമ്പത്തിക നയങ്ങളുടെ കാര്യത്തിൽ ഒരു നാണയത്തിന്റെ രണ്ടു വശമാണ് കോൺഗ്രസ്സും ബി.ജെ.പി.-യും. സാമ്പത്തിക പരിഷ്കാരങ്ങളുടെ ചവിട്ടേറ്റ് തകർന്നടിയുന്ന ജനലക്ഷങ്ങൾക്ക് ഒരു സംസ്ഥാന ഗവൺമെന്റിന്റെ പരിമിതമായ അധികാര അവകാശങ്ങൾ ഉപയോഗിച്ചുകൊണ്ട് എൽ.ഡി.എഫ് ഗവൺമെന്റ് ആശ്വാസ നടപടികൾ സ്വീകരിക്കുമെന്നുള്ളത് കേരളത്തിന്റെ പുനർനിർമ്മാണത്തിന് ദീർഘദർശനം ചെയ്യുന്ന അടിത്തറയായിരിക്കും രൂപപ്പെടുത്തിയെടുക്കുക. ആധുനിക കൃഷി രീതിയോടൊപ്പം വ്യാവസായിക - ഐ.ടി മേഖലകളുടെ വളർച്ചയും ദീർഘവീക്ഷണത്തോടെയുള്ള നടപടികൾക്കും ഊന്നൽ നൽകുമെന്നും പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും നിസ്വരായ ജനസമൂഹത്തിനും സമ്പൂർണ്ണമായ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുമെന്നുമുള്ള പ്രഖ്യാപനവും വിദ്യാഭ്യാസ-ആരോഗ്യ മേഖലയെ വിൽപ്പനച്ചരക്കാക്കി മാറ്റാതെ ഗുണനിലവാരത്തോടെ സേവനം പ്രദാനം ചെയ്യാൻ കഴിയുമെന്നുള്ള പ്രഖ്യാപനവും ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്നതാണ്. അഴിമതി രഹിതമായ ഭരണ സംവിധാനമെന്ന സംസ്ഥാന ഗവൺമെന്റിന്റെ ഈടുറ്റ പ്രഖ്യാപനത്തിലൂടെ അഴിമതിക്കാർക്ക് ഈ സർക്കാർ ഒരു പേടിസ്വപ്നവും സത്യസന്ധർക്ക് ഒരു വഴികാട്ടിയും ആയിരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അഴിമതിയുടെ കാര്യത്തിൽ വിട്ടുവീഴ്ച ഇല്ലാത്ത നയമായിരിക്കുമെന്ന ഗവർണ്ണറുടെ പ്രസംഗവും മുഖ്യമന്ത്രിയുടെ പ്രസ്താവനയും കേരള സമൂഹത്തിൽ പൊതുവേ ആത്മവിശ്വാസം ജനിപ്പിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളും നിർബന്ധമായും വിവരങ്ങൾ വെളിപ്പെടുത്തണമെന്നതും ടെണ്ടർ നടപടികൾ ഇ-ടെണ്ടർ ആക്കണമെന്നതും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയതും സാധനങ്ങൾക്ക് ഇ-പ്രൊക്യൂവർമെന്റ് ഏകോപ്പിപ്പിച്ചതും സർക്കാർ സർവ്വീസിലെ സ്ഥലംമാറ്റത്തിന് സുതാര്യമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയതും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പൊതുമരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ

ഓഡിറ്റ് നിർബന്ധമാക്കിയതും മരാമത്ത് പ്രവൃത്തികളുടെ ഓരോ ഘട്ടത്തിലും പ്രസക്തമായ വിശദാംശങ്ങൾ ഏതൊരു പൗരനും മനസിലാക്കാൻ സാദ്ധ്യമാകും വിധം ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള സുതാര്യ സംവിധാനവും പൊതുനിരീക്ഷണവും ഏർപ്പെടുത്തുമെന്ന നയവും അഴിമതിരഹിത കേരളത്തിന്റെ അടിത്തറയ്ക്ക് സുശക്തമായ പങ്ക് വഹിക്കുവാൻ കഴിയുന്ന ഒന്നായി കേരളത്തിലെ ജനങ്ങൾ കണക്കാക്കുന്നു.

സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഒരസാധാരണമായ സാഹചര്യത്തിൽ എത്തിനിൽക്കുന്നു. 2016-17-ൽ 13-ാം കേരള നിയമസഭയിൽ അവസാനം അവതരിപ്പിച്ച ബഡ്ജറ്റ് രേഖകളും വിരൽ ചൂണ്ടുന്നത് ഇതുതന്നെയാണ്. ആസിയൻ കരാർ നടപ്പിലാക്കിയതോടെ കേരളത്തിലെ നാണ്യവിളകൾ വമ്പിച്ച പ്രതിസന്ധി നേരിടുന്നു. ആസിയാൻ കരാറിനെതിരായി കേരളത്തിൽ പോരാട്ടം നടന്നപ്പോൾ അതിനെ പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്തിരുന്നു. കണ്ടറിയുന്നതിന്റെ സ്ഥാനത്ത് ഇന്ന് കൊണ്ടറിയുന്ന അനുഭവമാണ് നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ആസിയാൻ കരാർ വരുത്തിവച്ചതെന്ന കാര്യം പ്രത്യേകം പ്രസ്താവിക്കുകയാണ്. കേരള സമ്പദ്ഘടനയെ താങ്ങി നിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഗൾഫ് വരുമാനത്തിൽ വലിയ ഇടിവ് വരാൻ പോകുകയാണ്. ഇത്തരമൊരു അവസ്ഥ നമ്മുടെ വാർഷിക സാമ്പത്തിക വളർച്ചയെ മൂന്നുനാല് ശതമാനമാക്കി ചുരുക്കുമെന്നാണ് ഇക്കണോമിക് റിവ്യൂ വ്യക്തമാക്കിയിരിക്കുന്നത്. ഇത്തരമൊരു സ്ഥിതിവിശേഷം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നാടിനെ എത്തിക്കുമെന്ന് മനസ്സിലാക്കി ദീർഘവീക്ഷണത്തോടെയുള്ള ഒരു സമീപനം യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നില്ല എന്നുള്ളതും ഇതിന് കാരണമായിത്തീരുന്നു. വികസന നേട്ടങ്ങളെക്കുറിച്ച് യു.ഡി.എഫ്. സർക്കാർ ഒരുപാട് കൊട്ടിഘോഷിച്ചിരുന്നെങ്കിലും സമ്പദ്ഘടന അതീവ ഗുരുതര അവസ്ഥയിലായിരുന്നുവെന്ന് അക്കാലത്തെ കണക്കുകൾ വ്യക്തമാക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 7.6 ശതമാനമാണ് സമ്പദ്ഘടനയിൽ വളർച്ചാ നിരക്ക് കാണിച്ചിരുന്നതെങ്കിൽ 6.1 ശതമാനമെന്ന നിരക്കിലാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സമ്പദ്ഘടനയുടെ വളർച്ചാ നിരക്ക് കാണിക്കുന്നത്. 1980-കളുടെ അവസാനത്തോടുകൂടി കേരളത്തിലെ സാമ്പത്തിക വളർച്ച ദേശീയ ശരാശരിയേക്കാൾ മികച്ചതായിരുന്നു. എന്നാൽ 1980-കൾക്കു ശേഷം ദേശീയ ശരാശരിയേക്കാൾ കേരളം ഏറ്റവും പിന്നോട്ടുപോയത് കഴിഞ്ഞ വർഷമായിരുന്നുവെന്നത് നാം ഈ അവസരത്തിൽ പ്രത്യേകം നിരീക്ഷിക്കേണ്ടതായിട്ടുണ്ട്.

കേരളത്തിന്റെ ഉല്പാദന മേഖലയിലെ ദുർബലാവസ്ഥ പരിഹരിക്കുകയെന്നതാണ് കേരള വികസനത്തെ മുൻപോട്ടു നയിക്കുന്നതിൽ അനിവാര്യമായിട്ടുള്ളത്. ഈ മേഖല തകർന്നുകൊണ്ടിരിക്കുന്നുവെന്നുള്ളതാണ് വസ്തുത. കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക വളർച്ച 4.67 ശതമാനമായി കുറഞ്ഞു. വ്യവസായ മേഖലയും തകർച്ചയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലേക്ക് കൂപ്പുകുത്തി. പുതിയ വൻകിട വ്യവസായങ്ങളൊന്നും വന്നുകഴിഞ്ഞിട്ടില്ല. കെട്ടിട നിർമ്മാണ മേഖലയുടെ വളർച്ചയും മന്ദീഭവിച്ചിരിക്കുകയാണ്. ഗൾഫ് മേഖലയുടെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സേവന മേഖലയുടെ വളർച്ചയും മുരടിപ്പിനെ അഭിമുഖീകരിച്ചു തുടങ്ങിയിരിക്കുന്നു. ഈ ഗുരുതരമായ സാഹചര്യങ്ങൾ മറികടക്കുന്നതിനുള്ള പദ്ധതികളൊന്നും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇല്ലായിരുന്നു. 28000 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമെന്ന് കഴിഞ്ഞ വർഷം പ്രഖ്യാപിച്ചുവെങ്കിലും അതിന്റെ പകുതിപോലും എത്തുകയില്ല എന്നതാണ് യാഥാർത്ഥ്യം. ഇക്കൊല്ലത്തെ മാത്രമല്ല, കഴിഞ്ഞ വർഷത്തെ പദ്ധതിയുടെ അടങ്കൽ 22762 കോടി രൂപയായിരുന്നു. സി.എ.ജി.-യുടെ കണക്കുപ്രകാരം 61 ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അതായത് കഴിഞ്ഞ വർഷം ചെലവാകാതെ ലാപ്സായത് 10,000 കോടി രൂപ വരും. നടപ്പു വർഷത്തേതുകൂടി ചേർക്കുമ്പോൾ ഏകദേശം 26,000 കോടി രൂപയുടെ പദ്ധതികളാണ് പണമില്ലാത്തതിനാൽ നടപ്പിലാക്കാൻ കഴിയാതെ പോയത്. ആസൂത്രണത്തിന്റെ ദാരിദ്ര്യവും സാമ്പത്തിക അച്ചടക്കമില്ലായ്മയും വിവഭ സമാഹരണത്തിന്റെ കുറവുംമൂലം ഈ അവസ്ഥയിലേക്ക് കേരളത്തെ കൊണ്ടെത്തിക്കുകയാണ് കഴിഞ്ഞ അഞ്ചു വർഷക്കാലംകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. സംസ്ഥാനത്തിന്റെ പ്രതിസന്ധിയെ അതിജീവിക്കാൻ കഴിയുന്ന അഴിമതിരഹിതവും വികസനോന്മുഖവും മതനിരപേക്ഷവുമായ കാഴ്ചപ്പാടാണ് ഈ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഇടതുപക്ഷജനാധിപത്യ പ്രസ്ഥാനം സമർപ്പിച്ചത്. അത് കേരളത്തിലെ ജനങ്ങൾ സ്വീകരിച്ചു. മത ന്യൂനപക്ഷങ്ങൾക്കിടയിൽ ഉയർന്നുവന്ന അരക്ഷിതാവസ്ഥയും ഉത്കണ്ഠയും അവർക്ക് നേരിടേണ്ടിവരുന്ന വെല്ലുവിളികളും അതിജീവിക്കാൻ കോൺഗ്രസ്സ് പാർട്ടിക്ക് കരുത്ത് നഷ്ടപ്പെട്ടിരിക്കുന്നുവെന്നും അതിൽ വിശ്വാസമർപ്പിക്കാൻ കഴിയില്ലെന്നുമുള്ള ചിന്തയും കേരള സമൂഹത്തിൽ ശക്തിപ്പെടുകയും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന് മാത്രമേ അതിനു കഴിയുള്ളൂയെന്നുമുള്ള വിശ്വാസം ജനങ്ങൾക്കിടയിൽ ശക്തമായി വളർന്നുവരികയും ചെയ്തു. ദേശീയാടിസ്ഥാനത്തിൽ കോൺഗ്രസ്സ് പാർട്ടിക്കും ബി.ജെ.പി.ക്കും വ്യത്യസ്തമായ ഒരു രാഷ്ട്രീയ നയമുണ്ടെന്ന് കാലത്തിന്റെ മുൻപിൽ കണ്ണാടിപോലെ കാണിച്ചുകൊടുക്കാൻ എൽ.ഡി.എഫ്.ന്റെ നയത്തിന് കഴിഞ്ഞുവെന്നതും ശ്രദ്ധേയമാണ്.

ഇവിടെ മറ്റൊരു പ്രചരണം നടക്കുന്നുണ്ട്. ഗുജറാത്ത് മോഡൽ എന്ന പ്രചരണം ദേശീയ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ, ഇവിടെ കേരളത്തിലും, ബി.ജെ.പി. നടത്തി. ആരോഗ്യത്തിന്റെ കാര്യത്തിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും സാമൂഹ്യക്ഷേമത്തിന്റെ കാര്യത്തിലും മതസൗഹാർദ്ദത്തിന്റെ കാര്യത്തിലും ജനാധിപത്യ ബോധത്തിന്റെ കാര്യത്തിലുമെല്ലാം ഗുജറാത്തിനെക്കാൾ മികച്ച സംസ്ഥാനമാണ് കേരളമെന്നുള്ളത് അഭിമാനത്തോടുകൂടി നമുക്ക് പറയാൻ കഴിയും. സംസ്ഥാനം ഇന്ന് വായ്പയെടുക്കുന്ന തുകയുടെ 70-80 ശതമാനത്തോളം നിത്യനിദാന ചെലവിനുവേണ്ടി ചെലവഴിക്കേണ്ടി വരുന്നു. കാൽകുത്തി നടക്കുന്ന ഒരു മനുഷ്യൻ തലകുത്തി നടന്നാൽ എത്രകാലം നടക്കേണ്ടി വരുമെന്ന അവസ്ഥയിലേക്ക് ഈ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി പ്രതിസന്ധിയിലകപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. മറ്റുരൂപത്തിൽ പറഞ്ഞാൽ കുഴപ്പങ്ങളുടെ കുഴപ്പം എന്ന രൂപത്തിലേക്ക്, ഒരു ചാക്രിയാർ കുഴപ്പം എന്നതിലേക്ക് എത്തിയിട്ടില്ല. പക്ഷേ അതിലേക്ക് എത്തുന്ന വിധത്തിലേക്ക് കുഴപ്പങ്ങളുടെ ഒരു കുഴപ്പത്തിലേക്ക് നീങ്ങുകയാണ്. സംസ്ഥാനത്തിന്റെ വായ്പയുടെ 70-80 ശതമാനം ഇവിടെ ശമ്പളത്തിനും നിത്യനിദാന ചെലവിനുംവേണ്ടി കൊടുക്കേണ്ടി വരുന്നുവെന്ന അതീവ ഗൗരവമേറിയ സാഹചര്യത്തെ അതിജീവിക്കാനുള്ള ദൃഢനിശ്ചയം ചെയ്തുകൊണ്ടുള്ള ഉത്തരവാദിത്വത്തോടു കൂടിയുള്ള ദൗത്യമാണ് ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിലൂടെ സംസ്ഥാന ഗവൺമെന്റിനു വേണ്ടി ഉറപ്പു നൽകുന്നത്. നമ്മുടെ രാജ്യത്തെ മതന്യൂനപക്ഷമെന്നോ ഭൂരിപക്ഷമെന്നോ വ്യത്യാസമില്ലാതെ ഒരു ജനസമൂഹത്തെയാകെ നയിക്കുന്നതിൽ മതനിരപേക്ഷമായ നിലപാടിനെ ഉറപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയണമെന്നുള്ളതാണ് എൽ.ഡി.എഫ്.-ന്റെ കാഴ്ചപ്പാട്. തെരഞ്ഞെടുപ്പ് നടന്ന സന്ദർഭത്തിൽ നാനാവിധത്തിലുള്ള ചർച്ചകൾ ഉയർന്നു വന്നിരുന്നു. എല്ലാ ചർച്ചകൾക്കും അന്ത്യം കുറിച്ചുകൊണ്ട് ജനങ്ങൾ ഒരു വിധിയെഴുത്ത് നടത്തി. ആ വിധിയെഴുത്തിലൂടെ വരുന്ന അഞ്ചു വർഷക്കാലം മതനിരപേക്ഷവും വികസനോന്മുഖവും അഴിമതിരഹിതവുമായ ഒരു ഭരണം മുന്നോട്ടു കൊണ്ടുപോകാനുള്ള മാൻഡേറ്റാണ് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന് കേരളത്തിലെ ജനങ്ങൾ നൽകിയത്. എന്നാൽ ഇവിടെ രാഷ്ട്രീയത്തിൽ അസാധാരണമായ ചില സവിശേഷതകൾ ഈ തെരഞ്ഞെടുപ്പിൽ സംഭവിച്ചിട്ടുണ്ട്. വ്യക്തിപരമായി നമുക്ക് ആരോടും അഭിപ്രായ വ്യത്യാസമില്ല. പക്ഷെ നയപരമായി നോക്കുമ്പോൾ ദേശീയാടിസ്ഥാനത്തിൽ ഫാസിസ്റ്റ് പ്രവണതയോടുകൂടിയ വെല്ലുവിളി ഉയർത്തുന്ന ബി.ജെ.പി.-ക്ക് കേരള നിയമസഭയിൽ ഇതുവരെയില്ലാതിരുന്ന പ്രാതിനിധ്യം ഉണ്ടാക്കിക്കൊടുത്തതിന്റെ ഉത്തരവാദിത്തം ആർക്കെന്ന കാര്യം ഈ പ്രബുദ്ധകേരളം ഗൗരവത്തോടുകൂടി ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. നേമം നിയോജക മണ്ഡലത്തിൽനിന്നും ശ്രീ. ഒ. രാജഗോപാൽ തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ തവണ 22000-ത്തോളം വരുന്ന വോട്ട്

ശ്രീ. ചാരുപാറ രവിക്ക് ലഭിച്ചിരുന്നു. ഇത്തവണ 13000-ത്തോളം വരുന്ന വോട്ട് മാത്രമേ ശ്രീ. സുരേന്ദ്രൻ പിള്ളയ്ക്ക് ലഭിച്ചുള്ളൂ. 10000 വോട്ടിന്റെ കുറവുണ്ട്. യു.ഡി.എഫ്.-ന് 2011-നെ അപേക്ഷിച്ച് 2016-ൽ 10000 വോട്ടിന്റെ കുറവുണ്ടായി. ആ വോട്ട് എവിടേക്ക് പോയി; ആർക്കാണ് അത് കിട്ടിയത്; ആരാണ് അതിന്റെ രാഷ്ട്രീയ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്? പോയത് എവിടെയാണെന്നുള്ള കാര്യം കേരളത്തിലെ ജനങ്ങൾക്കറിയാം; നമുക്ക് വിശേഷിച്ചുമറിയാം. എവിടേക്ക് പോയി? ആ പോയത് വേറെ എവിടേക്കുമല്ല, ഇവിടേക്ക് വന്നു. അത് ഇവിടെ ഇരിപ്പുണ്ടെന്ന കാര്യം എല്ലാപേർക്കുമറിയാം. അങ്ങനെ രാഷ്ട്രീയ സത്യസന്ധതയില്ലാതെ പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ നാം കാത്തു സൂക്ഷിക്കേണ്ട മൂല്യങ്ങൾ ആകെ തകർത്തെറിഞ്ഞു കൊണ്ട് കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ മാപ്പർഹിക്കാത്തവിധമുള്ള കുറ്റകരമായ നിലപാട് യു.ഡി.എഫ്. ചെയ്തു എന്നതിന്റെ ഉൽപ്പന്നമായാണ് ഇവിടെ ബി.ജെ.പി.-യുടെ പ്രതിനിധി സൃഷ്ടിക്കപ്പെട്ടത്. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായ അവിശുദ്ധ ബാന്ധവം സംസ്ഥാനത്തിന്റെ മതനിരപേക്ഷ ഉള്ളടക്കത്തിന് ഗുരുതരമായ പോറൽ ഏൽപ്പിക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കി. കേരളം തെരഞ്ഞെടുപ്പ് സമയത്ത് നെടുവീർപ്പിട്ട ഒന്നായിരുന്നല്ലോ ജിഷ എന്ന ദളിത് പെൺകുട്ടിയുടെ വേദനിപ്പിക്കുന്ന ആ സാഹചര്യം. കേരളത്തിന്റെ മനഃസ്സാക്ഷിയുടെ മുമ്പിൽ ജിഷയുടെ അമ്മയുടെ കണ്ണുനീർ ഈ കേരളത്തിന്റെ കണ്ണുനീരായി മാറിയപ്പോൾ ഇനിയൊരിക്കലും അപ്രകാരമുള്ള കണ്ണുനീർ ഈ കേരളത്തിൽ വീഴാൻ പാടില്ലെന്ന പൊതുവികാരം കേരളത്തിലെ ജനങ്ങൾക്കിടയിൽ വളർന്നു വന്നു. ആ ഘട്ടത്തിൽ അന്വേഷണം തൃപ്തികരമായി നടക്കുന്നതിനായി ഗവൺമെന്റ് പുതിയ സംവിധാനമേർപ്പെടുത്തി. ഇപ്പോൾ ജിഷയുടെ ഘാതകൻ പോലീസ് കസ്റ്റഡിയിലോ ജയിലിലോ ആണ്. കൂടുതൽ അന്വേഷണം തുടരുകയാണ്. ആ പ്രതിയെ ഒരിക്കലും മനസ്സിലാക്കാൻ കഴിയില്ലെന്ന പൊതുധാരണ പൊതുസമൂഹത്തിന്റെ ഇടയിൽ വളർന്നുവന്നു. എന്നാൽ ആ ധാരണയിൽനിന്നും വ്യത്യസ്തമായി ജിഷയുടെ ഘാതകരെ പിടികൂടാനുള്ള കരുത്തും ശേഷിയും ഈ സംസ്ഥാനത്തിലെ പോലീസിനുണ്ടെന്ന് തെളിയിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ദളിത് ജനവിഭാഗങ്ങൾക്ക് മാത്രമല്ല മലയാളികൾക്കൊട്ടാകെ ആത്മവിശ്വാസം പകരുന്ന ഒരു അന്വേഷണ സംവിധാനത്തിന് നേതൃത്വം കൊടുക്കുന്ന ആഭ്യന്തര മന്ത്രാലയവും പോലീസ് സംവിധാനവും കൂടുതൽ കരുത്തോടെ യഥാർത്ഥ തിരിച്ചറിവിലൂടെ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് കാലത്തിന്റെ കൽത്തുറുങ്കിലടയ്ക്കാനുള്ള നടപടി സ്വീകരിക്കുമെന്ന ആത്മവിശ്വാസം പകരുന്ന തായിരുന്നു ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗമെന്നത് ഈ അവസരത്തിൽ ഓർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

11.43 am]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ശ്രീ. എസ്. ശർമ്മ പറഞ്ഞ് അവസാനിപ്പിച്ചിടത്ത് ഞാൻ ഒരു അനുബന്ധംകൂടി ചേർക്കുകയാണ്. നേമം മണ്ഡലത്തിൽ നഷ്ടപ്പെട്ടുപോയ വോട്ടിനെക്കുറിച്ച് പ്രിയപ്പെട്ട എസ്. ശർമ്മ സൂചിപ്പിച്ചു. നേമത്ത് ഞങ്ങളും നിങ്ങളും തോറ്റു. രണ്ട് കൂട്ടരെയും തോൽപ്പിച്ചുവന്ന ശ്രീ. ഒ. രാജഗോപാൽ ഇവിടെയുണ്ട്. അതുകൊണ്ട് സ്പീക്കർ തെരഞ്ഞെടുപ്പിൽ മൊത്തം വോട്ട് നിങ്ങൾ അങ്ങോട്ടും എടുത്തു. അവിടെ നഷ്ടപ്പെടുത്തിയത് ഇവിടെ ലാഭമാക്കി മാറ്റി. ഏതായാലും അത് നിങ്ങൾക്ക് വളരെ സന്തോഷമുള്ള കാര്യമാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇവിടെ എൽ.ഡി.എഫ്. വരട്ടെ എല്ലാം ശരിയാകുമെന്ന് പറഞ്ഞുകൊണ്ട് മൂന്ന് മുഷ്ടികൾ ഈ ചുവരിന്റെ മുകളിൽ കണ്ടു. അതിലൊന്ന് സഭാനാഥനായി ഇതിനകത്തുണ്ട്. മറ്റൊന്ന് പാർട്ടീനാഥനായി പാർട്ടി ആഫീസിലുണ്ട്. മൂന്നാമത്തെ മുഷ്ടി എവിടെപ്പോയി? സത്യത്തിൽ ദയനീയമായിപ്പോയി. അദ്ദേഹത്തോട് ഞങ്ങൾക്ക് വളരെ സ്നേഹമുണ്ട്. പക്ഷേ അദ്ദേഹത്തോട് കുറച്ചുകൂടി നീതി കാണിക്കണമായിരുന്നു. മൂന്ന് മുഷ്ടികൾ ഒരുമിച്ച് വന്നിട്ട് രണ്ട് മുഷ്ടികൾ മാറിനിന്ന് മർക്കടമുഷ്ടി കാണിക്കുന്നതാണ് ഞങ്ങളിപ്പോൾ ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെ കോൺഗ്രസ്സിന്റെ തകർച്ചയിൽ ബഹുമാനപ്പെട്ട എസ്. ശർമ്മ വിലപിച്ചു. 1952-ലെ ആദ്യ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ നേതാവ് ആരായിരുന്നുവെന്ന് അങ്ങേക്ക് ഓർമ്മയുണ്ടോ? എ. കെ. ഗോപാലൻ. അവിടെ നിന്ന് നിങ്ങൾ തുടങ്ങിയതാണ്. ഇന്ന് നിങ്ങളുടെ പാർട്ടി പാർലമെന്റിന്റെ ഏത് കോണിലാണ് ഇരിക്കുന്നതെന്ന് അറിയുവാൻ വേണ്ടി ഗവേഷണം നടത്തേണ്ടി വരികയല്ലേ? ദയവായി ഞങ്ങളെ കുറ്റപ്പെടുത്താൻ പോകരുത്. ഞാൻ ഇതൊന്നും പറയാൻ വന്നതല്ല. 1977-ൽ ഞങ്ങൾ പരാജയപ്പെട്ടു. പക്ഷേ 1980-ൽ ഞങ്ങൾ ഉയർത്തെഴുന്നേറ്റു. ഇന്ദിരാ ഗാന്ധി ഒരു കൊടുങ്കാറ്റുപോലെ പാർലമെന്റിൽ വന്നത് നിങ്ങൾ അറിഞ്ഞിട്ടുണ്ടാവില്ലേ? 1999-ൽ ഞങ്ങളെ ബി.ജെ.പി. തോൽപ്പിച്ചു. അന്ന് നിങ്ങൾ ഏത് പക്ഷത്ത് നിന്നുവെന്നുള്ളത് നിങ്ങൾ തന്നെ സ്വയം പരിശോധിച്ചാൽ മതി. കണ്ണാടിയെടുത്ത് നോക്കണം, നിങ്ങൾ എവിടെയാണ് നിന്നതെന്ന് അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും. അതൊക്കെ പോകട്ടെ, ഇപ്പോൾ നിങ്ങൾ ഇവിടെ കുറ്റപ്പെടുത്തി സംസാരിക്കുന്ന സമയത്ത് ഒരു

കാര്യമോർക്കണം, പശ്ചിമ ബംഗാളിൽ നിങ്ങൾ ഇരിക്കുന്നത് ഏത് മൂലയിലാണെന്ന് ഈ നാട്ടിലെ ജനങ്ങളോട് പറയുവാൻ പറ്റുമോ? അതുകൊണ്ട് ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾതന്നെ ജയിച്ചുവെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് തർക്കമില്ല. ഞങ്ങൾ ജനവിധി മാനിക്കുകയാണ്. ആ ജനവിധി മാനിച്ച് നിങ്ങൾ നിങ്ങളുടെ ഭരണവുമായി പൊയ്ക്കൊള്ളൂ.

പക്ഷേ ആ ഭരണത്തിൽ നിങ്ങൾ ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് പറയിച്ചത് കുറച്ച് കട്ടിയായിപ്പോയി എന്ന് ഓർമ്മിപ്പിക്കുവാനാണ് ഞാനാഗ്രഹിക്കുന്നത്. ഇവിടെ അഴിമതിവിരുദ്ധ നടപടിയെന്ന നിലയിൽ മൂന്നാം പേജിൽ ഗവർണർ പറഞ്ഞിട്ടുള്ള ആറേഴ് കാര്യങ്ങളുണ്ട്. അതിലൊന്ന് എല്ലാ വകുപ്പുകളും നിർബന്ധമായി വിവരങ്ങൾ വെളിപ്പെടുത്തുമെന്നുള്ളതാണ്. ഇത് വിവരാവകാശ നിയമമാണ്; ഈ കേരളത്തിൽ നിലനിൽക്കുന്ന ഒരു കാര്യമാണ്; ഇന്ത്യയിൽ നിലനിൽക്കുന്നതാണ്. ഇ-ടെണ്ടറും ഇ-പ്രൊക്യൂവർമെന്റും നേരത്തെ ഉള്ളതാണ്. ട്രാൻസ്ഫറുകൾക്ക് മാനദണ്ഡം നേരത്തെ ഉള്ളതാണ്. സോഷ്യൽ ഓഡിറ്റ് നേരത്തെ ഉണ്ടായിരുന്നു. ഇവിടെ ഈ പറയുന്ന കാര്യങ്ങൾ യഥാർത്ഥത്തിൽ നിങ്ങൾ നിങ്ങളുടെ അവകാശവാദമാണെന്ന് പറയുമെങ്കിലും ഇത് യു.ഡി.എഫ്.-ന് നൽകിയ ഗുഡ് സർട്ടിഫിക്കറ്റായി ഞാൻ കാണുന്നു. ഞാൻ അത് അംഗീകരിക്കുന്നു. ഇവിടെ നിങ്ങൾ പറയുന്ന കാര്യങ്ങൾ യു.ഡി.എഫ്. നിലപാടിന്റെ തനിയാവർത്തനമല്ലേ? ഇന്ത്യയിൽ ആദ്യമായി സ്റ്റാർട്ട് അപ് വില്ലേജ് ഉണ്ടാക്കിയത് ഏത് ഗവൺമെന്റാണ്? ഉമ്മൻചാണ്ടി ഗവൺമെന്റാണ്. സ്റ്റാർട്ട് അപ് വില്ലേജ് ഉണ്ടാക്കിയ കുട്ടികളെ ഞങ്ങൾ വിദേശത്ത് വിട്ടു. അവരെ തിരുവനന്തപുരത്ത് വിളിച്ചുവരുത്തി ക്യാബിനറ്റിൽ അവരുമായി ചർച്ച നടത്തി അവർക്ക് കൊടുക്കേണ്ട പ്രോൽസാഹനത്തെക്കുറിച്ച് ആലോചിച്ചു. വില സ്ഥിരതാ ഫണ്ടിനായി 500 കോടി രൂപ ഞങ്ങൾ അനുവദിച്ചതല്ലേ; ആ 500 കോടി രൂപ വച്ചിട്ടും നിങ്ങൾ കണ്ടില്ലെന്ന് പറയുകയല്ലേ? അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം യു.ഡി.എഫ്. ഗവൺമെന്റ് നേരത്തെ നടപ്പാക്കിയതല്ലേ? ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് സ്കീം അതിവിടെ നടക്കുന്ന പദ്ധതിയല്ലേ? ഗവർണറെ കൊണ്ട് ഇത് പറയിച്ചത് നന്നായി. കാരണം യു.ഡി.എഫ്.-ന്റെ പ്രവർത്തനം നല്ലതാണെന്ന് ഗവർണറെങ്കിലും പറഞ്ഞുപോകട്ടെ.

ആരോഗ്യരംഗത്ത് ഇന്ന് അപകടകരമായ ഒരു നീക്കം നിങ്ങൾ നടത്തുന്നുണ്ട്. ആരോഗ്യരംഗത്തുനിന്നും ഈ ഗവൺമെന്റ് സാവകാശം തലയൂരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 'ആരോഗ്യ കിരണം' പദ്ധതി ഗവൺമെന്റിന്റെ പണമുപയോഗിച്ച് നടപ്പാക്കേണ്ടതാണ്. ഇന്ത്യാ ഗവൺമെന്റ് പണം നൽകുന്ന പദ്ധതിയാണത്. നിങ്ങൾ എന്താ ചെയ്യാൻ പോകുന്നത്? അത് ഇൻഷ്വറൻസ് കമ്പനിയെ ഏൽപ്പിക്കുവാൻ പോകുകയാണ്. 'അമ്മയും കുഞ്ഞും' പദ്ധതി ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ചുള്ളതാണ്. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി ഗവൺമെന്റ് പണം മുടക്കി നൽകുന്നതാണ്. ഇതെല്ലാം ഇൻഷ്വറൻസ് കമ്പനിയെ ഏൽപ്പിക്കുമെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? യൂണിവേഴ്സൽ പ്രീപെയ്ഡ് സ്കീം കൊണ്ടുവന്നാൽ നമ്മുടെ ആരോഗ്യരംഗം കൂടുതൽ ചെലവുള്ളതായി മാറും. പാവപ്പെട്ടവന്റെ മേൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കും. ഇൻഷ്വറൻസ് കമ്പനിക്ക് കേരളത്തെ നിങ്ങൾ തീറെഴുതാൻ ശ്രമിച്ചുവെന്നുള്ളതിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമല്ലേ?

ഇവിടെ നിങ്ങളുടെ കായിക രംഗത്തെ പ്രകടനം കണ്ടു. പ്രധാനപ്പെട്ടൊരു വിഷയം ഞാൻ ഇപ്പോൾ ഉന്നയിക്കുന്നില്ല. അത് ചർച്ച ചെയ്യുകയാണെങ്കിൽ അപ്പോൾ അതിലേക്ക് പോകാം. ഇവിടെ ഒരു കായിക ഭവൻ ഇല്ലാത്തതാണോ കേരളത്തിന്റെ കായിക രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം? ഇവിടെ കായിക ഭവൻ പണിയുമെന്നാണ് പറയുന്നത്. അതാണോ കേരളത്തിലെ കായിക രംഗത്തെ പ്രധാനപ്പെട്ട പ്രശ്നം? നോൺ നാഷണൽ ഗെയിംസ് ജില്ലകളെക്കുറിച്ച് ഗവർണറെ കൊണ്ട് ഒരക്ഷരം പറയിക്കാൻ കഴിഞ്ഞിട്ടുണ്ടോ? പെൺകുട്ടികൾക്കിടയിൽ സ്പോർട്സ് പ്രോൽത്സാഹിപ്പിക്കാൻ അവർക്കുവേണ്ടി മാത്രം സ്പോർട്സ് ക്ലബ്ബ് തുടങ്ങുമെന്നു പറയുന്ന വലിയൊരു നയപ്രഖ്യാപനം ഗവർണറെക്കൊണ്ട് ചെയ്യിച്ചില്ലേ? ആരൊക്കെയാണ് നമ്മുടെ മുതിർന്ന തലമുറയിൽപ്പെട്ട ആളുകൾ? ശ്രീമതിമാർ പി. ടി. ഉഷ, ഷൈനി വിൽസൺ, പ്രീജാ ശ്രീധരൻ തുടങ്ങിയവരാണ് മുതിർന്ന തലമുറയിൽപ്പെട്ട ആളുകൾ. ശ്രീമതി അഞ്ജു ബോബി ജോർജാണ് ആ തലമുറയിലെ അവസാന ആളായി വന്നെത്തിനിൽക്കുന്നത്. ലോക കായികരംഗത്ത് അവരുടെ സ്ഥാനമെന്ത് എന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? കായിക ഭവനില്ലാത്തതാണോ ഇവിടത്തെ പ്രശ്നം? ഇപ്പോൾ മികച്ച പ്രകടനം നടത്തുന്ന നമ്മുടെ ടിന്റു ലൂക്കയെപ്പോലെ, മയൂഖാ ജോണിയെപ്പോലെ, ഒ. പി. ജെയ്ഷയെപ്പോലെ, സിനിമോൾ പൗലോസിനെപ്പോലെ ഇന്ന് അന്തർദ്ദേശീയ രംഗത്ത് കേരളത്തിന്റെയും ഇന്ത്യയുടെയും യശസ്സുയർത്തുന്ന കായിക താരങ്ങളുണ്ട്. നിങ്ങൾ പ്രോത്സാഹനം കൊടുക്കുകയാണെങ്കിൽ ഇവർക്ക് തുടർ കോച്ചിംഗിനുള്ള ഏതെങ്കിലും ഒരു പദ്ധതിക്ക് രൂപം നൽകണ്ടേ? നിങ്ങൾ

നിൽക്കുന്നത് പ്രാകൃത കാലഘട്ടത്തിലാണ്. അവിടെനിന്നും കേരള വളർന്നു. ആ കാലഘട്ടവും സാഹചര്യവും മനസ്സിലാക്കിക്കൊണ്ട് അവരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടി എടുക്കുന്നതിനുപകരം നിങ്ങൾ ഇപ്പോഴും പഴഞ്ചൻ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്.

അടുത്തത് സമ്പൂർണ്ണ വൈദ്യുതീകരണത്തെക്കുറിച്ചാണ് ഗവർണർ സൂചിപ്പിച്ചത്. ശ്രീ. എ. കെ. ബാലൻ നിയമസഭയിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തെക്കുറിച്ച് പ്രഖ്യാപിച്ചു. ഇപ്പോൾ അദ്ദേഹം ഈ ലൈനൊന്ന് മാറ്റുമോ എന്ന് എനിക്ക് അറിയില്ല. 87 നിയോജക മണ്ഡലങ്ങളിലേ സമ്പൂർണ്ണ വൈദ്യുതീകരണമുള്ളൂ, ബാക്കിയുള്ളിടത്ത് ഇല്ല എന്നുപറയാനാണ് അങ്ങ് ശ്രമിച്ചതെന്ന് എനിക്കറിയാം. അതിനുശേഷം 'സമ്പൂർണ്ണ വൈദ്യുതീകരണം കേരളത്തിൽ' എന്ന പ്രഖ്യാപനം നാല് പ്രാവശ്യം ഞാൻ കേട്ടിട്ടുണ്ട്. ഇത് ഹനുമാന്റെ വാൽ പോലെയാണ്. എല്ലാം സമ്പൂർണ്ണമാക്കിയാലും പിന്നെയും ഒരു അഞ്ച് ശതമാനം ബാക്കി കാണും. ഇങ്ങനെ ഇത് നീണ്ടുനീണ്ട് പോകും. ചിറകെട്ടി നിർത്താൻ കഴിയാത്തതു കൊണ്ടാണ് സമ്പൂർണ്ണ വൈദ്യുതീകരണമെന്ന് അങ്ങ് പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നൂതനമായ ഒരു കേരള സൃഷ്ടിക്കുവേണ്ടി, കേരള സമൂഹം 21-ാം നൂറ്റാണ്ടിന്റെ മദ്ധ്യഭാഗത്തേക്ക് പോകുന്ന കേരളത്തിൽ അതിന് സാധിക്കത്തക്ക വിധത്തിലുള്ള ഭാവനാസമ്പൂർണ്ണമായ ഒരു പ്രഖ്യാപനമായി ഇതിനെയെടുക്കാൻ കഴിയുമോ?

പല കാര്യങ്ങളിലും കോൺട്രവേഴ്സി ഇല്ലാതെ പോകാൻ ആഗ്രഹിച്ചു കൊണ്ടിരിക്കുന്ന ആളാണ് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്ന് സമ്മതിച്ചുകൊണ്ടു തന്നെ ഒരു ചോദ്യം ചോദിക്കട്ടെ. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ എന്തിനാണ് ഈ തിടുക്കമെടുക്കുന്നത്? മുല്ലപ്പെരിയാർ ഡാമിൽ പുതിയൊരു അണക്കെട്ട് വേണമെന്ന് എല്ലാ കക്ഷികളും ഒരുപോലെ സഭാചർച്ചകളിൽ അംഗീകരിച്ചതല്ലേ? ഇതിനായി ഒരു സർവ്വകക്ഷിയോഗവും ചേർന്നില്ലേ? മുല്ലപ്പെരിയാർ ഡാമിൽനിന്നുണ്ടാകുന്ന ജലപ്രവാഹത്തിൽ കേരളത്തിലെ നാല് ജില്ലകൾ ഒലിച്ചുപോകാതിരിക്കാൻ ദ്രുതനടപടികൾ ഉണ്ടായില്ലേ? ഡാം സേഫ്റ്റി നിയമം ഈ നിയമസഭ പാസ്സാക്കിയില്ലേ? മുല്ലപ്പെരിയാർ വിഷയത്തിൽ ചർച്ചയില്ലാതെ, പരസ്പരം കമ്മ്യൂണിക്കേഷനില്ലാതെ ഏകപക്ഷീയമായി ഒരു പുതിയ ഡാമിനെക്കുറിച്ച് ആലോചന ഇല്ലെന്ന് വരുന്നരൂപത്തിൽ സംസ്ഥാനത്തെ കൊണ്ട് വെട്ടിലിടാമോ? മുഖ്യമന്ത്രിയായ അങ്ങേക്ക് കേരളത്തിലുള്ളതിനെക്കാൾ കൂടുതൽ പോസ്റ്റർ ഒട്ടിക്കുന്നത് ഇപ്പോൾ തമിഴ്നാട്ടിലാണ്. അങ്ങേക്ക് വലിയ സ്വാഗതമാണ് അവർ നൽകുന്നത്. ഇതിനെക്കുറിച്ച് കേരളത്തിന്റെ മുഖ്യമന്ത്രി ഒരു നിലപാട്

സ്വീകരിക്കുമ്പോൾ കുറച്ചുകൂടി ആലോചിച്ചുകൂടേ? ഇവിടെ മുല്ലപ്പെരിയാർ ഡാം പൊട്ടിയാൽ നാൽപ്പത് ലക്ഷം ആളുകൾ ഒഴുകി അറബിക്കടലിൽ പോകുമെന്ന് പറഞ്ഞ അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ തൊട്ടപ്പുറത്ത് ഇരിക്കുകയാണ്. ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്? അടുത്ത് പ്രസംഗിക്കാനുള്ളത് ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. അടുത്ത് സംസാരിക്കുമ്പോൾ ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്.

ഇവിടെ രാഷ്ട്രീയമായിട്ടുള്ള അസഹിഷ്ണുത പെരുകി വരികയാണ്. നോക്കിലും നിൽപ്പിലും പെരുമാറ്റത്തിലും സമീപനത്തിലുമൊക്കെ രാഷ്ട്രീയമായ അസഹിഷ്ണതയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഇത് ശരിയാണോ? ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലെ രോഹിത് വെമുല എന്ന ദളിത് യുവാവ് ആത്മഹത്യ ചെയ്ത സംഭവത്തിൽ അസഹിഷ്ണതയ്ക്കെതിരായി ഇന്ത്യയൊട്ടാകെ ഒരുമിച്ച് ഉയർത്തെഴുന്നേറ്റതാണ്. അതിൽ മാർക്സിസ്റ്റ് പാർട്ടി, എസ്.എഫ്.ഐ. തുടങ്ങി പുരോഗമന ചിന്താഗതി ഉൾക്കൊള്ളുന്ന എല്ലാ ജനവിഭാഗങ്ങളും പങ്കെടുത്തിരുന്നു. ആ അസഹിഷ്ണതയാണ് നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോഴും കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. അഞ്ജു ബോബി ജോർജ് എന്തുകുറ്റമാണ് ചെയ്തത്? അഞ്ജു ബോബി ജോർജ് ഒരു കുറ്റവും ചെയ്തിട്ടില്ലെന്നാണ് ശ്രീ. ഇ. പി. ജയരാജന്റെ അവസാനത്തെ പ്രസ്താവനയിലും പറഞ്ഞിട്ടുള്ളത്. എങ്കിൽ പിന്നെ ലോകം ആദരിക്കുന്ന അഞ്ജു ബോബി ജോർജിനെ ഇങ്ങനെ ഫുട്ബോൾപോലെ അടിക്കണമായിരുന്നോ? അങ്ങ് ഫുട്ബോൾപോലെ അടിച്ചതുകൊണ്ട് അഞ്ജു ബോബി ജോർജിന് ഇപ്പോൾ ഡൽഹിയിൽ ഒരു വലിയ പോസ്റ്റിംഗ് ലഭിക്കുകയുണ്ടായി. അഞ്ജു ബോബി ജോർജിനോടും ഡി.ജി.പി. ആയിരുന്ന ശ്രീ. സെൻ കുമാറിനോടും എന്തിനാണ് ഈ സർക്കാർ അസഹിഷ്ണത കാണിച്ചത്? തലശ്ശേരിയിലെ ദളിത് സ്ത്രീകളുടെ കാര്യം പറഞ്ഞ് അവസാനിപ്പിച്ചോ? എന്നാലും ഞാൻ ഒന്ന് ഓർമ്മിപ്പിക്കുന്നു. മൂന്നരക്കോടി ജനങ്ങളുള്ള ഈ കേരളത്തിൽ രണ്ട് പാവപ്പെട്ട ദളിത് സ്ത്രീകളോട് ഈ അസഹിഷ്ണത കാണിക്കുന്നത് എന്തിനാണ്? കുറച്ചുകൂടി സഹിഷ്ണതയോടുകൂടിയ സമീപനം അവരോട് സ്വീകരിച്ചുകൂടേ? ധിക്കാരത്തിന് ചിറകുവച്ച രൂപത്തിൽ ഇവിടെ ചില ആളുകൾ പെരുമാറാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ കേരളം ഇങ്ങനെ പലരേയും കണ്ടതാണ്. സർ സി.പി. ഭരിച്ച നമ്മുടെ തിരുവിതാംകൂർ.....(ബഹളം) ഭരണപക്ഷത്തെ നിയന്ത്രിക്കാൻ അങ്ങേക്ക് കഴിയട്ടെ.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ സ്വയം നിയന്ത്രിച്ചു കൊണ്ടിരിക്കുകയാണ്. ഭരണപക്ഷത്തുള്ളവരെ ആര് നിയന്ത്രിക്കും?

മി. സ്പീക്കർ: താങ്കൾക്ക് ഇനി ഒരു മിനിട്ടാണുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഇവിടെ ഓടിളക്കി വന്നതല്ലെന്ന് പറയുന്ന പഴയ ശൈലിയാണ് പ്രയോഗിക്കുന്നത്. 2011-ൽ എനിക്ക് ലഭിച്ച ഭൂരിപക്ഷം 711 ആണ്. അതിന്റെ 50 ഇരട്ടി ഭൂരിപക്ഷത്തോടുകൂടിയാണ് ഇപ്പോൾ ഞാൻ ഈ നിയമസഭയിൽ  വന്നിരിക്കുന്നത്. അതുകൊണ്ട് ദയവായി അക്കാര്യം അങ്ങ് എന്നോട് പറയരുത്.

മി. സ്പീക്കർ: ഭൂരിപക്ഷാടിസ്ഥാനത്തിൽ ചെയറിന് സമയം അനുവദിക്കാൻ സാധിക്കില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ആർക്കാണ് സമയം അനുവദിച്ച് കൊടുത്തിട്ടുള്ളത്? 10 സബ്മിഷൻ ഉള്ളടത്ത് ആറും നാലുമായി കീറി മുറിക്കുന്നതാണോ കൊടുക്കുന്ന സംരക്ഷണം? ഇത് ശരിയാണോ? ഞാൻ ഇതൊന്നും ഇവിടെ പറയാനിരുന്നതല്ല. സൗമ്യതയുടെ മുഖഭാവം എന്നാണ് അങ്ങയെ എല്ലാവരും ആദരിച്ചത്. സൗമ്യതയുടെ മുഖഭാവമെന്ന് ഞാനും ആവർത്തിക്കുന്നു. അതുകൊണ്ട് ധിക്കാരത്തിന് ചിറകുവച്ച മാതിരിയുള്ള നിലപാട് ഇവിടെ സ്വീകരിക്കരുത്. അഹന്തയുടെ മഹാരാജാക്കന്മാരായി ആരെയും കേരളത്തിൽ വാഴ്ത്തിയിട്ടില്ല എന്നു ഓർമ്മിച്ചുകൊണ്ട് ഈ നന്ദിപ്രമേയ പ്രസംഗത്തെ എതിർക്കുകയാണ്.

11.56 am]

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിപ്രകാശിപ്പിച്ചുകൊണ്ട് സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട ഗവർണർ ആദ്യം സൂചിപ്പിച്ചതുപോലെ, കേരള ജനത വലിയ പ്രതീക്ഷയോടെയാണ് ഈ സർക്കാരിനെ അധികാരത്തിലേറ്റിയിരിക്കുന്നത്. സർക്കാർ അധികാരമേറ്റ് ഒരു മാസത്തിനുള്ളിൽത്തന്നെ നടത്തിയ പ്രഖ്യാപനങ്ങളും സ്വീകരിച്ച നടപടികളും ജനങ്ങളുടെ പ്രതീക്ഷകൾ പൂവണിയുന്നതിന്റെ തെളിവാണ്.

ഭാരിച്ച ഉത്തരവാദിത്വമാണ് എൽ.ഡി.എഫ്. ഗവൺമെന്റിന് നിർവ്വഹിക്കാനുള്ളത്. കഴിഞ്ഞ അഞ്ചുവർഷം കേരള രാഷ്ട്രീയത്തെയും ഭരണത്തെയും മലീമസമാക്കുകയാണ് യു.ഡി.എഫ്. സർക്കാർ ചെയ്തത്. സോളാർ അഴിമതി, ബാർ കുംഭകോണം,

ഭൂമിദാനം എന്നിങ്ങനെ പോകുന്ന അഴിമതിയുടെ നാറുന്ന കഥകൾ. അന്നത്തെ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരുമൊക്കെ അഴിമതിക്കേസിൽ ഇപ്പോഴും കമ്മീഷനു മുന്നിൽ പോയി കയ്യുംകെട്ടി നിൽക്കുകയല്ലേ? അഴിമതിക്കേസിൽ ജൂഡീഷ്യൽ കമ്മീഷനിൽ വിളിച്ചുവരുത്തി 10-14 മണിക്കൂർ ചോദ്യം ചെയ്തത് വലിയ അഭിമാനമായി ഇപ്പോഴും കൊണ്ടുനടക്കുന്ന ആളാണല്ലോ അന്നത്തെ മുഖ്യമന്ത്രി. ബാർ കുംഭകോണത്തിൽ മന്ത്രിമാർ തമ്മിൽ മത്സരമായി. അതിന്റെയെല്ലാം പൂർണ്ണമായ വസ്തുതകൾ പുറത്തുവരുമ്പോൾ അത്തരം അഴിമതിക്കാർ എങ്ങോട്ടായിരിക്കും പോകുക എന്ന് ഞാനിപ്പോൾ പറയുന്നില്ല. പോകേണ്ട സ്ഥലത്തുതന്നെ അവർ എത്തിച്ചേരും. എത്രയോ തവണയാണ് കോടതികളിൽനിന്നും അന്നത്തെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും അടികൊള്ളേണ്ടി വന്നത്. ഞങ്ങൾ ജനകീയ കോടതിയിലേയ്ക്ക് പോകുമെന്നാണ് അന്ന് ഇക്കൂട്ടരൊക്കെ പറഞ്ഞത്. ഇപ്പോൾ ജനകീയ കോടതിയും നല്ല പ്രഹരം കൊടുത്തു. അതുകൊണ്ടല്ലേ അന്ന് വീരവാദം മുഴക്കിയ പല മഹത്‌വ്യക്തികളെയും അപ്പുറത്ത് കാണാത്തത്. അന്നത്തെ സർക്കാർ നടപടികൾമൂലം കേരളഭരണം ഈജിയൻ തൊഴുത്തായി മാറിയെന്ന് ഞാൻ ഈ സഭയിൽതന്നെ ആവർത്തിച്ചുപറഞ്ഞിട്ടുള്ളതാണ്. ആ ഈജിയൻ തൊഴുത്ത് ശുദ്ധീകരിക്കാനുള്ള ചരിത്രനിയോഗമാണ് എൽ.ഡി.എഫ്. സർക്കാരിൽ വന്നുചേർന്നിട്ടുള്ളത്. ഈജിയൻ തൊഴുത്ത് ഹെർക്കുലീസ് എന്ന ഭീമൻ ഒറ്റദിവസം കൊണ്ടാണ് കഴുകി വെടിപ്പാക്കിയത്. എന്നാൽ കഴിഞ്ഞ ഉമ്മൻചാണ്ടി സർക്കാർ വൃത്തികേടാക്കിയ കേരള ഭരണസംവിധാനം ശുദ്ധീകരിക്കാൻ കർശനമായ നയങ്ങളും നടപടികളും സ്വീകരിക്കേണ്ടതുണ്ട്. അതിന് ഏറെ സമയവും ആവശ്യമാണ്. ആ പ്രക്രിയയ്ക്കാണ് എൽ.ഡി.എഫ്. സർക്കാർ തുടക്കം കുറിച്ചിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വികസനത്തെ സംബന്ധിച്ച് വാചകമടി നടത്തിയതല്ലാതെ എന്തെങ്കിലും ഉണ്ടായോ? മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നേരിടേണ്ടിവന്ന വികസന പ്രതിസന്ധി തന്നെയാണ് ഈ സർക്കാരിനും നേരിടേണ്ടി വരുന്നത്. യു.ഡി.എഫ്. സർക്കാർ അഞ്ചുവർഷം കൊണ്ട് നശിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് ലാഭത്തിലാക്കി കൊണ്ടായിരുന്നു അന്നത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ തുടക്കം. ഇക്കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാർ എല്ലാം വീണ്ടും കുളംതോണ്ടി. ഇനി അതെല്ലാം നന്നാക്കിയെടുക്കുന്ന ചുമതല എൽ.ഡി.എഫ്. സർക്കാരിന്റെ ചുമലിലാണ്. അത് ഈ സർക്കാർ ഏറ്റെടുക്കുമെന്ന സൂചനയാണ് നയപ്രഖ്യാപനത്തിൽ കാണുന്നത്.

കേരളത്തിന്റെ സ്വപ്ന പദ്ധതിയെന്ന് വിശേഷിപ്പിച്ച സ്മാർട്ട് സിറ്റിയുടെ കാര്യം മറ്റൊരു ഉദാഹരണമാണ്. മുമ്പ് ദുബായ് കമ്പനിയുമായി യു.ഡി.എഫ്. സർക്കാരുണ്ടാക്കിയ കരാറനുസരിച്ച് വെറും 33000 ആളുകൾക്കാണ് തൊഴിൽ നൽകുമെന്ന് പറഞ്ഞിരുന്നത്. അതിനുവേണ്ടി നമ്മുടെ സ്വന്തം ഇൻഫോ പാർക്ക് അവർക്ക് നൽകുമെന്നും കരാറിൽ പറഞ്ഞിരുന്നു. ആ റിയൽ എസ്റ്റേറ്റ് കരാറിനെ ശക്തിയായി എതിർത്തത് അന്നത്തെ പ്രതിപക്ഷമായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയപ്പോൾ ആ കരാർ പൊളിച്ചെഴുതി. തൊഴിലവസരങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക മാത്രമല്ല ഇൻഫോപാർക്ക് വിട്ടുകൊടുക്കില്ലെന്ന് തീരുമാനിക്കുകയും അത് ടീകോം കമ്പനിയെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്തു. 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ഇൻഫോപാർക്കിൽ മാത്രം 28000 പേർക്ക് തൊഴിലവസരമുണ്ടായിരുന്നു. വീണ്ടും ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിലെത്തിയതോടെ ടീകോം കമ്പനിക്ക് വഴിവിട്ട് സഹായങ്ങൾ ചെയ്യാനാണ് ശ്രമിച്ചത്. കരാറനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ദുബായ് കമ്പനി തയ്യാറാകാതിരുന്നിട്ടും യു.ഡി.എഫ്. സർക്കാർ അനങ്ങിയില്ല. ഒടുവിൽ ഇല്ലാത്ത സ്മാർട്ട് സിറ്റി ഉദ്ഘാടനം ചെയ്ത് യു.ഡി.എഫ്. സർക്കാർ അധികാരമൊഴിഞ്ഞു. ജനങ്ങളോട് വാഗ്ദാനം ചെയ്ത ഒരു പദ്ധതിയും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയില്ല. പക്ഷേ ഒന്നുപോലും ഉദ്ഘാടനം ചെയ്യാൻ ബാക്കിവച്ചില്ല. വിമാനമിറങ്ങാത്ത കണ്ണൂർ വിമാനത്താവളം ഉദ്ഘാടനം ചെയ്തു. കൊച്ചി മെട്രോയുടെ ഉദ്ഘാടനവും കെങ്കേമമായി നടത്തി. പക്ഷെ മെട്രോ ഇന്നും കൊച്ചിയുടെ നഗരപാതകളിൽ ഗതാഗത തടസ്സമുണ്ടാക്കിക്കൊണ്ട് അസ്ഥികൂടം പോലെ നിൽക്കുന്നു. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന ഉടനെ പാലക്കാട് കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടു. പിന്നെ അങ്ങോട്ട് തിരിഞ്ഞു നോക്കിയിട്ടില്ല. വിഴിഞ്ഞം തുറമുഖം സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കാനായിരുന്നു ഉമ്മൻ ചാണ്ടി സർക്കാരിന് തിടുക്കം. എന്നിട്ടും വികസനം, വികസനം എന്ന് വിളിച്ചുപറയുവാൻ ഉമ്മൻ ചാണ്ടി സർക്കാരിന് ഒരു ലജ്ജയുമുണ്ടായില്ല. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്നതല്ലാതെ ഏതെങ്കിലുമൊരു വ്യവസായം നിങ്ങൾ കേരളത്തിൽ കൊണ്ടുവന്നിട്ടുണ്ടോ? എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന ഐ.ടി പാർക്കുകളല്ലാതെ ഏതെങ്കിലുമൊരു ഐ.ടി. പാർക്ക് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിലുണ്ടായോ? ഇനി അതെല്ലാം ഈ സർക്കാരിന്റെ ചുമതലയാണ്. ആ ചുമതല ഉത്തരവാദിത്വബോധത്തോടുകൂടി നിറവേറ്റുമെന്ന സൂചനയാണ് അടുത്ത മൂന്ന് വർഷത്തിനകം സ്മാർട്ട് സിറ്റി പദ്ധതി പൂർത്തിയാകുമെന്ന ഈ സർക്കാരിന്റെ പ്രഖ്യാപനം. മൂന്നാറിൽ ടാറ്റയും കൂട്ടരും കയ്യേറിയിരുന്ന 12000 ഏക്കറിലധികം

ഭൂമി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തിരിച്ചുപിടിച്ചു. ഇടുക്കി ജില്ലയുടെ ആവാസ വ്യവസ്ഥതന്നെ തകർക്കുംവിധം കെട്ടിപ്പൊക്കിയ റിസോർട്ടുകളും അന്ന് പൊളിച്ചുമാറ്റി. ഉമ്മൻ ചാണ്ടി സർക്കാരിന്റെ മൗനാനുവാദത്തോടുകൂടി അതെല്ലാം വീണ്ടും കെട്ടിപ്പൊക്കിയിരിക്കുകയാണ്. ഇത്തവണ ചൂട് താങ്ങാനാകാതെ ഇടുക്കിയിലെ ഏലംകൃഷി തകർന്നടിഞ്ഞു. കഴിഞ്ഞ അഞ്ച് വർഷവും കയ്യേറ്റക്കാരുടെ സുവർണ്ണ കാലമായിരുന്നു. വീണ്ടും എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റതിന്റെ ഫലം ഇടുക്കിയിൽ കാണാൻ കഴിയും. അനവധി കയ്യേറ്റങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമെതിരെ ശക്തമായ നടപടികൾ ആരംഭിച്ചിരിക്കുന്നു. 21 റിസോർട്ടുകളിൽ നടത്തിയ പരിശോധനയിൽ 19 കോടി രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയിട്ടുള്ളത്. വേറെയും നിരവധി ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണ് കാണുന്നത്. ഉപ്പ് തിന്നവർ വെള്ളം കുടിക്കാൻ പോകുകയാണ്. കർഷകരുടെ കണ്ണുനീർ വീണ് അഞ്ച് വർഷമാണ് കടന്നുപോയത്. പ്രഖ്യാപിച്ച താങ്ങുവില പോലും യഥാസമയം വിതരണം ചെയ്യാൻ യു.ഡി.എഫ്. സർക്കാരിന് താൽപര്യമുണ്ടായില്ല. 2008-ൽ ഈ നിയമസഭ പാസ്സാക്കിയ നെൽവയൽ-നീർത്തട നിയമത്തിന്റെ നഗ്നമായ ലംഘനമാണ് കഴിഞ്ഞ അഞ്ച് വർഷവും കേരളം കണ്ടത്. അഞ്ച് വർഷം തുടർച്ചയായി വയൽ നികത്താൻ വഴിവിട്ട ഇടപെടലുകൾ നടത്തിയിട്ടും തൃപ്തി വരാതെ അവസാന നാളുകളിൽ ക്യാബിനറ്റിൽ നൂറ് കണക്കിന് നിയമവിരുദ്ധ തീരുമാനങ്ങളാണെടുത്തത്. അതെല്ലാം പുറത്തു വരാനിരിക്കുന്നതേയുള്ളൂ. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന്റെ ആദ്യദിവസങ്ങളിൽത്തന്നെ സ്വീകരിച്ച നടപടി ഒരു കാരണവശാലും അഴിമതി വച്ചുപൊറുപ്പിക്കില്ല എന്നതാണ്. മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊടികുത്തിവാണ അഴിമതിയും കെടുകാര്യസ്ഥതയുമാണ് കഴിഞ്ഞ അഞ്ച് വർഷവും കേരളത്തിന്റെ വികസനം തടസ്സപ്പെടുത്തുകയും മുരടിപ്പിക്കുകയും ചെയ്തത്. അത് മറികടക്കുവാനുള്ള ഭഗീരഥപ്രയത്നമാണ് എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ചിട്ടുള്ളത്. കേരളത്തിന്റെ സാമൂഹ്യ മുന്നേറ്റത്തിന് മൗലികമായ നടപടികൾ സ്വീകരിച്ചിട്ടുള്ളത് ഇടതുപക്ഷ സർക്കാരുകളാണ്. 1957-ലെ ഇ.എം.എസ്. സർക്കാരിന്റെ കാലത്ത് തുടങ്ങിയ ഇത്തരം നടപടികൾ തുടർന്നുവന്ന എല്ലാ എൽ.ഡി.എഫ്. സർക്കാരുകളും വികസിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ദരിദ്ര കർഷകരും കർഷകത്തൊഴിലാളികളും പാട്ടക്കാരും കുടിയാൻമാരും അടങ്ങുന്ന പാവപ്പെട്ട ലക്ഷക്കണക്കിന് മനുഷ്യർക്ക് ഭൂമി നൽകുക എന്നതായിരുന്നു 1957-ലെ സർക്കാരിന്റെ പ്രഥമ നടപടി. അതുകൊണ്ടുതന്നെയാണ് ആ സർക്കാർ അധികാരമേറ്റതിന്റെ ആറാം നാളിൽ കുടിയിറക്കൽ നിരോധന ഓർഡിനൻസ്

കൊണ്ടുവന്നത്. പിന്നീടത് കാർഷിക ഭൂപരിഷ്കരണ നിയമമാക്കി മാറ്റുകയും ചെയ്തു. ഭൂപരിഷ്കരണത്തിന്റെ ഗുണഫലങ്ങൾക്ക് തുരങ്കം വയ്ക്കാൻ ഇന്ന് കോർപ്പറേറ്റുകളും ഭൂമാഫിയകളും രംഗത്തുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഒരു നവീന കേരളത്തിന്റെ സൃഷ്ടിക്കായി എൽ.ഡി.എഫ്. സർക്കാരിന് വളരെയേറെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. 1957-ലെ ഈ നടപടി അത്രയേറെ പുരോഗമനപരമായിരുന്നുവെന്ന് ഇന്ന് ഒരുപക്ഷെ മനസ്സിലാകില്ല. 1950-കൾ വരെയുള്ള കേരളത്തിന്റെ സാമൂഹിക ജീവിതം അറിയാവുന്നവർക്കേ ഈ നിയമത്തിന്റെ പ്രസക്തി മനസ്സിലാവുകയുള്ളൂ. അത് മനസ്സിലാക്കാൻ തകഴി ശിവശങ്കരപ്പിള്ളയുടെ 'രണ്ടിടങ്ങഴി' എന്ന നോവൽ വായിച്ചാൽ മതി.

മി. സ്പീക്കർ: അങ്ങേക്ക് അനുവദിച്ച സമയത്തിൽ ഒരു മിനിട്ട് കൂടിയേ ബാക്കിയുള്ളൂ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, 1948-ൽ രചിച്ച ഈ നോവലിലെ മുഖ്യകഥാപാത്രമായ കോരന്റെ ദുരിതങ്ങളും ധർമ്മസങ്കടങ്ങളും അക്കാലത്തെ തിരുവിതാംകൂറിലെ കർഷകത്തൊഴിലാളികളുടെയും കുടിയാൻമാരുടെയും ജീവിതകഥകൾ തന്നെയായിരുന്നു. ആ ദുരിതങ്ങൾക്കെല്ലാം അറുതിവരുത്തുമെന്ന് 1957-ലെ കമ്മ്യൂണിസ്റ്റ് പാർട്ടി ജനങ്ങളോട് പറഞ്ഞിരുന്നു. പാർട്ടിക്ക് അധികാരം കിട്ടിയപ്പോൾ അത് അക്ഷരംപ്രതി നടപ്പിലാക്കുകയും ചെയ്തു. അതുപോലെ മറ്റൊന്നായിരുന്നു വിദ്യാഭ്യാസ നിയമം. ഈ രണ്ട് നയങ്ങളും നടപടികളുമാണ് പിന്നീട് കേരള മോഡൽ വികസനമെന്ന പേരിൽ രാജ്യാന്തരങ്ങളിൽത്തന്നെ വാഴ്ത്തപ്പെട്ട വികസന മുന്നേറ്റത്തിന്റെ അടിത്തറ പാകിയത്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിവിധ വിഭാഗം ജനങ്ങൾക്ക് ക്ഷേമപെൻഷനുൾപ്പെടെ നൽകിയതും കേരളത്തെ സമ്പൂർണ്ണ സാക്ഷരതയുടെ പ്രകാശപൂർണ്ണമായ ലോകത്തേക്ക് കൈ പിടിച്ചുയർത്തിയതും ജനകീയാസൂത്രണംവഴി പ്രാദേശിക വികസനത്തിന് മൂർച്ചയുണ്ടാക്കിയതും അന്യാധീനപ്പെട്ട സർക്കാർ ഭൂമി പിടിച്ചെടുക്കാൻ നടപടിയെടുത്തതുമെല്ലാം ഇത്തരത്തിൽ കേരളത്തെ മുന്നോട്ട് നയിക്കുന്നതിന് എൽ.ഡി.എഫ്. സർക്കാരുകൾ കൈക്കൊണ്ട നടപടികളായിരുന്നു. ഇന്ന് കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിന്റെ നടപടികൾ കാരണം ജനങ്ങൾ ദുരിതത്തിലാണ്. ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസും ബി.ജെ.പി.-യുമായുണ്ടാക്കിയ രഹസ്യവും പരസ്യവുമായ ധാരണകൾ കേരളം കണ്ടതാണല്ലോ. ബി.ജെ.പി. ദളിതർക്കും ന്യൂനപക്ഷ വിഭാഗങ്ങൾക്കും എതിരാണ്. അതേ നിലപാടുകൾ തന്നെയാണ്

യു.ഡി.എഫ്.-ഉം കേരളത്തിൽ കൈക്കൊണ്ടത് എന്നത് യാദൃശ്ചികമല്ല. ഈ സർക്കാർ ജനങ്ങളുടെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യമാക്കി മുന്നോട്ടുപോകുമെന്ന വ്യക്തമായ സൂചനയാണ് നയപ്രഖ്യാപന പ്രസംഗത്തിൽ നൽകിയത്. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുക എന്നതിനായിരിക്കും ഈ സർക്കാരിന്റെ നയപരമായ മുൻഗണനയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് 1975-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ നയങ്ങളുടെ തുടർച്ച തന്നെയാണെന്ന് പറയാൻ എനിക്ക് അഭിമാനമുണ്ട്. അതുപോലെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ലക്ഷ്യമാക്കി പുതിയ വകുപ്പ് സൃഷ്ടിക്കാൻ എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചിരിക്കുന്നതും കേരളത്തിന്റെ സാമൂഹിക മുന്നേറ്റ ചരിത്രരേഖയായി മാറും. വികസനത്തെ പറ്റിയുള്ള സുവ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും കൂട്ടരുടെയും തട്ടിപ്പ് വികസനമല്ലിത്. വികസനവും പരിസ്ഥിതി സംരക്ഷണവും സമഞ്ജസമായി സമന്വയിപ്പിച്ചുകൊണ്ടായിരിക്കും ഇത് നിർവ്വഹിക്കുക. ഐ.ടി. മേഖല പോലുള്ള സംരംഭങ്ങളിൽ 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നത് സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ്. സർവ്വകലാശാലകളുടെ തലപ്പത്ത് യോഗ്യതയില്ലാത്തവരെ പ്രതിഷ്ഠിച്ച് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗം കുളംതോണ്ടിയ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലം എന്നെന്നേക്കുമായി അസ്തമിച്ചിരിക്കുന്നു. വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും ഉന്നതമായ മാനവികതയുടെ അടിസ്ഥാനത്തിൽ സംരക്ഷിക്കുവാനുള്ള നടപടികളാണ് ഈ സർക്കാരിന്റെ നയത്തിലുള്ളത്. അതുപോലെ വികസനരംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങളെ സജീവമാക്കാനുള്ള നിർദ്ദേശങ്ങളും ഈ സർക്കാർ മുന്നോട്ട് വച്ചിട്ടുണ്ട്. എടുത്തു പറയേണ്ട മറ്റൊരു കാര്യം നെൽകൃഷി വികസനത്തിന്റേതാണ്. .....(ബഹളം).....

പട്ടികജാതിപട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ശ്രീ. വി. എസ്. അച്ചുതാനന്ദൻ സമയം കൂടുതൽ എടുക്കുന്നുണ്ടെങ്കിൽ ആ സമയം മറ്റ് മെമ്പർമാരുടേതിൽ നിന്ന് കുറവു ചെയ്ത് ആദ്ദേഹത്തിന് കൊടുക്കാം.......(ബഹളം).....

മി. സ്പീക്കർ: നിങ്ങളാരും അസഹിഷ്ണുത കാണിക്കണ്ട. അത് വേണ്ട രീതിയിൽ കൈകാര്യം ചെയ്യാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, പലവിധ കാരണങ്ങൾകൊണ്ട് അടിക്കടി കുറഞ്ഞുവരുന്ന നെൽവയലുകൾ ഭൂമാഫിയയ്ക്ക് കൊടുത്ത് ഇല്ലാതാക്കാനാണ് ഉമ്മൻ ചാണ്ടി സർക്കാർ ശ്രമിച്ചത്. അതെല്ലാം തിരുത്തിയെഴുതി നെൽകൃഷി ഭൂമിയുടെ വിസ്തൃതി മൂന്ന് ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാൻ സർക്കാർ നടപടിയെടുക്കും. പൊതുവിതരണ സമ്പ്രദായം മികച്ച രീതിയിൽ കൊണ്ടുപോയ പാരമ്പര്യമാണ് എല്ലാക്കാലത്തെയും ഇടതുപക്ഷ സർക്കാരുകൾക്കുള്ളത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് സപ്ലൈകോ ഔട്ട്‌ലെറ്റുകളും നീതി സ്റ്റോറുകളും നന്മ സ്റ്റോറുകളുമൊക്കെ പൂട്ടുന്ന സ്ഥിതിയായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് മാർക്കറ്റിൽ ഇടപെടുകയും പൊതുവിതരണ ശൃംഖലവഴി നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകാൻ നടപടിയെടുക്കുകയും ചെയ്ത് പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ട് പോകുമെന്നുള്ളതിന്റെ ദൃഢനിശ്ചയമാണ് ഈ നയപ്രഖ്യാപനത്തിൽ തെളിഞ്ഞുകാണുന്നത്. ഈ സർക്കാർ പ്രഖ്യാപിച്ച നയങ്ങൾ ഞാൻ എണ്ണിയെണ്ണി പറയുന്നില്ല. നയപ്രഖ്യാപനത്തിന്റെ പൊതുസ്വരവും ദിശയുമാണ് പരമപ്രധാനം. എല്ലാ വിഭാഗം ജനങ്ങളെയും പ്രത്യേകിച്ച് സമൂഹത്തിന്റെ അടിത്തട്ടിലുള്ള ദളിതർ, സ്ത്രീകൾ തുടങ്ങിയവരുടെ സമുദ്ധാരണത്തിനുള്ള പ്രതിജ്ഞാബദ്ധമായ നീക്കമാണത്. അഴിമതി തികച്ചും അന്യമായ സർക്കാരായിരിക്കും ഇതെന്ന് നയ പ്രഖ്യാപനം വെളിപ്പെടുത്തുന്നുണ്ട്. പുരോഗതിയുടെയും ജനപക്ഷ ഇടപെടലുകളുടെയും ഭരണ സുതാര്യതയുടെയും സന്ദേശമാണ് ഈ നയപ്രഖ്യാപനം. അതുകൊണ്ടുതന്നെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ അധികമെടുത്ത 5 മിനിട്ട് സമയം ഭരണപക്ഷത്തുനിന്നുള്ള എം.എൽ.എ.മാരുടെ സമയത്തിൽ നിന്ന് കുറവ് ചെയ്താൽ മതി.

Mr. Speaker: Thank You.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആരുടെ സമയത്തിലാണ് കുറവ് ചെയ്യുന്നത്?

ശ്രീ. എ. കെ. ബാലൻ: അതുസംബന്ധിച്ച് ചെയറിന് എഴുതി കൊടുക്കുന്നുണ്ട്.

മി. സ്പീക്കർ: എഴുതിത്തരുന്ന മുറയ്ക്ക് തീരുമാനിച്ച് അറിയിക്കുന്നതാണ്.

12.14 pm]

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. നയപ്രഖ്യാപന പ്രസംഗത്തിലെ പല കാര്യങ്ങളും വിസ്മരിച്ചുകൊണ്ടുള്ള നന്ദി പ്രമേയമാണിത്. ഒരു പുതുമയില്ലാത്ത നയപ്രഖ്യാപനമാണ് ഗവൺമെന്റ് നടത്തിയത്. നയപ്രഖ്യാപനത്തിന്റെ ആമുഖത്തിൽ അവകാശപ്പെടുന്നത് വളരെ പ്രതീക്ഷയോടെ കേരളജനത അധികാരത്തിലേറ്റിയ സർക്കാരാണിതെന്നാണ്. അതിലൊന്നും നമുക്ക് അഭിപ്രായവ്യത്യാസമില്ല. ആ ജനതയ്ക്ക് പ്രതീക്ഷ നൽകുന്ന നയ പ്രഖ്യാപനമാണോ ഇതെന്ന് പരിശോധിക്കേണ്ടതുണ്ട്. പുതിയ കാലഘട്ടത്തിൽ സംസ്ഥാനത്തെ മുന്നോട്ട് നയിക്കുന്നതിന് എന്താണ് ഈ നയപ്രഖ്യാപനത്തിൽ വിശദീകരിച്ചിട്ടുള്ളത്? വരുന്ന അഞ്ച് വർഷം കേരളത്തെ എങ്ങനെ മുന്നോട്ട് നയിക്കുമെന്നതിന്റെ ചൂണ്ടുപലകയാണ് ഈ നയരേഖയെങ്കിൽ പ്രത്യേകിച്ച് ഒരു ദിശാബോധവും ഈ നയപ്രഖ്യാപനം പ്രദാനം ചെയ്യുന്നില്ല. കഴിഞ്ഞ സർക്കാരിനെ നിർലോപം കുറ്റപ്പെടുത്തുകയും ആ നയങ്ങൾ പരാജയമാണെന്ന് വിമർശിക്കുകയും ചെയ്തുകൊണ്ട് ആ സർക്കാർ നടപ്പിലാക്കിയ വികസനങ്ങൾ തുടരുമെന്ന പ്രഖ്യാപനമാണ് ഈ നയപ്രഖ്യാപനത്തിൽ കാണുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനുള്ള ഗുഡ് സർട്ടിഫിക്കറ്റാണ് നയപ്രഖ്യാപനത്തിൽ കാണാൻ സാധിക്കുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ പദ്ധതികളും പരിപാടികളും സംസ്ഥാനത്തിന്റെ നന്മയ്ക്ക് വേണ്ടിയുള്ളതായിരുന്നു വെന്നതാണ് ഇവിടെ തെളിയുന്ന യാഥാർത്ഥ്യം. ഞങ്ങളുടെ നയങ്ങളിൽനിന്ന് മാറ്റമുണ്ടാകുന്ന ഒന്നുരണ്ട് കാര്യങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മദ്യനയമാണ്. ഈ സംസ്ഥാനത്തെ അമ്മമാരുടെയും സഹോദരിമാരുടെയും പ്രാർത്ഥനയുടെ ഫലമായിട്ടാണ് മദ്യനയം രൂപപ്പെട്ടിട്ടുള്ളത്. നമ്മുടെ കുടുംബങ്ങളിലെ സമാധാനം തിരികെ വന്നത് മദ്യനയത്തിലൂടെയാണ്. ബാറുകൾ പൂട്ടിയത് ഗുണം ചെയ്തില്ലെന്ന കണ്ടെത്തൽ ശരിയല്ല. മദ്യത്തിന്റെ ഉപഭോഗം വലിയ തോതിൽ സംസ്ഥാനത്ത് കുറഞ്ഞിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടുമായിരുന്ന കേരളത്തെ അതിൽനിന്ന് തിരിച്ചു കൊണ്ടുവരാൻ മദ്യനയത്തിന് സാധിച്ചിട്ടുണ്ട്. മദ്യമാഫിയയ്ക്കുവേണ്ടി മദ്യനയം തിരുത്താൻ ശ്രമിക്കരുതെന്നാണ് സൂചിപ്പിക്കാനുള്ളത്. മദ്യനയത്തിൽ മാറ്റമുണ്ടാകുമോ എന്നുള്ളത് തെരഞ്ഞെടുപ്പ് കാലത്തെ വലിയ ചോദ്യമായിരുന്നു. മദ്യനയം തിരുത്തുകയില്ലെന്നും മദ്യനയത്തിൽ മാറ്റമുണ്ടാകില്ലെന്നും പറഞ്ഞാണ് നിങ്ങളും വോട്ട് വാങ്ങിയത്. നിങ്ങൾ തമ്മിൽ രഹസ്യധാരണ ഉണ്ടെന്നുള്ളത് ഇന്ന് പരസ്യമായ രഹസ്യമാണ്. അതിന്റെ മറപിടിച്ചുകൊണ്ട് മദ്യനയം തിരുത്താനുള്ള ശ്രമം ഉണ്ടായാൽ

കേരളത്തിൽ വലിയ പ്രക്ഷോഭങ്ങളെ ഈ സർക്കാർ നേരിടേണ്ടിവരുമെന്ന് സാന്ദർഭികമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ഇവിടെ വ്യത്യസ്തമായി പറഞ്ഞ മറ്റൊരു സംഗതി, വികേന്ദ്രീകൃത ആസൂത്രണവുമായി ബന്ധപ്പെട്ട് പഴയ ജനകീയാസൂത്രണം പൊടിതട്ടിയെടുത്ത് കൊണ്ടുവരുമെന്നതാണ്. ജനകീയാസൂത്രണം അന്നത്തെ കാലത്ത് ഹിറ്റ് ആയിരിക്കാം. ഇന്ന് അധികാര വികേന്ദ്രീകരണത്തിന് രണ്ട് പതിറ്റാണ്ടിന്റെ പ്രായമായി. രാജീവ് ഗാന്ധിയുടെ സ്വപ്നസാഫല്യമായി കൊണ്ടു വന്ന പഞ്ചായത്തീരാജ് അടിസ്ഥാനത്തിലുള്ള പഞ്ചായത്തുകൾ വന്നത് 1995-ലാണ്. 2015-ഓടുകൂടി രണ്ട് പതിറ്റാണ്ട് പൂർത്തിയായി. ഇനിയും പഴയ ജനകീയാസൂത്രണം കൊണ്ടുവരേണ്ടതുണ്ടോയെന്ന് പലവട്ടം ആലോചിക്കേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണം വിജയകരമായി കേരളത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. പഴയ രീതിയിലേക്ക് പോകുന്നത് ഗുണം ചെയ്യില്ല. ജനകീയാസൂത്രണം പരാജയമായിരുന്നുവെന്ന് ഇടതുപക്ഷ ബുദ്ധിജീവികൾ തന്നെ പിന്നീട് പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതുകൊണ്ട് അത്തരം കാര്യങ്ങളിലെല്ലാം വലിയ ചർച്ചകൾ ഉണ്ടാകേണ്ടതുണ്ട്. അതുപോലെ പല പ്രഖ്യാപനങ്ങളും ആവർത്തനമാണ്. ഞാൻ അതെല്ലാം പറയുന്നില്ല. സേവനാവകാശ നിയമം ശക്തിപ്പെടുത്തുമെന്ന് പറഞ്ഞു. അത് കൊണ്ടുവന്നത് യു.ഡി.എഫ്. ഗവൺമെന്റാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുമെന്ന് പറഞ്ഞു. ആ ആശയം കൊണ്ടുവന്നതും യു.ഡി.എഫ്. ഗവൺമെന്റ് തന്നെയാണ്. 'നിങ്ങൾ കൊണ്ടുവന്നതെല്ലാം ഞങ്ങൾ പിന്തുടരു'മെന്ന് പറയുന്നത് ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്.

സർക്കാരിന് ഒരു മാസമേ പ്രായമായിട്ടുള്ളൂ. വിലയിരുത്താനുള്ള സമയമായിട്ടില്ല, ഞങ്ങൾ വിലയിരുത്തുന്നുമില്ല അഭിപ്രായം പറയുന്നുമില്ല. ഈ ഒരു മാസത്തിനുള്ളിലുണ്ടായ പല കാര്യങ്ങളും ശുഭസൂചനയല്ലല്ലോ നൽകുന്നത്. ഒന്ന്, ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ അപ്രതീക്ഷിതമായി വീണുകിട്ടിയ അധികാരത്തിന്റെ ഹുങ്കിൽ കേരളത്തിലുണ്ടായ അതിക്രമങ്ങൾ പഴയകാല മാർക്സിസ്റ്റ് ഭരണങ്ങളെ ഓർമ്മപ്പെടുത്തുന്നുണ്ടെന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. എത്രയെത്ര വീടുകളും പാർട്ടി ഓഫീസുകളും തകർക്കപ്പെട്ടു, പൊതുപ്രവർത്തകർ ആക്രമിക്കപ്പെട്ടു. ആദ്യത്തെ രണ്ടുമൂന്ന് ആഴ്ച വളരെ വലിയ അഴിഞ്ഞാട്ടമാണ് സംസ്ഥാനം കണ്ടത്. ആ സന്ദർഭത്തിൽ ക്രമസമാധാന രംഗത്ത് വലിയ വീഴ്ചകൾ ഉണ്ടായിയെന്ന് ഗവൺമെന്റിനെ വിലയിരുത്താൻ സമയമായിട്ടില്ലെങ്കിലും ഓർമ്മപ്പെടുത്തുകയാണ്. അതുപോലെതന്നെ, പുതിയ ചില നീക്കങ്ങൾ നമ്മുടെ സുതാര്യത നഷ്ടപ്പെടുത്തുകയാണ്. ഇപ്പോൾ ക്യാബിനറ്റ് ബ്രീഫിംഗ് നിർത്തലാക്കിയിരിക്കുകയാണ്. മന്ത്രിസഭാ തീരുമാനങ്ങൾ സുതാര്യമായിരിക്കില്ല. അതുപോലെതന്നെ ഭരണവിശേഷങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കില്ലെന്ന പ്രഖ്യാപനമാണ്

ക്യാബിനറ്റ് ബ്രീഫിംഗ് ഇല്ലെന്നുള്ളതിലൂടെ നമ്മൾ കാണുന്നത്. 1970 മുതൽ മാറിമാറി വന്ന ഭരണകൂടങ്ങൾ, മുഖ്യമന്ത്രിമാർ എന്നിവർ മന്ത്രിസഭായോഗത്തിനുശേഷം വാർത്താസമ്മേളനം നടത്തുകയും മന്ത്രിസഭയിലെടുത്ത തീരുമാനങ്ങളും അവ എടുക്കാനുണ്ടായ സാഹചര്യങ്ങളും പത്രക്കാരുടെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും എല്ലാ പറഞ്ഞുകൊണ്ട് ആഴ്ചയിലൊരു പരസ്യ വിചാരണ നേരിടുകയാണ് ചെയ്തിരുന്നത്. അതുപോലെതന്നെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ജനങ്ങളുമായി ബന്ധിപ്പിക്കുന്ന ഒരു ആശയവിനിമയമാണ് നടക്കുന്നത്. അച്യുതമേനോൻ വളരെ കൃത്യമായി അത് ചെയ്തിട്ടുണ്ട്. കെ കരുണാകരൻ വളരെ ഫലപ്രദമായി അതുപയോഗപ്പെടുത്തിയിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹവും ചെയ്തിട്ടുണ്ട്. ഇ. കെ. നായനാരുപോലും വളരെ സരസമായി ക്യാബിനറ്റ് ബ്രീഫിംഗിലൂടെ ഭരണത്തെ ജനങ്ങളുമായി ബന്ധപ്പെടുത്തിയിരുന്നു. പക്ഷെ, ഇപ്പോൾ ക്യാബിനറ്റ് ബ്രീഫിംഗില്ല. പത്രലോകത്തുനിന്നും മറ്റു കോണുകളിൽനിന്നുമൊക്കെ അതിനെതിരായി വന്നിട്ടുള്ള ചില വിമർശനങ്ങൾ നമ്മൾ കാണേണ്ടതുണ്ട്. ഇത് നിഗൂഢമാണ്; ഭരണത്തിന് സുതാര്യതയുണ്ടാകില്ലെന്നൊരു പ്രഖ്യാപനമാണ്. വിവരാവകാശ നിയമമൊക്കെ വരുന്നതിനുമുമ്പ് നമ്മൾ കൊടുത്ത ഒരാനുകൂല്യമാണത്. അതുപോലും നഷ്ടപ്പെടുത്തികൊണ്ടിരിക്കുകയാണ്.

അതുപോലെതന്നെയാണ് ശ്രീമതി അഞ്ജു ബോബി ജോർജ്ജിനുണ്ടായ അപമാനകരമായ സ്ഥിതി. ലോകത്തിനുമുമ്പിൽ കേരളത്തെ ഉയർത്തിപ്പിടിച്ച ഒരു കായികതാരത്തിന് വന്ന അപമാനം; തലശ്ശേരിയിലെ ദളിത് പെൺകുട്ടികളുടെ അവസ്ഥ; നമ്മുടെ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ ദളിതർക്ക് വലിയ അഭിമാനം നൽകുന്ന ഭരണമാണ് ഇതുവഴി ഉണ്ടാകാൻ പോകുന്നതെന്ന് പറഞ്ഞു. ഈ രൂപത്തിലാണെങ്കിൽ അത് വേണ്ട എന്നിവിടെ സൂചിപ്പിക്കുകയാണ്. അതുപോലെ തന്നെ ഈ തെരഞ്ഞെടുപ്പിനെക്കുറിച്ച് നിങ്ങളിവിടെ പറഞ്ഞു. തെരഞ്ഞെടുപ്പിലെ ജനവിധിയെ ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷെ, വളരെ വലിയ കുതന്ത്രങ്ങളല്ലേ നിങ്ങൾ കാണിച്ചത്? കഴിഞ്ഞ അഞ്ചുവർഷക്കാലം സംസ്ഥാനത്തെ ഭൂരിപക്ഷ സമൂഹത്തെ നിങ്ങൾ നിരന്തരമായി പ്രകോപിപ്പിച്ചു. കഴിഞ്ഞ ഭരണം ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ളതാണ്; എല്ലാം ന്യൂനപക്ഷങ്ങൾക്കു വേണ്ടിയാണ് എന്നുപറഞ്ഞ് തെറ്റിദ്ധരിപ്പിച്ച്, ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് ഭൂരിപക്ഷത്തെ നിങ്ങൾ പ്രകോപിപ്പിച്ചു. എന്നാൽ ഇപ്പോൾ തെരഞ്ഞെടുപ്പ് വന്നപ്പോൾ അതേ ന്യൂനപക്ഷങ്ങളുടെ അടുത്തുപോയി ആർ.എസ്.എസ്.ഉം ബി.ജെ.പി.യും വരുന്നു, പ്രതിരോധിക്കാൻ ഞങ്ങൾ മാത്രമെയുള്ളൂ, ഞങ്ങളുടെ കൂടെ നിൽക്കണം എന്നു പറഞ്ഞു. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മുസ്ലീങ്ങളുടെയും

ക്രിസ്ത്യാനികളുടെയും പ്രത്യേകമായ യോഗംപോലും തെക്കൻ കേരളത്തിൽ നിങ്ങൾ വിളിച്ചിട്ടുണ്ട്. പക്ഷെ യഥാർത്ഥത്തിൽ നിങ്ങൾ സംഘ് പരിവാറിനെതിരായുള്ള ചാമ്പ്യന്മാരാണോ; എവിടെയെങ്കിലും നിങ്ങളങ്ങനെ വന്നിട്ടുണ്ടോ? അന്ധമായ കോൺഗ്രസ്സ് വിരോധത്തിന്റെ പേരിൽ വി. പി. സിംഗ് ഗവൺമെന്റുണ്ടാക്കിയതിലും, ബി.ജെ.പി.യെ ഭരണത്തിലെത്തിച്ചതിലുമൊക്കെ നിങ്ങളുടെ നിരുത്തരവാദപരമായ പങ്കുണ്ടെന്നുള്ളകാര്യം ഞാൻ ഇവിടെ കൂടുതലായി വിശദീകരിക്കുന്നില്ല. മോദി ഭരണത്തിന്റെ തീക്ഷ്ണമായ വെല്ലുവിളികൾ ഈ രാജ്യം നേരിടുമ്പോൾ, ഒരു സാംസ്കാരിക അടിയന്തരാവസ്ഥ നിലനിൽക്കുമ്പോൾ, എം. എം. കൽബുർഗിയും അതുപോലെതന്നെ ഗോവിന്ദ പൻസാരെയും അഖ്ലാക്കുമൊക്കെ കൊല്ലപ്പെട്ട ഭീതിദമായ സന്ദർഭത്തിൽ ബീഹാറിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ വിശാലമായ സഖ്യം രൂപപ്പെട്ടു. ആ സഖ്യത്തിൽ എല്ലാവരും ഉണ്ടായപ്പോഴും നിങ്ങൾ എവിടെയായിരുന്നു? ആ വിശാല സഖ്യത്തിന്റെ വോട്ട് ചോർത്താനാണ് അന്ന് സി.പി.ഐ.(എം) പ്രത്യേകമായി മത്സരിച്ചത്. 15 സീറ്റുകൾ ഈ വിശാല സഖ്യത്തിന് നഷ്ടപ്പെടുത്തുകയാണ് നിങ്ങൾ ചെയ്തത്. എന്നും ഇങ്ങനെതന്നെ. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എന്താണ് നിങ്ങൾ ചെയ്തത്; നിങ്ങൾക്ക് വലിയ വോട്ടൊന്നും ഇല്ലെങ്കിലും മതേതര വോട്ടുകൾ ഭിന്നിപ്പിക്കുകയാണ് ചെയ്തതെന്ന കാര്യം നമ്മൾ കണ്ടതാണ്. ആശയപരമായി ബി.ജെ.പി.യെ നേരിടാൻ നിങ്ങൾക്ക് കഴിയില്ല. കേരളത്തിൽ ബീഫ് ഫെസ്റ്റ് നടത്തി നിങ്ങൾ ആളുകളെ പറ്റിക്കുന്നതുപോലെ ന്യൂനപക്ഷത്തെ പറ്റിച്ചു. ന്യൂനപക്ഷത്തിന്റെയും ഭൂരിപക്ഷത്തിന്റെയും വോട്ട് പരസ്പരവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് നേടിയെടുത്ത ഒരു രാഷ്ട്രീയ കാപട്യമാണ് ഈ തെരഞ്ഞെടുപ്പ് വിജയം. അതിന് അധികനാൾ നിലനിൽപ്പില്ലായെന്ന് പറയേണ്ടിയിരിക്കുന്നു.

ഇവിടെ ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചൊക്കെ നിങ്ങൾ വലിയ വർത്തമാനമാണ് പറഞ്ഞത്. പക്ഷെ ഞങ്ങൾക്ക് വലിയ പ്രയാസങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിലുണ്ടാക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടില്ല. കഴിഞ്ഞ തവണ ഞങ്ങൾ 20 പേരുണ്ടായിരുന്നുവെങ്കിൽ ഇന്ന് ഞങ്ങൾ 18 പേരുമിവിടെയുണ്ട്. നിങ്ങൾ അതിന് ആരെയൊക്കെയാണ് കൂട്ടുപിടിച്ചത്; നിങ്ങളുടെ കൂട്ടത്തിൽ യാഥാസ്ഥിതിക മതപുരോഹിതന്മാരായിട്ടുള്ള കാന്തപുരവും എൻ.ഡി.എഫ്.-ഉം പി.ഡി.പി.-യും ഉണ്ടായിരുന്നു. അവരെയൊക്കെ കൂട്ടുപിടിച്ചിട്ടും നിങ്ങൾക്ക് ഞങ്ങളെ 20-ൽ നിന്ന് 18 ആക്കാൻ മാത്രമെ സാധിച്ചിട്ടുള്ളൂ. ഞങ്ങൾ 18 ആയെങ്കിൽ രണ്ടുമൂന്നു സീറ്റുകളിൽ ഞങ്ങളെ തോൽപ്പിച്ചത് ജനാധിപത്യമാണോ വേറെ വല്ല മാർഗ്ഗവുമാണോയെന്ന് ചർച്ച ചെയ്യേണ്ടതുണ്ട്. ഞങ്ങൾ വിജയിച്ച കുറ്റ്യാടി മണ്ഡലമുണ്ട്. ഇന്നും മാർക്സിസ്റ്റ്

പാർട്ടിക്ക് ആ ഉൾക്കിടിലം മാറിയിട്ടില്ല. ഈ തരംഗത്തിലും കുറ്റ്യാടി പിടിച്ചെടുത്ത ചില ആൺകുട്ടികൾ ഞങ്ങളുടെ കൂട്ടത്തിലുണ്ട് എന്നകാര്യംകൂടി ഇവിടെ സൂചിപ്പിക്കുകയാണ്. മണ്ണാർക്കാട് പിടിക്കാൻ നിങ്ങൾക്ക് കൂട്ട് ആരായിരുന്നു; ഒരു മതപുരോഹിതനായിരുന്നല്ലോ; അദ്ദേഹം എന്നെ തോൽപ്പിക്കുമെന്ന് പ്രഖ്യാപിച്ചപ്പോൾ ആ വെല്ലുവിളി മതേതര സമൂഹം ഏറ്റെടുത്തു. നിങ്ങൾ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു, ഒപ്പം നിന്ന് ഫോട്ടോ എടുത്തു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങേക്ക് ഇനി 2 മിനിട്ട് കൂടിയേയുള്ളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങനെ ഒരു മതപുരോഹിതൻ പറഞ്ഞാൽ അവിടെ മതേതരവാദികൾ തോൽക്കുമെന്ന് നിങ്ങൾ കരുതിയോ; ഉർവ്വശീശാപം ഉപകാരമായി, എന്റെ ഭൂരിപക്ഷം വർദ്ധിച്ചു. നിങ്ങൾക്കത് വല്ലാത്ത ഗതികേടായിപ്പോയി, ഇടതുപക്ഷക്കാരുപോലും എനിക്ക് വോട്ടു ചെയ്തു. 'അവര് അങ്ങനെ പറഞ്ഞതു കൊണ്ട് ഞങ്ങൾ ഇപ്രാവശ്യം നിങ്ങൾക്കാണ് വോട്ടുചെയ്യുന്നതെന്ന് പറഞ്ഞ ഇടതുപക്ഷക്കാരുണ്ടായിരുന്നു. നിങ്ങളെവിടെയാണ്? നിങ്ങളുടെ വോട്ടിൽ ഇതൊക്കെയുണ്ട്. ഈ യാഥാസ്ഥിതിക-മത-മൗലികവാദികളുടെയും വർഗ്ഗീയവാദികളുടെയും തീവ്രവാദികളുടെയും വോട്ടുണ്ട്. പക്ഷെ, ഞങ്ങൾക്ക് കിട്ടിയ 18 സീറ്റിലും ശുദ്ധ മതേതര വോട്ടാണ് കിട്ടിയതെന്ന് അഭിമാനത്തോടുകൂടി ഇവിടെ പറയാൻ സാധിക്കും. അതിൽ യാഥാസ്ഥിതിക മൗലികവാദികളുടെയും തീവ്രവാദികളുടെയും ഭീകരവാദികളുടെയും വോട്ടില്ലായെന്ന് ഞങ്ങൾക്ക് പറയാൻ സാധിക്കും. എസ്.ഡി.പി.ഐ., വെൽഫയർ പാർട്ടി തുടങ്ങിയ പാർട്ടികളൊക്കെ നാമാവശേഷമായി. അവർക്കൊക്കെ മുമ്പ് കിട്ടിയ വോട്ടിന്റെ പകുതിപോലും ഇപ്പോൾ കിട്ടുന്നില്ല. എന്താണ് കാരണം? വോട്ടൊക്കെ നിങ്ങളുടെ പെട്ടിയിലേക്കാണ് പോയിട്ടുള്ളത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം മുസ്ലീംലീഗിന് മതേതര നിലപാടുകൾക്ക് കിട്ടിയ അംഗീകാരംകൂടിയാണ് ഈ തെരഞ്ഞെടുപ്പിലെ 18 സീറ്റെന്ന കാര്യം ഇവിടെ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഈ നയപ്രഖ്യാപനത്തെതുടർന്ന് ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. സ്പീക്കർ: ഈ സഭയിൽ ബഹുമാന്യന്മാരായ രണ്ട് മുൻമുഖ്യമന്ത്രിമാരുണ്ട്. മുൻമുഖ്യമന്ത്രിമാർ സംസാരിക്കുമ്പോൾ ചെയർ പരിധിവിട്ട് ഇടപെടുന്നത് മര്യാദയല്ല എന്നതുകൊണ്ടാണ് നേരത്തെ ഇടപെടാതിരുന്നത്. പക്ഷെ നാം തീരുമാനിച്ച സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് അദ്ദേഹം അധികമായി എടുത്ത 5 മിനിട്ട് സമയം ബന്ധപ്പെട്ട പാർട്ടിയിൽനിന്നുള്ള അംഗങ്ങളുടെ പ്രസംഗ സമയത്തിൽ

നിന്ന് കുറയ്ക്കാൻ അവർ എഴുതിത്തന്നിട്ടുണ്ട്. ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. പി. ഉണ്ണി, ശ്രീ. എം. രാജഗോപാലൻ എന്നിവർ ഓരോ മിനിട്ട് വീതവും ശ്രീ. സി. കെ. ഹരീന്ദ്രൻ രണ്ടു മിനിട്ടും എന്നിങ്ങനെ അദ്ദേഹം അധികം ഉപയോഗിച്ച 5 മിനിട്ടും ഇവരുടെ പ്രസംഗ സമയത്തിൽനിന്നും കുറയ്ക്കുന്നതാണെന്ന് അറിയിക്കുന്നു.

12.26 pm]

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. അഭിമാനത്തിന്റെ ഉത്തുംഗശൃംഖത്തിലാണ് കേരളം. അപമാനത്തിന്റെ പാതാള ഗർത്തത്തിൽനിന്ന് കേരളത്തെ ഉയർത്തികൊണ്ടുവന്നിരിക്കുകയാണ്. കേരളം ലോകത്തിനുമുന്നിൽ ശിരസ്സുതാഴ്ത്തി നിൽക്കാൻ കാരണമായ യു.ഡി.എഫ്.ന്റെ അഴിമതി നിറഞ്ഞ ഭരണത്തെ ജനം തള്ളിക്കളഞ്ഞിരിക്കുന്നു. കേരളത്തിൽ ഒരു ചുവന്ന താരകമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുകയാണ്. ഇവിടെ കഴിഞ്ഞ അഞ്ചുവർഷം ജനദ്രോഹ ഭരണമായിരുന്നു. സോളാർ അഴിമതി, ബാർ അഴിമതി, സിവിൽ സപ്ലൈസ് അഴിമതി, വിദ്യാഭ്യാസ അഴിമതി എന്നിങ്ങനെ എല്ലാ മേഖലയിലും അഴിമതിയായിരുന്നു. അഴിമതി നിറഞ്ഞ യു.ഡി.എഫ്. ഭരണം കേരള ജനത കണ്ടതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഭരണ കാലഘട്ടത്തിലെ അവസാന നിയമസഭാ സമ്മേളനത്തിൽ പങ്കെടുത്തു കൊണ്ട് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരുമെന്ന് ഞാൻ പറഞ്ഞു. മദ്യവും മദിരാക്ഷിയുമായി രാജ്യഭരണത്തിൽ ശ്രദ്ധയില്ലാതിരുന്ന കുരുക്ഷേത്രത്തിന്റെ രാജ്യാവകാശിയുടെ നെറികെട്ട ജീവിതത്തിൽനിന്നും കുരുക്ഷേത്രത്തെ രക്ഷിക്കാൻ വേദവ്യാസൻ വരുമെന്ന് പറയുകയും ആ വേദവ്യാസൻ വന്ന് കുരുക്ഷേത്രത്തെ രക്ഷിക്കുകയും ചെയ്തു. അതുപോലെ മദ്യത്തിന്റെയും മദിരാക്ഷിയുടെയും പേരിൽ കേരളത്തെ നശിപ്പിച്ച യു.ഡി.എഫ്.-നെ തകർത്തു കൊണ്ട് കേരളത്തെ രക്ഷിക്കാൻ വേദവ്യാസനായി എൽ.ഡി.എഫ്. വന്നിരിക്കുകയാണ്. 'എൽ.ഡി.എഫ്. വരും എല്ലാ ശരിയാകും' എന്ന ആപ്തവാക്യം കേരളത്തിലെ ഓരോ മനുഷ്യനും നെഞ്ചോട് ചേർത്തുപിടിച്ചതിന്റെ ഫലമാണ് കേരളത്തിൽ 91 സീറ്റ് നേടി ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നത്. കേരളത്തിൽ മതേതര ജനാധിപത്യ കക്ഷികളെല്ലാം മുസ്ലീം ലീഗിന് വോട്ടുചെയ്തുവെന്ന് ഇവിടെ പറഞ്ഞു. അവർ എങ്ങനെയാണ് ജയിച്ചതെന്ന് നമുക്കെല്ലാവർക്കുമറിയാം. കേരളത്തിൽ 140 സീറ്റുകളിലും ഒരുപക്ഷെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അത്ഭുതകരമായി വിജയിക്കുമായിരുന്നു, അതാണ് കേരളത്തിലെ ജനങ്ങൾ നമുക്ക് കാണിച്ചുതന്നത്.

തീവ്രവാദികളെയും അതുപോലെ വർഗ്ഗീയവാദികളെയും കൂട്ടുപിടിച്ചുകൊണ്ടാണ് അവരിൽ പലരും ഇന്ന് ജയിച്ച വന്നത്. കേരളത്തിൽ അഴിമതി ഒഴിവാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി തീരുമാനിച്ചിരിക്കുകയാണ്. അഴിമതിക്കാരെ കൽതുറങ്കിലടയ്ക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പട്ടികജാതിക്കാരുമായി വലിയ പ്രേമത്തിലാണെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. ദളിത് വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളെ പോലീസിനെക്കൊണ്ട് അറസ്റ്റ് ചെയ്ത് കൽതുറങ്കിലടച്ചുവെന്ന് പറഞ്ഞു. ഞാൻ ചോദിക്കുകയാണ്, നിങ്ങൾ ഭരിച്ചപ്പോഴല്ലേ ആദിവാസി വിഭാഗത്തിൽപ്പെട്ട 50 കുട്ടികളെ 57 ദിവസം ജയിലിനുള്ളിലാക്കിയത്? എൽ.ഡി.എഫ്. ആയിരുന്നോ അത് ചെയ്തത്? ആദിവാസി നേതാവായിരുന്ന ശ്രീമതി സി. കെ. ജാനുവിന്റെ മുഖം നിങ്ങൾ അടിച്ചുതകർത്തില്ലേ; ജോഗി എന്നുപറഞ്ഞ ചെറുപ്പക്കാരനെ നിങ്ങൾ വെടിവച്ച് കൊന്നില്ലേ? അയാളുടെ കുടുംബത്തെ രക്ഷപ്പെടുത്തിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. ആ കുടുംബത്തിലെ ഒരംഗത്തിന് ജോലി കൊടുത്തു. ജോഗിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകി എൽ.ഡി.എഫ്. ഗവൺമെന്റ് സഹായിച്ചു. അങ്ങനെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനസമൂഹത്തെ ഇല്ലാതാക്കുന്നതിനു വേണ്ടി പരിശ്രമിച്ച യു.ഡി.എഫ്. ആണ് ഇപ്പോൾ പട്ടികജാതി- പട്ടികവർഗ്ഗ പ്രേമം പറയുന്നത്. നിങ്ങളുടെ പാർട്ടി ഓഫീസിൽ തൂക്കാൻ വന്ന രാധ എന്ന പെൺകുട്ടിയെ കൊന്ന് ചാക്കിലാക്കി കെട്ടിത്താഴ്ത്തിയില്ലേ; അത് കേരളം കണ്ടതല്ലേ? എന്നിട്ട് നിങ്ങളാണോ കേരളത്തിലെ സ്ത്രീകളുടെയും പട്ടികജാതിക്കാരുടെയും ക്ഷേമത്തെക്കുറിച്ച് പറയുന്നത്? കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വളരെ കരുതലോടു കൂടിയാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ടാണ് ഗവർണ്ണർ അദ്ദേഹത്തിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ കേരളത്തിലെ പൊതുജനത്തെ രക്ഷിക്കാൻവേണ്ടിയുള്ള നിരവധി നിർദ്ദേശങ്ങൾ കൊണ്ടുവന്നത്. കേരളത്തിന്റെ പൊതുജീവിതത്തെ നല്ല നിലയിലേക്ക് കൊണ്ടുപോകുന്ന നയപ്രഖ്യാപനമാണ് ഗവർണർ നടത്തിയത്.

നിക്ഷേപം ആകർഷകമാക്കാനുള്ള നിയമം, ജനഹിതത്തോടെയുള്ള പുതിയ മദ്യനയം, സമയബന്ധിതമായ ഐ.ടി. നയം, വികേന്ദ്രീകരണത്തിന്റെ രണ്ടാംഘട്ടം, ആരോഗ്യ കേന്ദ്രങ്ങളിൽ ശാസ്ത്ര-സാങ്കേതിക വികസന നയം, വിപുലമായ ഇ-ഓഫീസ് സംവിധാനം, സ്ത്രീ സുരക്ഷയ്ക്ക് പ്രത്യേക പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലുള്ളവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക നിയമ സംവിധാനം, പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തൽ, വിലക്കയറ്റം പിടിച്ചു നിർത്തൽ തുടങ്ങിയ ആകർഷകമായിട്ടുള്ള നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ചെറുപ്പക്കാരെ വഞ്ചിച്ച ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. കഴിഞ്ഞ അഞ്ചുവർഷം കേരളത്തിൽ നിയമനം ഉണ്ടായിരുന്നോ? ഒരു തൊഴിൽ കിട്ടിയിട്ടുവേണം നല്ല വീടുവയ്ക്കാൻ, വിവാഹം കഴിക്കാൻ, പ്രായംചെന്ന മാതാപിതാക്കളെ സംരക്ഷിക്കാൻ എന്ന് സ്വപ്നം കണ്ടിരുന്ന ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് അപ്രഖ്യാപിതമായി പ്രഖ്യാപിച്ച നിയമന നിരോധനം എടുത്തുകളയാൻ തീരുമാനിച്ചു. ചെറുപ്പക്കാർക്ക് തൊഴിൽ നൽകാനുള്ള നടപടിയുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നു. കഴിഞ്ഞ യൂ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സാമൂഹ്യക്ഷേമ പെൻഷനു വേണ്ടി ഞാൻതന്നെ പ്രതിപക്ഷത്തിരുന്നു കൊണ്ട് എത്രയോ സബ്മിഷനുകളും ശ്രദ്ധ ക്ഷണിക്കൽ പ്രമേയവും കൊണ്ടുവന്നു. അന്ന് സാമൂഹ്യക്ഷേമ പെൻഷനുകൾ കുടിശ്ശികയായിരുന്നു. അതുപോലെ ക്ഷേമനിധി അംഗങ്ങൾക്ക് കോടിക്കണക്കിന് രൂപ നിങ്ങൾ കുടിശ്ശിക വരുത്തിയില്ലേ? നിങ്ങൾ വയോധികരായ പാവപ്പെട്ട ആളുകളെ ഏതെങ്കിലും തരത്തിൽ സഹായിച്ചിട്ടുണ്ടോ? ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പുതന്നെ കേരളത്തിലെ പാവപ്പെട്ട മനുഷ്യരെ സംരക്ഷിക്കും, സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സാമൂഹ്യക്ഷേമ പെൻഷനുകൾ ആയിരം രൂപയായി വർദ്ധിപ്പിക്കുകയെന്ന പ്രധാനപ്പെട്ട തീരുമാനമാണ് ആദ്യമായി എടുത്തത്. ഇപ്പോൾ അവർ പെൻഷൻ വാങ്ങുന്നതിനുവേണ്ടി ബാങ്കുകൾതോറും കയറിയിറങ്ങുകയാണ്. ഓരോ ദിവസവും ഓട്ടോറിക്ഷ പിടിച്ച് ബാങ്കിൽ ചെന്ന് പെൻഷൻ വന്നോ എന്ന് ചോദിക്കും. പണ്ട് സാംബശിവൻ അദ്ദേഹത്തിന്റെ കഥാപ്രസംഗത്തിൽ പറയുന്നതുപോലെ റേഷൻ കടയിൽ ചെന്ന് മുതലാളീ, പഞ്ചസാര വന്നോ എന്ന് ചോദിക്കുന്നതുപോലെ ഈ പാവപ്പെട്ട മനുഷ്യർ ബാങ്കുകളിൽ ചെന്ന് ഞങ്ങളുടെ പെൻഷൻ വന്നോ എന്നുചോദിക്കും. അവർക്ക് പെൻഷനും കൊടുത്തില്ല, ഒന്നും കൊടുത്തില്ല. അവർ ഓട്ടോറിക്ഷാ കൂലി കടംവാങ്ങി കൊടുക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ ഇവിടെ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യമെടുത്ത തീരുമാനം സാമൂഹ്യക്ഷേമ പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിക്കുകയും ആ പെൻഷൻ വീടുകളിൽ കൊണ്ടുചെന്ന് കൊടുക്കാൻ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് ആലോചിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. മുഴുവൻ പേർക്കും വീടുകളിൽ കൊണ്ടുപോയി പെൻഷൻ നൽകുകയാണ്. മുമ്പ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഇങ്ങനെ കൊടുത്തിരുന്നതാണ്. നിങ്ങൾ വന്നതിനു

ശേഷമാണ് അത് ഇല്ലാതാക്കിയത്. അതിവിടെ പുനഃസ്ഥാപിക്കാൻ തീരുമാനിച്ചു. അതുപോലെതന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഇ.എം.എസ്.-ന്റെ പേരിലും സഖാവ് എം.എൻ.-ന്റെ പേരിലും കൊണ്ടുവന്ന ഭവന നിർമ്മാണ പദ്ധതി നിങ്ങൾ ഇല്ലാതാക്കി. ഈ പാവപ്പെട്ട മനുഷ്യരെ സഹായിക്കുന്നതിനും വീടില്ലാത്തവർക്ക് വീടുവച്ച് കൊടുക്കുന്നതിനുമുള്ള നടപടികളുമായി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ട് പോകും.

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ തകർച്ചയെക്കുറിച്ച് കഴിഞ്ഞ പ്രാവശ്യം നമ്മളെല്ലാപേരും ചർച്ച ചെയ്തതാണ്. കാർഷികമേഖലയും വ്യാവസായിക മേഖലയും പരമ്പരാഗത മേഖലയും എല്ലാം തകർന്നു. ആ മേഖലകളെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടിയുള്ള നയങ്ങളാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ കൊണ്ടു വന്നിട്ടുള്ളത്. അതെല്ലാം കേരളത്തിൽ നടപ്പാക്കാൻ വേണ്ടിയുള്ള കരുതലോടെയാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. വളരെ ജാഗ്രതയോടും കരുതലോടുംകൂടി ആ മേഖലകളെയെല്ലാം സംരക്ഷിക്കാൻ വേണ്ടിയുള്ള സമീപനങ്ങളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അഴിമതിക്കാരെ നിലയ്ക്കുനിർത്താനും എല്ലാ മേഖലയും സംരക്ഷിക്കാനും കഴിയുന്ന തരത്തിൽ മുന്നോട്ടുപോകും. അതുകൊണ്ടാണ് അഴിമതിക്കാരെ ഒഴിവാക്കാൻ കേരളത്തിലെ ജനങ്ങൾ തീരുമാനിച്ചത്. യു.ഡി.എഫ്.-ന്റെ എണ്ണം എത്രയാണെന്നും കോൺഗ്രസ്സുകാരുടെ സീറ്റ് എത്രയാണെന്നും നമുക്കറിയാം. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? കേരളത്തിലെ ജനം ആഗ്രഹിക്കുന്നത് അഴിമതിരഹിതമായ ഒരു ഭരണമാണ്. അരയന്നത്തെപ്പോലെയാണ് കേരളത്തിലെ ജനങ്ങൾ. അരയന്നത്തിനുമുന്നിൽ വെള്ളവും പാലും കൊണ്ടുചെന്നുവച്ചാൽ അത് വെള്ളത്തെ മാറ്റി പാലിനെ സ്വീകരിക്കും. അതുപോലെയാണ് കേരളത്തിലെ സംസ്കാര സമ്പന്നരായ ജനങ്ങൾ അഴിമതിരഹിതമായ ഭരണം വരാൻവേണ്ടി അരയന്നത്തെ പോലെ അഴിമതിക്കാരെ ഒഴിവാക്കി എൽ.ഡി.എഫ്.-നെ സ്വീകരിച്ചത്. കേരളത്തിൽ എല്ലാ മേഖലയിലും ജനം ആഗ്രഹിച്ചതുപോലെയുള്ള ഭരണം വരാൻ പോകുകയാണ്. ആ ഭരണം തീർച്ചയായും നമ്മുടെ നാടിന് അഭിമാനമായിരിക്കും. തിരുക്കുറലിൽ 'അറൻ ഇളുക്കാത്, അല്ലവൈ നീക്കിമാൻ ഇളുക്കാ, മാനം ഉടയത് അരശു 'എന്നൊരു തമിഴ് വാക്യമുണ്ട്. ഇതിനർത്ഥം ധർമ്മങ്ങളിൽ വ്യതിചലിക്കാത്തതും അധർമ്മങ്ങളെ ഒടുക്കി ധീരതയോടെ പ്രവർത്തിക്കുന്നതുമായ നിഷ്പക്ഷതാധർമ്മം കൊണ്ട് അഹങ്കാരമില്ലാത്ത ഭരണം കാഴ്ചവയ്ക്കുന്നതാണ് രാജകീയം അഥവാ രാജധർമ്മം എന്നാണ്. ആ ധർമ്മം ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ നടപ്പാക്കാൻ പോകുകയാണ് എന്നു പറഞ്ഞുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

12.37 pm]

ശ്രീ. കെ. എം. മാണി: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ ഈ നിയമസഭയിൽ നാലുമാസങ്ങൾക്കിടയ്ക്ക് 5-2-2016-ലും 24-6-2016-ലുമായി രണ്ട് പ്രസംഗങ്ങൾ നടത്തുകയുണ്ടായി. ആദ്യത്തെ പ്രസംഗത്തിലെ രണ്ടാമത്തെ പാരഗ്രാഫിൽ ഗവർണർ പറഞ്ഞത്, യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തെപ്പറ്റിയാണ്. 'അവസരങ്ങളുടെ ഒരു സുവർണ്ണ കാലഘട്ടം, സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയ ഒരു കാലഘട്ടം, കേരളത്തെ ദ്രുതഗതിയിലുള്ള വളർച്ചയുടെയും വികസനത്തിന്റെയും പാതയിലേക്ക് കൊണ്ടുപോയ ഒരു കാലഘട്ടം, കേരള ജനതയുടെ സമഗ്ര വികസനത്തിന് കൂടുതൽ അവസരങ്ങൾ നൽകിയൊരു കാലഘട്ടം' എന്നായിരുന്നു കേരള ഗവർണർ യു.ഡി.എഫ്. ഭരണത്തെ വിലയിരുത്തിയത്. പക്ഷെ ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണം എത്ര മോശമായിരുന്നു, ഒന്നും ചെയ്തില്ല എന്ന് നിങ്ങൾ ഗവർണറെക്കൊണ്ട് പറയിപ്പിച്ചിരിക്കുകയാണ്. വാസ്തവത്തിൽ ഇത് എത്രയോ വലിയൊരു പരിഹാസമാണെന്ന് ഞാൻ ഓർത്തുപോകുകയാണ്. ഇങ്ങനെ നിങ്ങൾ ഗവർണറെക്കൊണ്ട് പ്രസംഗിപ്പിക്കാൻ പാടില്ലായിരുന്നു. ഇത് വളരെ തെറ്റായ ഒരു നടപടിയാണ്. ഗവർണറുടെ ഇപ്പോഴത്തെ പ്രസ്താവന എങ്ങനെ വിശ്വസിക്കാൻ കഴിയും? അതുകൊണ്ട് സത്യം സത്യംപോലെ നിൽക്കട്ടെ. എങ്കിലും കേരളത്തിൽ കുറേ വികസനങ്ങൾ നടന്നുവെന്ന് നിങ്ങൾ മറ്റൊരു പാരഗ്രാഫിൽ സമ്മതിച്ചിട്ടുണ്ട്. ഒൻപതാമത്തെ പാരഗ്രാഫിൽ പറയുന്നത്, സാധാരണക്കാരായ ജനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിൽ കേരളം വലിയൊരു പരിധിവരെ വിജയിച്ചിട്ടുണ്ട് എന്നാണ്. ആരാണ് മെച്ചപ്പെടുത്തിയത്? ഏതാനും മാസംമുമ്പ് അധികാരത്തിൽ വന്ന നിങ്ങളാണോ? കേരളത്തിൽ സാധാരണക്കാരായ ജനങ്ങളുടെ നിലവാരം മെച്ചപ്പെട്ടിട്ടുണ്ടെങ്കിൽ അതിലൊരു വലിയ പങ്ക് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിന്റെ ഫലമായിട്ടല്ലേ വന്നിട്ടുള്ളത്? ഇടയ്ക്ക് ചിലപ്പോൾ നിങ്ങൾക്ക് ചില സത്യങ്ങൾ പറയേണ്ടിവരും. അതിന് എനിക്ക് നന്ദിയുണ്ട് എന്നുമാത്രം ഞാൻ പറഞ്ഞുവെന്നേയുള്ളൂ. ഇവിടെ ഗവർണറുടെ രണ്ട് പ്രസംഗങ്ങളും ഒരുമിച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. നാലുമാസത്തിനിടയിൽ രണ്ട് പ്രസംഗമായതുകൊണ്ട് രണ്ടുംകൂടി ഒരുമിച്ച് ചർച്ച ചെയ്തിരുന്നുവെങ്കിൽ നന്നായിരുന്നുവെന്ന് എനിക്ക് തോന്നിപ്പോവുകയാണ്.

കേരളപ്പിറവിക്കുശേഷം 16 മന്ത്രിസഭകൾ വന്നിട്ടുണ്ട്. ഈ 16 മന്ത്രിസഭകളിൽ ഏറ്റവും തിളക്കമേറിയ ഒരു ഭരണമായിരുന്നു കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണമെന്നാണ് എനിക്ക് തോന്നുന്നത്. എത്രമാത്രം വികസനമാണ് നടന്നത്.

എത്രയോ മെഗാ പ്രോജക്ടുകളാണുണ്ടായത്. വിമാനമിറങ്ങാത്ത കണ്ണൂർ എയർപോർട്ട് എങ്ങനെ ഉദ്ഘാടനം ചെയ്തുവെന്നാണ് ചോദിച്ചത്. എയർപോർട്ട് പണിത് ഉദ്ഘാടനം ചെയ്തിട്ടല്ലേ വിമാനമിറക്കേണ്ടത്? അല്ലാതെ ഇവിടെ തെറ്റിദ്ധരിപ്പിച്ചിട്ട് വല്ല കാര്യവുമുണ്ടോ? എയർപോർട്ടിന്റെ പണി പൂർത്തിയായാൽ ഉദ്ഘാടനം ചെയ്യും. ഉടൻ വിമാനം വരും. അതിനുപകരം വിമാനമിറക്കിക്കൊണ്ട് ഉദ്ഘാടനം ചെയ്തില്ല, എന്തൊരു കുറ്റമാണ് ഈ ഗവൺമെന്റ് ചെയ്തത് എന്നൊക്കെയാണ് പറഞ്ഞത്. പണി പൂർത്തിയാക്കി, എല്ലാം സൂപ്പർ, പക്ഷെ ഉദ്ഘാടനം ചെയ്തത് തെറ്റിപ്പോയി തുടങ്ങിയ വിലകുറഞ്ഞ ചില വിമർശനങ്ങളാണ് ഇവിടെ നടത്തിയിരിക്കുന്നത്. അതുപോലെ വിഴിഞ്ഞം ഹാർബർ, മെഡിക്കൽ കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ, കാരുണ്യ, സ്വയംസംരംഭക മിഷൻ ഇങ്ങനെയുള്ള എത്രയോ വലിയ കാര്യങ്ങളാണ് യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയത്. റബ്ബർ വിലസ്ഥിരതാ പദ്ധതി നടപ്പിലാക്കി. ആദ്യ വർഷം 300 കോടി രൂപ ഇതിനായി മാറ്റിവച്ചു. ഒരു കിലോഗ്രാമിന് 150 രൂപ ഉറപ്പുവരുത്തി. റബ്ബറിന്റെ മാർക്കറ്റ് വില ഒരു കിലോഗ്രാമിന് 85 രൂപയായി ഇടിഞ്ഞപ്പോഴാണ് കേരളത്തിലെ റബ്ബർ കൃഷിക്കാർക്ക് 150 രൂപ നൽകിയത്. അത് ചില്ലറക്കാര്യമാണോ? കൃഷിക്കാർ ഒരിക്കലും ഈ ഗവൺമെന്റിനെ കൈവെടിയില്ല. ഇപ്പോൾ അത് 500 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

കറന്റ് പ്രൈസിൽ നാഷണൽ ലെവലിൽ എക്കണോമിക് ഗ്രോത്ത് 10.05-ഉം കേരളത്തിന്റേത് 12.31-ഉം ആണ്. നമുക്ക് ഇതൊരു വലിയ നേട്ടമാണെന്നാണ് എനിക്ക് തോന്നുന്നത്. 2011 മുതൽ 2015 വരെയുള്ള കാലയളവിൽ എല്ലാ വർഷവും ജി.ഡി.പി. ഗ്രോത്ത് ദേശീയ ശരാശരിക്ക് മുകളിൽ ഉയർന്നു നിന്നിരുന്നുവെന്നാണ് സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്നത്. ഇതൊക്കെ നമുക്ക് അഭിമാനകരമായ നേട്ടമാണ്. കേരളത്തിന്റെ വികസനത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ദുഃഖിക്കാനൊന്നുമില്ല എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് കഴിഞ്ഞകാല ഭരണത്തെ നിങ്ങൾ പുച്ഛിക്കരുത്. കഴിഞ്ഞകാല ഭരണംകൊണ്ട് വലിയ നേട്ടവും വികസനരംഗത്ത് വലിയ മാറ്റവുമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ലോട്ടറി വരുമാനം സാന്റിയാഗോ മാർട്ടിൻ കൊള്ളയടിച്ച ഒരു കാലഘട്ടമുണ്ടായിരുന്നു. നിങ്ങളുടെ കാലഘട്ടത്തിൽ 555 കോടി രൂപയാണ് ലോട്ടറിയിൽനിന്നും കിട്ടിയ വരുമാനം. യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ അത് 6,500 കോടി രൂപയായി വർദ്ധിച്ചു. അതിൽ 26 ശതമാനം വികലാംഗർ, ജോലി ചെയ്യാൻ സാധിക്കാത്തവർ, ദുർബ്ബല വിഭാഗങ്ങളിലെ ലോട്ടറി ഏജന്റുമാർ എന്നിവർക്ക് കൊടുക്കുകയാണ്.

എത്ര വലിയൊരു ആശ്വാസമാണ്. 1,41,000 കുടുംബങ്ങൾക്ക് 1,200 കോടി രൂപ കാരുണ്യ പദ്ധതിയിൽനിന്നും കൊടുത്തുവെന്ന് പറയുമ്പോൾ എത്രയോ വലിയ സഹായമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റേതുപോലെ ഒരു നേട്ടം അവകാശപ്പെടാൻ നിങ്ങൾക്ക് സാധിക്കുമോ? എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്. കശുമാവ് കൃഷിക്ക് പ്ലാന്റേഷൻ പദവി നൽകാനുള്ള സാധ്യത പരിശോധിക്കുമെന്നത് എത്ര വലിയ കാപട്യമാണ്. 1-1-1970 വരെ കശുമാവ് കൃഷി പ്ലാന്റേഷൻ പരിധിയിലായിരുന്നു. 1-1970-ൽ എൽ.ഡി.എഫ്. ഗവൺമെന്റാണ് കശുമാവ് കൃഷിയുടെ പ്ലാന്റേഷൻ പരിധി എടുത്തുകളഞ്ഞത്. യു.ഡി.എഫ്. ഗവൺമെന്റാണ് പ്ലാന്റേഷൻ പദവി കൊടുത്തത്, നിങ്ങൾ അത് എടുത്തുകളഞ്ഞു. അതോടുകൂടി കശുവണ്ടിയുടെ ലഭ്യത കുറഞ്ഞു. 2007-ൽ ഞാൻ ചെയർമാനായിരുന്ന ഒരു നിയമപരിഷ്കരണ കമ്മിറ്റി ഇതിന് വീണ്ടും പ്ലാന്റേഷൻ പദവി കൊടുക്കണമെന്ന് പറഞ്ഞു. 2012-ൽ യു.ഡി.എഫ്. സർക്കാരിന്റെ സമ്മർദ്ദം കൊണ്ട് കേന്ദ്രം അനുമതി നൽകി. 19-6-2012-ൽ ഗസറ്റ് വിജ്ഞാപനത്തിലൂടെ കശുമാവ് കൃഷിക്ക് പ്ലാന്റേഷൻ പദവി കൊടുക്കുകയുണ്ടായി. നിങ്ങൾ അതിനെ എതിർത്തു, അതിന് അസന്റ് കൊടുക്കരുതെന്ന് പറഞ്ഞ് ഇന്ത്യൻ പ്രസിഡന്റിനെ വരെ കണ്ടു. നിങ്ങളുടെ എം.പി.-മാർ എതിർത്തു. എങ്കിലും ഞങ്ങളുടെ സമ്മർദ്ദംകൊണ്ട് അത് നടപ്പിൽ വരികയുണ്ടായി. നിങ്ങൾ അതിനെ എതിർത്ത് തോൽപ്പിച്ചു. ഇപ്പോൾ നിങ്ങൾ പറയുന്നത് കശുമാവ് കൃഷിക്ക് പ്ലാന്റേഷൻ പദവി കൊടുക്കുന്ന കാര്യം ആലോചിക്കുമെന്നാണ്. നിങ്ങളുടെ കാലത്ത് ചെയ്ത ഒരു അനർത്ഥം അതേതായാലും ഇപ്പോൾ തെറ്റായിപ്പോയി എന്ന് നിങ്ങൾ സമ്മതിക്കുന്നു. നിങ്ങൾ ചെയ്ത തെറ്റ് തിരുത്താൻ ആലോചിക്കുന്നു, നല്ല കാര്യം. പക്ഷേ ഓരോ കാലഘട്ടത്തിലും ജനങ്ങൾ ഇതൊക്കെ മനസ്സിലാക്കുന്നുണ്ട് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഏതായാലും ഗവർണറുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു.

12.45 pm]

ശ്രീ. സി. കെ. നാണു: സർ, നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ ജനങ്ങൾ നൽകിയ ജനവിധിയുടെ അടിസ്ഥാനത്തിൽ നാലു മാസം മുമ്പ് ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് നിയമസഭയെ അഭിമുഖീകരിക്കാൻ ഉപയോഗപ്പെടുത്തിയത് ശരിയായില്ലെന്ന് ബഹുമാനപ്പെട്ട മാണി സാറിന് ഇപ്പോൾ തോന്നിയിരിക്കുമെന്ന് ഞാൻ കരുതുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗവർണർ നടത്തിയ നയപ്രഖ്യാപനം കേരളത്തിലെ ജനങ്ങൾക്ക് കഴിഞ്ഞ കാലത്തൊന്നുമുണ്ടായിട്ടില്ലാത്തവിധം

സഹായകരമായ രൂപത്തിലുള്ളതാണെന്ന് വ്യക്തമാക്കാൻ സാധിക്കും. ഇവിടെ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നു രണ്ടു കാര്യം മാത്രം ഞാൻ പറയാം. കേരളത്തിലെ സ്പോർട്സ് വകുപ്പുമന്ത്രി ചുമതലയേറ്റെടുത്തശേഷം സ്പോർട്സ് കൗൺസിൽ ചെയർമാനുമായി ചില കാര്യങ്ങളെ സംബന്ധിച്ച് സംസാരിച്ചു. സ്പോർട്സ് കൗൺസിലിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് മന്ത്രി അവരുമായി സംസാരിച്ചാൽ അതിൽ തെറ്റുണ്ടോ? അതിനെ സംബന്ധിച്ച് വാർത്തകൾ വന്നപ്പോൾ ഞാനൊരു ആക്ഷേപവും പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ ആക്ഷേപം പറഞ്ഞിട്ടില്ലെന്ന് സംസ്ഥാനത്തിന്റെ സ്പോർട്സ് വകുപ്പുമന്ത്രി പറഞ്ഞാൽ ആ മന്ത്രിയെ അവിശ്വസിക്കേണ്ടതിന്റെ ആവശ്യമെന്താണ്? ഒരു പുതിയ ഗവൺമെന്റ് വന്നുവെന്നതിന്റെ പേരിൽ ഒരു മന്ത്രിയെ വിമർശിക്കുന്നതിനുവേണ്ടി മാത്രമായി വസ്തുതകളെ വളച്ചൊടിക്കേണ്ടതുണ്ടോ?

കെട്ടിടനിർമ്മാണത്തിന് വളരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്ന് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിരിക്കുകയാണ്. 5 വർഷം മുമ്പ് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ എന്റെ നിയോജക മണ്ഡലത്തിലെ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി. 5 കോടി രൂപയുടെ കെട്ടിടനിർമ്മാണം ആരംഭിച്ചുവെങ്കിലും ഇന്നുവരെ ആ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. അവിടെ എന്തുകൊണ്ടാണ് പണി പൂർത്തീകരിക്കാത്തതെന്ന് പരിശോധിക്കണം. ഇപ്പോൾ പണി നടക്കുന്നില്ല. ഇതുപോലുള്ള പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മത്സ്യത്തൊഴിലാളി മേഖലയുടെ പുരോഗതിക്കുവേണ്ടി അനേകം കാര്യങ്ങൾ ഗവൺമെന്റ് പ്രഖ്യാപിക്കുന്നു. ഇന്ന് പ്രത്യേകിച്ചും മലബാർ ഭാഗങ്ങളിലെ മത്സ്യത്തൊഴിലാളികൾ തൊഴിലില്ലാത്തവരായിരിക്കുകയാണ്. അവിടെ കടലിൽ പോയാൽ മത്സ്യലഭ്യതയില്ല. മത്സ്യത്തൊഴിലാളി മേഖല വലിയൊരു പ്രതിസന്ധിയിലാണ്. അത് പരിഹരിക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് സന്നദ്ധമാകണം. അതുപോലെതന്നെ കേരളത്തിന് അഭിമാനിക്കാൻ സാധിക്കുന്ന രൂപത്തിൽ നമ്മുടെ വിദ്യാഭ്യാസ മേഖലയെ മാറ്റിയെടുക്കുമെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. അവിടെ ചില പ്രതിസന്ധികൾ വന്നപ്പോൾ അതിനെ അന്തസ്സായി നേരിടാൻ അദ്ദേഹം സന്നദ്ധനായി എന്നുള്ളത് വിദ്യാഭ്യാസ മേഖലയിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുവാനും അതിനെ ഫലപ്രദമായി ഉപയോഗിക്കാനും കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് സന്നദ്ധമാകുന്നുവെന്നതിന് തെളിവാണ്. അതുപോലെ കഴിഞ്ഞ കുറച്ച് ദിവസങ്ങൾക്കകം

ഓരോ മന്ത്രിമാരുടെ വകുപ്പുമായി ബന്ധപ്പെട്ട് ആരംഭിച്ച നടപടികൾ കഴിഞ്ഞ കാലത്തുള്ള പോരായ്മകൾ എന്തെല്ലാമാണോ അതെല്ലാം പരിഹരിക്കുന്നതിന് സഹായകരമായ നിലപാടുകൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുന്നുണ്ട്.

മി. സ്പീക്കർ: ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അനുമതിയോടെ അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹത്തിനായി അനുവദിക്കപ്പെട്ട രണ്ട് മിനിട്ട് സമയംകൂടി ശ്രീ. എൻ. വിജയൻ പിള്ളയ്ക്ക് അനുവദിക്കുന്നു.

12.49 pm]

ശ്രീ. എൻ. വിജയൻ പിള്ള: സർ, പതിനാലാം കേരള നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ട് കേരള ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദി പ്രമേയത്തെ സന്തോഷപൂർവ്വം ഞാൻ പിന്താങ്ങുകയാണ്. ഈ പിന്തുണ രാഷ്ട്രീയ കാരണങ്ങൾ കൊണ്ടുമാത്രമല്ല, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിലൂടെ കടന്നുപോകുമ്പോൾ ഒരു കാര്യം ബോധ്യപ്പെടും. ലക്ഷ്യബോധമുള്ള ഒരു ഗവൺമെന്റിന്റെ എല്ലാ ലക്ഷണങ്ങളും നയപ്രഖ്യാപനത്തിലുണ്ട്. അഴിമതിയോട് വിട്ടുവീഴ്ചയില്ലാത്ത ശക്തമായ നിലപാടും ദുർബ്ബലരായ പാവപ്പെട്ട മനുഷ്യരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിലപാടും അങ്ങേയറ്റം സ്വാഗതാർഹമാണ്. എല്ലാ മേഖലകളിലും വികസനം വേഗത്തിലെത്തിക്കാനുള്ള നിർദ്ദേശങ്ങൾ വിമർശനത്തിന് അവസരം തരാതെ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പ്രസംഗത്തിൽ 'അങ്ങേയറ്റം ദുർബ്ബലരും പാർശ്വവൽക്കരിക്കപ്പെട്ടതുമായ പൗരന്റെ പരാതി പരിഹാരത്തിനായിരിക്കും എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നത്' എന്ന ഗവൺമെന്റിന്റെ മനസ്സ് വ്യക്തമാക്കുന്ന വാചകം രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും ദീനരായ മനുഷ്യർക്കാണ് ഈ സർക്കാരിന്റെ ആദ്യ പരിഗണനയെന്നത് സന്തോഷം തരുന്ന കാര്യം തന്നെയാണ്. കേരളത്തിന്റെ എല്ലാ മേഖലകളിലും വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള ഈ നയപ്രഖ്യാപനത്തെ പൊതുവെ സ്വാഗതം ചെയ്യുന്നു. കേരളത്തിന്റെ നട്ടെല്ലായ കാർഷിക മേഖല ഇന്ന് കടുത്ത പ്രതിസന്ധിയെ നേരിടുകയാണെന്ന് എല്ലാവർക്കും അറിയാം. നെൽകൃഷി ഭൂമിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം വളരെ പ്രതീക്ഷയോടെയാണ് കൃഷിക്കാർ കാണുന്നത്.

ഞാൻ കൊല്ലം ജില്ലയിൽ നിന്നുള്ള എം.എൽ.എ.-യാണ്. കൊല്ലം ജില്ല കശുവണ്ടി വ്യവസായത്തിന്റെയും അതിനെ ആശ്രയിച്ച് ജീവിക്കുന്ന ആയിരക്കണക്കിന് പാവപ്പെട്ട കശുവണ്ടി തൊഴിലാളികളുടെയും പ്രദേശമാണ്. ആ മേഖലയ്ക്ക് പ്രത്യേക

പ്രാധാന്യം നൽകുമെന്നും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുമെന്നും കശുവണ്ടി കോർപ്പറേഷൻ ഫാക്ടറികൾ തുറക്കുമെന്നും പ്രഖ്യാപിച്ചത് ആ മേഖലയ്ക്ക് വലിയ ആശ്വാസം പകരുന്നതാണ്. അതുപോലെ പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന നീണ്ടകര, പുത്തൻതുറ പ്രദേശങ്ങൾ എന്റെ മണ്ഡലത്തിലാണ്. ഈ മേഖലയ്ക്ക് നൽകിയിരിക്കുന്ന പ്രാധാന്യം ആഹ്ലാദത്തോടെ സ്വീകരിക്കുകയാണ്. മത്സ്യബന്ധന ഗ്രാമങ്ങളിൽ വീട്, ശുദ്ധജലം, മാലിന്യ സംസ്കരണം, ഉൾനാടൻ മത്സ്യബന്ധനത്തിനുള്ള പ്രോത്സാഹനം തുടങ്ങിയവ ഈ മേഖലയിലെ തൊഴിലാളികൾക്ക് ആശ്വാസവും ആത്മവിശ്വാസവും പകരുന്നു. കെ.എം.എം.എൽ. എന്ന ടൈറ്റാനിയം ഫാക്ടറിയും ഐ.ആർ.ഇ.-യും എന്റെ മണ്ഡലത്തിലാണ്. ഈ രണ്ട് സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുകയാണ്. തൊഴിലാളികൾ ആശങ്കയിലാണ്. ധാതുമണൽ ഖനനം പൊതുമേഖലയിൽ നിലനിർത്തുമെന്ന പ്രഖ്യാപനം ധാതുമണൽ മേഖലയിൽ പണിയെടുക്കുന്നവർക്ക് പ്രതീക്ഷ നൽകുന്നു. ടൈറ്റാനിയത്തിന് ചുറ്റുമുള്ള കുടുംബങ്ങൾ പല കാരണങ്ങളാൽ അവിടെ കഴിഞ്ഞുകൂടാൻ കഴിയാത്ത അവസ്ഥയിലാണ്. അവരുടെ ഭൂമികൂടി ഏറ്റെടുക്കുന്ന വിഷയം ഗൗരവമായി സർക്കാർ പരിഗണിക്കണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)

12.52 pm]

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദി പ്രമേയത്തെ പൂർണ്ണമായി ഞാൻ പിന്താങ്ങുന്നു. കേരള മോഡൽ വികസന പരിപാടികളിലൂടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണസമയങ്ങളിൽ കേരളം ഇന്ത്യക്ക് മാതൃകയായിരുന്നു. അക്കാലയളവുകളിൽ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനാകെ മാതൃകയായിരുന്നുവെന്ന് അതിശയോക്തി കൂടാതെ പറയാൻ കഴിയും. എന്നാൽ കഴിഞ്ഞ അഞ്ചു വർഷത്തെ യു.ഡി.എഫ്. ഭരണം നമ്മുടെ നാടിന്റെ സമസ്ത മേഖലയേയും തകർത്തു കളഞ്ഞുവെന്ന യാഥാർത്ഥ്യംകൂടി നമ്മൾ കാണേണ്ടതുണ്ട്. നമ്മുടെ സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങളെയും നല്ല മൂല്യങ്ങളെയും ബഹുദൂരം പുറകോട്ടടിച്ച അഞ്ചാണ്ടുകളാണ് പിന്നിട്ട് പോയിട്ടുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ ദുഷ്ചെയ്തികളോടൊപ്പം ജാതി-മത-വർഗ്ഗീയ ശക്തികളോട് അവർ സ്വീകരിച്ച മൃദുസമീപനവും അമ്പരപ്പിക്കുന്നതായിരുന്നുവെന്ന് പറയാതിരിക്കാൻ കഴിയില്ല. കേരളത്തിൽ നിലനിന്ന സാമൂഹ്യസൗഹാർദ്ദത്തെ തകർക്കുന്നതിനും സമൂഹത്തിൽ വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കി രാഷ്ട്രീയലാഭം നേടുന്നതിനുമുള്ള എന്തെല്ലാം

കുതന്ത്രങ്ങളാണ് അപ്പുറത്തിരിക്കുന്നവർ നടത്തിയിട്ടുള്ളതെന്നാണ് എനിക്ക് പറയുവാനുള്ളത്. കേരളീയ സമൂഹത്തിന്റെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന എത്രയെത്ര പ്രവൃത്തികളാണ് യു.ഡി.എഫ്. ഭരണം ചെയ്തുകൂട്ടിയത്. ഒന്ന് പുറകോട്ട് ചിന്തിച്ചാൽ അതൊന്നും മറക്കാൻ നമുക്ക് കഴിയില്ല. വികസനവും കരുതലും എന്നായിരുന്നല്ലോ യു.ഡി.എഫ്. ഗവൺമെന്റിന്റെ ആപ്തവാക്യം. എന്തായിരുന്നു വികസനം? പക്ഷപാതപരവും പ്രതിലോമകരവുമായിട്ടുള്ള വികസന പ്രവർത്തനങ്ങളല്ലേ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ളത്? കേരളത്തിന്റെ സമഗ്ര വികസനത്തിന് എന്ത് പരിപാടികളാണ് അവർ ആവിഷ്കരിച്ചിട്ടുള്ളത്? വികസനത്തിന് ചുക്കാൻ പിടിച്ചവരെല്ലാം വിജിലൻസിന്റെ പിടിയിലല്ലേ വീണത്; വിജിലൻസ് കേസുകളിൽ അകപ്പെട്ട മന്ത്രിമാരുടെ റെക്കോർഡ് കഴിഞ്ഞ മന്ത്രിസഭയ്ക്കല്ലേ? മന്ത്രിമാരുടെ വികസനത്തിനും അഴിമതിക്കും പേരുകേട്ട സർക്കാരും ഇക്കഴിഞ്ഞ സർക്കാർ തന്നെയാണ്. കരുതൽ ആരോടാണെന്ന് നിസ്സംശയം നമുക്ക് പറയാം, അത് സാധാരണ ജനവിഭാഗങ്ങളോടായിരുന്നില്ല. കരുതലിന്റെ ബാക്കി പത്രങ്ങൾ എന്തെല്ലാമായിരുന്നു? ബാർ കോഴ, സോളാർ തട്ടിപ്പ്, മെത്രാൻ കായൽ, സന്തോഷ് മാധവന് ഭൂമി, കരുണ എസ്റ്റേറ്റ്, കടകംപള്ളി, നെല്ലിയാംപതി ഇങ്ങനെ പോകും; ഞാൻ വിവരിച്ചുപോകുന്നില്ല. ഇതൊക്കെ ആയിരുന്നില്ലേ കരുതലിന്റെ ബാക്കി പത്രം? അതുപോലെ, അഞ്ചാംമന്ത്രി വിവാദസമയത്ത്, ബഹുമാനപ്പെട്ട അന്നത്തെ മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞ വാക്ക് ഇപ്പോഴും ഞാൻ ഓർക്കുന്നു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി കോൺഗ്രസ്സിന്റെ അവസാനത്തെ മുഖ്യമന്ത്രിയായിരിക്കുമെന്ന് അദ്ദേഹം തന്നെയല്ലേ അന്ന് പറഞ്ഞത്. അത് ഞാൻ ഈ അവസരത്തിൽ ഓർത്തു പോകുകയാണ്. ധാർമ്മികതയെയും നൈതികതയെയും കുറിച്ചുള്ള ബോദ്ധ്യങ്ങൾക്ക് പുല്ലുവില നൽകാതെയുള്ള പ്രവർത്തനങ്ങളല്ലേ യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ തവണ നടത്തിയിട്ടുള്ളത്. നിർല്ലജ്ജമായ അഴിമതിയും വർഗ്ഗീയതയും സദാചാര മൂല്യങ്ങൾക്ക് വില കൽപ്പിക്കാതെയുള്ള നടപടികളുംകൊണ്ട് പൊറുതിമുട്ടിയ ജനങ്ങളാണ് ആ ദുർഭരണങ്ങൾക്കും നയങ്ങൾക്കും എതിരായി ശക്തിയായി പ്രതികരിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തിളക്കമാർന്ന വിജയത്തിലൂടെ അധികാരത്തിലേറ്റിയിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉയർത്തിയ അഴിമതിരഹിത-മതനിരപേക്ഷ-വികസിത കേരളമെന്ന മുദ്രാവാക്യം കേരളീയ സമൂഹം നെഞ്ചോട് ചേർത്തു. അതാണിപ്പോൾ ഇവിടെ കാണുന്നത്. ഈ സർക്കാരിൽ പൊതുസമൂഹത്തിന് വലിയ പ്രതീക്ഷയാണുള്ളത്. ആ പൊതു സമൂഹത്തിന്റെ പ്രതീക്ഷകൾ സഫലമാക്കുന്നതിന്റെ പ്രഖ്യാപനങ്ങളാണ് നയപ്രഖ്യാപനത്തിൽ അങ്ങോളമിങ്ങോളമുള്ളത്.

സർവ്വതല സ്പർശിയായിട്ടുള്ള ഒരു നയപ്രഖ്യാപനമാണ് വ്യക്തമായും സുവ്യക്തമായും ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇത് കേരളത്തിന്റെ വീണ്ടെടുക്കലിന്റെ പ്രഖ്യാപനമാണ്. കേരളത്തെ വീണ്ടെടുക്കുന്നതിന് പ്രാപ്തമായ, ശക്തമായ ഭരണ നേതൃത്വമാണ് ഇന്ന് കേരളത്തിലുള്ളതെന്ന് നിസ്സംശയം നമുക്ക് പറയാൻ കഴിയും. ഇത് ജനങ്ങളുടെ സർക്കാരാണ്. ജനാഭിലാഷം പാലിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ മാത്രമാണ് ഈ സർക്കാരിന്റെ ലക്ഷ്യം. അഴിമതിരഹിത ഭരണത്തിലൂടെ സംസ്ഥാന വികസനത്തിന് ഒരു പുതുയുഗം സൃഷ്ടിക്കുകയെന്നത് തന്നെയാണ് ലക്ഷ്യം. കാര്യക്ഷമമായ സിവിൽ സർവ്വീസ് നടപ്പിലാക്കാനുള്ള നയം നയപ്രഖ്യാപനത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ ഫയലിലും ഒരു ജീവിതമുണ്ടെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ അന്തഃസത്ത ഉൾക്കൊള്ളാൻ സർക്കാർ ജീവനക്കാർ പ്രത്യേകം ശ്രദ്ധിക്കണം. ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അതിന് പരിഹാരം കാണാനുള്ള ശ്രമം തീർച്ചയായും ഉണ്ടാകണം. കേരളത്തിന്റെ സമഗ്ര വികസനത്തിനും പുനരുജ്ജീവനത്തിനും സഹായകരമാകുന്ന നല്ല നയനിലപാടുകളാണ് നയപ്രഖ്യാപനത്തിലൂടെ മുന്നോട്ട് വയ്ക്കുന്നത്. എല്ലാ വിഷയങ്ങളും പരാമർശിക്കാൻ ഞാൻ ഇവിടെ മുതിരുന്നില്ല. സ്ത്രീകളെ വികസന കാര്യങ്ങളിൽ ഉൾപ്പെടുത്തുമെന്നും അവർക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുമെന്നും സംസ്ഥാനത്തെ സമ്പൂർണ്ണ ലിംഗ സൗഹൃദ സംസ്ഥാനമാക്കി മാറ്റുമെന്നും നയപ്രഖ്യാപനത്തിൽ പറയുന്നുണ്ട്. ജെണ്ടർ ബഡ്ജറ്റിംഗ്, ജെണ്ടർ ഓഡിറ്റിംഗ് എന്നിവ പ്രതീക്ഷാനിർഭരം തന്നെയാണ്. അതുപോലെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുമുള്ള അതിക്രമങ്ങൾ സർക്കാർ ഗൗരവമായിത്തന്നെ കാണുമെന്ന് ഞങ്ങൾക്ക് നിശ്ചയമായും പറയാൻ കഴിയും. സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി പുതിയ വകുപ്പ് രൂപീകരിക്കുന്നതാണെന്ന് നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ ആദ്യ മന്ത്രിസഭായോഗ തീരുമാനംതന്നെ അതിനെ സാധൂകരിക്കുന്നതാണല്ലോ. ജിഷയുടെ കാര്യത്തിൽ തീരുമാനമെടുക്കുക മാത്രമല്ല അത് നടപ്പിലാക്കുകയാണ് ചെയ്തത്. ജിഷയുടെ ഘാതകനെ അറസ്റ്റ് ചെയ്തില്ലേ? ഏപ്രിൽ 28-ന് വൈകിട്ട് കൊലചെയ്യപ്പെട്ട ജിഷയുടെ ഘാതകരെ കണ്ടെത്താൻ അത്രയുംനാൾ ഭരിച്ചവർക്ക് കഴിഞ്ഞില്ലല്ലോ. പുതിയ ഗവൺമെന്റ് വന്ന് ദിവസങ്ങൾക്കുള്ളിൽത്തന്നെ പ്രതിയെ അറസ്റ്റുചെയ്ത് കൊണ്ടുവരാൻ പോലീസിന് കഴിഞ്ഞുവെന്നത് വർത്തമാനം മാത്രമല്ല പ്രവൃത്തിയാണ് പ്രധാനം എന്നുള്ളതിന്റെ തെളിവാണ്. പ്രഖ്യാപനങ്ങൾ മാത്രമായിരിക്കില്ല ആത്മാർത്ഥമായ നടപടികളും സമീപനങ്ങളും ഓരോ വിഷയങ്ങളിലും ഈ സർക്കാർ കൈക്കൊള്ളുക തന്നെ ചെയ്യും.

കഴിഞ്ഞ സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിനെ വെട്ടിമുറിച്ച് മൂന്നാക്കിയാണ് ഭരണം നടത്തിയിരുന്നത്. അതിന്റേതായ ദുരിതഫലങ്ങൾ നമ്മൾ കണ്ടുകൊണ്ടിരുന്നതാണ്. പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അത് ഒരു വകുപ്പാക്കിക്കൊണ്ട് ഏറ്റവും ചിട്ടയായ രീതിയിലേക്ക് കൊണ്ടുപോകാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളെ സജീവ പങ്കാളികളാക്കി കേരളത്തെ പട്ടിണി വിമുക്തമാക്കാനും ഈ സർക്കാർ ലക്ഷ്യമിടുന്നത് നമുക്ക് ഈ നയപ്രഖ്യാപനത്തിലൂടെ കാണാൻ കഴിയും. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുമെന്ന് പറയാതെതന്നെ പെൻഷൻ വർദ്ധിപ്പിക്കുകയും ആയിരം രൂപയാക്കിയ പെൻഷൻ വീട്ടിൽ എത്തിക്കുമെന്ന പ്രഖ്യാപനവും അതീവ സന്തോഷകരമായിട്ടാണ് നാട്ടിലെ സ്ത്രീകളടക്കമുള്ള ആൾക്കാർ കേട്ടിരിക്കുന്നത്. അത് നടപ്പാക്കിത്തീർക്കുമെന്നുള്ളതിൽ ഞങ്ങൾക്ക് ഒരു സംശയവുമില്ല. അവശ്യ സാധനങ്ങളുടെ വിലനിലവാര നിയന്ത്രണം ഉറപ്പുവരുത്തിക്കൊണ്ടുള്ള, വിലക്കയറ്റം ഉണ്ടാകില്ലെന്ന പ്രഖ്യാപനവും സപ്ലൈകോയുടെ ബഡ്ജറ്റ് വിഹിതം ഇരട്ടിയാക്കി വർദ്ധിപ്പിച്ചതും സാധാരണക്കാരോടുള്ള ഈ സർക്കാരിന്റെ നയം വെളിപ്പെടുത്തുന്നതാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം എങ്ങനെയാണ് ഇവിടെ പോയതെന്ന് നമുക്ക് എല്ലാവർക്കും അറിയാം. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള ന്യായവില ഷോപ്പുകൾ അടച്ചുപൂട്ടിയതിലൂടെ പൊതുവിപണിയിലെ വില വാണംപോലെ കുതിച്ചുകയറുകയും പട്ടിണിപ്പാവങ്ങളായ ജനങ്ങൾ വിലക്കയറ്റം സഹിക്കവയ്യാതെ പൊറുതിമുട്ടിയ അനുഭവവും ഉണ്ടായിട്ടുണ്ട്. അതിന്റെ റിസൾട്ടാണ് ഇപ്പോൾ വന്നിട്ടുള്ളത്.

കാർഷിക മേഖലയിൽ പുതിയ രീതികൾ അവലംബിച്ച് നെൽകൃഷി മൂന്ന് ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കാൻ ഈ സർക്കാർ കഠിന പരിശ്രമം നടത്തുമെന്ന് പറഞ്ഞിട്ടുണ്ട്. ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങി ചിട്ടയായി നടപ്പാക്കാനുള്ള നയങ്ങളും ഇതിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ യുദ്ധകാല അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള റോഡുകളുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുമെന്നും പറഞ്ഞിട്ടുണ്ട്. നിശ്ചയമായും ഇത് ജനങ്ങളുടെ സർക്കാരാണ്, കേരളത്തിന്റെ ആകെ സർക്കാരാണ്. മന്ത്രി ജനങ്ങളിൽ ഒരാളാണ്; അവർ ജനങ്ങളിൽനിന്ന് അകലെയല്ലായെന്ന് ഈ സർക്കാർ തെളിയിച്ചിട്ടുണ്ട്. പൈലറ്റും എസ്കോർട്ടും നടത്തിയ 500-ൽപ്പരം പോലീസുകാരെയാണ് തിരിച്ച് സ്റ്റേഷനിലേക്ക് വിട്ടിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവർ കാട്ടിക്കൂട്ടിയ പ്രശ്നങ്ങൾ കൊണ്ട് എത്രയെത്ര പോലീസുകാരുടെ അകമ്പടി വേണമായിരുന്നു ഓരോ സ്ഥലത്തുംപോകാൻ. അതിൽ നിന്ന് വ്യത്യസ്തമാണ് ഈ ഗവൺമെന്റ്. ജനങ്ങൾ എൽ.എഡി.എഫ്.-ൽ അർപ്പിച്ച

പ്രത്യാശകളും പ്രതീക്ഷകളും സഫലീകരിക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. അതിന് ഏറെ ത്യാഗങ്ങൾ സഹിക്കണമെന്നും നയപ്രഖ്യാപനത്തിൽ പറയുന്നുണ്ട്. ഖജനാവ് മുഴുവൻ കാലിയാക്കിയിട്ടല്ലേ അവർ പോയിട്ടുള്ളത്? ഈ വെല്ലുവിളികളെ നെഞ്ചൂക്കോടെ നേരിടാൻ ശേഷിയുള്ള എൽ.ഡി.എഫ്. ഭരണനേതൃത്വത്തിൽ കേരളീയ സമൂഹത്തിന് നിശ്ചയമായും നല്ല വിശ്വാസമാണുള്ളത്. അതോടൊപ്പം കേരളത്തിൽ ശക്തമായ എൽ.ഡി.എഫ്. ഭരണം വന്നതിൽ കേന്ദ്ര സർക്കാരിന് വലിയ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അതിന്റെ പ്രതിഫലനങ്ങൾ നമുക്ക് കാണാൻ കഴിയുന്നുണ്ട്. അതിനെയൊക്കെ അതിജീവിക്കാൻ നമുക്ക് ഒറ്റക്കെട്ടായി നിൽക്കാൻ കഴിയണം. എൽ.ഡി.എഫ്. വരും എല്ലാം ശരിയാകുമെന്ന് പറഞ്ഞു. എൽ.ഡി.എഫ്. വന്നു എല്ലാം ശരിയാക്കാനുള്ള തുടക്കം കുറിച്ചുകഴിഞ്ഞുവെന്നുള്ളത് നമുക്ക് കാണാൻ കഴിയും. പ്രതിപക്ഷംകൂടി ഈ നല്ല കാര്യങ്ങളെ അംഗീകരിച്ചുകൊണ്ട് ജനസമൂഹത്തിനു വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ചെയ്യാൻ ഒരുമിച്ചുവരണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. നയപ്രഖ്യാപനത്തിന്മേലുള്ള നന്ദി പ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

1.01 pm]

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുന്നു. ഈ നന്ദിപ്രമേയത്തെ എതിർക്കുമ്പോൾ എനിക്ക് വല്ലാത്ത പേടിയുണ്ട്. കാരണം ഈ സർക്കാരിനെതിരെ ശബ്ദിക്കുന്ന എല്ലാ ആളുകളെയും സ്ഥലം മാറ്റുന്ന ഒരു പ്രവണതയാണ് ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് കണ്ടുവരുന്നത്. അതുകൊണ്ട് എന്നെ ഈ നിയമസഭയിൽനിന്നും കർണ്ണാടക നിയമസഭയിലേക്ക് സ്ഥലം മാറ്റുമോ എന്നൊരു പേടി എനിക്കുണ്ട്. അങ്ങനെ വന്നാൽ സ്പീക്കർ ഇടപെടണമെന്നുള്ള ഒരു റിക്വസ്റ്റും എനിക്കുണ്ട്. കാസർഗോഡ് നിന്നും വരുന്ന ഒരു ജനപ്രതിനിധിയെന്ന നിലയിൽ ഈ നയപ്രഖ്യാപന പ്രസംഗത്തെ എനിക്കൊരിക്കലും എതിർക്കാതിരിക്കാൻ കഴിയില്ല. അപ്പുറത്ത് എന്റെ നാട്ടുകാരനായ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുണ്ട്. അദ്ദേഹത്തിന്റെ മനസ്സും മനസ്സാക്ഷിയും ഈ നന്ദിപ്രമേയത്തെ എതിർക്കണമെന്ന് പറയുന്നുണ്ടാകും. ഒരുപക്ഷേ അടുത്തിരിക്കുന്ന ആജാനുബാഹുവായ ശ്രീ. ഇ. പി. ജയരാജനെ പേടിച്ച് അദ്ദേഹം അത് ചെയ്യുന്നുണ്ടാവില്ല. കാരണം എൻഡോസൾഫാൻ ഇരകളെക്കുറിച്ച് ഒരക്ഷരം ഈ നയപ്രഖ്യാപനത്തിൽ ഇല്ലെന്നത് ഞങ്ങളെയെല്ലാവരെയും വേദനിപ്പിക്കുന്ന കാര്യമാണ്. എൻഡോസൾഫാൻ ദുരന്തം ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ദുരന്തമാണ്. എൻഡോസൾഫാൻ ഇരകളെക്കുറിച്ച് ഒരക്ഷരം പറയാത്ത ഈ നയപ്രഖ്യാപന പ്രസംഗത്തെ കാസർഗോഡ് നിന്നുള്ള ഒരു

ജനപ്രതിനിധിയെന്ന നിലയിൽ എനിക്ക് ഒരിക്കലും അനുകൂലിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കും ഈ നയപ്രഖ്യാപന പ്രസംഗത്തോട് അനുകൂലമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. എന്തൊക്കെയാണ് ഈ തെരഞ്ഞെടുപ്പിന് മുമ്പ് പറഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നാൽ എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി പലതും ചെയ്യുമെന്ന് പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം നൽകിയ യു.ഡി.എഫ്. സർക്കാരാണ് എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി എല്ലാ കാര്യങ്ങളും ചെയ്തതെന്ന കാര്യം അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കുപോലും നിഷേധിക്കാൻ സാധിക്കുകയില്ല. പക്ഷേ ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി ഒരക്ഷരം പറഞ്ഞില്ലെന്നത് എൻഡോസൾഫാൻ ഇരകളോട് ചെയ്ത ഏറ്റവും വലിയ നന്ദികേടാണെന്ന് പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാസർഗോഡ് നിന്ന് എൻഡോസൾഫാൻ ഇരകളെ ഇവിടെ കൊണ്ടുവന്ന് മുഖ്യമന്ത്രിയുടെ വസതിക്കുമുമ്പിലും ഓഫീസിന് മുമ്പിലും സെക്രട്ടേറിയറ്റിന് മുമ്പിലും നിരാഹാര സമരം ചെയ്യിപ്പിച്ച ആളുകളാണ് ഇപ്പോൾ എൻഡോസൾഫാൻ ഇരകളുടെ കാര്യത്തിൽ നിശ്ശബ്ദത പാലിക്കുന്നതെന്നുകൂടി നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഇവിടെ ശ്രീ. കെ. എം. മാണി പറഞ്ഞതുപോലെ, 2016 ഫെബ്രുവരി 5-ാം തീയതി ഗവർണർ ഈ സഭയിൽ ചെയ്ത ഒരു പ്രസംഗമുണ്ട്. ആ പ്രസംഗത്തിൽ പറയുന്നത്, 'കേരള നിയമസഭയുടെ 2016-ലെ പ്രഥമ സമ്മേളനത്തിലേക്ക് നിങ്ങളെ ഏവരേയും ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. ഇത് എന്റെ സർക്കാരിന്റെ കാലാവധി വിജയകരമായി പൂർത്തിയാകുന്ന സമാപന സമ്മേളനമായിരിക്കെ വരുംകാലങ്ങളിലും സംസ്ഥാനത്ത് പുരോഗമനാത്മക പ്രതിഫലനങ്ങൾ ഉളവാക്കുന്ന എന്റെ സർക്കാരിന്റെ സുപ്രധാന നേട്ടങ്ങൾ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത് ഒരു മഹത്തായ ബഹുമതിയായി ഞാൻ കണക്കാക്കുന്നു' എന്നാണ്. ജൂൺ 24-ാം തീയതി ബഹുമാന്യനായ ഗവർണർ ചെയ്ത പ്രസംഗം എന്താണ്? ഗവർണർ പദവി എന്നത് ഒരു മഹോന്നത പദവിയാണ്. ആ പദവിയെ ഇങ്ങനെയാക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റ് തുനിഞ്ഞതിൽ തീർച്ചയായും നമ്മളെല്ലാവരും സങ്കടപ്പെടുന്നു എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് അദ്ദേഹം പറഞ്ഞത്. ഗവർണർമാരെ നോക്കുകുത്തിയാക്കാൻ എന്തിനാണ് ഈ പ്രസംഗം. യഥാർത്ഥത്തിൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നയപ്രഖ്യാപനം നടത്തിയാൽ പോരേ?

മി. ചെയർമാൻ: അത് ഇന്ത്യൻ ഭരണഘടനയിൽ എഴുതി ചേർത്തതാണ്. അതിൽ ഇനി ഒന്നും ചെയ്യാൻ കഴിയില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഭരണഘടനയോടും ഗവർണർ എന്ന പദവിയോടുമുള്ള ബഹുമാനം കൊണ്ടാണ് ഞാൻ അത് പറയാത്തത്. പക്ഷേ ശ്രീ. പി. സി. ജോർജ് അത് പറഞ്ഞതിൽ സന്തോഷമുണ്ട്. എല്ലാ വകുപ്പുകളും നിർബന്ധിതമായും വിവരങ്ങൾ വെളിപ്പെടുത്തണമെന്ന വ്യവസ്ഥ ഏർപ്പെടുത്തുക എന്നതാണ് നയപ്രഖ്യാപനത്തിൽ പറയുന്ന ഒരു കാര്യം. മന്ത്രിസഭാ തീരുമാനങ്ങൾ പോലും പത്രക്കാർക്ക് നൽകുകയില്ലെന്ന വാശികൊണ്ട് എന്താണ് നമുക്ക് മനസ്സിലാകുന്നത്? സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക്വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുമെന്നാണ് നയ പ്രഖ്യാപനത്തിൽ പറയുന്ന മറ്റൊരു കാര്യം. അതാണോ ഇപ്പോൾ കേരളത്തിലെ ഈ ഭരണ മാറ്റത്തിനുശേഷം നടക്കുന്നതെന്നും നമുക്കറിയാം. പിന്നെ സദ്ഭരണം ഉണ്ടാക്കുമെന്ന് പറഞ്ഞു. സദ്ഭരണമല്ല ഇപ്പോൾ സെൽഭരണമാണ് കേരളത്തിൽ നടക്കുന്നതെന്ന് നമുക്കറിയാം. മറ്റൊന്ന്, ഇ. കെ. നായനാർ നേതൃത്വം നൽകിയിട്ടുള്ള മൂന്നാം ഭരണ പരിഷ്കാര സമിതി ശിപാർശ ചെയ്തപ്രകാരം ജില്ലാ തലങ്ങളിലും ഉപജില്ലാ തലങ്ങളിലും ഫലപ്രദമായ ജനസമ്പർക്ക പരിപാടികൾ സ്ഥിരമായി സംഘടിപ്പിക്കുമെന്ന് പറയുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്ക പരിപാടിയെ പരിഹസിച്ച ആളുകളാണ് ഇപ്പോൾ പറയുന്നത് ഞങ്ങളും ജനസമ്പർക്ക പരിപാടി നടത്തുമെന്ന്. വില്ലേജ് ഓഫീസറുടെ ജോലിയാണ് മുഖ്യമന്ത്രി ചെയ്യുന്നതെന്നാണ് ജനസമ്പർക്ക പരിപാടിയെക്കുറിച്ച് അന്ന് പറഞ്ഞത്. ആ ആളുകൾ ഇപ്പോൾ ജനസമ്പർക്ക പരിപാടിയെ അംഗീകരിച്ചതുകൊണ്ട് ഞാനവരെ അഭിനന്ദിക്കുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ട് കൂടുതൽ ശക്തിപ്പെടുത്തുമെന്നാണ് പറയുന്നത്. ആ സേവനാവകാശ ആക്ട് ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ കൊണ്ടുവന്നത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റാണ്. പഞ്ചവത്സര പദ്ധതി വേണ്ടെന്നുവയ്ക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം അങ്ങേയറ്റം ദീർഘവീക്ഷണമില്ലായ്മ കൊണ്ടാണെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നുവെന്നാണ് ഗവർണർ പറഞ്ഞത്. വിരോധാഭാസമെന്ന് പറയട്ടെ, നിലവിൽ സംസ്ഥാനങ്ങളും കേന്ദ്രവും ദേശീയ മുൻഗണനകളെക്കുറിച്ച് ഇരുട്ടിൽ തപ്പുകയാണെന്ന് പറഞ്ഞു. ഏതായാലും ശ്രീ. നരേന്ദ്ര മോദിയുടെ ആളെക്കൊണ്ടു തന്നെ മോദിക്കെതിരെ പറയിപ്പിച്ചതിൽ ഞാൻ ഈ സർക്കാരിനെ അഭിനന്ദിക്കുകയാണ്.

ഐ.ടി. മേഖലയെ ഇന്ത്യയിലും വിദേശത്തുമുള്ള നിക്ഷേപകർക്ക് കൂടുതൽ ഇഷ്ടപ്പെട്ട ലക്ഷ്യസ്ഥാനമാക്കിക്കൊണ്ട് ആ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് നയ പ്രഖ്യാപനത്തിൽ പറയുന്നു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പ് കൈകാര്യം ചെയ്തപ്പോഴാണ് വിദേശ മലയാളികൾക്കും വിദേശ കമ്പനികൾക്കും യുവസംരംഭകർക്കും കേരളത്തിൽ എന്തെങ്കിലും തുടങ്ങാമെന്നുള്ള ഒരു ആത്മവിശ്വാസം ഉണ്ടായതെന്ന കാര്യം ഞാനിവിടെ പ്രത്യേകം പറയുവാൻ ആഗ്രഹിക്കുകയാണ്. കുടുംബശ്രീ, അയൽക്കൂട്ടം എന്നീ സംഘടനകൾക്ക് ലഭിച്ച വിജയത്തിന്റെ അടിസ്ഥാനത്തിൽ അംഗപരിമിതരുടെയും വയോജനങ്ങളുടെയും അയൽക്കൂട്ട സംഘങ്ങൾ രൂപീകരിക്കുമെന്ന് നയപ്രഖ്യാപനത്തിൽ പറയുന്നു. കുടുംബശ്രീ ജ്വലിച്ചുനിന്നത് ഡോ. എം. കെ. മുനീർ സാമൂഹ്യനീതി വകുപ്പ് കൈകാര്യം ചെയ്തപ്പോഴാണെന്ന് നമുക്കെല്ലാവർക്കും അറിയാം. മാത്രമല്ല സാമൂഹ്യക്ഷേമ വകുപ്പിനെ സാമൂഹ്യനീതി വകുപ്പെന്ന് നാമകരണം ചെയ്തതും ഡോ. എം. കെ. മുനീറാണ്. സ്വപ്നം കാണാനും ജീവിക്കുവാനും സാധിക്കുന്ന ഒരിടമായി കേരളം മാറിയതിന് യു.ഡി.എഫ്.നോടും അതിന് നേതൃത്വം നൽകിയ ശ്രീ. ഉമ്മൻ ചാണ്ടിയോടും കേരള ജനത കടപ്പെട്ടിരിക്കുന്നു. മുൻ സർക്കാരിനെ കണ്ണടച്ച് കുറ്റപ്പെടുത്തുമ്പോഴും ആ സർക്കാർ ചെയ്ത നല്ല കാര്യങ്ങൾ പരോക്ഷമായെങ്കിലും സൂചിപ്പിക്കാതിരിക്കാൻ കഴിയാത്തതുകൊണ്ടാകാം ഈ നയപ്രഖ്യാപന പ്രസംഗത്തിലെ 9-ാം ഖണ്ഡികയിൽ സാധാരണക്കാരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിൽ കേരളം വലിയൊരു പരിധിവരെ വിജയിച്ചിട്ടുണ്ടെന്ന് സമ്മതിച്ചത്. പട്ടിണിയും പോലീസിന്റെ നരവേട്ടയും ജാതിമത പീഡനങ്ങളും കൊണ്ട് ജനം പൊറുതിമുട്ടാൻ പോകുന്നുവെന്ന സൂചനകൾ നമുക്കിപ്പോൾ ലഭിച്ചുകഴിഞ്ഞു. അധികാരത്തിലെത്താൻ നിങ്ങൾ എന്തും ചെയ്യുമെന്ന് നമുക്കെല്ലാവർക്കും അറിയാം. ബി.ജെ.പി.-യുടെ ഹിന്ദുത്വ നിലപാടുകളെ കുറിച്ച് പ്രസംഗിക്കുകയും പരോക്ഷമായി അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത നിലപാടാണ് മഞ്ചേശ്വരം മണ്ഡലത്തിൽ നിങ്ങളുടെ ദയനീയ പരാജയത്തിനും ബി.ജെ.പി.യുടെ വിജയത്തോട് അടുത്ത പരാജയത്തിനും കാരണം. കാസർഗോഡ് മണ്ഡലത്തിൽ എൽ.ഡി.എഫ്.ഉം ബി.ജെ.പി.-യും മത്സരിച്ചിരുന്നു. ബി.ജെ.പി. രണ്ടാം സ്ഥാനത്താണ്. കേരളത്തിൽ എൽ.ഡി.എഫ്.-ന് കെട്ടിവച്ച പണം നഷ്ടപ്പെട്ട ഏക മണ്ഡലം കാസർഗോഡാണ്. ആ മണ്ഡലത്തിൽനിന്നാണ് ഞാൻ വിജയിച്ചതെന്നുകൂടി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഗവർണ്ണറുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

1.10 pm]

ശ്രീ. കെ. രാജൻ: സർ, കേരള ഗവർണർ നിയമസഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇവിടെ അവതരിപ്പിക്കപ്പെട്ട പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. ഒരു പുതിയ സർക്കാരിൽനിന്നും കേരളം പ്രതീക്ഷിക്കുന്നത് അവരുടെ സ്വപ്നങ്ങൾക്ക് നിറം നൽകാൻ കഴിയുന്ന ഇച്ഛാശക്തിയുള്ള നിലപാടുകളും വീക്ഷണങ്ങളുമുള്ള ഒരു ഗവൺമെന്റിനെയുമാണ്. തീർച്ചയായും സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റ്, ഒരു മാസക്കാലംകൊണ്ട് ആ ഇച്ഛാശക്തിയുടെ ഗവൺമെന്റാണ് കേരളത്തിൽ അധികാരത്തിലേറ്റ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റെന്ന് തെളിയിച്ചതിലുള്ള സന്തോഷമാണ് ഈ നന്ദി പ്രമേയത്തെ പിന്തുണച്ചുകൊണ്ട് പ്രസംഗിക്കുമ്പോൾ എനിക്ക് ആദ്യം പറയാനുള്ളത്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എൻ. എ. നെല്ലിക്കുന്ന് 'ശ്രീ. ഉമ്മൻ ചാണ്ടിയോട് കേരള ജനത കടപ്പെട്ടിരിക്കുന്നു'വെന്ന് സൂചിപ്പിച്ചു. അതിൽ ഒരു ചെറിയ മാറ്റം വരുത്തിയാൽ മതി. ശ്രീ. ഉമ്മൻ ചാണ്ടിമൂലം കേരള ജനത കടത്തിൽ പെട്ടിരിക്കുന്നുവെന്നാണ് ആദ്യമായി ഇത് കാണുമ്പോൾ നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്നത്. ബഹുമാനപ്പെട്ട ചെയർ സ്പീക്കർ പദവി ഏറ്റെടുത്ത ആദ്യത്തെ ദിവസംതന്നെ നമ്മുടെ നാട്ടിലെ കീഴ്വഴക്കങ്ങളുടെ കെട്ടുപാടുകളോടുള്ള അഭിപ്രായ വ്യത്യാസം രേഖപ്പെടുത്തി. 'സർ' എന്ന് വിളിക്കണമോ എന്നതിൽപ്പോലും സംശയം ചോദിച്ചു. അത് ഒഴിവാക്കാൻ കഴിയില്ല; അതുകൊണ്ട് ആ വിളി ഞങ്ങൾ തുടരുന്നുണ്ട്. പക്ഷേ ഇച്ഛാശക്തിയുള്ള കേരളത്തിന്റെ മുഖ്യമന്ത്രിയും മന്ത്രിമാരും ഒഴിവാക്കാൻ കഴിയുന്ന ചിലതുണ്ടെന്ന് ജനങ്ങളോട് പറഞ്ഞു. പോലീസുകാരെ മുമ്പിലും പുറകിലും ആടയാഭരണങ്ങളെപ്പോലെ കൊണ്ടുനടക്കുന്ന കെട്ടുകാഴ്ചകൾ മുഖ്യമന്ത്രിയും മന്ത്രിമാരും ഒഴിവാക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അഭിമാനബോധത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയും കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളും.

തൃശ്ശൂർക്കാരനാണെങ്കിലും വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളുടെ സംസ്ഥാന സെക്രട്ടറിയെന്ന നിലയിൽ കഴിഞ്ഞ പത്തുവർഷത്തിലേറെക്കാലമായി തിരുവനന്തപുരത്ത് താമസിക്കുന്ന ഒരാളാണ് ഞാൻ. ഈ നാട്ടിൽ മുഖ്യമന്ത്രി സഞ്ചരിക്കുമ്പോൾ എല്ലാ സിഗ്നലുകളും കണ്ണടച്ചിരിക്കുന്ന കാഴ്ചയാണ് തിരുവനന്തപുരം നഗരം ഇതുവരെ കണ്ടിട്ടുള്ളത്. അതിന്റെ പേരിൽ വലിയ ബ്ലോക്കുകൾ, വാഹനാപകടങ്ങൾ എന്നിവയുണ്ടായിട്ടുണ്ട്. എന്നാൽ കേരളത്തിലെ പുതിയ മുഖ്യമന്ത്രി, എന്റെ മുമ്പിൽ ഒരു സിഗ്നലും വഴിമാറേണ്ടതില്ല, കണ്ണടയ്ക്കേണ്ടതില്ല, ജനങ്ങൾക്ക് എന്തു

നല്കുന്നുവോ അതുതന്നെ കേരളത്തിലെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും നല്കിയാൽ മതിയെന്നു പ്രഖ്യാപിച്ചിരിക്കുന്നു. ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ് ഇവിടെ കാണുന്നത്. കേരളത്തിൽ കഴിഞ്ഞ 5 വർഷക്കാലം നടക്കാത്ത കാര്യങ്ങൾ ഗവർണറെക്കൊണ്ട് പറയിപ്പിച്ചതിന്റെ ഓർമ്മയുമായി വളരെ സീനിയറായ ശ്രീ. കെ. എം. മാണി ഇവിടെ സംശയം രേഖപ്പെടുത്തിക്കൊണ്ട് പറഞ്ഞു, ഗവർണർ പറയുന്നതൊക്കെ സാധ്യമാകുമോ എന്ന്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സാമൂഹിക പ്രതിബദ്ധത ഒന്നുകൊണ്ടുമാത്രം ഗവർണർ ആ മുന്നണിക്കുവേണ്ടി അവതരിപ്പിച്ചതെല്ലാം നടപ്പിലാക്കുമെന്ന ആത്മവിശ്വാസമുണ്ട്. ജനവിധിയിൽ പ്രതിഫലിച്ചത് നാം കണ്ടല്ലോ, മതനിരപേക്ഷതയ്ക്കും ജീവിത സുരക്ഷിതത്വത്തിനും പിറന്ന മണ്ണിൽ മനുഷ്യനെപ്പോലെ ജീവിച്ചു മരിക്കാനുള്ള അവകാശത്തിനുംവേണ്ടി കേരളത്തിലെ ഗവൺമെന്റിനെ ഈ നാട്ടിലെ ജനങ്ങൾ അധികാരത്തിലേറ്റിയതിന്റെ ആവേശം ആദ്യത്തെ ക്യാബിനറ്റിൽ തന്നെ പ്രകടമാക്കാൻ കഴിഞ്ഞു. ആദ്യത്തെ ക്യാബിനറ്റ് യോഗത്തിൽ മൂന്ന് കാര്യങ്ങൾ തീരുമാനിച്ചതായി പ്രഖ്യാപിച്ചു. ഒന്ന്, 150 കോടി രൂപ കൊടുത്ത് കേരളത്തിന്റെ വിലക്കയറ്റത്തെ പിടിച്ചു നിർത്തുക; രണ്ട്, കേരളത്തിന്റെ സാമൂഹ്യക്ഷേമ പെൻഷനുകൾ, തെരഞ്ഞെടുപ്പിന് പോയപ്പോൾ കൈകൾ തലയിൽ വച്ച് ആശീർവദിച്ചവരും കെട്ടിപ്പിടിച്ചവരും നെറുകയിൽ ഉമ്മവച്ചതുമായ അമ്മമാരുടെ കണ്ണിൽ നിന്നുവീണ ചുടുകണ്ണീരാണ് ഞങ്ങളുടെ കൈയിൽ തട്ടിയത്. ആ ചുടുകണ്ണുനീരിന്റെ ഉപ്പും ചൂടും ഈ ഗവൺമെന്റ് തിരിച്ചറിഞ്ഞു. അതുകൊണ്ട് 1000 രൂപയാക്കിയ സാമൂഹ്യക്ഷേമ പെൻഷനുകൾ അവരുടെ വീട്ടിലെത്തിക്കാനുള്ള നടപടി കേരളത്തിലെ ഗവൺമെന്റ് അഭിമാനപൂർവ്വം കൈക്കൊണ്ടു. ഞാനും സർവ്വശ്രീ. എം. സ്വരാജ്, റ്റി. വി. രാജേഷ്, വി. എസ്. സുനിൽകുമാർ, എ. എൻ. ഷംസീർ, പി. മുഹമ്മദ് മുഹാസിൻ, ശ്രീമതി സി. കെ. ആശ എന്നിവരും പ്രതിനിധാനം ചെയ്യുന്ന നിയമസഭയിൽ അഭിമാനപൂർവ്വം പറയാൻ കഴിയും കഴിഞ്ഞ 5 വർഷക്കാലമായി ഞങ്ങളേറ്റു വാങ്ങേണ്ടിവന്ന മർദ്ദനത്തിന്, ഞങ്ങൾ നടത്തിയ സമരത്തിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്ന ആദ്യത്തെ ദിവസത്തിൽത്തന്നെ ഫലമുണ്ടായിരിക്കുന്നുവെന്ന്. കേരളത്തിലെ അപ്രഖ്യാപിത നിയമന നിരോധനം പിൻവലിക്കാൻ തീരുമാനിച്ച ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തി ചെറുതായിരുന്നില്ല. എന്നുമാത്രമല്ല, കേരളത്തിൽ 10 ദിവസത്തിനകം ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന് പ്രഖ്യാപിച്ചു. അങ്ങനെ റിപ്പോർട്ട് ചെയ്യുന്നത് കൃത്യമാണോയെന്നറിയാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. കേരളം 5 വർഷക്കാലം തൊഴിൽ മേഖലയിൽ അനുഭവിച്ചത് കൊടിയ ദുരന്തമാണ്. പെൻഷൻ പ്രായം വർദ്ധിപ്പിച്ചു, അപ്രഖ്യാപിത നിയമന നിരോധനം ഏർപ്പെടുത്തി,

തസ്തികകൾ വെട്ടിക്കുറച്ചു. കേരളത്തിലെ ചെറുപ്പക്കാർ അത്ര ഭീകരമായ അവസ്ഥയെയാണ് അഭിമുഖീകരിച്ചത് എന്ന യാഥാർത്ഥ്യമുണ്ട്. കേരളത്തിലെ ചെറുപ്പക്കാർക്ക് ജോലി കിട്ടാത്തതാണെങ്കിൽ യൂത്ത് കോൺഗ്രസ്സുകാർക്ക് ജോലി മാത്രമല്ല സീറ്റും കിട്ടിയില്ലായെന്ന് അവർ പറഞ്ഞു. അതുകൊണ്ടാണ് എന്റെ ജില്ലയിൽ, സാംസ്കാരിക തലസ്ഥാനത്ത്, ഷർട്ടൂരിയിട്ട് സീറ്റില്ലെങ്കിൽ ഷർട്ടും വേണ്ട എന്ന് പ്രഖ്യാപിച്ചുകൊണ്ട് യൂത്ത് കോൺഗ്രസ്സിന് പ്രകടനം നടത്തേണ്ടി വന്നത്. ഇനി നിയമന നിരോധനം ഇല്ലാതാക്കിയ ആഹ്ലാദത്തിൽ അവർക്ക് പ്രകടനം നടത്താൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. അഴിമതിയെ ചെറുക്കുമെന്നാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചത്. അഴിമതി ചെറുക്കപ്പെടേണ്ടതല്ലേ? കടകംപള്ളി ഭൂമി ഇടപാട്, കേരളത്തിലെ ബാർ കുംഭകോണം, ഭൂമിദാനം, സോളാർ കുംഭകോണം, ടൈറ്റാനിയം കുംഭകോണം, പാമോയിൽ കുംഭകോണം തുടങ്ങി എത്രയേറെ കുംഭകോണങ്ങളുടെ അപമാനിതമായ കഥകളാണ് കേരളത്തിൽ നാം കേട്ടു പരിചയപ്പെട്ടത്. കേരളത്തിനകത്തും പുറത്തും കേട്ട ഈ അഴിമതിക്കഥകളിൽനിന്ന് കേരളത്തെ രക്ഷിക്കാൻ യു.ഡി.എഫ്.-ൽ നിന്ന് എൽ.ഡി.എഫ്.-ലേക്ക് വന്നപ്പോൾ എന്തു മാറ്റമുണ്ടെന്ന് ചിലർ ചോദിക്കുന്നു. 'അഴിമതി തുടച്ചു നീക്കിയവരിൽ നിന്ന് അഴിമതി തുടച്ചുനീക്കുന്നവരിലേക്കാണ് കേരളത്തിലെ ജനങ്ങൾ ഭരണം ഏല്പിച്ചത് എന്ന് ഞങ്ങൾക്ക് ഉറപ്പിച്ചു പറയാൻ കഴിയും. അഴിമതി തുടച്ചുനീക്കുന്നവരുടെ ഗവൺമെന്റായി എൽ.ഡി.എഫ്. കേരളത്തിൽ പ്രവർത്തിക്കും. അതിനുവേണ്ടിയുള്ള ഭാവനാസമ്പന്നമായ നടപടികൾ കേരളത്തിലെ ഗവൺമെന്റ് എടുത്തുകഴിഞ്ഞു. മുൻസർക്കാർ അവസാനത്തെ നാളുകളിൽ കൈക്കൊണ്ട ക്രമവിരുദ്ധ തീരുമാനങ്ങളുടെ പരിശോധന മുതൽ കോളിളക്കം സൃഷ്ടിച്ച ജിഷാ വധക്കേസിലെ പ്രതികളെ പിടികൂടിയതുവരെയുള്ള ഭരണനടപടികൾ കേരളത്തിലെ ജനങ്ങളിൽ പ്രതീക്ഷ വളർത്തിയിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഗവൺമെന്റിന്റെ നയം നമുക്ക് നോക്കാം. ഈ ഗവൺമെന്റിന്റെ വികസന കാഴ്ചപ്പാട് പരിസ്ഥിതി സൗഹാർദ്ദപരമായിരിക്കുമെന്ന് നയപ്രഖ്യാപനത്തിൽ ഉറപ്പു നല്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി ഒരു പുതിയ വകുപ്പുതന്നെ ആരംഭിക്കുമെന്ന് ഈ ഗവൺമെന്റ് തന്നെ പറയുന്നു. ജെണ്ടർ ബഡ്ജറ്റ് കേരളത്തിൽ സാധ്യമാക്കും. കേരളത്തിലെ സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയും അത് വീടുകളിലെത്തിക്കുകയും ചെയ്യും. ഈ ഗവൺമെന്റ് സ്ത്രീകളുടെ കൂട്ടത്തിലാണ്; ഈ ഗവൺമെന്റ് അശരണരും അനാഥരുമായ പാവപ്പെട്ട മനുഷ്യരുടെ കൂട്ടത്തിലാണ്; ഈ ഗവൺമെന്റ് കുട്ടികളുടെ കൂട്ടത്തിലാണ്; ഈ ഗവൺമെന്റ് ജനങ്ങളുടെ

കൂട്ടത്തിലാണ്. എനിക്ക് ഏറെ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ നടത്തിയ പ്രസംഗത്തിൽ അസഹിഷ്ണുതയെക്കുറിച്ച് പറഞ്ഞു. ഒരു വിഭാഗത്തെ മുഴുവൻ കൊന്നുകളഞ്ഞ, സിക്ക് കൂട്ടക്കൊലയുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പറ്റുന്ന കോൺഗ്രസ്സിന്റെ നേതൃത്വത്തിലിരിക്കുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്താണ് അസഹിഷ്ണുതയെക്കുറിച്ച് പറയുന്നത്? ഞങ്ങൾക്ക് അത്ഭുതം തോന്നുന്നു. നിങ്ങൾ അസഹിഷ്ണുത വെടിയുമെങ്കിൽ ഇന്ത്യ രക്ഷപ്പെടുമായിരുന്നു. യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിലുള്ള ബന്ധം നിങ്ങൾ ഞങ്ങളുടെ മേൽ അടിച്ചേല്പിക്കാൻ ശ്രമിക്കുകയാണ്. സ്പീക്കർ സ്ഥാനത്തേക്ക് ഞങ്ങൾ ആരോടും വോട്ടു ചോദിച്ചതല്ല. സ്പീക്കർ സ്ഥാനത്തേക്ക് ഞങ്ങൾക്ക് ജയിക്കാൻ ഒരു സീറ്റിന്റെപോലും ആവശ്യമില്ല. പ്രോടെം സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കേരള നിയമസഭയിൽ വോട്ടുപോലും ചെയ്തില്ല. ഞങ്ങൾ ജയിക്കുമെന്നുള്ളത് കേരളത്തിൽ രാഷ്ട്രീയമറിയുന്ന ഏത് കുട്ടിക്കും അറിയുന്ന കാര്യമല്ലേ? അവിടെ ഞങ്ങൾ ഒരു വോട്ട് ചോദിക്കുമോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മറന്നുപോയ ഒരു കാര്യം, അങ്ങനെ വോട്ട് ചെയ്യാൻ ശ്രീ. ഒ. രാജഗോപാലിനെ ഈ നിയമസഭയിലേക്ക് വിട്ടത് ആരാണ്; അത് നിങ്ങളാണ് എന്നുള്ളതാണ് യാഥാർത്ഥ്യം. അല്ലെങ്കിൽ ശ്രീ. ഒ. രാജഗോപാൽ എവിടെയും വോട്ടു ചെയ്യുമായിരുന്നില്ല. നേമം മണ്ഡലത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ കണക്കുനോക്കിയാൽ 20,000 വോട്ടുകളുടെ കുറവാണ് വന്നിട്ടുള്ളത്. ആ വോട്ടുകൾ എവിടെപ്പോയെന്ന് കേരളത്തിലെ ജനങ്ങളോട് സമാധാനം പറയണ്ടേ? കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ നിങ്ങൾ മിണ്ടുന്നില്ല. അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ച ഘട്ടത്തിൽ പ്രതിപക്ഷം ഇറങ്ങിപ്പോകുന്ന നേരത്ത് ഒന്ന് മാടിവിളിച്ചപ്പോൾ നോട്ടീസുപോലും കൊടുക്കാതെ നിങ്ങളുടെ കൂട്ടത്തിൽ ഇന്ന് ബി.ജെ.പി. അംഗം ഇറങ്ങിപ്പോയല്ലോ. എവിടെയാണ് ഇതിന്റെ ബന്ധമെന്നത് നമുക്ക് കേട്ടാൽ ബോദ്ധ്യപ്പെടുന്ന കാര്യമല്ലേ; കേരളത്തിൽ മാറ്റമുണ്ടായില്ലേ? മാറ്റമുണ്ടായി.

കാർഷിക രംഗത്തുണ്ടായ മാറ്റം ചെറിയ മാറ്റമാണോ? കേരളത്തിലെ കൃഷി മേഖലയിൽ നിങ്ങൾ വരുത്തിവച്ച കടത്തിന് ആര് സമാധാനം പറയും? നിങ്ങൾ അധികാരത്തിൽനിന്ന് ഇറങ്ങിപ്പോകുമ്പോൾ കേരളത്തിലെ നെൽകൃഷിക്കാർക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശിക 170 കോടി രൂപയും നാളികേര കർഷകർക്കുള്ള കുടിശ്ശിക 50 കോടി രൂപയുമാണ്. 2013 മുതൽ ഇതുവരെയുള്ള കൃഷി നാശത്തിന്റെ പേരിലുള്ള കുടിശ്ശിക 59 കോടി രൂപയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 30 ദിവസം കൊണ്ട് എന്തുചെയ്തു? നെല്ലിന് നിങ്ങൾ കൊടുക്കാനുണ്ടായിരുന്ന

കുടിശ്ശിക 30 ദിവസംകൊണ്ട് പൂർണ്ണമായി കൊടുത്തുതീർത്തു; നാളികേരത്തിന് കൊടുക്കാനുള്ള 15 കോടി രൂപ കൊടുത്തുതീർത്തു. അതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. വിഷരഹിത പച്ചക്കറി കൃഷിക്കുവേണ്ടി അമ്പതിനായിരം ഏക്കറിൽ കൃഷി ചെയ്യുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്; അതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. ഇടതുമുന്നണി ഈ നാട്ടിലെ ജനങ്ങൾക്ക് അനുകൂലമായ നിലപാടെടുക്കും. 3 ലക്ഷം ഹെക്ടറിൽ നെൽകൃഷി വ്യാപിപ്പിക്കും. തരിശായി കിടക്കുന്ന മുഴുവൻ ഭൂമിയും ഞങ്ങൾ ജനങ്ങൾക്ക് കൊടുക്കും. അവിടെ കൃഷിയിടമുണ്ടാകും. ഹരിതാഭമായ ഒരു കേരളത്തിനുവേണ്ടി ഈ ഗവൺമെന്റ് വാദിക്കും. ചുമതലയേറ്റെടുത്തശേഷം കേരളത്തിലെ കൃഷി വകുപ്പുമന്ത്രി ആദ്യം പോയത് തരിശ്ശിട്ട ഭൂമിയിൽ എങ്ങനെ തരിശ്ശ് മാറ്റാം എന്നാലോചിക്കാനാണ്.

ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി നല്കാനുള്ള പദ്ധതിക്ക് ഈ ഗവൺമെന്റ് ഉറപ്പു നല്കിയത് തീർത്തും അഭിനന്ദനാർഹമാണ്. കേരളത്തിലെ മലയോര മക്കളുടെ കണ്ണുനീരിനെക്കുറിച്ച് ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടെയുള്ള ഒരിടപെടൽ നടത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. 1977-ന് മുമ്പ് കൈവശമുള്ള ഭൂമി ഉപയോഗിച്ച് പെൺമക്കളെ കെട്ടിച്ചയയ്ക്കാൻ കഴിയാതെ, അവിടെ ഒരു കുടിൽ വയ്ക്കാൻ കഴിയാതെ രോദനം ഉയർത്തുന്നവർക്കുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് ഒന്നും ചെയ്തില്ല. എന്റെ ജില്ലയിൽ സ്പെഷ്യൽ ഓഫീസറെ നിയമിച്ചുവെന്ന് പ്രഖ്യാപിച്ചു. ശുദ്ധനാടകമായിരുന്നു അത്; ഒരാളും വന്നില്ല, ഒരു പട്ടയവും കൊടുത്തില്ല. ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുന്നു, മലയോര കർഷകരുടെ പട്ടയം സാധ്യമാക്കാൻ കഴിയുകതന്നെ വേണം.

മി. ചെയർമാൻ: ..........യെസ്......പ്ലീസ് കൺക്ലൂഡ്.........

ശ്രീ. കെ. രാജൻ: സർ, വിലക്കയറ്റം പിടിച്ചു നിർത്താൻ ഏറ്റവും മാതൃകാപരമായ നടപടിയെടുത്ത ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ് ..... (മൈക്ക് ഓഫ്)..........

1.20 pm]

ശ്രീ. പി. ഉണ്ണി: സർ, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. അഴിമതിക്കും വർഗ്ഗീയതയ്ക്കുമെതിരായ ജനങ്ങളുടെ നിരന്തരമായ പോരാട്ടത്തിന്റെ ഉത്പന്നമാണ് ഇന്ന് അധികാരത്തിൽ വന്നിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ബഹുമാനപ്പെട്ട കേരള ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ എന്റെ നിയോജക മണ്ഡലമായ ഒറ്റപ്പാലത്ത് ഭാരത സർക്കാരിന്റെ

സംരംഭമായ മേക്ക് ഇൻ ഇന്ത്യയുടെ കീഴിലുള്ള ഡിഫൻസ് പാർക്കിനെ പ്രതിരോധ ഉല്പന്നങ്ങൾക്കുവേണ്ടിയുള്ള പ്രമുഖ നിർമ്മാണ ഘടകമായി മാറ്റാൻ ശ്രമിക്കുന്നതാണെന്ന പ്രഖ്യാപനത്തിന് ഞാൻ പ്രത്യേകമായി നന്ദി പ്രകാശിപ്പിക്കുകയാണ്. വിലക്കയറ്റത്താൽ വീർപ്പുമുട്ടുന്ന ഒരു സംസ്ഥാനമായിരുന്നു കേരളം. മാറാല പിടിച്ച മാവേലി സ്റ്റോറുകളാണ് കേരളത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാനാവശ്യമായ നടപടി സ്വീകരിച്ചതിനെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഏറ്റവും ശ്ലാഘനീയമായ നടപടിയായി ഞാൻ കാണുന്നു. ക്ഷേമപെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കാനും അത് വീടുകളിൽ എത്തിച്ചു കൊടുക്കാനുമുള്ള തീരുമാനം പ്രത്യേകം പ്രശംസ അർഹിക്കുന്ന ഒന്നാണ്. ആദ്യ മന്ത്രിസഭാ യോഗത്തിനുശേഷം മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ കുറേ കാര്യങ്ങൾ എടുത്തു പറഞ്ഞിട്ടുണ്ട്. അതിൽ പ്രത്യേകമായി പറഞ്ഞാൽ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുമെന്ന പ്രഖ്യാപനം, അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ടുള്ള പ്രഖ്യാപനം, മന്ത്രിമാരുടെ എണ്ണം 19 ആയി കുറച്ചുവെന്നുള്ള പ്രഖ്യാപനം, പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം കുറച്ച പ്രഖ്യാപനം, സർവ്വീസ് മേഖലയെ അഴിമതിവിമുക്തമാക്കി കാര്യക്ഷമമാക്കുമെന്ന പ്രഖ്യാപനം, ചീഫ് വിപ്പ് പദവി ഒഴിവാക്കിയ പ്രഖ്യാപനം തുടങ്ങിയവയെല്ലാം പ്രശംസ അർഹിക്കുന്ന ഈ ഗവൺമെന്റിന്റെ നടപടികളാണ്. ഈ പ്രഖ്യാപനങ്ങളിൽ പലതും സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്ക് ആശ്വാസം പകരുന്നതാണെന്ന് ഞാൻ കാണുന്നു.

ദേശീയ രാഷ്ട്രീയത്തിൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന എൻ.ഡി.എ. ഗവൺമെന്റ് അതിന്റെ ഫാസിസ്റ്റ് പ്രവണത വ്യക്തമാക്കാൻ തുടങ്ങിയിട്ടുള്ള ഒരു കാലഘട്ടത്തിൽക്കൂടിയാണ് നമ്മുടെ രാജ്യം കടന്നുപോകുന്നത്. വർഗ്ഗീയ ധ്രുവീകരണവും അതുപോലെ വർഗ്ഗീയ സംഘട്ടനങ്ങളും ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നടക്കുന്നുണ്ട്. അവരുടെ ഭീകരമുഖം ഇന്ത്യൻ ജനത തിരിച്ചറിയാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളത് വേറെ കാര്യം. പ്രത്യേകിച്ചും ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിനുശേഷം നടന്ന വിവിധ നിയമസഭാ തെരഞ്ഞെടുപ്പുകൾ, ഡൽഹി, ബീഹാർ, മറ്റ് അസംബ്ലി മണ്ഡലങ്ങൾ അതുപോലെ തന്നെ പ്രാദേശികമായി നടന്ന തെരഞ്ഞെടുപ്പുകൾ ഇവിടെയെല്ലാം ബി.ജെ.പി.യുടെ ആവർത്തിച്ചുള്ള തോൽവി നമ്മൾ കണ്ടറിഞ്ഞതാണ്. വാരണാസി മുതൽ ദ്വാരകാപുരി വരെ ബി.ജെ.പി.-യുടെ ദയനീയ പരാജയം ഇന്ത്യയിൽ സംഭവിക്കുകയുണ്ടായി. ബി.ജെ.പി. അധികാരത്തിൽ

വന്നതിനുശേഷമുള്ള ഈ തെരഞ്ഞെടുപ്പിൽകൂടി വ്യക്തമാകുന്നത് ബി.ജെ.പി.-യുടെ മലയിറക്കം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നുവെന്നാണ്. ബി.ജെ.പി.യുടെ അഖിലേന്ത്യ അദ്ധ്യക്ഷൻ, കേന്ദ്രമന്ത്രിമാർ ഇവരെല്ലാം കേരളത്തിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ പഞ്ചായത്തുതലം മുതലുള്ള യോഗങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി പ്രസംഗിച്ചു. ദേശീയ രാഷ്ട്രീയത്തിൽ ഇന്നത്തെ അവസ്ഥയിൽ കോൺഗ്രസ്സിനും ശക്തിക്ഷയം സംഭവിച്ചിട്ടുണ്ട്. ബി.ജെ.പി.-യെ ചെറുക്കാൻ, വർഗ്ഗീയതയെ ചെറുക്കാൻ കോൺഗ്രസ്സിനാകില്ലെന്ന് ജനം തിരിച്ചറിയാൻ തുടങ്ങിയിട്ടുണ്ട്. അതിന്റെകൂടി പരിണിതഫലമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വൻവിജയത്തിനും ഈ ഗവൺമെന്റ് അധികാരത്തിൽ വരാനും ഇടയായതിന് കാരണമെന്ന് ഞാൻ കരുതുന്നു. ബി.ജെ.പി.-യുടെയും കോൺഗ്രസ്സിന്റെയും പരസ്പര ധാരണ ഈ തെരഞ്ഞെടുപ്പിൽ കൂടുതൽ വ്യക്തമാവുകയുണ്ടായി.

നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം കേരളത്തിൽ രണ്ട് കൊലപാതകങ്ങൾ നടന്നു. ഉത്തരവാദികളെ അറിയാം. ഒന്നിനുത്തരവാദി മലപ്പുറം ജില്ലയിലാണ്, മറ്റൊന്ന് കണ്ണൂരിലാണ്. ഈ രണ്ട് കൊലപാതകങ്ങൾക്കുമുത്തരവാദി യു.ഡി.എഫ്.-ലെ ഘടകകക്ഷികളും അതിന് നേതൃത്വം കൊടുക്കുന്നവരുമാണെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞതാണ്. അക്രമങ്ങളും കൊലപാതകങ്ങളും നടത്തുന്നവർ തിരിഞ്ഞു നിന്ന് മാർക്സിസ്റ്റ് അക്രമങ്ങളെക്കുറിച്ചാണ് പറയുന്നത്. കേരളത്തിലെ യു.ഡി.എഫ്.-ഉം എൻ.ഡി.എ .യും എൽ.ഡി.എഫ്.നെതിരായി ..........

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പോയിന്റ് ഓഫ് ഓർഡർ. മലപ്പുറം ജില്ലയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു കൊലപാതകമുണ്ടായി എന്നുപറഞ്ഞു. അത് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ അങ്ങനെയൊരു കൊലപാതകമുണ്ടായിട്ടില്ല. ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പറയണം.

<u>മി. ചെയർമാൻ</u>: ചെയർ അത് പരിശോധിച്ച് റൂളിംഗ് നൽകാം.

<u>ശ്രീ. പി. ഉണ്ണി</u>: സർ, ഇതറിയുന്ന ജനാധിപത്യ വിശ്വാസികളുടെ നിറഞ്ഞ പ്രതീക്ഷയാണ് ഈ ഗവൺമെന്റ് എന്നുള്ളതാണ് ശരി. ജനകീയ സർക്കാരിനെ പിൻതാങ്ങുന്ന നന്ദിപ്രമേയത്തിന് ഒരിക്കൽ കൂടി പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

1.25 pm]

ശ്രീ. എം. രാജഗോപാലൻ: സർ, ബഹുമാനപ്പെട്ട ഗവർണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിൻതുണയ്ക്കുകയാണ്. ജനവിധിയുടെ പാഠം ഉൾക്കൊള്ളാത്തവരാണ് ഞങ്ങളെന്ന് പ്രതിപക്ഷം അവരുടെ പ്രസംഗത്തിലൂടെ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. അഴിമതിരഹിത മതനിരപേക്ഷ വികസിത കേരളമെന്ന എൽ.ഡി.എഫ്.-ന്റെ വാഗ്ദാനം പ്രയോഗവത്കരിക്കുന്നതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയുടെ പ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിലൂടെ ഈ സഭ കേട്ടത്. സർവ്വനാശത്തിന്റെ വിത്തുവിതച്ച് വിളകൊയ്ത യു.ഡി.എഫ്.-ന്റെ പഞ്ചവത്സര വിളയാട്ടം നമ്മുടെ നാടിനെ തകർക്കുകയായിരുന്നു. യു.ഡി.എഫ്.-ൽ നിന്നും നീതി പ്രതീക്ഷിക്കുന്നത് മരുഭൂമിയിൽനിന്നും ദാഹജലം പ്രതീക്ഷിക്കുന്നതിന് സമാനമാണെന്ന് കേരളീയ സമൂഹം തിരിച്ചറിയുകയുണ്ടായി. കേരളത്തെ ഇരുളടഞ്ഞ സാമ്പത്തിക സാമൂഹിക സാഹചര്യങ്ങളിലൂടെ പ്രതിസന്ധിയുടെ ആഴങ്ങളിലേക്ക് തള്ളിവിട്ടിട്ടായിരുന്നു അവരുടെ പടിയിറക്കം. പ്രതിസന്ധിയുടെ ഇരുൾ മൂടുമ്പോൾ സ്വയം പ്രകാശമായി ജ്വലിച്ച് മറ്റുള്ളവർക്ക് വഴി കാട്ടണമെന്ന ഏണസ്റ്റോ ചെഗുവേരയുടെ വാക്കുകളാണ് ഇവിടെ ഓർമ്മ വരുന്നത്. അതാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഇവിടെ ചെയ്യുന്നത്. ഭാവനാപൂർണ്ണമായിട്ടുള്ള ആസൂത്രണവും അതിലേക്ക് നയിക്കുന്ന കൃത്യമായ രാഷ്ട്രീയ ഇച്ഛാശക്തിയും പ്രതിബദ്ധതയോടു കൂടിയുള്ള പ്രവർത്തനവും കൈമുതലുള്ള ഈ സർക്കാരിന് ഇന്നത്തെ പ്രതിസന്ധിയെ മറികടക്കാൻ കഴിയും. അതിവേഗം വളരുന്ന കേരളമാണ് ഈ സർക്കാരിന്റെ ലക്ഷ്യം. സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും നവലിബറൽ നയങ്ങളുടെ വിപത്തിനെ പ്രതിരോധിച്ചും ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ആധുനികവൽക്കരിച്ചു കൊണ്ടുമുള്ള ബഹുമുഖ സമീപനമാണ് ജനങ്ങൾ ഈ സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്നത്. നവകേരള സൃഷ്ടിയുടെ കാഹളം മുഴക്കിക്കൊണ്ടുള്ള ഈ സർക്കാരിന്റെ പ്രഥമ നയപ്രഖ്യാപനം അതിന്റെ സാക്ഷ്യപത്രമാണ്. അശരണർക്കും നിരാലംബർക്കും നിർദ്ധനർക്കും ആശ്വാസമേകുന്ന സർക്കാരായി എൽ.ഡി.എഫ്. സർക്കാർ മാറിക്കൊണ്ടിരിക്കുകയാണ്.

ആഗോളവൽക്കരണം സൃഷ്ടിച്ച അസമത്വം, സാമ്പത്തികമാന്ദ്യം, പരിസ്ഥിതി നാശം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവയെ മറികടക്കാൻ ഫെഡറൽ ചട്ടക്കൂടിൽ നിന്നുള്ള ജനകീയ ബദൽ സംവിധാനത്തെക്കുറിച്ചാണ് ഈ സർക്കാർ ആലോചിക്കുന്നത്. യുവജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് തൊഴിലവസരങ്ങൾ

സൃഷ്ടിക്കുമെന്ന പ്രഖ്യാപനം അഭ്യസ്തവിദ്യരായ കേരളത്തിലെ തൊഴിൽരഹിത യുവജന സമൂഹത്തിന് ഏറെ പ്രതീക്ഷ നൽകുന്നതാണ്. വികസനം പരിസ്ഥിതി സൗഹാർദ്ദപരമായിരിക്കുമെന്നുള്ള പ്രഖ്യാപനം പരിസ്ഥിതിയെ നാളിതുവരെ തീറെഴുതാൻ ശ്രമിച്ചവർക്കുള്ള കനത്ത തിരിച്ചടിയാണ്; അത് അവർക്കുള്ള താക്കീതാണ്. പരിസ്ഥിതി സംരക്ഷണത്തിലധിഷ്ഠിതമായ ഒരു വികസന കാഴ്ചപ്പാടാണ് കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റിനുള്ളതെന്നതിന്റെ സാക്ഷിപത്രംകൂടിയാണ് ഈ പ്രതികരണം. നയരൂപീകരണം മുതൽ അതിന്റെ അനന്തരഫലം വിലയിരുത്തുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തമെന്ന സർക്കാർ കാഴ്ചപ്പാടിൽ ജനാധിപത്യ സമൂഹത്തിന് അഭിമാനിക്കാൻ വകയേറെയുണ്ട്. നാടിന് ശുഭപ്രതീക്ഷകൾ പകർന്ന സർവ്വതലസ്പർശിയും സന്തുലിതവുമായ ഒരു വികസന കാഴ്ചപ്പാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റേതെന്ന് ഒന്നാം മാസത്തിലെ അനുഭവങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചവത്സര പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം പദ്ധതി വേണ്ടെന്ന് വയ്ക്കാനുള്ള കേന്ദ്രസർക്കാരിന്റെ നിലപാടിനോടുള്ള കേരള സർക്കാരിന്റെ പ്രതികരണംകൂടിയായി. ആസൂത്രണം കൂടുതൽ പ്രൊഫഷണലും ശാസ്ത്രീയവുമാക്കാനുള്ള സർക്കാർ തീരുമാനം കാലോചിതമായി. ആസൂത്രണത്തിന്റെ മികവെന്നു പറയുന്നത് പ്ലാനിംഗ് ആന്റ് ഇനീഷ്യേറ്റീവ് എന്നുള്ളതാണ്. ആ ആസൂത്രണത്തിന്റെയും മുൻകൈയുടെയും അഭാവമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളം അനുഭവിച്ചറിഞ്ഞത്. അതിൽ നിന്നും വ്യത്യസ്തമായി പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്ക് പ്രാമുഖ്യം നൽകി ഗ്രാമീണ മേഖലയിലും പ്രാദേശികതലത്തിലും വികസന അജണ്ടകൾതന്നെ രൂപപ്പെടുത്തി ജനപങ്കാളിത്ത വികസനം ഉറപ്പുവരുത്തിക്കൊണ്ട് സുതാര്യമായ വികസന പ്രവർത്തനത്തിന് നേതൃത്വം കൊടുത്ത് മെച്ചപ്പെട്ട പ്രാദേശിക സ്ഥലപര ആസൂത്രണം ഉറപ്പു വരുത്തുന്നതിനായുള്ള തീരുമാനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിലൂടെ നാം ശ്രവിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിൽ ത്രിതല പഞ്ചായത്ത് സംവിധാനവുമായി ബന്ധപ്പെട്ട് തകർച്ചയുടെ നാളുകളിലൂടെയാണ് കേരളം സഞ്ചരിച്ചത്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ വിവിധ വകുപ്പുകളെ മൂന്നായി മുറിച്ചു. ഉല്പാദനമേഖലയ്ക്ക് അതുവരെ അനുവദിക്കപ്പെട്ടിരുന്ന തുക 35 ശതമാനത്തിൽനിന്നും 25 ശതമാനമായി വെട്ടിക്കുറയ്ക്കുന്നതാണ് നമ്മൾ കണ്ടത്. പദ്ധതി പരിശോധനയ്ക്കും അതിന്റെ നിർവ്വഹണത്തിനുമുള്ള സാങ്കേതിക പരിജ്ഞാനമുള്ളവർ അടങ്ങുന്ന വിദഗ്ദ്ധ സമിതി വേണ്ടെന്ന് വയ്ക്കാനാണ് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനമെടുത്തത്. ഇ.എം.എസ്. ഭവനപദ്ധതി പാതിവഴിയിൽ വച്ച് ഉപേക്ഷിക്കുന്ന ഒരു

സർക്കാരിനെയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളം കണ്ടത്. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.) പകുതിപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് യു.ഡി.എഫ്. ഗവൺമെന്റിനെ നാണിപ്പിക്കുന്നതാണ്. 50 ശതമാനം വനിതാ സംവരണം ഏർപ്പെടുത്താൻ ത്രിതല പഞ്ചായത്ത് സംവിധാനത്തിന് കഴിഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പണം നഷ്ടപ്പെടുത്താനും അത് പ്രയോജനപ്പെടുത്താനും കഴിയാത്ത വിധത്തിലേക്ക് നിലപാടുകൾ സ്വീകരിക്കുന്ന സ്ഥിതിയാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായത്. സ്ത്രീശാക്തീകരണത്തിന്റെ ഉജ്ജ്വല മാതൃകയായി കുടുംബശ്രീയെ മെച്ചപ്പെടുത്തിയ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തിന് വ്യത്യസ്തമായി യു.ഡി.എഫ്.-ലേക്ക് എത്തിയപ്പോൾ കുടുംബശ്രീയെ തകർക്കാൻ ജനശ്രീയെ പ്രോൽസാഹിപ്പിക്കുന്ന നയമാണ് കണ്ടത്. കുടുംബശ്രീയെ ശക്തിപ്പെടുത്തിയെന്ന് നേരത്തേ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതല്ല, ജനശ്രീയെ ശക്തിപ്പെടുത്താനുള്ള നിലപാടുകളാണ് ഇവിടെയുണ്ടായത്. കെട്ടുകാര്യസ്ഥത, അഴിമതി, ഘടക പദ്ധതികൾ ദുർബ്ബലമാക്കുന്ന സ്ഥിതി ഇവയൊക്കെ കേരളത്തെ സംബന്ധിച്ചിടത്തോളമുണ്ടായി.

പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി-ഖാദി മേഖലകൾ പൊതുവെ വർത്തമാനകാല കേരളത്തിൽ തകർന്നുകിടക്കുകയാണ്. ഖാദി തൊഴിലാളികൾക്ക് മിനിമം കൂലിപോലും ലഭ്യമാക്കാനുള്ള ഒരു സാഹചര്യം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായില്ല. വേണ്ടത്ര തൊഴിലവസരവുമുണ്ടായിരുന്നില്ല. നൂറു ദിവസത്തെ തൊഴിലും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്താനും നൂലുകൾ വിലക്കിഴിവിൽ ലഭ്യമാക്കാനും തറികൾ നവീകരിക്കാനും നടപടി സ്വീകരിക്കുമെന്നുമുള്ള പുതിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രഖ്യാപനം ഏറെ ആശ്വാസകരമാണ്. കൈത്തറി സഹകരണ മേഖലയിൽ കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമായി പുനഃസംഘടിപ്പിക്കുക എന്ന തീരുമാനവും ഏറെ ആശ്വാസകരമാണ്. കൈത്തറി യൂണിഫോം പ്രോത്സാഹിപ്പിക്കണമെന്നുള്ളതാണ് അഭിപ്രായം. കഴിഞ്ഞ കാലങ്ങളിൽ അത്തരമൊരു തീരുമാനമെടുത്തിരുന്നെങ്കിലും പ്രയോഗവത്കരിക്കുന്നതിൽ വേണ്ടത്ര വേഗത കൈവരിക്കാൻ സാധിച്ചിട്ടില്ല. വിദ്യാർത്ഥികളും സർക്കാർ ജീവനക്കാരും നിശ്ചിത ദിവസങ്ങളിൽ കൈത്തറി വസ്ത്രം ധരിക്കണമെന്നുള്ള പ്രോത്സാഹനജനകമായിട്ടുള്ള സമ്മർദ്ദം ചെലുത്താനുള്ള ഒരു പ്രേരകശക്തിയായി പ്രവർത്തിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിയണം. മറ്റു സംസ്ഥാനങ്ങളിലും പ്രദർശനമേളകൾ സംഘടിപ്പിച്ച് ദേശീയതലത്തിൽ വിപണന വ്യാപനം നടത്താൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്.

ഊർജ്ജ പ്രതിസന്ധികൊണ്ട് വീർപ്പുമുട്ടുന്ന കേരളത്തിന് ആശ്വാസകരമായിട്ടുള്ള നടപടികളാണ് നയപ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. മിതമായ നിരക്കിൽ എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനത്തിന്റെ ഊർജ്ജസുരക്ഷ നിലനിർത്തിക്കൊണ്ട് ഒരു സുസ്ഥിര വികസന മാതൃക പിന്തുടരണമെന്നാണ് നയപ്രഖ്യാപനത്തിലൂടെ വെളിവാക്കപ്പെട്ടിട്ടുള്ളത്. 2017-ഓടുകൂടി എല്ലാ വീടുകളിലും വൈദ്യുതി എന്ന തീരുമാനം ഇവിടെ പ്രയോഗവത്കരിക്കപ്പെടുമ്പോൾ ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽക്കൂടി മാതൃക സൃഷ്ടിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ജനങ്ങൾക്ക് സ്വീകാര്യമായ രീതിയിൽ കാസർഗോഡ് മലിനീകരണമില്ലാത്ത 200 മെഗാവാട്ട് സോളാർ പാർക്ക് സ്ഥാപിക്കാനുള്ള തീരുമാനത്തെ സഹർഷം സ്വാഗതം ചെയ്യുന്നു. ഊർജ്ജ വിതരണ ശൃംഖല നവീകരിച്ചും ഘട്ടംഘട്ടമായി സ്മാർട്ട് ഗ്രിഡ് നടപ്പിലാക്കിയും സംസ്ഥാനത്തെ ഊർജ്ജ വിതരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമം ശ്ലാഘനീയമാണ്. കുട്ടികളിൽ ഊർജ്ജ സംരക്ഷണ സംസ്കാരം വളർത്തിയെടുക്കുവാനുള്ള ശ്രമവും ഏറെ പ്രശംസാർഹമാണ്. റവന്യൂ വരവ് കുറയാൻ കാരണമായ അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കി കൊണ്ട് റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള ആത്മാർത്ഥതയും ഊർജ്ജിതവുമായ ശ്രമങ്ങൾക്ക് എല്ലാവിധത്തിലുമുള്ള പിന്തുണയും നൽകുകയാണ്.

യു.ഡി.എഫ്. ഗവൺമെന്റ് വാഗ്ദാന ലംഘനം നടത്തിയിരുന്ന ഗവൺമെന്റായിരുന്നു. എൻഡോസൾഫാനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജനുവരി 26-ന് സെക്രട്ടറിയേറ്റിനുമുന്നിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ അമ്മമാർ നടത്തിയിരുന്ന സമരത്തെത്തുടർന്ന് ഒരു ഒത്തുതീർപ്പ് വ്യവസ്ഥ യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടാക്കുകയുണ്ടായി. എന്നാൽ വ്യവസ്ഥകൾ പാലിക്കാൻ ആ ഗവൺമെന്റ് തയ്യാറായിരുന്നില്ല. ദുരിതാശ്വാസ ലിസ്റ്റിൽ 610 പേരെ ഉൾപ്പെടുത്താൻ തീരുമാനിച്ചു; നടന്നില്ല. പ്രതിവർഷ മെഡിക്കൽ ക്യാമ്പ് നടത്താൻ തീരുമാനിച്ചു; നടന്നില്ല. ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രഖ്യാപിച്ച ദുരിതാശ്വാസം ലഭിക്കാത്ത സ്ഥിരവും ഗുരുതരവുമായ രീതിയിൽ ഡിസെബിലിറ്റിയുള്ളവർക്ക് മൂന്നുലക്ഷം രൂപയും മറ്റുള്ളവർക്ക് രണ്ട് സ്ലാബാക്കി തിരിച്ച് രണ്ടു ലക്ഷം രൂപ, ഒരു ലക്ഷം രൂപ എന്നുള്ള രീതിയിലും ധനസഹായം നൽകാനുള്ള തീരുമാനം എടുത്തു; അതും നടന്നില്ല. ക്യാമ്പുകളിൽ പരിശോധിക്കുമ്പോൾ ഡിസെബിലിറ്റി എന്നത് വിശാലാർത്ഥത്തിൽ സ്ഥിരരോഗാവസ്ഥ എന്ന രീതിയിൽ പരിഗണിക്കുന്നതാണെന്ന് തീരുമാനിച്ചു; പരിഗണിച്ചില്ല. 25 കോടി രൂപയുടെ കടം എഴുതിത്തള്ളാൻ ഉണ്ടായിരുന്നത് 10 കോടി 90 ലക്ഷമാക്കി ചുരുക്കി. ന്യൂറോളജിസ്റ്റിന്റെ സേവനം

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഏർപ്പെടുത്തുമെന്ന് പറഞ്ഞു; നടപ്പിലായില്ല. പെൻഷൻ വിതരണം ആരംഭിച്ചില്ല. മെഡിക്കൽ കോളേജിന്റെ പ്രവർത്തനം തുടങ്ങിയില്ല. അങ്ങനെ വാഗ്ദാന ലംഘനങ്ങളുടെ വർഷമാണ് നമ്മൾ കണ്ടത്.

കായിക ഭവനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കായിക രംഗത്തെ കഴിവിന്റെ കേദാരങ്ങളെ കണ്ടെത്താനുള്ള കാര്യക്ഷമമായ പ്രവർത്തന കേന്ദ്രമായിട്ടാണ് കായിക ഭവനെ ഈ ഗവൺമെന്റ് നോക്കിക്കാണുന്നത്. അല്ലാതെ അഞ്ജു ബോബി ജോർജ് പ്രശ്നവും പത്മിനി തോമസ് തർക്കവും തീർക്കാനുള്ള വേദിയല്ല. ഇടതുപക്ഷം ഹൃദയപക്ഷമാണെന്ന് തെളിയിച്ച് തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വികസന വിസ്മയം സൃഷ്ടിച്ച് ജാതിരഹിത മതനിരപേക്ഷ സമൂഹമാക്കി കേരള ജനതയെ മാറ്റി കരുത്തോടെ മുന്നോട്ടുപോകുകയാണ്. അത്തരത്തിൽ മുന്നോട്ട് പോകുന്ന ഗവണ്മെന്റിന് ആത്മ വിശ്വാസം നൽകുന്ന നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

1.34 pm]

ശ്രീ. രാജു എബ്രഹാം: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷം ആന കയറിയ കരിമ്പിൻ കാട്ടിന്റെ അവസ്ഥയായിരുന്നു കേരളത്തിൽ. ഏതെങ്കിലുമൊരു രംഗത്ത് പ്രത്യേകമായിട്ടുള്ള നേട്ടങ്ങൾ നേടിയെന്ന് യു.ഡി.എഫ്.-ന്റെ നേതാക്കന്മാർക്കുപോലും പറയാൻ കഴിയാത്ത അവസ്ഥയിലായിരുന്നു വികസന പദ്ധതികൾ. അവിടെയാണ് വലിയ പ്രതീക്ഷകൾ നൽകിക്കൊണ്ട് ഈ ഗവൺമെന്റിനുവേണ്ടി ഗവർണർ തന്റെ നയപ്രഖ്യാപന പ്രസംഗം നടത്തിയിരിക്കുന്നത്. അതിൽ ഏറ്റവും പ്രതീക്ഷ നൽകിയിരിക്കുന്ന ഒരു രംഗം ഐ.ടി. മേഖലയാണ്. ഐ.ടി. രംഗത്തെ സംബന്ധിച്ച് വലിയ പ്രസംഗങ്ങളൊക്കെ ഇവിടെ നടന്നു. പക്ഷേ ഐ.ടി. രംഗത്ത് ക്രിയാത്മകമായ എന്ത് സമീപനമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ നടന്നത്. പുതിയ എത്ര ഐ.ടി. വ്യവസായങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞ ഗവൺമെന്റിന് കഴിഞ്ഞു? അതെല്ലാം പരിശോധിക്കുമ്പോൾ കേരളത്തിന് വലിയ പ്രതീക്ഷ നൽകിയിരുന്ന മേഖലയെ പൂർണ്ണമായി പരാജയപ്പെടുത്തിയ സമീപനമായിരുന്നു കാണാൻ കഴിഞ്ഞിരുന്നത്. അവിടെയാണ് ഐ.ടി. സ്പെയ്സ് ഇരട്ടിയാക്കുന്നുവെന്നുള്ള പ്രഖ്യാപനം നടത്തിയിട്ടുള്ളത്. കേരളത്തിൽ ടെക്നോ പാർക്ക് ഉൾപ്പെടെ കൊണ്ടുവന്ന് ഇന്ത്യാരാജ്യത്ത് ആദ്യമായി ഐ.ടി. രംഗത്ത്

മുന്നേറ്റം നടത്തിയ കേരളത്തിന്റെ ആ അനുഭവങ്ങളെല്ലാം സ്വാംശീകരിച്ചുകൊണ്ടു തന്നെയാണ് ഈ ഗവൺമെന്റ് ഐ.ടി. രംഗത്തെ പാർക്കുകളുടെ സ്പെയ്സ് ഇരട്ടിയാക്കുമെന്നുള്ള പ്രഖ്യാപനം നടത്തിയിരിക്കുന്നത്. സ്വാഭാവികമായും അതിന്റെ നടപടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം.

മറ്റൊരു കാര്യം ഇവിടെ സൂചിപ്പിച്ചതു തന്നെയാണ്. നമ്മൾ നേരിട്ട ഏറ്റവും പ്രധാന പ്രശ്നം വിലക്കയറ്റമാണ്. കഴിഞ്ഞ തവണ അപ്പുറത്തിരുന്നുകൊണ്ട് ഞങ്ങൾ നൂറ്റിയമ്പതു തവണയെങ്കിലും വിലക്കയറ്റം നിയന്ത്രിക്കണമെന്ന പ്രമേയം അവതരിപ്പിച്ചതാണ്. അടിയന്തരപ്രമേയമായും ശ്രദ്ധക്ഷണിക്കൽ പ്രമേയമായും അവതരിപ്പിച്ചു. പക്ഷേ വിലക്കയറ്റം നിയന്ത്രിക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ല. മാവേലി സ്റ്റോറുകളിൽപ്പോലും നാലുതവണ വില കൂട്ടിയ ഗവൺമെന്റായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് എന്നു പറഞ്ഞാൽ എത്ര ലജ്ജാകരമായിട്ടാണ് വിലക്കയറ്റം എന്ന പ്രശ്നത്തെ യു.ഡി.എഫ്. നേരിട്ടതെന്ന് മനസ്സിലാകും. അവിടെയാണ് ഏറ്റവും അന്തസ്സോടുകൂടി മാവേലി സ്റ്റോറിൽ വരുന്ന അഞ്ചുവർഷക്കാലം വിലക്കയറ്റമുണ്ടാവില്ലെന്ന ഉറച്ച പ്രഖ്യാപനം നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളത് എന്നത് എത്രമാത്രം സ്വാഗതം ചെയ്യേണ്ട ഒരു കാര്യമാണ്. അതിനെ നമ്മൾ സ്വാഗതം ചെയ്യുക മാത്രമല്ല ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കുതന്നെ മാതൃകയാകുന്ന സമീപനത്തിലേക്കാണ് കാര്യങ്ങൾ നീക്കിയിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ ഏതാണ്ട് 150 കോടി രൂപ അനുവദിക്കുകവഴി മാവേലി സ്റ്റോറുകൾക്ക് പുനർജന്മം നൽകിയ ഒരു അനുഭവമാണ് ഇന്നിവിടെ ഉണ്ടായിരിക്കുന്നത് എന്നുള്ളതാണ് എടുത്തു പറയേണ്ട ഒരു പ്രധാനപ്പെട്ട കാര്യം.

വീടില്ലാത്ത പാവപ്പെട്ടവർക്കുവേണ്ടി ഉണ്ടായിരുന്ന ഏക പദ്ധതിയായ ഇ.എം.എസ്. ഭവനപദ്ധതി നിർത്തലാക്കിയ സമയത്ത് ഞങ്ങൾ നിയമസഭയിൽ അതുസംബന്ധിച്ച് ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത് മറ്റൊരു പദ്ധതി കൊണ്ടുവരുമെന്നായിരുന്നു. അഞ്ചുവർഷം കഴിഞ്ഞിട്ടും ഏതെങ്കിലും പദ്ധതി കൊണ്ടുവരികയുണ്ടായോ? ഇക്കഴിഞ്ഞ അഞ്ചുവർഷവും വീടില്ലാത്ത പാവപ്പെട്ടവർക്കുവേണ്ടി, സംസ്ഥാന സർക്കാരിനുവേണ്ടി ഒരു പദ്ധതിയും കൊണ്ടുവന്നില്ല. ഇന്ദിരാ ആവാസ് യോജന എന്ന പദ്ധതി മാത്രമായിരുന്നു വീടില്ലാത്ത പാവപ്പെട്ടവർക്ക് ആകെയുണ്ടായിരുന്നത്. ആ പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ട വിഹിതം കൊടുത്തോ? കൊടുത്തില്ല. അതുകൊണ്ടു തന്നെ പ്രസ്തുത പദ്ധതിയിലൂടെ അനുവദിക്കപ്പെട്ട ഭൂരിപക്ഷം വീടുകളും പണി

പൂർത്തിയാകാതെ കിടക്കുകയാണ്. പട്ടികജാതി മേഖല, പട്ടികവർഗ്ഗ മേഖല എന്നുമാത്രമല്ല മറ്റു ജനറൽ വിഭാഗത്തിന്റേതുപോലും പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്വം യു.ഡി.എഫ്. ഗവൺമെന്റിനാണ്.

സംസ്ഥാനത്തെ ആരോഗ്യ രംഗത്തെ കുളമാക്കിയ ഗവൺമെന്റായിരുന്നു കഴിഞ്ഞ ഗവൺമെന്റ്. ആശുപത്രികളിൽ ഡോക്ടർമാരില്ല, മരുന്നില്ല, മരുന്ന് വാങ്ങാൻ ഫണ്ടില്ല. ഈ അവസ്ഥയിൽനിന്ന് കേരളത്തെ കരകയറ്റേണ്ട ഏറ്റവും വലിയ ഉത്തരവാദിത്വമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് നയപ്രഖ്യാപനത്തിൽ നാട്ടിലെ സാധാരണക്കാരനുവേണ്ടിയുള്ള ഇൻഷ്വറൻസ് പദ്ധതികളടക്കമുള്ള പദ്ധതികളെ സംബന്ധിച്ച് ഏറ്റവും ആധികാരികമായി ഗവർണർ ഊന്നിപ്പറഞ്ഞിരിക്കുന്നത്. ഇത് നമ്മെ സംബന്ധിച്ചിടത്തോളം വലിയൊരു പ്രതീക്ഷയാണ്. കേരളത്തിലെ ജനങ്ങൾ ഏറെ പ്രതീക്ഷ അർപ്പിച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വിജയിപ്പിച്ചതെന്നകാര്യം നമ്മൾ അടിവരയിട്ട് ഓർക്കണം. ഏതാണ്ട് 4.5 ശതമാനം വോട്ടുകളുടെ വർദ്ധനവ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഈ മുന്നണിക്ക് അനുകൂലമായുണ്ടായി എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടകാര്യം. എൺപത്തിയേഴേകാൽ ലക്ഷം ജനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വോട്ടുചെയ്തിട്ടുള്ളത്. യു.ഡി.എഫ്.-ന് എഴുപത്തിയെണ്ണായിരം ലക്ഷം ജനങ്ങൾ മാത്രമേ വോട്ട് ചെയ്തിട്ടുള്ളൂ. കേരളത്തിൽ ആകെയുള്ള ശതമാന വ്യത്യാസം നമുക്കറിയാം. അര ശതമാനം അല്ലെങ്കിൽ ഒരു ശതമാനം. അവിടെ നിന്നാണ് നാല് ശതമാനത്തിലധികമുള്ള വർദ്ധനവിലേക്ക് എൽ.ഡി.എഫ്. കടന്നുവന്നിരിക്കുന്നത് എന്നത് കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ മുന്നണിയിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം എത്രമാത്രം വലുതാണ് എന്ന് ചൂണ്ടിക്കാണിക്കുന്നതാണ്. ഈ തെരഞ്ഞെടുപ്പിൽ 9.25 ലക്ഷം വോട്ടുകളുടെ വ്യത്യാസമാണ് രണ്ടു മുന്നണികൾ തമ്മിൽ കേരളത്തിൽ ഉണ്ടായതെന്നുള്ളതാണ് ഏറ്റവും പ്രാധാന്യത്തോടുകൂടി നമ്മൾ കാണേണ്ടത്. അതൊരു ചെറിയ വ്യത്യാസമല്ല. ഇവിടെനിന്നും ഇടതുപക്ഷ മുന്നണി മുന്നോട്ടു പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നിങ്ങളുടെ വോട്ടിംഗ് പെർസന്റേജ് തന്നെ ഏകദേശം 38.75 ആയി കുറഞ്ഞിരിക്കുന്നു. അത് യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം യു.ഡി.എഫ്.-ന്റെ തകർച്ചയുടെ തുടക്കമായി ഈ തെരഞ്ഞെടുപ്പിനെ കാണുന്നു എന്നുള്ളതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ്. അതുപോലെതന്നെ ആർ.എസ്.പി. ജനതാദൾ (യു) തുടങ്ങിയ രാഷ്ട്രീയ പാർട്ടികളുടെ മേൽവിലാസം പോലുമില്ലാതായ ഒരു തെരഞ്ഞെടുപ്പാണ് കഴിഞ്ഞ തെരഞ്ഞെടുപ്പെന്ന് നമ്മൾ ഓർക്കണം.

കഴിഞ്ഞ ഗവൺമെന്റ് എല്ലാ മേഖലകളിലും എടുത്ത സമീപനം എന്തായിരുന്നു? ഇവിടുത്തെ ഇടതുപക്ഷ പ്രവർത്തകരെ തുറുങ്കിലടയ്ക്കുന്ന സമീപനമല്ലേ സ്വീകരിച്ചത്. ഈ സഭയിലുള്ള ശ്രീ. എം. എം. മണി, ഈ സഭയിൽ മുമ്പുണ്ടായിരുന്ന ശ്രീ. പി. ജയരാജൻ, എന്റെ അടുത്ത സീറ്റിലിരിക്കുന്ന ശ്രീ. റ്റി. വി. രാജേഷ് അടക്കമുള്ള ഇടതുപക്ഷ മുന്നണിയുടെ നേതാക്കൻമാരെ കൽത്തുറുങ്കിലടച്ച പാരമ്പര്യമാണ് നിങ്ങൾ പിന്തുടർന്നുപോയിരുന്നത്. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അസഹിഷ്ണുതയുടെ കാര്യം സൂചിപ്പിച്ചു. ആർക്കായിരുന്നു അസഹിഷ്ണുത; എന്തിനുവേണ്ടിയായിരുന്നു? ഒരു പ്രസംഗത്തിന്റെ പേരിലാണ് ശ്രീ. എം. എം. മണിയെ മാസങ്ങളോളം പീഡിപ്പിച്ച് ജയിലിലടച്ചത്. ഒരു തെളിവും ഇല്ലാത്ത കുറ്റത്തിന്റെ പേരിലല്ലേ ശ്രീ. റ്റി. വി. രാജേഷ് അടക്കമുള്ള ആളുകളെ കൽത്തുറുങ്കിലടച്ചത്? അതായിരുന്നു നമ്മുടെ നാട്ടിൽ കണ്ടത്. അത്തരത്തിലുള്ള പോലീസ് മർദ്ദനങ്ങളെ അതിജീവിച്ചുകൊണ്ടാണ് ഞങ്ങൾ പോരാട്ടം നടത്തിയത്. ഞങ്ങൾ നടത്തിയ പോരാട്ടങ്ങളൊക്കെ പരാജയങ്ങളായിരുന്നു; മറ്റേ സമരം പരാജയമായിരുന്നില്ലേ; ആ സമരം പരാജയമായില്ലേ, ഇതായിരുന്നു വലിയ പ്രചരണം. പക്ഷേ അവയൊന്നും പരാജയം ആയിരുന്നില്ല. ഞങ്ങൾ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഉന്നയിച്ച ഓരോ സമരങ്ങളും ജനങ്ങൾ നെഞ്ചിലേറ്റുകയായിരുന്നു. അതുകൊണ്ടാണ് സോളാർ വിവാദം കേരളത്തിൽ കൊമ്പുകുത്തിവാണപ്പോൾ അതിനെതിരായി പോരാട്ടം നടത്തിയ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കൊപ്പം ജനങ്ങൾ അണിനിരന്നത്. ഇതിനുമുമ്പത്തെ തെരഞ്ഞെടുപ്പിൽ ഞങ്ങളോടൊപ്പം ഇല്ലാതിരുന്ന ലക്ഷോപലക്ഷം ജനങ്ങളാണ് അണിനിരന്നത്. ഞങ്ങൾ നടത്തിയ അഴിമതിക്കെതിരായുള്ള പോരാട്ടമാണ് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട പോരാട്ടം. അഴിമതിയുടെ പേരിൽ ഒരു മന്ത്രിക്കുതന്നെ രാജി വയ്ക്കേണ്ടി വന്ന ഒരു നിയമസഭയാണിത്. ആ നിലയിൽ നിരവധി പേർ ഇനിയുമുണ്ട്. വിജിലൻസിനെ കൂട്ടിലടച്ചിട്ടു. ഇന്ന് ഞങ്ങൾ ആ വിജിലൻസിനെ തുറന്നുവിട്ടിരിക്കുകയാണ്. എല്ലാ സ്വാതന്ത്ര്യവും നൽകിയിരിക്കുകയാണ്. കുറ്റവാളികൾ ശിക്ഷിക്കപ്പെടണം. നിരപരാധികളെ ശിക്ഷിക്കാൻ പാടില്ല. ബാർ കോഴയിൽ ഇനിയുമുണ്ട് ആളുകൾ. ബാർ കോഴയിൽ ഇനിയുള്ള ആളുകൾക്കെതിരെ പുറത്തു വന്ന തെളിവുകൾ പരിശോധിച്ചുകൊണ്ട് നിയമനടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. എങ്കിൽ മാത്രമേ അഴിമതിക്ക് കൂച്ചുവിലങ്ങിടാൻ കഴിയുകയുള്ളൂ. ടൈറ്റാനിയം ഇടപാട് പോലെയുള്ള നിരവധി അഴിമതി ആരോപണങ്ങളുണ്ട്. പാമോയിൽ കേസടക്കം മൂടിവയ്ക്കപ്പെട്ട അഴിമതി ആരോപണങ്ങളെയെല്ലാം പുറത്തുകൊണ്ടുവരാൻ വേണ്ടിയുള്ള ഒരു ധർമ്മ സമരമായിട്ടുതന്നെ ഈ വരുന്ന

ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ കാണണം. ഇവിടെ രാവിലെ പ്രതിപക്ഷം അടിയന്തരപ്രമേയം ഉന്നയിച്ചു. അവർക്ക് അടിയന്തരപ്രമേയം ഉന്നയിക്കാനുള്ള എല്ലാ സ്വാതന്ത്ര്യവുമുണ്ട്, ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ നമ്മൾ കാണേണ്ട പ്രധാനപ്പെട്ട ഒരു പ്രശ്നം, തലശ്ശേരിയിലെ പ്രശ്നം ഉണ്ടായപ്പോൾ കോൺഗ്രസ്സ് നേതാവ് ശ്രീ. കെ. സുധാകരൻ അവിടെ നടത്തിയ പ്രസംഗത്തിൽ കോൺഗ്രസ്സിന്റെ ഉണ്ണിയാർച്ചകൾ എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. ഇങ്ങനെ അപമാനിക്കപ്പെടുന്ന അവസ്ഥയിലേക്ക് ഒരു സമൂഹത്തെ കൊണ്ടുചെന്നെത്തിക്കണോ? വളരെ ഗൗരവകരമായി ആലോചിക്കണം. ഇത്തരം കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി കണ്ട് ഈ നാട്ടിൽ പുനഃപരിശോധിക്കേണ്ട കാര്യങ്ങളെല്ലാം ജനഹിതമനുസരിച്ച് പുനഃപരിശോധിക്കണം. ഇവിടെ കഞ്ചാവിന്റെ വിൽപ്പന കൂടാൻ പാടില്ല. ഇവിടെ ബിയറിന്റെ വിൽപ്പന കൂടുകയാണ്. ഇത്തരം അവസ്ഥയിൽനിന്നും കേരളത്തെ രക്ഷിക്കുന്നതിന് പൊതുജനാഭിപ്രായം തേടിക്കൊണ്ടുള്ള ഏറ്റവും നീതിപൂർവ്വമായ നടപടികളിലേക്ക് ഈ ഗവൺമെന്റ് പോകണമെന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

1.45 pm]

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, നന്ദി പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം സീറ്റിലും വോട്ടിലും നല്ല ഭൂരിപക്ഷം കരസ്ഥമാക്കിയാണ് കേരളത്തിൽ അധികാരത്തിൽ വന്നത്. കഴിഞ്ഞ അഞ്ചു വർഷക്കാലം യു.ഡി.എഫ്. പിന്തുടർന്ന ജനവിരുദ്ധ നയങ്ങൾക്കെതിരായുള്ള ഒരു വിധിയെഴുത്താണ് ഈ തെരഞ്ഞെടുപ്പ് ഫലം. നയപ്രഖ്യാപനം പൂർണ്ണമായും പരിശോധിച്ചാൽ നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി ഇടതുപക്ഷത്തിന്റെ കൈയിൽ സുരക്ഷിതമാകുമെന്ന് വ്യക്തമാകുന്നതാണ്. കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നടത്തിയ അഭ്യർത്ഥന അതിന്റെ ഭാഗമാണ്. നിങ്ങളുടെ മുന്നിൽ കിട്ടുന്ന ഫയലുകൾ ഓരോ വ്യക്തിയുടേയും ഓരോ കുടുംബത്തിന്റെയും ഓരോ നാടിന്റെയും ഭാവിയാണ്; അവ തീർപ്പുകൽപ്പിക്കേണ്ട സമയങ്ങളിൽ തീർപ്പുകൽപ്പിച്ച് നാടിന്റെ ഭാവി സുരക്ഷിതമാക്കാൻ പരിശ്രമിക്കണമെന്ന അഭ്യർത്ഥന ഇടതുപക്ഷ മുന്നണിയുടെ ഹൃദയപക്ഷ സമീപനമാണ് വ്യക്തമാക്കുന്നത്. ഭാവിയിൽ കേരളത്തിലെ ഏതെല്ലാം മേഖലകളാണ് സുരക്ഷിതമാക്കാൻ ശ്രമിക്കുന്നത് എന്നതിന്റെ ഉള്ളടക്കം നയപ്രഖ്യാപനത്തിലുണ്ട്. പ്രധാനമായും വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ, ആ രംഗത്ത് എല്ലാവർക്കും വിദ്യാഭ്യാസം നൽകാനുള്ള പ്രഖ്യാപനം, പ്രത്യേകിച്ച് പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രഖ്യാപനമാണ് നടത്തിയിരിക്കുന്നത്.

വിദ്യാഭ്യാസത്തെ സംബന്ധിച്ച് പറയുമ്പോൾ, നമുക്കറിയാം, കഴിഞ്ഞ വർഷമുണ്ടായ നമ്മളെയൊക്കെ വേദനിപ്പിക്കുന്ന ഒരു സംഭവമാണ് ഇവിടെ പരാമർശിക്കപ്പെട്ട രോഹിത് വെമുലയുടെ ആത്മഹത്യ. ലോകത്ത് ഒരിടത്തും നമ്മൾ കാണാത്ത വളരെ വിചിത്രമായ സംഹിതയും സാമൂഹ്യവ്യവസ്ഥയും നിലനിർത്താൻ ആഗ്രഹിക്കുന്ന ഒരുകൂട്ടം ആളുകളുടെ ശക്തമായ ഇടപെടലിന്റെ ഭാഗമായി വിദ്യാഭ്യാസം നിഷേധിച്ചതിൽ ആത്മരോഷംപൂണ്ട് ആത്മഹത്യ ചെയ്യാൻ ഇടവന്ന സംഭവം സമൂഹ മനഃസാക്ഷിയെ ഞെട്ടിപ്പിച്ചതാണ്. അത്തരമൊരു സംഭവം കേരളത്തിൽ ഉണ്ടാകാതിരിക്കാനുള്ള ഒരു പരിശ്രമം വിദ്യാഭ്യാസ രംഗത്ത് നടത്തുമെന്ന ദൃഢമായ പ്രഖ്യാപനമാണ് നടത്തിയിരിക്കുന്നത്. പ്രീ-പ്രൈമറി മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകൾ ആധുനികവത്കരിക്കുക, അവർക്ക് ആവശ്യമായ സംരക്ഷണം ഉറപ്പുവരുത്തുക, 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം അത്യാധുനീകരിക്കുക, ഉന്നതപഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സംരക്ഷണം ഉറപ്പുവരുത്തുക തുടങ്ങി ക്രമമായി ആ രംഗത്ത് ഈ ഗവൺമെന്റ് ചെയ്യാൻ പരിശ്രമിക്കുന്ന കാര്യങ്ങൾ നയപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ ഓരോന്നായി പറയേണ്ടതായിട്ടില്ല. കഴിഞ്ഞ അഞ്ചു വർഷക്കാലം കേരളത്തിലെ ആരോഗ്യ-വിദ്യാഭ്യാസ മേഖല എങ്ങനെയായിരുന്നു എന്ന് ഈ നാട്ടിലെ ഏവർക്കുമറിയാം. വിദ്യാഭ്യാസമേഖലയെയും ആരോഗ്യ മേഖലയെയും കച്ചവടവൽക്കരിക്കുകയായിരുന്നു. കൊള്ളലാഭം ഉണ്ടാക്കാനുള്ള സഹായം ചെയ്യു നയമായിരുന്നു യു.ഡി.എഫ്.-ന്റേതെന്ന് ഈ നാട്ടിലെ ഏവർക്കും അറിയാം. അതിൽനിന്നും വ്യത്യസ്തമായ ഒരു സമീപനമാണ് വിദ്യാഭ്യാസ രംഗത്ത് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുന്ന പരാമർശങ്ങളാണ് ഈ നയപ്രഖ്യാപനത്തിൽ നടത്തിയിരിക്കുന്നത്.

സ്ഥലസൗകര്യംപോലുമില്ലാത്തിടത്ത് രണ്ട് മെഡിക്കൽ കോളേജുകൾ. അന്ന് ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാറിനോട് ഞങ്ങൾ പറഞ്ഞതാണ്, അവിടെ നിന്ന് മാറി നെടുമങ്ങാടോ നെയ്യാറ്റിൻകരയിലോ ഒരു മെഡിക്കൽ കോളേജ് കൊണ്ടുവരുന്നത് നാട്ടിൻപുറത്തെ ആളുകൾക്ക് സഹായകരമാകുമെന്ന്. പക്ഷെ രണ്ട് മെഡിക്കൽ കോളേജുകൾ ഒരു സ്ഥലത്ത്, സ്ഥലംപോലുമില്ലാത്തിടത്ത് മെഡിക്കൽ കോളേജ് സ്ഥാപിച്ച് വികസന വ്യാമോഹത്തിന്റെ ശർക്കരമഴ പെയ്യിപ്പിച്ച് വോട്ട് പിടിക്കാനുള്ള പരിശ്രമമാണ് ആ കാര്യത്തിൽ നടത്തിയതെന്ന് കേരളത്തിലെ ജനങ്ങൾക്കും ഈ ജില്ലയിലെ ആളുകൾക്കുമറിയാം. ഇടുക്കിയിലെ മെഡിക്കൽ കോളേജിനെക്കുറിച്ച് ഞാൻ പറയുന്നില്ല. മെഡിക്കൽ കോളേജ്

എന്നുപറഞ്ഞാൽ വോട്ട് പിടിക്കാനുള്ള ഒരു സ്ഥാപനമാക്കി മാറ്റാൻ നടത്തിയ പരിശ്രമം കേരളത്തിലെ ആളുകൾ കണ്ടതാണ്. ജനങ്ങളുടെ അടിസ്ഥാന വികസനമാണ് ലക്ഷ്യമെന്ന ബോധത്തോടുകൂടി പ്രവർത്തിക്കാൻ ബാദ്ധ്യതപ്പെട്ട ഗവൺമെന്റ് അത് ചെയ്യാതെ, ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളിൽ ശ്രദ്ധവയ്ക്കാതെ, വലിയ പ്രോജക്ട് കൊണ്ടുവന്ന് വ്യാമോഹം സൃഷ്ടിച്ച് ഒരു സാങ്കൽപ്പിക ലോകത്തിലേക്ക് ജനങ്ങളെ കൊണ്ടുപോയി വോട്ടുപിടിക്കാനുള്ള സങ്കുചിത രാഷ്ട്രീയ കളിയായിരുന്നു വികസന രംഗത്ത് ഇവർ നടത്തിയതെന്ന യാഥാർത്ഥ്യം ഈ നാട്ടിലെ ആളുകൾക്കറിയാം. അതിൽനിന്നും വ്യത്യസ്തമായി പ്രൈമറി ഹെൽത്ത് സെന്ററുകൾ വെറും ചികിത്സ കൊടുക്കേണ്ട കേന്ദ്രങ്ങളല്ലായെന്നും അതിനെ ആരോഗ്യ കുടുംബ ക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റി, രോഗപ്രതിരോധത്തിന് ആവശ്യമുള്ള ബോധവൽക്കരണം നടത്തുന്ന കേന്ദ്രങ്ങളാക്കി മാറ്റി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും താലൂക്ക് ആശുപത്രിയും വിപുലീകരിച്ച് താലൂക്ക് ആശുപത്രിയിൽ മൾട്ടി സ്പെഷ്യാലിറ്റി സൗകര്യം ഒരുക്കി ശരിയായ കാഴ്ചപ്പാടിലേക്ക് ആരോഗ്യ മേഖലയെ കൊണ്ടുവരാൻ ഇടതുപക്ഷ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. വലിയ മാറ്റമാണ് ആരോഗ്യ രംഗത്ത് വരാനിടയുള്ളത്.

വിഴിഞ്ഞം പദ്ധതി വരുന്നതോടുകൂടി മലയോര മേഖലയിലേക്ക് ആളുകൾ തള്ളിക്കയറുമെന്ന യാഥാർത്ഥ്യം നാം കാണണം. ആ നിലയിൽ ഒരു മലയോര ഹൈവേയെ സംബന്ധിച്ച ആവശ്യങ്ങൾ ഉയർന്നുവന്നിരുന്നു. നാറ്റ്പാക്ക് എന്ന റിസർച്ച് സെന്റർ അതിനുവേണ്ടിയുള്ള ചില നീക്കങ്ങൾ നടത്തിയിരുന്നു. ആ പ്ലാൻ എവിടെപ്പോയെന്ന് ആർക്കും അറിയില്ല. ഇടതുപക്ഷ ഗവൺമെന്റ് അക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇതുപോലെ നമ്മുടെ നാടിന്റെ വളർച്ചയെ ലക്ഷ്യംവച്ചുകൊണ്ട് വളരെ ഭാവനയോടുകൂടി കാര്യങ്ങൾ ചെയ്യാൻ ഇടതുപക്ഷത്തിന് കഴിയുമെന്ന് വ്യക്തമാക്കുന്ന ഒരു നയപ്രഖ്യാപനമാണ് ഗവൺമെന്റിനു വേണ്ടി ഗവർണർ നടത്തിയിരിക്കുന്നത്. നമ്മുടെ നാടിന്റെ പൊതു അഭിപ്രായം മനസ്സിലാക്കി ഇടപെടാൻ കഴിയുന്ന ഒരു ഗവൺമെന്റാണ് കേരളത്തിൽ വേണ്ടതെന്ന് വ്യക്തമാക്കുന്ന സംഭവങ്ങളാണ് ഈ കഴിഞ്ഞ ഏതാനും ദിവസങ്ങളായി വന്നു കൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. വനവാസികളായ ആദിവാസികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പല പദ്ധതികളും കേരളത്തിൽ നടത്തി. എന്നാൽ, അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഉചിതമായ നടപടികൾ സ്വീകരിച്ചിരുന്നില്ല. അവരുടെ ദാരിദ്ര്യവും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് ഭൂമി ആവശ്യമുള്ളവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെ സർവ്വതല

സ്പർശിയാണ് ഇടതുപക്ഷ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള നയപ്രഖ്യാപനം. അത് ആ രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന അഭ്യർത്ഥനകൂടി നടത്തിക്കൊണ്ട് നിർത്തുന്നു.

1.52 pm]

ശ്രീ. പി. ടി. തോമസ്: സർ, വളരെ പൊള്ളയായ ഈ നയപ്രഖ്യാപനത്തെ ഞാൻ അതിശക്തമായി എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് പറയിപ്പിച്ച കാര്യങ്ങൾ പലതും വാസ്തവ വിരുദ്ധമാണെന്ന് നയപ്രഖ്യാപനത്തിന്റെ പേജുകളിലൂടെ കടന്നുപോയാൽ നമുക്ക് കാണാൻ കഴിയും. അതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് കൂടുതൽ സംസാരിക്കുന്നില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു ചോദ്യം ചോദിക്കുന്നു, അങ്ങയുടെ മണ്ഡലത്തിൽ തെരഞ്ഞെടുപ്പിനെത്തുടർന്ന് നടന്ന അക്രമങ്ങളും അതിനെത്തുടർന്ന് കേരളത്തിലെമ്പാടും നടന്ന അക്രമങ്ങളും തടയാൻ കഴിയാത്ത അങ്ങ് പിന്നെങ്ങനെയാണ് കേരളത്തിലെ ജനങ്ങൾക്ക് സമാധാനപൂർണ്ണമായ ഒരു ജീവിതം വാഗ്ദാനം ചെയ്യുന്നത്? പോലീസിന്റെ വാഴ്ച, പാർട്ടിക്കാരുടെ അധികാരം കൈകാര്യം ചെയ്യൽ ഇതെല്ലാം കാണാതെ അങ്ങ് മൗനമായി ഇരുന്നുകൊണ്ട് മുന്നോട്ട് പോകാനാണ് ശ്രമിക്കുന്നതെങ്കിൽ അങ്ങയെ സംബന്ധിച്ച് കാലം വളരെ മോശമായി രേഖപ്പെടുത്തുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അങ്ങ് ഡൽഹിയിൽ പോയല്ലോ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിൽ ഇതുവരെ ഭരണവും സമരവും ആയിരുന്നല്ലോ. ഞങ്ങൾ സൗഹാർദ്ദപരമായ ഒരു അന്തരീക്ഷമാണ് കേന്ദ്ര-സംസ്ഥാന ബന്ധത്തിൽ പ്രതീക്ഷിക്കുന്നതെന്ന് അങ്ങ് ഡൽഹിയിൽ പോയി പറഞ്ഞു, ഇവിടെയിരിക്കുന്ന സി.പി.ഐ.യുടെ സ്നേഹിതന്മാർ അടക്കമുള്ളവരോട് ചോദിക്കുന്നു, എന്നാണ് ഭരണവും സമരവും എന്നുള്ളത് മാറ്റിയത്? ഇല്ല; ബഹുമാനപ്പെട്ട നരേന്ദ്ര മോദിയുടെ മുമ്പിൽ ജി.എസ്.ടി.-യെ അങ്ങ് പിന്തുണച്ചു. ഡൽഹിയിൽ സി.പി.ഐ.(എം.) എം.പി.-മാരടക്കം ജി.എസ്.ടി.-ക്കെതിരെ സമരം ചെയ്യുകയാണ്. പാർട്ടിയുടെ നയത്തിൽ മാറ്റം വന്നതായി കേട്ടിട്ടില്ല, പാർട്ടി പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട നരേന്ദ്ര മോദിയെക്കണ്ട് അങ്ങ് ആറന്മുള കണ്ണാടി കൊടുത്തു. ഞങ്ങൾ ഓർമ്മിക്കുന്നു, ബഹുമാന്യനായ ഷിബു ബേബി ജോൺ അദ്ദേഹത്തിന്റെ വകുപ്പിന് ഒരു അവാർഡ് കിട്ടിയപ്പോൾ ബഹുമാനപ്പെട്ട നരേന്ദ്ര മോദിയെ കണ്ടതിന് എന്തായിരുന്നു നിങ്ങളുണ്ടാക്കിയ ബഹളം? ഇപ്പോൾ നിങ്ങൾക്ക് ബഹുമാനപ്പെട്ട നരേന്ദ്ര മോദി വളരെ സ്വീകാര്യനായിരിക്കുന്നു. ബഹുമാനപ്പെട്ട നരേന്ദ്ര മോദിയെ കണ്ട് തിരിച്ചുവന്നയുടനെ ഒരു സംഭവമുണ്ടായി.

അർപ്പണബോധമുള്ള, സത്യസന്ധനെന്ന് പേരുകേട്ട ഡി.ജി.പി.-യെ നിങ്ങൾ മാറ്റി, പകരം മറ്റൊരു ഡി.ജി.പി.-യെ നിയമിച്ചു. ആരാണ് ഡി.ജി.പി.; 20 വർഷക്കാലം സി.ബി.ഐ.-യിൽ ഉണ്ടായിരുന്ന ഒരാൾ. ആ ഡി.ജി.പി.-യെ നിയമിക്കാൻ എന്താണ് കാരണം? ബഹുമാനപ്പെട്ട നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും കുറ്റവാളികളല്ലെന്ന് ഗുജറാത്ത് കലാപത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ചുവെന്നതിന്റെ പേരിലാണോ നിങ്ങൾ ബഹുമാനപ്പെട്ട നരേന്ദ്ര മോദിയെ കണ്ട് തിരിച്ചുവന്ന ഉടനെ ശ്രീ. ലോക്നാഥ് ബെഹ്റയെ ഡി.ജി.പി.-യായി നിയമിച്ചത്? ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി കരുണാകരന്റെ ചെറുമകനെ എടുത്തുകൊണ്ടുനടക്കുന്ന ആൾ എന്നുതുടങ്ങി നിങ്ങൾ പണ്ട് ശ്രീ. ലോക്നാഥ് ബെഹ്റയെപ്പറ്റി പറഞ്ഞ ആക്ഷേപ വാക്കുകളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. പ്രിയപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ പറയുന്നു, കണ്ണടച്ച് ഇരുട്ടാക്കാൻ നിങ്ങൾ ശ്രമിക്കരുത്. നിങ്ങൾ ബി.ജെ.പി.യുമായി തുടരുന്ന ബാന്ധവത്തിന്റെ തെളിവാണിതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ മണ്ഡലത്തിൽ നടക്കുന്ന അതിക്രമങ്ങളടക്കം കേരളം ശ്രദ്ധിക്കുകയാണ്. പോലീസ് തലപ്പത്ത് നിങ്ങൾ മാറ്റം വരുത്തിയെന്നാണല്ലോ അഭിമാനിക്കുന്നത്. ജിഷയുടെ ദാരുണമായ കൊലപാതകത്തിന്റെ അന്വേഷണം നടക്കുകയാണല്ലോ; ബഹുമാനപ്പെട്ട മുൻ ഡി.ജി.പി. ഹൈക്കോടതിയിൽ കൊടുത്ത റിപ്പോർട്ടിന്റെ ഒരു കോപ്പിയെടുത്ത് ഈ സഭയിൽ ഒന്ന് വായിക്കുമോ? വായിച്ചാൽ ജിഷയുടെ ഘാതകരെ കണ്ടുപിടിച്ചതിന്റെ ഉത്തരവാദിത്വം ആർക്കാണ്, ഏത് ഗവൺമെന്റിനാണെന്ന് സത്യസന്ധമായി മനസ്സിലാകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കുസൃതിക്കാരായ കുട്ടികളെ ചില അമ്മമാർ പോലീസ് മാമൻ വരുമെന്ന് പറഞ്ഞ് പേടിപ്പിക്കുന്നത് പോലെയാണ് ശ്രീ. ജേക്കബ് തോമസിനെ നിർത്തി എന്തോ വലിയൊരു കുഴപ്പം ഉണ്ടാക്കിക്കളയുമെന്നൊക്കെ നിങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്. ഒന്നും സംഭവിക്കാൻ പോകുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടിയെയോ അതുപോലുള്ള ഏതെങ്കിലും ഒരു കോൺഗ്രസ് നേതാവിനെയോ യു.ഡി.എഫ്. നേതാവിനെയോ നിങ്ങൾക്ക് തൊടാൻ കഴിയില്ല. ഇതൊക്കെ നിങ്ങളുടെ കേവലമായ വാചകക്കസർത്ത് മാത്രമാണെന്ന കാര്യം കാലം പ്രത്യേകമായി തെളിയിക്കും.

എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തി നിങ്ങൾ സ്ഥലംമാറ്റം നടത്തിക്കൊണ്ടിരിക്കുകയാണല്ലോ; കെ.എസ്.എഫ്.ഇ.-യിൽ ഹൈക്കോടതിയുടെ ഉത്തരവു പോലും ലംഘിച്ച് വികലാംഗനെ നിങ്ങൾ മാറ്റിയില്ലേ? കേരളത്തിന് വെളിയിലേക്ക് മാറ്റാൻ സൗകര്യം ഇല്ലാത്തതുകൊണ്ട് കാസർഗോഡും മറയൂരുമൊക്കെയാണ് നിങ്ങൾ മാറ്റിക്കൊണ്ടിരിക്കുന്നത്; മാറ്റിക്കോളൂ. എൻ.ജി.ഒ. അസോസിയേഷനെ

സ്ഥലംമാറ്റി പേടിപ്പിക്കാമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? അങ്ങയുടെ ഭാര്യയും മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഭാര്യയുമൊക്കെ സർക്കാർ ജീവനക്കാർ ആയിരുന്നില്ലേ സർ? ബഹുമാന്യനായ എ. കെ. ബാലന് അറിയാം യു.ഡി.എഫ്. എന്താണ് സ്ഥലംമാറ്റത്തിൽ ചെയ്തിട്ടുള്ളതെന്ന്. ആ മാന്യത ദയവായി ഈ ഗവൺമെന്റ് ഉപേക്ഷിക്കരുതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇവിടെ ദളിത് പെൺകുട്ടിയുടെ കാര്യം പറയുമ്പോൾ മുഖ്യമന്ത്രി വ്യത്യസ്തമായി സംസാരിക്കുന്നു. 2006 ഫെബ്രുവരി 22-ന് ഡൽഹി മൗലങ്കർ ഓഡിറ്റോറിയത്തിൽ ചേർന്ന അഖിലേന്ത്യാ ദളിത് സംഘത്തിന്റെ യോഗത്തിൽ സി.പി.ഐ.(എം.) എടുത്ത തീരുമാനത്തിലേക്ക് ഞാൻ അങ്ങയുടെ ശ്രദ്ധയെ കൊണ്ടുവരുന്നു. അതുവരെ കമ്മ്യൂണിസ്റ്റ് പാർട്ടി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ കണ്ടിരുന്നത് കർഷകത്തൊഴിലാളികളോടൊപ്പമായിരുന്നു. പട്ടികജാതിക്കാരുടെ സ്വത്വം തിരിച്ചറിയണമെന്ന് ആ യോഗത്തിനുശേഷം തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ആദിവാസി ക്ഷേമസമിതി അടക്കമുള്ള സമിതികൾക്ക് രൂപം കൊടുത്തത്. ആ സമിതിയുടെ പേരിൽ നിങ്ങൾ പറഞ്ഞു, ദളിത് സ്ത്രീകളോട് പ്രത്യേകിച്ച് കൂടുതൽ കാരുണ്യം കാണിക്കണമെന്ന്. കേരളത്തിൽ രണ്ട് വിഷയം നിങ്ങൾ അവതരിപ്പിച്ചു. ഒന്ന്, പോലീസിലുണ്ടായ ഒരു അതിക്രമം. രണ്ട്, ശ്രീ. എ. കെ. ബാലനെതിരെ ശ്രീ. പി. സി. ജോർജ് പറഞ്ഞ ഒരു പരാമർശം. ഈ രണ്ട് കാര്യങ്ങൾ ഉന്നയിച്ചു കൊണ്ട് നിങ്ങൾ പറഞ്ഞത് ദളിതർക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് കരുതിയിരിക്കണം, അത് സി.പി.ഐ.(എം.)-ന്റെ കടമയാണ് എന്നാണ്. ഞാൻ ചോദിക്കട്ടെ, തലശ്ശേരിയിലെ പാവപ്പെട്ട ദളിത് യുവതികളോട് ഡൽഹിയിലെ മൗലങ്കർ ഓഡിറ്റോറിയത്തിൽ ചേർന്ന തീരുമാനത്തിന്റെയും ചിന്ത പബ്ലിക്കേഷൻ അടിച്ചിറക്കിയ പാർട്ടിയും ഭരണഘടനയും സംബന്ധിച്ച ലഘുലേഖയുടെയും അടിസ്ഥാനത്തിൽ നിങ്ങൾ എന്തുചെയ്തു? ഈ സഭയിലെ തന്നെ ഒരംഗവും നിങ്ങളുടെ പാർട്ടിയിലെ ഒരു ബഹുമാനപ്പെട്ട വനിതയും ഈ സ്ത്രീകളെ ആക്ഷേപിച്ചുവെന്ന് പറഞ്ഞു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ഞാൻ ചോദിക്കുന്നു, ആ എം.എൽ.എ.-യെയും ആ ദളിതല്ലാത്ത വനിതയെയും നിങ്ങൾ താക്കീത് ചെയ്തോ? നിങ്ങൾ ജന്മിത്വത്തിന്റെ കാലത്ത് സവർണ്ണർ ചെയ്ത അതേ നടപടിയാണ് ഈ പാവപ്പെട്ട ദളിതരോട് ചെയ്തിരിക്കുന്നത്. എന്നിട്ട് നിങ്ങൾ അതിൽ അഭിമാനംകൊള്ളാൻ ശ്രമിക്കുകയാണ്. അരുത് എന്ന് മാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ. പാവപ്പെട്ട ആ ദളിത് സ്ത്രീകളോട് ഏതെങ്കിലും ഒരു കാരുണ്യം

കാണിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ശ്രീ. എ. കെ. ബാലനെതിരെ ശ്രീ. പി. സി. ജോർജ് പരാമർശം നടത്തിയതിന്റെ പേരിൽ കോടതിയിൽ പോയ നിങ്ങളോട് ഞാൻ ചോദിക്കുന്നു, എവിടെ നിങ്ങളുടെ നീതിശാസ്ത്രം? ഞങ്ങൾക്ക് അറിയാൻ താൽപ്പര്യമുണ്ട്. അതുകൊണ്ട് പ്രിയപ്പെട്ട മുഖ്യമന്ത്രിയോടും ഭരണപക്ഷത്തുള്ള പ്രിയപ്പെട്ട നേതാക്കന്മാരോടും ഞാൻ പറയുന്നു, ദളിത് സംരക്ഷണം നൽകാൻ നിങ്ങൾ നടത്തുന്ന ശ്രമങ്ങൾ കേരളത്തിന്റെ മണ്ണിൽ നിങ്ങളെ അപഹാസ്യരാക്കി മാറ്റിയിരിക്കുകയാണ്. ദളിത് യുവതികളെ അധിക്ഷേപിച്ചതിന് തുല്യമായ രീതിയിൽ പാർട്ടിയും ഭരണ സംവിധാനവും ദളിത് യുവതികളെ അപമാനിച്ച സംഭവമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. തെറ്റുതിരുത്തുവാനും അതോടൊപ്പം പട്ടികജാതി സമിതി പറയുന്നത് നടപ്പിലാക്കുവാനും മുഖ്യമന്ത്രിയായ അങ്ങ് തയ്യാറുണ്ടോ; തെരഞ്ഞെടുപ്പ് വിജയത്തെപ്പറ്റി ആവേശംകൊള്ളുകയാണല്ലോ; വർഗ്ഗീയതയെ കൂട്ടുപിടിച്ചല്ലേ നിങ്ങൾ ഈ വിജയങ്ങളെല്ലാം ഇക്കാലം മുഴുവനും ഉണ്ടാക്കിയിട്ടുള്ളത്? 1987-ൽ നിങ്ങളുടെ ബഹുമാന്യനായ നേതാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് ശരീ-അത്തിനെ വിമർശിച്ചു. അത് ഒരു വോട്ടു ബാങ്കാക്കി മാറ്റി, അന്ന് മുസ്ലീങ്ങളുടെ പരിശുദ്ധമായ ശരീ-അത്തിനെ നിങ്ങൾ വ്യാഖ്യാനിച്ചത് എട്ടും പത്തും കെട്ടാനും ഉപേക്ഷിക്കാനുമുള്ളതാണെന്നു പറഞ്ഞാണ് ആക്ഷേപിച്ചത്. അതിനെ നിങ്ങൾ വർഗ്ഗീയവൽക്കരിച്ചു. അങ്ങനെ നിങ്ങൾ അന്ന് വോട്ടുപിടിക്കാൻ ശ്രമിച്ചു. 1987-ൽ അങ്ങനെയാണ് നിങ്ങൾ അധികാരത്തിലേറിയത്. തൃശ്ശൂർ മുതൽ തെക്കോട്ടുള്ള ജില്ലകളിൽ നിങ്ങൾക്ക് അന്ന് നേട്ടമുണ്ടായി. ഇതേ വർഗ്ഗീയ പ്രീണന നയമാണ് ദേശീയ തലത്തിൽ സി.പി.ഐ. (എം) തുടർന്നു വന്നത്.

1989-ൽ ദേശീയതലത്തിൽ ഒരുഭാഗത്ത് സി.പി.ഐ.-യും മറുഭാഗത്ത് ബി.ജെ.പി.-യുമായി ശ്രീ. വി. പി. സിംഗ് വന്നപ്പോൾ നിങ്ങൾ മുൻപന്തിയിലുണ്ടായിരുന്നു. രണ്ട് എം.പി.-മാരുള്ള ബി.ജെ.പി.യെ 89 എം.പി.-മാരുള്ള പാർട്ടിയാക്കി നിങ്ങൾ മാറ്റി. പ്രിയപ്പെട്ട നേതാക്കൻമാരോട് ഞാൻ ചോദിക്കുന്നു.*** എന്തിനായിരുന്നു നിങ്ങൾ അത് പ്രഖ്യാപിച്ചത്? അത് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനോട് നിങ്ങൾ ചോദിക്കണം. മാറുമെന്ന് പറഞ്ഞില്ലേ, ബി.ജെ.പി.-യുടെ വളർച്ച കേരളത്തിലുണ്ടാക്കാൻ ശ്രമിച്ചില്ലേ? കേരളത്തിൽ ആദ്യമായി ബി.ജെ.പി. മുന്നണിയിൽ വിജയിച്ച......

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവനുസരിച്ച് നീക്കം ചെയ്തിരിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. വി. എസ്. അച്ചുതാനന്ദൻ അങ്ങനെ പറഞ്ഞുവെന്ന് താങ്കൾ തെളിയിക്കണം. തെളിയിക്കുന്നതുവരെ ഈ തെറ്റായ കാര്യം രേഖയിലുണ്ടാകാൻ പാടില്ലെന്ന് അഭ്യർത്ഥിക്കുകയാണ്, തെളിയിച്ചാൽ രേഖയിൽ ഉൾപ്പെടുത്താം.

മി. സ്പീക്കർ: വസ്തുനിഷ്ഠമായി തെളിയിക്കുന്നതുവരെ രേഖയിൽ ഉണ്ടാകില്ല.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട സ്പീക്കറോട് ഞാൻ ബഹുമാനപൂർവ്വം അഭ്യർത്ഥിക്കുന്നു, അങ്ങ് അധികാരമേറ്റപ്പോൾ ഒരു പ്രസംഗം നടത്തിയിട്ടുണ്ട്. ഈജിപ്റ്റിൽ ചെല്ലുമ്പോൾ ഈജിപ്റ്റുകാരോടൊപ്പവും ഫ്രാൻസിൽ ചെല്ലുമ്പോൾ ഫ്രാൻസുകാരോടൊപ്പവുമാണ് എന്ന് അങ്ങ് വ്യക്തമാക്കിയിട്ടുണ്ട്. അതല്ല ശരിയായ നടപടി, അങ്ങ് സത്യത്തോടും, നീതിയോടും, ശരിയോടുമൊപ്പം നിൽക്കുമെങ്കിൽ ശ്രീ. വി. എസ് അച്ചുതാനന്ദൻ പറഞ്ഞത് ശരിയാണെന്ന് നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. കേരളത്തിൽ ആദ്യമായി ബി.ജെ.പി. മുന്നണിയിൽ ജയിച്ച ശ്രീ. പി. സി. തോമസിനെ ഇടതുമുന്നണി സംസ്ഥാന കമ്മിറ്റിയംഗം ആക്കിയത് ആരാണ്? ബി.ജെ.പി. മുന്നണിയിൽ ജയിച്ച ശ്രീ. പി. സി. തോമസ് എങ്ങനെ ഇടതുപക്ഷ സ്റ്റേറ്റ് കമ്മറ്റിയംഗമായി? ഇന്ന് ആ പി. സി. തോമസ് ബി.ജെ.പി.യുടെ ഭാഗമല്ലേ? ആർക്കാണ് അത് അറിയാത്തത്? ശ്രീ. അൽഫോൻസ് കണ്ണന്താനം അടക്കമുള്ള ആളുകളുടെ വളർച്ചയെപ്പറ്റി ഞാൻ പറയണമോ? പുറമേ ബി.ജെ.പി.-യോട് ശത്രുത പ്രഖ്യാപിക്കുന്ന സി.പി.ഐ.(എം) ബി.ജെ.പി.-യെക്കാൾ വലിയ വിഷം തുപ്പുന്ന നമോവിചാർ മഞ്ചുകാരെ കണ്ണൂരിൽ കൂട്ടുപിടിച്ചില്ലേ? ബി.ജെ.പി.-സി.പി.ഐ. രഹസ്യ ബാന്ധവത്തിന്റെ തുടർച്ചയാണ് ശ്രീ. ഒ. രാജഗോപാൽ എന്നുപറയുന്ന രാജേട്ടൻ ബൊക്കെയുമായി എ.കെ.ജി. സെന്ററിൽ വന്നതും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. കോടിയേരി ബാലകൃഷ്ണനും കെട്ടിപ്പിടിച്ച്, കെട്ടിമറിഞ്ഞ് അവിടെ ആഘോഷിച്ചതും. അതിന്റെ തുടർച്ചയായാണ് അങ്ങേക്ക് ഒരു വോട്ട് കിട്ടിയതും. ഇതെല്ലാം കൂട്ടി വായിക്കേണ്ടതാണ്. അതോടൊപ്പം സി.പി.ഐ.(എം)-ന് വോട്ടു ചെയ്തിട്ടും 'വേണ്ടണം' എന്ന ഒരു വാക്ക് നിങ്ങൾ പറഞ്ഞോ? എന്നിട്ട് നിങ്ങൾ ന്യൂനപക്ഷങ്ങളെ ഭയപ്പെടുത്തി മുന്നോട്ടു പോകുകയാണ്. ബി.ജെ.പി.-യിൽനിന്ന് ന്യൂനപക്ഷങ്ങളെ രക്ഷിക്കാൻ കഴിയുന്നതാർക്കാണ്? സോണിയാജീ ഞങ്ങളെ രക്ഷിക്കൂ, രാഹുൽജീ ഞങ്ങളെ രക്ഷിക്കൂ, ബംഗാളിൽ വന്നു പ്രസംഗിക്കൂ, ഞങ്ങളുടെ ഓഫീസ്, ഞങ്ങളുടെ കൊടിമരം, ഞങ്ങളുടെ ജീവൻ ഇതൊക്കെ രക്ഷിക്കാൻ അങ്ങ് വേണമെന്ന്

സീതാറാം യെച്ചൂരിയെന്ന സി.പി.ഐ.(എം) നേതാവ് പറഞ്ഞിട്ടുണ്ട്. ഇവിടെ ന്യൂനപക്ഷങ്ങളെ ഞങ്ങൾ രക്ഷിക്കുമെന്ന് ഇവർ പറയുന്നു. ബീഫ് ഫെസ്റ്റിവലിൽ, പോത്ത് ഇറച്ചിയിൽ മുങ്ങി ഇത്തരം നടപടികളുമായി മുന്നോട്ട് പോകാൻ പാടില്ലെന്ന് ആ ന്യൂനപക്ഷങ്ങളോട് ഞങ്ങൾ പറയുന്നു. പ്രിയപ്പെട്ടവരെ ഇത് ഗൗരവമായി കാണണം.

ഞാൻ ഒരു വാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കുന്നു. മുല്ലപ്പെരിയാറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിലപാട് മാറ്റി. ഇന്ന് മുല്ലപ്പെരിയാറിനെപ്പറ്റി തമിഴ്നാട്ടിൽ പറയുന്നത് എന്താണെന്നറിയാമോ? "ഇന്ത പിണറായി പെരിയ ആളുതാൻ തമിഴ് മക്കൾ ഒരു പൂ കേട്ടേൻ അന്ത പിണറായി ഒരു പൂന്തോട്ടത്തെ ആകെ തന്താർ" ഇതാണ് ഇന്ന് തമിഴ്നാട്ടിലെ ചൊല്ല്. ഈ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ ശക്തമായി എതിർക്കുന്നു. ഈ ഗവൺമെന്റ് ജനവിരുദ്ധ നടപടികളുമായി മുന്നോട്ട് പോകുന്നതിന്റെ തുടക്കമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അദ്ദേഹം പറഞ്ഞ ഒരു കാര്യം, അത് തെളിയിക്കപ്പെട്ടിട്ടില്ല എന്നു ശ്രീ. ജി. സുധാകരൻ പറഞ്ഞു. അങ്ങ് അത് രേഖയിൽനിന്ന് നീക്കം ചെയ്തു. അങ്ങേയ്ക്കും ഞങ്ങൾക്കും റൂൾസ് ഓഫ് പ്രൊസീഡ്യുവർ ബാധകമാണ്. റൂൾ 307-ൽ "Expunging of words from debates - If the Speaker is of opinion that a word or words has or have been used in debate which is or are defamatory or indecent or unparliamentary or undignified, he may in his discretion order that such word or words be expunged from the proceedings of the Assembly" എന്നാണ് പറഞ്ഞിരിക്കുന്നത്. നീക്കം ചെയ്യാനുള്ള കാരണങ്ങൾ ഇതാണ്. അതല്ലാതെ പറഞ്ഞ ഒരു കാര്യം തെളിയിക്കണമെന്ന് പറയാൻ അധികാരമില്ല. അങ്ങ് ദയവായി അങ്ങയുടെ ഉത്തരവ് റീ-കൺസിഡർ ചെയ്യണം.

<u>മി. സ്പീക്കർ</u>: അങ്ങ് വായിച്ചത്, സ്പീക്കർക്ക് അങ്ങനെ അഭിപ്രായമുണ്ടെങ്കിൽ നീക്കം ചെയ്യാമെന്നാണ്. സ്പീക്കറുടെ അഭിപ്രായം തന്നെയാണ് പറഞ്ഞത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.... റൂൾ 307 അനുസരിച്ചാണ് അങ്ങ് ശ്രീ. പി. ടി. തോമസിന്റെ പ്രസംഗത്തിൽനിന്ന് ആ ഭാഗം നീക്കം ചെയ്തത്. അതിന്റെ റൂളിംഗ് അങ്ങ് പറഞ്ഞത്, വസ്തുനിഷ്ഠമാണെന്നു തെളിയിക്കുന്നതുവരെ നീക്കം ചെയ്യുന്നുവെന്നാണ്. ഈ സഭയിൽ ഇതുവരെ

അത്തരമൊരു റൂളിംഗ് ഉണ്ടായിട്ടില്ല. ഇതിനർത്ഥം പ്രോസ്പെക്ടീവായിട്ടുള്ള ഒരു ഇഫക്ട് ഉണ്ടാകണമെന്നാണ്. കാരണം ഇവിടെ ഏത് അംഗം സംസാരിച്ചാലും അത് തെളിയിക്കാനുള്ള ബർഡൻ ഓഫ് പ്രൂഫുകൂടി ആ അംഗത്തിന്റെ മീതെ പുതിയതായി ഉണ്ടാകാൻ പോകുകയാണ്. ഇവിടെ എന്തു സംസാരിച്ചാലും വേറെ ഏതൊരംഗവും അത് ചോദ്യം ചെയ്താൽ അത് തെളിയിക്കണം. അങ്ങനെയൊരു റൂളിംഗ് ഈ സഭയുടെ ചരിത്രത്തിലുണ്ടായിട്ടില്ല. അങ്ങയുടെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുകയല്ല, ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്യാൻ ഒരു അംഗത്തിന് അധികാരമില്ലെന്ന് എനിക്കറിയാം. അങ്ങേക്ക് വേണമെങ്കിൽ ആ ഭാഗം ഇതിൽ നിന്ന് നീക്കം ചെയ്യാം. അത് അങ്ങയുടെ വിവേചനാധികാരം ഉപയോഗിച്ച് അങ്ങേക്ക് ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാം. പക്ഷേ വസ്തുനിഷ്ഠമായി തെളിയിക്കുന്നതുവരെ അത് നീക്കം ചെയ്യുന്നുവെന്നു പറയുന്നതിൽ there is an impropriety. അങ്ങ് അത് പരിശോധിക്കുമെന്ന് ഞാൻ കരുതുന്നു.

മി. സ്പീക്കർ: ചെയർ പറയട്ടെ, അങ്ങ് ഇരിക്കൂ. അംഗങ്ങൾക്ക് ഉത്തമ ബോദ്ധ്യമില്ലാത്തതും വസ്തുനിഷ്ഠമായ തെളിവുകളില്ലാത്തതുമായ ആക്ഷേപകരമായ പരാമർശങ്ങൾ സഭയിൽ ആരെങ്കിലും ഉന്നയിച്ചാൽ അത് സഭാരേഖകളിൽനിന്ന് നീക്കം ചെയ്യാൻ അദ്ധ്യക്ഷന് അവകാശമുണ്ട്. ആ അവകാശമാണ് ഇവിടെ നിർവ്വഹിച്ചത്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു... (ബഹളം..)......

മി. സ്പീക്കർ : ചെയർ പറഞ്ഞതിൽനിന്നും വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ എഴുതി തന്നാൽ പരിശോധിച്ചിട്ട് പറയാമെന്നാണ് പറയുന്നത്. നിങ്ങൾ പറയുന്ന പോയിന്റ് ഓഫ് ഓർഡർ എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ പ്രസംഗിക്കാൻ വേണ്ടി ശ്രീ എ. പ്രദീപ് കുമാറിനെ ക്ഷണിച്ചിരിക്കുകയാണ്. (ബഹളം..) നിങ്ങൾ ഉന്നയിക്കുന്ന കാര്യം വ്യക്തമായ രീതിയിൽ എഴുതി തന്നാൽ പരിശോധിക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞതാണ് യഥാർത്ഥ പോയിന്റ്. അങ്ങേക്ക് വേണമെങ്കിൽ പരിശോധിച്ചിട്ട് എക്സ്പഞ്ച് ചെയ്യാം. ഇതിന്റെ യാഥാർത്ഥ്യമെന്താണെന്ന് വരുന്നതുവരെ സഭാ രേഖയിൽനിന്നും നീക്കം ചെയ്യണമെന്ന് പറയുന്നത്... അങ്ങനെയൊരു പ്രീസിഡന്റ് ഈ സഭയിൽ ഇല്ല. അങ്ങേക്ക് ഇത് എക്സ്പഞ്ച് ചെയ്യാനുള്ള അധികാരമുണ്ട്. അതുകൊണ്ട് ദയവായി അങ്ങയുടെ റൂളിംഗ് അങ്ങ്

പുനഃപരിശോധിക്കണം. അങ്ങേക്ക് എക്സ്പഞ്ച് ചെയ്യാനുള്ള അധികാരമില്ലെന്ന് ഞാൻ പറയുന്നില്ല, അതിനുള്ള അധികാരമുണ്ട്. ഇതുവരെ ഇങ്ങനെയൊരു റൂളിംഗ് ഉണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞ കാര്യം അങ്ങ് കണക്കിലെടുക്കണം. അങ്ങ് അത് പരിശോധിച്ച് ഒരു റൂളിംഗ് നൽകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭിപ്രായം പരിഗണിച്ച് ഞാൻ അത് പരിശോധിക്കാം. സഭയിൽ ആക്ഷേപകരമായ ഒരു പരാമർശം വന്നാൽ ആ പരാമർശത്തെ സംബന്ധിച്ച് സഭാംഗങ്ങൾക്കാർക്കെങ്കിലും വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ വസ്തുനിഷ്ഠമായ തെളിവുകളില്ലാത്തതും ഉത്തമ ബോദ്ധ്യമില്ലാത്തതുമായ കാര്യമാണെന്ന് സ്പീക്കർക്ക് തോന്നിയാൽ അത് നീക്കം ചെയ്യാൻ അവകാശപ്പെടാം. അതൊരു അവകാശമാണ്. അതിനെ ദുർവ്യാഖ്യാനിക്കേണ്ട ആവശ്യമില്ല. അങ്ങ് പറഞ്ഞ സ്ഥിതിക്ക് അത് പരിശോധിക്കാം. ശ്രീ. എ. പ്രദീപ് കുമാർ, അങ്ങേക്ക് 10 മിനിട്ട് സംസാരിക്കാം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു.

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ...

ശ്രീ. എസ്. ശർമ്മ: സർ, പോയിന്റ് ഓഫ് ഓർഡർ. വസ്തുനിഷ്ഠമാണോ അല്ലയോ എന്നുള്ളതിന്റെ സാക്ഷ്യപത്രമാണല്ലോ ഈ സഭ. ഈ സഭ തന്നെയാണ് സാക്ഷി.....(ബഹളം)........

മി. സ്പീക്കർ : അദ്ദേഹത്തിന് പറയുവാനുള്ളത് എനിക്ക് കേൾക്കണ്ടേ?

ശ്രീ. എസ്. ശർമ്മ: സർ, ദീർഘകാലമായി ഈ നിയമസഭയിലുണ്ടായിരുന്നതും കഴിഞ്ഞ 5 വർഷക്കാലം മുഖ്യമന്ത്രി, അതിന് മുമ്പ് പ്രതിപക്ഷ നേതാവ് എന്നീ നിലകളിലെല്ലാം ഇവിടെ പ്രവർത്തിച്ചിരുന്നതുമായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇങ്ങനെയൊരു പ്രതികരണം നടത്തിയിട്ടുണ്ടെന്ന് ശ്രീ. ഉമ്മൻ ചാണ്ടി അടക്കമുള്ള യു.ഡി.എഫ്. നേതൃത്വ നിരയിൽ നിന്നുള്ള ഒരാൾപോലും ഒരിക്കൽപ്പോലും ഒരു ആക്ഷേപം ഇവിടെ ഉന്നയിച്ചിട്ടില്ല. അത്തരം സാഹചര്യത്തിൽ ശ്രീ. പി. ടി. തോമസ് അടിസ്ഥാനമില്ലാത്ത കാര്യം പറഞ്ഞാൽ വസ്തുതാപരമായി തെളിയിക്കുന്നതു വരെ നിലനിൽക്കില്ലെന്ന് സ്പീക്കർ പറഞ്ഞ കാര്യം ശരിയാണ്.

മി. സ്പീക്കർ : ശ്രീ. എ. പ്രദീപ് കുമാർ താങ്കൾക്ക് സംസാരിക്കാം.

2.11 pm]

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു... (ബഹളം..).....

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചിട്ട് പറയാമെന്ന് പറഞ്ഞല്ലോ. നിങ്ങൾ പ്രതിപക്ഷ നേതാവിനും മുകളിലല്ലല്ലോ. അതിനും മുകളിൽ നിങ്ങൾ അഭിപ്രായം പറയുന്നതെന്തിനാണ്? പ്ലീസ്...ദയവായി എല്ലാവരും ഇരിക്കൂ. പ്ലീസ്...അദ്ദേഹത്തിന് പറയാനുള്ളത് കേൾക്കണ്ടേ? ശ്രീ. എ. പ്രദീപ് കുമാർ സംസാരിക്കൂ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കഴിഞ്ഞ അഞ്ച് വർഷത്തെ യു.ഡി.എഫ്.-ന്റെ ഭരണം നമ്മുടെ നാടിനെ കൊണ്ടുചെന്നെത്തിച്ച അധഃപതനം ബഹുമാനപ്പെട്ട ഗവർണർ തന്റെ പ്രസംഗത്തിലൂടെ വളരെ ശരിയായി നിരീക്ഷിച്ചിരിക്കുന്നതായി നമുക്ക് കാണാം. ഇവിടെ ഇന്ന് രാവിലെ മുതൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അതുപോലെതന്നെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയുള്ള സീനിയർ നേതാക്കന്മാരും ഏതാണ്ട് ഒരുതരം രാഷ്ട്രീയ അൽഷിമേഴ്സ് ബാധിച്ചതു പോലെയാണ് പെരുമാറിക്കൊണ്ടിരിക്കുന്നത്. ഒരു മാസം മുമ്പുവരെ നിങ്ങളായിരുന്നു ഇവിടെ ഭരിച്ചുകൊണ്ടിരുന്നത്. അതൊക്കെ വിസ്മരിച്ചുകൊണ്ട് ഇന്ന് പുതിയ നയങ്ങളും നിലപാടുകളുമായിട്ടാണ് നിങ്ങളുടെ ഭാഗത്തുനിന്നുള്ള പ്രതികരണം ഉയർന്നുവരുന്നത്. എന്താണ് ബഹുമാനപ്പെട്ട ഗവർണർ കഴിഞ്ഞ ഭരണത്തെ കുറിച്ച് നിരീക്ഷിച്ചിരിക്കുന്നത്? ദുഷിച്ച സങ്കുചിത-കക്ഷി-പക്ഷപാത ലക്ഷ്യങ്ങൾക്കു വേണ്ടി മുൻ സർക്കാർ ചെയ്ത മാപ്പർഹിക്കാത്ത നശീകരണം, അദ്ദേഹം പറഞ്ഞത് unpardonable decimation എന്നാണ്. ആ നിലയിലേക്ക് എത്തിച്ചിരിക്കുന്നു. വളരെ സങ്കീർണ്ണവും നമ്മുടെ നാടിന്റെ പുരോഗതി തടസ്സപ്പെടുത്തുന്നതുമായ ഇത്തരമൊരു സാഹചര്യത്തിൽനിന്നും സംസ്ഥാനത്തെ വികസനത്തിന്റെ സുവർണ്ണവീഥിയിലൂടെ എങ്ങനെ മുന്നോട്ട് നയിക്കാമെന്ന കാഴ്ചപ്പാടാണ് ഗവർണർ ഈ നയപ്രഖ്യാപനത്തിലൂടെ അവതരിപ്പിച്ചത്. ഈ നയപ്രഖ്യാപനം നിങ്ങൾക്കുതന്നെ മനസ്സിലായികാണില്ലെന്ന് തോന്നുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണത്തിന് കിട്ടിയ സർട്ടിഫിക്കറ്റാണെന്നാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. ഷംസുദ്ദീൻ പറയുന്നത് കഴിഞ്ഞ സർക്കാരിനുള്ള കുറ്റപത്രമാണ് ഇതിനകത്ത് പറഞ്ഞിരിക്കുന്നതെന്നാണ്. ഏതാണ്ട് ഒരുതരം സ്ഥലജല വിഭ്രാന്തി എന്നുപറയുന്ന അവസ്ഥയിലാണ്.

അധികാരം നഷ്ടപ്പെട്ടപ്പോഴുള്ള അസഹിഷ്ണതയും അസ്വസ്ഥതകളും അതിന്റെ തികട്ടലുമാണ് ആദ്യദിവസംതന്നെ ഈ സഭയ്ക്കകത്തുണ്ടായത്. അസഹിഷ്ണത ആർക്കാണെന്ന് ഇവിടെ ഈ ഗ്യാലറികളിലിരുന്ന് സഭാനടപടികൾ വീക്ഷിക്കുന്ന ആളുകൾക്ക് നന്നായി ബോദ്ധ്യപ്പെടും. ബഹുമാനപ്പെട്ട ഗവർണർതന്നെ നിരീക്ഷിച്ചത് വികസനത്തിന് സാമ്പത്തിക പ്രതിസന്ധി പ്രധാനപ്പെട്ട ഒരു പ്രശ്നമാണെന്നാണ്. കാരണം കാലിയായിട്ടുള്ള ഖജനാവാണ് ഞങ്ങളെ ഏൽപ്പിച്ചത്. അവസാന തുട്ടുവരെ നക്കിയെടുത്തതിന്റെ നനവ് മാത്രമാണ് ആ ഖജനാവിൽ ബാക്കിയുള്ളത്. വേറെയൊന്നുമില്ല. പിന്നെ എങ്ങനെയാണ് വികസനം? വികസനം എങ്ങനെയാണ് എന്നത് സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്ക് ഉൽക്കണ്ഠയുണ്ട്. പക്ഷേ അങ്ങനെ ഉൽക്കണ്ഠയോടെ നോക്കുന്ന ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്ന കാഴ്ചപ്പാടാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായി മുന്നോട്ട് വച്ചിരിക്കുന്നത്. ഖജനാവിൽ പൈസ ഇല്ലെങ്കിൽ വായ്പയെടുക്കാം, പക്ഷേ വായ്പ എടുക്കാൻ കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പ്രശ്നം ഉണ്ടാക്കുന്നുണ്ട്. നിങ്ങൾ ചെയ്തതുപോലെ ചെരുപ്പിനൊപ്പിച്ച് കാൽ മുറിക്കുന്ന നിലപാട് ഞങ്ങൾക്കില്ല. അതുകൊണ്ട് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുക, ചെലവ് ചുരുക്കുക എന്നീ സമീപനങ്ങൾ ഇല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനുപകരം അഴിമതിയും കെടുകാര്യസ്ഥതയും ഉന്മൂലനം ചെയ്ത് റവന്യൂ വർദ്ധിപ്പിക്കുമെന്നാണ് ഞങ്ങൾ പറഞ്ഞത്. മൂലധനച്ചെലവിനായി വിപണിയിൽനിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യുക. നിങ്ങളുടെ നയപ്രഖ്യാപനത്തിൽ അങ്ങനെയൊരു കാഴ്ചപ്പാട് ഉണ്ടായിരുന്നോ? അതുപോലെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ഉപയോഗിച്ച് ബഡ്ജറ്റിന് പുറമെയുള്ള വാങ്ങലിലൂടെ വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിക്കുക എന്നത് എൽ.ഡി.എഫ്. മുന്നോട്ട് വയ്ക്കുന്ന വികസന തന്ത്രമാണ്. ഇതൊക്കെ നടപ്പാക്കണമെങ്കിൽ രണ്ട് കാര്യങ്ങൾ വേണം. ഒന്ന്, രാഷ്ട്രീയമായിട്ടുള്ള ഇച്ഛാശക്തി; രണ്ട്, രാഷ്ട്രീയമായിട്ടുള്ള ക്രെഡിബിലിറ്റി അല്ലെങ്കിൽ വിശ്വാസ്യത. ഇത് രണ്ടും ഈ സർക്കാർ ഉറപ്പ് നൽകുന്നുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രിയും മന്ത്രിമാരും രാഷ്ട്രീയ ഇച്ഛാശക്തിയോടെയും വിശ്വാസ്യതയോടെയും ഉറപ്പ് നൽകുന്നു. അങ്ങനെയാണ് നമ്മുടെ സമൂഹത്തെ വികസനത്തിലേക്ക് നയിക്കാനുള്ള പദ്ധതികൾ ഓരോന്നും മുന്നോട്ടുവച്ചത്. മറ്റൊന്ന്, സാധാരണ ജനങ്ങളോടുള്ള പരിഗണന. അത് വളരെ കാവ്യാത്മകമായിത്തന്നെ ഗവർണർ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ അവതരിപ്പിച്ചു. "അങ്ങേയറ്റം ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ പൗരന്മാരുടെ പരാതി പരിഹരിക്കുന്നതിനായിരിക്കും എന്റെ സർക്കാർ മുന്തിയ പരിഗണന

നൽകുന്നത്" എന്നുപറഞ്ഞിട്ട് അദ്ദേഹം പറയുന്നത് 'കാലൊച്ച കേൾക്കവെ വാതിൽ തുറക്കുക' എന്ന കാഴ്ചപ്പാടാണ്. " Opening the door on hearing the footsteps" എന്ന് ഗവർണ്ണർ അദ്ദേഹത്തിന്റെ ഭാഷയിൽ പറയുകയാണ്. "അങ്ങനെയുള്ള ആദർശത്തിനനുസൃതമായി ഒരു അനുകൂല സമീപനം എന്റെ സർക്കാർ സ്വീകരിക്കുന്നതായിരിക്കും" എന്നാണ് പറയുന്നത്. നേരത്തെ എന്തായിരുന്നു സ്ഥിതി? 'നാഥാ നീ വരും കാലൊച്ച കേൾക്കുവാൻ കാതോർത്ത് ഞാനിരുന്നു' എന്ന് പാടിയ സുരസുന്ദരിമാർ മന്ത്രിമാരെ കാത്തിരുന്ന കാലം കഴിഞ്ഞു എന്നാണ് ഇതിന് അർത്ഥം. അതാണ് വ്യത്യാസം.

അഴിമിതി ഉന്മൂലനം ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവർണറുമൊക്കെ പ്രസ്താവിച്ചു. കഴിഞ്ഞ കാലത്ത് നിങ്ങൾ ചെയ്ത പാപത്തിന് പ്രായശ്ചിത്തം ചെയ്യാനുള്ള സമയമാണിത്. അഴിമതി ഉൻമൂലനം ചെയ്യാനുള്ള ഈ സർക്കാരിന്റെ നടപടികൾക്ക് പിന്തുണ നൽകിയാൽ കുറെ പാപം അങ്ങനെ തീരും. അതുകൊണ്ട് അഴിമതിക്കാർക്ക് കൊടുക്കേണ്ട സന്ദേശം ഞങ്ങളുടെ മുഖ്യമന്ത്രി വളരെ മാന്യമായ, മൃദുവായ ഭാഷയിൽ കൊടുത്തു കഴിഞ്ഞു. ഇനി അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോയാൽ മതി. നിങ്ങളുടെ അഞ്ചുവർഷക്കാലം വികസനം വായ്ത്താരി മാത്രമായിരുന്നു. നിങ്ങൾ വലിയ പദ്ധതികൾ പ്രഖ്യാപിച്ചു. പണം വകയിരുത്തിയില്ല. പലതിന്റേയും പരിഹാസ്യങ്ങളായ ഉദ്ഘാടനം നടത്തി. ഇതെല്ലാം ഇന്ന് രാവിലെ ആയപ്പോൾ മറന്നുപോയതുകൊണ്ടാണ് ഞാൻ പറയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച ഒരു പദ്ധതിയും മുന്നോട്ട് കൊണ്ടുപോകില്ലെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ലൈറ്റ് മെട്രോ പദ്ധതി നിലവിലുള്ള ഡി.പി.ആർ. അനുസരിച്ച് പോകുമെന്ന് പറഞ്ഞു. പക്ഷേ നിങ്ങൾ എന്താണ് ചെയ്തത്? ആദ്യം നിങ്ങൾ പറഞ്ഞത് മോണോ റെയിൽ പദ്ധതിയെന്നാണ്. ലോക്സഭാ ഇലക്ഷൻവരെ നിങ്ങളുടെ ക്യാമ്പയിൻ മെറ്റീരിയലായിരുന്ന അത് ടെണ്ടർ ചെയ്തു, പിന്നീട് പ്രായോഗികമല്ലെന്നുപറഞ്ഞ് നിങ്ങൾ ഉപേക്ഷിച്ചു. ഒരു പൈസപോലും വകയിരുത്താതെയാണ് അത് ചെയ്തത്. കഴിഞ്ഞ അസംബ്ലി ഇലക്ഷൻ വന്നപ്പോൾ പറയുന്നു ലൈറ്റ് മെട്രോ പദ്ധതിയാണ് നിങ്ങൾ പുതിയ പദ്ധതിയായി കൊണ്ടു വന്നതെന്ന്. ഡി.എം.ആർ.സി. തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനം സംസ്ഥാന ഗവൺമെന്റ് തരണമെന്നാണ്. ഇരുപത് ശതമാനം കേന്ദ്ര ഗവൺമെന്റ് തരണം. ആറുപതു ശതമാനം വായ്പയായിട്ട് കൊണ്ടുവരണമെന്നാണ് ഡി.എം.ആർ.സി.-യുടെ ഡി.പി.ആർ.-ലുള്ളത്. നിങ്ങൾ അധികാരത്തിൽനിന്നും ഒഴിഞ്ഞുപോകുന്നതുവരെ

ഇതിനായി ഒരു രൂപയെങ്കിലും വകയിരുത്തിയോ? 20 ശതമാനം ഫണ്ട് കേന്ദ്രത്തിൽനിന്നും ലഭിക്കണമെങ്കിൽ തിരുവനന്തപുരത്തിന്റെയും കോഴിക്കോടിന്റെയും ഒരു കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ ആവിഷ്കരിച്ച് കേന്ദ്രത്തിന് സമർപ്പിക്കണം. അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചോ? ഒരു നടപടിയും സ്വീകരിച്ചില്ല. വലിയ ബാങ്കുകളിൽനിന്നും വായ്പ ലഭിക്കണമെങ്കിൽ ഇതുവേണ്ടിയിരുന്നു. ഇതൊന്നും ചെയ്യാതെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വെറും ഒരു പ്രചരണോപാധിയായി മാത്രം നിങ്ങൾ ഈ പ്രഖ്യാപനം നടത്തി. അതിൽ ഒരു ആത്മാർത്ഥതയും നിങ്ങൾക്ക് ഉണ്ടായിരുന്നില്ല. അതിന്റെ ഉദ്ഘാടനം അന്നത്തെ മുഖ്യമന്ത്രി കോഴിക്കോട് വച്ചുനടത്തിയത് എനിക്ക് ഓർമ്മയുണ്ട്. എന്ത് ഉദ്ഘാടനമാണ് നടത്തിയതെന്ന് ചോദിച്ചപ്പോൾ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ഘാടനമെന്നാണ് ഉദ്യോഗസ്ഥർ പറഞ്ഞത്. നമ്മുടെ നാട്ടിൽ ധാരാളം ഉദ്ഘാടനങ്ങൾ കണ്ടിട്ടും കേട്ടിട്ടുമുണ്ട്. പക്ഷേ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഒരു ഉദ്ഘാടനം എന്ന പരമ പരിഹാസ്യമായിട്ടുള്ളൊരു കാര്യം നിങ്ങളുടെ ഗവൺമെന്റല്ലേ നടത്തിയത്? നിങ്ങൾ കണ്ണൂർ വിമാനത്താവളം ഉദ്ഘാടനം ചെയ്തത് നമുക്കറിയാം. ഇവിടെ ചാല ബസാറിൽ ഇറങ്ങുന്ന ഒരു തരം വിമാനമാണ്(കണ്ണൂരിൽ) ഇറക്കിയത്. സിഗ്നൽ കൊടുക്കാതെ വിമാനമിറങ്ങിയതും ആദ്യമാണ്. ശാസ്ത്രം തോറ്റു, ഉമ്മൻചാണ്ടി ജയിച്ചു എന്ന ഒരു മെസ്സേജാണ് അന്ന് വാട്ട്സാപ്പിൽ ഉണ്ടായിരുന്നത്. ഇതായിരുന്നു നിങ്ങളുടെ ഓരോ കാര്യങ്ങളിലും ഉണ്ടായിട്ടുള്ള ഉദ്ഘാടനത്തിന്റെ അവസ്ഥ.

മെഡിക്കൽ കോളേജുകളുടെ സ്ഥിതി എന്താണ്? നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ സീറ്റ് നിലനിർത്താൻ ബുദ്ധിമുട്ടുമ്പോഴാണ് പുതിയ മെഡിക്കൽ കോളേജ് നിങ്ങൾ പ്രഖ്യാപിച്ചത്. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് മഞ്ചേരിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിച്ചത്. എന്നിട്ട് നിങ്ങൾ അവിടെ ഒരു ബോർഡ് വയ്ക്കുകയും കോഴിക്കോട് നിന്നും തൃശ്ശൂരിൽ നിന്നുമുള്ള ഡോക്ടർമാരെയും നഴ്സുമാരെയും അവിടെ നിയമിക്കുകയും ഇവിടെയുള്ള ആശുപത്രി അവതാളത്തിലാക്കുകയും ചെയ്തു. ഇതാണോ നിങ്ങളുടെ വലിയ പ്രഖ്യാപനങ്ങൾ? കേരളത്തിന്റെ വികസന സാദ്ധ്യതകളെ സംബന്ധിച്ച് ഗൗരവപൂർവ്വം സഭ പലപ്പോഴും ചർച്ച ചെയ്യുകയുണ്ടായി. കേരളത്തിന്റെ ഏറ്റവും സാദ്ധ്യതയേറിയ രണ്ട് മേഖലകളാണ് ടൂറിസവും ഐ.ടി.യും. ഐ.ടി. വികസനം സംബന്ധിച്ച് കേരളം പൊതുവേ അംഗീകരിച്ച കാഴ്ചപ്പാട് കേരളത്തെ മുഴുവൻ ഒരു ഐ.ടി. ഡെസ്റ്റിനേഷനാക്കി മാറ്റുക എന്നതാണ്. അതിന്റെ

ഭാഗമായാണ് തിരുവനന്തപുരത്തെ ടെക്നോപാർക്കും കൊച്ചിയിലെ ഇൻഫോ പാർക്കും പോലെ കോഴിക്കോട്ടുള്ള സൈബർ പാർക്കിന്റെ നിർമ്മാണത്തിന് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് തുടക്കമിട്ടത്. നിങ്ങൾക്ക് ഇതൊക്കെ അറിയാമല്ലോ? നിങ്ങളുടെ ഉദ്യോഗസ്ഥന്മാരുടെ നിക്ഷിപ്ത താൽപ്പര്യംകാരണം അഞ്ച് വർഷം കാലവിളംബം വരുത്തിയതല്ലാതെ എന്താണുണ്ടായത്? സൈബർ പാർക്കിൽ കമ്പനികൾ കൊണ്ടുവരുന്നതിനുവേണ്ടി എന്തെങ്കിലും ഇടപെടൽ നിങ്ങൾക്ക് അന്ന് നടത്താൻ സാധിച്ചോ? പ്രത്യേകിച്ച് ഒരു മേഖലയിലും ഇടപെടൽ ഉണ്ടായില്ല.

പൊതുവിദ്യാഭ്യാസ രംഗത്ത്, 2013-ലെ കേരളപ്പിറവിദിനമായ ശ്രേഷ്ഠഭാഷാ ദിനത്തിൽ സ്കൂൾ മാനേജരുടെയും അവിടത്തെ ഭൂമാഫിയയുടെയും താൽപ്പര്യങ്ങൾക്ക് വിധേയമായി ഒരു മലയാളം മീഡിയം സ്കൂൾ അടച്ചുപൂട്ടുകയുണ്ടായി. അന്നത്തെ ഗവൺമെന്റ് അതിന് ഉത്തരവും കൊടുക്കുകയുണ്ടായി. ഇതായിരുന്നു പൊതുവിദ്യാഭ്യാസം സംബന്ധിച്ച് നിങ്ങളുടെ സമീപനം. ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനം നിങ്ങൾ നോക്കൂ. നമ്മുടെ പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് പടിപടിയായി ഉയർത്താനുള്ള കാഴ്ചപ്പാട് അതിൽ വിഭാവനം ചെയ്തിട്ടുണ്ട്. വിദ്യാലയങ്ങളുടെ വികസനത്തിന് ഒരു മൾട്ടിപ്പിൾ ഇന്റർവെൻഷൻ (ബഹുമുഖ ഇടപെടൽ) എന്നുള്ള ആശയം ഈ സർക്കാർ മുന്നോട്ടുവച്ചിരിക്കുന്നു. നിങ്ങൾ ഇത് പ്രാവർത്തികമാക്കുമോ? ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല.

ഒരു കാര്യം രാഷ്ട്രീയമായി പറയുന്നു. ഇവിടെ എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. പി. ടി. തോമസ്, ബി.ജെ.പി.-യും എൽ.ഡി.എഫ്.-ഉം തമ്മിൽ എന്തോ ബന്ധമുണ്ടെന്ന് വളരെ ആവേശപൂർവ്വം സംസാരിക്കുന്നത് കേൾക്കുകയുണ്ടായി. മഹത്തായ നവോത്ഥാന പ്രസ്ഥാനത്തിന്റെയും മതനിരപേക്ഷതയുടെയുമൊക്കെ വലിയ പാരമ്പര്യം തുളുമ്പുന്ന ഈ നാടിന്റെ നിയമനിർമ്മാണ സഭയിലേക്ക് സവർണ്ണ വർഗ്ഗീയ ഫാസിസത്തിന്റെ ആശയഗതി അംഗീകരിക്കുന്ന ബി.ജെ.പി.-യെ കടത്തികൊണ്ടുവന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് നിങ്ങൾക്ക് കൈകഴുകാൻ സാധിക്കുമോ?

നേരത്തെ ശ്രീ. എൻ. ശക്തൻ ജയിച്ച മണ്ഡലത്തിൽ നിങ്ങൾക്ക് പത്തിരുപത്തിയയ്യായിരം വോട്ട് കുറഞ്ഞില്ലേ; കെട്ടിവച്ച കാശ് നഷ്ടപ്പെട്ടില്ലേ? മണ്ഡലത്തിന്റെ ഘടനയിൽ ചെറിയൊരു മാറ്റമുണ്ടായി, അത് ന്യായമാണ്. നേമം നിയോജക മണ്ഡലത്തിലെ കണക്കുംകൂടി സഭാരേഖയിൽ വരണമെന്നുണ്ട്. നേമം നിയോജക മണ്ഡലത്തിലെ 150 ബൂത്തുകളിൽ 98 ബൂത്തകളിൽ രാവിലെ 11.00

മണിക്കുശേഷം യു.ഡി.എഫ്.-ന്റെ ഏജന്റുമാരൊന്നും ഉണ്ടായിരുന്നില്ല. 52 ബൂത്തുകളിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. ആ വാർത്തകളൊക്കെ അന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. എല്ലാ തെരഞ്ഞെടുപ്പിലും 50 ശതമാനം ബൂത്തുകളിലും യു.ഡി.എഫ്. ഒന്നും രണ്ടും സ്ഥാനത്ത് ഉണ്ടായിരുന്നുവെങ്കിൽ ഇത്തവണ 150 ബൂത്തുകളിലും മൂന്നാം സ്ഥാനത്താണ് വന്നത്. 15 ബൂത്തുകളിൽ അഴിമതിക്കാരുടെ വോട്ടാണ് നിങ്ങൾക്ക് ലഭിച്ചത്. എന്നുപറഞ്ഞാൽ വോട്ട് നിങ്ങൾ കോരി കൊടുക്കുകയാണ് ചെയ്തത്. അങ്ങനെയാണ് ബി.ജെ.പി. നിയമസഭയിലേക്ക് കടന്നുവന്നത്. ഇത് ഒരു ദിവസം പെട്ടെന്നുണ്ടായതല്ല. അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ തുടങ്ങിയ അരങ്ങൊരുക്കൽ. ശ്രീ. ഉമ്മൻ ചാണ്ടിയുടെ കുട്ടനാട് പ്രസംഗം ബി.ജെ.പി.-ക്ക് രാഷ്ട്രീയമായി ലിഫ്റ്റ് കൊടുക്കാനായിരുന്നില്ലേ? എന്നിട്ടാണോ ഇവിടെ പ്രസംഗിച്ചു കൊണ്ടിരിക്കുന്നത്? ഗാന്ധിജിക്ക് മുൻപ് വധിക്കപ്പെടേണ്ടതായിരുന്ന ജവഹർലാൽ നെഹ്റുവെന്ന് കേസരിയിൽ ലേഖനം വന്നപ്പോൾ അതിനെതിരെ പ്രതികരിക്കാൻ ഇപ്പോൾ വലിയ ഉശിരുകാണിച്ച ശ്രീ. പി. ടി. തോമസോ ഇവിടത്തെ മറ്റ് നേതാക്കന്മാരോ ഉണ്ടായില്ലല്ലോ? എന്നുപറഞ്ഞാൽ പ്രസ്താവനകളിലൂടെയും നടപടികളിലൂടെയും ആർ.എസ്.എസ്.-നെ ഒരിക്കലും നോവിക്കാതിരിക്കാൻ നിങ്ങൾ ശ്രമിച്ചു. അതിന്റെ ഫലമായി 400 മുനിസിപ്പാലിറ്റികളിൽ ലീഗുമായി ചേർന്നല്ലേ ബി.ജെ.പി. പത്ത് സീറ്റ് നേടിയത്? ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഇനിയെങ്കിലും യു.ഡി.എഫ്.ന്റെ അവിശുദ്ധ രാഷ്ട്രീയത്തെ കേരളം തിരിച്ചറിയുമെന്ന് പ്രതീക്ഷിച്ചു കൊണ്ട് ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂൺ മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 2.25-ന് പിരിഞ്ഞു.)